# ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(Higher Secondary Equivalency Course)

ഒന്നാം വർഷം (FIRST YEAR)

# XI ഗാന്ധിയൻ സ്റ്റഡീസ്

GANDHIAN STUDIES

## സ്വയംപഠന സാമഗ്രി
(SELF-LEARNING MATERIAL)



കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
Department of General Education

തയാറാക്കിയത്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലനസമിതി (SCERT) കേരളം

2018

# ഹയർ സെക്കണ്ടറി തുല്യത കോഴ്സ്

(HIGHER SECONDARY EQUIVALENCY COURSE)

ഒന്നാം വർഷം

(FIRST YEAR)

XI

# ഗാന്ധിയൻ സ്റ്റഡീസ്

(GANDHIAN STUDIES)

## സ്വയംപഠന സാമഗ്രി

(SELF - LEARNING MATERIAL)


കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
Department of General Education

തയാറാക്കിയത്

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (KSLMA)

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2018

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by:*
**Kerala State Literacy Mission Authority (KSLMA)**
TC 27/1461, Convent Road, Kammattom Lane, Vanchiyoor
Thiruvananthapuram-695035
Ph: Off . (0471) 2472253/2472254 Tele-Fax : (0471) 2462252)
E-mail : stateliteracymission@gmail.com, Web: www.literacymissionkerala.org
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram-695012, Kerala
Website: www.scertkerala.gov.in e-mail: scertkerala@gmail.com
Phone: 0471 - 234183, Fax : 0471 - 234869

| | | |
|---|---|---|
| First Edition | : | 2015 |
| Typesetting & Layout | : | **KSLMA** |
| Cover design | : | **KSLMA** |
| Printed at | : | C-apt, Tvpm |
| Price | : | **Rs. 110.00** |

(C) Department of Education, Government of Kerala

# ആമുഖം

പ്രിയ പഠിതാക്കളേ,

മഹാത്മാഗാന്ധിയുടെ ആശയങ്ങൾക്ക് ഇന്ന് ലോകം മുഴുവൻ പ്രാധാന്യമേറിവരികയാണ്. സ്വാർഥതയും ചൂഷണവും ഹിംസയും വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ വരുംതലമുറകൾക്ക് നന്മയുടെ മാർഗം കാണിച്ചുകൊടുക്കുന്നതിന് ഉതകുന്നതാണ് ഗാന്ധിയൻ ആശയങ്ങൾ. ഈ ആശയങ്ങൾ മനസ്സിലാക്കുന്നതിനും സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനും സഹായകമാകുന്ന രീതിയിൽ രൂപപ്പെടുത്തിയിരിക്കുന്ന ഒരു സ്വയംപഠനസാമഗ്രിയാണ് ഈ പുസ്തകം. മഹാത്മാഗാന്ധി വിഭാവനം ചെയ്ത അഹിംസാത്മക സമൂഹത്തിലേക്കുള്ള പ്രയാണത്തിൽ ഈ പുസ്തകത്തിലെ ആശയങ്ങൾ നിങ്ങൾക്ക് പ്രചോദനമേകുമെന്ന പ്രതീക്ഷയോടെ ഈ സ്വയംപഠന സാമഗ്രി നിങ്ങൾക്കായി സമർപ്പിക്കുന്നു. ആശംസകളോടെ

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51. ക.** **മൗലിക കർത്തവ്യങ്ങൾ- താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയ സമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തു സൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദ്ദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാര സമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വില മതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്ക്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

## പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും ജനകീയവുമാണ് തുല്യതാ പരിപാടി. നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയവർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് സാക്ഷരതാ മിഷൻ അവസരം നൽകുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യതയിലൂടെ വിജയിച്ച ആയിരക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും സ്ഥാനക്കയറ്റത്തിനും ഇതിലൂടെ അവസരവും ലഭിച്ചിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണമായി ലഭിക്കാത്തവരും, പലവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും, ജീവിതായോധനത്തിനായി വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠന സാമഗ്രികളിൽ സ്വീകരിച്ചിരിക്കുന്നത്.

ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ഹ്യുമാനിറ്റീസ്, കോമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് പാഠപുസ്തകങ്ങളിൽ നിന്ന് വ്യത്യസ്തമായി സ്വയം പഠന സാമഗ്രികളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക് സഹകരണത്തോടെ പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരിക വിദ്യാഭ്യാസവിദഗ്ധരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്നവരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂടെയാണ് പഠനസാമഗ്രികൾ തയാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹിക നീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയവ വളർത്തുക, തൊഴിൽ/സംരംഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടക നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ ഇതിന്റെ ലക്ഷ്യമാണ്. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെക്കണ്ടറി ഡയറക്ടറേറ്റാണ്.

കേരളത്തിന് പുറമേ ലക്ഷദ്വീപിലും ഗൾഫ് നാടുകളിലും മലയാളികൾ ഉള്ള ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളിലും ഹയർസെക്കണ്ടറി തുല്യതാ കോഴ്സ് ആരംഭിക്കുന്നതാണ്. പത്താം തരം തുല്യതാ കോഴ്സ് പാസായ മുഴുവൻ പഠിതാക്കൾക്കും ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംതരം പാസായി 22 വയസ്സ് പൂർത്തിയായവർക്കും ഹയർസെക്കണ്ടറി തുല്യതാ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്.

ഈ കോഴ്സിന് ആവശ്യമായ സ്വയംപഠനസാമഗ്രികൾ തയാറാക്കുന്നതിന് സഹായിച്ച അനൗപചാരിക വിദ്യാഭ്യാസ വിദഗ്ധർ, ഹയർസെക്കണ്ടറി/കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സമ്പർക്കപഠനക്ലാസ്സുകൾക്ക് നേതൃത്വം നല്കുന്ന അധ്യാപകർക്കും മറ്റ് സഹപ്രവർത്തകർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

**ഡോ. പി.എസ്. ശ്രീകല**
ഡയറക്ടർ
കേരളസംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# സ്വയംപഠന സാമഗ്രി നിർമ്മാണ ശില്പശാലയിൽ പങ്കെടുത്തവർ

## അധ്യാപകർ

| | |
|---|---|
| 1. ടി.എസ്.സലിം | ഗവ.എച്ച്.എസ്.എസ്, കാരാപ്പുഴ, കോട്ടയം |
| 2 ഡോ. ശ്രീദേവി.ആർ | അറവുകാട് എച്ച്.എസ്.എസ്, പുന്നപ്ര, ആലപ്പുഴ |
| 3. പ്രമോദ്. കെ. വി | ഗവ.മോഡൽ ബി.എച്ച്.എസ്.എസ്, തൈക്കാട്, തിരുവനന്തപുരം |
| 4. വിജു. വി.എസ്. | സെന്റ് ജോസഫ് എച്ച്.എസ്.എസ്, തിരുവനന്തപുരം |
| 5. ഡോ. വേണുഗോപാൽ.ആർ | വിശ്വഭാരതി എസ്.എൻ.എച്ച്.എസ്.എസ്, ഞീഴൂർ കോട്ടയം |
| 6. സുനിൽ.വി.എസ് | എസ്.എം.എച്ച്.എസ്.എസ്, ചെറായി, എറണാകുളം |
| 7. ലജു.പി തോമസ് | സെന്റ് മേരീസ് എച്ച്.എസ്.എസ്, പട്ടം |

## വിദഗ്ധ സമിതി

| | |
|---|---|
| ഡോ.എം.എസ്.ജോൺ | പ്രൊഫ. & ഡയറക്ടർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം |
| എ.വി. ജോസഫ് | അസോസിയേറ്റ്. പ്രൊഫസർ (റിട്ടയേർഡ്), സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം |

## അക്കാദമിക ചുമതല

**ഡോ.പി.എൽ.അനിൽകുമാർ** — റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## സാങ്കേതിക സഹായം

**ഡോ.വി.രഘു** — പ്രൊഫസർ & ഡീൻ (റിട്ട.) RGNIYD ഗവൺമെന്റ് ഓഫ് ഇന്ത്യ

## കോർഡിനേഷൻ

**കെ.അയ്യപ്പൻ നായർ** — അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാമിഷൻ

## കോർഡിനേഷൻ സഹായം

| | |
|---|---|
| **റിയാന അൻസാരി** | പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാമിഷൻ |
| **ബീന.എ.ആർ** | പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരതാമിഷൻ |
| **എം.എം.ഷറഫുദീൻ** | കോർഡിനേറ്റർ(തുല്യത), സംസ്ഥാന സാക്ഷരതാമിഷൻ |

# ഉള്ളടക്കം




1. ഇന്ത്യയുടെ സാംസ്കാരിക പൈതൃകം ........................ 9–30

2. മഹാത്മാവിന്റെ ജനനം ........................ 31–48

3. എം.കെ. ഗാന്ധിയിൽ നിന്നും
മഹാത്മാവിലേക്കുള്ള പ്രയാണം ........................ 49–66

4. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ
ഗാന്ധിജി വഹിച്ച പങ്ക് ........................ 67–92

5. മഹാത്മാഗാന്ധിയുടെ പ്രധാന
തത്വചിന്തകൾ ........................ 93–120

6. സത്യാഗ്രഹം - പ്രയോഗവും സിദ്ധാന്തവും ........................ 121–140

7. മഹാത്മാഗാന്ധിയുടെ
രാഷ്ട്രീയ ആശയങ്ങൾ ........................ 141–166

8. മഹാത്മാഗാന്ധിയുടെ
സാമ്പത്തിക ആശയങ്ങൾ ........................ 167–197

9. മഹാത്മാഗാന്ധിയുടെ സാമൂഹ്യദർശനങ്ങൾ ........................ 198–220

1

# ഇന്ത്യയുടെ സാംസ്കാരികപൈതൃകം

## ആമുഖം

ഇന്ത്യയുടെ സംസ്കാരികപൈതൃകം പ്രതിപാദിക്കുന്ന ഈ അധ്യായത്തിൽ അതിന്റെ അർഥവും പ്രാധാന്യവും പ്രത്യേകതകളും ചർച്ച ചെയ്യുന്നു. ഗാന്ധിജിയുടെ ദർശനത്തിലും പ്രയോഗത്തിലും, ഇന്ത്യയുടെ സാംസ്കാരികപൈതൃകം പ്രതിഫലിക്കുന്നതുകൊണ്ട്, നമ്മുടെ ആധ്യാത്മിക സാംസ്കാരിക പാരമ്പര്യങ്ങളെപ്പറ്റി മനസിലാക്കേണ്ടത് അത്യാവശ്യമാണ്.

വടക്കുവശത്ത് ഹിമാലയൻ പർവതനിരകളും മറ്റു മൂന്നു വശങ്ങളിലായി സമുദ്രവും അതിരിടുന്നതുകൊണ്ടു തന്നെ ഇന്ത്യൻ ഉപഭൂഖണ്ഡം ഏഷ്യൻ വൻകരയിൽ പ്രത്യേകത പുലർത്തുന്ന ഒന്നായി നിലകൊള്ളുന്നു. കലയുടെയും മതങ്ങളുടെയും ദർശനങ്ങളുടെയും സമഞ്ജസമായ ഇഴുകിച്ചേരൽ മറ്റേതൊരു സംസ്കാരത്തിലുമെന്ന പോലെ ഇന്ത്യൻ സംസ്കാരത്തിലും കാണാം. വൈദേശിക സാംസ്കാരിക അധിനിവേശങ്ങളിൽപ്പെടാതെ നിലനിൽക്കാനും, എന്നാൽ ആ സ്വാധീനങ്ങളുടെ ഉത്തമാംശങ്ങളെ ഉൾക്കൊള്ളാനും ഇന്ത്യൻ സംസ്കാരത്തിന് സാധിച്ചത് അതിന്റെ ചലനാത്മകതയും സംവാദാത്മകതയും കൊണ്ടു മാത്രമാണ്.

ഇന്ത്യൻ സംസ്കാരത്തിന്റെ സംഭാവനയാണ് മഹാത്മാഗാന്ധി. ഗാന്ധിജിയുടെ ജീവിതവും ദർശനവും വ്യക്തതയോടെ അറിയുവാൻ ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കേണ്ടതാണ്.

### പഠനനേട്ടങ്ങൾ

- നാഗരികത, സംസ്കാരം എന്നീ ആശയങ്ങളെ വിശകലനം ചെയ്യുന്നു.
- ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധഘട്ടങ്ങൾ വിലയിരുത്തുന്നു.
- ഗാന്ധിജി ഇന്ത്യൻ സംസ്കാരത്തിന്റെ മൂർത്തിമദ്ഭാവമാണെന്ന് കണ്ടെത്തി വിലയിരുത്തുന്നു.

## സംസ്കാരം

സംസ്കാരം എന്ന സങ്കീർണപദത്തിന് വിവിധ അർഥതലങ്ങളുണ്ട്. കുറെ ഭാഗം മാത്രം പുറമെ കാണുകയും ഭൂരിഭാഗവും അദൃശ്യമായിരിക്കുകയും ചെയ്യുന്ന സമുദ്രത്തിലെ മഞ്ഞുമലകളോടു സംസ്കാരത്തെ ചിലർ ഉപമിക്കുന്നു. ഒരു ജനതയുടെ സമ്പൂർണ ജീവിതരീതി, ഒരു വ്യക്തിക്ക് അവനടങ്ങിയിരിക്കുന്ന സമൂഹത്തിൽ നിന്നും ലഭിക്കുന്ന സാമൂഹിക പൈതൃകം – സാംസ്കാരത്തെ അങ്ങനെ മനസിലാക്കാം. സാമൂഹികമാറ്റത്തിനും ചരിത്രത്തിന്റെ പരിണാമത്തിനും സംസ്കാരം നിർണായക പങ്കുവഹിക്കുന്നു. സംസ്കാരം മനുഷ്യന്റെ മൊത്തം പെരുമാറ്റത്തെയും ജീവിതശൈലിയെയും ഉൾക്കൊള്ളുന്നു. എസ്കിമോകളുടെയും ആസ്ട്രേലിയൻ ആദിവാസികളുടെയും ജീവിതരീതി ഇന്ത്യാക്കാരന്റെയും അമേരിക്കകാരന്റെയും ജീവിതശൈലി പോലെ സംസ്കാരം തന്നെയാണ്. ഗുഹാഭിത്തികളിൽ കോറിയിട്ട ആദിമനുഷ്യന്റെ ചിത്രങ്ങളും ലിപികളും ലിയാനാർഡോ ഡാവിഞ്ചിയുടെ എണ്ണഛായാചിത്രങ്ങളും ഒരുപോലെ സംസ്കാരത്തിന്റെ ഭാഗമാണ്. കല, സംഗീതം തുടങ്ങിയവ മാത്രമല്ല വീടു നിർമ്മാണവും തുണിനെയ്ത്തും കലം മെനയലുമെല്ലാം സംസ്കാരത്തിന്റെ ഘടകങ്ങളാണ്.

**പ്രവർത്തനം**

***നമ്മുടെ പ്രദേശത്തെ, സംസ്കാരത്തിന്റെ ഭാഗമായ വിവിധ കലാരൂപങ്ങൾ, ആഹാര രീതികൾ എന്നിവ കണ്ടെത്തുക. സംസ്കാരത്തിന്റെ അദൃശ്യമായ ഏതെങ്കിലും ഘടകങ്ങൾ ഇതിലൊക്കെ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ?***





സംസ്കാരത്തെ കെ. എം. മുൻഷി ഇങ്ങനെ നിരീക്ഷിക്കുന്നു, "താൻ ജീവിക്കുന്ന സമൂഹത്തിലെ അടിസ്ഥാന മൂല്യങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ള ഒരു സവിശേഷ ജീവിതരീതിയാണ് സംസ്കാരം. കലയിലും മതങ്ങളിലും സാഹിത്യത്തിലും സാമൂഹിക സ്ഥാപനങ്ങളിലും സ്വഭാവരീതികളിലും കൂടി വെളിപ്പെടുന്ന മൂല്യങ്ങളുടെ ആകെ തുകയാണ് അത് ".

സംസ്കാരത്തിന് മൂന്ന് പ്രധാനതലങ്ങളുണ്ട്. 1. ആശയങ്ങൾ അല്ലെങ്കിൽ ചിന്താരീതികൾ (ഉദാ: പ്രായമുള്ളവരെ ബഹുമാനിക്കുക എന്ന നമ്മുടെ ചിന്ത) 2. നിയമം അല്ലെങ്കിൽ മാനദണ്ഡങ്ങൾ, ആശയങ്ങളുടെ പ്രയോഗ രീതികൾ (ഉദാ : പ്രായമുള്ളവരെ കാണുമ്പോൾ എഴുന്നേറ്റു നിന്നു കൈകൂപ്പുന്ന രീതി) 3. ഭൗതിക സംസ്കാരം: മനുഷ്യന് ആവശ്യമുള്ള വസ്തുക്കളുടെ നിർമ്മാണരീതിയും മറ്റും. (ഉദാ: പാചക വസ്ത്രധാരണ കെട്ടിടനിർമ്മാണരീതികൾ)

ആശയങ്ങളും നിയമങ്ങളും ഭൗതികേതര സംസ്കാരമായി പരിഗണിക്കുന്നു. മൂല്യങ്ങളും വിശ്വാസങ്ങളുമൊക്കെ ആശയങ്ങളിൽപ്പെടുന്നു. നിയമങ്ങൾ വ്യക്തികളുടെ സ്വഭാവത്തെ നിയന്ത്രിക്കുകയും സാമൂഹിക നിയന്ത്രണത്തിനുള്ള ഉപാധിയായി വർത്തിക്കുകയും ചെയ്യുന്നു. അടയാളങ്ങൾ, മൂല്യങ്ങൾ, നിയമങ്ങൾ എന്നിവ സംസ്കാരത്തിന്റെ പൊതു ഘടകങ്ങളാണ്. സംഭവങ്ങൾക്കും വസ്തുക്കൾക്കും അർഥം കല്പിക്കുന്ന അടയാളങ്ങൾ എല്ലാ സംസ്കാരത്തിലുമുണ്ട്. ഭാഷയിലൂടെയാണ് ഈ അടയാളങ്ങൾ വെളിപ്പെടുന്നത്.

1

***മലയാളികളുടെ സാംസ്കാരികമായ പൊതുഘടകങ്ങളിൽ ചിലത് കണ്ടെത്തുക?***

***മലയാളികളുടെ സാംസ്കാരിക പ്രതീകമായി ഓണത്തെ കരുതാമോ? എങ്കിൽഎന്തുകൊണ്ട്?***

# നാഗരികത

വീട്, വീട്ടുപകരണങ്ങൾ, ആയുധങ്ങൾ, പാത്രങ്ങൾ, ഗതാഗതരീതികൾ, വസ്ത്ര നിർമാണം തുടങ്ങി ഭൗതികവശങ്ങൾ പരിശോധിച്ചാൽ സംസ്കാരത്തിന്റെ ഒരു വികസിതരൂപമായി നാഗരികതയെ കരുതാം. അതായത് സംസ്കാരത്തിന്റെ ഭൗതിക വശങ്ങളെ നാഗരികതയായി കണക്കാക്കാം. ഒരു സംഘടിത സാമൂഹികജീവിതാവസ്ഥയെ ഇത് സൂചിപ്പിക്കുന്നു. ഒരു ജനതയുടെ സംസ്കാരത്തിന് ലിഖിതഭാഷ, ശാസ്ത്രം, ദർശനം, തൊഴിൽവിഭജനം, സാങ്കേതികവിദ്യ, രാഷ്ട്രസംവിധാനം എന്നിവ ആർജിക്കുമ്പോഴാണ് അത് നാഗരികതയായി മാറുന്നതെന്ന് അഭിപ്രായപ്പെടുന്നുണ്ട്. സംസ്കാരവും നാഗരികതയും പരസ്പരപൂരകങ്ങളായി കരുതുന്നു. സംസ്കാരവും നാഗരികതയും തമ്മിൽ നമുക്ക് കൃത്യമായ വേർതിരിവുകൾ കണ്ടെത്താൻ സാധ്യമല്ല. കർമ്മത്തിലധിഷ്ഠിതമായ ധാർമ്മികമൂല്യങ്ങളുടെ വളർച്ചയായാണ് ഗാന്ധിജി സംസ്കാരത്തെ നിരീക്ഷിക്കുന്നത്. മനുഷ്യന്റെ കടമയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പെരുമാറ്റരീതിയാണ് സംസ്കാരമെന്ന് ഗാന്ധിജി നിർവചിക്കുന്നു.

**പ്രവർത്തനം**

***കൃഷി, പാചകം, ഗതാഗതം എന്നിവയ്ക്ക് പണ്ടു കാലത്തും ഇപ്പോഴും ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളുടെ പട്ടിക തയാറാക്കി അവ നമ്മുടെ ജീവിതത്തിലുണ്ടാക്കിയിരിക്കുന്ന മാറ്റങ്ങൾ വിലയിരുത്തുക.***

2

***എന്താണ് നാഗരികത എന്നതുകൊണ്ട് അർഥമാക്കുന്നത്?***

### എന്താണ് സാംസ്കാരിക പൈതൃകം?

തലമുറകളിൽ നിന്നും തലമുറകളിലേക്ക് നമ്മുടെ പൂർവികർ കൈമാറിത്തന്ന മൂല്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ഥലങ്ങൾ, ഉപകരണങ്ങൾ, കലകൾ, ജീവിതരീതികളുടെ ആവിഷ്കാരങ്ങൾ എന്നിവയെല്ലാമാണ് സാംസ്കാരികപൈതൃകം. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഒരോ ജനവിഭാഗവും അത് പുനർനിർമ്മിച്ച് വൈവിധ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തനിമനിലനിർത്തിപോരുവാൻ ശ്രമിക്കുന്നു.

# ഇന്ത്യൻ സംസ്കാരം

സംസ്കാരത്തിന് തത്തുല്യമായ ഇന്ത്യൻ പദം "സംസ്കൃതി" എന്നാണ്. സംസ്കൃതി എന്നാൽ ശുദ്ധീകരിക്കുന്നതിനായിട്ടുള്ളത്, പവിത്രമായിട്ടുള്ളത്, ഉന്നമനത്തിനായി, കർമ്മബദ്ധരാകുക എന്നിങ്ങനെയാണ് അർഥമാക്കുന്നത്. ചിരപുരാതന കാലം മുതൽ ഇന്ത്യൻ സംസ്കാരം മാനവസംസ്കാരം എന്നാണ് അറിയപ്പെടുന്നത്. ഭാരതസംസ്കാരത്തിന് സാർവത്രികമായ ഒരു ആകർഷണീയതയും അസ്തിത്വവും ഉണ്ട്.

## ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ

### നാനാത്വത്തിൽ ഏകത്വം

പ്രപഞ്ചത്തിന് ഒരേയൊരു ഉറവിടം മാത്രമേയുള്ളുവെന്നും എന്നാൽ അതിന് വൈവിധ്യങ്ങളായ ആവിഷ്കാരങ്ങളുണ്ടെന്നും ഇന്ത്യയുടെ ആത്മീയപാരമ്പര്യം പഠിപ്പിക്കുന്നു. പല മനുഷ്യരും മനസ്സിലാക്കുകയും പഠിപ്പിക്കുകയും ഇത് വിവിധരീതിയിൽ പകർന്നുനൽകുകയും ചെയ്തിട്ടുണ്ട്. അതാണ് "ഏകം സത് വിപ്രാ ബഹുധാ വദന്തി"(വിവിധ രൂപത്തിൽ സത്യത്തെ ആവിഷ്കരിക്കുന്നെങ്കിലും, സത്യം ഏകമാണ്) എന്നതിന്റെ അർഥം. നാനാത്വത്തിൽ ഏകത്വം എന്നത് ജീവിതത്തിന്റെയും പ്രകൃതിയുടെയും സുദൃഢമായ തത്വമാണ്.

വിവിധ മതങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങൾ സഹവർത്തിത്വത്തോടെ ഇന്ത്യയിൽ ജീവിക്കുന്നു. പല ലോകമതങ്ങളുടെയും മാതൃഗൃഹമാണ് ഇന്ത്യ. അസംഖ്യം വാസ്തുവിദ്യാരീതികൾ, ശില്പവിദ്യ, ചിത്രകല, ശാസ്ത്രീയനാടോടിനൃത്ത-സംഗീതപാരമ്പര്യങ്ങൾ എന്നിവ ഇവിടെ വികസിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ഇവിടെ ധാരാളം ഉത്സവങ്ങളും ആചാരാനുഷ്ഠാനങ്ങളുമുണ്ട്. ഈ വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരത്തെ സമ്മിശ്രവും സമ്പന്നവും സൗന്ദര്യപൂർണവുമാക്കിത്തീർക്കുന്നത്. നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യത്തിന് നിരവധി കാരണങ്ങളുണ്ട്. രാജ്യവിസ്തൃതിയും ഭൂപ്രകൃതിയും കാലാവസ്ഥാഭേദങ്ങളും മുഖ്യകാരണങ്ങളാണ്.

ഇറാനിയർ, ഗ്രീക്കുകാർ, കുശാനന്മാർ, ശാകന്മാർ, ഹൂണന്മാർ, അറബികൾ, തുർക്കികൾ, മുഗളന്മാർ, യൂറോപ്യർ തുടങ്ങി വിവിധ വംശീയർ ഇന്ത്യയിൽ വന്ന് താമസമുറപ്പിക്കുകയും തദ്ദേശജനതയുമായി ഇഴുകിച്ചേർന്ന് ജീവിക്കുകയും ചെയ്തു. അവരുടെ ചിന്തകളും, ശീലങ്ങളും, ആശയങ്ങളും ഇവിടെ നിലനിന്ന സംസ്കാരവുമായി കൂടികലർന്നു. ആശയസ്വാംശീകരണത്തിനുള്ള ശേഷി ഇന്ത്യയ്ക്ക് യുഗങ്ങളായുള്ള ഒരു പ്രത്യേകതയാണ്. ഭൂമിശാസ്ത്രപരമായ വൈവിധ്യവും കാലാവസ്ഥഭേദങ്ങളുമുണ്ടെങ്കിലും സഹജമായ ഒരു ഏകത ഇന്ത്യ അനുഭവിക്കുന്നു. വ്യത്യസ്ത

പ്രദേശങ്ങളിലെ സവിശേഷതകൾ ആ സംസ്കാരങ്ങൾക്ക് തനിമ നൽകുന്നു. സംഗീതത്തിലും നൃത്തത്തിലും നാടകത്തിലും ചിത്രകലയിലും ശില്പവിദ്യയിലും വാസ്തുവിദ്യയിലും സാഹിത്യത്തിലുമെല്ലാം നമ്മുടെ സംസ്കാരത്തിന്റെ സമ്മിശ്ര സ്വഭാവം പ്രതിഫലിക്കുന്നു.

## തുടർച്ചയും പരിവർത്തനവും

ലോകത്തിലെ വിവിധ സംസ്കാരങ്ങൾ നശിച്ചുപോകുകയോ പകരം മറ്റൊന്നിൽ അലിഞ്ഞില്ലാതാകുകയോ ചെയ്തിട്ടുണ്ട്. മാറ്റത്തിന് വിധേയമാകാതെ നിലകൊള്ളുന്ന സംസ്കാരമാണ് തുടച്ചു നീക്കപ്പെടുന്നത്. വമ്പിച്ച സാമൂഹ്യമാറ്റങ്ങൾ ഉണ്ടായെങ്കിലും ഇന്ത്യൻ സംസ്കാരം അതിന്റെ സ്ഥായിഭാവം നിലനിർത്തുന്നു.

ഹാരപ്പൻ നാഗരികതയെപ്പറ്റി നമുക്കറിയാം. അതിനെക്കാൾ പഴക്കമേറിയ സംസ്കാരങ്ങൾ നിലനിന്നിരുന്നതായി പുരാവസ്തു ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. ഇന്ന് നമ്മുടെ ഗ്രാമങ്ങളിലെ വീടുകൾ നോക്കിയാൽ അതിന് ഹാരപ്പൻ ഗൃഹങ്ങളിൽ നിന്നു വലിയ വ്യത്യാസമില്ലെന്നു കണ്ടെത്താൻ കഴിയും. വേദകാലഘട്ടങ്ങളിലെ പരിഷ്കരണപ്രസ്ഥാനങ്ങളായ ജൈന - ബുദ്ധമതങ്ങൾ, പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ സാമൂഹിക - മത പരിഷ്കരണപ്രസ്ഥാനങ്ങൾ എന്നിവ ഇന്ത്യൻ സമൂഹത്തിന്റെ ചിന്താരീതിയിലും പ്രവൃത്തിയിലും വിപ്ലവാത്മകമായ മാറ്റം വരുത്തിയിട്ടുണ്ട്. മാറ്റത്തിനു വിധേയമാകുമ്പോൾ തന്നെ മതങ്ങളിലെയും മറ്റും സനാതനമൂല്യങ്ങളിലെ അതിന്റെ സാംരാംശം ഉൾക്കൊണ്ടു തുടരുന്ന കാഴ്ചയാണ് നാം ഇന്ത്യൻ സംസ്കാരത്തിൽ കാണുന്നത്. തുടർച്ചയും പരിവർത്തനവും എന്ന പ്രക്രിയ ഇന്ത്യൻ സംസ്കാരത്തിന്റെ എക്കാലത്തെയും സവിശേഷതയാണ്. ഏതിനെയും ഉൾക്കൊള്ളാനും സ്വയം മാറ്റങ്ങൾക്ക് വിധേയമാകുവാനും ഇന്ത്യൻ സംസ്കാരത്തിന് സാധിക്കുന്നത് അതിന്റെ ചലനാത്മകത കൊണ്ടാണ്.

## മതബഹുലത

വിവിധ മതങ്ങളുടെ ഈറ്റില്ലമായ ഇന്ത്യയിൽ മതത്തെ കേവലം അനുഷ്ഠാനങ്ങളായോ പ്രമാണങ്ങളായോ അല്ല; ജീവിതരീതിയായാണ് കാണുന്നത്. എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്ന ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. അതിനാൽ പ്രധാന ലോകമതങ്ങളൊക്കെ ഇന്ത്യയിൽ വേരുറപ്പിച്ചിട്ടുണ്ട്. 'അതിഥി ദേവോ ഭവ' എന്നത് നമ്മുടെ നാടിന്റെ ഒരു പെരുമാറ്റരീതിയാണ്. പരസ്പരധാരണയും സഹിഷ്ണതയും പുരാതനകാലം മുതൽ നമ്മുക്ക് ജീവിത പാഠങ്ങളായിരുന്നു. ഇന്ത്യയിലെ മതങ്ങളുടെയും കലയുടെയും സാഹിത്യത്തിന്റെയും ദർശനത്തിന്റെയും അടിസ്ഥാനവും ഇതുതന്നെയാണ്.

വ്യത്യസ്തസംസ്കാരങ്ങൾ വച്ചുപുലർത്തുന്ന നിരവധി കൂട്ടങ്ങളുടെ ദീർഘമായ ഇടപഴകലുകളുടെ പരിണതഫലമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ മതനിരപേക്ഷത. അവിടെയും ഇവിടെയുമുള്ള വിരളമായ സംഘർഷങ്ങളൊഴിച്ചാൽ നൂറ്റാണ്ടുകളോളം

സമാധാനപൂർണമായ ജീവിതമായിരുന്നു ഇവിടെ നയിച്ചിരുന്നത്. വിവിധ മതവിഭാഗങ്ങളുടെ സാംസ്കാരിക സമന്വയത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ് ഇന്ത്യയിലെ സാംസ്കാരികപാരമ്പര്യങ്ങൾ. ഇവിടെയുള്ള ഹൈന്ദവ, ഇസ്ലാം, ക്രൈസ്തവ, സിക്ക്, ബുദ്ധ, ജൈന, പാഴ്സി മതവിശ്വാസികൾ പരസ്പരം ഇടപഴകിയാണ് ജീവിക്കുന്നത്. (ശബരിമലയാത്രയിൽ അയ്യപ്പഭക്തർ എരുമേലിയിലെ വാവരുപള്ളി സന്ദർശിക്കുന്നത് പ്രാദേശികമായ ഒരു ഉദാഹരണമാണ്). ഇന്ത്യയിലെ ഏതൊരു പൗരനും അവനവന്റെ വിശ്വാസം സ്വീകരിക്കുവാനും ജീവിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. രാജ്യത്ത് ഔദ്യോഗികമായ ഒരു മതമില്ല, മറിച്ച് എല്ലാമതങ്ങളെയും സമഭാവനയോടെ കാണുന്നു.

### സാർവത്രികത

'വസുധൈവ കുടുംബകം', 'ലോകാസമസ്താ സുഖിനോ ഭവന്തു' എന്നീ തത്വങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ പൊതുപാരമ്പര്യമാണ്. എല്ലാ മനുഷ്യരിലും ഈശ്വരചൈതന്യം കുടികൊള്ളുന്നതായി നമ്മുടെ ആധ്യാത്മിക ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നു. അതുകൊണ്ട് സമസ്ത ജീവജാലങ്ങളുടെയും അഖണ്ഡതയിൽ ഇന്ത്യൻ സംസ്കാരം വിശ്വസിക്കുന്നു.

ഭൂമിശാസ്ത്രപരമോ രാഷ്ട്രീയമോ ആയ അതിർവരമ്പുകൾക്കപ്പുറത്തുള്ള സഹവർത്തിത്വത്തോടു കൂടിയ ജീവിതം ലോകത്തിന് സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും സന്ദേശമാണ് നൽകുന്നത്. വംശീയതക്കും കോളനിവത്കരണത്തിനുമെതിരെ ഇന്ത്യ എന്നും പ്രതികരിച്ചിരുന്നു. ചേരി-ചേരാ പ്രസ്ഥാനത്തിന്റെ സ്ഥാപകാംഗമായ ഇന്ത്യ ലോകത്ത് ശാക്തികചേരികൾ രൂപപ്പെടുന്നതിനെ എതിർക്കുന്നു. സാർവത്രിക സാഹോദര്യത്തിൽ വിശ്വസിച്ചുകൊണ്ട് ലോകജനതയുടെ പുരോഗതിക്കായി ഇന്ത്യ നിലകൊള്ളുന്നു.

### ആധ്യാത്മികതയും ഭൗതികതയും

ആധ്യാത്മികതയുടെ നാടായിട്ടാണ് ഇന്ത്യ അറിയപ്പെടുന്നത്. പക്ഷേ പുരാതന കാലം മുതൽ തന്നെ ഭൗതികവും ഭൗതികേതരവുമായ മേഖലകളിൽ വികാസം പ്രാപിച്ച ഒരു ചരിത്രമാണ് നമുക്കുള്ളത്. ഹാരപ്പൻ നിവാസികൾക്ക് ഗണിതശാസ്ത്രത്തിലും അളവിലും തൂക്കത്തിലുമൊക്കെ നല്ല അറിവുണ്ടായിരുന്നു. വളരെ ശാസ്ത്രീയമായ രീതിയിലാണ് പട്ടണങ്ങൾ രൂപകല്പന ചെയ്തിരുന്നത്. ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങി മിക്ക ശാസ്ത്രങ്ങളിലും പുരാതനകാലത്ത് തന്നെ ഇന്ത്യ ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. മതവിശ്വാസമോ മറ്റെന്തെങ്കിലുമോ ജ്ഞാനസമ്പാദനത്തിന് തടസമായിരുന്നില്ല. നാസ്തികചിന്തകളും ഇവിടെ വളർന്ന് വികാസം പ്രാപിച്ചിട്ടുണ്ട്.

3

***ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക?***

# ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ

മറ്റേതൊരു രാജ്യത്തിന്റെയും പോലെ, ഇന്ത്യയുടെ ചരിത്രത്തെയും പ്രാചീനം, മദ്ധ്യകാലം, ആധുനികം എന്നിങ്ങനെ വിഭജിക്കാം. പ്രാചീനകാലഘട്ടം ഭൂമിയിൽ മനുഷ്യ ജീവിതം ആരംഭിക്കുന്നതു മുതൽ തുടങ്ങുന്നു. എ. എൽ. ബാഷത്തിന്റെ അഭിപ്രായ ത്തിൽ ഇന്ത്യൻ സംസ്കാരത്തെ ഇങ്ങനെ തരംതിരിക്കാം. 1. വേദപൂർവ കാലഘട്ടം, 2. വേദകാലഘട്ടം, 3. വേദാനന്തരകാലഘട്ടം (c.1000 - 600BC) 4. മൗര്യകാലഘട്ടം (c.320 - 185BC) 5. മൗര്യ - ഗുപ്തകാലങ്ങൾക്കിടയിലുള്ള കാലഘട്ടം (c.184 BC - AD320) 6. ഇന്ത്യൻ നാഗരികതയുടെ സുവർണകാലഘട്ടം (ഗുപ്തന്മാരുടെ വരവ് മുതൽ ഹർഷ വർധനന്റെ കാലം വരെ) (c.320 - 647 AD) 7. ഹർഷവർധനനു ശേഷം ഇസ്ലാമിന്റെ കട ന്നുവരവ് വരെ (647 C . 1200AD ) 8. സുൽത്താൻ കാലഘട്ടം (1192 - 1526AD ) 9. മുഗൾ കാലഘട്ടം (1526 - 1707 AD) 10. ബ്രിട്ടീഷ്ഭരണ കാലഘട്ടം

### പ്രാചീനകാലഘട്ടം

വളരെ നൂറ്റാണ്ടുകൾ ദൈർഘ്യമേറിയതാണ് ഇന്ത്യയുടെ ചരിത്രം. സിന്ധുനദീതട ത്തിലെ, (2600–1800 BC) ഹാരപ്പയും മോഹൻജദാരോയും ഇന്ത്യൻ നാഗരികതയുടെ ആദ്യകാല സ്വഭാവത്തിന്റെ സാക്ഷ്യങ്ങളാണ്. ഹാരപ്പൻ നാഗരികത ഇന്ത്യൻ ഉപഭൂ ഖണ്ഡത്തിലെ ആദ്യത്തെ അറിയപ്പെടുന്ന നാഗരിക സംസ്കാരമാണ്. അഴുക്കുചാ ലുകൾ ഉൾപ്പെടെയുള്ള ശുചിത്വസംവിധാനവും വ്യവസ്ഥാപിതമായ റോഡുകളും ഉള്ള നഗരസംവിധാനം ആ നാഗരികതയുടെ പ്രത്യേകതയായിരുന്നു. ചുടുകട്ടകൾ കൊണ്ട് നിർമ്മിച്ച അടുക്കളയും കുളിമുറിയുമുള്ള വീടുകൾ അന്നുണ്ടായിരുന്നു. മൺപാത്ര നിർമ്മാണത്തിൽ വിദഗ്ധരായ ഹാരപ്പൻ ജനതയ്ക്ക് ലോഹങ്ങൾ, ലോഹകൂട്ടുകൾ എന്നിവയെപ്പറ്റിയും അറിവുണ്ടായിരുന്നു. ഹാരപ്പൻ ജനത സസ്യമൃഗാദികളെയും പ്രകൃതി ശക്തികളെയും ആരാധിച്ചിരുന്നു. മൃഗങ്ങളുടെ രൂപങ്ങൾ കൊത്തിയതും ആൽമരം ചിത്രീകരിച്ചതുമായ മുദ്രകൾ അന്നുണ്ടായിരുന്നു. ഹാരപ്പൻ ജനതയ്ക്ക് എഴുത്ത് വശമുണ്ടായിരുന്നു. ഗ്രാമീണരുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. (ഹാ രപ്പൻ സമൂഹം മൊസപ്പോട്ടേമിയയുമായി വ്യാപാരബന്ധം പുലർത്തിയിരുന്നു.) ലോക ത്താദ്യമായിതന്നെ പരുത്തിക്കൃഷി ചെയ്തിരുന്നതെന്നു കരുതുന്ന ഹാരപ്പൻ ജന തയ്ക്ക് നൂൽനൂൽപ്പും തയ്യലും അറിയാമായിരുന്നു. ബി. സി. 1800 ഓടെ ഹാരപ്പൻ നാഗരികത ക്ഷയിച്ചു.

4

*പ്രാചീന കാലഘട്ടത്തിന്റെ പ്രത്യേകതകൾ എന്തെന്ന് വിശദീകരിക്കുക?*

### വേദകാല സംസ്കാരം

ഹാരപ്പൻ നാഗരികതയുടെ പതനത്തെത്തുടർന്ന് ആ നദീതടങ്ങളിൽ ഒരു പുതിയ സംസ്കാരം ആര്യന്മാരുടെ നേതൃത്വത്തിൽ പുഷ്ടിപ്പെട്ടു. സിന്ധു – സരസ്വതി നദീതടങ്ങളിൽ സ്ഥിരതാമസമാക്കിയ ആര്യന്മാർ കാർഷികവൃത്തിയിലേർപ്പെട്ടു. ദേവീ ദേവന്മാരെ സ്തുതിച്ചുകൊണ്ട് രചിച്ച കീർത്തനങ്ങൾ ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവ വേദം എന്നീ നാലു വേദങ്ങളിൽ സമാഹരിച്ചു. പവിത്രമായ ആധ്യാത്മിക ജ്ഞാനം എന്നാണ് വേദത്തിന്റെ അർഥം. വേദകാലത്തെ ആദിവേദകാലമെന്നും പിൽകാലവേദകാലമെന്നും തിരിച്ചിരിക്കുന്നു. ആദ്യകാലത്തെ ഋഗ്വേദം പ്രതിനിധീകരിക്കുന്നു. മറ്റ് മൂന്നു വേദങ്ങൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവ പിൽകാലവേദകാലത്തിന്റെ സംഭാവനയെന്ന് കരുതുന്നു. ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും പുരാണങ്ങളും ആദിവേദകാലത്തെ ജീവിതത്തെയും സമൂഹത്തെയും കുറിച്ച് വെളിച്ചം വീശുന്നവയാണ്.

### ഉപനിഷത്തുകൾ

വേദങ്ങളുടെ ഉപസംഹാരഭാഗങ്ങളാണ് ഉപനിഷത്തുകൾ. വേദാന്തമെന്നറിപ്പെടുന്ന ഇവ വേദോപദേശങ്ങളുടെ സാരാംശമാണ്. 108 ഉപനിഷത്തുകളും ബുദ്ധകാലഘട്ടത്തിന് മുമ്പും പിമ്പും രചിച്ചിട്ടുള്ളവയുണ്ട്. ഇന്ത്യൻ തത്വചിന്തയുടെയും മതദർശനങ്ങളുടെയും അടിസ്ഥാനമാണ് അവ. എന്താണ് സത്യമെന്നറിയാനുള്ള അന്വേഷണമാണ് ഉപനിഷത്തുകളുടെ കേന്ദ്രപ്രമേയം.

സച്ചിദാനന്ദമാകുന്ന അടിസ്ഥാന യാഥാർഥ്യത്തിലേക്ക് നയിക്കുന്ന പ്രാർഥനയാണ് ഉപനിഷത്ത്.

അസതോമാ സത് ഗമയ
തമസോമാ ജ്യോതിർഗമയാ
മൃത്യോമാ അമൃതംഗമയാ

### ഭഗവദ്ഗീത

മഹാഭാരതത്തിലെ ഭീഷ്മപർവത്തിന്റെ ഭാഗമാണ് ഭഗവദ്ഗീത. ധർമ്മത്തിന്റെയും തത്വചിന്തയുടെയും പാഠങ്ങൾ നൽകുന്ന ഭഗവദ്ഗീത ഇന്ത്യൻ ദർശനത്തിലെ ഒരു പ്രധാന ഗ്രന്ഥമാണ്. ഭഗവദ്ഗീതയുടെ സന്ദേശം സാർവത്രികമാണ്. നിസ്വാർഥസേവനത്തിന്റെ സുവിശേഷമായി ഗീതയെ കണക്കാക്കുന്നു. ഗീതയുടെ മുഖ്യസന്ദേശമായ നിഷ്കാമകർമത്തിന്റെ സത്ത നിസ്വാർഥ സേവനമാണ്. കർമ്മയോഗത്തിന്റെയും ജ്ഞാനയോഗത്തിന്റെയും സമന്വയത്തിന്റെ സാക്ഷാത്കാരമാണ് ഭഗവദ്ഗീത. അതി

നാൽ ഗാന്ധി ഭഗവദ്ഗീതയെ അമ്മയായും ആധ്യാത്മിക നിഘണ്ടുവായും കരുതി. ഗാന്ധിജി *'അനാസക്തിയോഗ'* എന്ന പേരിൽ ഭഗവദ്ഗീതയ്ക്ക് ഒരു വ്യാഖ്യാനം എഴുതി. *ഒന്നും ആഗ്രഹിക്കാതെയുള്ള പ്രവൃത്തി; കർമ്മഫലങ്ങൾ ത്യജിക്കുന്നതിലൂടെ, എല്ലാ പ്രവൃത്തികളും ഈശ്വരന് സമർപ്പിച്ചുകൊണ്ട്* ജീവിതയാത്ര തുടരാൻ ഗാന്ധിജി ആഹ്വാനം ചെയ്യുന്നു.



5

***ഉപനിഷത്തുകളുടെയും ഭഗവദ്ഗീതയുടെയും കേന്ദ്ര ആശയങ്ങളെ താരതമ്യം ചെയ്യുക?***

## മതവും സാമൂഹികവ്യവസ്ഥിതിയും

പുരുഷകേന്ദ്രികൃത ഗോത്രാധിപത്യരീതിയായിരുന്നുവെങ്കിലും സ്ത്രീകൾക്ക് ഉന്നതപദവിയാണ് വേദകാലസമൂഹത്തിൽ ഉണ്ടായിരുന്നത്. കുടുംബമായിരുന്നു ഏറ്റവും അടിത്തട്ടിലുള്ള സാമൂഹികഘടകം. ഏതാനും കുടുംബങ്ങൾ കൂടിച്ചേർന്ന് കുലങ്ങളും പലകുലങ്ങൾ ചേർന്ന് ഒരോ ഗോത്രവും രൂപപ്പെട്ടു. പിൽക്കാലവേദകാലത്ത് സമൂഹത്തെ നാലുവർണങ്ങളായി തിരിച്ചിരുന്നു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. ഈ ചാതുർവർണ്യവ്യവസ്ഥ തുടക്കത്തിൽ വിവിധ തൊഴിൽ വിഭജനമായിരുന്നുവെങ്കിൽ പിന്നീട് പൈതൃകസിദ്ധമായ കർക്കശവ്യവസ്ഥയായി മാറി. ബ്രാഹ്മണർ സമൂഹത്തിലെ ആധിപത്യവർഗമായി വളർന്നു.

മനുഷ്യജീവിതത്തെ നാല് വ്യത്യസ്തഘട്ടങ്ങളായി തിരിക്കുന്ന *ചതുരാശ്രമ* മറ്റൊരു സാമൂഹികവ്യവസ്ഥയായിരുന്നു. ബ്രഹ്മചര്യം (അവിവാഹിതാവസ്ഥ, ഒരു ഗുരുവിന്റെ ആശ്രമത്തിലെ അച്ചടക്കമാർന്ന വിദ്യാഭ്യാസജീവിതം.), ഗൃഹസ്ഥം (കുടുംബജീവിതം), വാനപ്രസ്ഥം (കുടുംബത്തിൽ നിന്ന് അകന്നുള്ള ജീവിതം), സന്യാസം (ലൗകിക ജീവിതത്തിൽ നിന്നകന്ന് ആധ്യാത്മിക അന്വേഷണത്തിനായുള്ള സമർപ്പിത ജീവിതം). ആശ്രമധർമങ്ങൾ സ്ത്രീകൾക്കും വർണവ്യവസ്ഥയിലെ താണവിഭാഗങ്ങൾക്കും ബാധകമല്ലായിരുന്നു. സ്ത്രീകൾ സമൂഹത്തിൽ ബഹുമാനിക്കപ്പെട്ടിരുന്നു. വിദ്യാ

ഭ്യാസം നേടുന്നതിനുള്ള സ്വാതന്ത്യം സ്തീകൾക്കുണ്ടായിരുന്നു. പർദാ സമ്പ്രദായവും ശൈശവവിവാഹവും ഉണ്ടായിരുന്നില്ല.

## ചാർവാകം (ലോകായതം)

ഇന്ത്യൻ തത്വചിന്തയുടെ നാസ്തിക ദർശനങ്ങളിലൊന്നായിരുന്നു ചാർവാക ദർശനം. അത് മതവിരുദ്ധ നാസ്തികചിന്താധാരയിലെ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ബി. സി. ഏഴാം നൂറ്റാണ്ടോടുകൂടി രൂപപ്പെട്ട ചാർവാകദർശനത്തിന്റെ പ്രമാണഗ്രന്ഥങ്ങളൊന്നും ലഭിച്ചിട്ടില്ല. ബൃഹസ്പതിയാണ് ഇതിന്റെ ഉപജ്ഞാതാവെന്ന് വിശ്വസിക്കുന്നു. കറകളഞ്ഞ ഭൗതികവാദമായ ലോകായതം വേദങ്ങളുടെ വിശുദ്ധ പരിവേഷത്തെയും അതിന്റെ പേരിൽ വിശ്വാസത്തിനുവേണ്ടിയുള്ള എല്ലാന്യായവാദങ്ങളെയും ശക്തമായി എതിർക്കുന്നു. ചൂഷണം ഉദ്ദേശിച്ചുള്ള പുരോഹിതവർഗത്തിന്റെ സൂത്രപണികളാണിതെന്ന് ലോകായതന്മാർ വ്യക്തമാക്കുന്നു.

## മതപരിഷ്കരണ ശ്രമങ്ങൾ

ബി. സി. 600 – ബിസി 200 കാലയളവ് രാജ്യത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ പ്രധാനപ്പെട്ടതാണ്. വേദകാലമതങ്ങളിലുണ്ടായ ദുഷിച്ച പ്രവണതകൾക്കെതിരെ രൂപം കൊണ്ട ജൈനമതവും ബുദ്ധമതവും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. ഇന്ത്യൻജീവിതത്തിലും സംസ്കാരത്തിലും നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ള ഈ മതങ്ങൾ ബ്രാഹ്മണാധിപത്യത്തിൽ അധിഷ്ഠിതമായ ചാതുർവർണ്യത്തിനെതിരെ ഉടലെടുത്തതാണ്. തരംതിരിവുകളില്ലാതെ എല്ലാവർക്കും സ്വീകാര്യമായ, സ്വാതന്ത്ര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായ ഒരു സാമൂഹ്യനിർമിതിക്കായുള്ള അഭിനിവേശവും പുതിയ മതങ്ങളുടെ ആവിർഭാവത്തിനു കാരണമായതായി ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

## ജൈനമതം

ജൈനമതത്തിന്റെ സ്ഥാപകൻ ആദിതീർഥങ്കരനായ ഋഷഭ ദേവനാണെന്ന് വിശ്വസിക്കുന്നു. ഇരുപത്തിനാലാമത് തീർത്ഥങ്കരനായ മഹാവീരനാണ് ജൈനതത്വസംഹിതകൾ വികസിപ്പിച്ചതും അവസാനരൂപം നൽകിയതും. മഹാവീരനാണ് ജൈനമതം സ്ഥാപിച്ചതെന്നാണ് പൊതുവിൽ ജനകീയ വിശ്വാസം. സത്യജ്ഞാനത്തിന് ലളിതജീവിതം നയിക്കണമെന്നും നിർബന്ധമായും അഹിംസാവ്രതം ആചരിക്കണമെന്നും ജൈനമതം പഠിപ്പിക്കുന്നു. എല്ലാ ജീവികളും ജീവിക്കാനായി ആഗ്രഹിക്കുന്നുവെന്നും ഓരോന്നിനും സ്വന്തം ജീവൻ ഏറ്റവും പ്രിയപ്പെട്ടതാണെന്നും മഹാവീരൻ പറയുന്നു. സാധാരണ ജനങ്ങൾക്ക് പ്രാപ്യമായ പ്രാകൃതഭാഷയിലാണ് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തിയിരുന്നത്.

ആധുനിക ബീഹാറിലെ വൈശാലിക്കു സമീപമുള്ള കുന്ദഗ്രാമത്തിലാണ് മഹാവീരൻ ജനിച്ചത് (ബി സി. 599) വിവാഹത്തിനു ശേഷം മഹാവീരൻ ലൗകികസുഖങ്ങളെല്ലാം വെടിഞ്ഞ് സന്യാസം സ്വീകരിച്ച് അലഞ്ഞ് നടന്നു. പന്ത്രണ്ട് കൊല്ലത്തെ സന്യാസജീവിതത്തിനു ശേഷം 42-ാമത്തെ വയസ്സിൽ പരമമായ ജ്ഞാനം നേടി. അതിനു ശേഷം ജിനൻ എന്ന് അറിയപ്പെട്ടു തുടങ്ങി. ഇതിൽ നിന്നാണ് ജൈനമതം എന്ന പേര് ഉദ്ഭവിച്ചത്. മഗധം, കോസലം, തുടങ്ങിയ പ്രദേശങ്ങളായിരുന്നു പ്രധാന പ്രവർത്തന മേഖലകൾ. രാജഗൃഹത്തിനടുത്ത് പാവ എന്ന സ്ഥലത്ത് വെച്ച് 72-ാംമത്തെ വയസ്സിൽ അദ്ദേഹം നിർവാണം പ്രാപിച്ചു (ബി സി. 527).

പഞ്ചമഹാവ്രതങ്ങൾ പാലിക്കണമെന്ന് ജൈനമതം ഉപദേശിക്കുന്നു. സത്യം (കള്ളം പറയാതിരിക്കുക), അഹിംസ (ഹിംസ വർജിക്കുക), അസ്തേയം (തന്റേതല്ലാത്ത വസ്തുക്കൾ സ്വന്തമാക്കാതിരിക്കുക), അപരിഗ്രഹം (ആവശ്യമില്ലാത്ത ലൗകികവസ്തുക്കൾ അമിതമായി ആഗ്രഹിക്കാതിരിക്കുക.), ബ്രഹ്മചര്യം (പതിവ്രതജീവിതം) എന്നിവയാണവ. ശരിയായ ജീവിതത്തിന് ത്രിരത്നങ്ങൾ എന്നറിയപ്പെടുന്ന ശരിയായവിശ്വാസം, ശരിയായജ്ഞാനം, ശരിയായപെരുമാറ്റം, എന്നീ മൂന്നുമാർഗങ്ങൾ ജൈനമതം നിർദേശിക്കുന്നു.

ജൈനമതത്തിന്റെ പരമപ്രധാനമായ തത്വം അഹിംസയാണ്. ഇത് മനുഷ്യർക്ക് മാത്രമല്ല, മൃഗങ്ങൾക്കും പ്രാണികൾക്കും വരെ ബാധകമാണ്. ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന ജൈനമതം ജാതിരഹിതവും സാർവ്വജനീനവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി നിലകൊണ്ടു. എ. ഡി. 9 -11 ശതാബ്ദങ്ങളിൽ ജൈനമതം ഡക്കാനിൽ ജനസമ്മതി നേടി. 1087 ൽ ജനിച്ച ഹേമചന്ദ്രൻ എന്ന സന്യാസി ഗുജറാത്തിൽ ജൈനമതം പ്രചരിപ്പിച്ചു.

ജൈനമത തത്വമായ അനേകാന്തവാദം യാഥാർഥ്യങ്ങളുടെ വൈവിധ്യങ്ങളെ ഊന്നിപ്പറയുന്നു. ശത്രുപക്ഷത്തുള്ളവരുടെയും നമ്മെ എതിർക്കുന്നവരുടെയും വിശ്വാസങ്ങളും കാഴ്ചപാടുകളും പരിഗണിക്കണമെന്ന ചിന്തയാണിത്. ഒരു വസ്തുവിനെപ്പറ്റിയോ പ്രപഞ്ചത്തെകുറിച്ചോ ഉള്ള അറിവ് ഒരു പ്രത്യേകവീക്ഷണത്തിൽ ശരിയായിരിക്കാം. മറ്റൊരു വീക്ഷണത്തിൽ തെറ്റായിരിക്കാം. അതുകൊണ്ട് എന്തിനെക്കുറിച്ചുമുള്ള അറിവ്, എപ്പോഴും അപൂർണവും അവ്യക്തവും ആപേക്ഷികവുമാണെന്ന് അനേകാന്തവാദം സമർത്ഥിക്കുന്നു. ഗാന്ധിജിയെ വളരെയേറെ സ്വാധീനിച്ചിട്ടുള്ള ഒരു ജൈന ചിന്തയാണ് ഇത്.

6

***ജൈനമതത്തിലെ പ്രധാന ആശയങ്ങൾ ഏതെല്ലാമാണ്?***



### ബുദ്ധമതം

മഹാവീരന്റെ സമകാലികനായ ഗൗതമബുദ്ധനാണ് (ബി സി 563 –483) ബുദ്ധമത സ്ഥാപകൻ. ഇന്ത്യയിൽ ജനിച്ചിട്ടുള്ള ഏറ്റവും മഹാനായ ഗുരുശ്രേഷ്ഠനാണ് ശ്രീബുദ്ധൻ. ദക്ഷിണനേപ്പാളിലെ ലുംബിനിയിൽ ജനിച്ച സിദ്ധാർഥ ഗൗതമൻ 29-ാം വയസ്സിൽ, അദ്ദേഹത്തിന് ഒരു പുത്രൻ ജനിച്ച ശേഷം, എല്ലാ ലൗകികസുഖങ്ങളും ത്യജിച്ച് സന്യാസം സ്വീകരിച്ചു. സത്യാന്വേഷണ വ്യഗ്രതയോടുകൂടി അലഞ്ഞു നടന്ന അദ്ദേഹം യാത്രയുടെ അവസാന ഘട്ടത്തിൽ ബുദ്ധഗയയിലെത്തി. അനേക ദിവസത്തെ ധ്യാനത്തിനുശേഷം അദ്ദേഹത്തിന് ദിവ്യജ്ഞാനം ലഭിച്ചു. ഇതിനുശേഷം ബുദ്ധൻ എന്ന പേരിലറിയപ്പെട്ടു. അദ്ദേഹം 45 വർഷത്തോളം തന്റെ മതതത്വങ്ങൾ പ്രചരിപ്പിച്ചു. കുശീ നഗരത്തിൽവച്ച് 80-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. സത്യത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും മൂർത്തീരൂപമായിരുന്നു ശ്രീബുദ്ധൻ. നാല് ആര്യസത്യങ്ങളും അഷ്ടാംഗമാർഗവുമാണ് അദ്ദേഹത്തിന്റെ ആശയങ്ങളിൽ പ്രധാനപ്പെട്ടത്.

### നാല് ആര്യസത്യങ്ങൾ (Noble Truths)

1. ലൗകിക ജീവിതം മുഴുവൻ ദുഃഖപൂർണമാണ്.
2. ആഗ്രഹമാണ് എല്ലാ ദുഃഖത്തിന്റെയും മൂലകാരണം.
3. ആഗ്രഹങ്ങളെ ഇല്ലാതാക്കുന്നതാണ് ദുഃഖനാശത്തിനുള്ള മാർഗം
4. അഷ്ടാംഗമാർഗങ്ങൾ സ്വീകരിക്കുന്നതുവഴി ആഗ്രഹങ്ങളെ നശിപ്പിക്കാൻ സാധിക്കും.

### അഷ്ടാംഗമാർഗങ്ങൾ (Eight Fold Paths)

1. ശരിയായധാരണ
2. ശരിയായസങ്കല്പം
3. ശരിയായഭാഷണം
4. ശരിയായപെരുമാറ്റം
5. ശരിയായഉപജീവനരീതി
6. ശരിയായപരിശ്രമം
7. ശരിയായആലോചന
8. ശരിയായഏകാഗ്രത

7

*വിദ്യാർഥി ജീവിതത്തിൽ അഷ്ടാംഗമാർഗത്തിന്റെ പ്രസക്തിയെപ്പറ്റി ചർച്ച ചെയ്യുക.*

ബുദ്ധമതത്തിന്റെ ജാതിരഹിതവും സാർവജനീനവുമായ സ്വഭാവവിശേഷം സാമാന്യജനസമൂഹത്തെ അതിന്റെ സ്വാധീനത്തിൽ കൊണ്ടുവന്നു. സാമൂഹിക അനീതികൾക്കെതിരായ ബുദ്ധമതം, തീവ്രവാദങ്ങളെ തിരസ്കരിച്ച് മധ്യമാർഗസമീപനം സ്വീകരിച്ചത് അതിനെ കൂടുതൽ പ്രായോഗികമാക്കി. സമാധാനത്തിന്റെയും സൗഹാർദത്തിന്റെയും കരുണയുടെയും മതമായിരുന്നു ബുദ്ധമതം.

## അശോകചക്രവർത്തി (ബി. സി. 304 – 232)

മൗര്യചക്രവർത്തിയായ അശോകൻ രക്തരൂക്ഷിത യുദ്ധത്തിലൂടെ ഇന്നത്തെ ഒഡീഷയിലെ കലിംഗ പ്രദേശം പിടിച്ചടക്കിയ ശേഷം, യുദ്ധത്തിന്റെ ഭീകരതയിൽ പശ്ചാത്താപവിവശനായി അക്രമം പരിത്യജിക്കുകയും ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. സമസ്തജീവജാലങ്ങളുടെയും ജീവനെ ആദരിച്ച്, സ്തംഭങ്ങളും സ്തൂപങ്ങളും സ്ഥാപിച്ച് ബുദ്ധമതാശയങ്ങൾ പ്രചരിപ്പിക്കുകയും ജനങ്ങളെ ധാർമ്മികപാതയിൽ അണിചേർക്കുകയും ചെയ്തു. ധർമ്മവിജയമെന്ന നയം സ്വീകരിച്ച്, ജനങ്ങളെ അഹിംസ പരിശീലിക്കാൻ ആഹ്വാനംചെയ്ത അശോകൻ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികളാണ് നടപ്പിലാക്കിയത്.

### മധ്യകാലഘട്ടം

സാംസ്കാരിക സമന്വയത്തിന്റെ ഒരു സുവർണകാലമായിരുന്നു ഇന്ത്യയുടെ മധ്യകാലഘട്ടം. തുർക്കികളും മുഗളന്മാരും സാമൂഹ്യ സാംസ്കാരിക മേഖലകളിൽ കൊണ്ടുവന്ന പുത്തനാശയങ്ങളും സൂഫി, ഭക്തി, സിക്ക് തുടങ്ങിയ ആധ്യാത്മിക നവീകരണ പ്രസ്ഥാനങ്ങളും മധ്യകാലഘട്ടത്തിന്റെ പ്രത്യേകതയാണ്.

മുഗൾ ചക്രവർത്തിയായ അക്ബർ, ഇസ്ലാം, ഹൈന്ദവ, ക്രൈസ്തവ, ജൈന, സൊരാഷ്ട്രീയൻ മതങ്ങളുടെ നല്ല അംശങ്ങൾ സ്വീകരിച്ചുകൊണ്ട് 16–ാം നൂറ്റാണ്ടിൽ 'ദിൻ – ഇലാഹി' എന്ന മതത്തിന് രൂപംകൊടുത്തു. ഐക്യഭാരതം എന്നലക്ഷ്യം വെച്ചുകൊണ്ട് വിവിധ സംസ്കാരങ്ങളുടെ കൂട്ടിചേർക്കലുകൾക്ക് മിക്ക മുഗൾഭരണാധികാരികളും പ്രോത്സാഹനം നൽകി.

### സൂഫി പ്രസ്ഥാനം

ഇസ്ലാം മതത്തിലെ യോഗാത്മക ആത്മീയധാരയാണ് സൂഫിസം. മുഹമ്മദ് നബിയുടെ ജീവിതത്തിൽ നിന്നും ഖുറാനിൽ നിന്നും പ്രചോദനമുൾക്കൊണ്ട് പശ്ചിമേഷ്യയിലാരംഭിച്ച ഒരു പരിഷ്കരണപ്രസ്ഥാനമാണ് സൂഫിസം. സൂഫിസം ഇന്ത്യയിൽ പ്രചരിച്ചത് മുഗൾ ഭരണകാലത്താണ്. ഇന്ത്യയിലെ മതങ്ങളുമായി അടുത്ത സമ്പർക്കം

പുലർത്തിയതിന്റെ ഫലമായി സൂഫിസം ഭാരതീയമായ പല ആശയങ്ങളും അനുഷ്ഠാനങ്ങളും സ്വായത്തമാക്കി. സൂഫികളും തങ്ങളുടേതായ ആശ്രമങ്ങൾ സ്ഥാപിച്ചിരുന്നു. ജൈനബുദ്ധമതങ്ങളുടെ മൗലികതത്വമായ അഹിംസ സൂഫികളും സ്വീകരിച്ചു. ഹൈന്ദവചിന്തയും ഇസ്ലാമികആദ്ധ്യാത്മികതയും കൂടിചേരുന്ന ഒരു സവിശേഷ ആത്മീയ ധാരയായി ഇന്ത്യൻ സൂഫിസം വളർന്നു. പുരാതന സൂഫി ആശ്രമങ്ങളിലേക്ക് മുസ്ലീങ്ങൾ മാത്രമല്ല ഹിന്ദുക്കളും സന്ദർശിക്കുക പതിവായിരുന്നു. ഹൈന്ദവ-ഇസ്ലാംമതങ്ങളെ അടുപ്പിക്കുന്നതിനും മത സഹിഷ്ണതയുടെയും പരസ്പരധാരണയുടേതുമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സൂഫിസം സഹായകമായി.

### ഭക്തിപ്രസ്ഥാനം

ഇന്ത്യയിലുണ്ടായ ഒരു നവോഥാനപ്രസ്ഥാനമാണ് ഭക്തിപ്രസ്ഥാനം. 12 മുതൽ 17 വരെയുള്ള ശതകങ്ങളിൽ ഇന്ത്യയിലുടനീളം ഭക്തിയുടെ രംഗത്ത് പ്രവർത്തിച്ച കവികളെയും അവരുടെ സംഭാവനകളെയും മൊത്തത്തിൽ കുറിക്കുവാനാണ് ഭക്തിപ്രസ്ഥാനം എന്ന പദം ഉപയോഗിക്കുന്നത്. സാഹിത്യം, ശില്പ-ചിത്രകഥകൾ, സംഗീതം, നൃത്തം തുടങ്ങിയ പലമേഖലകളിലും ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം പ്രകടമായി. വൈഷ്ണവ ഭക്തന്മാരായ ആഴ്വാർന്മാരും ശൈവഭക്തന്മാരായ നായനാർമാരും തമിഴ്നാട്ടിൽ ഭക്തിപ്രസ്ഥാനത്തിന്റെ ആദ്യകാല വക്താക്കളായിരുന്നു.

മധ്യകാലത്തെ പണ്ഡിതന്മാരായ ഹൈന്ദവസിദ്ധന്മാർ ഈശ്വരവിശ്വാസത്തിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞുകൊണ്ട് ഭക്തിമാർഗം സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഭക്തിഭാവത്തിന്റെ പരമാവസ്ഥയിൽ ദൈവത്തിനു സ്വയംസമർപ്പിതരാവുക എന്നതായിരുന്നു ഈ പ്രസ്ഥാനം ലക്ഷ്യമാക്കിയിരുന്നത്. പരമ്പരാഗത ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തവരായിരുന്നു ഭക്തിപ്രസ്ഥാനത്തിലെ മിക്ക സിദ്ധന്മാരും. യാഥാസ്ഥിതിക ബ്രാഹ്മണമേധാവിത്വത്തിനെതിരെയുള്ള മുന്നേറ്റമായിരുന്നു ഈ പ്രസ്ഥാനം. ഈശ്വരഭക്തി, പവിത്രമായ മനസ്സ്, ഹിന്ദു മുസ്ലിം ഐക്യം, വിഗ്രഹാരാധനയോടുള്ള നിഷേധം, ജാതിവ്യവസ്ഥയെ നിരാകരിക്കൽ, പ്രാദേശിക ഭാഷകളുടെ ഉപയോഗം എന്നിവ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകളാണ്. രാമാനുജൻ, രാമാനന്ദൻ, കബീർ, ഗുരുനാനാക്, ചൈതന്യൻ, മീരാബായ്, വല്ലഭാചാര്യൻ, സൂർദാസ്, തുളസിദാസ് തുടങ്ങിയ ഭക്തിനേതാക്കൾ സാമൂഹ്യസമത്വത്തിലും നീതിയിലും വിശ്വസിച്ചവരായിരുന്നു. താൻ ഒരേ സമയം അള്ളാഹുവിന്റെയും ശ്രീരാമന്റെയും സന്തതിയാണെന്നാണ് കബീർ ഉദ്ഘോഷിച്ചത്.

## സിക്കുമതം

പതിനാറാംനൂറ്റാണ്ടിൽ ഗുരുനാനാക്കാണ് സിക്കു മതം സ്ഥാപിച്ചത്. ഗുരു, വിശ്വാസസംഹിത, സംഘം എന്നീ മൂന്ന് ഘടകങ്ങളിൽ അധിഷ്ഠിതമാണ് ഗുരുനാനാക്കിന്റെ ദർശനം. പുനർജന്മവിശ്വാസത്തിനും വിഗ്രഹാരാധനയ്ക്കും അദ്ദേഹം എതിരായിരുന്നു. ഏകദൈവ വിശ്വാസത്തിന്റെ പ്രാധാന്യം നാനാക്ക് ഉയർത്തിക്കാട്ടി. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ ഹൈന്ദവ - ഇസ്ലാമിക വിശ്വാസരീതികളെ കൂട്ടിയിണക്കിയുള്ള ഒന്നായിരുന്നു.

സിക്കുമതത്തെ ചിട്ടപ്പെടുത്തിയതും ഒരു ഐക്യരൂപ്യവ്യവസ്ഥയിലേക്ക് കൊണ്ടുവന്നതും ഗുരുഗോബിന്ദ് സിംഗാണ്. ജാതിഭേദമോ ലിംഗഭേദമോ ഇല്ലാതെ എല്ലാ മനുഷ്യർക്കും ദൈവത്തോട് ചേരാൻ അവസരമുണ്ടെന്ന് സിക്കുമതം വിശ്വസിക്കുന്നു. നീതി, ധർമ്മം, സ്വാതന്ത്ര്യം തുടങ്ങിയ ആശയങ്ങൾക്ക് അദ്ദേഹം പ്രാമുഖ്യം നൽകി. സിക്കുകാരുടെ പുണ്യഗ്രന്ഥമാണ് ഗുരു ഗ്രന്ഥസാഹിബ്.

**8**

***മധ്യകാലഘട്ടത്തിലെ മതനവീകരണ പ്രസ്ഥാനങ്ങളെപ്പറ്റി വിശദമാക്കുക?***

## ആധുനിക കാലഘട്ടം

പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യമതപരിഷ്കരണ പ്രസ്ഥാനങ്ങൾ ആധുനിക ഇന്ത്യയുടെ വളർച്ചക്ക് വഴിയൊരുക്കി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം ഇന്ത്യൻ ഭാഷകളിലെ ആധുനിക സാഹിത്യത്തെ സ്വാധീനിച്ചു. അങ്ങനെ പാശ്ചാത്യ ആശയങ്ങളും സ്ഥാപനങ്ങളുമായി ഇന്ത്യ നിരന്തര സമ്പർക്കത്തിലായി. കൃഷിയായിരുന്നു ജനങ്ങളുടെ മുഖ്യ ഉപജീവനമാർഗം. ലോകത്തിലെ വിവിധ രാജ്യങ്ങളുമായി ഇന്ത്യ വ്യാപാരബന്ധം പുലർത്തിപ്പോന്നു. പട്ടും കുരുമുളകുമുൾപ്പെടെ വിവിധ ഉൽപ്പന്നങ്ങൾ ഇന്ത്യ കയറ്റുമതി ചെയ്തിരുന്നു. ഇന്ത്യൻ പരുത്തിത്തുണിത്തരങ്ങളും കരകൗശല വസ്തുക്കളും ലോകത്ത് ഏറെ പ്രസിദ്ധമായിരുന്നു. ജനതയുടെ സാമൂഹിക സാംസ്കാരിക ജീവിതം ഐകരൂപ്യത്തിലപ്പുറം ഓരോ പ്രദേശത്തെയും വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലായിരുന്നു. മതസഹിഷ്ണുതയും ഹിന്ദു- മുസ്ലിം സൗഹാർദവും നിലനിന്നിരുന്നു. ഇരുസമുദായങ്ങളും രണ്ടു കൂട്ടരുടെയും ആഘോഷങ്ങളിൽ പരസ്പരം പങ്കുചേർന്നിരുന്നു. മുസ്ലീങ്ങൾ ഇന്ത്യൻ സംസ്കാരവുമായി വളരെയേറെ താദാത്മ്യപ്പെട്ടിരുന്നു. മിക്ക ഹിന്ദുക്കളും ഇസ്ലാംമതവിശുദ്ധന്മാരെയും മിക്ക മുസ്ലീങ്ങളും ഹൈന്ദവദേവന്മാരെയും സിദ്ധന്മാരെയും പരസ്പരം ബഹുമാനിച്ചിരുന്നു.

### സാമൂഹ്യസാഹചര്യം

ഇരുപതാം നൂറ്റാണ്ടോടെ സ്ത്രീകൾക്ക് അനുകൂലമല്ലാത്ത ഒരു സാമൂഹിക സാഹചര്യം സംജാതമായി. ശൈശവവിവാഹം വ്യാപകമാവുകയും ശൈശവത്തിൽ ത്തന്നെ വിധവകളാകാൻ വിധിക്കപ്പെട്ടവർ വർധിക്കുകയും ചെയ്തു. വിധവാവിവാഹവും മിശ്ര വിവാഹവും അനുവദിച്ചിരുന്നില്ല. ബഹുഭാര്യാത്വം നിലനിന്നിരുന്നു. സ്ത്രീകൾക്ക് സമ്പത്തിൽ അവകാശമില്ലായിരുന്നു. താണജാതിയിൽപ്പെട്ടവർ ഉയർന്നജാതിയിൽപ്പെട്ടവരോടു കൂടെയിരുന്ന് ഭക്ഷണം കഴിക്കുന്നത് സമൂഹം വിലക്കിയിരുന്നു. ഇസ്ലാം മതത്തിലെ സ്ത്രീകളും പർദാസമ്പ്രദായം, ബഹുഭാര്യാത്വം, വിദ്യാഭ്യാസത്തിന്റെയും സ്വത്തവകാശത്തിന്റെയും അഭാവം എന്നിവമൂലം ദുരിതമനുഭവിച്ചിരുന്നു.

## സാമൂഹികമതപരിഷ്കർത്താക്കൾ

ക്രൈസ്തവ മിഷനറിമാർ സ്ഥാപിച്ച സ്കൂളുകൾ വഴി വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. അച്ചടിയുടെ ഉപയോഗവും പരിചിതമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം സമൂഹത്തിൽ ഗണ്യമായ മാറ്റം വരുത്തി. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർക്കിടയിൽ ഇംഗ്ലീഷ്ഭാഷ സാമാന്യമായിത്തീർന്നു. സ്വാതന്ത്ര്യം, ജനാധിപത്യം എന്നീ ആശയങ്ങൾ സമൂഹത്തിനു പരിചിതമായി. പാശ്ചാത്യസംസ്കാരത്തിനു വിധേയപ്പെട്ട ഒരു മധ്യവർഗം രൂപംകൊണ്ടു. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടിലെ സാമൂഹികമതപരിഷ്കരണ ശ്രമങ്ങൾക്ക് ഈ സാഹചര്യം വഴിതെളിച്ചു.

### റാം മോഹൻ റോയ് (1774– 1833)



ഇന്ത്യയുടെ ആധുനികയുഗത്തിന്റെ മുന്നോടിയായി റാം മോഹൻ റോയ് അറിയപ്പെടുന്നു. ഹിന്ദുസമൂഹത്തിൽ പ്രചാരത്തിലിരുന്ന പല സാമൂഹികാചാരങ്ങൾക്കും മതസമ്മതി അവകാശപ്പെട്ടിരുന്നു. മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ അനാചാരങ്ങൾക്കെതിരെ അദ്ദേഹം പ്രതിഷേധം ഉയർത്തി. സാമൂഹികസമത്വത്തിന്റെയും യുക്തിചിന്തയുടെയും സന്ദേശമുയർത്തി ബ്രഹ്മസമാജം സ്ഥാപിച്ചു. ഏകദൈവാരാധനയിൽ വിശ്വസിച്ചിരുന്ന ബ്രഹ്മസമാജ അനുയായികൾ വിഗ്രഹാരാധനയെയും ആചാരാനുഷ്ഠാനങ്ങളെയും എതിർത്തു. ആത്മാറാം പാണ്ഡുറാംഗ് 1867-ൽ പ്രാർഥനാസമാജം സ്ഥാപിച്ചു. മിശ്രഭോജനം, മിശ്രവിവാഹം, വിധവാപുനർ വിവാഹം, അധഃസ്ഥിതവർഗക്കാരുടെ ഉന്നമനം എന്നിവയ്ക്കായി അവർ പരിശ്രമിച്ചു.

## സ്വാമി വിവേകാനന്ദൻ (1863-1902)



യൂറോപ്പിനും അമേരിക്കയ്ക്കും ഹൈന്ദവ ധർമത്തിന്റെ സാരാംശങ്ങൾ പ്രഭാഷണങ്ങളിലൂടെ പകർന്നു നൽകിയ മഹാനുഭാവനാണ് സ്വാമി വിവേകാനന്ദൻ. സാമൂഹികസേവനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ വിവേകാനന്ദൻ ഗുരുവായ ശ്രീരാമകൃഷ്ണന്റെ പേരിൽ 'ശ്രീരാമകൃഷ്ണ മിഷൻ' സ്ഥാപിച്ചു. വേദാന്തചിന്ത പ്രഘോഷിച്ച വിവേകാനന്ദൻ സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത, മതവിശ്വാസങ്ങളുടെ അഖണ്ഡത എന്നിവയ്ക്ക് പ്രാമുഖ്യം നൽകി.

തിയോസഫിക്കൽ സൊസൈറ്റി നേതാവായ ആനി ബസന്റ്(1847-1933) പുരാതന ഇന്ത്യൻ മതങ്ങൾ, ദർശനം, വിശ്വാസങ്ങൾ എന്നിവയെപ്പറ്റി പഠനങ്ങൾ നടത്തി. സാർവലൗകീക സാഹോദര്യം ലക്ഷ്യമാക്കിയ സൊസൈറ്റി ആധ്യാത്മികവിദ്യാഭ്യാസസേവന മേഖലകളിൽ സംഭാവനകൾ നൽകി.

## മുസ്ലിം പരിഷ്കരണപ്രസ്ഥാനം


പ്രമുഖനായ ഒരു സാമൂഹിക പരിഷ്കർത്താവായിരുന്നു സയ്യദ് അഹമ്മദ്ഖാൻ. ആധുനിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ പുരോഗതി സാധ്യമാവു എന്നു വിശ്വസിച്ച അദ്ദേഹം മതവിദ്വേഷത്തെയും യുക്തിരഹിതചിന്തയെയും എതിർത്തു. പർദാസമ്പ്രദായം, ബഹുഭാര്യാത്വം, അനായാസവിവാഹമോചനം എന്നിങ്ങനെ ഇസ്ലാം മതവിശ്വാസികളുടെയിടയിൽ ഉണ്ടായിരുന്ന അനാചാരങ്ങളെ അദ്ദേഹം വിമർശിച്ചു. അലിഗാർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം ശാസ്ത്രപഠനങ്ങൾക്കായി മുഹമ്മദൻ ആംഗ്ലോ- ഓറിയന്റൽ കോളജ് സ്ഥാപിച്ചു. ഉർദു ഭാഷയുടെ വളർച്ചയ്ക്കും അലിഗാർ പ്രസ്ഥാനം സംഭാവന നൽകി.

## ജ്യോതിറാവു ഫൂലേ (1827-1890)




പൂനെയിലെ ഒരു അധഃസ്ഥിതവിഭാഗത്തിൽ ജനിച്ച ജ്യോതിറാവു ഫൂലേ, തൊട്ടുകൂടാത്തവരെന്നു കരുതുന്ന, സാമൂഹ്യ പിന്നോക്കാവസ്ഥ നേരിട്ട ജനവിഭാഗങ്ങളുടെ സാമൂഹ്യ നീതിക്കായി പോരാടാൻ 1873 ൽ സത്യശോധക് സമാജ് സ്ഥാപിച്ചു. അധഃസ്ഥിത ജനവിഭാഗങ്ങളുടെയും സ്ത്രീകളുടെയും ഉന്നമനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളുവെന്ന് അദ്ദേഹം വിശ്വസിച്ചു. ഇതിനായി ഒരു സ്കൂളും അദ്ദേഹം സ്ഥാപിച്ചു.

## ശ്രീനാരായണ ഗുരു (1854– 1928)



കേരളത്തിൽ ജീവിച്ചിരുന്ന ഒരു സാമൂഹിക-മത പരിഷ്കർത്താവായിരുന്നു ശ്രീനാരായണഗുരു. സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും പ്രാവീണ്യം നേടിയിരുന്ന സന്യാസശ്രേഷ്ഠനായ നാരായണഗുരു ജനങ്ങളുടെ സാമൂഹിക ആധ്യാത്മിക ഉന്നമനത്തിനായി യത്നിച്ചു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്ത നാരായണഗുരു ജാതിവ്യവസ്ഥയെ വെല്ലുവിളിച്ചിരുന്നു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നത് നാരായണ ഗുരുവിന്റെ മുഖ്യ ഉപദേശമായിരുന്നു.

## രബീന്ദ്രനാഥ ടാഗോർ (1861 – 1941 )



വിശ്വമാനവികതയുടെ സന്ദേശം ഉദ്ഘോഷിക്കുന്ന *'ഗീതാഞ്ജലി'* എന്ന കവിതാസമാഹാരത്തിലൂടെ നോബൽ സമ്മാനം നേടിയ ആദ്യ ഇന്ത്യാക്കാരനാണ് രബീന്ദ്രനാഥ ടാഗോർ. ഇന്ത്യയുടെ കലാ- സാംസ്കാരിക മേഖലകളിൽ കൂടുതൽ പഠനങ്ങൾക്ക് വഴിയൊരുക്കിയ വിശ്വഭാരതി സർവകലാശാല കൊൽക്കത്തയിലെ ശാന്തിനികേതനിൽ ടാഗോർ സ്ഥാപിച്ചു. സംഗീതജ്ഞനും നാടകകൃത്തുമായ ടാഗോറാണ് ദേശീയഗാനമായ ജനഗണമന രചിച്ചത്. ദാർശനികനും ഗുരുവുമെന്ന നിലയിൽ ഇന്ത്യൻസംസ്കാരത്തെ ഉദ്ദീപിപ്പിച്ച ദേശീയവാദിയായിരുന്നു ടാഗോർ.

ഇവിടെ നിലനിന്നിരുന്ന മതങ്ങളും പരിഷ്കരണങ്ങൾക്കു വിധേയമായി മുകളിൽ സൂചിപ്പിച്ചതുപോലുള്ള നിരവധി സാമൂഹിക പരിഷ്ക്കർത്താക്കൾ ആധുനിക കാലത്ത് ഇന്ത്യയുടെ സാംസ്കാരിക മേഖലകളിൽ സജീവമായിരുന്നു. തദ്വാരാ ഒരു ആധുനിക ഇന്ത്യയും ദേശീയ കാഴ്ചപ്പാടുകളും രൂപപ്പെട്ടു.



**പ്രവർത്തനം**

***ആധുനിക കാലഘട്ടത്തിലെ പ്രധാന സാമൂഹികമതപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ബുള്ളറ്റ് ചാർട്ട് തയാറാക്കുക.***

## മഹാത്മാ ഗാന്ധി -
## ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ മൂർത്തിമദ്ഭാവം

ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ മൂല്യങ്ങൾ തന്റെ ജീവിതത്തിലുടനീളം ഗാന്ധിജി ഉയർത്തിപ്പിടിച്ചു. ഗാന്ധിജിയുടെ ജീവിതവും കർമ്മപരിപാടികളും ഇന്ത്യൻ സാംസ്കാരത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമായിരുന്നു. ഇന്ത്യൻ സാംസ്കാരത്തിന്റെ മഹത്തായ സവിശേഷതകൾ അദ്ദേഹം സ്വാംശീകരിക്കുകയും അതു ജീവിതത്തിൽ പകർത്തുകയും ചെയ്തു.

അഹിംസയുടെ പ്രാധാന്യം ജീവിതത്തിന്റെ ഓരോ നിമിഷങ്ങളിലും ഗാന്ധിജി തിരിച്ചറിഞ്ഞു. സമസ്ത ജീവലോകത്തിന്റെയും ശാന്തിയും ക്ഷേമവുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ലളിതജീവിതം മുഖമുദ്രയാക്കിയ ഗാന്ധിജി ഇന്ത്യയിലെ സാധാരണ ജനങ്ങളുമായി താദാത്മ്യപ്പെട്ടാണ് ജീവിച്ചത്. നിസ്വാർഥ സേവനത്തിലൂടെ മാത്രമേ ജീവിതലക്ഷ്യമായ ആത്മസാക്ഷാത്ക്കാരം നേടാനാകൂവെന്നും, സ്വയം സഹനമാണ് സത്യസാക്ഷാത്ക്കാരത്തിനുള്ള വഴിയെന്നും, സത്യത്തെ തിരിച്ചറിയുന്നതുതന്നെയാണ് ഈശ്വരസാക്ഷാത്ക്കാരമെന്നും ഗാന്ധിജി വിശ്വസിച്ചു. തൊഴിലിന്റെ മഹത്വത്തെപ്പറ്റിയും സ്ത്രീകളുടെ ഉന്നമനത്തെപ്പറ്റിയുമുള്ള രണ്ടു കാര്യങ്ങളൊഴിച്ച്, ഗാന്ധിയൻ ദർശനത്തിന്റെ എല്ലാതത്വങ്ങളും ഇന്ത്യൻ സാംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയതാണെന്ന് സാംസ്കാരിക ചരിത്രകാരനായ എ. എൽ. ബാഷം അഭിപ്രായപ്പെടുന്നു.

ഇന്ത്യൻ സാംസ്കാരത്തിലെ അന്തർലീനമൂല്യങ്ങളായ സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒരു ജീവിതദർശനം ഗാന്ധിജി രൂപപ്പെടുത്തി. ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ വക്താവായി അദ്ദേഹം നിലകൊള്ളുന്നു. എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊണ്ടുകൊണ്ടുള്ള ശാന്തിപൂർണമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള കരുത്തും ആത്മധൈര്യവും ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ മൂർത്തിമദ്ഭാവമായ മഹാത്മാഗാന്ധി നമുക്കു നൽകുന്നു.

9

***ഗാന്ധിജി ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ മൂർത്തിമദ്ഭാവമെന്ന് പറയുന്നത് എന്തുകൊണ്ട്?***

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. വസ്ത്രധാരണം, ഭക്ഷണം, കെട്ടിടങ്ങൾ, ആചാരങ്ങൾ, തനതു കലകൾ
   ഓണം മലയാളികളുടടെ ദേശീയോത്സവമാണ്, എല്ലാവരും തുല്യരായിരുന്ന സാംസ്കാരിക കാലത്തെക്കുറിച്ചുള്ള ഓർമ്മപുതുക്കലാണ്.
2. സംസ്കാരത്തിന്റെ ഭൗതിക വശങ്ങളെയാണ് നാഗരികതയായി കണക്കാക്കുന്നത്.

3. നാനാത്വത്തിൽ ഏകത്വം, തുടർച്ചയും പരിവർത്തനവും, മതബഹുലത, സാർവത്രികത, ആധ്യാത്മികതയും ഭൗതികതയും.
4. അഴുക്കുചാലുകൾ ഉൾപ്പെടെയുള്ള ശുചിത്വസംവിധാനവും വ്യവസ്ഥാപിതമായ റോഡുകളും, ചുടുകട്ട കൊണ്ടു നിർമ്മിച്ച വീടുകളും, മൺപാത്രങ്ങളും ലോഹക്കൂട്ടുകളും അന്നുണ്ടായിരുന്നു. പ്രകൃതി ശക്തികളെ ആരാധിച്ചിരുന്നു. പ്രധാന തൊഴിൽ കൃഷിയായിരുന്നു.
5. ഇന്ത്യൻതത്വചിന്തയുടേയും മതദർശനങ്ങളുടേയും അടിസ്ഥാനം ഉപനിഷത്തുകളാണ്. എന്താണ് സത്യമെന്നറിയാനുള്ള അന്വേഷണമാണ് ഉപനിഷത്തുകളുടെ കേന്ദ്രപ്രമേയം.

   ഗീതയുടെ മുഖ്യസന്ദേശം നിഷ്കാമകർമ്മമാണ്.
6. പഞ്ചമഹാവ്രതങ്ങളും, ത്രിരത്നങ്ങളും
7. അനുഷ്ഠാന മാർഗങ്ങളായ 1. ശരിയായധാരണ, 2. ശരിയായസങ്കൽപം, 3. ശരിയായഭാഷണം, 4. ശരിയായപെരുമാറ്റം, 5. ശരിയായഉപജീവനരീതി, 6. ശരിയായ ഏകാഗ്രത എന്നിവ വിദ്യാർഥി ജീവിതത്തിൽ അനിവാര്യമാണ്.
8. സൂഫി പ്രസ്ഥാനം, ഭക്തിപ്രസ്ഥാനം, സിക്കു മതം
9. ഇന്ത്യൻ സാംസ്കാരിക പൈതൃകത്തിന്റെ മൂല്യങ്ങൾ തന്റെ ജീവിതത്തിലും ആശയങ്ങളിലും ഉയർത്തിപ്പിടിച്ചു. സത്യത്തിൽ അധിഷ്ഠിതമായി, ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ശാന്തി പൂർണമായ ഒരു സാമൂഹ്യക്രമം മുന്നോട്ടുവച്ചു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.
2. നാഗരികതയും സംസ്കാരവും തമ്മിലുള്ള വ്യത്യാസം എന്താണ്?
3. വേദകാല സംസ്കാരത്തെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.
4. ജൈനമതത്തിന്റെ പ്രധാനആശയങ്ങൾ എന്തെല്ലാമാണ്?
5. ബുദ്ധമതത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക?
6. മധ്യകാലഘട്ടത്തിലെ മതനവീകരണ പ്രസ്ഥാനങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക?
7. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ ഇന്ത്യയിലുണ്ടായ സാമൂഹ്യ-മത പരിഷ്ക്കരണ ശ്രമങ്ങളെപ്പറ്റി ഒരു ഉപന്യാസം തയാറാക്കുക.

## ഉത്തര സൂചിക

1. നാനാത്വത്തിൽ ഏകത്വം, തുടർച്ചയും പരിവർത്തനവും, മതബഹുലത, സാർവത്രികത, ആധ്യാത്മികതയും, ഭൗതികതയും.
2. ഒരു ജനതയുടെ സമ്പൂർണ ജീവിതരീതിയെ സംസ്കാരം എന്നു പറയുന്നു. സംസ്കാരത്തിന്റെ ഭൗതികവശങ്ങളെ നാഗരികതയായി കണക്കാക്കുന്നു.

3. സിന്ധു, സരസ്വതി നദീതടങ്ങളിൽ ജീവിച്ചു.
കാർഷികവൃത്തിയിലേർപ്പെട്ടു. ദേവീദേവന്മാരെ സ്തുതിച്ചുകൊണ്ട് രചിച്ച കീർത്തനങ്ങളിൽ വേദരൂപത്തിൽ സമാഹരിച്ചു.
4. പഞ്ചമഹാവ്രതങ്ങൾ, ത്രിരത്നങ്ങൾ
5. നാല് ആര്യസത്യങ്ങളും, അഷ്ടാംഗ മാർഗങ്ങളും
6. സൂഫിസം, ഭക്തിപ്രസ്ഥാനം, സിക്കുമതം എന്നിവയെക്കുറിച്ചുള്ള വിശദീകരണം
7. റാം മോഹൻ റോയ്, സ്വാമി വിവേകാനന്ദൻ, മുസ്ലിം പരിഷ്ക്കരണ പ്രസ്ഥാനം, ജ്യോതിറാവു ഫൂലേ, ശ്രീനാരായണഗുരു, രബീന്ദ്രനാഥ ടാഗോർ.

## സംഗ്രഹം

ഒരു ജനതയുടെ സമ്പൂർണ ജീവിത രീതി, ഒരു വ്യക്തിക്ക് അവനടങ്ങിയിരിക്കുന്ന സമൂഹത്തിൽ നിന്നും ലഭിക്കുന്ന സാമൂഹിക പൈതൃകം, കല, സംഗീതം, വീടു നിർമ്മാണം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ് സംസ്കാരം. സംസ്ക്കാരത്തിന്റെ ഭൗതിക വശങ്ങളാണ് നാഗരികത. സംസ്ക്കാരത്തിന് തുല്യമായ ഇന്ത്യൻ പദമാണ് 'സംസ്കൃതി'. നാനാത്വത്തിൽ ഏകത്വം, തുടർച്ചയും പരിവർത്തനവും, മത ബഹുലത, സാർവത്രികത, ആധ്യാത്മികതയും ഭൗതികതയും എന്നിവ ഇന്ത്യൻ സംസ്ക്കാരത്തിന്റെ വിവിധ സവിശേഷതകളാണ്. ഇന്ത്യൻ സംസ്ക്കാരത്തെ പ്രാചീന കാലഘട്ടം, മധ്യകാലഘട്ടം, ആധുനിക കാലഘട്ടം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ഇന്ത്യൻ സംസ്ക്കാരത്തിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു ജീവിത ദർശനം മുന്നോട്ടു വച്ച ഗാന്ധിജിയെ ഇന്ത്യൻ സാംസ്ക്കാരിക പൈതകൃത്തിന്റെ മൂർത്തിമദ്ഭാവമായി കണക്കാക്കാം.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • നാഗരികത, സംസ്കാരം എന്നീ ആശയങ്ങളെ വിവേചിച്ചറിയാൻ | | | |
| • ഇന്ത്യൻ സംസ്ക്കാരത്തിന്റെ സവിശേഷതകൾ തിരിച്ചറിയാൻ | | | |
| • ഇന്ത്യൻ സംസ്ക്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ വിലയിരുത്താൻ | | | |
| • ഗാന്ധിജി ഇന്ത്യൻ സംസ്ക്കാരത്തിന്റെ മൂർത്തീഭാവമാണെന്ന് തിരിച്ചറിഞ്ഞ് രചനകൾ നടത്താൻ | | | |

# 2

# മഹാത്മാവിന്റെ ജനനം

## ആമുഖം

മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽ നിന്നും ലോകം ബഹുമാനിക്കുന്ന മഹാത്മാഗാന്ധിയിലേക്കുള്ള പരിവർത്തനമാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്.

ഭാരതീയസാംസ്കാരിക പൈതൃകവും സംസ്കാരത്തിന്റെ സവിശേഷതകളും കഴിഞ്ഞ അധ്യായത്തിൽ വിശകലനം ചെയ്തുവല്ലോ. ഗാന്ധിജിയുടെ സമഗ്രവ്യക്തിത്വ വികാസത്തിലും മഹാത്മാവായി രൂപപ്പെട്ടതിലും ഭാരതീയസംസ്ക്കാരത്തിന്റെ സ്വാധീനങ്ങൾ പ്രകടമാണ്. മഹാത്മാഗാന്ധിയുടെ വാക്കിലും ചിന്തയിലും പ്രവർത്തനങ്ങളിലും ഈ സ്വാധീനങ്ങൾ വ്യക്തമാണ്.

### പഠനനേട്ടങ്ങൾ

- ഗാന്ധിജിയുടെ ജീവിതത്തിൽ കുടുംബത്തിനുണ്ടായിരുന്ന സ്വാധീനം വ്യക്തമാകുന്നു.
- ഗാന്ധിജിയുടെ ജീവിതത്തിൽ സത്യത്തിനും അഹിംസയ്ക്കുമുള്ള പ്രാധാന്യം വിശകലനം ചെയ്യുന്നു.
- ഗാന്ധിജിയുടെ ജീവിതത്തിൽ ലണ്ടൻ ജീവിതത്തിനുള്ള പ്രാധാന്യം തിരിച്ചറിയുന്നു.
- 'ലണ്ടൻ വെജിറ്റേറിയൻസൊസൈറ്റി' ഗാന്ധിജിയുടെ ജീവിതത്തിലുളവാക്കിയ സ്വാധീനം വിശദമാക്കുന്നു.
- മഹാത്മാവിലേക്കുള്ള പ്രയാണത്തിൽ ഗാന്ധിജിയെ സ്വാധീനിച്ച വ്യത്യസ്ത ഘടകങ്ങളെ വിശകലനം ചെയ്യുന്നു.
- ഗാന്ധിജിയിൽ മതത്തിന്റെ സ്വാധീനവും പരിണിത ഫലവും.
- റായ് ചന്ദ് ഭായ്, ഗോപാലകൃഷ്ണ ഗോഖലെ എന്നിവർ ഗാന്ധിയില ചെലുത്തിയ സ്വാധീനം വിശദീകരിക്കുന്നു.

## ഗാന്ധിജിയുടെ കുടുംബപശ്ചാത്തലം

ഒരു വ്യക്തിയുടെ വ്യക്തിത്വവികസനത്തിൽ കുടുംബം, ബന്ധുക്കൾ, സുഹൃത്തുക്കൾ, മതം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയവ നിർണായകമായ സ്വാധീനം ചെലുത്തുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഗാന്ധിജിയുടെ കാര്യത്തിൽ ഇത് വളരെ സവിശേഷമെന്ന് പറയാം.



കരംചന്ദ് ഗാന്ധിയുടെയും പുത്‌ലീഭായിയുടേയും മകനായി 1869 ഒക്ടോബർ 2 നാണ് ഗുജറാത്തിലെ പോർബന്തറിൽ അദ്ദേഹം ജനിച്ചത്. വൈശ്യവർണത്തിൽ ബനിയ സമുദായമാണ് ഗാന്ധിയുടേത്. പാരമ്പര്യമായി കച്ചവടക്കാരായിരുന്നു ഇവർ. എന്നാൽ ഗാന്ധിജിയുടെ മുത്തച്ഛന്റെ കാലഘട്ടം മുതൽ ഇവർ ഭരണരംഗത്ത് പ്രവർത്തിക്കുകയും ദിവാന്മാരായി ഭരിക്കുകയും ചെയ്തു. ഗാന്ധിജിയുടെ മുത്തച്ഛനായ ഉത്തംചന്ദ് ഗാന്ധി പോർബന്തറിന്റെ ദിവാനായിരുന്നു. വലിയ രാജ്യസ്നേഹിയും സത്യസന്ധനുമായിരുന്നു അദ്ദേഹം. ഇദ്ദേഹത്തിന്റെ കാലശേഷം ഗാന്ധിജിയുടെ അച്ഛനായ കരംചന്ദ് ഗാന്ധി പോർബന്തറിന്റെ ദിവാനായി 28 വർഷം സേവനം



അനുഷ്ഠിച്ചു. തികഞ്ഞ ദേശസ്നേഹിയും സത്യസന്ധനും ലളിതജീവിതശൈലിയുമുള്ള വ്യക്തിയുമായിരുന്നു കരംചന്ദ് ഗാന്ധി. വലിയ വിദ്യാഭ്യാസം ഇല്ലായിരുന്നുവെങ്കിലും, പ്രായോഗികബുദ്ധിയും സത്യസന്ധതയും കൊണ്ട് തന്റെ കർമ്മമേഖലയിൽ വിജയിക്കാൻ ഇദ്ദേഹത്തിന് കഴിഞ്ഞു.

വിവിധ മതപുരോഹിതന്മാർ ദിവാനായ കരംചന്ദിനെ കാണാൻ വീട്ടിൽ എത്തിയിരുന്നു. ഇവരുമായി ഗൗരവമായ ചർച്ചകൾ അദ്ദേഹം നടത്തിയിരുന്നു. ഇത്തരം ചർച്ചകൾ തികഞ്ഞ ശ്രദ്ധയോടെ ഗാന്ധിജി ശ്രവിക്കുകയും, വളരെ ചെറുപ്പത്തിൽത്തന്നെ വിവിധ മതങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും, മതസഹിഷ്ണുതയുടെ മൂല്യം തിരിച്ചറിയുകയും ചെയ്തു. എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടിന്റെ സ്വാധീനശക്തിയായി നമുക്കിതിനെ കാണാം.

ഒരിക്കൽ സഹോദരന്റെ കടം വീട്ടുന്നതിനായി സ്വർണം മോഷ്ടിച്ച ഗാന്ധിജി കുറ്റബോധത്തിൽ ദുഃഖിക്കുകയും തെറ്റ് അച്ഛന്റെ മുമ്പിൽ ഏറ്റുപറയുകയും ചെയ്തു. ചെയ്ത തെറ്റ് കടലാസിൽ എഴുതി ഇനി ആവർത്തിക്കില്ലായെന്ന് ഉറപ്പു പറയുകയും, ശിക്ഷ ഏറ്റുവാങ്ങാൻ തയാറാണെ് സമ്മതിക്കുകയും ചെയ്തു. എഴുത്ത് വായിച്ച കരംചന്ദിന്റെ കണ്ണിൽ നിന്നും കണ്ണുനീർ പൊഴിഞ്ഞു, ആ കണ്ണുനീർ തന്റെ പാപം കഴുകി കളഞ്ഞതായി ഗാന്ധിജിയ്ക്ക് ബോധ്യപ്പെട്ടു. ഒരു തെറ്റ് ചെയ്താൽ അത് ഏറ്റുപറയുകയും, ആവർത്തിക്കുകയില്ലായെന്ന് ഉറപ്പുകൊടുക്കുകയും വേണമെന്ന് ഗാന്ധിജി മനസ്സിലാക്കി.

അഹിംസയിലുള്ള ഗാന്ധിജിയുടെ അചഞ്ചലമായ വിശ്വാസം മുകളിൽ പ്രസ്താവിച്ച സംഭവത്തിൽ നിന്നാണെന്ന് പിന്നീട് അദ്ദേഹം പറയുന്നുണ്ട്. അഹിംസയുടെ അടിസ്ഥാനം സ്നേഹമാണെന്നും, അതിന്റെ ശക്തി അപാരമാണെന്നും ഇതിലൂടെ അദ്ദേഹം തിരിച്ചറിഞ്ഞു.

തികഞ്ഞ മതവിശ്വാസിയായിരുന്നു ഗാന്ധിജിയുടെ അമ്മ പുത്‌ലീഭായി.

!

***കുടുംബ പശ്ചാത്തലം വ്യക്തിത്വ രൂപീകരണത്തിൽ മോഹൻദാസിനെ എങ്ങനെ സ്വാധീനിച്ചു എന്ന് വിശകലനം ചെയ്യുക.***

## ബാല്യകാലം (Childhood)



മോഹൻദാസ് ബാല്യകാലം ചെലവഴിച്ചത് പോർബന്തറിലാണ്. അദ്ദേഹത്തിന് ഏഴ് വയസ്സായപ്പോൾ കരംചന്ദ് ഗാന്ധി രാജസ്ഥാനിക് സഭയിലെ അംഗമായി മാറിയതിനാൽ പോർബന്തറിൽനിന്നും താമസം മാറി.

സ്കൂളിൽ ഒരു ശരാശരി വിദ്യാർഥിയായിരുന്ന മോഹൻദാസിന് ചില സ്വാഭാവസവിശേഷതകൾ ഉണ്ടായിരുന്നു. സത്യസന്ധതയും, കൃത്യനിഷ്ഠയും ആയിരുന്നു അതിൽ പ്രധാനം. ബാല്യകാലത്ത് ലജ്ജാശീലനും, ഭയചകിതനും ആയിരുന്നതുകൊണ്ട് സഹപാഠികളുമായി അടുത്തുപെരുമാറിയിരുന്നില്ല.

പാഠപുസ്തകങ്ങളൊഴികെ മറ്റൊന്നും മോഹൻദാസ് ആ കാലങ്ങളിൽ വായിച്ചിരുന്നില്ല. അച്ഛൻ വാങ്ങിവച്ചിരുന്ന 'ശ്രാവണപിതൃഭക്തിനാടകം' എന്ന പുസ്തകം മോഹൻദാസ് വായിക്കാൻ ഇടയായി. മാതാപിതാക്കളോടുള്ള ശ്രാവണകുമാരന്റെ ഭക്തിയും സ്നേഹവും പ്രതിപാദിക്കുന്ന ഈ നാടകം അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി. പിന്നീടൊരിക്കൽ ഈ നാടകം കാണുവാൻ ഇടയായി. ശ്രാവണനെപ്പോലെ മാതാപിതാക്കളെ ആദരിക്കുവാനും ബഹുമാനിക്കുവാനും ദൈവതുല്യം സ്നേഹിക്കുവാനും, അനുസരിക്കുവാനും മനസ്സിൽ ഉറച്ച തീരുമാനമെടുക്കുവാൻ മോഹൻദാസിനെ ഈ നാടകം സഹായിച്ചു.

ഹരിശ്ചന്ദ്രരാജാവിന്റെ സത്യസന്ധത വിവരിക്കുന്ന 'ഹരിശ്ചന്ദ്ര' എന്ന നാടകം ബാല്യകാലത്ത് അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിരുന്നു. എല്ലാവർക്കും ഹരിശ്ചന്ദ്രനെപ്പോലെ സത്യസന്ധരായിക്കൂടേ എന്ന ചോദ്യം മോഹൻദാസ് സ്വയം ചോദിക്കുമായിരുന്നു. സത്യത്തിലുറച്ചുനിന്ന ഹരിശ്ചന്ദ്രൻ അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ മോഹൻദാസിൽ വലിയ സ്വാധീനം ചെലുത്തി. തന്റെ ജീവിതത്തിലെ മുഖ്യമായ വെളിച്ചം ഹരിശ്ചന്ദ്രൻ മുറുകെപ്പിടിച്ചിരുന്ന സത്യം തന്നെയായിരിക്കണമെന്ന് അന്നേ ഗാന്ധിജി തീരുമാനിച്ചു.

ബാല്യകാലത്ത് മോഹൻദാസിന് ഭൂതപ്രേതങ്ങളെ ഭയമായിരുന്നു. അതിൽനിന്ന് രക്ഷനേടുന്നതിന് തന്റെ വീട്ടിലെ പ്രായംചെന്ന പരിചാരികയായ രംഭയുടെ നിർദേശപ്രകാരം രാമനാമം ഉരുവിടാൻ തുടങ്ങി. ഗാന്ധിജിയുടെ ജീവിതാവസാനംവരെ അദ്ദേഹത്തെ സ്വാധീനിച്ച മന്ത്രമായിരുന്നു രാമനാമം. ജീവിതത്തിൽ എപ്പോഴെല്ലാം പ്രതിസന്ധി ഉണ്ടാകുന്നുവോ, അപ്പോഴെല്ലാം ഗാന്ധിജി രാമനാമം ഉരുവിടുമായിരുന്നു.

2

*ശ്രവണപിതൃഭക്തി നാടകവും ഹരിശ്ചന്ദ്രനാടകവും മോഹൻദാസിനെ എപ്രകാരം സ്വാധീനിച്ചു എന്ന് വ്യക്തമാക്കുക.*

## മതസഹിഷ്ണുത (Religious Tolerance)

ബാല്യകാലത്തുതന്നെ ഗാന്ധിജി വിവിധ മതഗ്രന്ഥങ്ങൾ വായിക്കുകയും, മതസ്ഥാപനങ്ങളിൽ സന്ദർശിക്കുകയും ചെയ്തിരുന്നു. മാതാപിതാക്കളുടെ സ്വാധീനം ആണ് ഇതിനു കാരണം. ജൈനമതപണ്ഡിതന്മാർ മോഹൻദാസിന്റെ കുടുംബത്തിലെ നിത്യ സന്ദർശകരായിരുന്നു. വിവിധ മതങ്ങളെ സംബന്ധിച്ചുള്ള ചർച്ചകളിൽ അദ്ദേഹം പങ്കെടുക്കുമായിരുന്നു. ഇസ്ലാംമതത്തിലെയും, പാഴ്സിമതത്തിലെയും പണ്ഡിതന്മാരുമായി അടുത്തബന്ധം ഈ കുടുംബത്തിനുണ്ടായിരുന്നു. മതസംബന്ധമായി നടക്കുന്ന ചർച്ചകൾ മോഹൻദാസ് വളരെ ശ്രദ്ധയോടെ ശ്രവിക്കുമായിരുന്നു. ഇത് വിവിധ മതങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും, അവയോട് ആദരവ് ഉണ്ടാകുന്നതിനും സഹായിച്ചു.

## സത്യസന്ധത തെളിയിക്കുന്ന സംഭവങ്ങൾ (Inclination towards Truth)

ഗാന്ധിജിയുടെ സ്കൂൾ ജീവിതം പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. സവിശേഷ സ്വാഭാവങ്ങൾ പുലർത്തിയിരുന്ന ഒരു വിദ്യാർഥിയായിരുന്നു അദ്ദേഹം. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സത്യസന്ധതയോടുള്ള അചഞ്ചലമായ വിശ്വാസമായിരുന്നു. വിദ്യാഭ്യാസകാലത്തെ മോഹൻദാസിന്റെ സത്യസന്ധത തെളിയിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ട്. അതിലേറ്റവും പ്രധാനം സ്കൂളിൽ ഇൻസ്പെക്ടറുടെ പരിശോധനാവേളയിൽ നടന്നതാണ്. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കുന്നതിനും, അദ്ധ്യാപകന്റെ കഴിവ് വിലയിരുത്തുന്നതിനുമായി വിദ്യാഭ്യാസ ഇൻസ്പെക്ടർ ചിലവാക്കുകൾ എഴുതുവാൻ കുട്ടികളോട് ആവശ്യപ്പെട്ടു. അതിൽ ഒരു വാക്ക് "കെറ്റിൽ" (Kettle) എന്നായിരുന്നു. സത്യസന്ധനായ മോഹൻദാസ് ആ വാക്ക് തെറ്റായി എഴുതിയിരിക്കുന്നതു കണ്ട അധ്യാപകൻ ആംഗ്യഭാഷയിൽ അടുത്തിരിക്കുന്ന കുട്ടിയുടെ നോക്കിയെഴുതുവാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു. എന്നാൽ മോഹൻദാസ് അത് ചെയ്തില്ല. ഇതിനു കാരണം അദ്ദേഹത്തിന്റെ സ്വാഭാവത്തിലെ സവിശേഷതയായ സത്യസന്ധതയാണ്. അതിന്റെ ഫലമായി മോഹൻദാസ് മാത്രം ശരിയുത്തരം എഴുതിയില്ല. ഇൻസ്പെക്ടറുടെ മുൻപിൽ പരിഹാസ്യനായെങ്കിലും സത്യത്തെ മുറുകെപ്പിടിച്ച ഗാന്ധിജി ജീവിതത്തിൽ വിജയിച്ചു.

3

***സ്കൂൾ വിദ്യാഭ്യാസകാലത്ത് മോഹൻദാസ് സത്യസന്ധനായിരുന്നു. ഇത് തെളിയിക്കുന്ന ഒരു സന്ദർഭം വിശദീകരിക്കുക.***

## വിദ്യാഭ്യാസകാലത്തെക്കുറിച്ച് ഗാന്ധിജി ഇങ്ങനെ അനുസ്മരിക്കുന്നു.

ഞാനന്ന് ഒരു സാധാരണ വിദ്യാർഥിയായിരിക്കണം, ആ കുറഞ്ഞ കാലത്തിനിടയ്ക്ക് ഞാൻ മാസ്റ്റർമാരോടോ സഹപാഠികളോടോ എതെങ്കിലും കളവു പറഞ്ഞതായി ഓർക്കുന്നില്ല. ആരുമായും ഒരു അടുപ്പവുമില്ല, പുസ്തകങ്ങളും പാഠങ്ങളും മാത്രമാണ് എന്റെ കൂട്ടുകാർ. കൃത്യസമയത്ത് സ്കൂളിലെത്തുക, സ്കൂൾ വിട്ടാൽ നേരെ വീട്ടിലെത്തുക, കാരണം ആരെങ്കിലുമായി സംസാരിക്കേണ്ടിവന്നാലോ എന്ന ഭയം തന്നെ.

ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് മോഹൻദാസിന് ചുരുക്കം ചില സുഹൃത്തുക്കളേ ഉണ്ടായിരുന്നുള്ളൂ. അതിൽ ഒരു സൗഹൃദം ഗാന്ധിജിയുടെ ജീവിതത്തിലെ ഒരു ദുരന്തമായി മാറി. മാംസാഹാരം നിഷിദ്ധമായിരുന്ന മോഹൻദാസിനോട് സുഹൃത്തായ ഷെയ്ക്ക് മെഹ്താബ് പറഞ്ഞു. നമ്മൾ ദുർബലരായതുകൊണ്ടാണ് ബ്രിട്ടീഷുകാർക്ക് ഇന്ത്യയെ ഭരിക്കുവാൻ സാധിക്കുന്നത്. ഇന്ത്യക്കാരുടെ ശക്തികുറവിനെയാണ് ബ്രിട്ടീഷുകാർ ചൂഷണം ചെയ്യുന്നത്. ഇന്ത്യക്കാരുടെ ശക്തിക്കുറവിനു കാരണം നമ്മുടെ സസ്യാഹാര രീതിയാണ്. സസ്യാഹാരത്തിനു പകരമായി മാംസാഹാരം കഴിച്ചാൽ ഇന്ത്യക്കാർക്ക് ശക്തരാകുവാനും അതുവഴി ബ്രിട്ടീഷ് ഭരണത്തിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കാനും സാധിക്കും. രാജ്യസ്നേഹിയായ മോഹൻദാസ് അത് വിശ്വാസിച്ച് മാംസാഹാരം കഴിക്കുവാൻ തുടങ്ങി.

മോഹൻദാസ് പിന്നീട് തന്റെ തെറ്റ് മനസ്സിലാക്കി മാംസാഹാരം കഴിക്കുന്ന ശീലം ഉപേക്ഷിച്ചു. ഈ സംഭവം ഗാന്ധിജി സത്യസന്ധനും, രാജ്യസ്നേഹിയും മതവിശ്വാസിയുമാണെന്ന് തെളിയിക്കുന്നതാണ്.

4

***മോഹൻദാസ് സ്കൂൾ വിദ്യാഭ്യാസ കാലത്ത് തികഞ്ഞ രാജ്യസ്നേഹിയായിരുന്നു എന്ന് തെളിയിക്കുന്ന ഒരു സംഭവം വിശദമാക്കുക.***

ബാല്യത്തിൽ ഒരു സാധാരണ കുട്ടി ആയിരുന്ന മോഹൻദാസ് മറ്റ് കുട്ടികളെപ്പോലെ ചിലവികൃതികൾ കാട്ടിയിട്ടുണ്ട്. അക്കാലത്ത് മോഹൻദാസിനുണ്ടായ കടം വീട്ടുന്നതിനുവേണ്ടി സഹോദരന്റെ ഒരു വള മോഷ്ടിക്കേണ്ടിവന്നു. ചില കൂട്ടുകാരുടെ പ്രേരണയാൽ പുകവലിക്കുന്ന ശീലവും അദ്ദേഹത്തിൽ ഉടലെടുത്തു.

### വിദ്യാഭ്യാസരംഗം

ഗാന്ധിജിക്ക് തന്റെ വിദ്യാഭ്യാസ ജീവിതത്തെപ്പറ്റി വലിയ മതിപ്പൊന്നുമില്ല. താൻ ഒരു സാധാരണ വിദ്യാർഥിയാണെന്നും, പരീക്ഷകളിൽ അധ്യാപകർ വിട്ടുവീഴ്ച കാണിക്കുവാൻ തയാറായിരുന്നുവെങ്കിലും ഒരിക്കലും താൻ അതിനു വഴങ്ങിയിരുന്നില്ലെന്ന്

ഗാന്ധിജി പറയുന്നുണ്ട്. ഗണിതശാസ്ത്രത്തിൽ എന്നും തനിക്ക് വിഷമം നേരിട്ടുവെന്ന് പറയാൻ അദ്ദേഹത്തിന് തെല്ലും മടിയുണ്ടായിരുന്നില്ല. സംസ്കൃതഭാഷയുടെ വ്യാകരണവും അങ്ങനെതന്നെയായിരുന്നു. എന്നാൽ കൃഷ്ണശങ്കർ പാണ്ഡ്യരുടെ ഉപദേശത്തെത്തുടർന്ന് സംസ്കൃതം തുടർന്ന് പഠിക്കാൻ തീരുമാനിച്ചു. ഭാരതത്തിന്റെ ആദ്ധ്യാത്മിക സമ്പത്തിലേക്ക് കടന്നുചെല്ലാൻ ഈ സംസ്കൃത പഠനം ഗാന്ധിജിയെ കുറച്ചൊന്നുമല്ല സഹായിച്ചത്.

കായികവിദ്യാഭ്യാസത്തോട് (Physical Education) കുട്ടിക്കാലത്ത് മോഹൻദാസിന് താൽപ്പര്യമുണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിൽ കായികവിദ്യാഭ്യാസത്തിന് ഒട്ടും പ്രാധാന്യമില്ലെന്ന തെറ്റായ ഒരു ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ പിന്നീട് ആ തെറ്റ് മനസ്സിലാക്കുകയും ചെയ്തു.

കൈയക്ഷരം (Handwriting) മോശമായിരുന്ന മോഹൻദാസ് അത് മെച്ചപ്പെടുത്തുന്നതിന് ചെറുപ്പത്തിൽ യാതൊരു ശ്രമവും നടത്തിയിരുന്നില്ല. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിൽ കൈയക്ഷരത്തിന് ഒട്ടും പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീട് തെറ്റ് മനസ്സിലാക്കുകയും ചെറുപ്പത്തിൽ തന്നെ നല്ല കൈയക്ഷരത്തിൽ എഴുതേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുകയും ചെയ്തു. മോശമായ കൈയക്ഷരം തെറ്റായ വിദ്യാഭ്യാസത്തിന്റെ ലക്ഷണമായി കരുതി.

5

***വിദ്യാഭ്യാസ പ്രക്രിയയിൽ കായികവിദ്യാഭ്യാസത്തിനും കൈയക്ഷരത്തിനും വളരെ പ്രാധാന്യമുണ്ടെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.***

### ശൈശവ വിവാഹം

അക്കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ഒരു ദുരാചാരത്തിന് മോഹൻദാസും ഇരയായി. പതിമൂന്നാമത്തെ വയസ്സിൽ ഹൈസ്ക്കൂളിൽ പഠിക്കുന്ന സമയത്ത് അദ്ദേഹത്തിന് വിവാഹം കഴിക്കേണ്ടിവന്നു. മാതാപിതാക്കൾ തെരഞ്ഞെടുത്ത, മോഹൻദാസിന്റെ അതേ പ്രായത്തിലുള്ള കസ്തൂർബായെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. വിവാഹത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ ഓർമ്മകൾ ഇപ്രകാരമാണ്. ധരിക്കുവാൻ നല്ല വസ്ത്രങ്ങൾ, വാദ്യമേളം, വിവാഹഘോഷയാത്ര, വിഭവസമൃദ്ധമായ വിരുന്നുസത്ക്കാരം, കൂടാതെ കൂട്ടിനായി ഒരു പെൺകുട്ടി എന്നിവയാണ്. പക്വതയില്ലാത്ത മന



സ്സുകളുടെ ഒരുമിച്ചുള്ള ജീവിതം പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. എന്നാൽ പിന്നീട് അവർ പരസ്പരം സ്നേഹിക്കുകയും സന്തോഷകരമായ ജീവിതം നയിക്കുകയും ചെയ്തു. ശൈശവവിവാഹത്തിന് ഇരയാകേണ്ടിവന്ന മോഹൻദാസ് പിന്നീട് ഈ ദുരാചാരത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു. ശൈശവവിവാഹത്തെ വിമർശിക്കുവാനും ബാല്യവിവാഹത്തിന് മാതാപിതാക്കൾ കാണിക്കുന്ന ധൂർത്തിനെതിരെ പ്രതികരിക്കുവാനും ഗാന്ധിജി തയാറായി.

## ഇംഗ്ലണ്ടിലെ ജീവിതം

## (Life in England - 1888 -1891)

കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാതെ നിരാശനായി മടങ്ങേണ്ടി വന്ന മോഹൻദാസ് തന്റെ കുടുംബസുഹൃത്തും ഉപദേഷ്ടാവുമായ മാവുജി ദേവ് ജോഷിജിയുടെ ഉപദേശപ്രകാരം നിയമം പഠിക്കുവാൻ ഇംഗ്ലണ്ടിലേയ്ക്ക് പോകുവാൻ തീരുമാനിച്ചു. ഈ തീരുമാനത്തിൽ സഹോദരനും അമ്മയും ദുഃഖിതരായിരുന്നു. പഠനാവശ്യത്തിനും യാത്രയ്ക്കുമുള്ള പണത്തെ സംബന്ധിച്ചായിരുന്നു സഹോദരന്റെ ആശങ്ക. എന്നാൽ അമ്മയുടെ ദുഃഖം ചില വിശ്വാസങ്ങളിൽ അധിഷ്ഠിതമായിരുന്നു. പാശ്ചാത്യരാജ്യത്ത് പോകുന്ന ആളുകൾ ധാർമ്മികമായി പിറകോട്ടു പോകുമെന്നും, അവിടെ ചെന്നാൽ മാംസം, മദ്യം, സ്ത്രീ ഇവ കൂടാതെ ജീവിക്കുവാൻ സാധിക്കുകയില്ലെന്നും ഒരു വിശ്വാസം അന്നുണ്ടായിരുന്നു. അമ്മയുടെ സമാധാനത്തിനുവേണ്ടി മുകളിൽ പറഞ്ഞവ ഒരിക്കലും തൊടുകയില്ലെന്ന് സത്യം ചെയ്ത മോഹൻദാസ് അമ്മയുടെ അനുഗ്രഹം വാങ്ങി.



മോഹൻദാസിന്റെ വിദേശയാത്ര അറിഞ്ഞ സമുദായനേതാക്കൾ ശക്തമായി എതിർത്തു. ഇംഗ്ലണ്ടിൽ പോകുന്നത് മതവിരുദ്ധമല്ലെന്നും, കൂടുതൽ പഠിക്കുവാൻവേണ്ടി ആണെന്നും അവിടെ പരിശുദ്ധമായ ജീവിതം നയിക്കുമെന്ന് അമ്മയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ടെന്നും ഗാന്ധിജി സമുദായനേതാക്കളെ അറിയിച്ചു. എങ്കിലും അവരെ അനുനയിപ്പിക്കാനായില്ല. എങ്കിലും ബോംബെയിൽ നിന്നും മോഹൻദാസ് 1888 സെപ്റ്റംബർ 4-ന് ഇംഗ്ലണ്ടിലേക്ക് കപ്പലിൽ യാത്ര തിരിച്ചു.

ഇംഗ്ലണ്ടിലെ ജീവിതം മോഹൻദാസിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. പാശ്ചാത്യജീവിതശൈലിയും ആചാരങ്ങളും സ്വന്തം ജീവിതത്തിലേക്ക് പകർത്താൻ തുടക്കത്തിൽ ഗാന്ധിജി ശ്രമിച്ചു. എന്നാൽ അനുകരണത്തിലൂടെയല്ല ഒരാൾ സംസ്കാരസമ്പന്നനാവുന്നതെന്ന് പിന്നീട് അദ്ദേഹം മനസ്സിലാക്കി. തുടക്കത്തിൽ ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവന്നെങ്കിലും, ഭാവിജീവിതത്തിന് ഗുണകരമാകാവുന്ന ധാരാളം അനുഭവങ്ങളും അവസരങ്ങളും ഇംഗ്ലണ്ടിൽ ഗാന്ധിജിയ്ക്ക് ലഭിച്ചു.

ഒക്ടോബർ 28-ന് മോഹൻദാസ് ലണ്ടനിലെത്തി. നവംബർ 6-ന് ഇന്നർ ടെമ്പിളിൽ പ്രവേശനം നേടി. നവംബർ 9-ന് അദ്ദേഹം സഹോദരന് ഇങ്ങനെയെഴുതി. കടുത്ത തണുപ്പുണ്ടായിരിന്നിട്ടും എന്റെ മനസ്സിനെ ആനന്ദംകൊണ്ടും കൃതജ്ഞത കൊണ്ടും നിറയ്ക്കുന്നതിന് എനിക്കിവിടെ ലഹരിയോ, മാംസമോ, ഒന്നും ആവശ്യമായി വരുന്നില്ല.

## സസ്യാഹാര സംഘടന (Vegetarian Society )

ഇംഗ്ലണ്ടിൽ സസ്യാഹാരജീവിതരീതിക്ക് പ്രാധാന്യം ഏറിവരുന്ന ഒരു കാലഘട്ടമായിരുന്നു. ഇതിന് പ്രചാരണം നൽകുന്നതിനുവേണ്ടി "സസ്യാഹാരസംഘടന" (Vegetarian Society) രൂപീകൃതമായി. ഹെൻട്രി സാൾട്ട് എഴുതിയ സസ്യാഹാരരീതിയുടെ പ്രാധാന്യം വിവരിക്കുന്ന പ്ലീ ഫോർ വെജിറ്റേറിയനിസം (Henry Salt-Plea for Vegetarianism) എന്ന പുസ്തകം ഗാന്ധിജി വായിച്ചു.

## സസ്യാഹാര സംഘടനയിൽ

1890 ജനുവരിയിൽ വെന്റ്റിൽ ചേർന്ന വെജിറ്റേറിയൻ കോൺഗ്രസ്സിൽ മോഹൻദാസ് പങ്കെടുത്തു. ആ വർഷം തന്നെ സെപ്റ്റംബറിൽ ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റിയുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വെജിറ്റേറിയൻ സൊസൈറ്റിയുടെ യോഗങ്ങളിൽ കൃത്യമായി അദ്ദേഹം പങ്കെടുത്തു.

1891 ഫെബ്രുവരി 20-ന് ജീവിതത്തിലാദ്യമായി, വെജിറ്റേറിയൻ സൊസൈറ്റിയുടെ യോഗത്തിൽ പ്രസംഗിച്ചു. തുടർന്ന് സസ്യാഹാര സമ്പ്രദായത്തെക്കുറിച്ച് പത്തോളം ലേഖനങ്ങൾ 'വെജിറ്റേറിയൻ' എന്ന ആനുകാലികത്തിൽ പ്രസിദ്ധീകരിച്ചു.

സസ്യാഹാരസംഘടനയ്ക്ക് 'ദി വെജിറ്റേറിയൻ' (The Vegetarian ) എന്ന ഒരു പ്രസിദ്ധീകരണം ഉണ്ടായിരുന്നു. ഗാന്ധിജി ഇതിൽ പതിവായി ലേഖനങ്ങൾ എഴുതി. തുടർന്ന് ഇതിന്റെ ഓഫീസ് ഭാരവാഹിയായി ഗാന്ധിജി സേവനമനുഷ്ഠിച്ചു. അതുവഴി എങ്ങനെയാണ് ഒരു സംഘടനയുടെ പ്രവർത്തനമെന്ന് അദ്ദേഹത്തിന് പഠിക്കുവാൻ കഴിഞ്ഞു. സ്വന്തം ഇഷ്ട പ്രകാരം സസ്യാഹാരം ശീലിച്ചു.

6

*ഇംഗ്ലണ്ടിലെ ജീവിതം മോഹൻദാസിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.*

### ലളിതജീവിതത്തിലേക്ക്

ഏറ്റവുംചെറിയ നാണയങ്ങൾ ചെലവഴിക്കുന്നതുൾപ്പെടെ എല്ലാ ചെലവുകളും എഴുതിവയ്ക്കാൻ തുടങ്ങി. ജീവിതച്ചെലവ് കുറയ്ക്കാൻ തീരുമാനിച്ചു. യാത്രാച്ചെലവ് ലാഭിക്കുന്നതിനായി ഓരോ ദിവസവും എട്ടുപത്തുമൈൽ നടന്നു. ലളിതജീവിതത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ചു. ഭക്ഷണം തനിയെ പാകപ്പെടുത്താൻ തുടങ്ങി.

അമ്മ പഠിപ്പിച്ച സസ്യജീവിതം, ലളിതജീവിതം, മതബോധം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചുനിന്നു ജീവിക്കാൻ ഗാന്ധിജിയ്ക്ക് കഴിഞ്ഞു.

## മതപരമായ സ്വാധീനങ്ങൾ (Religious Influences)

### 1. ഭഗവദ്ഗീതയുടെ സ്വാധീനം (Influence of Bhagavath Gita )

ഇംഗ്ലണ്ടിലെത്തി രണ്ടുവർഷം കഴിഞ്ഞപ്പോൾ ബ്രഹ്മവിദ്യാസംഘക്കാരായ രണ്ട് സഹോദരന്മാർ ഹിന്ദുമതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുരാണഗ്രന്ഥമായ ഭഗവദ്ഗീതയെപ്പറ്റി ഗാന്ധിജിയോട് വിവരിച്ചു. സർ എഡ്വിൻ ആർനോൾഡ് എഴുതിയ ഗീതയുടെ പരിഭാഷയായ ദി സോംഗ് സെലസ്റ്റിയൽ (Sir Edwin Arnold - The Song Celestial) അവർ മോഹൻദാസിന് നൽകി. ജീവിതത്തിൽ ആദ്യമായാണ് ഗാന്ധിജി ഭഗവദ്ഗീത വായിക്കുന്നത്. ഈ മഹദ്ഗ്രന്ഥം അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. ഫലം പ്രതീക്ഷിക്കാതെ കർമ്മംചെയ്യുക എന്നതാണ് ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഗീതയുടെ സന്ദേശം. പിന്നീട് ഭഗവത്ഗീത ഗാന്ധിജിയുടെ ജീവിതത്തിലെ ആധ്യാത്മിക നിഘണ്ടുവായി (Spiritual Dictionary) മാറി.

#### ഹിന്ദുമതം (Hinduism)

ഒരു യാഥാസ്ഥിതിക ഹിന്ദുകുടുംബത്തിൽ ജനിച്ചുവളർന്ന ഗാന്ധിജിക്ക് കുടുംബപശ്ചാത്തലവും നാട്ടിലെ സാഹചര്യങ്ങളും ഒരു യഥാർഥ മതവിശ്വാസിയാകുന്നതിന് സഹായകമായി. അദ്ദേഹം ഒരു സനാതനഹിന്ദു ആണെന്ന് അവകാശപ്പെട്ടിരുന്നു. അതിന് അദ്ദേഹം നിരത്തുന്ന കാരണങ്ങൾ താഴെ ചേർക്കുന്നു.

1. വേദങ്ങൾ, ഉപനിഷത്തുകൾ, പുരാണങ്ങൾ എന്നിവയിലുള്ള വിശ്വാസം.
2. അവതാരത്തിലും പുനർജന്മത്തിലും ഉള്ള വിശ്വാസങ്ങൾ.
3. തികച്ചും വൈദികാർഥത്തിലുള്ള വർണാശ്രമധർമ്മത്തിൽ വിശ്വസിക്കുന്നു. എന്നാൽ വർണാശ്രമധർമ്മത്തെപ്പറ്റി പരക്കെയുള്ള പ്രാകൃതമായ അർഥത്തെ തള്ളിക്കളയുന്നു.
4. വിഗ്രഹാരാധനയിൽ അവിശ്വാസം ഇല്ല.
5. ഇപ്പോൾ അംഗീകരിക്കുന്നതിനേക്കാൾ വ്യാപകമായ അർഥത്തിൽ ഗോസംരക്ഷണത്തിൽ വിശ്വസിക്കുന്നു.

പുരാണങ്ങളിൽ മഹാഭാരതവും രാമായണവും ഏറെ ഇഷ്ടപ്പെട്ടിരുന്ന ഗാന്ധിജിക്ക് മഹാഭാരതത്തിലെ ഭഗവദ്ഗീത മഹത്തരമായ ഒന്നായിരുന്നു. 1889 കാലയളവിൽ ലണ്ടനിൽവച്ചാണ് ഗാന്ധിജി ആദ്യമായി ഭഗവത്ഗീത വായിച്ചത്.

#### ക്രിസ്തുമതം (Christianity)

ഗാന്ധിജി ബൈബിൾ പരിചയപ്പെടുന്നത് ഇംഗ്ലണ്ടിൽ വച്ചാണ്. പഴയനിയമത്തേക്കാൾ ഗാന്ധിജി ഇഷ്ടപ്പെട്ടിരുന്നത് പുതിയനിയമമാണ്. പുതിയ നിയമം ഗാന്ധി

ജിക്ക് നവ്യമായ ഒരു അനുഭൂതിയാണ് സമ്മാനിച്ചത്. പ്രത്യേകിച്ച് ഗിരിപ്രഭാഷണം (The Sermon on the Mount). ഗാന്ധിജി അതിനെ ഭഗവത്ഗീതയുമായി താരതമ്യപ്പെടുത്തി. 'ഞാൻ നിങ്ങളോടു പറയുന്നത് ദുഷ്ടനോടു ചെറുത്തു നിൽക്കരുത്. നിന്റെ വലതു കരണത്തടിക്കുന്നവനു മറുകരണം കൂടി കാണിച്ചുകൊടുക്കുക. നിന്നോടു വ്യവഹരിച്ച് നിന്റെ അങ്കിനേടാൻ ശ്രമിക്കുന്നവന് നിന്റെ മേലങ്കി കൂടി നൽകുക'. ഈ വരികൾ അളവില്ലാത്തവിധം തന്നെ ആഹ്ലാദിപ്പിച്ചിരുന്നു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ഗിരിപ്രഭാഷണവും ഭഗവദ്ഗീതയും തമ്മിൽ യാതൊരു വ്യത്യാസവും ഗാന്ധിജി കണ്ടിരുന്നില്ല. ഗിരിപ്രഭാഷണം ദൃഷ്ടാന്തങ്ങൾ കലർത്തി സ്പഷ്ടമായി ചിത്രീകരിക്കുമ്പോൾ ഭഗവദ്ഗീത ശാസ്ത്രപ്രമാണ ഗ്രന്ഥമായി നിലകൊള്ളുന്നുവെന്ന് ഗാന്ധിജി മനസ്സിലാക്കി. പഴയനിയമം വിരസതയാണ് സമ്മാനിച്ചതെങ്കിൽ പുതിയനിയമം സാന്ത്വനവും സീമാതീതമായ ആനന്ദവുമാണ് ഗാന്ധിജിക്ക് നൽകിയത്. ഭഗവദ്ഗീത നഷ്ടപ്പെടുകയും അതിലെ ഉള്ളടക്കം മുഴുവൻ വിസ്മരിക്കുകയും ചെയ്താൽപ്പോലും ഗിരിപ്രഭാഷണത്തിന്റെ ഒരു പകർപ്പുണ്ടെങ്കിൽ ഗീതയിൽനിന്ന് അനുഭവിച്ചറിഞ്ഞ അനുഭൂതി ഉണ്ടാകുമെന്ന് ഗാന്ധിജി ഉറച്ചു വിശ്വസിച്ചിരുന്നു. സത്യാന്വേഷണമാണ് നമ്മുടെ പ്രഥമധർമ്മമെന്നും സത്യം കണ്ടെത്തുകയും അതു പ്രകാശിപ്പിക്കുകയും ചെയ്തതുകൊണ്ടാണ് യേശുദേവൻ വാഴ്ത്തപ്പെടുന്നതെന്നും ഗാന്ധിജി വ്യക്തമാക്കി.

### ഇസ്ലാംമതം (Islam)

ദക്ഷിണാഫ്രിക്കയിൽ വച്ച് ദാദാ അബ്ദുള്ള കമ്പനിയുടെ അബ്ദുള്ള സേഠ് ആണ് ഗാന്ധിജിക്ക് ഇസ്ലാമിനെപ്പറ്റിയും ഖുറാനെപ്പറ്റിയും സൂചനനൽകിയത്.

മുഹമ്മദ് പ്രവാചകന്റെ ജീവിതത്തെ ഗാന്ധിജി ആദരിച്ചു. ഉപഭോഗജീവിതത്തെയും മദ്യപാനത്തെയും പ്രവാചകൻ വിമർശിച്ചു. അദ്ദേഹം തന്റെ കുടുംബത്തിലാണ് തന്റെ മതതത്വങ്ങൾ ആദ്യമായി പരീക്ഷിച്ചത്. ക്രിസ്തുമതത്തിലും ജൂതവിശ്വാസത്തിലും കടന്നുകൂടിയ കലർപ്പുകൾക്ക് നേരെയുള്ള ഉയിർത്തെഴുന്നേൽപ്പായിരുന്നു ഇസ്ലാം മതം. മുഹമ്മദിന് ദൈവത്തിൽ അന്ധമായവിശ്വാസമുണ്ടായിരുന്നു. ഇസ്ലാം മതവിശ്വാസമനുസരിച്ച് ആത്മീയപരിശുദ്ധി നേടാനുള്ള പ്രധാനമാർഗമാണ് ഉപവാസം.

### ബുദ്ധമതം (Budhism)

ഇംഗ്ലണ്ടിലെ ജീവിതത്തിനിടയിലാണ് മഹാത്മാഗാന്ധി എഡ്വിൻ ആർനോൾഡിന്റെ ദി ലൈറ്റ് ഓഫ് ഏഷ്യ (Edwin Arnold - The Light of Asia)എന്ന പുസ്തകം വായിച്ചത്. ഗൗതമബുദ്ധന്റെ ജീവിതവും സന്ദേശവുമാണ് ഇതിൽ വിവരിക്കുന്നത്. ഏഷ്യയുടെ വിളക്കായി ബുദ്ധനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ശ്രീബുദ്ധന്റെ ജീവിതവും ദർശനങ്ങളും അന്നുമുതൽക്കേ ഗാന്ധിജിയിൽ നിർണായകമായ സ്വാധീനം ചെലുത്തിയിരുന്നു. ശ്രീബുദ്ധൻ തന്റെ പ്രത്യക്ഷമായ ത്യാഗംകൊണ്ടും മഹത്തായ സന്യാസം

കൊണ്ടും സ്വജീവിതത്തിന്റെ വിശുദ്ധികൊണ്ടും ഹിന്ദുമതത്തിൽ മറക്കാനാവാത്ത മുദ്ര പതിപ്പിച്ചിട്ടുണ്ട്.

### ബുദ്ധമതത്തിലെ പ്രധാനതത്വമായ അഷ്ടാംഗമാർഗങ്ങൾ (Eight Fold Path) താഴെ ചേർക്കുന്നു.

1. ശരിയായഅറിവ്
2. ശരിയായലക്ഷ്യം
3. ശരിയായകർമ്മം
4. ശരിയായഭാഷണം
5. ശരിയായജീവിതരീതി
6. ശരിയായപരിശ്രമം
7. ശരിയായസങ്കല്പം
8. ശരിയായഏകാഗ്രത

ബുദ്ധമതത്തിലെ അഷ്ടാംഗമാർഗം ഗാന്ധിജിയെ സ്വാധീനിച്ചു.

### ജൈനമതം (Jainism )

കുട്ടിക്കാലം മുതൽക്കേ ജൈനമതവുമായി ഗാന്ധിജിക്ക് അടുപ്പമുണ്ടായിരുന്നു. ജൈനമതപുരോഹിതന്മാർ ഗാന്ധിജിയുടെ വീട്ടിലെ നിത്യസന്ദർശകരായിരുന്നു. ജൈനമതത്തിന്റെ ദർശനങ്ങളും മൂല്യങ്ങളും അതുകൊണ്ടുതന്നെ വളരെ ചെറുപ്പത്തിൽ മനസ്സിലാക്കുന്നതിന് ഗാന്ധിജിക്ക് സഹായകമായി. ജീവന്റെ പ്രകൃതിയിലെ വിശുദ്ധിയും അഹിംസാവ്രതവും ജൈനമതത്തിന്റെ അടിസ്ഥാനശിലകളാണ്. അഹിംസയിലുള്ള ഗാന്ധിജിയുടെ അചഞ്ചലമായവിശ്വാസം ഈ മതസ്വാധീനത്തിന്റെ തെളിവാണ്.

### ജൈനമതത്തിന്റെ അഞ്ച് നന്മകൾ (Five Virtues of Jainism) or അഞ്ച് വ്രതങ്ങൾ (Panchavrithas)

1. അഹിംസ (Non-Violence)
2. സത്യം (Truth)
3. ആസ്തേയ (Non-Stealing)
4. ബ്രഹ്മചര്യ (Celibacy)
5. അപരിഗ്രഹ (Non-Attachment)

ജൈനമതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളാണ് ഈ അഞ്ചുനന്മകൾ. ഇവയെ തന്റെ ജീവിതത്തിന്റെ തത്വസംഹിതകളാക്കി മാറ്റുകയും സ്വന്തം ജീവിതത്തിൽ അവയെ പ്രാവർത്തികമാക്കുകയും ചെയ്ത മഹാത്മാവായിരുന്നു ഗാന്ധിജി. ജൈനമതത്തിലെ പ്രധാനതത്വമായ മൂന്നു രത്നങ്ങൾ (Three Ratnas) ഗാന്ധിജിയെ സ്വാധീനിച്ച തത്വമാണ്. ജൈനമതത്തിലെ പ്രധാന തത്വമായ അനേകാന്ത

വാദം യാഥാർഥ്യത്തിന് അഥവാ സത്യത്തിന് വിവിധവശങ്ങളുണ്ടെന്ന് നമ്മെ പഠിപ്പിക്കുന്നു.

### മൂന്നു രത്നങ്ങൾ (Three Ratnas of Jainism )

1. ശരിയായവിശ്വാസം
2. ശരിയായഅറിവ്
3. ശരിയായപ്രവൃത്തി.

### തിയോസെഫിക്കൽ സൊസൈറ്റിയിൽ

ഇതിനിടയിൽ ലണ്ടൻ തിയോസെഫിക്കൽ സൊസൈറ്റിയിലെ ഒരംഗമായി ഗാന്ധിജി ചേർന്നു. മാഡം ബ്ലാവട്സ്കിയും മിസ്സിസ്സ് ആനിബസന്റുമായി പരിചയപ്പെട്ടു. ബ്ലാവട്സ്കിയുടെ 'ക്രറ്റഡോക്ട്രിൻ' എന്ന കൃതിയും അദ്ദേഹം വായിച്ചു.



*മാഡം ബ്ലാവട്സ്കി*



*ആനിബസന്റ്*

## ഇംഗ്ലണ്ടിലെ ജീവിതത്തിലൂടെ ഗാന്ധിജി നേടിയെടുത്ത ഗുണങ്ങൾ (Impact of London Life )

1. കൃത്യനിഷ്ഠ (Punctuality)
2. ഡയറിക്കുറിപ്പെഴുതുന്ന ശീലം (Diary Writing)
3. പത്രപ്രവർത്തനത്തിന്റെ തുടക്കം (Begining of Journalistic Activity)
4. മതപരമായസ്വാധീനം (Religious Influences)
5. മതസഹിഷ്ണുത (Religious Tolerance)
6. ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം (Command over English Language )
7. പാശ്ചാത്യസംസ്കാരത്തിലുള്ള അിറവ് (Awareness about English Life Style ) നിയമബിരുദം നേടിയ ഗാന്ധിജി 1891 ജൂൺമാസത്തിൽ ഇന്ത്യയിലേക്ക് കപ്പൽകയറി.
8. സ്വന്തം താൽപര്യപ്രകാരം സസ്യാഹാരി ആയി മാറി
9. ചിന്തകരായ മാഡം ബ്ലാവ്ട്സ്കി, ആനിബസന്റ് എന്നിവരെ പരിചയപ്പെട്ടു.

7

***ഇംഗ്ലണ്ടിലെ വിദ്യാഭ്യാസ കാലത്ത് വിവിധ മതങ്ങൾ മോഹൻദാസിനെ എപ്രകാരം സ്വാധീനിച്ചു എന്ന് വിശദമാക്കുക.***

മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽ നിന്നും മഹാത്മാ ഗാന്ധിയിലേക്കുള്ള പരിവർത്തനം നിരവധി സ്വാധീനങ്ങളിലൂടെയാണ്. ഭാരതീയസംസ്കാരികപൈതൃകം, കുടുംബപശ്ചാത്തലം, ഭാരതത്തിലെയും ലണ്ടനിലെയും വിദ്യാഭ്യാസം എന്നിവയെല്ലാം ഇതിൽ പ്രധാനപ്പെട്ടവയാണ്.

## ഗാന്ധിജി ഇന്ത്യയിൽ (Gandhiji as a Barrister in India)

1891 ജൂൺ 12-ന് എസ്. എസ്. ഓഷ്യാന എന്ന കപ്പലിൽ ഗാന്ധിജി ഇന്ത്യയിലേക്ക് തിരിച്ചു.

### കോടതിയിൽ

1891 നവംബറിൽ ബോംബെ ഹൈക്കോടതിയിൽ എൻറോൾ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു. 1892 മെയ്മാസത്തിൽ ബാരിസ്റ്ററായി പ്രവർത്തിക്കാനുള്ള അനുവാദം കിട്ടുകയും ബോംബെ ഹൈക്കോടതിയിൽ പ്രാക്ടീസ് തുടങ്ങുകയും ചെയ്തു. മണിഭായി എന്ന സ്ത്രീയുടെ ഒരു ചെറിയ കേസാണ് മോഹൻദാസ് ആദ്യം ഏറ്റെടുത്തത്. എന്നാൽ ഭയംമൂലം കേസ് നടത്തിക്കൊണ്ട് പോകാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ആറുമാസം കഴിഞ്ഞപ്പോൾ ഗാന്ധിജി ബോംബെയിൽനിന്നും രാജ്കോട്ടിലെത്തി. അവിടെ ചില പരാതികളും, പ്രമേയങ്ങളും, അപേക്ഷകളുമെല്ലാം തയാറാക്കി കൊടുക്കുന്ന ജോലി ചെയ്തു.

8

***ബാരിസ്റ്റർ പഠനം പൂർത്തീകരിച്ച് ഇന്ത്യയിലെത്തിയ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.***

## ഇന്ത്യൻ നേതാക്കന്മാരും ചിന്തകരും

### ശ്രീമദ് രാജചന്ദ്ര (റായ്ചന്ദ് ഭായി - Raychand Bai)

ബോംബെയിലെ ബിസിനസ്സുകാരനും അറിയപ്പെടുന്ന കവിയുമായിരുന്നു റായ്ചന്ദ് ഭായി എന്ന അറിയപ്പെട്ടിരുന്ന രാജചന്ദ്ര. ഗാന്ധിജി ആരെയും തന്റെ ആത്മീയ ഗുരുവായി കരുതിയിട്ടില്ല. എന്നാൽ റായ്ചന്ദ് ഭായിക്ക് ആത്മീയഗുരുവിന്റെ സ്ഥാന

മാണ് ഗാന്ധിജി നൽകിയത്. "റായ്ചന്ദ് ഭായി (രാജചന്ദ്ര) എന്നിലുണ്ടാക്കിയ ചലനം മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്ന് ഞാൻ തുറന്നു പറയുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ എന്നിലേക്കിറങ്ങിച്ചെന്നു. എന്റെ ആത്മീയ പ്രതിസന്ധികളിൽ അദ്ദേഹമായിരുന്നു എന്റെ അഭയം". രാജചന്ദ്രയായിരുന്നു ആത്മീയാന്വേഷണങ്ങളിൽ ഗാന്ധിജിയുടെ വഴികാട്ടി. ടോൾസ്റ്റോയിയെക്കാളും, റസ്കിനെക്കാളും ഗാന്ധിജി രാജചന്ദ്രയുടെ സ്വാധീനം വലുതായി കണ്ടു. ഒരേസമയം തന്നെ പല കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള വ്യക്തിയായിരുന്നു റായ്ചന്ദ് ഭായി. തന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ സാർഥകമാകണമെങ്കിൽ ബ്രഹ്മചര്യവ്രതം അത്യാവശ്യമാണെന്ന് രാജചന്ദ്രയുമായുള്ള അടുപ്പംവഴി ഗാന്ധിജിയ്ക്ക് ബോധ്യപ്പെട്ടു.

## ഗോപാലകൃഷ്ണ ഗോഖലെ (Gopalakrishna Gokhale )

ഗാന്ധിജി ഗോഖലയെ തന്റെ രാഷ്ട്രീയ ജീവിതത്തിലെ മാതൃകയാക്കി. ഗാന്ധിജിയുടെ രാഷ്ട്രീയഗുരു (Political Guru) ആയിരുന്നു ഗോഖലെ. ഗാന്ധിജിയുടെ അഭിപ്രായത്തിൽ രാഷ്ട്രത്തിന്റെ സാമൂഹ്യരാഷ്ട്രീയമേഖലകളെ ആത്മീയവത്കരിച്ച മഹാനായിരുന്നു ഗോഖലെ. സത്യമായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവത്തനങ്ങളുടെയും സ്രോതസ്സ്. നിർഭയത അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ ജീവിതനിയമം. ആഴവും സൂക്ഷ്മതയുമായിരുന്നു അദ്ദേഹത്തിന്റെ ഓരോ വാക്കിന്റെയും സവിശേഷത.



പഴയ സഹപാഠിയെ കണ്ടുമുട്ടുന്നതുപോലെയായിരുന്നു അത്. അല്ലെങ്കിൽ കുറെക്കൂടി സ്പഷ്ടമായി പറഞ്ഞാൽ വേർപാടിനുശേഷം അമ്മയെ കണ്ടുമുട്ടുന്നതുപോലെ.

ഗാന്ധിജി ഗോഖലെയെ അങ്ങനെയാണ് കണ്ടത്. എന്റെ അമ്മ എന്നെപ്പറ്റി ഗോഖലെയേക്കാൾ ഉത്കുണ്ഠാകുലയായിരുന്നിട്ടില്ല. ഒരു രാഷ്ട്രീയസേവകൻ ഞാനെന്താകാൻ ആഗ്രഹിച്ചോ അതായിരുന്നു അദ്ദേഹമെന്ന് എനിക്ക് തോന്നി. സ്ഫടികനിർമ്മലം, ആട്ടിൻകുട്ടിയുടെ വിനയം, സിംഹത്തിന്റെ ധൈര്യം... രാഷ്ട്രീയ മണ്ഡലത്തിൽ എനിക്ക് അദ്ദേഹമായിരുന്നു, അദ്ദേഹമാണ്, ഏറ്റവും പൂർണനായ മനുഷ്യൻ.

ഗാന്ധിജിയെപ്പറ്റി ഗോഖലെയ്ക്കും വലിയ ആദരവായിരുന്നു. സാധാരണ മനുഷ്യരെ നായകന്മാരും രക്തസാക്ഷികളുമാക്കി മാറ്റാനുള്ള ആത്മീയോർജം ഗാന്ധിജിയിലുണ്ട് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.

9

***റായ്ചന്ദ് ഭായി, ഗോപാലകൃഷ്ണ ഗോഖലെ എന്നിവർ ഗാന്ധിജിയിൽ ഉളവാക്കിയ സ്വാധീനം വിശദമാക്കുക.***

### പൊളിറ്റിക്കൽ ഏജന്റ് ഇ.ബി.കെ. ഒലിവന്റുമായുള്ള വഴക്ക്

മോഹൻദാസിന്റെ സഹോദരൻ ലക്ഷമീദാസ്, ചില ആരോപണങ്ങളിൽപ്പെട്ട് ഉദ്യോഗത്തിൽ നിന്നും പുറത്താക്കപ്പെട്ടു. സഹോദരനുവേണ്ടി സംസാരിക്കുവാൻ അന്നത്തെ പൊളിറ്റിക്കൽ ഏജന്റ് ഇ.ബി.കെ.ഒലിവന്റിനെ ( പിന്നീട് സർ ചാൾസ് ) മോഹൻദാസ് കാണണമെന്ന് സഹോദരൻ നിർബന്ധിച്ചു. ലണ്ടനിൽ വച്ച് ഗാന്ധിജിക്ക് ഇദ്ദേഹത്തെ പരിചയമുണ്ടായിരുന്നതിനാലാണ് ഇങ്ങനെ ആവശ്യപ്പെട്ടത്. ഗാന്ധിജി അദ്ദേഹത്തെ കാണാൻ ചെന്നു. എന്നാൽ, ദേഷ്യത്തോടെ ഗാന്ധിജിയെ മുറിയിൽനിന്നും പുറത്താക്കി. മുൻപരിചയം കൊണ്ട് തന്നെ അന്യായമായി സ്വാധീനിക്കാൻ ശ്രമിച്ചു എന്നതാണ് പൊളിറ്റിക്കൽ ഏജന്റ് പ്രകോപിതനാകാൻ കാരണം. സ്വന്തം സഹോദരന്റെ മുന്നിൽവച്ചുണ്ടായ ഈ അപമാനം ഗാന്ധിജിക്ക് സഹിക്കാൻ കഴിഞ്ഞില്ല. അയാൾക്കെതിരെ അപമാനകേസ് കൊടുത്തു. എന്നാൽ മുതിർന്ന അഭിഭാഷകനായിരുന്ന മാർ ഫിറോസ്ഷാമേത്തയുടെ ഉപദേശം അനുസരിച്ച് കേസ് പിൻവലിക്കാൻ ഗാന്ധിജി തീരുമാനിച്ചു. ഒരാളുമായുള്ള പരിചയം ദുരുപയോഗം ചെയ്യാൻ ഒരിക്കലും ശ്രമിക്കില്ല എന്ന ദൃഢനിശ്ചയം അന്നുമുതൽ ഗാന്ധിജി എടുത്തു.

ഇന്ത്യയിൽനിന്നും എങ്ങനെയും രക്ഷപ്പെടണമെന്നാഗ്രഹിച്ചിരുന്നപ്പോൾ പോർബന്തറിലെ മേമന്മാരുടെ കച്ചവടസ്ഥാപനമായ ദാദ അബ്ദുള്ള ആന്റ് കമ്പനി (Dada Abdulla & Co.) അവരുടെ വക്കീലന്മാരെ സഹായിക്കുന്നതിനുവേണ്ടി സൗത്ത് ആഫ്രിക്കയിൽ പോകുവാൻ ഗാന്ധിജിക്ക് അവസരം നൽകി. ഒരു വർഷത്തെ കരാർ വ്യവസ്ഥയിൽ 1893-ൽ 24-മത്തെ വയസ്സിൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിലേക്ക് യാത്ര തിരിച്ചു.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. മാതാപിതാക്കളുടെ സവിശേഷ ഗുണങ്ങളായ ദേശസ്നേഹം, സത്യസന്ധത, ലളിത ജീവിതം, പ്രായോഗിക ബുദ്ധി, അഹിംസയിലുള്ള അചഞ്ചലമായ വിശ്വാസം, മതാനുഷ്ഠാനങ്ങൾ, മതസഹിഷ്ണുത.
2. ശ്രാവണന്റെ പിതൃഭക്തിയും, ഹരിശ്ചന്ദ്രന്റെ സത്യസന്ധതയും.
3. കെറ്റിൽ സംഭവം,
4. മാംസാഹാരം ഭക്ഷിച്ച സംഭവം.
5. കായിക വിദ്യാഭ്യാസത്തിന്റെയും, നല്ല കയ്യക്ഷരത്തിന്റെയും പ്രാധാന്യം.
6. അമ്മയ്ക്കു നൽകിയ പ്രതിജ്ഞ പാലിച്ചു. സ്വയം സസ്യാഹാരിയായി, സസ്യാഹാരികളുടെ സംഘടനയിലെ സജീവപ്രവർത്തകനായി, 'പ്ലീ ഫോർ വെജിറ്റേറിയനിസം' എന്ന പുസ്തകം വായിച്ചു.
7. ഹിന്ദുമതം – ഭഗവത്ഗീത, മഹാഭാരതം, രാമായണം.

ക്രിസ്തുമതം - ഗിരി പ്രഭാഷണം

ഇസ്ലാംമതം - പ്രവാചകന്റെ ജീവിതം

ബുദ്ധമതം - ദി ലൈറ്റ് ഓഫ് ഏഷ്യ

- അഷ്ടാംഗ മാർഗങ്ങൾ

ജൈനമതം - പഞ്ചമഹാവ്രതങ്ങൾ, ത്രിരത്നങ്ങൾ

8. ബോംബെ ഹൈക്കോടതിയിൽ എൻറോൾ ചെയ്തു. ഭയം മൂലം കേസ് നടത്താൻ കഴിഞ്ഞില്ല. ഗുമസ്തന്റെ ജോലി ഏറ്റെടുത്തു.
9. റായ്ചന്ദ് ഭായി - ആത്മീയ ഗുരു ഗോപാലകൃഷ്ണ ഗോഖലെ - രാഷ്ട്രീയ ഗുരു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗാന്ധിജിയുടെ മോഹൻ ദാസിൽ നിന്നും മഹാത്മാവിലേക്കുള്ള പ്രയാണത്തിൽ ഇന്ത്യൻ സാംസ്ക്കാരിക പൈതൃകത്തിന്റെ സ്വാധീനം വിലയിരുത്തുക.
2. ഒരു വ്യക്തിയുടെ കുടുംബപശ്ചാത്തലം, സുഹൃത്തുക്കൾ, വിദ്യാഭ്യാസം എന്നിവ ആ വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ വലിയപങ്കു വഹിക്കുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇത് എത്രത്തോളം പ്രസക്തമാണെന്ന് വിലയിരുത്തുക.
3. ഇംഗ്ലണ്ടിലെ ജീവിതകാലഘട്ടം വിവിധ മതങ്ങളെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിന് ഗാന്ധിജിയെ സഹായിച്ചു. വിശദമാക്കുക.
4. സത്യസന്ധത ജീവിതത്തിൽ ഒഴിവാക്കാൻ കഴിയാത്ത ഒന്നാണെന്ന് ഗാന്ധിജിയ്ക്ക് ബോദ്ധ്യമായിരുന്നു. ഇത് വ്യക്തമാക്കുന്ന രണ്ട് സംഭവങ്ങൾ എഴുതുക.
5. സസ്യാഹാരപ്രസ്ഥാനം ഗാന്ധിജിയെ എപ്രകാരം സ്വാധീനിച്ചു എന്ന് വിശകലനം ചെയ്യുക.

## ഉത്തര സൂചിക

1. ഇന്ത്യൻ സംസ്ക്കാരത്തിലെ ആധ്യാത്മികത, എല്ലാവരുടേയും ക്ഷേമവും, ഏകത്വവും, മതസാംസ്ക്കാരിക വൈവിധ്യം.
2. മാതാപിതാക്കളുടെ സ്വാധീനം, സുഹൃത്തുക്കളുടെ സ്വാധീനം, സ്കൂൾ വിദ്യാഭ്യാസജീവിതം.
3. ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, തിയോസഫിക്കൽ സൊസൈറ്റി എന്നിവയുടെ സ്വാധീനം.
4. കെറ്റിൽ സംഭവം, ചെയിൻ മോഷ്ടിച്ച സംഭവം.

5. സ്വയം സസ്യാഹാരിയായി, സസ്യാഹാരികളുടെ സംഘടനയിൽ അംഗമായി, 'ദ വെജിറ്റേറിയൻ' - ൽ എഴുതി.

## സംഗ്രഹം

മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽ നിന്നും മഹാത്മാവിലേക്കുള്ള പ്രയാണം വ്യത്യസ്തമായ പരീക്ഷണങ്ങളുടെയും അനുഭവങ്ങളുടെയും പരിണത ഫലമാണ്. ഇന്ത്യയുടെ സാംസ്ക്കാരികവൈവിധ്യവും മോഹൻദാസിന്റെ കുടുംബപശ്ചാത്തലവും ഇന്ത്യയിലെ വിദ്യാഭ്യാസവും ലണ്ടൻ ജീവിതവും വ്യത്യസ്തങ്ങളായ സ്വാധീനങ്ങളും ഈ പരിണാമത്തിന് ഹേതുവായിട്ടുണ്ട്. മോഹൻദാസ് ലണ്ടനിൽ വച്ച് വിവിധ മതഗ്രന്ഥങ്ങളും മറ്റ് പുസ്തകങ്ങളും വായിക്കുകയുണ്ടായി. ഈ കാലയളവിൽ വ്യത്യസ്ത ചിന്തകന്മാരിൽ നിന്നും, പുസ്തകങ്ങളിൽ നിന്നും ലഭിച്ച അറിവുകൾ അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലും ആശയരൂപീകരണത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • ഗാന്ധിജിയുടെ ജീവിതത്തിൽ കുടുംബത്തിന്റെ സ്വാധീനിക്കാൻ | | | |
| • സത്യസന്ധതയ്ക്കും, അഹിംസയ്ക്കും ഗാന്ധിജിയുടെ ജീവിതത്തിൽ പ്രാധാന്യമുണ്ടെന്ന് വിശകലനം ചെയ്യാൻ | | | |
| • ലണ്ടനിലെ വിദ്യാഭ്യാസ ജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിയാൻ | | | |
| • വെജിറ്റേറിയൻ സൊസൈറ്റിയുടെ സ്വാധീനം തിരിച്ചറിയാൻ | | | |
| • മതപരമായസ്വാധീനം വിശകലനം ചെയ്യാൻ | | | |
| • റായ്ചന്ദ് ഭായ്, ഗോപാലകൃഷ്ണ ഗോഖലെ എന്നിവരുടെ സ്വാധീനം കണ്ടെത്തി വിശദീകരിക്കാൻ | | | |

## 3

# എം.കെ. ഗാന്ധിയിൽ നിന്നും മഹാത്മാവിലേക്കുള്ള പ്രയാണം



കഴിഞ്ഞ അധ്യായം എം. കെ. ഗാന്ധി ദക്ഷിണാഫ്രിക്കയിൽ എത്തുന്നതിനു മുൻപുള്ള അനുഭവങ്ങളാണ് വിശദീകരിച്ചത്. ഈ അധ്യായത്തിൽ എം.കെ.ഗാന്ധിയുടെ ദക്ഷിണാഫ്രിക്കയിലെ പരീക്ഷണങ്ങൾ, അനുഭവങ്ങൾ, സ്വാധീനങ്ങൾ, വിവിധ പ്രവർത്തനങ്ങളുടെ പരിണിതഫലങ്ങൾ എന്നിവയാണ് വിശദമാക്കുന്നത്. പീറ്റർ മാരിറ്റ്സ്ബർഗ് സംഭവം, വോട്ടവകാശനിരോധനവും നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സും, മൂന്നുപവൻ നികുതിയുമായി ബന്ധപ്പെട്ട പ്രചരണം, ഇൻഡ്യൻ ഒപ്പീനിയൻ, ഇൻഡ്യൻ ആംബുലൻസ്സേന, ജോൺ റസ്കിൻ, ടോൾസ്റ്റോയി, തോറോ എന്നിവരുടെ സ്വാധീനങ്ങൾ, സാമൂഹ്യ ജീവിതത്തിലെ പരീക്ഷണങ്ങൾ, ബ്രഹ്മചര്യവ്രതം, സത്യാഗ്രഹത്തിന്റെ ഉത്ഭവം എന്നിവയാണ് ഈ അധ്യായത്തിൽ വിശദമാക്കുന്നത്.

## പഠനനേട്ടങ്ങൾ

- പീറ്റർ മാരിറ്റസ്ബർഗ് സംഭവം ഗാന്ധിജിയിലെ സാമൂഹികപ്രവർത്തകനെ എങ്ങനെ രൂപപ്പെടുത്തി എന്ന് വിശകലനം ചെയ്യുന്നു.
- നേറ്റാൾ ഗവൺമെന്റ് അവതരിപ്പിച്ച കുടിയേറ്റ നിയമത്തിനെതിരെ ഗാന്ധിജി നടത്തിയ പ്രക്ഷോഭങ്ങളെ വിശദീകരിക്കുന്നു.
- ബ്രിട്ടീഷുകാരോട് കൂറ് കാണിച്ചുകൊണ്ട് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നടത്തിയ പ്രസ്ഥാനങ്ങൾ വിശകലനം ചെയ്യുന്നു.
- സൗത്ത് ആഫ്രിക്കയിൽ വച്ച് ഗാന്ധിജി സമൂഹജീവിതത്തിൽ നടത്തിയ പരീക്ഷണങ്ങൾ വിലയിരുത്തുന്നു.
- “ഗാന്ധിജിയുടെ ആശയരൂപീകരണത്തിൽ മഹത് വ്യക്തികളുടെ സ്വാധീനം” വിശകലനം ചെയ്യുന്നു.
- അഹിംസാത്മക പ്രതിരോധത്തിലധിഷ്ഠിതമായ ‘സത്യാഗ്രഹ’ എന്ന സമരതന്ത്രം ഗാന്ധിജി രൂപപ്പെടുത്തിയതെങ്ങനെ എന്ന് വിശദീകരിക്കുന്നു.

# ദക്ഷിണാഫ്രിക്കയിലെ പരീക്ഷണങ്ങളും അനുഭവങ്ങളും

## മോഹൻദാസ് കരംചന്ദ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ

**നമുക്കു ചർച്ചചെയ്യാം :-**

- നാം ദക്ഷിണാഫ്രിക്കയെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം മനസ്സിലേക്ക് കടന്നുവരുന്നതാരാണ്? (2013-ൽ അദ്ദേഹം അന്തരിച്ചു.)
- മറ്റുള്ളവരിൽ നിന്നും അദ്ദേഹത്തെ പ്രശസ്തനും വ്യത്യസ്തനുമാക്കുന്നതെന്താണ്?
- ഇദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തി ആരാണ്?



### പ്രവർത്തനം

- *ഇന്ത്യയിൽ എല്ലായിടത്തും ഒരേ വസ്ത്രധാരണ രീതിയാണോ?*
- *നിങ്ങൾക്ക് പരിചയമുള്ള ഏതെല്ലാം വസ്തധാരണ രീതികളാണ് ഇന്ത്യയിലുള്ളത്?*
- *നിങ്ങൾ പരമ്പരാഗതമായി ധരിച്ചുവരുന്ന വസ്ത്രങ്ങൾ ധരിക്കാൻ പാടില്ലായെന്നൊരാൾ നിങ്ങളോട് ആവശ്യപ്പെട്ടാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും?*

ദക്ഷിണാഫ്രിക്കയിൽ ഗാന്ധിക്ക് വസ്ത്രധാരണവുമായി ബന്ധപ്പെട്ട ഒരനുഭവമുണ്ടായി. എങ്ങനെയായിരുന്നു ഗാന്ധിയുടെ പ്രതികരണമെന്നു നോക്കാം.

ദർബൻ തുറമുഖത്തുനിന്നും പ്രിട്ടോറിയായിലേക്ക് ട്രെയിൻമാർഗം പോകേണ്ടതിനാൽ ഒരാഴ്ച ഗാന്ധിക്ക് അവിടെ കഴിയേണ്ടതായിവന്നു. അദ്ദേഹത്തിന്റെ തൊഴിലുടമ അബ്ദുള്ള സേട്ട് രണ്ടുദിവസം കഴിഞ്ഞപ്പോൾ ഗാന്ധിയെയും കൂട്ടി ദർബൻ കോടതിയിലേക്ക് പോയി. അവിടെ പല പ്രധാനവ്യക്തികളേയും അദ്ദേഹം ഗാന്ധിക്ക് പരിചയപ്പെടുത്തി. അവരിൽ പ്രധാനിയായ ഒരു വക്കീലിന്റെ അടുത്ത് ഗാന്ധി ഇരുന്നു. അപ്പോൾ "മജിസ്ട്രേറ്റ് എന്നെ തുറിച്ചു നോക്കിക്കൊണ്ട് എന്റെ തലപ്പാവ് എടുത്തുമാറ്റുവാൻ പറഞ്ഞു. എന്നാൽ ഞാനത് തിരസ്കരിക്കുകയും കോടതിയിൽ നിന്ന് ഇറങ്ങിപ്പോരുകയും ചെയ്തു." ശ്രീ അബ്ദുള്ള സേട്ട്, മജിസ്ട്രേറ്റ് അപ്രകാരം പറയാനുള്ളതിന്റെ കാരണം അറിയിച്ചു. ഇന്ത്യയിൽ നിന്നുള്ള മുസ്ലീങ്ങൾക്കു മാത്രമേ പരമ്പരാഗത തലപ്പാവ് ധരിക്കാനുള്ള അനുവാദം ഉണ്ടായിരുന്നുള്ളു. എന്നാൽ മറ്റുള്ളവർ കോടതിയിൽ പ്രവേശിക്കുന്നതിന് മുൻപ് തലപ്പാവ് അഴിച്ചുമാറ്റണമായിരുന്നു.

തലപ്പാവ് അഴിച്ചുമാറ്റുന്നത് തന്നെ വ്യക്തിപരമായി അവഹേളിക്കുന്നതിനാണെന്ന് എം.കെ. ഗാന്ധിക്ക് ബോധ്യമായി. പിറ്റേദിവസത്തെ 'നേറ്റാൾ അഡ്വൈസർ' എന്ന പത്രത്തിൽ ഈ വാർത്ത റിപ്പോർട്ടു ചെയ്തു. ഗാന്ധി തന്റെ ഭാഗം വിശദീകരിച്ച് പത്രക്കാർക്ക് കുറിപ്പ് എഴുതുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ സംഭവം ദക്ഷിണാഫ്രിക്കയിൽ എത്തിയ ഗാന്ധിക്ക് ഒരാഴ്ചയ്ക്കുള്ളിൽ അപ്രതീക്ഷിതമായ ഒരു പ്രചാരം ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ ദക്ഷിണാഫ്രിക്കയിൽ എത്തിയ ആദ്യദിനങ്ങളിൽ തന്നെ മാധ്യമങ്ങൾ ഗാന്ധിയെ 'ഒരു ക്ഷണിക്കപ്പെടാത്ത അതിഥി' യായി ചിത്രീകരിച്ചു.

1

*ഗാന്ധിജിയെ ഒരു ക്ഷണിക്കപ്പെടാത്ത അതിഥിയായി ചിത്രീകരിക്കുവാൻ ഇടയായ സംഭവം വിശദീകരിക്കുക.*

### പീറ്റർ മാരിറ്റ്സ്ബർഗ് സംഭവം



ഒരാഴ്ചയ്ക്കു ശേഷം ദർബനിൽനിന്ന് ഗാന്ധി പ്രിട്ടോറിയായിലേക്ക് ട്രെയിനിൽ ഫസ്റ്റ് ക്ലാസ്സ് കംപാർട്ടുമെന്റിൽ യാത്രയായി. വെള്ളക്കാരായ യാത്രക്കാർ 'ഒരു കൂലി' ട്രെയിനിൽ യാത്ര ചെയ്യുന്നത് പരാതിപ്പെട്ടു. ട്രെയിൻ പീറ്റർമാരിസ്ബർഗിൽ എത്തിയപ്പോൾ റയിൽവേ ഉദ്യോഗസ്ഥർ ഗാന്ധിയോട് തേർഡ് ക്ലാസ്സിലേക്കു മാറാൻ ആവശ്യപ്പെട്ടു. ഫസ്റ്റ് ക്ലാസ്സ് ടിക്കറ്റ് കൈവശം ഉള്ളതിനാൽ മാറേണ്ട ആവശ്യം ഇല്ലായെന്ന് ഗാന്ധി അറിയിച്ചു. കൂടുതൽ ഉദ്യോഗസ്ഥർ എത്തി ഗാന്ധിയെ റെയിൽവേ പ്ലാറ്റ്ഫോമിലേക്ക് തള്ളിയിറക്കി. ഒരു രാത്രി മുഴുവനും ഗാന്ധി റയിൽവേ പ്ലാറ്റ്ഫോമിനു സമീപം കഴിഞ്ഞു. ഈ സംഭവം ഗാന്ധിജിയുടെ രാഷ്ട്രീയ ജീവിതത്തിലെ വഴിത്തിരിവായിരുന്നു.

"ഞാൻ എന്റെ കർത്തവ്യത്തെപ്പറ്റി ചിന്തിച്ചു. എന്റെ അവകാശങ്ങൾക്കുവേണ്ടി പോരാടുക, അല്ലെങ്കിൽ ഇന്ത്യയിലേക്ക് മടങ്ങുക. അതുമല്ലെങ്കിൽ ഈ വിവേചനം സഹിച്ച് പ്രിട്ടോറിയായിലേക്കു പോയി കേസ് അവസാനിപ്പിച്ചശേഷം ഇന്ത്യയിലേക്കു മടങ്ങുക. എന്റെ കടമ നിർവഹിക്കാതെ ഇന്ത്യയിലേക്കു മടങ്ങിപ്പോകുന്നത് ഭീരുത്വമാണ്. എനിക്കു സംഭവിച്ച കഷ്ടപ്പാടുകൾ ദക്ഷിണാഫ്രിക്കയിൽ നിലനിന്നിരുന്ന വർണവിവേചനം മൂലമായിരുന്നു. ഈ നീചമായ വ്യവസ്ഥയുടെ വേരറുക്കുവാനും ഇതിനായി കഷ്ടപ്പാടുകൾ സഹിക്കുവാനും ആവുന്ന ശ്രമങ്ങൾ നടത്തുവാൻ ഞാൻ തീരുമാനിച്ചു. ഇത്തരം സാമൂഹ്യജീർണതകൾക്കെതിരെ പോരാടുന്നത് വർണവിവേചനം ഇല്ലാതാക്കുവാനുള്ള ഒരു ശ്രമമായിരിക്കുമെന്ന് എനിക്കു തോന്നി."




അവസാനം ദക്ഷിണാഫ്രിക്കയിൽ താമസിച്ച് ദുർഘടമായ ഈ പ്രശ്നത്തിനെതിരെ പോരാടുവാൻ അദ്ദേഹം തീരുമാനിച്ചു. തന്റെ ശ്രമങ്ങൾ നിഷ്പ്രയാസം നടക്കുന്നതല്ല എന്ന പൂർണ ബോധ്യത്തോടെ തന്നെയാണ് തീരുമാനമെടുത്തത്. മാരിറ്റ്സ്ബർഗ് സംഭവത്തിനുശേഷം അടുത്തദിവസം പ്രിട്ടോറിയായിലേക്ക് കുതിരവണ്ടി യാത്രയിൽ പർദ്ദേക്കോഫ് എന്ന സ്ഥലത്തുവച്ചും ഗാന്ധിക്ക് വെള്ളക്കാരിൽ നിന്നും പ്രയാസങ്ങൾ നേരിടേണ്ടിവന്നു.

കോടതിയിൽ മജിസ്ട്രേറ്റിൽ നിന്നുകിട്ടിയ അപമാനവും പീറ്റർമാരിറ്റ്സ്ബർഗ് സംഭവവും ഗാന്ധിജിയെ ഒരു സാമൂഹികപ്രവർത്തകനാക്കി മാറ്റി.

2

***പീറ്റർമാരിസ്ബർഗ് സംഭവം ഗാന്ധിജിയിലെ സാമൂഹ്യ പ്രവർത്തക നിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.***

**പ്രവർത്തനം**

***നിങ്ങൾ ഒരു ട്രെയിൻ കംപാർട്ടുമെന്റിൽ യാത്ര ചെയ്യുമ്പോൾ പ്രാകൃത വസ്ത്രം ധരിച്ച് യാത്ര ചെയ്യുന്ന ഒരാളെ മറ്റുയാത്രക്കാർ ചേർന്ന് പുറത്താക്കാൻ ശ്രമിക്കുന്നു. കൂടെ യാത്രചെയ്യുന്ന വ്യക്തിയെന്ന നിലയിൽ നിങ്ങൾ എങ്ങനെ പ്രശ്നത്തിൽ ഇടപെടും?***

## ഗാന്ധി തന്റെ ദൗത്യം കണ്ടെത്തുന്നു

ദാദാ അബ്ദുള്ളയുടെ കേസ് കോടതിക്കുപുറത്ത് രമ്യമായി പരിഹരിക്കുവാൻ ഗാന്ധിക്കു കഴിഞ്ഞു. പരിശ്രമശാലിയും സത്യസന്ധനും യുവബാരിസ്റ്ററുമായിരുന്ന ഗാന്ധി നിർദേശിച്ച വ്യവസ്ഥകൾ ഇരുവിഭാഗവും സ്വീകരിച്ചു. ദാദാ അബ്ദുള്ളയുടെ സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന 37000 പൗണ്ട് നൽകാമെന്ന് തായ്ബ്സേത്ത് സമ്മതിച്ചു. ഗാന്ധിജിയുടെ ഇടപെടലിന്റെ പ്രത്യേകതകൾ ഇവരുടെ കുടുംബങ്ങളെ നല്ല സൗഹൃദബന്ധത്തിലെത്തിക്കുകയും ചെയ്തു.

എം.കെ. ഗാന്ധി ദർബനിൽ തിരികെയെത്തി. ഇതേസമയം 'ഗാന്ധി ഭായി' എന്ന പേരിൽ ഇന്ത്യാക്കാർക്കിടയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. ഗാന്ധിയുടെ സേവന ങ്ങളെ മാനിച്ച് ദാദാ അബ്ദുള്ള സെയ്ദൻ ഹാമിൽ ഒരു യാത്രയയപ്പ് യോഗം സംഘടിപ്പിച്ചിരുന്നു. ഒരുദിവസം നീണ്ടുനിൽക്കുന്ന ഒരു മീറ്റിംഗായിരുന്നു അത്. ആ ദിവസം 'നേറ്റാൾ മെർക്കുറി' എന്ന പത്രത്തിൽ വന്ന വാർത്തയെപ്പറ്റി ഗാന്ധി വിശദീകരിച്ചു. ഇന്ത്യാക്കാർക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് ഒരു പുതിയ ബിൽ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തയായിരുന്നു അത്. ഗാന്ധി ഈ വാർത്തയെപ്പറ്റി ദാദാ അബ്ദുള്ളയോടു തിരക്കി. ഇത്തരംവാർത്തകളിൽ താൽപ്പര്യ മില്ലാത്തതിനാൽ ശ്രദ്ധിക്കാറില്ലെന്നും അതിനാൽ ഈ പ്രശ്നം എന്താണെന്ന് അറിയി ല്ലെന്നും അദ്ദേഹം പറഞ്ഞു. ദാദാ അബ്ദുള്ളയ്ക്ക് ഇക്കാര്യത്തിൽ ഇന്ത്യാക്കാരെ സംഘടിപ്പിക്കുവാൻ കഴിയുമെന്ന് ഗാന്ധി വിശ്വസിച്ചു. ഇന്ത്യാക്കാരെ സംഘടിപ്പി ക്കുവാൻ ഒരു സംഘടനയുടെ ആവശ്യകതയെപ്പറ്റി ഗാന്ധി അറിയിച്ചു. ഇപ്രകാരം രൂപീകരിക്കുന്ന സംഘടനയ്ക്ക് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർ അനുഭവിക്കുന്ന

ചൂഷണത്തിനെതിരെ പോരാടുവാൻ കഴിയും. യാത്രയയപ്പ് മീറ്റിംഗിനു വന്നവർ ഒന്നടങ്കം ഗാന്ധി ഈ പ്രശ്നത്തിൽ ഇടപെടണമെന്നും ഇന്ത്യയിലേക്കുള്ള മടക്കം ഒരു മാസത്തേക്ക് നീട്ടിവയ്ക്കണമെന്നും ആവശ്യപ്പെടുകയും ഗാന്ധി സമ്മതിക്കുകയും ചെയ്തു. അദ്ദേഹം ഈ ചുമതല ഏറ്റെടുക്കുമ്പോൾ ആവശ്യമായ ഫീസ് നൽകാമെന്ന് വാഗ്ദാനം ചെയ്തു. എന്നാൽ ഗാന്ധി ഈ നിർദേശം തിരസ്കരിച്ചു. പൊതു പ്രവർത്തനത്തിന് ഫീസ് ആവശ്യമല്ല എന്ന് ഗാന്ധി പ്രതികരിച്ചു. നിയമപുസ്തകങ്ങൾ വാങ്ങാൻ അൽപ്പം പണവും താമസസൗകര്യവും ഒരുക്കിത്തരണമെന്ന് ഗാന്ധി ആവശ്യപ്പെട്ടു. ആവശ്യമായ പണം സ്വരൂപിക്കുവാൻ അവിടെ കൂടിയവർ തീരുമാനിച്ചു. അങ്ങനെ യാത്രയയപ്പ് മീറ്റിംഗ് സംഘടനയുടെ രൂപീകരണയോഗമായി മാറി. ഈദിനം ഗാന്ധിയുടെ ജീവിതത്തിലെ സുപ്രധാന ദിവസമായിരുന്നു.

"എന്റെ ദക്ഷിണാഫ്രിക്കയിലെ ജീവിതത്തിന്റെ അടിസ്ഥാനശില ഈശ്വരൻ ഇടുകയും ദേശീയതയ്ക്കും ആത്മാഭിമാനത്തിനും വേണ്ടവിത്ത് വിതയ്ക്കുകയും ചെയ്തു" എന്ന് ഗാന്ധി പറഞ്ഞു.

3

***ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കിടയിൽ മോഹൻദാസ് കരംചന്ദ് ഗാന്ധി 'ഗാന്ധിഭായി' എന്ന് അറിയപ്പെട്ടതെങ്ങനെ?***

## വോട്ടവകാശനിഷേധവും നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സും

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ വോട്ടവകാശം നിഷേധിക്കുന്നതിനു വേണ്ടി നേറ്റാൾ ലെജിസ്ലേറ്റീവ് അസംബ്ലി വോട്ടവകാശഭേദഗതി ബിൽ അവതരിപ്പിച്ചു. ഈ നീതിനിഷേധത്തിനെതിരേ ആവലാതിപ്പെട്ടതുകൊണ്ടു മാത്രം പ്രയോജനമില്ലെന്നും ഒരു സംഘടന ആവശ്യമാണെന്നും ഗാന്ധി വ്യക്തമാക്കി. ഇംഗ്ലണ്ടിലെ യാഥാസ്ഥിതിക പാർട്ടിക്ക് കോൺഗ്രസ്സ് എന്ന പേര് അസഹ്യമായിരിക്കുമെന്ന് ഗാന്ധിക്ക് അറിയാമായിരുന്നിട്ടും ഇന്ത്യയിൽ ഏറെ പ്രചാരമുള്ള കോൺഗ്രസ്സിന്റെ പേര് ചേർത്ത് 'നേറ്റാൾ ഇന്ത്യൻ കോൺഗ്രസ്' എന്നൊരു സംഘടന 1894 മെയ് 22-ന് ഗാന്ധിയുടെ നേതൃത്വത്തിൽ രൂപീകൃതമായി.

നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സിന്റെ പ്രവർത്തനത്തിലൂടെ ധാരാളം പ്രവർത്തകരെ കണ്ടെത്തുവാൻ എം.കെ. ഗാന്ധിക്കു കഴിഞ്ഞു. കൃത്യമായ പ്രവർത്തനപരിപാടികൾ നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സിന് ഉണ്ടായിരുന്നു. വോട്ടവകാശനിരോധനത്തിനായി ഭേദഗതി ബില്ലു കൊണ്ടുവരുന്നതിനെ ശക്തമായി എതിർത്തുകൊണ്ട് നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് സമരപരിപാടികൾ ആരംഭിച്ചു. പരാതികൾ ഗവൺമെന്റ് മുമ്പാകെ സമർപ്പിക്കുക, മീറ്റിംഗുകൾ നടത്തുക, പത്രങ്ങൾക്ക് വാർത്തകൾ എത്തിക്കുക, ഭരണനേതൃത്വവും രാഷ്ട്രീയനേതൃത്വവുമായി ചർച്ചനടത്തുക തുടങ്ങിയ പരിപാടികൾ നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സ് നടത്തിക്കൊണ്ടിരുന്നു. വോട്ടവകാശനിരോധന ഭേദഗതി

ബിൽ തടയുവാൻ ദക്ഷിണാഫ്രിക്കൻ ഗവൺമെന്റ് തയാറാകാത്തതിനാൽ എം.കെ. ഗാന്ധി ബ്രിട്ടീഷ് കോളനിസെക്രട്ടറിയായിരുന്ന റിപ്പൺ പ്രഭുവിന് അപ്പീൽ അയച്ചു. നിരന്തരം നടത്തിയ ചർച്ചകളുടെയും നിവേദനങ്ങളുടേയും ഫലമായി ബ്രിട്ടൺ, ദക്ഷിണാഫ്രിക്കൻ ഗവൺമെന്റിന് അയച്ചുകൊടുത്ത ബില്ലിന് അംഗീകാരം നൽകാതെ തിരിച്ചയച്ചു. ഇത് നേറ്റാൾ ഇന്ത്യൻകോൺഗ്രസ്സിന്റെ ആദ്യ വിജയമായിരുന്നു. ഈ സംഘടനയുടെ പ്രവർത്തനത്തിലൂടെ സംഘടനാപാടവം, ജനങ്ങളെ സംഘടിപ്പിക്കൽ, നേതൃപാടവം എന്നിവ വളർത്തിയെടുക്കുവാൻ ഗാന്ധിക്ക് കഴിഞ്ഞു.

4

***നേറ്റാൾ ഇന്ത്യൻ കോൺഗ്രസിന്റെ രൂപീകരണത്തെക്കുറിച്ച് ഒരു ലഘു വിവരണം തയാറാക്കുക.***

## മൂന്നു പവൻ നികുതി

വോട്ടവകാശനിരോധനം പിൻവലിച്ചതിനെ തുടർന്ന് പാശ്ചാത്യർക്ക് ഇന്ത്യാക്കാരോടുള്ള വിദ്വേഷം അവസാനിച്ചിരുന്നില്ല. ഇന്ത്യാക്കാരുടെ ജീവിതരീതി വെള്ളക്കാർക്ക് പൊതുവെ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഇന്ത്യാക്കാർക്കെതിരെ പുതിയൊരു കുടിയേറ്റനിയമം ചുമത്തി ബ്രിട്ടീഷ് ഗവൺമെന്റ് പുതിയതന്ത്രം രൂപപ്പെടുത്തി. കുടിയേറ്റബില്ലിൽ ഇന്ത്യയിൽ നിന്നെത്തിയ കരാർതൊഴിലാളികൾ പ്രത്യേകം നികുതി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തു. ബില്ലിലെ വ്യവസ്ഥകൾ താഴെ ചേർക്കും പ്രകാരമായിരുന്നു.

1. എല്ലാ ഇന്ത്യാക്കാരും കരാർ അവസാനിക്കുന്ന മുറയ്ക്ക് ഇന്ത്യയിലേക്കു മടങ്ങണം.
2. കരാർ കഴിഞ്ഞ് താമസിക്കുന്നവർ രണ്ടുവർഷം കഴിയുന്ന മുറയ്ക്ക് കരാർ പുതുക്കണം.
3. അപ്രകാരം ചെയ്യാത്തവർ 25 പവൻ നികുതി അടയ്ക്കണം.

5

***ഇന്ത്യയിൽ നിന്നെത്തിയ കരാർ തൊഴിലാളികൾക്കെതിരെ പാസാക്കിയ കുടിയേറ്റബില്ലിലെ വ്യവസ്ഥകൾ എന്തെല്ലാം?***

### പ്രവർത്തനം

***നമ്മുടെ സംസ്ഥാനത്ത് ജോലിചെയ്തു വരുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് ഒരു മലയാളി തൊഴിലാളിക്കു കിട്ടുന്ന തൊഴിൽസാഹചര്യങ്ങൾ കിട്ടുന്നുണ്ടോ?***
***നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.***

നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് ഗാന്ധിയുടെ നേതൃത്വത്തിൽ അന്യായമായ നികുതി ചുമത്തലിനെതിരെ സമരം ആരംഭിച്ചു. നേറ്റാൾ ഗവൺമെന്റ് ബ്രിട്ടീഷ് ഇന്ത്യയിലേക്ക് ഈ പ്രശ്നം ചർച്ച ചെയ്യുവാൻ രണ്ടു പ്രതിനിധികളെ അയച്ചു. നേറ്റാൾ ഇന്ത്യൻ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ പരാതി സമർപ്പണം തുടർന്നുകൊണ്ടിരുന്നു. നേറ്റാൾ ഗവൺമെന്റിന്റെ നിർദേശം വൈസ്രോയിയായിരുന്ന എൽഗിൻ പ്രഭു അംഗീകരിച്ചില്ല. 25 പവൻ നികുതി 3 പവൻ നികുതിയായി അദ്ദേഹം വെട്ടിക്കുറച്ചു.

അങ്ങനെ 1896-ൽ നേറ്റാൾ ഇന്ത്യൻകോൺഗ്രസ് ഭാഗികമായ രണ്ട് വിജയങ്ങൾ നേടി. അവ താഴെ ചേർക്കുന്നു.

1. ഇന്ത്യൻ വോട്ടവകാശഭേദഗതി ബിൽ നേറ്റാൾ ഗവൺമെന്റ് ആഗ്രഹിച്ച രീതിയിൽ നടപ്പാക്കാനായില്ല.

2. 25 പവൻ നികുതി ഇന്ത്യാക്കാരായ കുടിയേറ്റക്കാർ അടയ്ക്കണം എന്ന ബിൽ നിർദേശം 3 പവനാക്കി കുറച്ചു ബില്ല് പാസ്സാക്കി.

ഇപ്രകാരം നേറ്റാൾ ഇന്ത്യൻകോൺഗ്രസ് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർക്കിടയിലും വെള്ളക്കാർക്കിടയിലും പ്രശസ്തമായി.

### പ്രവർത്തനം

- ***നിങ്ങളുടെ ക്ലാസ്സ് റൂം പ്രവർത്തനത്തിൽ നോട്ടീസ്, പോസ്റ്റർ, ലഘുലേഖ എന്നിവ പരിചയപ്പെട്ടിട്ടുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?***
- ***ലഘുലേഖയും പത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?***

### പച്ചലഘുലേഖ *(The Grievences of British Indians in South Africa: An appeal to the Indian Public)*




ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ കഷ്ടതകളും പ്രയാസങ്ങളും വിശദീകരിക്കുന്ന ഒരു ലഘുലേഖ 1896-ൽ ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്നു മടങ്ങിവന്നപ്പോൾ ഇന്ത്യയിൽ പ്രചരിപ്പിച്ചു. അത് "ദക്ഷിണാഫ്രിക്കയിലെ ബ്രിട്ടീഷ് ഇന്ത്യാക്കാരുടെ ആവലാതികൾ, ഇന്ത്യാക്കാരോടുള്ള ഒരഭ്യർഥന" എന്നായിരുന്നു ഈ ലഘുലേഖയുടെ ശീർഷകം. പച്ച പുറംചട്ടയായിരുന്നതിനാൽ ഇത് പച്ച ലഘുലേഖ എന്നറിയപ്പെട്ടിരുന്നു. ഇന്ത്യയിൽ കോൺഗ്രസ് പ്രവർത്തകസമിതിയിലും, പ്രധാനപ്പെട്ട പട്ടണങ്ങളിലും, തദ്ദേശീയവും വിദേശീയവുമായ പത്രങ്ങൾക്കും ഗാന്ധി ഇതിന്റെ കോപ്പി അയച്ചു കൊടുത്തു. ദക്ഷിണാഫ്രിക്കയിലെ

ഇന്ത്യാക്കാർ അനുഭവിക്കുന്ന കഷ്ടതകളുടെ തീവ്രത അറിയിക്കുവാനും വിവിധ തലങ്ങളിൽ വൻപ്രതികരണം ഉണ്ടാക്കുവാനും ഇതുമൂലം സാധ്യമായി.

## ഇൻഡ്യൻ ഒപ്പീനിയൻ

**ചിന്തിച്ച് പങ്കുവയ്ക്കുക**

നിരന്തരം ജനങ്ങൾക്ക് വാർത്ത എത്തിക്കുവാൻ ഏറ്റവും നല്ല മാധ്യമങ്ങൾ ഏതാണ്.

പത്രങ്ങൾ
ദൃശ്യമാധ്യമങ്ങൾ
.....................................
.....................................

ദക്ഷിണാഫ്രിക്കയിലെ ഗാന്ധിയുടെ പ്രവർത്തനങ്ങൾ ജനങ്ങളിൽ നേരിട്ട് എത്തിക്കുന്നതിന്റെ ഭാഗമായി ഒരു പത്രം പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. 1904– ൽ ഇൻഡ്യൻ ഒപ്പീനിയൻ എന്ന പേരിൽ ഡർബനിൽ നിന്നും പത്രം പ്രസിദ്ധീകരണം ആരംഭിച്ചു. വക്കീൽ എന്ന നിലയിൽ, അനാവശ്യമായ പ്രശസ്തി ഉണ്ടാവാതിരിക്കുവാൻ എഡിറ്റർ സ്ഥാനം മാൻസുഖ്‌ലാൽ നാസറിനെ ഏൽപ്പിച്ചു. ഫിനിക്സ് സെറ്റിൽമെന്റ് ആരംഭിച്ചപ്പോൾ പ്രസ് പൂർണമായും അവിടേയ്ക്കു മാറ്റി.

ഒരേസമയം ഗുജറാത്തി, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ സ്വന്തം കയ്യിലെ പണം ഉപയോഗിച്ച് 'ഇന്ത്യൻ ഒപ്പീനിയൻ' പ്രസിദ്ധീകരിച്ചു. 3000 വരിക്കാരും 20000 വായനക്കാരുമുണ്ടായിരുന്ന ഒരു പ്രസിദ്ധീകരണമായിരുന്നു ഇത്. ഗാന്ധിയുടെ ചിന്തകളും പ്രവർത്തനപരിപാടികളും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാനും വായനക്കാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുവാനും പത്രം സഹായകമായി.

6

***ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ കഷ്ടതകളും പ്രയാസങ്ങളും വിശദീകരിക്കുന്നതിൽ പച്ച ലഘുലേഖയും ഇന്ത്യൻ ഒപ്പിനിയനും വഹിച്ച പങ്ക് വിശകലനം ചെയ്യുക.***

**പ്രവർത്തനം**

***ഒരു പത്രാധിപരായി പ്രവർത്തിക്കുവാൻ നിങ്ങൾക്ക് അവസരം ലഭിച്ചാൽ എന്തൊക്കെ ചെയ്യുവാൻ നിങ്ങൾക്കു കഴിയും?***

## ബുവർ യുദ്ധവും സുലു കലാപവും



1899-ലെ ബുവർ യുദ്ധകാലത്തും 1904-ലെ സുലു കലാപത്തിലും ഗാന്ധിജി ഇന്ത്യൻ ആംബുലൻസ് സേന രൂപീകരിച്ചു. യുദ്ധത്തിൽ മുറിവേറ്റവരെ പരിചരിക്കുവാൻ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായി. ദക്ഷിണാഫ്രിക്കയിൽ ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റിനെ ഗാന്ധിക്ക് സഹായിക്കുവാൻ കഴിയുമെന്നു തെളിയിച്ചു.

ബ്രിട്ടീഷ് പൗരനെപ്പോലെ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർക്കും നിയമപരമായ അവകാശങ്ങൾ നേടിയെടുക്കുവാൻ ഇത് അവസരമൊരുക്കി. യുദ്ധരംഗത്തെ സേവനം അക്രമരാഹിത്യത്തിന്റെ പ്രായോഗിക പരിജ്ഞാനം നേടുന്നതിന് ഗാന്ധിയെ സഹായിച്ചു.

### പാശ്ചാത്യചിന്തകരും എം.കെ. ഗാന്ധിയും



പാശ്ചാത്യചിന്തകരിൽ ഗാന്ധിയെ പ്രധാനമായും സ്വാധീനിച്ച വ്യക്തികളാണ് ജോൺറസ്കിൻ, ലിയോ ടോൾസ്റ്റോയി, ഹെൻട്രി ഡേവിഡ് തോറോ എന്നിവർ. ദക്ഷിണാഫ്രിക്കയിൽ വച്ചാണ് ഗാന്ധിജിക്ക് ഇവരുടെ ആശയങ്ങൾ പരിചയപ്പെടാൻ സാധിച്ചത്.

#### ജോൺ റസ്കിന്റെ സ്വാധീനം

1904-ൽ ജോഹന്നാസ് ബർഗിൽ നിന്ന് ഡർബനിലേക്കുള്ള തീവണ്ടിയാത്രയിൽ ഗാന്ധിയുടെ സുഹൃത്ത് എച്ച്.എസ്.എൻ. പോളക് വായിക്കാൻ നൽകിയ പുസ്തകമാണ്

'അൺ ടു ദിസ് ലാസ്റ്റ്'. റസ്കിൻ തന്റെ പുസ്തകത്തിൽ സാമൂഹ്യ-സാമ്പത്തിക അസമത്വത്തെപ്പറ്റി ലളിതമായി വിശദീകരിച്ചിരുന്നു.

**ഗാന്ധിയെ ഏറെ ആകർഷിച്ച ആശയങ്ങൾ താഴെ ചേർക്കുന്നു.**

- വ്യക്തിയുടെ നന്മ സമൂഹനന്മയിൽ അന്തർലീനമാണ്.
- അഭിഭാഷക ജോലിക്കും ക്ഷുരകന്റെ ജോലിക്കും മഹത്വം ഒന്നു തന്നെയാണ്. കാരണം സ്വപ്രയത്നത്തിൽ നിന്ന് ആവശ്യമായവ നേടുവാനുള്ള അവകാശം എല്ലാവർക്കും ഒന്നുപോലെയാണ്.
- കർഷകന്റെ ജീവിതം- കർഷകന്റെയും കൈത്തൊഴിലുകാരന്റെയും ജീവിതമാണ് ഏറ്റവും മഹത്തരം.

ജോൺ റസ്കിന്റെ ഈ മാന്ത്രികവരികൾ ഗാന്ധിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. റസ്കിന്റെ ആശയങ്ങൾ ഗാന്ധി പൂർണമായും അംഗീകരിച്ചു. റസ്കിന്റെ പുസ്തകത്തിൽ നിന്ന് ഗാന്ധി സ്വീകരിച്ച ആശയങ്ങൾ 'ഫിനിക്സ് സെറ്റിൽമെന്റ്' ആരംഭിക്കുവാൻ സഹായകമായി. ഈ പുസ്തകം 'സർവോദയ' എന്ന പേരിൽ ഗാന്ധി ഗുജറാത്തി ഭാഷയിൽ പരിഭാഷപ്പെടുത്തി. 'സർവോദയ' എന്ന പദത്തിന്റെ അർഥം എല്ലാവർക്കും ക്ഷേമം എന്നാണ്.

### ടോൾസ്റ്റോയിയുടെ സ്വാധീനം



ടോൾസ്റ്റോയിയുടെ ആശയങ്ങളോട് വളരെ നീണ്ടകാലത്തെ പരിചയം ഗാന്ധിക്കുണ്ടായിരുന്നു. ലണ്ടനിൽ സസ്യാഹാരികളുടെ സംഘടനയിൽ അംഗമായിരുന്നപ്പോൾ ഗാന്ധിക്ക് ടോൾസ്റ്റോയിയുടെ ദർശനങ്ങൾ സുപരിചിതമായിരുന്നു. ടോൾസ്റ്റോയിയുടെ 'ദി കിംഗ്ഡം ഓഫ് ഗോഡ് ഈസ് വിതിൻ യൂ' എന്ന പുസ്തകം ഗാന്ധിയെ ഏറെ ആകർഷിച്ചു. നിഷ്ക്രിയ പ്രതിരോധത്തിന്റെ (Passive Resistance) അടിസ്ഥാന പാഠങ്ങൾ ഈ പുസ്തകത്തിൽ നിന്നും ഗാന്ധിക്ക് ലഭ്യമായി.

**പ്രവർത്തനം**

***ടോൾസ്റ്റോയിയുടെ 'അന്നാകരീനീന' എല്ലാവരും കേട്ടിട്ടുള്ള ഒരു മഹത് ഗ്രന്ഥമാണ്. ടോൾസ്റ്റോയിയുടെ മറ്റു കൃതികളുടെ പേര് കണ്ടെത്തുക.***

: ....................................

: ....................................

: ....................................

ടോൾസ്റ്റോയിയെ അക്രമരാഹിത്യത്തിന്റെ അപ്പോസ്തലനായി ഗാന്ധി കണക്കാക്കി. ടോൾസ്റ്റോയി കൃതികൾ ഏറെ പരിചയപ്പെടാനും അദ്ദേഹവുമായി നേരിട്ട് കത്തിടപാടുകൾ നടത്തുന്നതുവഴി കൂടുതൽ ആശയപരമായ ബന്ധം പുലർത്തുവാനും ഗാന്ധിക്കു കഴിഞ്ഞു. ദുഷ്ടചിന്തകളെ അകറ്റി, അക്രമവും ക്രോധവും ഇല്ലാതാക്കി സമ്പൂർണസ്വാതന്ത്ര്യം നേടി എല്ലാവരേയും സ്നേഹിക്കുവാൻ യഥാർത്ഥ അഹിംസ വഴി കഴിയുമെന്ന് ടോൾസ്റ്റോയി കൃതികളിലൂടെ ഗാന്ധിക്ക് ബോധ്യമായി.

### തോറോയുടെ സ്വാധീനം



പ്രശസ്ത അമേരിക്കൻ ചിന്തകനായ ഹെൻട്രി ഡേവിഡ് തോറോ ഗാന്ധിയെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൽ ഡിസ്ഒബീഡിയൻസ്' ('On the Duty of Civil Disobedience') എന്ന ഉപന്യാസം ദക്ഷിണാഫ്രിക്കയിലെ ഗാന്ധിയുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമായി. ഗാന്ധിയുടെ രാഷ്ട്രീയ ദർശനങ്ങളുടെ കാതലായ തത്വങ്ങൾ രൂപപ്പെടുന്നതിന് ഈ ഉപന്യാസം സഹായകമായിരുന്നുവെന്ന് ഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്.

### പ്രവർത്തനം

***മഹാരഥന്മാരുടെ ദർശനങ്ങളും പ്രവർത്തനങ്ങളും പല വ്യക്തികളുടെയും ജീവിതത്തിന് മാറ്റങ്ങൾ വരുത്തുവാൻ പ്രചോദകമായി തീർന്നിട്ടുണ്ട്. നിങ്ങളെ സ്വാധീനിച്ച വ്യക്തികളെയും അവരുടെ ബൗദ്ധിക പ്രവർത്തനങ്ങളേയും സംഭാവനകളെയും സംബന്ധിച്ച് ഒരു കുറിപ്പ് തയാറാക്കുക.***

*: ..................................*

**നമുക്കു പരിശോധിക്കാം**

എം.കെ. ഗാന്ധിയിൽ താഴെ ചേർക്കുന്ന പുസ്തകങ്ങൾ വരുത്തിയ മാറ്റങ്ങൾ വിശദീകരിക്കുക.

- അൺ ടു ദിസ് ലാസ്റ്റ്
- ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൾ ഡിസ്ഒബീഡിയൻസ്.

പാശ്ചാത്യഎഴുത്തുകാർ ഗാന്ധിയിൽ ഒട്ടേറെ സ്വാധീനമുണ്ടാക്കി. എന്നാൽ അതെല്ലാം കണ്ണടച്ച് പകർത്താൻ ഗാന്ധി തയാറായില്ല. അവരുടെ കൃതികളിലെ നന്മകൾ എന്തെല്ലാമെന്ന് മനസ്സിലാക്കാൻ ശ്രമിച്ചു. ഈ ദർശനങ്ങൾ ഇന്ത്യയുടെ

ആവശ്യങ്ങൾക്കായി അനുയോജ്യമാക്കി. അതുവഴി തന്റെ ചിന്തകളുടെ വ്യാപ്തി വർധിപ്പിച്ചു.

## സമൂഹജീവിതത്തിലെ പരീക്ഷണങ്ങൾ

ദക്ഷിണാഫ്രിക്കയിലെ ജീവിതകാലത്ത് രണ്ട് പ്രധാന സമൂഹജീവിതകേന്ദ്രങ്ങൾ സ്ഥാപിച്ചു.

### 1. ഫിനിക്സ് സെറ്റിൽമെന്റ്

1904-ൽ ദർബനിൽ നിന്നും 14 കി.മീ. അകലെ 100 ഏക്കർ സ്ഥലത്താണ് ഫിനിക്സ് സെറ്റിൽമെന്റ് തുടങ്ങിയത്. ജോൺ റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന കൃതിയിൽ നിന്നുളള പ്രചോദനമാണ് ഇത് ആരംഭിക്കുവാൻ ഗാന്ധിയെ പ്രേരിപ്പിച്ചത്. സാമൂഹിക ജീവിതത്തിന്റെ ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് അവിടെ ആളുകളെ താമസിപ്പിച്ചിരുന്നത്. വ്യക്തികളുടെ തൊഴിലോ അവരുടെ ജീവിതനിലവാരമോ കണക്കാക്കാതെ ജോലി ചെയ്യുന്നവർക്ക് തുല്യമായ വേതനമാണ് നൽകിയിരുന്നത്. പൊതുനന്മയ്ക്കും അവിടെ താമസിക്കുന്നവരുടെ ക്ഷേമത്തിനും ആവശ്യമായ പ്രവർത്തനങ്ങളാണ് നടന്നുവന്നിരുന്നത്. ഫിനിക്സ് സെറ്റിൽമെന്റിലെ താമസം ഗാന്ധിക്ക് ഗൃഹതുല്യമായി. പ്രസ്സിന്റെ പ്രവർത്തനം അവിടെയായിരുന്നു. സെറ്റിൽമെന്റിലെ താമസക്കാർക്കാവശ്യമായ പഴവർഗങ്ങളും ധാന്യങ്ങളും അവർ തന്നെ കൃഷിചെയ്തിരുന്നു. 1913pse \ ŋ ¥ rb {] Xrt cnf k ac‡ me¯ v(Passive Resistance) ഫിനിക്സ് സെറ്റിൽമെന്റ് പ്രധാന പ്രവർത്തന കേന്ദ്രമായിരുന്നു. നൂറു കണക്കിനാളുകൾ അഭയകേന്ദ്രമായും ഉപദേശങ്ങൾ തേടാനുമായി എത്തിയിരുന്നു. സമരകാലത്ത് ഫിനിക്സ് സെറ്റിൽമെന്റിൽ വച്ച് അഞ്ഞൂറോളം സമരക്കാരെ ദക്ഷിണാഫ്രിക്കൻ പോലീസ് മർദിക്കുകയും തോക്കിനരയാക്കുകയും ചെയ്തു.

### 2. ടോൾസ്റ്റോയി ഫാം

1910-ൽ ട്രാൻസ്വാളിൽ ഗാന്ധി 'ടോൾസ്റ്റോയി ഫാം' ആരംഭിച്ചു. സ്വാശ്രയ ദർശനത്തെ അടിസ്ഥാനമാക്കിയാണ് ഫാം പ്രവർത്തിച്ചുവന്നത്. ടോൾസ്റ്റോയിയുടെ സ്മരണ നിലനിർത്താൻ 'ടോൾസ്റ്റോയി ഫാം' എന്ന പേരും നൽകി. ജോഹന്നാസ്ബർഗിൽ നിന്നും 35 കി.മീ. അകലെ ലോലി എന്ന സ്ഥലത്ത് ജർമ്മൻ സ്നേഹിതനായ ഹെർമൻ കല്ലൻബാച്ച് ഫാമിനായി 1100 ഏക്കർ ഭൂമി വാങ്ങി. നിഷ്ക്രിയ പ്രതിരോധസമരത്തിൽ (Passive Resistance) പങ്കെടുത്തവരാണ് അവിടെ താമസിച്ചിരുന്നവരിൽ ഭൂരിഭാഗവും. ഹിന്ദുമുസ്ലിംക്രിസ്ത്യൻ മതവിശ്വാസികളായ ഇന്ത്യാക്കാരെ കൂടാതെ പാശ്ചാത്യരും തദ്ദേശീയരായ കറുത്ത വർഗക്കാരും



അവിടെ താമസിച്ചിരുന്നു. അക്രമരാഹിത്യവും അഹിംസയുമായിരുന്നു പ്രധാന ജീവിത ദർശനങ്ങൾ. സസ്യാഹാരം നിർബന്ധമാക്കിയിരുന്ന ഇവിടെ ധാർമ്മിക ജീവിത നിഷ്ഠയും ഉണ്ടായിരുന്നു.

## ആശ്രമജീവിതം

ഫിനിക്സ് സെറ്റിൽമെന്റും ടോൾസ്റ്റോയി ഫാമും ഗാന്ധിജിയുടെ ആശ്രമജീവിതത്തിന്റെ ആദ്യപരീക്ഷണങ്ങളായിരുന്നു. സമൂഹപ്രാർത്ഥനയുടെ ശക്തി ഇവിടെ വച്ചാണ് ഗാന്ധിജി മനസ്സിലാക്കുന്നത്. ബ്രഹ്മചര്യ, സത്യഗ്രഹം, അഹിംസ തുടങ്ങിയ ആശ്രമജീവിതത്തിന്റെ അടിസ്ഥാനപാഠങ്ങൾ രൂപപ്പെടുത്തുകയും ഈ രണ്ട് കേന്ദ്രങ്ങളും ആശ്രമജീവിതത്തിന്റെ പരിശീലന കേന്ദ്രങ്ങളായി മാറുകയും ചെയ്തു.

ജനങ്ങളെ എങ്ങനെ സ്വാധീനിക്കാൻ കഴിയും എന്ന് ഗാന്ധിജി ഇവിടെ തെളിയിച്ചു. ഹിന്ദു-മുസ്ലിം ഐക്യം നിലനിർത്തുക, എല്ലാ മതങ്ങളെയും ഒന്നുപോലെ ബഹുമാനിക്കുക, സ്ത്രീയെ തുല്യ പങ്കാളിയാക്കുക അടിച്ചമർത്തലുകൾക്ക് എതിരെ പോരാടുക എന്നിവയാരുന്നു അദ്ദേഹം ലക്ഷ്യമാക്കിയത്. ദക്ഷിണാഫ്രിക്ക എം.കെ. ഗാന്ധിയുടെ ആദർശങ്ങളുടെയും ആശയങ്ങളുടേയും കർമ്മഭൂമിയായി മാറുകയായിരുന്നു.

7

***ഫിനിക്സ് സെറ്റിൽമെന്റ്, ടോൾസ്റ്റോയി ഫാം എന്നിവ ഗാന്ധിജിയുടെ ആശ്രമ ജീവിതത്തിന്റെ പരീക്ഷണ കേന്ദ്രങ്ങളായിരുന്നുവെന്ന് തെളിയിക്കുന്ന കുറിപ്പ് തയാറാക്കുക.***

## സത്യാഗ്രഹത്തിന്റെ ഉത്ഭവം

1906-ൽ ഒരു പുതിയ ഉത്തരവ് ട്രാൻസ്വാൾ ഗവൺമെന്റ് അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. എട്ടുവയസ്സിനു മുകളിലുള്ള എല്ലാ ഇന്ത്യൻ 'കൂലി'കളും നിർബന്ധപൂർവം ഏഷ്യാറ്റിക് രജിസ്റ്ററിൽ പേരു ചേർത്ത് സർട്ടിഫിക്കറ്റ് വാങ്ങണമെന്നതായിരുന്നു ഈ ഉത്തരവിന്റെ സാരാംശം. ഈ സർട്ടിഫിക്കറ്റിൽ വ്യക്തികളുടെ വിരലടയാളവും തിരിച്ചറിയുന്ന അടയാളങ്ങളും രേഖപ്പെടുത്തണമെന്ന വ്യവസ്ഥയുമുണ്ടായിരുന്നു. ഈ വ്യവസ്ഥ പാലിച്ചില്ലായെങ്കിൽ പിഴ ചുമത്തുവാനും മൂന്നുമാസം വരെ ജയിൽവാസം വിധിക്കുവാനും വേണ്ടിവന്നാൽ നാടുകടത്തുവാനും ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിൽ വകുപ്പുണ്ടായിരുന്നു. പോലീസ് ആവശ്യപ്പെടുന്നപക്ഷം അവർ ഈ രേഖ കാണിക്കണമെന്നും വ്യവസ്ഥയുണ്ട്. ഒരുവ്യക്തി ഈ നിയമം അനുശാസിക്കുന്ന കാര്യങ്ങൾ പാലിച്ചില്ലായെങ്കിൽ കുറ്റക്കാരനെന്ന് കണ്ടെത്തി ശിക്ഷാവിധി നടപ്പാക്കുമായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരെ വേരോടെ പിഴുതുമാറ്റുവാനുള്ള ഗൂഢതന്ത്രമാണിതെന്ന് എം.കെ. ഗാന്ധിക്കു ബോധ്യമായി. ഈ നിയമത്തിന്റെ ഗുജറാത്തി പരിഭാഷ



മറ്റുള്ളവർക്ക് വ്യക്തമാകുന്നതിനായി ഗാന്ധി പ്രസിദ്ധീകരിച്ചു. അടുത്ത ദിവസം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രമുഖരായ ഇന്ത്യാക്കാർ സമ്മേളിക്കുകയും പ്രസ്തുത നിയമത്തിനെതിരെ സമരംചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു. ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന സുസംഘടിതമായ ബഹുജന പ്രക്ഷോഭമായിരുന്നു അത്.

ഈ സമരത്തെ ആദ്യം നിഷ്ക്രിയ പ്രതിരോധം (Passive Resistance) എന്നാണ് വിളിച്ചിരുന്നത്. പക്ഷേ തന്റെ സമരമാർഗത്തിന് ഈ പേര് ഒട്ടും യോജിച്ചതല്ല എന്ന് ഗാന്ധിക്ക് ബോധ്യമായി. ഇന്ത്യാക്കാർ നട ത്തുന്ന ഒരു സമരത്തിന് ഇംഗ്ലീഷുകാർ നടത്തിയ ഒരു സമരത്തിന്റെ പേരിടുന്നതുപോലും നാണക്കേടായി അദ്ദേഹത്തിനു തോന്നി. സമര മാർഗത്തിന് പുതിയ പേര് നിർദേശിക്കാൻ ഒരു മത്സരം നടത്തുകയും ആ വിവരം 'ഇന്ത്യൻ ഒപ്പീനിയനി'ൽ പരസ്യപ്പെടുത്തുകയും ചെയ്തു. മഗൻലാൽഗാന്ധി നിർദേശിച്ച 'സദഗ്രഹ'- നല്ലകാര്യങ്ങളിൽ ഉറച്ചു നിൽക്കുക എന്ന പേരാണ് കൂടുതൽ സ്വീകാര്യമായി കിട്ടിയത്. ഗാന്ധി ഇതിനെ 'സത്യഗ്രഹ' എന്ന ഭേദഗതി വരുത്തി. 'സത്യ' എന്നാൽ 'സത്യം' എന്നും 'അഗ്രഹ'മെന്നാൽ 'മുറുകെ പിടിക്കുക' എന്നുമാണ്. ഇപ്രകാരം സത്യത്തിലധിഷ്ഠിതമായ ഒരു സമരമാർഗം ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർക്കായി രൂപമെടുത്തു. അക്രമരാഹിത്യത്തിലൂന്നിയുള്ള സമരമാർഗമായതിനാൽ നിഷ്ക്രിയ പ്രതിരോധ (Passive Resistance) എന്ന പേര് മാറ്റുകയും ചെയ്തു.

എം.കെ. ഗാന്ധി ഏഷ്യറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരേ സത്യാഗ്രഹമാർഗം ഉപയോഗിച്ചു. ഈ നിയമത്തെ എതിർക്കുവാൻ തയാറാകണമെന്നും എതിർപ്പിന്റെ ഫലമായുണ്ടാകുന്ന പ്രയാസങ്ങൾ സഹിക്കണമെന്നും അദ്ദേഹം അറിയിച്ചു. ഇന്ത്യാക്കാർ നടത്തിയ അക്രമരാഹിത്യസമരത്തെ ഗവൺമെന്റ് അടിച്ചമർത്തി. ഗവൺമെന്റിന്റെ ക്രൂരമായ അടിച്ചമർത്തലിനെതിരെ പൊതുസമൂഹം ഉണർന്നു. നിയമലംഘന സമരങ്ങൾക്ക് നേതൃത്വം നൽകി. ഗവൺമെന്റുമായി നിരന്തരം ചർച്ചകളും സത്യാഗ്രഹ സമരങ്ങളും നടത്തി. നിയമലംഘനത്തിന്റെ പേരിൽ ആദ്യമായി ശിക്ഷയനുഭവിച്ചു. തെക്കേ ആഫ്രിക്കയിലെ ഭരണാധികാരിയായ ജനറൽ സ്മട്സുമായി ചർച്ചകൾ നടത്തി ചില ഒത്തുതീർപ്പു വ്യവസ്ഥകൾ ഉണ്ടാക്കി. ഒത്തുതീർപ്പു വ്യവസ്ഥകൾ സർക്കാർ തന്നെ ലംഘിച്ചു. സത്യാഗ്രഹ സമരം ശക്തമായി. കൂടുതൽ സ്ത്രീകൾ സമരരംഗത്ത് എത്തിച്ചേർന്നു. ജനറൽ സ്മട്സ് ഗാന്ധിയുമായി നടത്തിയ ദീർഘമായ കൂടിയാലോ

ചനകളുടെ ഫലമായി ഇന്ത്യാക്കാരുടെ അവകാശങ്ങൾ അംഗീകരിക്കപ്പെടുകയും എട്ടുവർഷക്കാലമായി നീണ്ടുനിന്ന സത്യാഗ്രഹസമരം വിജയകരമായി പര്യവസാനിക്കു കയും ചെയ്തു.

**8**

***സത്യത്തിൽ അധിഷ്ഠിതമായ ഒരു സമര മാർഗം ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കായി ഗാന്ധിജി രൂപപ്പെടുത്തിയതെങ്ങനെയെന്ന് വിശദമാക്കുക.***

## ദക്ഷിണാഫ്രിക്കയിലെ ജീവിതത്തിന്റെ പ്രാധാന്യം

ഗാന്ധിയുടെ മൂന്നു രാഷ്ട്രങ്ങളിലെ (ഇന്ത്യ- ഇംഗ്ലണ്ട്- ദക്ഷിണാഫ്രിക്ക) പരീക്ഷണങ്ങളും പ്രവർത്തനപരിചയങ്ങളുമാണ് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ ആകെ തുക. ദക്ഷിണാഫ്രിക്കയുടെ രാഷ്ട്രീയ-സാമൂഹ്യ അവസ്ഥയെക്കുറിച്ച് അറിവില്ലായിരുന്ന സാഹചര്യത്തിലാണ് ഗാന്ധി അവിടെ എത്തിച്ചേർന്നത്. എന്നിരുന്നാലും നീണ്ട 21 വർഷം കൊണ്ട് അദ്ദേഹം ഇരുത്തംവന്ന രാഷ്ട്രീയ നേതാവായി മാറി. വർഗ-വർണ വിവേചനത്തിനെതിരെ പോരാടി. രാഷ്ട്രീയസമരങ്ങളിൽ അക്രമരാഹിത്യമാർഗത്തിന്റെ പ്രാമാണിക തത്വങ്ങൾ ഉപയോഗിച്ചു. ഗാന്ധിയുടെ ആഫ്രിക്കൻ ജീവിതം മറ്റൊരു വിജയത്തിന്റെ സൂചകമായി മാറി. ദക്ഷിണാഫ്രിക്കയിൽ ധാരാളം സന്നദ്ധപ്രവർത്തകരെ സംഘടിപ്പിക്കാൻ ഗാന്ധിക്ക് കഴിഞ്ഞു. വിവിധങ്ങളായ സത്യാഗ്രഹസമരത്തിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കുവാൻ അദ്ദേഹത്തെ പ്രാപ്തമാക്കിയത് ദക്ഷിണാഫ്രിക്കയിലെ അനുഭവങ്ങളും പരീക്ഷണങ്ങളുമായിരുന്നു. ഒരു സാധാരണ വ്യക്തിയായ എം.കെ. ഗാന്ധിയിൽ നിന്നും മഹാത്മാവാത്മിലേക്കുള്ള ഈ പ്രയാണം അദ്ദേഹത്തെ ലോകാദരണീയനാക്കി മാറ്റി.

**9**

***ദക്ഷിണാഫ്രിക്കയിലെ ജീവിതാനുഭവങ്ങൾ ഗാന്ധിജിയെ ഒരു സാമൂഹിക പ്രവർത്തനകനാക്കിയതെങ്ങനെ എന്ന് വിശകലനം ചെയ്യുക.***

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. മജിസ്ട്രേറ്റിന്റെ അവഹേളനം
2. പീറ്റർ മാരിറ്റ്സ് ബർഗ് സംഭവം
3. ദാദാ അബ്ദുള്ള ആന്റ് കമ്പനിയുടെ കേസ് രമ്യമായി പരിഹരിച്ചു. ഗാന്ധിജിയുടെ യാത്രയയപ്പ് സമ്മേളനം, ഇന്ത്യാക്കാരനനുഭവിക്കുന്ന ചൂഷണങ്ങൾ

4. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന്.
5. കുടിയേറ്റ ബില്ലിലെ മൂന്നു വ്യവസ്ഥകൾ.
6. പച്ച ലഘുലേഖ, ഇന്ത്യൻ ഒപ്പീനിയൻ
7. ഫിനിക്സ് സെറ്റിൽമെന്റ്, ടോൾസ്റ്റോയിഫാം എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ
8. ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരെ നടത്തിയ സമരവും, 'സത്യാഗ്രഹ'യുടെ ഉത്ഭവവും.
9. ദക്ഷിണാഫ്രിക്കയിലെ വിവിധ സാമൂഹ്യപ്രവർത്തനങ്ങൾ

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ദക്ഷിണാഫ്രിക്കയിൽ എത്തിയ ഉടൻ തന്നെ ഗാന്ധിജി പ്രശസ്തനായി. എങ്ങനെ?
2. പീറ്റർ മാരിറ്റ് ബർഗ് സംഭവം ഗാന്ധിജിയുടെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. വിശകലനം ചെയ്യുക.
3. പത്രപ്രവർത്തനം സാമൂഹ്യപ്രവർത്തനത്തിൽ അനിവാര്യമായ ഘടകമാണ് ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നടത്തിയ പത്രപ്രവർത്തനത്തെപ്പറ്റി വിശദീകരിക്കുക.
4. ഗാന്ധിജിയുടെ ജീവിതത്തിൽ പാശ്ചാത്യചിന്തകരുടെ സ്വാധീനം വിലയിരുത്തുക.
5. ഒരു സമരം വിജയിക്കുന്നതിൽ സമരമാർഗ്ഗത്തിന് വലിയ പങ്കാണുള്ളത്. ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹ സമരം വിജയിപ്പിക്കുന്നതിൽ ഗാന്ധിജി സ്വീകരിച്ച മാർഗങ്ങൾ വിലയിരുത്തുക.

### ഉത്തര സൂചിക

1. മജിസ്ട്രേറ്റിന്റെ അവഹേളനവും തുടർന്ന് മാധ്യമങ്ങൾ നൽകിയ പ്രചാരണവും.
2. പീറ്റർ മാരിറ്റ് സ്ബർഗ് സംഭവത്തിനു ശേഷം ഇന്ത്യക്കാർ നേരിടുന്ന പ്രശ്നങ്ങൾക്കെതിരെ പോരാടുവാൻ തീരുമാനിച്ചു.
3. പച്ച ലഘുലേഖയും, ഇന്ത്യൻ ഒപ്പീനിയനും.
4. റസ്കിൻ, ടോൾസ്റ്റോയി, തോറോ എന്നിവരുടെ സ്വാധീനം.
5. ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിന്റെ ഗുജറാത്തി പരിഭാഷ പ്രസിദ്ധീകരിച്ചു. ബഹുജന പ്രക്ഷോഭത്തിന് രൂപം നൽകി. 'സത്യാഗ്രഹം' എന്ന പുതിയ സമരായുധത്തിന് രൂപം നൽകി.

## തുടർ പ്രവർത്തനങ്ങൾ/മൂല്യനിർണയപ്രവർത്തനങ്ങൾ

"ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കയിലെ പ്രവർത്തനങ്ങൾ" എന്ന വിഷയത്തിൽ ഒരു പ്രബന്ധം തയാറാക്കുക.

## സംഗ്രഹം

ഇന്ത്യയിൽ പരാജിതനായ എം.കെ.ഗാന്ധി എന്ന അഭിഭാഷകൻ സൗത്താഫ്രിക്കയിൽ വിജയം കൈവരിച്ചു. ജനങ്ങളിലേക്കിറങ്ങിച്ചെന്ന് അവരെ സ്വാധീനിക്കുന്നതിൽ ഇന്ത്യൻ ഒപ്പീനിയൻ എന്ന പത്രം ഗാന്ധിജിയെ സഹായിച്ചു. സൗത്താഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങളിൽ ഗാന്ധിജി നടത്തിയ ഇടപെടലുകൾ അവിടെയുള്ള ഇന്ത്യക്കാരുടെ ആത്മവീര്യം വർദ്ധിപ്പിച്ചു. റെസ്കിൻ, ടോൾസ്റ്റോയി, തോറോ എന്നിവരുടെ സ്വാധീനങ്ങൾ ഗാന്ധിജിയുടെ കാഴ്ചപ്പാടിലും, സമൂഹജീവിത പരീക്ഷണങ്ങളിലും, സത്യാഗ്രഹയിലും പ്രതിഫലിച്ചു. ഒരു പൊതുപ്രവർത്തകൻ എങ്ങനെ ലളിത ജീവിതം നയിക്കാം എന്ന് ഗാന്ധിജി തന്റെ ജീവിതത്തിലൂടെ തെളിയിച്ചു. സത്യാഗ്രഹത്തെ സമരതന്ത്രം രൂപപ്പെടുത്തിയതും, പ്രായോഗിക തലത്തിൽ നടപ്പിലാക്കി അംഗീകാരം നേടിയതും ദക്ഷിണാഫ്രിക്കയിൽ വച്ചായിരുന്നു.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • പീറ്റർ മാരിറ്റ്സ് ബർഗ് സംഭവം ഗാന്ധിജിയിലെ സാമൂഹ്യ പ്രവർത്തകനെ എങ്ങനെ രൂപപ്പെടുത്തിയെന്ന് വിശകലനം ചെയ്യാൻ | | | |
| • കുടിയേറ്റ നിയമത്തിനെതിരെ ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി നടത്തിയ പ്രക്ഷോഭങ്ങളെ വിശദീകരിക്കാൻ | | | |
| • ബ്രിട്ടീഷുകാരോട് കൂറ് കാണിച്ചുകൊണ്ട് ദക്ഷിണാഫ്രിക്കയിൽ നടത്തിയ പ്രസ്ഥാനങ്ങൾ വിശകലനം ചെയ്യാൻ | | | |
| • സമൂഹ ജീവിതത്തിൽ നടത്തിയ പരീക്ഷണങ്ങൾ വിലയിരുത്താൻ | | | |
| • ഗാന്ധിജിയുടെ ആശയ രൂപീകരണത്തിൽ മഹദ് വ്യക്തികളുടെ സ്വാധീനം വിലയിരുത്താൻ | | | |
| • സത്യാഗ്രഹ എന്ന സമര തന്ത്രം രൂപപ്പെടുത്തിയതെങ്ങനെയെന്ന് വിശദീകരിക്കാൻ | | | |

4

# ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക്



## ആമുഖം

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്കിനെക്കുറിച്ചാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്. പ്രാദേശിക പ്രശ്നങ്ങളിലൂടെയാണ് ഗാന്ധിജി ദേശീയരാഷ്ട്രീയസമരരംഗത്തേക്ക് കടന്നുവന്നത്. സാമുദായിക സംഘർഷങ്ങൾ ഇല്ലായ്മ ചെയ്യുവാനുള്ള പ്രവർത്തനങ്ങളും സാമൂഹ്യ രാഷ്ട്രീയ രംഗത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ഇവിടെ പ്രതിപാദിക്കുന്നു.

1915 ജനുവരിയിൽ ദക്ഷിണാഫ്രിക്കയിൽ നിന്നും ഗാന്ധിജി ഇന്ത്യയിൽ മടങ്ങിയെത്തി. ദക്ഷിണാഫ്രിക്കയിൽ നിന്നും തന്നെ അനുഗമിച്ച അനുയായികളെ പാർപ്പിക്കുന്നതിനായി അഹമ്മദാബാദിലെ കൊച്റബിൽ ആശ്രമം സ്ഥാപിച്ചു. തുടർന്ന് ഈ ആശ്രമം സബർമതിയിലേക്ക് മാറ്റി സ്ഥാപിക്കുകയും വാർധയിൽ മറ്റൊരു ആശ്രമം സ്ഥാപിക്കുകയും ചെയ്തു.

ഗോഖലെയുടെ ഉപദേശപ്രകാരം ഗാന്ധിജി ഒരു വർഷക്കാലത്തേക്ക് സജീവ രാഷ്ട്രീയത്തിൽ നിന്നും അകന്നുനിന്നു. ഇന്ത്യയെ അടുത്തറിയുന്നതിനായി ഗോഖലെയുടെ ഉപദേശപ്രകാരം തീവണ്ടിയിലെ സെക്കന്റ് ക്ലാസ് കമ്പാർട്ടുമെന്റിൽ ദേശംമുഴുവൻ ചുറ്റിസഞ്ചരിച്ചു. എന്നാൽ ദേഹാസ്വാസ്ഥ്യങ്ങൾ മൂലം യാത്ര മുഴുപ്പിക്കുവാൻ അദ്ദേഹത്തിനായില്ല. വ്യത്യസ്തമായ അനുഭവങ്ങളും കാഴ്ചപ്പാടുകളുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ മടങ്ങിവരവ്.

## പഠനനേട്ടങ്ങൾ

- ദേശീയ പ്രസ്ഥാനത്തെപ്പറ്റി വിശദീകരിക്കുന്നു.
- ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള പ്രധാനസമരങ്ങളും സംഭവങ്ങളും വിലയിരുത്തുന്നു.
- സാമുദായിക ലഹളകൾ പരിഹരിക്കുവാനുള്ള ഗാന്ധിജിയുടെ ഇടപെടൽ വിശകലനം ചെയ്യുന്നു.
- ഒരു സാമൂഹ്യരാഷ്ട്രീയ പ്രവർത്തകൻ എന്ന നിലയിൽ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവയുടെ പ്രസക്തി വിലയിരുത്തുന്നു.

# ഇന്ത്യൻ സ്വാതന്ത്ര്യസമരം ഗാന്ധിജിക്ക് മുൻപ്

പത്തൊൻപതാംനൂറ്റാണ്ടോടെ ഇന്ത്യയിൽ ആധുനിക ദേശീയപ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. നൂറ്റാണ്ടിന്റെ പകുതിയോടെ ഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ അധീനതയിലായി. രാജ്യത്തുടനീളം സാമ്രാജ്യത്വത്തിനും ബ്രിട്ടീഷ്ഭരണത്തിനുമെതിരെ ലഹളകൾ പൊട്ടിപ്പുറപ്പെട്ടു. 1857-ലെ മഹത്തായ വിപ്ലവമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിലെ മറ്റൊരു പ്രധാനസംഭവമായി വിശേഷിപ്പിക്കുന്നത്.

ഇന്ത്യൻസ്വാതന്ത്ര്യസമരത്തിന്റെ ആദ്യകാലഘട്ടം മിതവാദികളുടെ രാഷ്ട്രീയ ഇടപെടലുകളായിരുന്നു. ദാദാഭായ് നവറോജി, പി.എം.മേഹ്ത്ത, ദെനേഷ് വാച്ച, ഡബ്ല്യൂ സി ബാനർജി, സുരേന്ദ്രനാഥ് ബാനർജി, ഗോപാലകൃഷ്ണ ഗോഖലെ എന്നിവരായിരുന്നു ഈ കാലഘട്ടത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയിരുന്നത്. ഇവരിൽ ഏറിയപങ്കും പാശ്ചാത്യവിദ്യാഭ്യാസം നേടിയവരായിരുന്നു. പാശ്ചാത്യ പ്രത്യയശാസ്ത്രങ്ങളിലും ചിന്താഗതികളിലും ആകൃഷ്ടരായ ഇവർ ബ്രിട്ടീഷ് ഭരണം ഇന്ത്യയ്ക്ക് ഗുണകരമാണെന്ന വിശ്വാസം പുലർത്തി. കൂടാതെ ബ്രിട്ടനെപ്പോലെ ഇന്ത്യയും അഭിവൃദ്ധി പ്രാപിക്കുമെന്ന് അവർ വിശ്വസിച്ചു.

മിതവാദികളിൽ പലരും സമൂഹത്തിന്റെ ഉയർന്ന തലങ്ങളിൽ നിന്നും എത്തിയവരായിരുന്നു.

ആയതിനാൽ തന്നെ ജനകീയപ്രക്ഷോഭങ്ങളോട് ഇവർ ആഭിമുഖ്യം പുലർത്തിയി

രുന്നില്ല. ഇതുകൊണ്ടുതന്നെ മിതവാദികൾക്ക് ബഹുജനപിന്തുണ ലഭിച്ചിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ രണ്ടാംഘട്ടം തീവ്രവാദരാഷ്ട്രീയവാദികളുടെ ആവിർഭാവമായിരുന്നു.



അരവിന്ദ്ഘോഷ്, ബാല ഗംഗാധര തിലക്, ലാലാ ലജ്പത് റായ് എന്നിവരായിരുന്നു പ്രസ്ഥാനത്തിന്റെ പ്രധാനനേതാക്കൾ. വൈസ്രോയിയുടെ രാഷ്ട്രീയവിരുദ്ധ നിലപാടുകൾ, ക്ഷാമം, പ്ലേഗ്, പകർച്ചവ്യാധികൾ, പ്രതികൂല സാമ്പത്തിക സാഹചര്യം, ഹിന്ദുമതനവീകരണം, വർഗവിവേചനം, വിപ്ലവങ്ങളുടെയും അന്താരാഷ്ട്രസംഭവങ്ങളുടെയും സ്വാധീനം, വിദ്യാഭ്യാസത്തിന്റെ പ്രചാരം തുടങ്ങിയ ഘടകങ്ങൾ തീവ്രവാദ പ്രസ്ഥാനങ്ങൾ വളരുവാൻ കാരണമായി.

സ്വരാജ്, സ്വദേശി ബഹിഷ്കരണം, നിസ്സഹകരണപ്രസ്ഥാനം, ദേശീയ വിദ്യാഭ്യാസം എന്നിവയായിരുന്നു ഇവരുടെ പ്രധാന കർമ്മപരിപാടികൾ. 1911-ൽ ബംഗാൾ വിഭജനം റദ്ദാക്കുവാനുള്ള പ്രധാന കാരണം തീവ്രവാദ പ്രസ്ഥാനങ്ങളുടെ സ്വാധീനമായിരുന്നു.

1906 ഡിസംബർ 30ന് മുസ്ലീം ലീഗ് രൂപീകൃതമായി. ദേശീയ പ്രസ്ഥാനത്തിൽ ലീഗ് ഒരു പ്രധാന ശക്തിയായിത്തീർന്നു.

1

***ഇന്ത്യൻ സ്വാതന്ത്ര്യസമരം ഗാന്ധിജിക്ക് മുൻപ് എങ്ങനെയായിരുന്നുവെന്ന് വിശകലനം ചെയ്യുക.***

| ഇന്ത്യൻ ദേശീയതയുടെ ആവിർഭാവം | | | |
|---|---|---|---|
| **ഘട്ടം 1** | **മിതവാദികൾ** | **ഘട്ടം 2** | **തീവ്രവാദികൾ** |
| നേതാക്കൾ | സമീപനങ്ങൾ | നേതാക്കൾ | സമീപനങ്ങൾ |
| * | | * | |
| * | | * | |

# പ്രാദേശിക പ്രശ്നങ്ങളിലൂടെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് ഗാന്ധിജിയുടെ രംഗപ്രവേശം

## ചമ്പാരൻ സത്യാഗ്രഹം (1917)



മഹാത്മാഗാന്ധി ഇന്ത്യയിൽ നേതൃത്വം നൽകിയ ആദ്യകാല സമരങ്ങൾ മിക്കതും കർഷകരുടേയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ളതായിരുന്നു. 1916-ൽ ചമ്പാരനിലെ രാജ്കുമാർ ശുക്ല എന്ന കർഷകൻ ഗാന്ധിജിയെ കണ്ടുമുട്ടുകയും അവിടുത്തെ ജനത നീലം തോട്ടമുടമകളിൽ നിന്നും അനുഭവിക്കുന്ന യാതനകൾ വിശദീകരിക്കുകയും ചെയ്തു. കർഷകർ സ്വന്തം ഭൂമിയുടെ 20ൽ 3 ഭാഗം ഭൂഉടമകൾക്കായി നീലം കൃഷി ചെയ്യണം എന്ന് നിർബന്ധിച്ചു. ഇത് തീൻ കഠിയാസമ്പ്രദായം എന്ന് അറിയപ്പെട്ടു. 1917-ൽ ഗാന്ധിജി ചമ്പാരനിൽ എത്തിച്ചേർന്നു. "എന്റെ ലക്ഷ്യം ചമ്പാരനിലെ ജനതയുടെ ദുരിതദുഃഖങ്ങൾ അറിയുകയും അവർ നീലം തോട്ടമുടമകൾക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളുടെ നിജസ്ഥിതി അറിയുകയുമാണ്. ഇതിനായി ആയിരക്കണക്കിന് തൊഴിലാളികളെ നേരിൽ കാണേണ്ടതായി വരും. പക്ഷെ എന്റെ അന്വേഷണം ആരംഭിക്കുന്നതിന് മുമ്പ് തോട്ടം ഉടമകൾ, കമ്മീഷണർ, ദിവാൻ എന്നിവരുടെ ഭാഗം കേൾക്കേണ്ടതും വിശ്വാസമാർജിക്കേണ്ടതും ആവശ്യമാണ്. ഞാൻ അതിനായി ശ്രമിക്കുകയും കൂടിക്കാഴ്ചക്കുള്ള അവസരം അനുവദിക്കുകയും ചെയ്തു." പ്ലാന്റർമാരുടെ സെക്രട്ടറി ഗാന്ധിജി പുറമേ നിന്നുള്ള ആളാണെന്നും കർഷകരുടെ പ്രശ്നത്തിൽ ഇടപെടേണ്ടതില്ലെന്നുമുള്ള നിലപാടു സ്വീകരിച്ചു. ഏതെങ്കിലും തരത്തിലുള്ള പരാതിയുണ്ടെങ്കിൽ എഴുതി സമർപ്പിക്കുവാൻ ഗാന്ധിജിക്ക് അവസരം നൽകി. എന്നാൽ ചമ്പാരനിലെ പ്രശ്നങ്ങളിൽ ഇടപെടാതെ തൽക്ഷണം അവിടംവിട്ട് പോകണം എന്ന് കമ്മീഷണർ ഗാന്ധിജിയെ ഉപദേശിച്ചു.

ഇതിനു വിപരീതമായി ചമ്പാരനിലെ പ്രശ്നങ്ങൾ അന്വേഷിക്കുവാൻ പുറപ്പെട്ടപ്പോൾ, ചമ്പാരൻ വിട്ടുപോകുവാനുള്ള ഉത്തരവ് ഗാന്ധിജിക്കു ലഭിച്ചു. അന്വേഷണം പൂർത്തിയാക്കാതെ ചമ്പാരൻ വിട്ടുപോകുവാൻ ഗാന്ധി തയ്യാറായില്ല. തുടർന്ന് കോടതിയിൽ കീഴടങ്ങാനും വാദം കേൾക്കാനുമുള്ള ആജ്ഞ ലഭിച്ചു. ഈ വാർത്ത ജനങ്ങൾക്കിടയിൽ കാട്ടുതീപോലെ പടർന്നു. നിയമപരമായി തനിക്കെതിരെയുള്ള പരാതി പരിഹരിക്കാമായിരുന്നെങ്കിലും ഗാന്ധിജി ഉത്തരവ് കൈപ്പറ്റുകയും അത് നൽകുവാൻ

നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരോട് മര്യാദപൂർവം പെരുമാറുകയും ചെയ്തു. ഗാന്ധിജി അനുയായികളോട് ജനങ്ങളെ നിയന്ത്രിക്കുവാൻ നിർദേശം നൽകി. ചമ്പാരനിൽ ഗാന്ധി ജിക്ക് ഊഷ്മളമായ സ്വീകരണമാണ് ലഭിച്ചത്. ആത്മകഥയിൽ അദ്ദേഹം ഇപ്രകാരം എഴുതി "ഇത് ഒട്ടും അതിശയോക്തിയല്ല, തികച്ചും വാസ്തവമായി തന്നെ പറയുന്നു, കർഷകരെ നേർക്കുനേർ കണ്ടപ്പോൾ ഞാൻ ഈശ്വരൻ, സത്യം, അഹിംസ എന്നി വർക്ക് നേർക്കുനേർ നിൽക്കുകയായിരുന്നു."

ലഫ്റ്റന്റ് ഗവർണറായിരുന്ന സർ.എഡ്വേർഡ് ഗേയ്റ്റ് അന്വേഷണ കമ്മീഷനെ നിയോഗിക്കുവാൻ തയാറാണെന്നും ആ കമ്മിറ്റിയിൽ ഗാന്ധിജി അംഗമാകണമെന്നും വ്യക്തമാക്കി. നിബന്ധനകൾക്കുവിധേയമായി ഗാന്ധിജി നിർദേശം സ്വീകരിച്ചു. ജന ങ്ങളുമായി ബന്ധപ്പെടുവാനുള്ള അവസരം നിലനിർത്തിക്കൊണ്ടും, പരാജയം ഉണ്ടാ യാൽ സമരത്തിന്റെ ഗതിമാറ്റി കർഷകരെ ഒരുമിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഉറപ്പാ ക്കിക്കൊണ്ടും ഗാന്ധിജി കമ്മീഷനുമായി സഹകരിച്ചു. കർഷകർക്കനുകൂലമായ കണ്ടെ ത്തലുകളാണ് കമ്മീഷൻ സമർപ്പിച്ചത് സത്യാഗ്രഹ സമരത്തിനൊടുവിൽ ഭരണകൂടം "സമരത്തോടൊപ്പം ചമ്പാരൻ ജനതയുടെ ക്ഷേമത്തിനും ജീവിതനിലവാരം ഉയർത്തു ന്നതിനുമായി ഗാന്ധിജി നിർമ്മാണപ്രവർത്തനങ്ങൾ (constructive programmes) ആരം ഭിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനായുള്ള സ്കൂളുകൾ, ശുചീകരണപ്രവർത്തനങ്ങൾ, ആരോഗ്യപരിചരണം എന്നിവയായിരുന്നു പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ.

2

***ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ സത്യാഗ്രഹമായിരുന്നു ചമ്പാരൻ സത്യാഗ്രഹം, വിലയിരുത്തുക.***

## അഹമ്മദാബാദ് തൊഴിലാളി സമരം (1918)

അഹമ്മദാബാദിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് അഹമ്മദാബാദ് ടെക്സ്റ്റൈൽ ലേബർ അസോസിയേഷൻ സ്ഥാപകയായി രുന്ന അനസൂയ ബഹൻ അയച്ച ഒരു കത്ത് ഗാന്ധിജിക്ക് ലഭിച്ചു. കുറഞ്ഞ വേതനം പരിഷ്കരിക്കുന്നതിനായി കാലങ്ങളായി പ്രതിഷേധത്തിലായിരുന്നു തൊഴിലാളികൾ. സൗഹാർദപരമായ ബന്ധം സ്ഥാപിച്ച് അവരുമായി ചർച്ചയിലേർപ്പെടുകയും പ്രശ്ന ങ്ങൾ സമവായത്തിലൂടെ പരിഹരിക്കുകയും വേണമെന്ന് ഗാന്ധിജി അഭ്യർഥിച്ചു.. അവർ അത് നിരസിച്ചതിനേത്തുടർന്ന് അദ്ദേഹം സത്യാഗ്രഹ സമരത്തിന് ആഹ്വാനം നൽകി. വിജയകരമായി സമരം പൂർത്തിയാക്കുവാൻ ഗാന്ധിജി തൊഴിലാളികൾക്ക് ഏതാനും നിർദേശങ്ങൾ നൽകി. ഇവയെ സത്യാഗ്രഹികൾ പാലിക്കേണ്ട നിയമങ്ങളായി കണ ക്കാക്കാം. അവ ചുവടെ ചേർക്കുന്നു.

- അക്രമം അരുത്
- കരിങ്കാലികളെ ഉപദ്രവിക്കരുത്
- ഒരിക്കലും ആയുധം ഉപയോഗിക്കരുത്
- വിജയംവരെ അടിയുറച്ച് നിൽക്കുകയും ആഹാരത്തിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യുക.

ഈ സമരത്തിൽവച്ചാണ് ഗാന്ധിജി സർദാർ വല്ലഭായി പട്ടേലിനെയും ശങ്കർലാൽ ബാങ്കറെയും പരിചയപ്പെട്ടത്. സബർമതി ആശ്രമത്തിൽ എല്ലാ ദിവസവും ഒത്തുചേർന്ന് സമരത്തെക്കുറിച്ച് വിലയിരുത്തുമായിരുന്നു. സമരം ഏകദേശം 21 ദിവസത്തോളം നീണ്ടുനിന്നു. സമരസമയത്തു പോലും ഗാന്ധിജി തൊഴിൽ ഉടമകളുമായി ബന്ധപ്പെടുകയും തൊഴിലാളികളുടെ നീതിക്കായി ശ്രമിക്കുകയും ചെയ്തു. മൂന്നാമന്റെ ഇടപെടൽ അവർക്ക് സ്വീകാര്യമായിരുന്നില്ല എന്നതുമാത്രമല്ല ചർച്ചയ്ക്കും സന്ധിസംഭാഷണത്തിനും തയാറായതുമില്ല.

ആദ്യത്തെ രണ്ടാഴ്ച തൊഴിലാളികൾ ആത്മസംയമനം പാലിച്ചുകൊണ്ട് ധൈര്യശാലികളായി കാണപ്പെട്ടു. എന്നാൽ എപ്പോഴെങ്കിലും അക്രമം പൊട്ടിപ്പുറപ്പെട്ടേക്കുമെന്ന് ഗാന്ധിജി ശങ്കിച്ചു. അതിനാൽ ഗാന്ധിജി ഉപവാസം ആരംഭിച്ചു. ജനസമ്മിതി ആർജിക്കുന്നതിനും ആത്മവിശ്വാസം വളർത്തിയെടുക്കുന്നതിനും ഉതകുന്ന സാഹചര്യങ്ങൾ ഗാന്ധിജി വളർത്തിയെടുത്തു. തുടർന്ന് മിൽ ഉടമകൾ ചർച്ചയ്ക്ക് തയാറായി. അനസൂയ ബഹന്റെ വസതിയിൽ ഒരു മധ്യസ്ഥന്റെ സഹായത്തോടെ ചർച്ച നടത്തുകയും അതിൻപ്രകാരം നീണ്ട 21 ദിവസത്തെ സത്യാഗ്രഹ സമരം ഗാന്ധിജി അവസാനിപ്പിക്കുകയും ചെയ്തു.

3

***ഗാന്ധിജി നേതൃത്വം കൊടുത്ത അഹമ്മദാബാദ് തൊഴിലാളി സമരത്തെക്കുറിച്ച് വിവരിക്കുക.***

***ഇന്നത്തെ തൊഴിൽ സമരങ്ങളിൽ ഗാന്ധിജി നിർദേശിച്ചതു പോലെയുള്ള സമരരീതികൾ ഏതെങ്കിലും ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.***

## ഖേദ സത്യാഗ്രഹം (1918)

തുടർച്ചയായുണ്ടായ ക്ഷാമം, ബ്രിട്ടീഷ് ഭരണം മൂലമുണ്ടായ ദുരിതം എന്നിവ ഇന്ത്യയിലെ കർഷകസമൂഹത്തെ വളരെയധികം ദുരിതത്തിലാഴ്ത്തി. ഇത്തരം സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി ഗാന്ധിജി സത്യാഗ്രഹ സമരപരിപാടികൾക്ക് നേതൃത്വം നൽകി.

ഗുജറാത്തിലെ ഖേദ ജില്ലയിൽ വ്യാപകമായ കൃഷിനാശം സംഭവിച്ചു. ഇത് ദാരിദ്ര്യം

വർധിക്കുന്നതിന് കാരണമായി. പ്രസ്തുത കാലയളവിലെ നികുതി നിർണയം ഒഴിവാക്കുവാൻ ജനങ്ങൾ ആഗ്രഹിച്ചു. നിലവിലുള്ള നിയമപ്രകാരം ഉൽപ്പാദനം 4 അണക്ക് തുല്യമോ അതിൽ താഴെയോ ആയാൽ ആ വർഷത്തെ നികുതി വിലയിരുത്തലിൽ നിന്ന് അത്തരം കർഷകരെ ഒഴിവാക്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ക്ഷാമം വിലയിരുത്തുവാനെത്തിയ അന്വേഷണ ഉദ്യോഗസ്ഥർ തെറ്റായ സ്ഥിതിവിവരക്കണക്കുകൾ നൽകിയതിനാൽ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചില്ല. പൊതുജനങ്ങളുടെ പ്രശ്നം പരിഹരിക്കണം എന്ന ആവശ്യം ഭരണകൂടം നിരാകരിച്ചു. ഗാന്ധിജിയും അനുയായികളും നികുതിപിരിവ് നിർത്തുവാനും ഉദ്യോഗസ്ഥരെ പിൻവലിക്കുവാനും ആവശ്യപ്പെട്ടു. ആവശ്യങ്ങൾ നിരാകരിക്കപ്പെട്ടതിനെ തുടർന്ന് ഗാന്ധിജി സത്യാഗ്രഹത്തിന് ആഹ്വാനം നൽകി.

ജനങ്ങൾ വർധിച്ച വീര്യത്തോടെയും ആത്മവിശ്വാസത്തോടെയും സമരത്തിൽ പങ്കുചേർന്നു. ഗവൺമെന്റ് കർഷകരെ അടിച്ചമർത്തുന്ന നയം സ്വീകരിച്ചു. ഉദ്യോഗസ്ഥർ കന്നുകാലികളെ കണ്ടുകെട്ടുകയും പിഴ ഈടാക്കുന്നതിനുള്ള താക്കീത് നൽകുകയും ചെയ്തു. ഗവൺമെന്റ് അധാർമ്മികമായി കൈവശപ്പെടുത്തിയ കൃഷിഭൂമിയിലെ ഉള്ളി വിളവെടുത്ത് നീക്കം ചെയ്യുവാൻ ഗാന്ധിജി ജനങ്ങളോട് ആഹ്വാനം ചെയ്തു. നിയമം നിഷേധിച്ചതുമൂലം ജനങ്ങൾക്ക് ജീവിതത്തിൽ ആദ്യമായി പിഴയടക്കേണ്ടി വരുകയും ജയിൽവാസം അനുഭവിക്കേണ്ടിവരുന്ന സാഹചര്യത്തെ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്തു. ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന മോഹൻലാൽ പാണ്ഡ്യയുടെ നേതൃത്വത്തിൽ വിളനിലങ്ങളിൽ നിന്നും ഉള്ളി നീക്കം ചെയ്യുവാൻ ആരംഭിച്ചു. ഇതേ തുടർന്ന് അദ്ദേഹത്തെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. ഈ സംഭവം ജനങ്ങളുടെ ആവേശം വർധിപ്പിക്കുകയും അവരുടെ ധീരനേതാക്കളെ അനുഗമിച്ചുകൊണ്ട് ജാഥകൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിനുശേഷം മോഹൻലാൽ പാണ്ഡ്യ 'ഉള്ളിക്കള്ളൻ' (Onion Theif) എന്ന് അറിയപ്പെട്ടു.

കുറച്ച് നാളുകൾക്ക് ശേഷം ജനങ്ങൾ നിരാശരായി കാണപ്പെട്ടു. ആയതിനാൽ ഉചിതമായ മാർഗത്തിലൂടെ സമരം ഒത്തുതീർപ്പാക്കുവാൻ ഗാന്ധിജി ആഗ്രഹിച്ചു. സമൂഹത്തിലെ സമ്പന്നരായ ആളുകൾ അവരുടെ നികുതി കുടിശ്ശിക അടച്ചുതീർത്താൽ പാവപ്പെട്ടവരുടെ കടങ്ങൾ എഴുതി തള്ളാമെന്ന് ഭരണകൂടം ഉറപ്പുനൽകി. രേഖാമൂലം ഉറപ്പു ലഭിച്ചതിനെ തുടർന്ന് സത്യാഗ്രഹസമരം പിൻവലിച്ചു. 'ഖേദ സത്യാഗ്രഹം' വൻവിജയമായിരുന്നെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നില്ല. സത്യാഗ്രഹസമരം വിജയിക്കുന്നത് അതിൽ പങ്കെടുത്തവർക്ക് കൂടുതൽ കരുത്തും ആത്മീയബോധവും പ്രാപ്തമാകുമ്പോൾ മാത്രമാണ്. യാതൊരുവിധ പ്രശ്നപരിഹാരവും സത്യാഗ്രഹസമരത്തിലൂടെ നേടാനായില്ലെന്ന് അധികാരികൾ വിലയിരുത്തി. നികുതി ഒഴിവാക്കിയെങ്കിലും ചുരുക്കം ചിലർക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചത്.

എന്നാൽ വിദ്യാസമ്പന്നരായ പൊതുപ്രവർത്തകരെ സത്യാഗ്രഹസമരത്തിലേക്ക് ആകർഷിക്കുവാൻ ഖേദ സത്യാഗ്രഹത്തിലൂടെ സാധിച്ചു. കർഷകരുടെ ജീവിതവു

മായി താദാത്മ്യം പ്രാപിക്കുവാൻ അവർക്ക് അവസരം ലഭിച്ചു. ഖേദ സത്യാഗ്രഹത്തിലൂടെ വല്ലഭായ് പട്ടേൽ ദേശീയനേതാവായി ഉയർന്നു.

4

***കർഷകരുടെ നികുതി പിരിവ് ഒഴിവാക്കുന്നതിനായി ഗാന്ധിജി നടത്തിയ ഒരു പ്രാദേശിക സത്യാഗ്രഹം ഏതെന്ന് കണ്ടെത്തി വിശകലനം ചെയ്യുക.***

അങ്ങനെ ചമ്പാരൻ, അഹമ്മദാബാദ്, ഖേദ സത്യാഗ്രഹങ്ങളിലൂടെ ഗാന്ധിജി കർഷകരുടേയും തൊഴിലാളികളുടേയും പ്രാദേശിക പ്രശ്നത്തിൽ പരിഹാരത്തിനായി ഇടപെട്ടുകൊണ്ട് ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് രംഗപ്രവേശം ചെയ്തു. അനീതിക്കെതിരായി പ്രയോഗിക്കാവുന്ന ശക്തിമത്തായ സമരായുധമായി സത്യാഗ്രഹം സാർവത്രികത നേടി.

| ആദ്യകാല സത്യാഗ്രഹ സമരങ്ങൾ | | | |
|---|---|---|---|
| **സത്യാഗ്രഹം** | **കാരണങ്ങൾ** | **സമരമാർഗങ്ങൾ/രീതികൾ** | **ഫലങ്ങൾ** |
| ചമ്പാരൻ | | | |
| അഹമ്മദാബാദ് | | | |
| ഖേദ | | | |

## റൗലറ്റ് ആക്ട് (1919)

1919 ഏപ്രിൽ 6ന് 'റൗലറ്റ് ആക്ട്' എന്ന കരിനിയമത്തിനെതിരെ ഗാന്ധിജി ദേശീയതലത്തിൽ ഹർത്താലിന് ആഹ്വാനം ചെയ്തു. ഈ നിയമപ്രകാരം ഏതൊരു ഇന്ത്യാക്കാരനെയും അറസ്റ്റു ചെയ്യുവാനും കുറ്റവിചാരണ കൂടാതെ തുറുങ്കിലടക്കുവാനുമുള്ള പരമാധികാരം ബ്രിട്ടീഷ് അധികാരികൾക്ക് ലഭിച്ചു. ഒന്നാം ലോകമഹായുദ്ധകാലത്ത് പൊതുജനങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ഗൂഢാലോചന നടത്താതിരിക്കുവാനുമായിരുന്നു നിയമം നടപ്പിലാക്കിയത്. ബംഗാളിലേയും പഞ്ചാബിലെയും വിപ്ലവത്തെക്കുറിച്ച് സ്ഥിതിഗതികൾ അന്വേഷിക്കുവാൻ ജസ്റ്റിസ് എസ്.എ.ടി റൗലറ്റ് നിയമിതനായി. കമ്മീഷന്റെ കണ്ടെത്തലുകൾക്കനുസൃതമായി "അരാജകത്വ വിപ്ലവാത്മക കുറ്റകൃത്യ നിയമം" പാസാക്കി. 1919 മാർച്ച് 10ന് നിലവിൽ വന്ന ഈ നിയമം റൗലറ്റ് ആക്ട് എന്ന് അറിയപ്പെടുന്നു. പ്രാദേശിക ഭരണകർത്താക്കൾക്ക് ഏതു സമയത്തും പരിശോധന നടത്താനും സംശയം തോന്നുന്നവരെ വാറണ്ടു കൂടാതെ അറസ്റ്റു ചെയ്യുവാനുമുള്ള വിപുലമായ അധികാരങ്ങൾ നൽകി ചുമതല ഏൽപ്പിച്ചു.

## ജാലിയൻവാലാ ബാഗ് കൂട്ടക്കുരുതി


*ജാലിയൻവാലാ ബാഗ് സ്തൂപം*

റൗലറ്റ് ആക്ടിനെതിരെ ഹർത്താലിനുള്ള ആഹ്വാനം പഞ്ചാബിൽ കനത്ത പ്രതികരണം ഉണ്ടാക്കി. ഡോ.സത്യപാൽ, കിഷല്യു തുടങ്ങിയ ദേശീയനേതാക്കൾ ജനകീയപ്രതിഷേധത്തെ അഭിസംബോധന ചെയ്തു. പഞ്ചാബിലെ റാലിയിൽ പ്രസംഗിക്കുവാൻ ഗാന്ധിജി പുറപ്പെട്ടെങ്കിലും ബോംബെയിൽ വച്ച് അറസ്റ്റ് ചെയ്യപ്പെട്ടു. അറസ്റ്റ് ചെയ്ത നേതാക്കളെ മോചിപ്പിക്കുന്നതിനായി പ്രതിഷേധക്കാർ ഡെപ്യൂട്ടി കമ്മീഷണർ മിത്സ് ഇർവിംഗ്സിന്റെ ബംഗ്ലാവിലേക്ക് മാർച്ച് നടത്തി. അതേ തുടർന്ന് ഉണ്ടായ അടിച്ചമർത്തലിൽ അനേകം പേർക്ക് പരിക്കേൽക്കുകയും ചിലർ കൊല്ലപ്പെടുകയും ചെയ്തു. അക്രമാസക്തരായ ജനങ്ങൾ അമൃതസറിലെ ബ്രിട്ടീഷ് സ്ഥാപനങ്ങൾക്ക് തീവെയ്ക്കുകയും ചിലരെ വധിക്കുകയും ചെയ്തു.

1919 ഏപ്രിൽ 11ന് ജനറൽ ഒ ഡയർ അധികാരത്തിൽ വരികയും പട്ടാള നിയമം നടപ്പാക്കുകയും ചെയ്തു. 12-ാം തീയതി ക്രിമിനൽ ശിക്ഷാനിയമം 144 പ്രകാരം ജാഥകളും മീറ്റിങ്ങുകളും നിരോധിച്ചുകൊണ്ട് ഉത്തരവിറങ്ങി. പോലീസിന്റെ അക്രമത്തിനെതിരെ 13-ാം തീയതി അമൃത്സറിലെ 'ജാലിയൻവാലാ ബാഗ്' മൈതാനിയിൽ ഒരു പൊതുസമ്മേളനം സംഘടിപ്പിച്ചു. ഇതിൽ വൈശാഖി ഉത്സവത്തിൽ പങ്കെടുക്കുവാനെത്തിയവരും ഉണ്ടായിരുന്നു. ഈ മൈതാനത്ത് കേവലം ഒരു പ്രവേശനകവാടം മാത്രമാണുണ്ടായിരുന്നത്. മറ്റെല്ലാവശങ്ങളും ചുറ്റുമതിലുകളാൽ മറക്കപ്പെട്ടിരുന്നു. ഏകദേശം 20000ത്തോളം നിരായുധരും സമാധാനകാംക്ഷികളുമായ ജനങ്ങൾ അവിടെ തടിച്ചുകൂടി. ആ സമയത്ത് ജനറൽ ഡയർ അവിടെ എത്തിച്ചേരുകയും നിർദാക്ഷിണ്യം നിറയൊഴിക്കുവാൻ പട്ടാളക്കാരോട് ആജ്ഞാപിക്കുകയും ചെയ്തു. തോക്കിലെ തിര തീരുംവരെ വെടിയുതിർത്തുകൊണ്ടേയിരുന്നു. ഔദ്യോഗിക കണക്കുകൾ പ്രകാരം 379 പേർ കൊല്ലപ്പെടുകയും 1500 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അനൗദ്യോഗികമായ കണക്കുകൾ പ്രകാരം 10000ത്തിൽപ്പരം ആളുകൾ കൊല്ലപ്പെട്ടതായി കണക്കാക്കുന്നു.

എന്നാൽ ജനറൽ ഡയർ തന്റെ നിലപാടിനെ ന്യായീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ശക്തമായി ഈ സംഭവത്തിൽ പ്രതിഷേധിക്കുകയും അന്വേഷണ കമ്മീഷനെ നിയോഗിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതേ തുടർന്ന് തന്റെ പ്രതി

ഷേധം രേഖപ്പെടുത്തുവാൻ രബീന്ദ്രനാഥ ടാഗോർ അദ്ദേഹത്തിന് ആദര സൂചകമായി ലഭിച്ച "സർ പദവി" പുരസ്കാരം ഉപേക്ഷിച്ചു. വൈസ്രോയിയുടെ കാര്യനിർവഹണ സമിതിയിൽ നിന്നും സർ സി.ശങ്കരൻ നായർ സ്ഥാനം രാജിവച്ചു. അവസാനം 1919 ഒക്ടോബർ മാസം ഗവൺമെന്റ് ഹണ്ടർ പ്രഭുവിനെ അന്വേഷണത്തിന്റെ ചുമതല യേൽപ്പിച്ചു. "പ്ലാസി യുദ്ധം ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടു. ജാലി യൻവാലാ ബാഗ് കൂട്ടക്കുരുതി അതിനെ ഇളക്കി" ഗാന്ധിജി അഭിപ്രായപ്പെട്ടു.

5

***പ്ലാസി യുദ്ധം ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന് അടിത്തറയിട്ടു. ജാലി യൻവാലാ ബാഗ് കൂട്ടക്കുരുതി അതിനെ ഇളക്കി. ഇപ്രകാരം അഭിപ്രാ യപ്പെടാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സംഭവങ്ങൾ വിശദമാക്കുക.***

## ഖിലാഫത്ത് പ്രസ്ഥാനം

സാമുദായിക ഐക്യമെന്നത് ഗാന്ധിയൻ ആദർശത്തിന്റെ അടിസ്ഥാന തത്വമാണ്. എക്കാലത്തും ഗാന്ധി ഹിന്ദു മുസ്ലീം ഐക്യത്തിനായി നിലകൊണ്ടിരുന്നു. ഖിലാ ഫത്ത് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളായ അലി സഹോദരന്മാർ (മൗലാ മുഹ മ്മദ് അലി, മൗലാനാ ഷൌക്കത്ത് അലി) ഗാന്ധിജിക്ക് സാമുദായിക ഐക്യത്തി നായി പ്രസ്ഥാനവുമായി ചേർന്ന് പ്രവർത്തിക്കുവാൻ അവസരം നൽകി.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനങ്ങളിൽ ദ്രുതഗതിയിലുള്ള മാറ്റം സംഭവിച്ചു. പുതിയഘട്ടം ജനകീയ രാഷ്ട്രീ യത്തിന്റെയും കോൺഗ്രസ്സിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും ഘട്ടമായിരുന്നു. 1920–21 കാലഘട്ടത്തിൽ ഇന്ത്യയിൽ ജനകീയ മുന്നേറ്റങ്ങൾ ഉണ്ടായി. ഖിലാഫത്ത് പ്രസ്ഥാ നവും നിസ്സഹകരണപ്രസ്ഥാനവുമായിരുന്നു അതിൽ പ്രധാനപ്പെട്ടത്. കേന്ദ്ര ഖിലാ ഫത്ത്കമ്മിറ്റി ബ്രിട്ടീഷ്ഭരണവുമായി നിസ്സഹകരണം പ്രഖ്യാപിച്ചു. ഗാന്ധിജിയും അലി സഹോദരന്മാരും ഇന്ത്യയിലുടനീളം സാമുദായിക ഐക്യത്തിനായി പര്യടനം നട ത്തി. എന്നിരുന്നാലും ഖിലാഫത്ത് പ്രസ്ഥാനം ഏറെനാൾ നീണ്ടുനിന്നില്ല. 1922 നവം ബർ മാസം മുസ്തഫാ കമാൽ പാഷായുടെ നേതൃത്വത്തിൽ തുർക്കിയിൽ ജനാധി പത്യ പ്രക്ഷോഭങ്ങൾ ആരംഭിക്കുകയും തുർക്കി റിപ്പബ്ലിക് ആയിത്തീരുകയും ചെയ്തു.

ഖിലാഫത്ത് പ്രസ്ഥാനം മുസ്ലീം ജനതയെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവന്നു. ഹിന്ദു മുസ്ലീം ഐക്യം സ്ഥാപിക്കുന്നതിന് പ്രസ്ഥാനം സുപ്രധാന മായ പങ്ക് വഹിച്ചു. ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിൽ പോലും ബ്രിട്ടീഷുകാർക്കെ തിരെ പൊതുവികാരം രൂപപ്പെട്ടു എന്നത് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അനന്തരഫ ലമായി കണക്കാക്കാം.

6

***മുസ്ലിം ജനതയെ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലേക്ക് കൊണ്ടുവരുന്നതിന് പ്രധാന പങ്ക് വഹിച്ച പ്രസ്ഥാനമേത്? ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം തയാറാക്കുക.***

## ഇന്ത്യൻരാഷ്ട്രീയത്തിൽ ഗാന്ധിജിയുടെപങ്ക്

റൗലറ്റ് ആക്ടിനെതിരെ നടന്ന പ്രക്ഷോഭം വിജയിച്ചതോടെ ബ്രിട്ടീഷ് ഭരണത്തിനെതിരെ സംഘടിതമായ ഒരു നീക്കം നടത്താൻ ഗാന്ധിജി തീരുമാനിച്ചു. ഇതിനായി നിസ്സഹകരണസമരം എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചു. 1920 ഡിസംബറിൽ നാഗ്പൂരിൽ കൂടിയ കോൺഗ്രസ് സമ്മേളനം ഗാന്ധിജിയുടെ നിസ്സഹകരണ പരിപാടി അംഗീകരിച്ചു. സ്വരാജ് നേടിയെടുക്കുക എന്നതായിരുന്നു നിസ്സഹകരണ സമരത്തിന്റെ പ്രധാനലക്ഷ്യം.

### നിസ്സഹകരണസമരത്തിന്റെ പ്രധാനപരിപാടികൾ താഴെ പറയുന്നവയാണ്.

1. കോടതികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ഔദ്യോഗികചടങ്ങുകൾ, തിരഞ്ഞെടുപ്പ്, വിദേശവസ്ത്രങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവ ബഹിഷ്കരിക്കുക
2. നികുതി നിഷേധിക്കുക.
3. ഗവൺമെന്റ് ഉദ്യോഗങ്ങൾ കീർത്തിമുദ്രകൾ, പദവികൾ, സ്ഥാനമാനങ്ങൾ എന്നിവ ഉപേക്ഷിക്കുക (ഗാന്ധിജി അദ്ദേഹത്തിനു ലഭിച്ച കൈസരി ഹിന്ദ് മെഡൽ തിരികെ നൽകി.) ജനങ്ങൾ ആവേശപൂർവം നിസ്സഹകരണപ്രസ്ഥാനത്തെ സ്വീകരിച്ചു. കോടതികളും ഔദ്യോഗിക ചടങ്ങുകളും ബഹിഷ്കരിച്ചു. ആയിരക്കണക്കിന് വിദ്യാർഥികൾ ഗവൺമെന്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ബഹിഷ്കരിച്ച് ദേശീയ വിദ്യാലയങ്ങളിൽ ചേർന്നു. കാശീവിദ്യാപീഠം, ഗുജറാത്ത് വിദ്യാപീഠം, ജാമിയ മില്ലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റി എന്നീ ദേശീയവിദ്യാലയങ്ങൾ അക്കാലത്ത് പ്രവർത്തനമാരംഭിച്ചു. നിസ്സഹകരണസമരത്തിന്റെ ഭാഗമായി പല നിർമാണപ്രവർത്തനങ്ങൾക്കും അക്കാലത്ത് തുടക്കം കുറിച്ചു. സ്വദേശിയുടെ പ്രചരണം, ചർക്കയും ഖാദിയും, മദ്യ നിരോധനം എന്നിവ അക്കാലത്ത് തുടക്കം കുറിച്ച പരിപാടികളാണ്. തൊഴിലാളികളും, കർഷകരും, സ്ത്രീകളും നിസ്സഹകരണസമരത്തിൽ പങ്കെടുത്തു. വിദേശ വസ്ത്രങ്ങളും ഉൽപ്പന്നങ്ങളും ശേഖരിച്ച് കത്തിച്ചു. സ്ത്രീകൾ അവരുടെ ആഭരണങ്ങൾ സത്യാഗ്രഹഫണ്ടിലേക്ക് സംഭാവന ചെയ്തു. മലബാറിൽ കർഷകർ ജന്മിവിരുദ്ധ കലാപങ്ങൾ നടത്തി. ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിലെ ജനങ്ങൾ അന്യായമായ നികുതി അടക്കാൻ വിസമ്മതിച്ചു. 1921 നവംബറിൽ വെയിൽസ് രാജകുമാരന്റെ ഇന്ത്യാസന്ദർശനത്തിനെതിരെ പ്രകടനങ്ങളും, മീറ്റിംഗുകളും, ഹർത്താലും സംഘടിപ്പിച്ചു.

ഇതേ തുടർന്ന് ഗവണ്മെന്റ് നിസ്സഹകരണസമരം അടിച്ചമർത്താനുള്ള നടപടികളാരംഭിച്ചു. കോൺഗ്രസ്സും, ഖിലാഫത്തും നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. പൊതു സമ്മേളനങ്ങളും ഘോഷയാത്രകളും നിരോധിച്ചു. 1921 ന്റെ അവസാനത്തോടെ ഗാന്ധിജി ഒഴികെയുള്ള നേതാക്കന്മാരെ അറസ്റ്റു ചെയ്തു. 1922 ന്റെ തുടക്കത്തിലും നിസ്സഹകരണ സമരം ഊർജസ്വലതയോടെ തുടർന്നു. എന്നാൽ 1922 ൽ നടന്ന 'ചൗരി ചൗരസംഭവം' നിസ്സഹകരണ സംഭവം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു.

### ചൗരി ചൗരാ സംഭവം

മൂവായിരത്തോളം കർഷകർ പങ്കെടുത്ത കോൺഗ്രസ് ജാഥയ്ക്കുനേരെ പോലീസ് നിറയൊഴിച്ചത് ജനങ്ങളെ രോഷാകുലരാക്കി.1922 ഫെബ്രുവരി 5ന് രോഷാകുലരായ ജനങ്ങൾ ചൗരിചൗരാ പോലീസ് സ്റ്റേഷനു തീ കൊളുത്തി. 22 പോലീസുകാർ കൊല്ലപ്പെട്ടു. ഈ സംഭവം ഗാന്ധിജിയെ ഞെട്ടിച്ചു. അഹിംസാത്മകമായ സമരത്തിനു ജനങ്ങൾ സജ്ജരായിട്ടില്ലയെന്ന് ഗാന്ധിജിക്കു ബോധ്യമായി. അതിനാൽ നിസ്സഹകരണ സമരം നിർത്തുവാൻ അദ്ദേഹം തീരുമാനിച്ചു. ബാർദോളിയിൽ നടന്ന കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി നിസ്സഹകരണ സമരം നിർത്തിവയ്ക്കുന്നതായി പ്രഖ്യാപിച്ചു. എന്നാൽ ഗാന്ധിജി അഭ്യർഥിച്ചതനുസരിച്ച് നിർമാണപരിപാടികൾ തുടർന്നുകൊണ്ടുപോകാൻ തീരുമാനിച്ചു.

നിസ്സഹകരണ സമരം പെട്ടെന്നു പിൻവലിച്ചത് ജനങ്ങളിൽ അമ്പരപ്പുളവാക്കി. സി. ആർ. ദാസ്, മോത്തിലാൽ നെഹ്രു. ലാല ലജ്പത് റായ് തുടങ്ങിയവർ ഈ തീരുമാനത്തോടു വിയോജിച്ചു. സുഭാഷ് ചന്ദ്രബോസ് ഈ തീരുമാനത്തെ ഒരു ദേശീയദുരന്തമായി വിശേഷിപ്പിച്ചു. എന്നാൽ നിസ്സഹകരണ സമരം ഗാന്ധിജിയെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രത്തിൽ എതിരാളികളില്ലാത്ത ജനനായകനാക്കി മാറ്റി.

7

***നിസ്സഹകരണ സമരം ഗാന്ധിജിയെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ എതിരില്ലാത്ത നായകനാക്കി മാറ്റി, വിലയിരുത്തുക.***

### സിവിൽ നിയമലംഘനസമരം

1929 ൽ ലാഹോറിൽ നടന്ന കോൺഗ്രസ്സ് സമ്മേളനം സിവിൽ നിയമ ലംഘന സമരം നടത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഗാന്ധിജിക്ക് പൂർണ സ്വാതന്ത്ര്യം നൽകി. സ്വാതന്ത്ര്യദിനാഘോഷം കഴിഞ്ഞയുടൻ തന്നെ ഗാന്ധിജി സിവിൽ നിയമലംഘനപ്രസ്ഥാനം ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചു. താൻ ഉപ്പുനിയമം ലംഘിച്ചു കൊണ്ട് ജാഥ നടത്തുന്നതിനെക്കുറിച്ച് ഗാന്ധിജി അന്നത്തെ വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭുവിന് നോട്ടീസ് നൽകി. എന്നാൽ വൈസ്രോയി ഇത് ഗൗനിച്ചില്ല. നിയമലംഘനസമരത്തിന്റെ പ്രധാനപരിപാടകൾ

1. ഉപ്പു നിയമം ലംഘിക്കുക
2. വിദ്യാഭ്യാസസ്ഥാപനങ്ങളും, കോടതികളും സർക്കാർ ഓഫീസുകളും ബഹിഷ്കരിക്കുക
3. വിദേശവസ്തുക്കൾ ബഹിഷ്കരിക്കുകയും വിദേശ വസ്ത്രങ്ങൾ കത്തിച്ചു കളയുകയും ചെയ്യുക.
4. ഗവൺമെന്റിലേക്കുള്ള നികുതി അടയ്ക്കാതിരിക്കുക.

1930 മാർച്ച് 12 നു ഗാന്ധിജിയും അദ്ദേഹത്തിന്റെ 78 അനുയായികളും കൂടി ചരിത്രപ്രസിദ്ധമായ ദണ്ഡി മാർച്ച് നടത്തി. അവർ 1930 ഏപ്രിൽ 6 നു ദണ്ഡി കടപ്പുറത്തെത്തി. കടൽ വെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കി ഉപ്പുനിയമം ലംഘിച്ചു. രാജ്യത്തിന്റെ പല ഭാഗത്തും ഇതിനു സമാനമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ലക്ഷക്കണക്കിന് ജനങ്ങൾ ഉപ്പു നിയമം ലംഘിച്ചു. ഹർത്താലും, പ്രകടനങ്ങളും, വിദേശവസ്തുബഹിഷ്ക്കരണവും തുടർന്നു. സ്ത്രീകളും, തൊഴിലാളികളും, ഗ്രാമീണരും ഈ പരിപാടികളിൽ സജീവമായി പങ്കെടുത്തു. ഇന്ത്യയുടെ പല ഭാഗത്തും ഗ്രാമീണർ വനനിയമങ്ങൾ ലംഘിച്ചു. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലേക്കും നിയമലംഘനസമരം വ്യാപിച്ചു. ഇവിടെ ഖാൻ അബ്ദുൽ ഗാഫർ ഖാൻ(അതിർത്തി ഗാന്ധി) ഖുദായി കിത്മത്ഗാർസ് (ദൈവസേവകർ) എന്ന പേരിൽ ഈ സമരത്തിൽ പങ്കെടുത്തു. ഇന്ത്യയുടെ വടക്കു കിഴക്കൻ പ്രദേശങ്ങളിലും മണിപ്പൂരികളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു.

1930 ഏപ്രിൽ മാസത്തിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ സത്യാഗ്രഹികൾ കോഴിക്കോട്ടു നിന്നും പയ്യന്നൂരിലേക്ക് കാൽനടയായി എത്തി. ഉളിയത്തുകടവിൽ വച്ച് ഉപ്പു നിയമം ലംഘിച്ചു. മുഹമ്മദ് അബ്ദുൾ റഹ്മാന്റെയും മൊയ്ദു മൗലവിയുടെയും നേതൃത്വത്തിൽ അനേകായിരങ്ങൾ പയ്യന്നൂരിലേക്ക് എത്തിച്ചേർന്നു. നൂറുകണക്കിന് സ്ത്രീകളും ഈ പ്രസ്ഥാനത്തോട് സഹകരണം പ്രഖ്യാപിച്ച് പങ്കാളികളായി. എ. വി കുട്ടിമാളു അമ്മ, ശ്രീമതി എൽ.എസ്. പ്രഭു. ഈശ്വരിയമ്മ, സി.വി.കൃഷ്ണൻനായർ നെയ്യാറ്റിൻകര, റ്റൈറ്റസ് കോട്ടയം, രാഘവപ്പൊതുവാൾ ഷൊർണൂർ, ശങ്കർജി മയ്യന്നൂർ എന്നീ കേരളീയർ ഗാന്ധിജിയെ ദണ്ഡി മാർച്ചിൽ അനുഗമിക്കുകയുണ്ടായി.

എന്നാൽ ഗവൺമെന്റ് ഈ പ്രസ്ഥാനത്തെ ക്രൂരമായി അടിച്ചമർത്തി. ഇന്ത്യൻ നാഷണൽകോൺഗ്രസ് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ഗാന്ധിജിയെയും 90,000 സത്യാഗ്രഹികളെയും ജയിലിലടച്ചു. 1931 ൽ ഗാന്ധി–ഇർവിൻ ഉടമ്പടിയോടെ നിയമലംഘനസമരം അവസാനിപ്പിച്ചു. എന്നാൽ 1934 മാർച്ചിലാണ് കോൺഗ്രസ് ഔദ്യോഗികമായി സമരം പിൻവലിച്ചത്.

8

***നിയമലംഘന സമരത്തിനാസ്പദമായ കാര്യങ്ങൾ വിശകലനം ചെയ്യുക.***

**ഗാന്ധി ഇർവിൻ ഉടമ്പടി (1931):** കോൺഗ്രസിന്റെ സഹകരണമില്ലാതെ മുന്നോട്ടു പോകാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതിനാൽ കോൺഗ്രസ്സുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിന് ബ്രിട്ടീഷ് ഗവൺമെന്റ് വൈസ്രോയിയായ ഇർവിൻ പ്രഭുവിനെ ചുമതലപ്പെടുത്തി. അദ്ദേഹം ഗാന്ധിജിയുമായി ചർച്ച ആരംഭിച്ചു. 1931 മാർച്ച് 5ന് ഗാന്ധി-ഇർവിൻ ഉടമ്പടി ഒപ്പുവച്ചു.

ഈ ഉടമ്പടിയിലെ പ്രധാനവ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ട രാഷ്ട്രീയത്തടവുകാരൊഴികെയുള്ളവരെ വിട്ടയക്കുക ഇന്ത്യാക്കാർക്ക് സ്വയം ഉപ്പുണ്ടാക്കാൻ അനുവാദം നൽകുക.
2. മദ്യവും വിദേശവസ്ത്രങ്ങളും വിൽക്കുന്ന കടകൾ പിക്കറ്റു ചെയ്യാനനുവദിക്കുക.
3. പ്രതിഷേധസൂചകമായി രാജിവച്ച ഉദ്യോഗസ്ഥരോട് ഉദാരമായ സമീപനം കൈക്കൊള്ളുക.

**ഗാന്ധിജി താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിച്ചു.**

1. സിവിൽ നിയമലംഘനം അവസാനിപ്പിക്കാം.
2. രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഇന്ത്യാക്കാർ പങ്കെടുക്കും.
3. എല്ലാ വിദേശ ഉൽപ്പന്നങ്ങളും ബഹിഷ്കരിക്കില്ല.
4. പോലീസ് ഉദ്യോഗസ്ഥരുടെ അതിക്രമങ്ങൾക്കെതിരെ ഇന്ത്യാക്കാർ അന്വേഷണം ആവശ്യപ്പെടുകയില്ല.

എന്നാൽ ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് എന്നിവർ ഈ ഉടമ്പടിയെ എതിർത്തു. ദേശീയ ആവശ്യങ്ങളെ ഒന്നും ഗവൺമെന്റ് പരിഗണിച്ചില്ല എന്നതായിരുന്നു കാരണം. ഭഗത്സിംഗ്, സുഖ്ദേവ്, രാജഗുരു എന്നിവരുടെ വധശിക്ഷ ജീവപര്യന്തമാക്കി മാറ്റണമെന്ന ആവശ്യം ഗവൺമെന്റ് അംഗീകരിക്കാത്തതും എതിർപ്പിനിടയാക്കി.

ഗാന്ധിയൻ സമരപരിപാടികൾ പെട്ടന്ന് ജനഹൃദയങ്ങളെ ആകർഷിക്കുന്നതായിരുന്നു. അത്തരത്തിൽ മുഴുവൻ ജനങ്ങളെയും സമരസജ്ജമാക്കിയ പരിപാടിയായിരുന്നു ദണ്ഡി മാർച്ച്. ഉപ്പുനിയമം ലംഘിക്കുക എന്നത് ഗാന്ധിജി കൈക്കൊണ്ട തന്ത്രപരമായ തീരുമാനമായിരുന്നു. സാധാരണക്കാരന്റ അടുക്കളയിലെ അടിസ്ഥാനാവസ്തു ഉപ്പിനുമുകളിൽ നികുതി ബ്രിട്ടീഷ് ഭരണകൂടത്തോട് ജനങ്ങൾക്ക് കടുത്ത എതിർപ്പുണ്ടാക്കാനിടയായി. ഇന്ത്യാക്കാരുടെ രാഷ്ട്രീയാവബോധം വളർത്തുന്നതിനും ഇത് സഹായകരമായി. ലോകത്തിനു മുന്നിൽ ബ്രിട്ടീഷുകാരുടെ അന്തസ്സിനു കോട്ടംവരുത്തുന്നതിനും ഈ സമരം കാരണമായി. ഇന്ത്യാക്കാർക്ക് അധികാരകൈമാറ്റം ചെയ്യേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കുവാനും ബ്രിട്ടീഷുകാരെ ഇതു പ്രേരിപ്പിച്ചു.

9

***നിയമലംഘനപ്രസ്ഥാനം സ്വാതന്ത്ര്യ സമരത്തിലെ ഏറ്റവും പ്രധാനപ്പെട്ട സമരരീതിയായിരുന്നു, വിശദമാക്കുക.***

**വട്ടമേശ സമ്മേളനം** : 1930 നവംബറിൽ ലണ്ടനിൽ വച്ച് ഒന്നാം വട്ടമേശ സമ്മേളനം നടന്നു. ഇന്ത്യൻ ദേശീയനേതാക്കളാരും ഇതിൽ പങ്കെടുത്തില്ല. 1931 ൽ ലണ്ടനിൽ വച്ച് രണ്ടാം വട്ടമേശസമ്മേളനം നടന്നു. ഗാന്ധി-ഇർവിൻ ഉടമ്പടിയെ തുടർന്ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ മദൻ മാളവ്യ, മുഹമ്മദ് ഇക്ബാൽ, സരോജനി നായിഡു, ജി.സി.ബിർല, അംബേദ്കർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു.



കോൺഗ്രസ്സ് പൂർണസ്വരാജ് എന്ന ആശയത്തിൽ ഉറച്ചുനിന്നു. അംബേദ്കർ അധഃസ്ഥിത വിഭാഗങ്ങൾക്ക് പ്രത്യേക സമ്മതിദാനാവകാശം ആവശ്യപ്പെട്ടു. ഗാന്ധിജിയുടെ പരിശ്രമങ്ങൾ ഫലവത്തായില്ല. രണ്ടാം വട്ടമേശസമ്മേളനവും പരാജയപ്പെട്ടതോടെ ഗാന്ധിജി ഇന്ത്യയിലേക്ക് മടങ്ങുകയും സിവിൽ നിയമലംഘനസമരം പുനരാരംഭിക്കുകയും ചെയ്തു.

1932 ൽ മൂന്നാം വട്ടമേശസമ്മേളനം നടന്നു. കോൺഗ്രസ്സ് ഈ സമ്മേളനത്തിൽ പങ്കെടുത്തില്ല. ഇന്ത്യയുടെ ഭാവിഭരണഘടനയെ സംബന്ധിച്ച ചില വ്യവസ്ഥകൾ രൂപപ്പെടുത്തുകയുണ്ടായി. 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന് ആധാരമായ ഈ രേഖകൾ 'ധവള പത്രം' എന്ന പേരിൽ പ്രസിദ്ധീകരിച്ചു. നാട്ടുരാജ്യങ്ങൾക്ക് സ്വയംഭരണാവകാശം നല്കുന്നതായിരുന്നു ഈ ആക്ട്.

10

***ഗാന്ധിജി പങ്കെടുത്ത ആദ്യത്തെ വട്ടമേശ സമ്മേളനം ഏത്?***

**സാമുദായിക പുരസ്കാരം (communal award):** രണ്ടാം വട്ടമേശസമ്മേളനം പരാജയപ്പെട്ടതോടെ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ സാമുദായിക പ്രാതിനിധ്യത്തെ സംബന്ധിച്ച് ഒരു പദ്ധതി തയാറാക്കി. 1932 ആഗസ്ത് 6 ന് അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന റാംസെ മക്ഡൊണാൾഡ് സാമുദായികപുരസ്കാരം എന്നറിയപ്പെട്ട പദ്ധതി പ്രഖ്യാപിച്ചു. ഇതിന്റെ വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. കേന്ദ്രത്തിലും, പ്രാദേശിക നിയമനിർമ്മാണ സഭകളിലുമുള്ളതു കൂടാതെ മുസ്ലീം ങ്ങൾക്ക് പ്രത്യേക സമ്മതിദാനവകാശം അനുവദിക്കുക.

2. ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക നിയോജക മണ്ഡലങ്ങൾ അനുവദിക്കുക.

3. പിന്നാക്ക വിഭാഗക്കാർക്ക് 71 സീറ്റ് അനുവദിക്കുക.

**പൂന കരാർ**: മഹാത്മാഗാന്ധി സാമുദായികപുരസ്കാരത്തെ ശക്തമായി എതിർത്തു കൊണ്ട് മരണം വരെ നിരാഹാരം നടത്താൻ യർവാദ ജയിലിൽ വച്ച് തീരുമാനിച്ചു. ഇത് പൂന കരാറിന് വഴിതെളിക്കുകയും സാമുദായികപുരസ്കാരം പിൻവലിക്കുകയും ചെയ്തു. പൂനാകരാറിന്റെ വ്യവസ്ഥകൾ താഴെപ്പറയും വിധമാണ്.

1. പൊതു നിയോജകമണ്ഡലങ്ങൾ തുടരും
2. 148 സീറ്റുകൾ പിന്നോക്കക്കാർക്കായി മാറ്റി വക്കും.
3. കേന്ദ്ര നിയമ നിർമ്മാണ സഭയിലേക്ക് 20% സീറ്റ് ഹരിജനങ്ങൾക്കായി മാറ്റി വയ്ക്കും.
4. ഹരിജനങ്ങൾക്ക് പ്രാദേശികഭരണത്തിൽ പ്രാതിനിധ്യം കൊടുക്കും.
5. ഹരിജനങ്ങളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക വിദ്യാഭ്യാസസഹായങ്ങൾ നൽകും.

**11**

***പൂനാകരാറിന്റെ വ്യവസ്ഥകൾ വിശകലനം ചെയ്യുക.***

**യുദ്ധവിരുദ്ധസത്യാഗ്രഹം** (Antiwar satyagraha) 1940 : നിസ്സഹകരണസമരവും ഉപ്പുസത്യാഗ്രഹവും സത്യാഗ്രഹയെ ഒരു ജനകീയമുന്നേറ്റമാക്കി ദേശീയപ്രസ്ഥാന ത്തിലേക്ക് കൊണ്ടുവരാൻ ഗാന്ധിജിയെ സഹായിച്ചു. യുദ്ധ വിരുദ്ധസത്യാഗ്രഹയി ലൂടെ വ്യക്തിതലത്തിലും സത്യാഗ്രഹം നടത്താം എന്ന് തെളിയിക്കാൻ ഗാന്ധിജിക്കു സാധിച്ചു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ ആരംഭത്തിൽ സ്ഥിതിഗതികൾ ബ്രിട്ടന് അനുകൂ ലമായിരുന്നില്ല അതിനാൽ ഇന്ത്യയുടെ പിന്തുണ അവർക്ക് ആവശ്യമായിരുന്നു. ഇന്ത്യയുടെ പിന്തുണ നേടുന്നതിനായി ബ്രിട്ടീഷ് ഗവൺമെന്റ് ഓഗസ്റ്റിൽ സ്വാതന്ത്ര്യം നൽകാമെന്ന പ്രഖ്യാപനം നടത്തി. ഇതു പ്രകാരം ഇന്ത്യക്ക് പുത്രികാരാജ്യപദവി (Dominion Status) വാഗ്ദാനം ചെയ്തു. എന്നാൽ കോൺഗ്രസ്സ് ഈ വാഗ്ദാനം നിരാ കരിച്ചു.

സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ കോൺഗ്രസിലെ ഒരു വിഭാഗം നേതാ ക്കൾ ഗവൺമെന്റിനെതിരെ ബഹുജനപ്രസ്ഥാനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. ഇത് ബ്രിട്ടീഷ് ഗവൺമെന്റിന്റെ യുദ്ധസന്നാഹങ്ങളെ അവതാളത്തിലാക്കുമെന്ന് മന സിലാക്കിയ ഗാന്ധിജി വ്യക്തി സത്യാഗ്രഹത്തിന് ആഹ്വാനം നൽകി. 1940

ഒക്ടോബറിൽ നടത്തിയ ഈ സത്യാഗ്രഹം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് പുതുജീവൻ നൽകി. സത്യാഗ്രഹത്തിന്റെ വിജയത്തിനായി ഗാന്ധിജി കർശനമായ നിയമങ്ങളും പ്രതിജ്ഞയും കൈക്കൊണ്ടു. അദ്ദേഹം വിനോബഭാവയെ ആദ്യത്തെ വ്യക്തി സത്യാഗ്രഹിയായി പ്രഖ്യാപിച്ചു. 1940 ഒകടോബർ 17-ാം തീയതി വിനോബ ഭാവെ സത്യാഗ്രഹം ആരംഭിച്ചു.അദ്ദേഹത്തെ ഒക്ടോബർ 21 ന് അറസ്റ്റ് ചെയ്തു. തുടർന്ന് അനേകം പേർ വ്യക്തിസത്യാഗ്രഹം അനുഷ്ഠിക്കുകയും അറസ്റ്റ്വരിക്കുകയും ചെയ്തു.

**12**
***ആദ്യത്തെ വ്യക്തി സത്യാഗ്രഹി ആരായിരുന്നു?***

1941 ന്റെ അവസാനം വരെ ഈ സത്യാഗ്രഹം തുടർന്നു. അതേസമയം വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ കൂടുതൽ ഇന്ത്യാക്കാരെ ഉൾക്കൊള്ളിച്ചുകൊണ്ട് വികസിപ്പിച്ചു. 1941 ഡിസംബർ 4ന് ഗവൺമെന്റ് സത്യാഗ്രഹികളെ മോചിപ്പിച്ചു. അങ്ങനെ യുദ്ധവിരുദ്ധസത്യാഗ്രഹത്തിലൂടെ ദേശീയകാര്യങ്ങൾക്കായി വ്യക്തിതലത്തിൽ സത്യാഗ്രഹം നടത്താമെന്ന് ഗാന്ധിജി തെളിയിച്ചു. സത്യാഗ്രഹയുടെ വിജയത്തിന് സത്യാഗ്രഹിയുടെ യോഗ്യത വളരെ പ്രധാനപ്പെട്ടതാണെന്നും വിനോബഭാവെലൂടെ ഗാന്ധിജി തെളിയിച്ചു. ഗാന്ധിജി ആദ്യമായി ബ്രിട്ടന്റെ യുദ്ധനയങ്ങളെ എതിർത്തതും ഈ സത്യാഗ്രഹയുടെ പ്രത്യേകതയാണ്.

**13**
***യുദ്ധവിരുദ്ധസത്യാഗ്രഹത്തിന്റെ സവിശേഷതകൾ ചർച്ച ചെയ്യുക.***

**ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം 1942:** മഹാത്മാഗന്ധി നടത്തിയ അവസാനത്തെ ബഹുജന പ്രസ്ഥാനമായിരുന്നു. ക്വിറ്റ് ഇന്ത്യാപ്രസ്ഥാനം. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ബ്രിട്ടൺ ഇന്ത്യാക്കാരോടുള്ള സമീപനം പുനർവിചിന്തനം ചെയ്യാൻ നിർബന്ധിതരായി. 1942 ൽ സ്റ്റഫോർഡ് ക്രിപ്സിനെ ഇന്ത്യയിലേക്കയച്ചു. ബ്രിട്ടണിലെ ലേബർ പാർട്ടിയിലെ അംഗമായിരുന്നു ക്രിപ്സ് ലേബർപാർട്ടി ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് അനുഭാവം പുലർത്തിയിരുന്നു. ഗാന്ധിജിയുമായും കോൺഗ്രസ്സുമായും ഒരു ഒത്തുതീർപ്പുണ്ടാക്കുകയായിരുന്നു അദ്ദേഹത്തിന്റെ ദൗത്യം. സർ സ്റ്റ ഫോർഡ് ക്രിപ്സ് താഴെപ്പറയുന്ന കാര്യങ്ങൾ മുന്നോട്ടുവച്ചു.

1. യുദ്ധം അവസാനിച്ചാലുടൻ ഇന്ത്യക്ക് പുത്രികാരാജ്യപദവി നൽകും.
2. ഭരണഘടനാനിർമ്മാണത്തിനായി പുതിയസമിതി രൂപീകരിക്കും
3. ഭരണഘടനാസമിതി തയാറാക്കുന്ന ഭരണഘടന ബ്രിട്ടീഷ്ഗവൺമെന്റ് അംഗീകരിക്കും.



4. ഏതെങ്കിലും പ്രവിശ്യ ഇന്ത്യൻ യൂണിയനിൽ നിന്ന് വിട്ടുനിൽക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അതിനനുവദിക്കും.

ബ്രിട്ടീഷ് ഭരണത്തിനെതിരെ സത്യാഗ്രഹം ആരംഭിക്കാൻ ഗാന്ധിജി തീരുമാനിക്കുകയും 1942 ആഗസ്റ്റിൽ 'ക്വിറ്റ് ഇന്ത്യാ' (ബ്രിട്ടീഷുകാർ ഇന്ത്യവിടുക) എന്ന ആശയം മുന്നോട്ടുവയ്ക്കുകയും ചെയ്തു.

1942 ആഗസ്റ്റ് 8 ന് അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റി ക്വിറ്റ് ഇന്ത്യാ പ്രമേയം പാസാക്കി. ഗാന്ധിജി പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക (Do or die) എന്ന മന്ത്രവുമായി ജനങ്ങളെ സമരത്തിന് ആഹ്വാനംചെയ്തു. ഈ സമരത്തെ അടിച്ചമർത്തുന്നതിനു വേണ്ട എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടു. ആഗസ്ത് 9ന് തന്നെ എല്ലാ പ്രമുഖ നേതാക്കളും ജയിലിലടക്കപ്പെട്ടു. ഇതിൽ പ്രതിഷേധിച്ച് ജനങ്ങൾ പ്രക്ഷോഭവുമായി തെരുവിലിറങ്ങി. ജയപ്രകാശ് നാരായൺ, റാം മനോഹർ ലോഹ്യ, അരുണ അസഫ് അലി എന്നിവർ ഈ സമരത്തെ പിന്നിൽനിന്നു നയിച്ചവരാണ്.

ഈ പ്രക്ഷോഭത്തിന്റെ ഭാഗമായി കേരളത്തിലും സമ്മേളനങ്ങളും പ്രകടനങ്ങളും നടന്നു. സർക്കാർ ഓഫീസുകൾക്കും പോലീസ് സ്റ്റേഷനുകൾക്കും നേരെ ആക്രമണമുണ്ടായി. ചെമ്മഞ്ചേരി റെയിൽവേസ്റ്റഷൻ, തലശ്ശേരി സബ് കോടതി, നടുവണ്ണൂർ രജിസ്ട്രാർ ഓഫീസ്, ചമ്പോലയിലെ ഉപ്പ് ഗോഡൗൺ എന്നിവ നശിപ്പിച്ചു. ഫറൂഖ് പാലം തകർക്കാനുള്ള ഒരു ശ്രമവും നടന്നു.

നിസ്സഹകരണത്തിൽ നിന്നും നിയമലംഘനസമരത്തിൽ നിന്നും വ്യത്യസ്തമായി വൻതോതിലുള്ള അക്രമങ്ങൾ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഉണ്ടായി. പ്രധാനപ്പെട്ട നേതാക്കന്മാരെയെല്ലാം ജയിലിലടച്ചതോടെ സമരത്തിന് മാർഗനിർദേശം നൽകാൻ ആളില്ലാതെയായി. ഗവൺമെന്റിന്റെ അടിച്ചമർത്തൽ നയം ജനങ്ങളെ കൂടുതൽ രോഷാകുലരാക്കുകയും അവർ ഹിംസയിലേക്ക് തിരിയുകയും ചെയ്തു.

ഗവൺമെന്റ് ശക്തമായിതന്നെ ഈ സമരത്തെ അടിച്ചമർത്തി. എങ്കിലും ജീവിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ആശയം ഓരോ ഇന്ത്യാക്കാരന്റെയും മനസ്സിൽ ഇടം കൊണ്ടു. ബ്രിട്ടീഷുകാരോടുള്ള അവരുടെ ഭീതി മാറി. എത്ര സഹിച്ചിട്ടാണെങ്കിലും സ്വതന്ത്രനാകുവാനുള്ള ഓരോ ഇന്ത്യാക്കാരന്റെയും ആഗ്രഹം ഈ സമരത്തിൽ കൂടി വെളിപ്പെട്ടു. തങ്ങളുടെ ഇന്ത്യയിലെ നാളുകൾ എണ്ണപ്പെട്ടുകഴിഞ്ഞുവെന്ന് ബ്രിട്ടീഷുകാർക്കും ബോധ്യമായി.

14

***നിസ്സഹകരണസമരവും നിയമലംഘനസമരവും ക്വിറ്റ് ഇന്ത്യാസമരവും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഏറ്റവും പ്രധാനപ്പെട്ട സമരങ്ങളായിരുന്നു. വിശകലനം ചെയ്യുക.***

**വേവൽ പദ്ധതി :** 1945 ജൂൺ 14 ന് അന്നത്തെ വൈസ്രോയിയായിരുന്ന വേവൽ പ്രഭു ഇന്ത്യ സന്ദർശിച്ചു. ഇന്ത്യൻ ഭരണഘടനയിലെ ചില ഭേദഗതികൾ വരുത്തുന്നതിനുവേണ്ട നിർദേശങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. ഇത് വേവൽ പദ്ധതി എന്ന പേരിലാണറിയപ്പെട്ടത്. എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും ഒരു ആലോചനാസമിതിയെ സിംലയിൽ വിളിച്ചുകൂട്ടി. എന്നാൽ ജിന്നയുടെ വിയോജിപ്പിനെ തുടർന്ന് വേവൽ പദ്ധതി തിരസ്കരിക്കപ്പെട്ടു.

**ക്യാബിനറ്റ് മിഷൻ :** ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ ലേബർ ഗവൺമെന്റ് അധികാരമേറ്റു. 1946 ആയപ്പോഴേക്കും ഇന്ത്യയിൽ നിന്നു മാന്യമായ പിന്മാറ്റമാണ് നല്ലതെന്ന് ബ്രിട്ടീഷ് ഗവൺമെന്റിന് ബോധ്യമായി. അധികാര കൈമാറ്റത്തിന്റെ വ്യവസ്ഥകൾ ചർച്ചചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് സർ സ്റ്റഫോർഡ് ക്രിപ്സിന്റെ നേതൃത്വത്തിൽ ക്യാബിനറ്റ് മിഷനെ ഇന്ത്യയിലേക്കയച്ചു. മുസ്ലീം ലീഗിന്റ പാകിസ്ഥാൻ എന്ന ആശയം ക്യാബിനറ്റ് മിഷൻ തള്ളിക്കളഞ്ഞു. എങ്കിലും മുസ്ലീങ്ങൾക്ക് പ്രത്യേക പ്രവിശ്യ അനുവദിച്ചതോടെ ലീഗിനെ തൃപ്തിപ്പെടുത്താൻ ക്യാബിനറ്റ് മിഷനു സാധിച്ചു. അതുകൊണ്ട് ലീഗും കോൺഗ്രസ്സും ക്യാബിനറ്റ്മിഷനെ അംഗീകരിച്ചു. ഭരണഘടനാനിർമ്മാണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ ലീഗ് അവരുടെ നിലപാടിൽ മാറ്റം വരുത്തി. പാകിസ്ഥാൻ വേണമെന്നാവശ്യപ്പെട്ട് അവർ പ്രത്യക്ഷസമരത്തിനൊരുങ്ങി. 1946 ആഗസ്ത് 16 ന് മുൻപ് യുദ്ധം ചെയ്തും പാകിസ്ഥാൻ നേടുമെന്ന ആഹ്വാനവുമായി പ്രത്യക്ഷസമരം തുടങ്ങി. ഇന്ത്യയുടെ പല ഭാഗത്തും വർഗീയ ലഹളകൾ പൊട്ടിപുറപ്പെട്ടു. ആയിരക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. വർഗീയ ലഹളകൾ ശമിപ്പിക്കുന്നതിനായി ഗാന്ധിജി കിഴക്കൻ ബംഗാളിലും, ബീഹാറിലും പദയാത്ര നടത്തി.

**ആറ്റ്ലിയുടെ പ്രസ്താവന:** 1947 ഫെബ്രുവരി 20 ന് അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായ ക്ലമന്റ് ആറ്റ്ലി ഒരു പ്രഖ്യാപനം നടത്തി. ബ്രിട്ടീഷുകാർ ഇന്ത്യക്ക് അധികാരകൈമാറ്റം നടത്തുമെന്നായിരുന്നു പ്രഖ്യാപനം. 1947 ൽ മൗണ്ട്ബാറ്റൻ പ്രഭു ഇന്ത്യൻ വൈസ്രോയിയായി. എല്ലാ പാർട്ടിക്കാർക്കും സ്വീകാര്യമായ ഒരു പരിഹാരമാർഗം കണ്ടെത്തുന്നതിനായി അദ്ദേഹം ഇന്ത്യയിലെ നേതാക്കന്മാരുമായി ചർച്ച നടത്തി. പാകിസ്ഥാൻ പ്രശ്നത്തിൽ ഒരു ഒത്തുതീർപ്പ് അസാധ്യമാണെന്നു മനസ്സിലാക്കിയതിനാൽ അദ്ദേഹം ഇന്ത്യാവിഭജനം വാഗ്ദാനംചെയ്തു. എന്നാൽ മഹാത്മാഗാന്ധി ഇന്ത്യാവിഭജനത്തെ ശക്തമായി എതിർത്തു.

**ഇന്ത്യൻ സ്വാതന്ത്ര്യനിയമവും ഇന്ത്യാവിഭജനവും:** 1947 ജൂലൈ മാസത്തിൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ സ്വാതന്ത്ര്യനിയമം പാസ്സാക്കി. ഇതു പ്രകാരം 1947 ആഗസ്ത് 15 മുതൽ ഇന്ത്യയും പാകിസ്ഥാനും സ്വയം ഭരണാധികാരമുള്ള രണ്ടു രാജ്യങ്ങളായി മാറി. അങ്ങനെ 1947 ആഗസ്ത് 15ന് ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ സന്തോഷവും വിഭജനത്തിന്റെ സങ്കടവും ഉൾക്കൊണ്ടുകൊണ്ടു ആദ്യ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിൽ ഗാന്ധിജി പങ്കെടുത്തിരുന്നില്ല.

**നവഖലിയിലെ വർഗ്ഗീയ കലാപം:** ഇന്ത്യ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ മഹാത്മാഗാന്ധി കൽക്കട്ടയിലെ നവഖലിയിലായിരുന്നു. അവിടെ രൂക്ഷമായ വർഗ്ഗീയ ലഹള നടക്കുകയായിരുന്നു. ഇതുകണ്ട ഗാന്ധിജി ഇപ്രകാരംപറഞ്ഞു. "മനുഷ്യൻ ഹിന്ദുവെന്നോ മുസ്ലീമെന്നോ സ്വയം വിളിക്കാൻ ധൈര്യമില്ലാതെ മൃഗീയമായ കശാപ്പിനിരയാകുന്നതിന് സാക്ഷ്യം വഹിക്കാൻ കഴിയാത്തതിനാൽ എന്നെ ഈ കണ്ണീർ താഴ്വരയിൽ നിന്ന് മോചിപ്പിക്കണമെന്ന് സർവേശ്വരനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്."

**മഹാത്മാഗാന്ധി ഒരു സാമൂഹ്യരാഷ്ട്രീയപ്രവർത്തകൻ :** ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ കൂടി വിദേശാധിപത്യത്തിൽ നിന്നുള്ള ഇന്ത്യയുടെ സ്വതന്ത്ര്യം മാത്രമല്ല ഗാന്ധിജി ലക്ഷ്യമിട്ടത്. മറിച്ച് സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ധാർമ്മിക തലത്തിലുള്ള ഉയർച്ചയാണ്. ഗാന്ധിജി നിർദേശിച്ച നിർമ്മാണപ്രവർത്തനങ്ങൾ, വൈക്കം-ഗുരുവായൂർ സത്യാഗ്രഹങ്ങൾക്ക് നൽകിയ പ്രോത്സാഹനം, ഹരിജൻ സേവക് സംഘിന്റെ രൂപീകരണം, കസ്തൂർബ ഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ് എന്നിവ ഇതിനുദാഹരണങ്ങളാണ്.

**നിർമ്മാണപ്രവർത്തനങ്ങൾ:** നിസ്സഹകരണസമരം പിൻവലിച്ചയുടൻ തന്നെ ഗാന്ധിജി നിർമ്മാണപ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഇത് രാജ്യത്തിന്റെ സമഗ്ര വികസനത്തെയാണ് ലക്ഷ്യമിട്ടത്. ബ്രിട്ടീഷ് ഭരണത്തിൽ താളംതെറ്റിയ ഇന്ത്യൻ കാർഷിക - സാമ്പത്തിക മേഖലകളെ പുനർ ജീവിപ്പിക്കാൻ ഗാന്ധിജിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വലിയ പ്രാധാന്യം നൽകി. (മഹാത്മാ ഗാന്ധിയുടെ സാമൂഹ്യദർശനങ്ങൾ എന്ന അധ്യായത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്.) ഗാന്ധിയൻ നിർമ്മാണ പ്രവർത്തനങ്ങളിൽ അയിത്തത്തിന് എതിരെയുള്ള പ്രവർത്തനങ്ങൾക്ക് വലിയ ജനപിന്തുണ ലഭിച്ചു. അത്തരത്തിൽ കേരളത്തിൽ നടന്ന വൈക്കംസത്യഗ്രഹം ശ്രദ്ധേയമായിരുന്നു.

**വൈക്കം സത്യാഗ്രഹം (1924):** തിരുവിതാംകൂറിലെ ഒരു വലിയ ഗ്രാമമായിരുന്നു വൈക്കം. ഇപ്പോൾ ഈ ഗ്രാമം കേരളത്തിലെ കോട്ടയം ജില്ലയിലാണ്. ഈ ഗ്രാമത്തിൽ നാലുവശവും റോഡിനാൽ ചുറ്റപ്പെട്ട ഒരു പ്രശസ്തക്ഷേത്രമുണ്ട്. നൂറ്റാണ്ടുകളായി അവർണരായ ജനങ്ങൾക്ക് ഈ ക്ഷേത്ര റോഡിൽ നടക്കുന്നതിന് അനുവാദമില്ലായിരുന്നു. 1924-ൽ ടി.കെ.മാധവൻ, കൃഷ്ണസ്വാമി, കെ. കേളപ്പൻ എന്നിവരുടെ നേതൃ

ത്വത്തിൽ ഒരു അയിത്തവിരുദ്ധസമിതി രൂപീകരിച്ചു. അവർ അയിത്തത്തിനെതിരെ ഒരു ജാഥ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. അവർ തിരുവിതാംകൂർ മഹാരാജാവിന് ഒരു നിവേദനം സമർപ്പിച്ചു. അയിത്തം എന്ന ആചാരത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു.

1924 മാർച്ച് 30 നു മൂന്നോ നാലോ സന്നദ്ധ പ്രവർത്തകരെ വീതം ഈ നിരോധിത പ്രദേശത്തു കൂടി അയക്കാൻ തീരുമാനിച്ചു. ആദ്യ സംഘം കടന്നുപോയപ്പോൾ തന്നെ പോലീസ് അവരെ തടഞ്ഞ് അറസ്റ്റ് ചെയ്തു. അടുത്ത സംഘത്തിനും ഇതേ അനുഭവമുണ്ടായി. ഇത്തരം മഹത്തായ കാര്യത്തിനുവേണ്ടി അറസ്റ്റുവരിച്ച സന്നദ്ധപ്രവർത്തകരെ അഭിനന്ദിച്ചുകൊണ്ടു ഗാന്ധിജി ഒരു സന്ദേശമയച്ചു. രാജ്യത്തിന്റെ എല്ലാഭാഗത്തും ഈ സത്യാഗ്രഹത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളുമെല്ലാം ഈ ആശയത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഈ സമ്മേളനത്തിൽ പങ്കെടുത്തു. മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ സഹപ്രവർത്തകരോടും, പ്രൈവറ്റ് സെക്രട്ടറിയായ മഹാദേവ് ദേശായി, മകൻ രാംദാസ് ഗാന്ധി, സി. രാജഗോപാലാചാരി എന്നിവർക്കൊപ്പം വൈക്കം സന്ദർശിച്ചു. വൈക്കം സത്യാഗ്രഹത്തോട് സവർണരായ ഹിന്ദുക്കൾക്കുണ്ടായിരുന്ന സമീപനം മാറ്റിയെടുക്കുന്നതിന് അവർ ശ്രമിച്ചു. ഗാന്ധിജി മഹാറാണി റീജന്റിനോടും, ശ്രീനാരായണഗുരുവിനോടും, ദിവാനോടും, പ്രമുഖരായ യാഥാസ്ഥിതിക നേതാക്കളോടും സത്യാഗ്രഹയുടെ വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ചു.



രണ്ടിടവഴികളൊഴികെ മറ്റുള്ളവ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കണമെന്ന വ്യവസ്ഥയിൽ 1952 നവംബർ 23 നു വൈക്കം സത്യാഗ്രഹം പിൻവലിച്ചു. കേരള ഗാന്ധി എന്നറിയപ്പെടുന്ന കെ.കേളപ്പൻ ഈ കരാറിൽ സംതൃപ്തി രേഖപ്പടുത്തി.

1936 ൽ ശ്രീ. ചിത്തിരതിരുനാൾ ബാലരാമവർമ്മ പുറപ്പെടുവിച്ച ക്ഷേത്രപ്രവേശന വിളംബരത്തിന് അടിസ്ഥാനമായത് വൈക്കം സത്യാഗ്രഹമാണ്. മന്നത്തു പദ്മനാഭന്റെ നേതൃത്വത്തിൽ നടന്ന സവർണജാഥ വൈക്കംസത്യാഗ്രഹത്തിലെ പ്രധാന സംഭവമായിരുന്നു.



**ഗുരുവായൂർ സത്യാഗ്രഹം:** ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകിട്ടുന്നതിന് കേരളാ പ്രൊവിൻഷ്യൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ 1931 നവംബർ 1 നാണ് ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചത്. കെ.കേളപ്പന്റെ നേതൃത്വത്തിലാണ് സത്യാഗ്രഹം നടന്നത്. എ.കെ.ഗോപാലനായിരുന്നു സന്നദ്ധപ്രവർത്തകരുടെ ക്യാപ്റ്റൻ. ഈ സത്യാഗ്രഹം രാജ്യമെമ്പാടുമുള്ളവരുടെ ശ്രദ്ധപിടിച്ചുപറ്റി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള രാഷ്ട്രീയപ്രവർത്തകർ ഗുരുവായൂരിലേക്ക് എത്തിച്ചേർന്നു.

ക്ഷേത്രം ട്രസ്റ്റി ആയിരുന്നു അന്നത്തെ സാമൂതിരി സത്യാഗ്രഹികളുടെ ആവശ്യം തള്ളിക്കളഞ്ഞു. 1931 ൽ ക്ഷേത്ര പ്രവേശനസമരത്തിന്റെ ക്യാപാറ്റനായിരുന്ന ടി.സുബ്രഹ്മണ്യൻ തിരുമുൽപാടിനെ അറസ്റ്റ് ചെയ്തു. ബ്രാഹ്മണന്മാരുടെ മാത്രം കുത്തകാവകാശമായിരുന്ന ശ്രീകോവിലിനു മുന്നിലെമണിയടിച്ചതുമായി ബന്ധപ്പെട്ട് എ.കെ.ഗോപാലനെ കൈയേറ്റം ചെയ്തത് മറ്റൊരു പ്രധാനസംഭവമായിരുന്നു. രോഷാകുലരായ ജനങ്ങൾ ബലംപ്രയോഗിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനുള്ള ശ്രമം നടത്തി. ഒരു മാസത്തേക്ക് പൂജാദി കർമ്മങ്ങളെല്ലാം നിർത്തിച്ചുകൊണ്ട് ക്ഷേത്രം അടച്ചിടാൻ തീരുമാനമായി.

1932 സെപ്റ്റംബർ 1 ന് കെ.കേളപ്പൻ ക്ഷേത്രത്തിനു മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. എന്നാൽ 1932 ഒക്ടോബർ 2 ന് ഗാന്ധിജിയുടെ അഭിപ്രായത്തെ മാനിച്ചുകൊണ്ട് അദ്ദേഹം ഉപവാസം അവസാനിപ്പിച്ചു. ഈ വിഷയത്തിൽ ജനങ്ങളുടെ അഭിപ്രായമറിയുന്നതിനായി പൊന്നാനിയിലെ ഹിന്ദുക്കളുടെ ഇടയിൽ ഒരു അഭിപ്രായസർവേ നടത്തി. 70% ആളുകൾ പ്രത്യേകിച്ച് സ്ത്രീകൾ എല്ലാഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കുന്നതിനെ അനുകൂലിച്ചു.

അങ്ങനെ അയിത്തോച്ചാടനത്തിനു അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഗുരുവായൂർ സത്യാഗ്രഹത്തിനു സാധിച്ചു ജാതിവ്യവസ്ഥയോടുള്ള ജനങ്ങളുടെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുന്നതിനും. സത്യാഗ്രഹ എന്ന ആശയം ജനമനസുകളിൽ ഇടം പിടിക്കുന്നതിനും ഇത് കാരണമായി.

**15**

***വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവ ക്ഷേത്രപ്രവേശന വിളംബരത്തിന് വഴിയൊരുക്കി. വിശദമാക്കുക.***

**പ്രവർത്തനം**

- ***ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലത്ത് കേരളത്തിൽ അയിത്തോച്ചാടനവു മായി ബന്ധപ്പെട്ടു നടന്ന രണ്ടു സത്യാഗ്രഹങ്ങൾ ഏവ? അവയെക്കു റിച്ച് ഒരു ലേഖനം തയാറാക്കുക***

**ഹരിജൻ സേവക് സംഘ്** : (1932) 1932ൽ സമുദായികപുരസ്കാരത്തിനെതിരെ ഗാന്ധിജി യർവാദജയിലിൽ നിരാഹാരംകിടക്കുന്ന സമയത്താണ് ഹരിജൻസേവക് സംഘിന് രൂപം നൽകിയത്. ഡൽഹിയായിരുന്നു അതിന്റെ ആസ്ഥാനം. ഗാന്ധിജി സ്വയം അതിന്റെ ഭരണഘടന എഴുതിയുണ്ടാക്കി. സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 പ്രാകാരം അത് രജിസ്റ്റർ ചെയ്തു. ഹരിജനങ്ങളുടെ വിദ്യാഭ്യാസവികസ നത്തിനും സാമൂഹികപുരോഗതിക്കും വേണ്ടിയാണ് ഇത് പ്രവർത്തിച്ചത്. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായി അയിത്തോച്ചാടനം നടത്തുക എന്നതും ഹരിജൻ സേവക്സംഘിന്റെ പ്രധാനലക്ഷ്യമായിരുന്നു.

**കസ്തൂർബാഗാന്ധി നാഷണൽ മെമ്മോറിയൽട്രസ്റ്റ്**: ഗ്രാമീണ ഇന്ത്യയിലെ സ്ത്രീക ളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായിരുന്നു ഗാന്ധജി ഈ ട്രസ്റ്റ് തുടങ്ങിയത്. ഇന്ത്യൻ സ്വതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിലാണ് ഈ ട്രസ്റ്റ് രൂപീകരിച്ചത്. ജീവിത ത്തിന്റെ വിവിധ മേഖലകളിലുള്ള ജനങ്ങളും സാധാരണക്കാരും ഇതിന്റെ രൂപീകര ണത്തിനു വേണ്ട വിഭവങ്ങൾ സംഭാവനചെയ്തു. ഇൻഡോറിലുള്ള കസ്തൂർബ ഗ്രാം ആണ് ഇതിന്റെ ആസ്ഥാനം. ഈ ട്രസ്റ്റിന് രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി 22 ശാഖകളുണ്ട്.

സരോജനി നായിഡു അവരുടെ ജീവിതം ഈ ട്രസ്റ്റിന്റെ പ്രവർത്തനത്തിനായി ഉഴിഞ്ഞുവച്ചു. ഗ്രാമീണസ്ത്രീകളുടെ ഇടയിൽ നിർമ്മാണപ്രവർത്തനവുമായി ബന്ധ പ്പെട്ട് 50 വർഷത്തോളം ഈ ട്രസ്റ്റ് പ്രവർത്തിച്ചു. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാക്ഷരത, തൊഴിൽ പരിശീലനം, ദുരിതാശ്വാസം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവയായിരുന്നു ട്രസ്റ്റിന്റെ പ്രധാന പ്രവർത്തനങ്ങൾ. മഹാത്മാ ഗാന്ധി, വല്ലഭാ യി പട്ടേൽ, താക്കർ ബാപ, ദാദാ സാഹേബ് മൗലങ്കാർ, പ്രേംലീല തകരാസി, ലക്ഷ്മി എൻ മേനോൻ, മണി ബെൻ പട്ടേൽ, ഡോ. സുശീല നയ്യാർ എന്നി വർ ഇതിന്റെ ചെയർ പേഴ്സൺസ് ആയിരുന്നു. വർഗീയലഹളകൾ ശമിപ്പിക്കുന്നതിന് ഗാന്ധിജി അഹോരാത്രം ശ്രമിച്ചു

സ്വാതന്ത്ര്യം എന്നതുകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത് ബ്രിട്ടീഷുകാരിൽ നിന്നുള്ള സ്വാതന്ത്ര്യം മാത്രമല്ല മറിച്ച് ഇന്ത്യയുടെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തി കവും ധാർമ്മികവുമായ ഉന്നമനമാണ്.

ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽക്കൂടി ഗാന്ധിജിമുന്നോട്ടുവച്ച സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സത്യാഗ്രഹം എല്ലാ അനീതികളേയും ചെറുത്തു നിൽക്കുന്നതിന് ലോകത്തിനു നൽകിയ സംഭാവനയായി മാറി.

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണം. മിതവാദികളും, തീവ്രവാദികളും, മുസ്ലിംലീഗിന്റെ രൂപീകരണം.
2. ചമ്പാരൻ സത്യാഗ്രഹവും. കാരണങ്ങളും, ഗാന്ധിജിയുടെ ഇടപെടലും.
3. അഹമ്മദാബാദ് സത്യാഗ്രഹം. സത്യാഗ്രഹികൾ പാലിക്കേണ്ട 4 നിയമങ്ങൾ. ഗാന്ധിജിയുടെ ഉപവാസം
4. ഖേദ സത്യഗ്രഹം, ഗാന്ധിജി നടത്തിയ ശ്രമങ്ങളും പരിണിതഫലവും.
5. റൗലറ്റ് ആക്ട്, ജാലിയൻ വാലാബാഗ് കൂട്ടക്കുരുതി.
6. ഖിലാഫത്ത് പ്രസ്ഥാനം, ഇതിന്റെ പ്രവർത്തനങ്ങൾ.
7. നിസ്സഹകരണ പ്രസ്ഥാനം, ചൗരിചൗരാസംഭവം.
8. ഉപ്പിനു ചുമത്തിയ നികുതിയും ദണ്ഡിമാർച്ചും.
9. ദണ്ഡിമാർച്ചും സവിശേഷതകളും. രാഷ്ട്രീയ അവബോധം വളർത്തി.
10. രണ്ടാം വട്ടമേശസമ്മേളനം 1931.
11. പൂനാകരാറിലെ വ്യവസ്ഥകൾ
12. വിനോബഭാവെ
13. വ്യക്തിസത്യാഗ്രഹം, സത്യാഗ്രഹത്തിന്റെ വിജയത്തിന് സത്യാഗ്രഹിയുടെ യോഗ്യത വളരെ പ്രധാനപ്പെട്ടതാണ്.
14. നിസ്സഹകരണ സമരം, നിയമലംഘന പ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാപ്രസ്ഥാനം എന്നിവ വിശദമാക്കുക.
15. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം എന്നിവ വിശദീകരിക്കുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ സത്യാഗ്രഹം ഏത്? ഈ സത്യാഗ്രഹത്തിന്റെ പ്രസക്തി വിശകലനം ചെയ്യുക.
2. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ തൊഴിലാളി സമരത്തിന്റെ പ്രവർത്തനരീതികൾ വിലയിരുത്തുക.
3. ഗാന്ധിജി നിസ്സഹകരണസമരം വളരെ പെട്ടെന്ന് പിൻവലിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുക.
4. കേരളത്തിൽ നടത്തിയ ഒരു സത്യാഗ്രഹം ക്ഷേത്രപ്രവേശനവിളംബരത്തിന് കാരണമായി. ഈ സത്യാഗ്രഹം ഏതെന്ന് തിരിച്ചറിഞ്ഞ് ഇതിന്റെ പ്രസക്തി വിശദമാക്കുക.

5. വ്യക്തിസത്യാഗ്രഹത്തിന്റെ വിജയം സത്യാഗ്രഹിയുടെ മനക്കരുത്തിലും ധാർമ്മികതയിലും ആശ്രയിച്ചിരിക്കുന്നു. ഈ പ്രസ്താവനയെ ഗാന്ധിജി ആഹ്വാനം ചെയ്ത വ്യക്തിസത്യാഗ്രഹയുടെ പശ്ചാത്തലത്തിൽ വിലയിരുത്തുക.

## ഉത്തരസൂചിക

1. ചമ്പാരൻ സത്യാഗ്രഹം, ചമ്പാരൻ അഗ്രേറിയൻ ബിൽ, ഗാന്ധിജി നേതൃത്വം നൽകിയ ആദ്യത്തെ കർഷകസമരം.
2. അഹമ്മദാബാദ് തൊഴിലാളിസമരം
3. ചൗരീചൗരാസംഭവം
4. വൈക്കംസത്യാഗ്രഹം
5. യുദ്ധവിരുദ്ധസത്യാഗ്രഹം

## തുടർപ്രവർത്തനങ്ങൾ/മൂല്യനിർണയപ്രവർത്തനങ്ങൾ

1. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ പ്രാദേശിക സത്യാഗ്രഹങ്ങളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കുക.
2. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ഗാന്ധിജിയുടെ ഇടപെടലുകളോടെ നടന്ന പ്രധാന സംഭവങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമയക്രമപട്ടിക തയ്യാറാക്കുക.

# ഇന്റേൺഷിപ്പ്

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട, നിങ്ങളുടെ സമീപത്തുള്ള ഒരു സ്ഥലം സന്ദർശിച്ച് പഠനക്കുറിപ്പ് തയാറാക്കുക.

# സംഗ്രഹം

ചമ്പാരൻ, ഖേദ, അഹമ്മദാബാദ് സത്യാഗ്രഹങ്ങൾ പ്രാദേശിക പ്രശ്നപരിഹാരത്തിലൂടെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള ഗാന്ധിജിയുടെ പ്രവേശനത്തിന് വഴിയൊരുക്കി.

റൗലറ്റ് ആക്ടിനെതിരെ ഗാന്ധിജി ആഹ്വാനം ചെയ്ത രാജ്യവ്യാപകമായ ഹർത്താൽ ഗാന്ധിജിയുടെ ദേശീയപ്രസ്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു. ഖിലാഫത്ത് പ്രസ്ഥാനം നിസ്സഹകരണ സമരത്തിന്റ ഭാഗമാക്കിയതോടെ ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ മുസ്ലീങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

നിസ്സഹകരണസമരം ഗാന്ധിജിയെ എതിരില്ലാത്ത ഇന്ത്യൻ ജനനായകനാക്കി.

നിയമലംഘനസമരം ഗാന്ധിജിയെ നല്ല രാഷ്ട്രീയപ്രവർത്തകന്റെ നിലയിലേക്കുയർത്തി. ന്യൂനപക്ഷങ്ങൾക്ക് വേറെ സമ്മതിദാനാവകാശം ഏർപ്പെടുത്തിയതിനെ ഗാന്ധിജി എതിർത്തു. യുദ്ധവിരുദ്ധസത്യാഗ്രഹത്തിലൂടെ ഗാന്ധിജി ബ്രിട്ടന്റെ യുദ്ധനയങ്ങളെ എതിർത്തു.

ക്വിറ്റ്ഇന്ത്യ സമരത്തിൽ ഗാന്ധിജി നൽകിയ 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന വാക്യം ജനശ്രദ്ധയാകർഷിച്ചു.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കാൻ | | | |
| • പ്രാദേശിക പ്രശ്നങ്ങളിലൂടെ രാഷ്ട്രീയത്തിലേക്കുള്ള ഗാന്ധിജിയുടെ രംഗപ്രവേശം തിരിച്ചറിയാൻ | | | |
| • ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള പ്രധാന സമരങ്ങളും സംഭവങ്ങളും വിലയിരുത്താൻ | | | |
| • സാമുദായികലഹളകൾ പരിഹരിക്കുന്നതിനുള്ള ഗാന്ധിജിയുടെ ഇടപെടലുകൾ വിശദീകരിക്കാൻ | | | |
| • സാമൂഹ്യരാഷ്ട്രീയപ്രവർത്തകൻ എന്ന നിലയിൽ ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ | | | |
| • വൈക്കംസത്യാഗ്രഹം ഗുരുവായൂർ സത്യാഗ്രഹം എന്നിവയുടെ പ്രസക്തി വിശകലനം ചെയ്യാൻ | | | |

5

# മഹാത്മാഗാന്ധിയുടെ പ്രധാന തത്വചിന്തകൾ

## ആമുഖം

തത്വശാസ്ത്രത്തെക്കുറിച്ച് ഒരു പരിചയപ്പെടുത്തൽ നൽകികൊണ്ട് ഗാന്ധിജിയുടെ പ്രധാനചിന്തകൾ ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നു. ആദ്യഭാഗത്ത് തത്വശാസ്ത്രത്തെ പരിചയപ്പെടുത്തുകയും ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ സവിശേഷതകൾ വിശദീകരിക്കുകയും ചെയ്യുന്നു. തുടർന്നു വരുന്ന ഭാഗങ്ങളിൽ സത്യം, അഹിംസ, ലക്ഷ്യവും മാർഗവും, മനുഷ്യൻ, മതം എന്നീ ഗാന്ധിയൻ ചിന്തകൾ ചർച്ചചെയ്യുന്നു. ഗാന്ധിജി ഒരു പ്രായോഗിക രാഷ്ട്രീയവാദിയാണ് എന്ന നിഗമനത്തിൽ ഈ അധ്യായം അവസാനിക്കുന്നു.

### പഠനനേട്ടങ്ങൾ

- തത്വശാസ്ത്രത്തിന്റെ അർഥം, ഇന്ത്യൻ ഫിലോസഫിയുടെ കാഴ്ചപ്പാട് എന്നിവ വിലയിരുത്തുന്നു.
- ഗാന്ധിജിയുടെ പ്രധാന തത്വചിന്തകൾ വിശദീകരിക്കുന്നു.
- സത്യം, അഹിംസ എന്നിവയെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാട് വിശകലനം ചെയ്യുന്നു.
- സ്വന്തം ലക്ഷ്യവും മാർഗവും നിർണയിക്കുന്നു.
- മനുഷ്യപ്രകൃതി - ഗാന്ധിജിയുടെ കാഴ്ചപ്പാട് വിലയിരുത്തുന്നു.
- മതങ്ങളെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് വിലയിരുത്തുന്നു.
- മതങ്ങൾ - പ്രാവർത്തികമാക്കുവാനുള്ള മാർഗങ്ങൾ വിശകലനം ചെയ്യുന്നു.
- ഗാന്ധിജി - ഒരു പ്രായോഗിക തത്വചിന്തകനാണെന്ന് വിലയിരുത്തുന്നു.

## എന്താണ് തത്വശാസ്ത്രം?

അറിവ് (ജ്ഞാനം) നേടുവാനുള്ള ആഗ്രഹം എന്നതാണ് ഫിലോസഫിയുടെ വാച്യാർഥം. ജ്ഞാനം എന്നത് ജീവിതം അർഥപൂർണമാക്കുവാൻ ആവശ്യമായ അറിവും നൈപുണികളുമാണ്. എന്നാൽ വിശാലമായഅർഥത്തിൽ, ജീവിതത്തിലെ അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള അന്വേഷണമാണ് തത്വശാസ്ത്രത്തിലൂടെ പ്രാപ്തമാവുന്നത്.

ജീവിതത്തിന്റെ അർഥം, അതിന്റെ ഉദ്ദേശ്യം, അർഥപൂർണമായ ജീവിതം നയിക്കുന്നതിനായി നമ്മുടെ ലക്ഷ്യം എന്തായിരിക്കണം, ഇതിനനുസൃതമായി എങ്ങനെ ജീവിതത്തെ ക്രമപ്പെടുത്തണം എന്നീ ചോദ്യങ്ങളിലൂടെ തത്വശാസ്ത്രം പ്രസക്തമായിത്തീരുന്നു. മനുഷ്യൻ, അഹം, വ്യക്തിത്വം. ഈശ്വരൻ, ലോകം, സത്യം, സൗന്ദര്യം, നന്മ എന്നിവയെ സംബന്ധിച്ച് ജീവിതത്തിന്റെ അടിസ്ഥാനചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ കണ്ടെത്താൻ തത്വജ്ഞാനികൾ സഹായിക്കുന്നു.

ലോകത്തിലെ എല്ലാമതങ്ങളുടെയും അടിസ്ഥാനം ഈശ്വരനാണെന്നും ഈശ്വര സാക്ഷാത്കാരമാണ് ജീവിതത്തിന്റെ പരമമായ ലക്ഷ്യമെന്നും തത്വജ്ഞാനികൾ വ്യക്തമാക്കുന്നു. തത്വശാസ്ത്രത്തിൽ യുക്തി, ന്യായവാദം, അനുമാനം എന്നിവ ആശയങ്ങൾ വ്യക്തമാക്കുവാൻ സ്വീകരിക്കുന്ന മാർഗങ്ങളാണ്. സംശയ ദൂരീകരണത്തിനും, വിവേചിച്ചറിയുന്നതിനും, വിരുദ്ധ ചിന്തകൾ പരിശോധിക്കുന്നതിനും നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനും, ലോകവീക്ഷണം രൂപ്പെടുത്തുന്നതിനും തത്വശാസ്ത്രം

സഹായകമാകയാൽ അത് വിമർശനാത്മകമായ വിഷയമായി കണക്കാക്കപ്പെടുന്നു. തത്വശാസ്ത്രം യുക്തിവാദപരവും സൃഷ്ടിപരവുമായ ശാസ്ത്രശാഖയാണ്. പുതിയ ആശയങ്ങളും തത്വങ്ങളും രൂപീകരിക്കുന്നതിലൂടെയും വിവിധ ആശയങ്ങളുടെ സമന്വയം സാധ്യമാവുന്നതിലൂടെയും തത്വശാസ്ത്രത്തിന്റെ സൃഷ്ടിപരത വ്യക്തമാകുന്നു. തത്വശാസ്ത്രം കൈകാര്യംചെയ്യുമ്പോൾ യുക്തിയും ഭാവനയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. ഡെല്ഫിയിലെ സൂര്യക്ഷേത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന നീതിവാക്യം "നോ ദൈ സെൽഫ്", (സ്വയം തിരിച്ചറിയുക) എന്നത് തത്വശാസ്ത്രത്തിന്റെ അന്തസത്ത പൂർണമായും വ്യക്തമാക്കുന്നു.

## ഭാരതീയതത്വശാസ്ത്രം

ഭാരതീയതത്വശാസ്ത്രത്തിന് സവിശേഷമതപരമായ തലങ്ങളുണ്ട്. അസ്തിത്വവാദം, സത്താമീമാംസ, (ഓണ്ടോളജി), പ്രപഞ്ചഘടനാവിവരണം (കോസ്മോളജി), നീതിശാസ്ത്രചിന്തകൾ (എത്തിക്സ്), സൗന്ദര്യാത്മകശാസ്ത്രം (ഏസ്തറ്റിക്സ്) രാഷ്ട്രമീമാംസ (പൊളിറ്റിക്സ്) എന്നിവ തത്വശാസ്ത്രത്തിന്റെ ശാഖകളാണ്. ഇതിനെല്ലാം അധിഷ്ഠിതമായ മതപരവും ആത്മീയവുമായ മൂല്യങ്ങളാണ് ഇന്ത്യൻ തത്വശാസ്ത്രത്തിന് ആധാരം. ആത്മശിക്ഷണത്തിലൂടെ സ്വയംപര്യാപ്തത, സ്വയം നിയന്ത്രണം, സ്വാതന്ത്ര്യം എന്നിവ കൈവരിക്കുക എന്നതാണ് ഭാരതീയതത്വശാസ്ത്രത്തിന്റെ ആത്മീയ അടിത്തറ.

1

***ഭാരതീയതത്വശാസ്ത്രത്തിന്റെ ആത്മീയ അടിത്തറ വിശദമാക്കുക.***

ഇന്ത്യൻ സംസ്കാരത്തിൽ ജീവിതത്തിന്റെ പരമമായലക്ഷ്യം മോക്ഷം, നിർവാണം, കൈവല്യം എന്നിവയാണ്. എന്നാൽ ജീവിതം പൂർണവും അർഥവത്തുമാക്കാൻ മറ്റു ലക്ഷ്യങ്ങളായ ധനം - അധികാരം (അർഥ), സുഖം (കാമം), ധർമം (ധർമ) എന്നീ ലക്ഷ്യങ്ങളും അനിവാര്യമാണ്. ഈ ലക്ഷ്യങ്ങൾ ജീവിതത്തിന്റെ നാലു ലക്ഷ്യങ്ങൾ, പുരുഷാർഥങ്ങൾ - (ചതുർവിധ പുരുഷാർഥങ്ങൾ) - ആയി കണക്കാക്കുന്നു. എന്നാൽ ജീവിതത്തിന്റെ പല പ്രത്യക്ഷസാഹചര്യങ്ങളിലും പുരുഷാർഥങ്ങൾ തമ്മിൽ സംഘട്ടനം ഉണ്ടായേക്കാം. ധനസമ്പാദനവും ആത്മീയതയും, ആത്മീയതയും ഭൗതികതയും, ആത്മീയ ജീവിതവും ഉത്തരവാദിത്തങ്ങളും തമ്മിലുള്ള വൈരുധ്യങ്ങൾ ഉദാഹരണങ്ങളാണ്. ഏതെങ്കിലും ഒരുവ്യക്തി ഭക്ഷണത്തിലും പാനീയങ്ങളിലുമായി തന്റെ ലക്ഷ്യം പരിമിതപ്പെടുത്തിയാൽ കല, സംഗീതം, സാഹിത്യം എന്നിവ നഷ്ടമായേ

ക്കാം. പുരുഷാർഥങ്ങൾ അനുസരിച്ച് ഇവയെല്ലാം ജീവിതലക്ഷ്യങ്ങളാണ്. ഇവ ഓരോന്നും സംഘട്ടനം നേരിടുന്നവയുമല്ല. ഏതെങ്കിലും ഒന്നിന്റെ പൂർത്തീകരണത്തിനായുള്ള ശ്രമങ്ങൾ മറ്റുള്ളവയെ ബാധിക്കുകയില്ല. ചുരുക്കത്തിൽ ജീവിതം എന്ന കല സമസ്തതലങ്ങളുടെയും തുല്യത സ്വായത്തമാക്കുന്നതിനുള്ള കലയാണ് എന്നു സാരം. ധനം, അധികാരം, സന്തോഷം എന്നിവ ആത്മീയധാർമികമൂല്യങ്ങൾ നിരാകരിച്ചുകൊണ്ട് നേടുന്നത് ഭാരതീയ സംസ്കാരത്തിന്റെ ഭാഗമല്ല. ഇതുതന്നെയാണ് ഗാന്ധിയൻ തത്വചിന്തകളുടേയും അന്തസത്ത.

ഗാന്ധിയൻ തത്വചിന്തകളെക്കുറിച്ച് മനസ്സിലാക്കുവാനും അദ്ദേഹത്തിന്റെ ആദർശങ്ങൾ വിവേകപൂർവം സ്വായത്തമാക്കാനും ഭാരതീയ തത്വശാസ്ത്രം അറിയേണ്ടിയിരിക്കുന്നു. ഉദാഹരണമായി സത്യം, അഹിംസ, രാഷ്ട്രതന്ത്രജ്ഞത എന്നിവയെക്കുറിച്ചുള്ള ഗാന്ധിയൻ തത്വങ്ങൾ ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടുതലായി ഉൾക്കൊള്ളുവാൻ സാധിക്കും. തികഞ്ഞ മതവിശ്വാസി എപ്രകാരമാണ് രാഷ്ട്രസേവകൻ ആയിത്തീരുന്നതെന്ന് ഇതുപ്രകാരം നമുക്ക് മനസ്സിലാക്കുവാനാകും. ഇന്ത്യയുടെ തത്വശാസ്ത്രപരമായ ഇത്തരം മൂല്യങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ സാധിച്ച മഹാത്മജി രാഷ്ട്രീയപ്രവർത്തകർക്കിടയിലെ വിശുദ്ധനായും (സെയിന്റ് എമങ് ദ പോളിറ്റീഷ്യൻസ്), വിശുദ്ധന്മാർക്കിടയിലെ രാഷ്ട്രീയപ്രവർത്തകനായും (പോളിറ്റീഷ്യൻ എമങ് ദ സെയിന്റ്സ്) അറിയപ്പെടുന്നു. മഹാത്മജി ഉപയോഗിച്ചിട്ടുള്ള മതപരമായ ആശയങ്ങളും അദ്ദേഹം വ്യാപരിച്ചിരുന്ന ആത്മീയതലങ്ങളും അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നില്ലെന്നും അവ ഇന്ത്യൻ സംസ്കാരത്തിന്റെയും തത്വശാസ്ത്രത്തിന്റെയും കേന്ദ്രബിന്ദുക്കളാണെന്നും വ്യക്തമാക്കുന്നു. അതുകൊണ്ടാണ് ഗാന്ധിജിയുടെ തത്വചിന്തകൾ സമഗ്രവും പ്രസക്തവും ആയിത്തീരുന്നത്.

## ഗാന്ധിജിയുടെ പ്രധാനതത്വചിന്തകൾ

മഹാത്മജിയുടെ പ്രധാനതത്വചിന്തകൾ എല്ലാം തന്നെ അദ്ദേഹത്തിന്റെ കുടുംബം, അച്ഛൻ, അമ്മ, ജന്മസ്ഥലം, വിദ്യാഭ്യാസം, പാശ്ചാത്യ-പൗരസ്ത്യ ചിന്തകന്മാരുമായുള്ള ബന്ധം, മതചിന്തകരുടെ സ്വാധീനം എന്നിവയിലൂടെ രൂപീകൃതമായതാണ്. ഗാന്ധിജി ഇതിനെപ്പറ്റി അഭിപ്രായപ്പെടുന്നു. "കുട്ടികൾക്ക് അവരുടെ ശാരീരിക സവിശേഷതകൾ പോലെ തന്നെ ഗുണങ്ങളും നൈപുണികളും രക്ഷകർത്താക്കളിൽ നിന്നും പാരമ്പര്യമായി ലഭിക്കുന്നു. ചുറ്റുപാടുകൾ പൗരത്വരൂപീകരണത്തെ സ്വാധീനിക്കുമെങ്കിലും തലമുറകളിലൂടെ പകർന്നു നൽകപ്പെടുന്ന മൂല്യങ്ങളാണ് യഥാർഥ ഉറവിടങ്ങളായിത്തീരുന്നത്. എന്നാൽ ചിലകുട്ടികൾ അവർക്ക് പാരമ്പര്യമായി വന്നു ഭവിച്ചിട്ടുള്ള തിന്മകളെ മറി കടന്നിട്ടുള്ളതായി അറിയാവുന്നതാണ്. ശുദ്ധി എന്നത് പാര

ന്ധര്യം എന്നതിലുപരി ആത്മാവിൽ അന്തർലീനമായിരിക്കുന്ന ഗുണമായതിനാലാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്."

## ഈശ്വരൻ

എല്ലാവരിലും ഈശ്വരവിശ്വാസമുണ്ട്, ചിലർ അത് തിരിച്ചറിയുന്നില്ലെന്നുമാത്രം. എല്ലാവർക്കും അവനവനിലുള്ള വിശ്വാസമുണ്ട്. ഇത് ഈശ്വര ചൈതന്യത്തിന്റെ ശ്രേഷ്ഠമായ തലമാണ്. ഇന്ന് പ്രപഞ്ചത്തിൽ നിലനിൽക്കുന്ന എല്ലാത്തിന്റെയും ആകെത്തുകയാണ് ഈശ്വരൻ. എപ്രകാരമാണോ സമുദ്രത്തിലെ ഒരു തുള്ളി ജലം പോലും സമുദ്രത്തിന്റെ എല്ലാ ഗുണങ്ങളും ഉൾക്കൊള്ളുന്നത്, അപ്രകാരം തന്നെ നമ്മിൽ ഈശ്വരനും നിലകൊള്ളുന്നുണ്ട്. അദ്ദേഹം 'ഹരിജ'നിൽ ഇങ്ങനെ എഴുതി- "അനിർവചനീയവും നിഗൂഢവുമായ ഒരുശക്തി എല്ലാറ്റിലും നില കൊള്ളുന്നു. കാണാനാകുന്നില്ലെങ്കിലും അത് ഞാൻ അനുഭവിക്കുന്നുണ്ട്." കാണുവാൻ കഴിയാത്തതും എന്നാൽ അനുഭവിക്കുവാൻ സാധിക്കുന്നതുമായ ഈ ചൈതന്യത്തെ ഗാന്ധിജി ഉദാഹരിക്കുന്നത് ഇപ്രകാരമാണ്. "മരണത്തിനു നടുവിൽ ജീവിതം നിലനിൽക്കുന്നു, അസത്യങ്ങൾക്ക് നടുവിലും സത്യം നിലകൊള്ളുന്നു. കൂരിരുട്ടിനുള്ളിലും പ്രകാശം പരക്കുന്നു. ആയതിനാൽ ഈശ്വരൻ ജീവിതവും, സത്യവും, പ്രകാശവുമായി ഞാൻ സ്വായത്തമാക്കുന്നു. ഏറ്റവും പരമോന്നതമായ നന്മയും സ്നേഹവും ഈശ്വരനാകുന്നു." ഗാന്ധിജിയുടെ അഭിപ്രായത്തിൽ എല്ലാ ജീവജാലങ്ങളും ദൈവികചൈതന്യം വഹിക്കുന്നുണ്ട്. എല്ലാവരെയും ഒരുമിപ്പിക്കുന്ന അന്തർലീനമായനന്മയാണ് ഈ സങ്കൽപ്പത്തിന് ആധാരം. ഗാന്ധിജിയുടെ ഈശ്വരസങ്കൽപ്പം എല്ലാവർക്കും സേവനം ചെയ്യുവാനും ലോകനന്മക്കായും നിലകൊള്ളുന്നു. "എന്നെ സംബന്ധിച്ചിടത്തോളം ഈശ്വരന്റെ സ്വരം മനസ്സാക്ഷിയുടെ സ്വരമാണ്. ആത്മസ്വരം, ആന്തരികസത്യം, തുടിപ്പ് എല്ലാം ഒരേ അർഥമാണ് നൽകുന്നത്"

## സത്യം

ഈശ്വരന്റെ സൃഷ്ടി അസംഖ്യമാണ്. ആയതിനാൽ തന്നെ ഈശ്വരന്റെ നാമവും അനേകം ഉണ്ടായേക്കാം. ഈശ്വരൻ സ്നേഹമാണ് എന്നു കരുതുന്ന ഒരുവന് ഈശ്വരൻ സ്നേഹംതന്നെ ആയേക്കാം. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ച് ഈശ്വരൻ സ്നേഹമാണ്; അതിലുപരി സത്യമാണ്. സത്യം നിലനിൽക്കുന്നതും കൃത്യവും വ്യക്തവുമായി വിശദീകരിക്കാവുന്നതുമാണ്. പക്ഷേ പിന്നീട് ഗാന്ധിജി ഈ അഭിപ്രായത്തിന് മാറ്റം വരുത്തുകയുണ്ടായി. സത്യത്തിന്റെ ആധികാരികതയെ ആർക്കും നിഷേധിക്കാനാകില്ല. ഈശ്വരനെ നിഷേധിക്കുന്ന നിരീശ്വരവാദികൾപോലും സത്യത്തെ

നിഷേധിക്കുന്നില്ല. ആയതിനാൽ ഗാന്ധിജി, ഈശ്വരൻ സത്യമാണ് എന്ന കാഴ്ചപ്പാടിനെ 'സത്യമാണ് ഈശ്വരൻ' എന്ന് പരിവർത്തനം ചെയ്തു. "പ്രാർഥനാനിർഭരമായ എന്റെ അന്വേഷണം ഈശ്വരൻ സത്യമാണ് എന്ന സങ്കൽപ്പത്തിന് ബദലായി സത്യമാണ് ഈശ്വരൻ എന്നതിലേക്ക് എത്തിച്ചു."

സത്യം എന്ന വാക്ക് "സത്" എന്ന സംസ്കൃതപദത്തിൽ നിന്നാണ് ഉത്ഭവിച്ചത്. സത് എന്നാൽ നിലകൊള്ളുന്നത് എന്നാണർഥം. അതുകൊണ്ടായിരിക്കാം ഗാന്ധിജി ഈശ്വരനെ സത്യമായി കാണുന്നത്. എവിടെയാണോ സത്യമുള്ളത് അവിടെ ശരിയായ ജ്ഞാനം ഉണ്ടായിരിക്കും. സത്യം ഇല്ലാതെ ശരിയായ ജ്ഞാനം പ്രാപ്തമാകുകയില്ല. അതുകൊണ്ടാണ് 'ചിത്' അഥവാ ജ്ഞാനം എന്നത് ഈശ്വരനുമായി ബന്ധപ്പെട്ടുള്ളതായി കരുതുന്നത്. ശരിയായ ജ്ഞാനം എവിടെയാണോ ഉള്ളത് അവിടെ ആനന്ദം ഉണ്ടായിരിക്കും. അവിടെ ദുഃഖത്തിന് ഒരു സ്ഥാനവും ഉണ്ടാവുകയില്ല. സത്യം അനശ്വരമാകയാൽ അത് പ്രാപ്തമാകുന്നതിലൂടെ കൈവരിക്കുന്ന ആനന്ദവും അപ്രകാരമുള്ളതായിരിക്കും. ഈശ്വരൻ സ്വയം സത്യം, ജ്ഞാനം, ആനന്ദം എന്നിവ ഉൾക്കൊള്ളുന്നു. ആയതിനാൽ ഈശ്വരൻ സത്-ചിത് ആനന്ദനായി വിഹരിക്കുന്നു.

2

***ഈശ്വരൻ സത്യമാണെന്നുള്ള ഗാന്ധിജിയുടെ ദർശനം വിശകലനം ചെയ്യുക.***

## ആപേക്ഷികസത്യവും പരമമായസത്യവും

ഗാന്ധിജിയുടെ അഭിപ്രായത്തിൽ സത്യം രണ്ടുവിധമുണ്ട്. പരമമായ സത്യവും ആപേക്ഷിക സത്യവും ചിരന്തനമായി നിലകൊള്ളുന്നതാണ് പരമമായ സത്യം. ശാശ്വതമായ സത്യം- അതായത് ഈശ്വരനാണ് പരമമായ സത്യം. പരിമിതമായ ത്രാണി മാത്രമുള്ള മനുഷ്യന് ഈശ്വരനെ പൂർണമായും ഉൾക്കൊള്ളുവാൻ കഴിയില്ല. അതിനുള്ളപരിശ്രമം മാത്രമാണ് സാധ്യമാവുക. അത്തരത്തിലുള്ള ശ്രമത്തിലൂടെ നമുക്ക് ആപേക്ഷികമായി മാത്രമേ ഈശ്വരനെ കണ്ടെത്തുവാനാകൂ. ആപേക്ഷികസത്യത്തിലൂടെയേ പരമമായസത്യം അഥവാ ഈശ്വരനിലേക്ക് എത്തിച്ചേരുവാനാകൂ. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ഒരാൾ മനസ്സാ വാചാ കർമ്മണാ സത്യസന്ധത പുലർത്തണം. 'ഞാൻ ഈശ്വരനെ സത്യമായി മാത്രം ആരാധിക്കുന്നു. എത്രത്തോളമാണോ പരമമായ സത്യത്തെ പ്രാപ്തമാക്കുവാൻ കഴിയാത്തത് അത്രത്തോളം ഞാൻ ഉൾക്കൊണ്ടിട്ടുള്ള ആപേക്ഷിക സത്യത്തെ മുറുകെപ്പിടിക്കും. ചെറുപ്പംമുതൽ ഞാൻ സത്യത്തിന്റെ ആരാധകനായിരുന്നു എന്ന് എനിക്ക് ഉറപ്പിച്ച് പറയുവാനാകും.'

ആപേക്ഷികസത്യത്തെ മാത്രമെ നമുക്ക് ഉൾക്കൊള്ളുവാൻ സാധിക്കൂ. ആപേക്ഷികമായ ഓരോ സമീപനവും വ്യക്തിപരമായി സത്യമായിരിക്കും. ആയതിനാൽതന്നെ അഭിപ്രായഭിന്നതകൾക്ക് സാധ്യത ഉണ്ടായേക്കാം. ഒരാളുടെ സത്യത്തെ നാം അയാളുടെ കാഴ്ചപ്പാടിലൂടെ കാണുവാൻ ശ്രമിക്കേണ്ടതാണ്. ജൈനമതത്തിന്റെ അനേകാന്തവാദം അഥവാ സത്യത്തിന്റെ വിവിധവശങ്ങൾ എന്നത് ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. ഈ സിദ്ധാന്തപ്രകാരം സത്യത്തിന് വിഭിന്നമുഖങ്ങൾ ഉണ്ടായിരിക്കാം. അവ ഓരോന്നിലും ഭാഗികമായ സത്യം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

പരമമായസത്യം അഥവാ ഈശ്വരസാക്ഷാത്കാരമാണ് മനുഷ്യന്റെ ലക്ഷ്യം. മോക്ഷം പുരുഷാർഥങ്ങളുടെ പരമമായ അവസ്ഥയായി വിശദീകരിക്കുന്നതിന്റെ അർഥം ഇതാണ്. രാഷ്ട്രീയം, മതം, സാമൂഹ്യം, സാമ്പത്തികം എന്നിങ്ങനെ എല്ലാ തലങ്ങളിലുമുള്ള മനുഷ്യന്റെ പ്രയത്നങ്ങൾ ഈശ്വരസാക്ഷാത്കാരത്തിനായുള്ള വ്യത്യസ്ത മാർഗ്ഗങ്ങളാണ്. മറ്റുള്ളവർക്കായി ചെയ്യുന്ന നിസ്വാർത്ഥ സേവനമാണ് (അൾട്രൂയിസം - സെൽഫ്ലെസ്സ് സെർവീസ് ടു അതേഴ്സ്) ഈശ്വര സാക്ഷാത്കാരത്തിലേക്കുള്ള ഏകമാർഗം. ഭഗവത്ഗീതയിൽ മറ്റുള്ളവർക്കായി നാംചെയ്യുന്ന സേവനം ഈശ്വരനെ സേവിക്കുന്നതിന് തുല്യമായി പരാമർശിക്കുന്നു. "മാനവ സേവ മാധവ സേവ" എന്ന ആപ്തവാക്യം ഇതാണ് അർഥമാക്കുന്നത്.

**3**

***ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള സത്യത്തിന്റെ വിവിധതലങ്ങൾ വിശദമാക്കുക.***

## അഹിംസ (Non Violence)

"അഹിംസയാണ് എന്റെ ഈശ്വരൻ, സത്യം എന്നെ സംബന്ധിച്ചിടത്തോളം ഈശ്വരനാണ്. എപ്പോഴാണോ ഞാൻ അഹിംസയെ അന്വേഷിക്കുന്നത് അപ്പോഴെല്ലാം എന്നിലൂടെ അഹിംസയെ കണ്ടെത്തൂ എന്ന് സത്യം ഉദ്ഘോഷിക്കും. എപ്പോഴാണോ ഞാൻ സത്യത്തെ തേടി പുറപ്പെടുന്നത് അപ്പോഴെല്ലാം എന്നിലൂടെ സത്യത്തെ കണ്ടെത്തൂ എന്ന് അഹിംസ ഉദ്ഘോഷിക്കും."

അഹിംസ എന്നവാക്ക്, ഹിംസ (കൊല്ലുക, ഉപദ്രവിക്കുക) എന്നവാക്കിനു മുന്നിൽ അ (അരുത്) ചേർന്നതാണ്. യാതൊന്നിനെയും കൊല്ലാതിരിക്കുക അഥവാ ഉപദ്രവിക്കാതിരിക്കുക എന്നതാണ് അഹിംസയുടെ വാച്യാർഥം. എന്നാൽ കൊല്ലാതിരിക്കുക, ഉപദ്രവിക്കാതിരിക്കുക എന്നതിലുപരി വളരെ ഉയർന്നതലത്തിലുള്ള അർഥമാണ്

അഹിംസക്കുള്ളത്. പരുഷമായവാക്കുകൾ, നൊമ്പരപ്പെടുത്തുന്ന തീരുമാനങ്ങൾ, ദുഷ്ട ചിന്തകൾ, അനുകമ്പ ഇല്ലാതിരിക്കൽ, ക്രൂരത, മനുഷ്യരെയും മൃഗങ്ങളെയും പീഡിപ്പിക്കൽ, ദുർബലരെ അടിച്ചമർത്തൽ, ആത്മാഭിമാനത്തെ വ്രണപ്പെടുത്തൽ എല്ലാം ഹിംസയാണെന്ന് ഗാന്ധിജി തിരിച്ചറിയുന്നു. ഹിംസ എന്നത് ചൂഷണത്തിൽ അധിഷ്ഠിതമാണ്. നമ്മെ ദ്രോഹിക്കുന്നവരോടും സഹജീവികളോടും പ്രകടമാക്കുന്ന സ്നേഹമാണ് അഹിംസയുടെ ക്രിയാത്മകമായതലം.

ഗാന്ധിജിക്ക് മുൻപ് അഹിംസ ഋഷികളും സന്യാസിവര്യമാരും മാത്രമാണ് പ്രാവർത്തികമാക്കിയിരുന്നത്. എന്നാൽ അഹിംസ സാർവത്രികമാണെന്ന് ഗാന്ധിജി തെളിയിച്ചു. വ്യക്തികളുടെ ഉന്നമനത്തിനായി മാത്രമല്ല സാമൂഹ്യമാറ്റത്തിനും, വികസനത്തിനും അഹിംസ മാർഗമായി സ്വീകരിക്കാവുന്നതാണ്. "അഹിംസ മാനവരാശിയുടെ നിയമമാണ്, അക്രമം എന്നത് അപരിഷ്കൃതരുടെയും" ആത്മാഭിമാനവും ആത്മജ്ഞാനവും നേടുവാൻ നാം സ്വയം ആത്മീയവും ശ്രേഷ്ഠവുമായ ഒരു നിയമത്തിന് കീഴ്പ്പെടേണ്ടതാണ്. അക്രമം, യുദ്ധം, ആയുധങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ച് അറിവുണ്ടായിരുന്നിട്ടും ഋഷികൾ ആത്മശക്തി, അഹിംസാശക്തി എന്നിവയെ തിരിച്ചറിഞ്ഞിരുന്നു. ശത്രുവിനെ സ്നേഹിക്കുന്നതിന് അഹത്തിനുമേൽ പൂർണനിയന്ത്രണം അഥവാ ആത്മശക്തി അത്യന്താപേക്ഷിതമാണ്. ഇതിനായി സ്വയം സഹനത്തിനും അച്ചടക്കത്തിനും വിധേയമാകേണ്ടതാണ്. ഇത്തരത്തിൽ പ്രാവീണ്യം നേടിയ വ്യക്തികൾക്ക് സമൂഹപുനർനിർമ്മാണത്തിൽ ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയും. ആയതിനാൽ ഗാന്ധിജി അഹിംസയെ സാമൂഹ്യപരവും വ്യക്തിപരവുമായ നന്മയും ധർമ്മവുമായി കണക്കാക്കിയിരുന്നു.

4

***ഗാന്ധിജി അഹിംസയെ സാമൂഹികവും വ്യക്തിപരവുമായ നന്മയും ധർമ്മവുമായി കണക്കാക്കി, വിശകലനം ചെയ്യുക.***

## അഹിംസയും ധീരതയും

ശക്തിശാലികളുടെ അഹിംസയും ധൈര്യശാലികളുടെ അഹിംസയും തമ്മിലുള്ള അന്തരം ഗാന്ധിജി സ്പഷ്ടമായി വ്യക്തമാക്കിയിട്ടുണ്ട്. നാം നമ്മുടെ എതിരാളിയോട് നേർക്കുനേർ നിന്ന് പോരാടുവാൻ ശക്തിയില്ലെന്ന് കരുതുകയും ധൈര്യമില്ലാതിരിക്കുകയും ചെയ്താൽ അത്തരക്കാരുടെ അഹിംസ ദുർബലരുടേതാണ്. അതുപോലെ അക്രമസന്ദർഭങ്ങളിൽ തങ്ങളുടെ ഉറ്റവരെയും പ്രിയപ്പെട്ടവരെയും ഉപേക്ഷിച്ച് പ്രാണരക്ഷാർഥം ഓടിയൊളിക്കുന്നവരും ദുർബലരുടെ അഹിംസയിൽ വിശ്വസിക്കു



ന്നവരാണ്. യഥാർഥത്തിൽ ഭീരുവിന്റെ അഹിംസ അക്രമത്തേക്കാൾ ദോഷമുള്ളതാണ്. കാരണം ഒരു അക്രമി ഒരിക്കൽ ആയുധം ഉപയോഗിക്കുന്നതിന്റെ ദോഷം തിരിച്ചറിഞ്ഞ് അഹിംസയിലേക്ക് മടങ്ങിവരാൻ സാധ്യതയുണ്ട്. എന്നാൽ ഭീരുവിന് ഒരിക്കലും അത്തരം അവസരം ലഭിക്കുകയില്ല.

അഹിംസാവാദിയുടെ ധൈര്യം അക്രമിയുടെ ധൈര്യത്തെക്കാൾ ശ്രേഷ്ഠമായിരിക്കും. അക്രമിയുടെ ആയുധം, വാൾ, കുന്തം, തോക്ക് എന്നിങ്ങനെ ആയിരിക്കുമ്പോൾ അഹിംസാവാദിയുടെ രക്ഷാകവചം ഈശ്വരനിലുള്ള അടിയുറച്ച വിശ്വാസമായിരിക്കും. ആയുധധാരി പലപ്പോഴും നിസ്സഹായൻ ആകാറുണ്ട്. ഒരു അഹിംസാഭടന്റെ അഹിംസ ആയുധധാരിയേക്കാൾ അനുദിനം വർധിച്ചുവരുന്നതാണ്. മനുഷ്യന്റെ അധീനതയിലുള്ളതിൽ ഏറ്റവും ശക്തിമത്തായബലമാണ് അഹിംസ. നാശത്തിനായി ഉപയോഗിക്കാവുന്നതിൽ ഏറ്റവും വിനാശകാരിയായ ആയുധത്തേക്കാൾ അത് മികവുറ്റതാണ്. ആയതിനാൽ മാനവരാശി സ്വായത്തമാക്കിയതിൽ ശ്രേഷ്ഠവും അതുല്യവുമായ ശക്തിയാണ് അഹിംസ.

5

***അഹിംസാവാദിയുടെ ധൈര്യം അക്രമിയുടെ ധൈര്യത്തെക്കാൾ ശ്രേഷ്ഠമായിരിക്കും. വിശദീകരിക്കുക.***

| അഹിംസയുടെ വിവിധരൂപങ്ങൾ | |
|---|---|
| പ്രതിരോധിക്കാതിരിക്കൽ | ശാരീരികമായ എല്ലാ അക്രമപ്രവർത്തനങ്ങളും നിഷേധിക്കുകയും സത്യസന്ധത നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുക. |
| പ്രായോഗികമായ ഒത്തുതീർപ്പ്/പൊരുത്തപ്പെടൽ | നന്മകൊണ്ട് അക്രമത്തെ ഇല്ലായ്മ ചെയ്യുവാനാകും എന്ന് അടിയുറച്ച് വിശ്വസിക്കുകയും അക്രമം നിഷേധിക്കുകയും ചെയ്യുക |
| ധാർമ്മികപ്രതിരോധം | സമാധാനപരമായും ധാർമ്മികമായും തിന്മയെ നേരിടുന്നതിനായി അഹിംസ ഉപയോഗിക്കുക (ബോധവൽക്കരണം, ഉപദേശം, അനുനയം) |
| വരണാത്മകമായ അഹിംസ | യുദ്ധങ്ങളിലും മറ്റും അക്രമ(തിരഞ്ഞെടുക്കുവാനാകുന്ന) സാഹചര്യങ്ങളിൽ പങ്കെടുക്കുന്നതിനെ സ്വയംനിരാകരിക്കുകയും നിഷേധിക്കുകയും ചെയ്യുക. |
| സഹനസമരം | അക്രമമാർഗം പരാജയപ്പെടും എന്നു കരുതുന്ന സാഹചര്യത്തിൽ അഹിംസ ഉപയോഗിക്കുക. |
| സമാധാനപരമായപ്രതിഷേധം | അഹിംസാത്മകമായ മാർഗം മറ്റു മാർഗങ്ങളെക്കാൾ ഉത്തമമാണ് എന്നു വിശ്വസിക്കുകയും പ്രയോഗിക്കുകയും ചെയ്യുക. |
| പ്രത്യക്ഷനടപടികൾ | അഹിംസ ശക്തിമത്താണെന്നും അത് പ്രായോഗികമാക്കേണ്ടതാണെന്നും വിശ്വസിക്കുകയും പരിവർത്തനത്തെക്കാൾ തിന്മയ്ക്ക് മേൽ വിജയം വരിക്കണം എന്നകാഴ്ചപ്പാട് ഉണ്ടായിരിക്കുക. |
| ഗാന്ധിയൻഅഹിംസ (സത്യാഗ്രഹം) | സ്നേഹം, ശരിയായമാർഗം എന്നിവയിലൂടെ സത്യത്തെ പ്രാപ്തമാക്കുക. വ്യക്തികളിൽ നിന്നും അഹം ഇല്ലായ്മചെയ്യുകയും സാമൂഹ്യ രാഷ്ട്രീയ സാമ്പത്തിക ചുറ്റുപാടുകളിൽ സ്വാർഥത ഇല്ലാതാക്കുകയും ചെയ്യുക |
| അഹിംസാത്മകവിപ്ലവം | വ്യക്തിപരവും സാമൂഹ്യവുമായ മാറ്റം ഉണ്ടാകേണ്ടതിനായി അഹിംസാത്മകവിപ്ലവം നയിക്കുക. (ജയപ്രകാശ് നാരായണൻ - സമ്പൂർണ വിപ്ലവം, വിനോബഭാവെ - ഭൂദാൻ) |

# ലക്ഷ്യവും മാർഗവും

ലക്ഷ്യത്തേക്കുറിച്ച് വ്യക്തത ഉണ്ടെന്നിരിക്കിലും അതുപ്രാപ്തമാക്കുന്നതിനായുള്ള ഉചിതമായ മാർഗങ്ങളെക്കുറിച്ച് നാം അജ്ഞരാണ്. ഇത്തരം പ്രശ്നങ്ങളാണ് ലക്ഷ്യവും മാർഗവും എന്നതിലൂടെ ചർച്ച ചെയ്യപ്പെടുന്നത്. വൈരുധ്യാത്മകമായ രണ്ടുതരം കാഴ്ചപ്പാടുകളാണ് ഇതുസംബന്ധിച്ച് നിലവിലുള്ളത്.

### 1. ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നു

ഇതിൻപ്രകാരം ലക്ഷ്യം പ്രാപ്തമാക്കുവാൻ ഒരാൾക്ക് ഏതുമാർഗവും സ്വീകരിക്കാവുന്നതാണ്. ആയതിനാൽ വഞ്ചന, അക്രമം എന്നിവ സാധൂകരിക്കപ്പെടുന്നു.

### 2. ലക്ഷ്യവും മാർഗവും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു.

നമ്മുടെ ലക്ഷ്യം ശുദ്ധവും ശ്രേഷ്ഠവും ആണെങ്കിൽ അതു പ്രാപ്തമാക്കുവാൻ അത്തരത്തിലുള്ള മാർഗങ്ങൾ കൂടിയേതീരൂ. ഗാന്ധിയെ സംബന്ധിച്ചിടത്തോളം ലക്ഷ്യവും മാർഗവും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു. മാർഗത്തിലൂടെയാണ് ലക്ഷ്യം വികാസം പ്രാപിക്കുന്നത്. മാർഗം വിത്തുമായും ലക്ഷ്യം എന്നത് മരവുമായും ബന്ധപ്പെടുത്താവുന്നതാണ്. അത്തരത്തിൽ അഭേദ്യമായ ബന്ധമാണ് ലക്ഷ്യവും മാർഗവും തമ്മിലുള്ളത്. മാർഗം എങ്ങിനെയായിരിക്കുമോ അങ്ങിനെയായിരിക്കും ലക്ഷ്യത്തിന്റെ പൂർത്തീകരണവും.

സ്വാതന്ത്ര്യസമരകാലത്ത് ചില നേതാക്കൾ ബ്രിട്ടീഷുകാർക്കെതിരെ അക്രമത്തിലൂടെ സ്വാതന്ത്ര്യം നേടുവാനാകും എന്ന് നിർദേശിച്ചു. ഗാന്ധിജി ഇതിനെ പൂർണമായി നിരാകരിച്ചു. ഇന്ത്യയുടെ ആത്മീയവും, ധാർമ്മികവും, ഭൗതികവും, സാമ്പത്തികവും, രാഷ്ട്രീയവും ആയ സ്വാതന്ത്ര്യം. 'പൂർണസ്വരാജ്' മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ലക്ഷ്യം ശ്രേഷ്ഠമായതിനാൽ അക്രമം മാർഗമായി സ്വീകരിക്കുന്നത് മൂഢത്വമായിരിക്കും. "ലക്ഷ്യവും മാർഗവും താത്വികമായ/ദാർശനികജീവിതത്തിൽ പരസ്പര പൂരകങ്ങളായിരിക്കും" എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. ലക്ഷ്യപ്രാപ്തിയിലേക്കുള്ള മുന്നേറ്റവും അതിനായി സ്വീകരിക്കുന്ന മാർഗങ്ങളുടെ വിശുദ്ധിയും കൃത്യമായ അനുപാതത്തിലായിരിക്കണം. സത്യം, ലക്ഷ്യവും അഹിംസ മാർഗവുമാണ്. സത്യാന്വേഷണത്തിൽ നമുക്ക് മറ്റുള്ളവരുമായുള്ള ബന്ധം നിലനിർത്തുന്നതിന് അഹിംസ സ്വീകരിക്കാനുള്ള ഭവ്യത ഉണ്ടായിരിക്കണം. ഇവിടെ സത്യം, അഹിംസ പ്രായോഗികമാക്കുന്നതിനെ സുഗമമാക്കുന്നു. അഹിംസയുടെ പ്രായോഗികതലം നമ്മെ സത്യത്തിലേക്ക് അടുപ്പിക്കുന്നു.

6

***മാർഗം ലക്ഷ്യത്തെപോലെ തന്നെ പ്രാധാന്യമുള്ളതാണെന്ന് ഗാന്ധിജി പറയുന്നു. വിശദമാക്കുക.***

# മനുഷ്യപ്രകൃതി

## ഇച്ഛയും സ്വാതന്ത്ര്യവും

മനുഷ്യൻ മൃഗീയതയെക്കാൾ/ഹിംസാത്മകതയെക്കാൾ കൂടുതൽ ധാർമ്മികതയിൽ ഉന്നതനിലവാരം പ്രാപ്തമാക്കിയിരിക്കുന്നു. മനുഷ്യന് യുക്തി, വിവേചനബുദ്ധി സ്വതന്ത്രമായ തീരുമാനമെടുക്കാനുള്ള കഴിവ് എന്നിവയുണ്ട്. അക്രമത്തിന് അത്തരത്തിലുള്ള ഗുണങ്ങൾ യാതൊന്നുമില്ല. യുക്തി ലക്ഷ്യം തിരിച്ചറിയാൻ സഹായിക്കുന്നു. വിവേചനശക്തി തിന്മകൾക്കെതിരെ നന്മകളെ തിരഞ്ഞെടുക്കാൻ സഹായിക്കുന്നു, സ്വതന്ത്രമായ മനസ്സ് ഉത്തരവാദിത്വപൂർണമായ പ്രവൃത്തി ചെയ്യാൻ നമ്മെ പ്രാപ്തമാക്കുന്നു. സ്വതന്ത്രമായ ഇച്ഛാശക്തി മനുഷ്യനെ അതുല്യനാക്കി മാറ്റുന്നു. മനുഷ്യന് സ്വതന്ത്രമായ ഒരു ഇച്ഛാശക്തി ഉണ്ടോ എന്നതിനെക്കുറിച്ച് തർക്കം നിലനിൽക്കുന്നു. ഭൗതികവാദികൾ ഭൗതികലോകത്തിന്റെ ഭാഗമായി ചിന്തിക്കുന്നു. ഭൗതിക സാമൂഹ്യ മനഃശാസ്ത്രപരമായ ഘടകങ്ങൾക്ക് അനുസൃതമായി അവൻ ജീവിക്കുന്നു. ആ സ്വതന്ത്രമായ ചിന്തകളാൽ പ്രവൃത്തികളുടെ ഗതിയെ തിരഞ്ഞെടുക്കുന്നതിൽ നിയന്ത്രണങ്ങൾ ഉണ്ട്. ഈ അർഥത്തിൽ സ്വതന്ത്രഇച്ഛാശക്തി പ്രകൃതിനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. അതിനാൽ നാം എന്ത് ചെയ്യണമെന്ന് അഥവാ എന്ത് ചെയ്യരുത് എന്ന് പൂർണമായും തീരുമാനിക്കാൻ മനുഷ്യന് പ്രാപ്തി ഇല്ലെന്ന് പറയാം.

**നിങ്ങളുടെ ചുറ്റുപാടിൽ മറ്റുള്ളവരെ സഹായിക്കുന്നതിനായി ഏതെങ്കിലും പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ അതിനെക്കുറിച്ച് സ്വന്തം അനുഭവം പങ്കുവയ്ക്കുമല്ലോ?**

ഗാന്ധിജിയുടെ അഭിപ്രായം ഇതിൽ നിന്നും വിഭിന്നമാണ്. മനുഷ്യന് അവന്റെ കർമത്തിന്റെ ഗതിയെ തിരഞ്ഞെടുക്കുവാനാകും. അവൻ സ്വയം പ്രവൃത്തികളുടെ ഉത്തരവാദിത്തം വഹിക്കേണ്ടതുണ്ട്. "നമ്മുടെ ഭാഗധേയം നിർണയിക്കുന്നത് നാം തന്നെയാണ്. നിലവിലുള്ളതിനെ നമുക്ക് തെറ്റുതിരുത്തുകയോ വികൃതമാക്കുകയോ ചെയ്യാം. എന്നാൽ അതായിരിക്കും ഭാവിയെ നിർണയിക്കുന്നത്. ഒരുവൻ തന്റെ പ്രവൃത്തി ചെയ്യേണ്ടത് മനുഷ്യനോ ജീവജാലങ്ങൾക്കോ പ്രകൃതിക്കോ ദോഷമുണ്ടാക്കാത്ത രീതിയിലായിരിക്കണം."

മനുഷ്യൻ സ്വതന്ത്രനാണ് എന്നതുകൊണ്ട് എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യമല്ല അർഥമാക്കുന്നത്. ഏത് നൈതീക സാഹചര്യത്തിലും മനുഷ്യൻ സ്വതന്ത്ര്യനായി തന്നെ കണക്കാക്കപ്പെടുന്നു. അതുകൊണ്ടുമാത്രമാണ് അവൻ തന്റെ കർത്തവ്യങ്ങളുടെ ഉത്തരവാദത്തം ഏറ്റെടുക്കാൻ തയാറാകുന്നത്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ "ഏതൊരു പ്രവൃത്തിയാണോ നാം സ്വമേധയാ അല്ലാതെ ചെയ്യുവാൻ തയ്യാറാകുന്നത്. അത് അധാർമ്മികമായിരിക്കും. നാം എത്രകാലം കേവലം ഒരു യന്ത്രത്തെപ്പോലെ പ്രവർത്തിക്കുന്നുവോ അവിടെ ധാർമ്മികത എന്നൊന്ന് ചർച്ചാവിഷയമായിരിക്കില്ല. നാം സ്വയം ബോധപൂർവം നമ്മുടെ കർത്തവ്യങ്ങളായി കരുതി ചെയ്യുന്ന പ്രവൃത്തികൾ മാത്രമായിരിക്കും ധർമ്മം എന്നതുകൊണ്ട് അർഥമാക്കുന്നത്". ചുരുക്കത്തിൽ, സ്വേച്ഛാപൂർവമായ പ്രവൃത്തികളിൽ ധാർമ്മികത ഉണ്ടായിരിക്കണം എന്നു സാരം.

### നന്മ എന്ന വൈശിഷ്ട്യം

ഗാന്ധിജിയുടെ മനുഷ്യൻ എന്ന സങ്കല്പം അതീന്ദ്രിയമായ/തത്വികമായി മാനവരാശിയുടെ നന്മ എന്ന സങ്കല്പത്തിൽ അധിഷ്ഠിതമാണ്. എല്ലാ ജീവജാലങ്ങളും അദൃശ്യമായ ഒരു ആത്മചൈതന്യം ഉൾക്കൊള്ളുന്നു. അതുപോലെ തന്നെ മൃഗീയമായ വാസനകളും അവരിൽ ഉണ്ട്. ഇതിന് ഉത്തരമായി ഗാന്ധിജി "ഉന്നതമായസത്ത വ്യക്തിത്വം (അഹം, Higher Self)" നീചമായ വ്യക്തിത്വം (Lower Self) എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. മനുഷ്യൻ നന്മയും തിന്മയും സമ്മിശ്രമായി ഉൾക്കൊള്ളുന്നു. എന്നാൽ ആത്യന്തികമായി മനുഷ്യർ നന്മ കാംക്ഷിക്കുന്നവരാണ്. തിന്മയ്ക്കുമേൽ നന്മ വിജയം കൈവരിക്കും. ആയതിനാലാണ് മനുഷ്യൻ സ്വാഭാവികമായി ആന്തരികമായ നന്മയെ വളർത്തിയെടുക്കുവാനും ശ്രേഷ്ഠമായ ദൈവികഗുണം നേടിയെടുക്കാനും താൽപ്പര്യപ്പെടുന്നത്. അശുഭാപ്തി വിശ്വാസികൾ എപ്പോഴും സ്വയം നിയന്ത്രണങ്ങളും ശാസനകളും രൂപീകരിക്കുകയും സമൂഹത്തെ അത്തരത്തിൽ വരുതിയിലാക്കുവാൻ ശ്രമിക്കുകയും ചെയ്യും. എന്നാൽ ഗാന്ധിജിയുടെ ശുഭാപ്തിവിശ്വാസം എല്ലാവരിലുംഉള്ള നന്മയിൽ അധിഷ്ഠിതമാണ്. തിന്മയെ നന്മകൊണ്ട് ഇല്ലായ്മ ചെയ്യാനാകും എന്ന് ഗാന്ധിജി അടിയുറച്ച് വിശ്വസിച്ചിരുന്നതാണ് ഗാന്ധിജിയുടെ ശുഭാപ്തിവിശ്വാസം. സഹകരണം സ്നേഹം സഹജീവിതം, തുടങ്ങിയവയിലൂടെ അന്തർലീനമായിരിക്കുന്ന ഈശ്വര ചൈതന്യത്തെ ഉയർന്നതലങ്ങളിലേക്ക് എത്തിക്കുവാനാകും. ഗാന്ധിജിയുടെ അഭിപ്രായത്തിൽ സമസ്ത ജീവജാലങ്ങളും അവരുടെ നിലനിൽപ്പിന്റെ ശ്രേഷ്ഠമായ അസ്തിത്വം പ്രാപ്തമാക്കുന്നതിനായി മുന്നേറുകയാണ്. ഇത്തരത്തിലുള്ള ആത്മചൈതന്യത്തെ തിരിച്ചറിഞ്ഞ് സമസ്തലോകത്തിന്റെയും മംഗളത്തിനായി നിലകൊള്ളുന്ന വ്യക്തികൾ അടങ്ങിയ പരമോന്നതമായ സാമൂഹ്യവ്യവസ്ഥിതിയാണ് രാമരാജ്യം. വ്യക്തികൾ ആത്മസാക്ഷാത്കാരം പ്രാപ്തമാക്കുവാൻ വേണ്ടി പ്രയത്നിക്കുന്നതും രാമരാജ്യത്തിനായി സ്വയം സമർപ്പണം ചെയ്യുന്നതും വിഭിന്നമല്ലാത്തതും പരസ്പരം കൈകോർത്ത് പോകുന്നതുമാണ്.

എല്ലാ വ്യക്തിപരമായപ്രവർത്തനങ്ങൾക്കും വ്യക്തിപരവും സാമൂഹ്യവുമായ ഒരു തലം ഉണ്ടായിരിക്കും. അച്ഛൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, സുഹൃത്ത്, അയൽക്കാരൻ, തൊഴിലാളി, മുതലാളി എന്നിങ്ങനെ വ്യത്യസ്തരായ പലതരം വ്യക്തികളുമായി നാം പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ട്. അത്തരം പ്രവർത്തനങ്ങളിലൂടെ ഒരുവന് സ്വന്തം വികാസത്തിനും സാമൂഹ്യമായ ഉന്നമനത്തിനുംവേണ്ടി പ്രവർത്തിക്കാവുന്നതാണ്. വ്യക്തിയുടെനന്മ സമൂഹത്തിന്റേയും നന്മയായിരിക്കും എന്നതാണ് ഇതിനു പിന്നിലെ സാങ്കല്പികമായ അടിത്തറ.

## പരസ്പരാശ്രയത്വം

മനുഷ്യൻ അടിസ്ഥാനപരമായി പരസ്പരം സഹകരിക്കുകയും നൈസർഗികവും മൗലികവുമായ സമ്പൂർണത കൈവരിക്കേണ്ടതുമാണ്. അതേസമയം തന്നെ ഓരോ വ്യക്തിയും ശരീരം മനസ്സ് ആത്മാവ് എന്നിവയുടെ തനതുഗുണങ്ങളാൽ അതുല്യരായി നിലനിൽക്കുന്നു. ശരീരം നമ്മെ മാത്രം ഉൾക്കൊള്ളുന്നതും, വ്യതിരിക്തമായതും സ്പഷ്ടമായും ഏവരിൽ നിന്നും വിഭിന്നമായതുമാണ്. ആഗ്രഹങ്ങൾ, ദൗർബല്യങ്ങൾ എന്നിവയുടെ ആസ്ഥാനമാണ് ശരീരം. ശരീരത്തിന് അതീതമായി മനുഷ്യന് സ്വതന്ത്രമായ ഒരു മനസ്സുണ്ട്.

മനസ്സ് വിജ്ഞാനത്തിന്റെയും പ്രവൃത്തിയുടെയും ആധാരമായി വർത്തിക്കുന്നു. എന്നാൽ മനസ്സിനെ ഉൾക്കൊള്ളുന്ന ശരീരത്തിൽ നിന്ന് തികച്ചും വിഭിന്നമായിരിക്കും മനസ്സ്. മനുഷ്യമനസ്സ് ചുറ്റുപാടുകൾക്കനുസൃതമായി അഹം (തന്നെപ്പറ്റി തനിക്കുള്ള ബോധം) സ്വാർഥത എന്നിവ രൂപപ്പെടുത്തുന്നു. അഹം എന്നത് വ്യക്തിത്വ ബോധത്തിന്റെ പ്രഭവസ്ഥാനമായിരിക്കും. വ്യക്തികൾ അവരുടെ



നിലനിൽപ്പിന് രക്ഷാകർത്താക്കളോട് കടപ്പെട്ടിരിക്കുന്നു. ഈ ബന്ധം മനുഷ്യനിൽ ഒഴിച്ചുകൂടാനാകാത്ത പല കർത്തവ്യങ്ങളേയും ഓർമ്മപ്പെടുത്തുന്നു. ഇത്തരത്തിലുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നതു വഴി സഞ്ചിതമായ ക്ഷേമത്തെ പൂർത്തീകരിക്കുന്നു.

## ഐക്യവും സമഗ്രജീവനവും

ഗാന്ധിജിയുടെ അഭിപ്രായത്തിൽ മനുഷ്യൻ പരമമായ ചൈതന്യത്തിന്റെ പ്രകടമായ രൂപം മാത്രമാണ്. സമസ്ത ജീവജാലങ്ങളും സമസ്തലോകവും ഒന്നാണെന്ന

അദ്വൈതസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലാണ് ഗാന്ധിജി ഇങ്ങനെ അഭിപ്രായപ്പെട്ടത്. "ഞാൻ സമസ്ത ഈശ്വരന്മാരും ഒന്നാണെന്ന് വിശ്വസിക്കുന്നു. നമുക്ക് വിഭിന്നങ്ങളായ ശരീരം പ്രാപ്തമായിട്ടുണ്ടെങ്കിലും ആത്മാവ് ഒന്നുമാത്രമാണുള്ളത്. സൂര്യനിൽ നിന്ന് അനേകകോടി കിരണങ്ങൾ ബഹിർഗമിക്കുന്നതുപോലെ ഏവരിലും സ്പഷ്ടമായ ഒരുചൈതന്യം വഹിക്കുന്നുണ്ട്. അത് നമ്മുടെ വ്യക്തിത്വത്തെയും പെരുമാറ്റത്തെയും നിശ്ചയിക്കുവാൻ പ്രാപ്തിയുള്ളതാണ്. എന്നിരുന്നാലും സമൂഹത്തിൽ ഓരോ വ്യക്തിക്കും അവനവന്റെ അന്തസ്സും, കർത്തവ്യവും, പ്രാമുഖ്യവും ഉണ്ടായിരിക്കും."

മനുഷ്യന്റെ ആന്തരീകമായആത്മീയശക്തിയെ തള്ളിപ്പറയുന്നവരും ഗാന്ധിജിയും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. ശാരീരികശക്തിയിൽ വിശ്വസിക്കുന്നവരും ആന്തരികശക്തിയിൽ വിശ്വസിക്കാത്തവരും ഒരിക്കലും സമാധാനപൂർണമായ ഒരു സമൂഹസൃഷ്ടിയെപ്പറ്റി ചിന്തിക്കുന്നില്ല. കാരണം അവരിൽ സദാ തുല്യശക്തികളുടെ സംഘട്ടനം ഉണ്ടായിക്കൊണ്ടേയിരിക്കും. നമുക്ക് സഹിഷ്ണുത, ഐക്യം എന്നിവ ഒരിക്കലും പ്രാപ്തമാക്കുവാൻ സാധ്യമല്ല. എന്നാൽ സമൂഹത്തിൽ വൈരുധ്യം, ചൂഷണം, അക്രമം വിവേചനം എന്നിവ നിലനിൽക്കുന്നുണ്ട്. മനുഷ്യൻ ആന്തരികമായ അസ്തിത്വത്തിൽ നിന്ന് വേറിട്ട് നിയതിയുടെനിയമങ്ങളെ നിരാകരിച്ചുകൊണ്ട് ജീവിക്കുന്നതാണ് ഇതിന്റെ കാരണം. സമസ്തചരാചരങ്ങൾക്കും നിശ്ചയമായും ഒരു പ്രഭവ സ്ഥാനമുണ്ട്. അത് ഈശ്വരനാണ്. ഈശ്വരനിൽ ഇവ എല്ലാം അലിഞ്ഞു ചേരുന്നു. "വസുധൈവ കുടുംബകം" എന്ന വേദകാലസങ്കല്പം (വസുധ - ഭൂമി, ഏവ - ഒന്ന്, കുടുംബകം - കുടുംബം) ഈ ആശയത്തിന്റെ പുനരാവിഷ്കരണമാണ്. മനുഷ്യൻ ഒരു കുടുംബത്തെപ്പോലെ ജീവിക്കണമെന്നും അവന്റെ ഓരോ പ്രവർത്തികൾക്കും സാമൂഹ്യവും പാരിസ്ഥിതികവുമായ അനന്തരഫലം ഉണ്ടാകുമെന്നും ഗാന്ധിജി വിശ്വസിച്ചിരുന്നു. "എല്ലാജീവജാലങ്ങളുടേയും അടിസ്ഥാനപരമായ ഐക്യവും ഒരുമയും ഞാൻ ആഗ്രഹിക്കുന്നു. ആയതിനാൽ ഞാൻ ഒരു അദ്വൈതവാദിയാണ്. ഒരുവൻ ആത്മീയത പ്രാപ്തമാക്കുന്നതിൽ വിജയിച്ചാൽ ലോകം മുഴുവൻ അവനോടൊത്ത് ആ നേട്ടം കൈവരിക്കും. പ്രത്യുത അവൻ അതിൽ പരാജിതനായാൽ സമസ്തലോകവും അത്രത്തോളം ബലിയാടാവുകയും ചെയ്യും. ആയതിനാൽ ഓരോ വ്യക്തിയുടെയും കടമ അവനവനിലെ ദൈവദത്തമായ ചൈതന്യത്തെ ആത്മശക്തിയെ തിരിച്ചറിയുകയും മനസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്."

**മതം**

7

***മനുഷ്യപ്രകൃതിയെപ്പറ്റി ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കുക.***

ലോകത്തെ എല്ലാനാഗരികതയിലും സംസ്കാരത്തിലും മതം സർവശക്തനായ ഈശ്വരനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മതം, ഒരുവൻ മറ്റുള്ളവരുമായി സമാധാനപൂർണ മായ സമ്പർക്കം പുലർത്തുവാനുള്ള മാർഗമാണ്. (1) വിശ്വാസങ്ങൾ/തത്വങ്ങൾ (2) ആചാരങ്ങൾ/അനുഷ്ഠാനങ്ങൾ (3) ധാർമ്മികമൂല്യങ്ങൾ (ധർമ്മസംഹിത, ഗ്രന്ഥം) എന്നിവ മതങ്ങൾക്ക് പൊതുവേ കാണുന്ന സവിശേഷതകളാണ്. സത്യസന്ധത, അഹിംസ, സ്നേഹം, ദയ, അനുകമ്പ, സാഹോദര്യം, ദാനം, ക്ഷമ എന്നിവ മതത്തിന്റെ മറ്റുതത്വങ്ങളാണ്.

ഭാരതത്തിൽ മതം എന്നതിന് സമാനമായി 'ധർമ്മ' എന്നവാക്കാണ് ഉപയോഗിക്കുന്നത്. എന്നാൽ ധർമ്മ എന്നതിന് മതത്തേക്കാൾ വിശാലമായ അർഥമുണ്ട്. ധർമ്മ എന്ന വാക്ക് 'ധർ' എന്ന പദത്തിൽ നിന്നാണ് ആവിർഭവിച്ചത്. നിലനിൽക്കുന്നത്, പാലിക്കുന്നത് എന്നതാണ് ഇതിനർഥം. 'ധർമ്മ' സമൂഹത്തെ പരസ്പരം ബന്ധിച്ച് നിലനിർത്തുന്ന പ്രധാന കണ്ണിയായിത്തീരുന്നു. എല്ലാ മനുഷ്യരിലും ആത്മീയവും മാനസികവുമായ ബന്ധങ്ങൾ സൃഷ്ടിക്കുകയും അത് സമസ്തജീവജാലങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് ധർമ്മം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഇത് ലോകത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുവാൻ ശ്രമിക്കുന്നു. എന്നാൽ ധർമ്മം കേവലം മതം എന്ന അർഥം ഉൾക്കൊള്ളുന്നില്ല. അതിലുപരി ഏത് മതമാണോ ആചാരങ്ങളാണോ വിശ്വാസങ്ങളാണോ പൊതുവായി എല്ലാവരിലുമുള്ള ആത്മചൈതന്യത്തെ പരിപോഷിപ്പിക്കുകയും വിശാലമായ മാനുഷിക മൂല്യങ്ങളിലൂടെ മനുഷ്യബന്ധങ്ങൾ നിലനിർത്തുകയുംചെയ്യുന്നത് അവയെല്ലാം ധർമ്മമായിരിക്കും.

ജീവിതത്തിന്റെ അർഥം എന്ത് എന്നതിനെചൊല്ലി തർക്കം നിലനിൽക്കുന്നു. മോക്ഷം, ആത്മസാക്ഷാത്കാരം, സ്വർഗപ്രാപ്തി, നിർവാണം എന്നിങ്ങനെ അത് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ആത്മസാക്ഷാത്കാരം നേടുന്നതിനായി മനുഷ്യൻ ധാർമ്മികമായും ആത്മീയമായും പൂർണത കൈവരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള ലക്ഷ്യങ്ങളിലേക്ക് എത്തിച്ചേരുവാനുള്ള വിവിധമാർഗങ്ങൾ മാത്രമാണ് മതങ്ങൾ.

### മതത്തെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട്

"മതം എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത് ഏതെങ്കിലും ഔപചാരികമോ മാമൂൽ പ്രകാരമുള്ളതോ ആയ മതമല്ല, മനുഷ്യനും ഈശ്വരനും തമ്മിൽ നേരിട്ട് ബന്ധം സ്ഥാപിക്കുന്ന എല്ലാമതങ്ങളേയും ഉൾക്കൊള്ളുന്നതാണ്.".

ഗാന്ധിജിക്ക് മതപരമായ സ്വാധീനം വളരെയധികം ഉണ്ടായിരുന്നു. ഈശ്വരവിശ്വാസം അദ്ദേഹത്തിന്റെ ചിന്തകളെയും ജീവിതത്തെയും കേന്ദ്രീകരിച്ചിരിക്കുന്നു. ഓരോ മതത്തിന്റെയും വ്യത്യസ്ത സ്വഭാവസവിശേഷതകൾ ഗാന്ധിജി അംഗീകരിച്ചിരുന്നു. എന്നാൽ അവയിൽ പൊതുവായികാണപ്പെടുന്ന സാർവത്രിക മൂല്യങ്ങ

ളായ സത്യം, ധർമം, സാഹോദര്യം, ക്ഷേമം, സമാധാനം, നീതി, സന്തോഷം എന്നിവയാണ് മതങ്ങളുടെ അന്തഃസത്ത എന്ന് ഗാന്ധിജി വ്യക്തമാക്കി.

മതങ്ങളുടെ ആരാധനാക്രമങ്ങളെ ഗാന്ധിജി പൂർണമായും എതിർത്തിരുന്നില്ല. എന്നാൽ യുക്തിക്കു നിരക്കാത്ത ആചാരാനുഷ്ഠാനങ്ങളെ അദ്ദേഹം നിരാകരിച്ചിരുന്നു. ധാർമ്മികതയ്ക്കും സത്യത്തിനും എതിരായ യാതൊരു ആചാരങ്ങളും ഗാന്ധിജി സ്വീകരിച്ചിരുന്നില്ല. മനുഷ്യന്റെ പരമമായസത്യം തേടിയുള്ള അന്വേഷണം ജീവിതത്തിന്റെ ഇതര ലക്ഷ്യങ്ങളായ സാമ്പത്തിക ഉന്നമനം, രാഷ്ട്രീയശാക്തീകരണം എന്നിവയുമായി സഹവർത്തിച്ച് പോകേണ്ടതാണ്. ആത്മീയമായ ഘടകങ്ങൾ പോലെ തന്നെ സാമ്പത്തികം, മതം, രാഷ്ട്രീയം, സാമൂഹ്യം, ധാർമ്മികം, ആസ്വാദനം തുടങ്ങിയ എല്ലാത്തലങ്ങളും ജീവിതത്തെ ഉൾക്കൊള്ളുന്നതായിരിക്കണം. ആയതിനാൽ ആത്മീയലക്ഷ്യങ്ങളും ഭൗതികലക്ഷ്യങ്ങളും വൈരുദ്ധ്യം നേരിടുന്നില്ല. ആയതിനാൽ ഭൗതികവും ആത്മീയവുമായ ക്ഷേമം നാം പ്രാപ്തമാക്കേണ്ടതാണ്. ഇത് വേദകാലഘട്ടങ്ങളിൽ പരാമർശിക്കപ്പെടുന്ന പുരുഷാർഥങ്ങളുടെ സ്വാധീനമാണ്.

8

***മതത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യുക.***

### മതവും ധാർമ്മികതയും

ധാർമ്മികത മതത്തിന്റെ അവിഭാജ്യഘടകമാണെന്ന് പൊതുവെ കരുതപ്പെടുന്നു. ധാർമ്മികത ഇല്ലാത്ത ഒരു മതവും നിലനിൽക്കുന്നില്ല. ആയതിനാൽ ഗാന്ധിജിയുടെ മതം ധാർമ്മികമതം എന്നറിയപ്പെടുന്നു. മതത്തിന് ധാർമ്മികത കൽപ്പിക്കുന്നതിന് ഗാന്ധിജിയെ പ്രേരിപ്പിച്ച പലഘടകങ്ങളുണ്ട്. 1. ഈശ്വരസാക്ഷാത്കാരത്തിനായി ഏതെങ്കിലും ഒരു ആചാരങ്ങളിലോ സിദ്ധാന്തത്തിലോ വിശ്വസിക്കണം എന്ന വിശ്വാസം. (2) ഇന്ന് ലോകത്തിൽ വിഭിന്നങ്ങളായ മതങ്ങളുണ്ട്. അവ ഓരോന്നും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും രീതിയിൽ വ്യത്യസ്തത പുലർത്തുന്നു. എന്നിരുന്നാലും ധാർമ്മികമൂല്യങ്ങൾ ഏറെക്കുറെ സമാനമായതാണ്. (3) മതത്തെ ധാർമ്മികം, മതപരം എന്നിവയിൽ മാത്രം ചുരുക്കാതെ എല്ലാതലങ്ങളുമായി ബന്ധപ്പെടുത്തേണ്ടതാണ്. ഒരാൾ സജീവമായി പൊതുപ്രശ്നങ്ങൾ പരിഹരിക്കുവാൻ മുന്നോട്ട് വരുമ്പോൾ ധാർമ്മികത ആചാരാനുഷ്ഠാനങ്ങളേക്കാൾ ഒരു മാനദണ്ഡമായിത്തീരുന്നു. ആയതിനാൽ മതത്തെ വിശദീകരിക്കുവാൻ അതിന്റെ ധാർമ്മികതയ്ക്കാണ് ഗാന്ധിജി പ്രാധാന്യം നൽകിയിരുന്നത്.

മതമില്ലാതെ ധാർമ്മികത അസ്ഥിരമായിരിക്കും. "ധാർമ്മികതയ്ക്ക് മതത്തോടുള്ളത് മണ്ണിൽ വിതച്ച വിത്തിന് ജലവുമായുള്ള ബന്ധം പോലെയാണ്". ആയതിനാലാണ് പ്രാർഥന, ഉപവാസം തുടങ്ങി മതം പ്രായോഗികമാക്കുവാനുള്ള മാർഗങ്ങൾ

ഗാന്ധിയൻ ആശ്രമങ്ങളിൽ പ്രാവർത്തികമാക്കിയിരുന്നത്. മതവും ധാർമ്മികതയും വേർതിരിച്ചു കാണുവാൻ കഴിയില്ല. മതമില്ലാതെ ധാർമ്മികതയും ധാർമ്മികതയില്ലാതെ മതവും നിലനിൽക്കുകയില്ല. ആയതിനാൽ തന്നെ മതം, ധാർമ്മികത എന്നിവ ഒത്തു മാറുവാൻ കഴിയുന്ന പദങ്ങളാണ്.

9

***ധാർമ്മികതയും മതവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.***

## സർവധർമ്മ സമഭാവ (Equality of Religions)

വിവിധമതങ്ങളുടെ സൗഹൃദപരമായ സാഹചര്യത്തിലായിരുന്നു ഗാന്ധിജി ജീവിച്ചിരുന്നത്. ബൗദ്ധികവും ആധ്യാത്മികവുമായ അറിവ് നേടുന്നതിൽ ഇത് പ്രേരണയായി. ഇതരമതങ്ങളെ ആദരിക്കുന്നതിനും സൗഹാർദം വളർത്തുന്നതിനും ഇത് സഹായിച്ചു. സ്വന്തം മതത്തെക്കുറിച്ചുള്ള പഠനത്തോടൊപ്പം ക്രിസ്തുമതം, ജൈനമതം, പാർസി, ഇസ്ലാം തുടങ്ങിയ വിവിധമതങ്ങളെക്കുറിച്ച് ഗാന്ധിജി പഠിച്ചു. ഇതിൽനിന്ന് എല്ലാ മതങ്ങളുടെയും അന്തസത്ത ഒന്നാണെന്നും മതങ്ങൾ തുല്യമാണെന്നും അദ്ദേഹം കണ്ടെത്തി. ആയതിനാൽ നാം 'സർവധർമ്മസമഭാവ അഥവാ എല്ലാമതങ്ങളും തുല്യമാണ്' എന്ന ആശയം വളർത്തേണ്ടതാണ്. എല്ലാ മതങ്ങളും മനുഷ്യന്റെ അസ്തിത്വം, ഉദ്ദേശം എന്നിവയ്ക്കുള്ള ഉത്തരങ്ങൾ തേടുന്നു. ഒരു മതം ശ്രേഷ്ഠമോ മറ്റൊന്ന് നിന്ദ്യമോ അല്ല. കൈവല്യം അഥവാ മോക്ഷം എന്ന ജീവിതലക്ഷ്യം മതത്തിലൂടെ സ്വായത്തമാക്കാവുന്നതാണ്. എന്നാൽ മതങ്ങളും ആചാരങ്ങളും ഒരുവനിൽ അടിച്ചേൽപ്പിക്കുന്നതിനെ ഗാന്ധിജി എതിർത്തിരുന്നു.

സർവധർമ്മസമഭാവ എന്നത് ഗാന്ധിജിക്ക് കേവലം ഒരു സിദ്ധാന്തം മാത്രമായിരുന്നില്ല. അത് പ്രതിജ്ഞയും അനുഷ്ഠാനവും വിശ്വാസങ്ങളുടെ പൂർത്തീകരണവുമായിരുന്നു. മതപരമായി എങ്ങനെ ഒരാൾക്ക് ജീവിക്കാം എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. സർവധർമ്മസമഭാവ എന്ന ആശയം. "ആദരപൂർവവും, സഹിഷ്ണുതാപരവമായ" മറ്റുമതഗ്രന്ഥങ്ങളുടെ പഠനം ഗാന്ധിജി നിർദേശിച്ചു. സംസ്കാരസമ്പന്നരായ സ്ത്രീയും പുരുഷനും തീർച്ചയായും ഇത് സ്വന്തം കടമയായി കരുതേണ്ടതാണ്. സർവധർമ്മസമഭാവ ഇന്ന് നടമാടുന്ന സാമുദായിക സംഘർഷങ്ങൾക്കുള്ള ഏക പരിഹാരമാർഗമാണ്. "ഒരു മതം എന്നതല്ല മറിച്ച് പരസ്പരം ആദരവും സഹിഷ്ണുതയും പുലർത്തുകയാണ് ഈ കാലഘട്ടത്തിന്റെ അനിവാര്യത. നാം നിർജീവമായ അവസ്ഥയിലല്ല എത്തിച്ചേരേണ്ടത്. മറിച്ച് നാനാത്വത്തിൽ ഏകത്വമാണ് ആവശ്യം."

10

***സാമുദായിക സംഘർഷം ഒഴിവാക്കാൻ ഗാന്ധിജി നിർദേശിച്ച മാർഗം കണ്ടെത്തി വിശകലനം ചെയ്യുക.***

### മതം പ്രാവർത്തികമാക്കുവാനുള്ള മാർഗങ്ങൾ

ആത്മസാക്ഷാത്കാരം അഥവാ മോക്ഷം എന്നത് ഏറ്റവും ശ്രേഷ്ഠമായ സഹനത്തിലൂടെയും ആത്മീയശക്തിയിലൂടെയും മാത്രമേ പ്രാപ്തമാക്കുവാനാകൂ. ആയതിനാൽ തന്നെ പ്രാർഥന, ആശ്രമവ്രതങ്ങൾ, ഉപവാസം എന്നിവ ദൈനംദിന ജീവിതത്തിൽ മതം പ്രായോഗികമാക്കുന്നതിനുള്ള മാർഗങ്ങളായി ഗാന്ധിജി നിർദേശിച്ചു. "എപ്പോഴാണോ ഒരുവന് വിപത്ത് അല്ലെങ്കിൽ ദുരവസ്ഥയുണ്ടാകുന്നത് അപ്പോൾ ഉപവാസം പ്രാർഥന എന്നിവയിലൂടെ അത് എങ്ങനെ ദൂരീകരിക്കാം എന്ന് എന്റെ മതം അനുശാസിക്കുന്നു."

### പ്രാർഥന

തികഞ്ഞ ഈശ്വരവിശ്വാസിയും, പ്രാർഥനാനിരതനായി ജീവിക്കുന്ന വ്യക്തിയുമായിട്ടാണ് ഗാന്ധിജി അദ്ദേഹത്തെ സ്വയം വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തെ സംബന്ധിച്ച് പ്രാർഥന മതത്തിന്റെ പ്രാണനും ആത്മാവുമായി കരുതാവുന്നതാണ്. പ്രാർഥനയില്ലാതെ മതം നിലനിൽക്കുന്നില്ല. ഗാന്ധിജി പ്രാർഥനയോടെയല്ലാതെ ഒരു പ്രവൃത്തിയും ചെയ്യുമായിരുന്നില്ല. പ്രാർഥന ഈശ്വരനെ പ്രീതിപ്പെടുത്തുവാനായിരുന്നില്ല മറിച്ച് ആത്മശുദ്ധീകരണത്തിനുള്ള മാർഗമായിട്ടാണ് സ്വീകരിച്ചിരുന്നത്. വാക്ക്, ചിന്ത, പ്രവൃത്തി തുടങ്ങിയ എല്ലാത്തരം തിന്മകളിൽ നിന്നുമുള്ള പൂർണമായ മോചനം പ്രാർഥനയിലൂടെ പ്രാപ്തമാവുന്നു. പ്രാർഥനാനിരതനായ ഒരാൾ സമസ്തലോകത്തിന്റേയും സമാധാനം കാംക്ഷിക്കുന്നു. ആഹാരം എപ്രകാരമാണ് ശരീരത്തിന് അനിവാര്യമാവുന്നത് അപ്രകാരം തന്നെ പ്രാർഥന ആത്മാവിന് അത്യന്താപേക്ഷിതമാണ്. "ഒരുവൻ പ്രാപ്തമാകുന്ന ജ്ഞാനത്തിൽ ആദ്യത്തെതും അവസാനത്തെതുമായ പാഠമാണ്, സ്വന്തം ദേശത്തിന്റെ സ്വാതന്ത്ര്യം."

ഗാന്ധിജിയുടെ ജീവിതത്തിൽ നിന്നും ഒഴിച്ചുകൂടാനാകാത്ത ഒന്നായിരുന്നു പ്രാർഥന. ആശ്രമങ്ങളിൽ പ്രാർഥനക്കായി സമയങ്ങൾ ക്രമപ്പെടുത്തിയിരുന്നു. എല്ലാ മതങ്ങളുടേയും സ്തുതിഗീതങ്ങൾ പ്രാർഥനയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രാർഥനയുടെ ശക്തിയെപ്പറ്റി അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെട്ടു. "ഹൃദയം തുറന്ന പ്രാർഥനയ്ക്ക് അത്ഭുതങ്ങൾ പ്രവർത്തിക്കുവാനാകും. ഇത് ആത്മാവിനെ കൂടുതൽ വിശുദ്ധീകരിക്കുന്നതിനായിട്ടുള്ള തീവ്രമായആഗ്രഹമാണ്. അപ്രകാരം ആർജിക്കുന്ന സംശുദ്ധി ശ്രേഷ്ഠമായ ലക്ഷ്യത്തിനായി വിനിയോഗിക്കപ്പെടുമ്പോൾ അത് പ്രാർഥനയായിത്തീരുന്നു."

### ഉപവാസം

പ്രാർഥനയും ഉപവാസവും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായിട്ടാണ് ഗാന്ധിജി കണക്കാക്കിയിരുന്നത്. പ്രാർഥനയില്ലാത്ത ഉപവാസവും ഉപവാസമില്ലാത്ത പ്രാർഥനയും ഫലപ്രദമാകയില്ല. ശരിയായ ഉപവാസം മനസ്സ്, ശരീരം, ആത്മാവ് (ദേഹി)

എന്നിവയെ ശുദ്ധീകരിക്കുവാൻ പ്രാപ്തിയുള്ളതാണ്. ഉപവാസം സാത്വികമായ ഒരു കാര്യമായതിനാൽ അത് ഈശ്വരനോടുള്ള സമർപ്പണമായിരിക്കും.

ഉപവാസം ഒരിക്കലും യാന്ത്രികമായി ചെയ്യാവുന്നതല്ല. അത് ആത്മശക്തിയിൽ അധിഷ്ഠിതമായിരിക്കണം. സ്വാർത്ഥത, വിദ്വേഷം, അവിശ്വാസം എന്നിവയിൽ നിന്നും പൂർണമായും മോചിതരായിരിക്കണം ഉപവാസം അനുഷ്ഠിക്കുന്നവർ. ഉപവാസം ഏറ്റവും ശക്തിമത്തായതും എന്നാൽ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിച്ചില്ലെങ്കിൽ അപകടകരവുമായേക്കാവുന്നതുമാണ്. സത്യവും അഹിംസയും ഉപവാസത്തിന്റെ അടിസ്ഥാന തത്വങ്ങളായി ഗാന്ധിജി സ്വീകരിക്കുന്നു. സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപവസിക്കുന്നത് അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു.

### ആശ്രമവ്രതങ്ങൾ

ഒരു നല്ല സാമൂഹികജീവിതം, നല്ല മാർഗനിർദേശങ്ങൾ സ്വീകരിച്ചാൽ മാത്രമേ സാധ്യമാകുകയുള്ളൂ. ഈ തത്വങ്ങൾ അഥവാ വ്രതങ്ങൾ ആത്മീയ മൂല്യങ്ങളെ ശക്തിപ്പെടുത്തുകയും ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുകയും ചെയ്യും. ഐഹിക സുഖ-ദുഃഖങ്ങൾ, പ്രലോഭനങ്ങൾ എന്നിവയിൽനിന്നും മോചിതരാകുവാൻ ആശ്രമവ്രതങ്ങൾ സഹായിക്കുന്നു. ആയതിനാൽ ആശ്രമങ്ങളിലെ അന്തേവാസികൾക്ക് ഗാന്ധിജി 11 അടിസ്ഥാനവ്രതങ്ങൾ പ്രായോഗികമാക്കുവാൻ നിർദേശം നൽകിയിരുന്നു. സത്യം, അഹിംസ, യാതൊന്നും കൈവശംവയ്ക്കാതിരിക്കുക, യാതൊന്നും മോഷ്ടിക്കാതിരിക്കുക, ബ്രഹ്മചര്യം, രസനയുടെ നിയന്ത്രണം, ശരീരശ്രമം, സ്വദേശി, അയിത്തോച്ചാടനം, മതങ്ങളുടെ സമത്വം, നിർഭയത്വം എന്നിവയാണ് ഈ വ്രതങ്ങൾ.

#### 1. സത്യം

മുൻ അധ്യായത്തിൽ വിശദീകരിച്ചത് ഓർക്കുക.

#### 2. അഹിംസ

മുൻ അധ്യായത്തിൽ വിശദീകരിച്ചത് ഓർക്കുക.

#### 3. ബ്രഹ്മചര്യ

"ഈശ്വരനിലേക്ക്, ഈശ്വര സാക്ഷാത്കാരം" എന്നതാണ് ബ്രഹ്മചര്യയുടെ അർഥം. എല്ലാ ഇന്ദ്രിയങ്ങൾക്കുംമേൽ ഒരുവന് പൂർണമായ നിയന്ത്രണം ഉണ്ടായിരിക്കണം. ലൗകികമായ ബന്ധനങ്ങളിൽ നിന്നും മുക്തനായിരിക്കണം. മനസ്സ്, ശരീരം, ആത്മാവ് എന്നിവയുടെ ഏകോപനമാണ് ബ്രഹ്മചര്യത്തിന്റെ അടിസ്ഥാനം. ഇത്തരത്തിൽ ഇഹലോക ബന്ധനത്തിൽ നിന്ന് മുക്തിനേടിയാൽ മാനവരാശിയുടെ നന്മക്കായി സേവനം ചെയ്യുവാൻ ഉതകുന്നവരായിത്തീരും. മനസാ- വാചാ കർമ്മണാ എല്ലാ ഇന്ദ്രിയങ്ങൾക്കും മേലുള്ള പൂർണമായ നിയന്ത്രണമാണ് ബ്രഹ്മചര്യംകൊണ്ട് അർഥമാക്കുന്നത്.

### 4. അസ്തേയ (യാതൊന്നും മോഷ്ടിക്കാതിരിക്കുക: Non Stealing)

സത്യത്തിലും അഹിംസയിലും വിശ്വസിക്കുന്നവർ ഒരിക്കലും മോഷ്ടിക്കരുത്. മറ്റൊരാളുടെ കൈവശം ഇരിക്കുന്നത് എടുക്കുന്നത് മാത്രമല്ല, നമുക്ക് ആവശ്യമില്ലാത്തവ സ്വീകരിക്കുന്നതും മോഷണമായി കരുതാവുന്നതാണ്. ഒരാൾക്ക് ഉടൻതന്നെ ഉപയോഗിക്കുവാൻ കഴിയാത്തതും സംരക്ഷിക്കുവാൻ താൽപ്പര്യപ്പെടുന്നതുമായ പ്രവൃത്തി മോഷണമാണ്. എല്ലാവർക്കും അവരവർക്ക് ആവശ്യമായത് മാത്രം അതിലുപരി ഉണ്ടാകരുത് എന്നതാണ് ഗാന്ധിജിയുടെ ആശയം. ഇതിനായി നാം ലളിതജവിതം നയിക്കേണ്ടതാണ്. അങ്ങിനെയെങ്കിൽ ദാരിദ്ര്യവും ക്ഷാമവും ഇല്ലായ്മ ചെയ്യുവാനാകും. എല്ലാവരും അവരുടെ അത്യാവശ്യങ്ങൾ മാത്രം നിറവേറ്റുകയും അത്തരത്തിൽ സ്വേച്ഛയാലുള്ള പട്ടിണി സ്വീകരിക്കുകയും ചെയ്യേണ്ടത് നാടിന്റെ നന്മക്കും ഉച്ചനീചത്വങ്ങൾ നിർമ്മാജനത്തിനും സഹായകമാണ്.

### 5. അപരിഗ്രഹ (യാതൊന്നും കൈവശം വയ്ക്കാതിരിക്കുക - Non Possession)

അസ്തേയവ്രതത്തിന്റെ ഒരു കൂട്ടിച്ചേർക്കലായിട്ടാണ് ഈ വ്രതത്തെ കണക്കാക്കുന്നത്. സ്വകാര്യസ്വത്ത് സമ്പാദനത്തെ ഈവ്രതം നിരാകരിക്കുകയും ലളിതജീവിതം നയിക്കുവാൻ നിർദേശിക്കുകയും ചെയ്യുന്നു. ആവശ്യങ്ങളുടെ പരിമിതപ്പെടുത്തലല്ല മറിച്ച് അവയെ സ്ഫുടം ചെയ്യുകയാണ് വേണ്ടത് എന്ന് ഗാന്ധിജി വ്യക്തമാക്കുന്നു. "ഇത് അസ്തേയയുടെ ഭാഗം തന്നെയാണ്. നാം ഒന്നും സ്വീകരിക്കാതിരിക്കുന്നതുപോലെ തന്നെ അത്യാവശ്യങ്ങൾ നേടുവാൻ ആവശ്യമായതിലധികം സ്വരൂപിക്കുവാനും പാടില്ല. അനാവശ്യമായി ആഹാരം, വസ്ത്രം, ഗൃഹോപകരണങ്ങൾ എന്നിവ കരുതിവയ്ക്കുന്നത് അപരിഗ്രഹ തത്വത്തിന്റെ ലംഘനമായി കണക്കാക്കുന്നു. ഇത് സാധ്യമാക്കുന്നതിനായി ഒരുവൻ ക്രിയാത്മകമായി സ്വന്തം ജീവിതത്തെ ലളിതവത്കരിക്കേണ്ടതുണ്ട്."

### 6. ശരീരശ്രമം (ആഹാരത്തിനുവേണ്ടിയുള്ള പ്രയ്തനം Bread labour)

അന്നത്തേക്കുള്ള വക കണ്ടെത്തുന്നതിനായി ആരോഗ്യമുള്ള ഏതൊരാളും ശാരീരികാദ്ധ്വാനം ചെയ്യേണ്ടതാണ്. ബുദ്ധിശാലികൾ, കലാകാരന്മാർ തുടങ്ങി മറ്റു കഴിവുകൾ ഉള്ളവർ അവയെല്ലാം സമൂഹനന്മക്കായി ഉപയോഗിക്കേണ്ടതാണ്. എല്ലാവരും ആഹാരത്തിനുവേണ്ടി പ്രയത്നിക്കുക എന്നത് പ്രകൃതി നിയമമാണ്. അവനവന് അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുവാനുള്ളത് ശരീരാധ്വാനത്തിലൂടെ നേടാത്തവരെ മോഷ്ടാക്കളായി കണക്കാക്കുന്നു. ഗാന്ധിജി നൂൽനൂൽപ്പും, ചർക്കയും ആശ്രമങ്ങളിൽ പുനരാവിഷ്കരിച്ചത് എല്ലാ അന്തേവാസികളും ആഹാരത്തിനുവേണ്ടി ശാരീരിക അധ്വാനം ചെയ്യണം എന്ന അടിസ്ഥാനത്തിലാണ്. ആയതിനാൽ ചർക്ക ആശ്രമ യജ്ഞത്തിന്റെ പ്രതീകമായി കണക്കാക്കുന്നു.

### 7. അസ്വാദ (രസനയുടെ നിയന്ത്രണം Control of Palate)

ബ്രഹ്മചര്യവ്രതാനുഷ്ഠാനത്തിന് രസനയുടെ നിയന്ത്രണം അത്യന്താപേക്ഷി

താമാണ്. ഈ നിയന്ത്രണം പരിശീലിക്കുന്നതു വഴി എല്ലാഇന്ദ്രിയങ്ങൾക്കുമേലും നമുക്ക് നിയന്ത്രണം നേടാവുന്നതാണ്. ഭക്ഷണം പരിമിതപ്പെടുത്തുകയും ശരീരത്തിന്റെ നില നിൽപ്പിനായി മാത്രം ഭക്ഷിക്കുകയും, ശരീരം മറ്റുള്ളവരുടെ സേവനത്തിനായി ഉപയോഗിക്കുകയും ചെയ്യുക. "ഒരുവൻ തന്റെ മൃഗതൃഷ്ണയെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനുള്ള ഉപാധി രസനയുടെ നിയന്ത്രണമാണ്. മനുഷ്യന് അനുഷ്ഠിക്കാവുന്നതിൽ വച്ച് ഏറ്റവും കഠിനമായ വ്രതം ഇതായിരിക്കും." എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു.

- ചിന്തിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുക.
- ആഹാരം കഴിക്കുവാൻവേണ്ടി ജീവിക്കുക
- ജീവിക്കുവാൻവേണ്ടി ആഹാരം കഴിക്കുക

  നിങ്ങൾ ഏതിനോട് യോജിക്കുന്നു. എന്തുകൊണ്ട്?

### 8. അഭയ (നിർഭയത്വം Fearlessness)

ആന്തരികവും ബാഹ്യവുമായ എല്ലാത്തരം ഭയങ്ങളിൽ നിന്നുമുള്ള മുക്തിയാണ് ഈ വ്രതത്തിലൂടെ പ്രാപ്തമാവുന്നത്. ശരീരബന്ധനത്തിൽ നിന്നും മുക്തി നേടേണ്ടത് ഈ വ്രതാനുഷ്ഠാനത്തിന് അനിവാര്യമാണ്. "നാം ഭയക്കേണ്ടത് ഈശ്വരനെ മാത്രമാണ്" എന്നതായിരുന്നു ഗാന്ധിയൻ ആദർശം. "ഒരാൾ എന്നുവരെ ഭയത്തിന് അധീനനായിരിക്കുന്നുവോ അന്നുവരെ അയാൾക്ക് സത്യം അഥവാ സ്നേഹം പ്രാപ്തമാക്കുവാൻ സാധ്യമല്ല. ഇന്ന് നമ്മുടെദേശത്ത് ഭയചകിതമായആധിപത്യം നിലനിൽക്കുന്നതിനാൽ ധ്യാനനിഷ്ഠയും, നിർഭയത്വവും സവിശേഷ പ്രാധാന്യം അർഹിക്കുന്നതാണ്. ആയതിനാൽ ഇത് ഒരു പ്രത്യേകവ്രതമായി അനുഷ്ഠിക്കേണ്ടതാണ്. ഒരു സത്യാന്വേഷി സമുദായം, ഭരണകൂടം, തസ്കരന്മാർ തുടങ്ങിയ എല്ലാത്തരം ഭയവും ഉപേക്ഷിക്കേണ്ടതും ദാരിദ്ര്യം, മൃത്യു എന്നിവ ഭയപ്പെടുകയുമരുത്". ഈശ്വരഭയം എന്നത് തിന്മ ചെയ്യുന്നതിനോടുള്ള ഭയമാണ്. മനസ്സിൽനിന്നും ഭയം അകറ്റിയാൽ ഈശ്വരസാക്ഷാത്കാരം സാധ്യമാകും. ഈശ്വരഭയം യഥാർഥത്തിൽ മനസ്സിന്റെ അഹിതകരമായ പെരുമാറ്റത്തിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്ന രക്ഷാകവചമായി നില കൊള്ളും.

### 9. സർവധർമ്മസമഭാവ (Equality of all Religions)

(ഈക്വൽ റെസ്പെക്റ്റ് ഫോർ ഓൾ റിലീജിയൻസ്/ എല്ലാമതങ്ങളുംഒന്ന് എന്ന കാഴ്ചപ്പാട്)

**മുൻപ് നൽകിയിട്ടുള്ള വിശദീകരണം പരിശോധിക്കുക.**

### 10. സ്വദേശി

ഒരു വ്രതമെന്ന നിലയിൽ സ്വന്തം നാടിന്റെ സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുവാൻ 'സ്വദേശി' ആഹ്വാനം ചെയ്യുന്നു. ഇത് നമ്മുടെ അയൽക്കാരനോ

ടുള്ള സ്നേഹമല്ലാതെ മറ്റൊന്നുമല്ല. "സ്വദേശി എന്ന വ്രതം അനുപേക്ഷണീയമാണ്. നമ്മുടെ അസ്തിത്വത്തിന്റെ പാവനനിയമമായ അയൽപക്കബന്ധം ഉപേക്ഷിച്ച് നാം അത്യാവശ്യങ്ങൾ നിറവേറ്റുവാൻ മറ്റുള്ളവരെ ആശ്രയിക്കുന്നു." തദ്ദേശീയമല്ലാത്തതും, തൊട്ടടുത്ത ചുറ്റുപാടുകളിൽ ലഭ്യമാകുന്നവയും പരിത്യജിച്ച് സ്വന്തം രാജ്യത്തിന്റെ സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുവാനുമുള്ള ഒരുവന്റെ മനോഭാവമാണ് സ്വദേശി. വിദേശസാധനങ്ങളും സേവനങ്ങളും ഒഴിവാക്കുകയും തദ്ദേശീയമായ സാധനങ്ങളും സേവനങ്ങളും ഉപയോഗിക്കുവാനുമുള്ള ഒരുവന്റെ ദൃഢവിശ്വാസമാണ് സ്വദേശി.

'സ്വദേശി' ഒരുവന്റെ കർത്തവ്യവും കടമയുമാണ്. സ്വാശ്രയവും സ്വയംപര്യാപ്തവുമായ ഇന്ത്യയിലെ എല്ലാഗ്രാമങ്ങളും സ്വദേശിയുടെ അവിഭാജ്യഘടകമായിരിക്കും. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുവാനാകാത്തതും ഒഴിച്ചുകൂടാനാകാത്തതും ആയ സാധനങ്ങൾ മാത്രമേ ഇത്തരംഗ്രാമങ്ങൾ പരസ്പരം കൈമാറ്റംചെയ്യുകയുള്ളു.

## 11. അസ്പൃശ്യത (അയിത്തോച്ചാടനം Removal of Untouchabilitiy)

ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഒരാളെ തൊട്ടുകൂടാത്തവനായി (അസ്പൃശ്യനായി) കാണുന്നത് തെറ്റാണ്. എല്ലാമനുഷ്യരും ഒന്നാണ്. "ഹിന്ദുമതത്തിൽ രൂഢമൂലമായ അയിത്തം തികച്ചും മതവിശ്വാസത്തിൽ ഇല്ലാത്തതാണ്. ആയതിനാൽ അതിനെ ഉന്മൂലനം ചെയ്യുക എന്നത് സ്വച്ഛന്ദമായി നിറവേറ്റേണ്ട ഒരു നിയമമാണ്". അദ്ദേഹം അയിത്തോച്ചാടനത്തിന് വളരെയേറെ പ്രാധാന്യം നൽകിയിരുന്നു. ഈ വ്രതം ആശ്രമവാസികൾക്ക് എത്രമാത്രം മറ്റുള്ള അന്തേവാസികളുമായി ഇടപഴകിജീവിക്കുവാൻ സാധിക്കുന്നുവോ അത്രമാത്രം മറ്റുള്ളവരുമായും അടുത്ത ബന്ധം സ്ഥാപിക്കുവാൻ അവസരം നൽകുന്നു. "ഞാൻ ഇനിയും പുനർജനിക്കുവാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇനിയും ഒരുപിറവി ഉണ്ടെങ്കിൽ, ഞാൻ ഒരു അന്ത്യജനായി ജനിക്കും, ആയതുകൊണ്ട് എനിക്ക് അവരുടെ ദുഃഖത്തിൽ, യാതനകളിൽ അവരുടെ മുൻപിൽ നിരത്തുന്ന അധിക്ഷേപങ്ങൾ എന്നിവയിൽ പങ്കുചേർന്ന് ഞാൻ സ്വയം സ്വതന്ത്രമാകുവാൻ യത്നിക്കുകയും ആ ശ്രമത്തിലൂടെ അവരുടെ ദുരിതപൂർണമായ ജീവിതത്തിൽ നിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യും. ഞാൻ, ആയതിനാൽ, പ്രാർഥിക്കുന്നു, ഇനിയും എനിക്ക് ഒരു ജന്മമുണ്ടെങ്കിൽ, ഒരിക്കലും ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ ആകാതിരിക്കുകയും അതിശൂദ്രനായിത്തീരുകയും ചെയ്യട്ടെ."- എം.കെ.ഗാന്ധി

**11**

***മതം പ്രാവർത്തികമാക്കുവാൻ ഗാന്ധിജി നിർദേശിച്ച വിവിധ മാർഗങ്ങൾ ചർച്ചചെയ്ത് കുറിപ്പ് എഴുതുക.***

### വ്രതങ്ങൾ നമുക്ക് നിത്യജീവിതത്തിൽ പ്രാവർത്തികമാക്കുവാനാകും

| ആശ്രമവ്രതങ്ങൾ | ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നുണ്ടോ? | | | |
|---|---|---|---|---|
| | പൂർണമായും | ഭാഗികമായും | ശ്രമിക്കും | സാധിക്കുകയില്ല |
| സത്യം | | | | |
| അഹിംസ | | | | |
| യാതൊന്നും മോഷ്ടിക്കാതിരിക്കൽ | | | | |
| ആവശ്യത്തിൽ കൂടുതൽ കൈവശം വയ്ക്കാതിരിക്കൽ | | | | |
| ബ്രഹ്മചര്യം | | | | |
| ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം | | | | |
| രസനയുടെ നിയന്ത്രണം | | | | |
| ഭയവർജനം | | | | |
| എല്ലാ മതങ്ങളോടും സമഭാവന | | | | |
| സ്വദേശി | | | | |
| അയിത്തോച്ചാടനം/ എല്ലാവരും തുല്യരെന്ന മനോഭാവം | | | | |

## മഹാത്മാഗാന്ധി ഒരു പ്രായോഗിക ആദർശവാദി

മഹാത്മാഗാന്ധി അഹിംസയെ ഏറ്റവും ശ്രേഷ്ഠമായ തലത്തിൽ മനസാ- വാചാ കർമ്മണാ അനുഷ്ഠിച്ചിരുന്നു. "അഹിംസ എന്നത് ആത്മാവിന്റെ സവിശേഷമായ ഗുണമാണ്. ആയതിനാൽ ഏവരും അത് ജീവിതത്തിന്റെ സമസ്തതലങ്ങളിലും പ്രയോഗികമാക്കേണ്ടതാണ്. അഹിംസ പ്രചരിപ്പിക്കുവാൻ മാത്രമുള്ളതല്ല. അത് പ്രാവർത്തികമാക്കണം. കൂടാതെ ഗാന്ധിജിയുടെ എല്ലാആദർശങ്ങളും ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ അദ്ദേഹം നിർദേശിച്ചിരുന്നു. ആയതിനാൽ അദ്ദേഹത്തെ "പ്രായോഗിക ആദർശവാദി" (പ്രാക്ടിക്കൽ ഐഡിയലിസ്റ്റ്) എന്നു വിളിക്കുന്നു.

ഗാന്ധിജിയുടെ മതചിന്തകൾ യുക്തിസഹവും ധാർമികവും ആയിരുന്നു. അദ്ദേഹത്തിന്റെ യുക്തിക്കും മനസ്സാക്ഷിക്കും നിരക്കാത്ത ഒരു വിശ്വാസവും അദ്ദേഹം സ്വീക

രിച്ചിരുന്നില്ല. തന്നെ ഒരു ക്രാന്തദർശിയായല്ല പ്രായോഗിക ദാർശനികനായി ഗാന്ധിജി സ്വയം അംഗീകരിക്കുന്നു. ആയതിനാൽ അഹിംസ സന്യാസികൾക്ക് മാത്രമായിട്ടുള്ള താകരുത്. സാധാരണ ജനങ്ങൾക്കും അത് ഉതകുന്നതായിരിക്കണം.

ഗാന്ധിജിയിലൂടെ ലോക ചരിത്രത്തിൽ ആദ്യമായിട്ടാണ് അഹിംസ എന്ന സിദ്ധാന്തം വ്യക്തിപരവും സാമൂഹ്യവും രാഷ്ട്രീയവുമായ തലങ്ങളിലേക്ക് എത്തിയത്. അദ്ദേഹം രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചതുതന്നെ അഹിംസയിൽ പരീക്ഷണങ്ങൾ നടത്തുവാനും അഹിംസയുടെ ശക്തിയും സാധുതയും കണ്ടെത്തുവാനുമായിരുന്നു.

സത്യത്തിനും അഹിംസക്കും രാഷ്ട്രീയത്തിലും ലോകവിഷയങ്ങളിലും ഒരു സ്ഥാനവുമില്ലെന്ന് ചിലർ വിചാരിച്ചിട്ടുണ്ട്. എന്നാൽ ഗാന്ധിജി അവയെ ആത്മസാക്ഷാത്കാരത്തിനുള്ള മാർഗമായി സ്വീകരിച്ചു. ദൈനംദിന ജീവിതത്തിലെ എല്ലാത്തരം പ്രവൃത്തികളിലും അദ്ദേഹം സത്യവും അഹിംസയും പ്രാവർത്തികമാക്കി. സത്യവും അഹിംസയുയം നമ്മെ നൂറ്റാണ്ടുകളോളം മുന്നോട്ട് നയിക്കും - ഗാന്ധിജി അഭിപ്രായപ്പെട്ടു.

**11**

***ഒക്ടോബർ 2ന് ലോക അഹിംസാദിനമായി ആചരിക്കുന്നു. എന്തുകൊണ്ട് – വിശദമാക്കുക.***

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. സ്വയം പര്യാപ്തത, സ്വയം നിയന്ത്രണം, സ്വാതന്ത്ര്യം എന്നിവ കൈവരിക്കാം.
2. ഈശ്വരൻ, സത്യം എന്നിവയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
3. ആപേക്ഷികസത്യവും പരമമായസത്യവും
4. അഹിംസയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്
5. അഹിംസയുടെ വിവിധ തലങ്ങൾ ധൈര്യശാലിയുടെഅഹിംസ, ഭീരുവിന്റെ അഹിംസ
6. ലക്ഷ്യത്തെയും മാർഗത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
7. ഇച്ഛയും സ്വാതന്ത്ര്യവും, നന്മ എന്ന വൈശിഷ്ട്യം, പരസ്പരാശ്രയത്വം, ഐക്യവും സമഗ്രജീവനവും.
8. മനുഷ്യനും ഈശ്വരനും തമ്മിൽ നേരിട്ട് ബന്ധം സ്ഥാപിക്കുന്ന എല്ലാമതങ്ങളും ഉൾക്കൊള്ളുന്നതാണ്. സത്യം, ധർമ്മം, സാഹോദര്യം, ക്ഷേമം, സമാധാനം, നീതി, സന്തോഷം എന്നിവ മതങ്ങളുടെ അന്തസ്സത്തയാണ്.
9. ധാർമ്മികതയ്ക്ക് മതം- വിത്തിന് വെള്ളം എന്നതുപോലെയാണ്.
10. സർവധർമ്മസമഭാവ
11. യുക്തിസഹവും ധാർമ്മികവുമായ ചിന്തകൾ, സാമൂഹ്യരാഷ്ട്രീയപ്രശ്നങ്ങൾക്ക് അഹിംസാത്മകപരിഹാരം, അക്രമരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നു.

12. അഹിംസയെ മനസ്സാ- വാചാ- കർമ്മണാ, ഏറ്റവും ശ്രേഷ്ഠമായ പ്രായോഗിക തലത്തിൽ പ്രായോഗിക ജീവിതത്തിൽ അനുഷ്ഠിച്ചു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗാന്ധിയൻ തത്വചിന്തകൾ ഇന്ത്യൻ സംസ്കാരത്തിന്റെ അതുല്യമായ സവിശേഷതകളുടെ സ്വാധീനഫലമായി രൂപം കൊണ്ടിട്ടുള്ളതാണ്. വിലയിരുത്തുക.
2. ഗാന്ധിജിയുടെ അടിസ്ഥാന തത്വചിന്തകളെക്കുറിച്ച് വിശദീകരണകുറിപ്പ് തയാറാക്കുക.
3. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യമാണ് ഈശ്വരൻ, സമർഥിക്കുക.
4. ആപേക്ഷികസത്യം പരമമായസത്യം എന്നിവയെ വേർതിരിച്ച് വിവരിക്കുക.
5. അഹിംസയെ വ്യക്തിപരമായ നന്മയും സാമൂഹ്യമായ മൂല്യവുമായി ഗാന്ധിജി കണ്ടിരുന്നു. ചർച്ചചെയ്യുക.
6. അഹിംസയുടെ വിവിധരൂപങ്ങൾ ഉൾക്കൊള്ളുന്ന ചാർട്ട്തയാറാക്കുക.
7. ലക്ഷ്യവും മാർഗവും എന്നതിനെക്കുറിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കുക.
8. മനുഷ്യപ്രകൃതിയെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം വ്യക്തമാക്കുക.
9. ഇന്ന് നിലവിലുള്ള മതങ്ങളുടെ അസഹിഷ്ണുതക്കുള്ള ഏക പരിഹാരമാർഗം ഗാന്ധിജിയുടെ ആശയമായ സർവധർമ്മ സമഭാവയാണ് - വ്യക്തമാക്കുക.
10. മതം പ്രായോഗികമാക്കുന്നതിനായി ഗാന്ധിജി നിർദേശിച്ചിട്ടുള്ള മാർഗങ്ങളെക്കുറിച്ച് വിശദീകരിക്കുക.

## ഉത്തര സൂചിക

1. ഇന്ത്യൻസംസ്ക്കാരത്തിലെ മതപരവും ആത്മീയവുമായ മൂല്യങ്ങൾ, ധർമ്മാർഥ കാമമോക്ഷങ്ങൾ, (പുരുഷാർഥങ്ങൾ) ഗാന്ധിജിയെ സ്വാധീനിച്ചിരുന്നു.
2. ഈശ്വരൻ, സത്യം, അഹിംസ, ലക്ഷ്യവും മാർഗവും എന്നിവയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
3. സത്യം നിലനിൽക്കുന്നതും കൃത്യവുമാണ്. അതിനാൽ ഈശ്വരനെ നിഷേധിക്കുന്നവർക്കും സത്യത്തെ നിഷേധിക്കാനാവില്ല.
4. പരമമായസത്യം - ഈശ്വരൻ

   ആപേക്ഷികസത്യം - സ്വന്തം മനസാക്ഷിക്ക് നിരക്കുന്നതരത്തിൽ സത്യത്തെ സമീപിക്കുന്നതാണ് ആപേക്ഷികസത്യം.
5. ഉപാധികളില്ലാത്ത സ്നേഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ സ്നേഹത്തിന്റെ ഭാവമാണ് അഹിംസ, മനസ്സാ, വാചാ, കർമ്മണാ, അഹിംസ പരിശീലിക്കുക.
6. അഹിംസയുടെ വിവിധരൂപങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക.
7. സത്യം ലക്ഷ്യവും, അഹിംസ മാർഗവുമാണ്.

8. ഇച്ഛയും സ്വാതന്ത്ര്യവും, നന്മ എന്ന വൈശിഷ്ട്യം, പരസ്പരാശ്രയത്വം, ഐക്യവും സമഗ്രജീവനവും.
9. 'സർവധർമ്മസമഭാവന' എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട്
10. പ്രാർഥന, ഉപവാസം, ആശ്രമവ്രതങ്ങൾ.

## സംഗ്രഹം

- വിമർശനാത്മക അന്വേഷണം, യുക്തി, തർക്കം, സംശയ ദൂരീകരണം, വിവേചനം, വൈരുദ്ധ്യാത്മക ചിന്തകളുടെ ഏകോപനം, ലോക വീക്ഷണം.
- ഇന്ത്യൻ ഫിലോസഫി മതവുമായി ബന്ധമുണ്ടെങ്കിലും അതിലുപരി അസ്തിത്വവാദം, പ്രപഞ്ചശാസ്ത്രം, നൈതികത, കല, രാഷ്ട്രമീമാംസ തുടങ്ങിയവയും ഉൾക്കൊള്ളുന്നു.
- ഗാന്ധിയൻ തത്വചിന്തകൾ അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം, ജന്മസ്ഥലം, വിദ്യാഭ്യാസം, പാശ്ചാത്യ പൗരസ്ത്യചിന്തകന്മാരുമായുള്ള ബന്ധം, ഇന്ത്യയിലെ മതദർശനങ്ങൾ എന്നിവയുടെ സവിശേഷമായ പ്രഭാവത്താൽ രൂപീകൃതമായതാണ്.
- ഈശ്വരൻ സത്യമാണ് എന്ന കാഴ്ചപ്പാടിൽ നിന്ന് സത്യമാണ് ഈശ്വരൻ എന്ന നിഗമനത്തിൽ എത്തിച്ചേർന്നു.
- സത്യം എന്നവാക്ക് 'സത്' എന്നതിൽ നിന്നാണ് രൂപം കൊണ്ടത്. സത് എന്നാൽ നിലനിൽക്കുന്നത് എന്നർഥം. സത്യം മാത്രമേ നിലനിൽക്കുകയുള്ളൂ.
- സ്നേഹവും സേവനവുമാണ് അഹിംസയുടെ ക്രിയാത്മകതലം
- ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗവുമാണ്.
- സ്വതന്ത്രമായ ഇച്ഛാശക്തി മനുഷ്യന്റെ സവിശേഷതയാണ്.
- മനുഷ്യൻ പരമമായസത്യം അഥവാ ഈശ്വരന്റെ പ്രതിരൂപമാണ്. ആയതിനാൽ മനുഷ്യസമൂഹത്തിന്റെ ഐക്യം അനിവാര്യമാണ്.
- മതം ഈശ്വര സാക്ഷാത്കാരത്തിനുള്ള മാർഗമാണ്.
- സാർവദേശീയമതമായിരുന്നു ഗാന്ധിജിയുടേത്. സത്യത്തിലും ആലംബഹീനരെ സഹായിക്കുന്നതിലും അധിഷ്ഠിതമായിരുന്നു മതം. നീതി, സാഹോദര്യം, സമാധാനം, സന്തുഷ്ടി തുടങ്ങിയവയിൽ അധിഷ്ഠിതമായിരുന്നു ഗാന്ധിജിയുടെ മതം.
- അടിസ്ഥാനപരമായി എല്ലാ മതങ്ങളുടേയും ലക്ഷ്യം ഈശ്വര സാക്ഷാത്കാരമാണ്. ആയതിനാൽ അവ ഒന്നായി കണക്കാക്കാം. ആയതിനാൽ നാം സർവധർമ്മസമഭാവ അഥവാ എല്ലാ മതങ്ങളോടും സമഭാവനയോടു കൂടിയ പെരുമാറ്റം അവലംബിക്കേണ്ടതാണ്.
- പ്രാർഥന, ഉപവാസം, വ്രതാനുഷ്ഠാനം എന്നിവ ഗാന്ധിജി കൃത്യമായും ആചരിച്ചിരുന്നു.

- ഗാന്ധിയൻ തത്വചിന്തകൾക്ക് നിത്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ നിർദേശങ്ങൾ നൽകുവാൻ കഴിയും. അദ്ദേഹം ഈ തത്ത്വങ്ങളെ ജീവിതത്തിൽ പ്രാവർത്തികമാക്കിയിരുന്നു. പ്രാവർത്തികമാക്കുവാൻ കഴിയാത്ത തത്വചിന്തകൾ അദ്ദേഹം നിർദേശിച്ചിരുന്നില്ല. ആയതിനാൽ ഗാന്ധിജി പ്രായോഗിക ആദർശവാദിയായി കണക്കാക്കപ്പെടുന്നു.

## തുടർപ്രവർത്തനം/മൂല്യനിർണയപ്രവർത്തനം

- ഗാന്ധിയൻ തത്വചിന്തകളുടെ സ്വാധീനം-
- അഹിംസയുടെ വിവിധ രൂപങ്ങൾ - ചാർട്ട്
- ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധകാലഘട്ടങ്ങൾ ഉൾക്കൊള്ളുന്ന പിക്ച്ചർ ആൽബം
- നിങ്ങളുടെ ചുറ്റുപാടിലെ വിവിധ ആഘോഷങ്ങളുടേയും ഉത്സവങ്ങളുടേയും മൂവീക്ലിപ്പ്/ചിത്രങ്ങൾ ക്യാമറയിൽ പകർത്തി സിഡിയിൽ സമർപ്പിക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • തത്വശാസ്ത്രത്തിന്റെ അർഥം, ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ കാഴ്ചപ്പാട് എന്നിവ തിരിച്ചറിയാൻ | | | |
| • ഗാന്ധിജിയുടെ പ്രധാനതത്വചിന്തകൾ തിരിച്ചറിയാൻ | | | |
| • മനുഷ്യ പ്രകൃതിയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശകലനം ചെയ്യാൻ | | | |
| • മതങ്ങളെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കാൻ | | | |
| • മതങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഗാന്ധിജി നിർദേശിച്ച മാർഗങ്ങൾ തിരിച്ചറിയാൻ | | | |
| • ഗാന്ധിജി ഒരു പ്രായോഗികതത്വചിന്തകനാണെന്ന് വിലയിരുത്താൻ | | | |

6

# സത്യാഗ്രഹം – പ്രയോഗവും സിദ്ധാന്തവും



## ആമുഖം

ഗാന്ധിജി ലോകത്തിനു നൽകിയ ഏറ്റവും വിപ്ലവകരമായ സംഭാവനയാണ് സത്യാഗ്രഹം. അഹിംസാത്മകസമരതന്ത്രമെന്ന നിലയിലാണ് ഇന്ത്യൻസ്വാതന്ത്ര്യസമരത്തിൽ സത്യാഗ്രഹത്തെ ഗാന്ധിജി ഉപയോഗിച്ചത്. അഴിമതിക്കും അനീതിക്കുമെതിരെ നിലകൊള്ളുന്ന ഒരു വ്യക്തിയുടെ ജന്മാവകാശവും വിശുദ്ധ കർമ്മവുമാണ് (Sacred Duty) സത്യാഗ്രഹം. സത്യാഗ്രഹത്തിന്റെ സിദ്ധാന്തവും പ്രയോഗവും പ്രസക്തിയുമാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്.

- ഗാന്ധിജി ആദ്യമായി സംഘടിപ്പിച്ച സത്യാഗ്രഹ പ്രസ്ഥാനത്തെപ്പറ്റി മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചത് ഓർമ്മയുണ്ടാകുമല്ലോ?
- എന്താണ് സത്യാഗ്രഹം എന്ന വാക്കിന്റെ അർഥം?
  ഈ വാക്ക് ഗാന്ധിജി എങ്ങനെയാണ് കണ്ടെത്തിയത്?
- ഏത് സംഭവുമായി ബന്ധപ്പെട്ടാണ് ഗാന്ധിജി സത്യാഗ്രഹം ആദ്യമായി പ്രയോഗിച്ചത്?

## പഠനനേട്ടങ്ങൾ

- സത്യാഗ്രഹമെന്ന സമരരൂപം വികസിപ്പിക്കുന്നതിൽ ഗാന്ധിജിയെ സ്വാധീനിച്ച ഘടകങ്ങൾ വിലയിരുത്തുന്നു.
- സത്യാഗ്രഹത്തിന്റെ ലക്ഷ്യവും അടിസ്ഥാന തത്വങ്ങളും വിശക ലനംചെയ്യുന്നു.
- സത്യാഗ്രഹത്തിന്റെ നിയമങ്ങൾ, വിവിധതലങ്ങൾ എന്നിവ താരത മ്യം ചെയ്യുന്നു.
- സത്യാഗ്രഹവും നിഷ്ക്രിയ പ്രതിരോധവും തമ്മിലുള്ളവ്യത്യാസം കണ്ടെത്തിചർച്ചചെയ്യന്നു.

# സ്വാധീനങ്ങൾ

സത്യാഗ്രഹമെന്ന സമരരൂപത്തിന്റെ രൂപീകരണത്തിൽ നിരവധിഘടകങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. അവ തിരിച്ചറിയുക എന്നത് സത്യാഗ്രഹത്തെക്കുറി ച്ചുള്ള പഠനത്തിൽ വളരെ അത്യാവശ്യമാണ്. ഹെൻറി ഡേവിഡ് തോറോയുടെ 'സിവിൽ നിയമലംഘനം' എന്ന ഉപന്യാസത്തിൽ നിന്നാണ് ഗാന്ധിജിക്ക് സമാധാനപൂർണ മായ ചെറുത്തു നിൽക്കൽ (Peaceful Resistance) എന്ന ആശയം ലഭിക്കുന്നത്. സിവിൽ നിയമലംഘനത്തിൽ ഒരു അഹിംസാപ്രവർത്തകൻ (Non-violent Activist) ഒരു പ്രത്യേക നിയമത്തെ അനുസരിക്കാതിരിക്കുമ്പോഴും അയാൾ നിയമവ്യവസ്ഥയോടും ഭരണാ ധികാരികളോടും ബഹുമാനം പുലർത്തുന്നു. സമാധാനപൂർണമായ ചെറുത്തുനിൽ പ്പിന്റെ ശക്തിയും മൂല്യവും തിരിച്ചറിയുന്നതിന് തോറോയുടെ ഉപന്യാസം സഹായ കമായെന്ന് ഗാന്ധിജി പറയുന്നു. സത്യാഗ്രഹമെന്ന ആശയത്തെ കൂടുതൽ ആഴത്തിൽ ബോധ്യപ്പെടുന്നതിന് ഭഗവദ്ഗീതയും ടോൾസ്റ്റോയി യുടെ 'ദൈവരാജ്യം നിന്റെയുള്ളിൽ തന്നെയാണ്' ('The Kingdom of God is Within You') എന്ന പുസ്തകവും ഇടയാക്കിയെന്ന് ഗാന്ധിജി വിശ്വസിക്കുന്നു. തന്റെ ഭാര്യ കസ്തൂർബയും സത്യാഗ്രഹത്തിന്റെ ശക്തി തനിക്ക് ബോധ്യപ്പെടുത്തിത്തന്നു എന്ന് ഗാന്ധിജി സ്വയംവിലയിരുത്തുന്നു. അദ്ദേഹം പറയുന്നു, "ഞാൻ അഹിംസയുടെ പാഠങ്ങൾ പഠിക്കുന്നത് എന്റെ ഭാര്യയിൽനിന്നുമാ ണ്. എന്റെ ഇച്ഛക്ക് അവളെ കീഴ്പ്പെടുത്തുവാൻ ഞാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അവ ളുടെ ഉറച്ച എതിർപ്പ് ഒരു വശത്തും എന്റെ മഠയത്തരങ്ങൾ മൂലമുണ്ടാകുന്ന എല്ലാ കഷ്ടപ്പാടുകൾക്ക് അവൾ പൂർണമായും കീഴ്പ്പെടുന്നത് മറുവശത്തും. അവസാനം ഞാൻ എന്റെ മഠയത്തരങ്ങളെപ്പറ്റി ബോധ്യപ്പെടുകയും അവ തിരുത്തുകയുംചെയ്തു. ഇതിന്റെ തുടർച്ചതന്നെയാണ് ഞാൻ ദക്ഷിണാഫ്രിക്കയിൽ പ്രയോഗത്തിൽ വരുത്തി യത്".

1

*സത്യാഗ്രഹമെന്ന ആശയം രൂപീകരിക്കുന്നതിൽ ഗാന്ധിജിയുടെ സ്വാധീനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക.*

## സത്യാഗ്രഹത്തിന്റെ ലക്ഷ്യം

സ്നേഹം, ക്ഷമ, ത്യാഗം, എന്നിവയിലൂടെ തന്റെ എതിരാളിയെ തെറ്റിൽനിന്നും രക്ഷിക്കുക എന്നതാണ് സത്യാഗ്രഹത്തിന്റെ ലക്ഷ്യം. സത്യാഗ്രഹം ഒരിക്കലും തന്റെ എതിരാളിയെ ശിക്ഷിക്കുകയോ തകർക്കുകയോ പരാജയപ്പെടുത്തുകയോ ചെയ്യുന്നില്ല. ഒരുതരത്തിലുള്ള ദോഷവും സത്യാഗ്രഹി തന്റെ എതിരാളിക്ക് വരുത്തുന്നില്ല. സത്യാഗ്രഹി തന്റെ എതിരാളിയെ സ്നേഹിക്കുകയും അവനിൽ മാനസിക പരിവർത്തനം ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതു. തെറ്റുചെയ്തവർ തന്റെ തെറ്റുകൾ സ്വയം ബോധ്യപ്പെടുകയും അതിൽ പശ്ചാത്തപിക്കുകയും സമാധാനപൂർണമായ സഹവർത്വത്തിലൂടെ അതിന് പരിഹാരം കാണുകയും ചെയ്യുന്നു. ഗാന്ധിജി പറയുന്നു, "അനീതി പ്രവർത്തിക്കുന്ന ആളെ വിഷമിപ്പിക്കാനല്ല സത്യാഗ്രഹി ലക്ഷ്യമാക്കുന്നത്. അയാളുടെ ഹൃദയത്തോടാണ് സത്യാഗ്രഹിയുടെ ആഹ്വാനം. തിന്മ ചെയ്യുന്ന ആളുടെ അന്ത്യമല്ല, തിന്മയുടെ അന്ത്യമാണ് അയാളുടെ ലക്ഷ്യം. സത്യാഗ്രഹത്തിൽ കൃത്രിമത്വം ഒട്ടുമുണ്ടാവരുത്. ആന്തരിക പ്രേരണയ്ക്കനുസരിച്ച് തികച്ചും സ്വാഭാവികമാകണം അയാളുടെ പ്രവർത്തനം" (ഹരിജൻ 25-3-1939) ഇപ്രകാരം നോക്കുമ്പോൾ സത്യാഗ്രഹത്തിലൂടെ ഒരാൾ നേടുന്നത് ഏകപക്ഷീയമായ വിജയമല്ല മറിച്ച് ഉഭയസമ്മതപ്രകാരമുള്ള ഇരുവരുടെയും വിജയമാണ്.

സത്യാഗ്രഹത്തിന്റെ ലക്ഷ്യം തന്നെ അതിന്റെ രീതിയെയും സൂചിപ്പിക്കുന്നു. വാക്കാലോ പ്രവൃത്തിയാലോ ചിന്തയാലോ യാതൊരുവിധ മുറിപ്പെടുത്തലുകളും സത്യാഗ്രഹത്തിൽ ഉണ്ടാകുന്നില്ല. തിന്മയെ നന്മ കൊണ്ടും ദ്വേഷത്തെ സ്നേഹവും സത്യവും കൊണ്ടും ഹിംസയെ അഹിംസ കൊണ്ടും കീഴടക്കുന്നതിനാണ് സത്യാഗ്രഹി ശ്രമിക്കുന്നത്.

ഗാന്ധിജി പറയുന്നു, 'സത്യാഗ്രഹമെന്നത് അങ്ങേയറ്റം ആത്മത്യാഗവും മഹോന്നതമായ വിനയവും ക്ഷമാശീലവും ദീപ്തമായ വിശ്വാസവുമാണ്. അതുതന്നെയാണതിന്റെ പ്രതിഫലവും' (യംഗ് ഇന്ത്യ 26.2.1925). അദ്ദേഹം തുടർന്ന് പറയുന്നു, 'സൗമ്യമാണ് സത്യഗ്രഹം. ആരെയും നോവിക്കില്ല, കോപത്തിന്റെയോ വെറുപ്പിന്റെയോ പ്രകടനമാവരുത് അത്. ശങ്കയ്ക്കും അക്ഷമയ്ക്കും അധിക്ഷേപത്തിനുമൊന്നും അതിൽ സ്ഥാനമില്ല. സ്വയം സ്വീകൃതമാണത്. അക്രമത്തിന് പൂർണമായും അത് പകരം നിൽക്കുന്നു' (ഹരിജൻ 15.4.1933).

2

*സത്യാഗ്രഹത്തിന്റെ ലക്ഷ്യം എന്താണ് ?*

## സത്യാഗ്രഹത്തിന്റെ ചലനാത്മകത - ശക്തിയും സമ്മതവും
## The Dynamics of Satyagraha - Power and Consent

എല്ലാത്തരത്തിലുമുള്ള അടിച്ചമർത്തലുകളും അടിച്ചമർത്തപ്പെട്ടവന്റെ അനുവാദത്തോടുകൂടി മാത്രമേ സാധ്യമാകൂ എന്ന് ഗാന്ധിജി തിരിച്ചറിയുന്നു. ഒരിക്കൽ ഈ അനുവാദം പിൻവലിക്കപ്പെട്ടാൽ പിന്നെ അടിച്ചമർത്തൽ വ്യവസ്ഥക്ക് ദീർഘകാലം നിലനിൽക്കാൻ കഴിയില്ല. ഇന്ത്യയിൽ കോളനിഭരണം നിലനിന്നത് നാം ബ്രിട്ടീഷുകാരോട് സഹകരിക്കുകയും അവർക്ക് നികുതി നൽകുകയും ചെയ്തതുകൊണ്ടുമാത്രമാണ്. നാം അവരുടെ സൈന്യത്തിലും കോടതിയിലും ഭരണത്തിലും പങ്കാളിയായി. എന്നാൽ ഒരിക്കൽ നാം ഈ സഹകരണം പിൻവലിച്ചാൽ ആ നിമിഷം കോളനിഭരണം തകരും. ജനങ്ങൾ നികുതികൾ അടക്കാതിരിക്കുകയും നിയമനിഷേധത്തിൽ ഏർപ്പെടുകയും ചെയ്താൽ കോളനിഭരണത്തിന്റെ തകർച്ച ആ നിമിഷം മുതൽ ആരംഭിക്കും.

## സത്യാഗ്രഹം - അടിസ്ഥാനതത്വങ്ങൾ

സത്യാഗ്രഹത്തിൽ ഒരുവൻ എല്ലാ തിന്മകളോടും നിസ്സഹകരിക്കുകയും നന്മകളോട് ചേർന്നുനിൽക്കുകയും ചെയ്യുന്നു. സത്യാഗ്രഹത്തിൽ വെറുപ്പിന് സ്ഥാനമില്ല. ഇത് പൂർണമായും ചലനാത്മകമായ സ്നേഹത്തിൽ അധിഷ്ഠിതമാണ്. ഒരുവന് അവന്റെ സുഹൃത്തിനെ സ്നേഹിക്കാൻ എളുപ്പമാണ്. എന്നാൽ തന്റെ എതിരാളിയെ സ്നേഹിക്കണമെങ്കിൽ അഗാധമായ ഏകത്വ (Oneness) ചിന്ത അവനിൽ ഉണ്ടായിരിക്കണം.

സത്യസന്ധനായ ഒരു മനുഷ്യന് പരിശുദ്ധമായ ആത്മത്യാഗത്തിലൂടെ തന്റെ ക്രൂരനായ എതിരാളിയുടെ ഉള്ളിലുള്ള നന്മയെ ഉണർത്താൻ കഴിയും എന്നതാണ് സത്യാഗ്രഹത്തിന്റെ മനശ്ശാസ്ത്രപരമായ തത്വം. ഗാന്ധിജി പറയുന്നു, കഴിഞ്ഞ മുപ്പത് കൊല്ലമായി ഞാൻ സത്യാഗ്രഹം പരിശീലിക്കുകയും അതിനെക്കുറിച്ച് പ്രഭാഷണം നടത്തുകയും ചെയ്യുന്നു. ഇന്നു ഞാനറിയുന്ന സത്യാഗ്രഹത്തിന്റെ തത്വങ്ങൾ ക്രമേണയുള്ള ഒരു പരിണാമത്തിന്റെ ഫലമാണ്. സത്യത്തിൽ അടിയുറച്ചതാണത്. അതിനാൽ സത്യപ്രയോഗമെന്ന് അതിനെ വിളിക്കാം. സ്നേഹശക്തി എന്നും ആത്മശക്തിയെന്നും ഞാനതിനെ വിളിച്ചിരുന്നു. സത്യാഗ്രഹത്തിന്റെ പ്രയോഗത്തിൽ അക്രമത്തിന് സ്ഥാനമില്ല. ശത്രുവിനെ ക്ഷമയോടും സഹാനുഭൂതിയോടും കൂടിയാണ് അവിടെ വീക്ഷിക്കുക. കാരണം, ഒരാൾക്ക് സത്യമെന്ന് തോന്നുന്നത് മറ്റൊരാൾക്ക് തെറ്റായി തോന്നാം. ക്ഷമയെന്നത് സ്വയം സഹനമാണ്. അതിനാൽ ശത്രുക്കളെ ദ്രോഹിക്കുക എന്നതല്ല, സ്വയം പീഡനമനുഭവിക്കുക എന്നതാണ് സത്യാഗ്രഹപ്രയോഗം കൊണ്ട് ഞാനർഥമാക്കുന്നത്' (യംഗ് ഇന്ത്യ 14.1.1920).

സത്യാഗ്രഹത്തിന്റെ വിജയത്തിനുവേണ്ട ഘടകങ്ങൾ ഗാന്ധിജിയുടെ അഭിപ്രായത്തിൽ താഴെപ്പറയുന്നവയാണ്.

1. സത്യാഗ്രഹിക്ക് ശത്രുതാമനോഭാവമരുത്.

2. വിഷയം സത്യസന്ധവും കാര്യഗൗരവമുള്ളതും ആവണം.

3. ഉദ്ദേശ്യം സാധിക്കുന്നതുവരെ എന്തും സഹിക്കാൻ സത്യാഗ്രഹി സന്നദ്ധനാവണം (ഹരിജൻ 31.3.1944).

3
*സത്യാഗ്രഹത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഏവ?*

## ലക്ഷ്യത്തിന്റെയും മാർഗത്തിന്റെയും പരിശുദ്ധി
## Purity of Ends and Means

സത്യാഗ്രഹത്തിൽ ഗാന്ധിജി ലക്ഷ്യത്തിന്റെയും മാർഗത്തിന്റെയും പരിശുദ്ധിക്ക് ഒരുപോലെ പ്രാധാന്യംനൽകുന്നു. ലക്ഷ്യവും മാർഗവും തമ്മിലുള്ള വ്യത്യാസത്തെ ഗാന്ധിജി നിരാകരിക്കുന്നു. ലക്ഷ്യത്തെക്കാളുപരിയായി മാർഗമാണ് ധാർമ്മികതയുടെ അളവുകോലെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. നാം ഒരു ലക്ഷ്യം നിശ്ചയിക്കുമ്പോൾ ഒരിക്കലും അതിന്റെ ലക്ഷ്യപ്രാപ്തിയിൽ നമുക്ക് നിയന്ത്രണമില്ല. ഒരുപക്ഷെ, നാം ആ ലക്ഷ്യത്തിൽ എത്താനും എത്താതിരിക്കാനും സാധ്യതയുണ്ട്. എന്നാൽ, ആ ലക്ഷ്യത്തിനുള്ള മാർഗം എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നത് നാം തന്നെയാണ്. അതുകൊണ്ട് മാർഗത്തിന്റെ മേലാണ് നമുക്ക് പൂർണനിയന്ത്രണമുള്ളത്. അതുകൊണ്ട് സത്യാഗ്രഹത്തിൽ ലക്ഷ്യംപോലെ തന്നെ മാർഗത്തിന്റെ പരിശുദ്ധിക്കും ഗാന്ധിജി വലിയ പ്രാധാന്യം നൽകുന്നു. ഗാന്ധിജി പറയുന്നു, 'സത്യാഗ്രഹത്തിന്റെ സാധ്യതകളെക്കുറിച്ച് മനസ്സിലാക്കിയാൽ ആത്മപീഡനത്തിലും വേദനയിലും നിങ്ങൾ സുഖമനുഭവിക്കും. പൊരിവെയിലിൽ ഇരുന്നാൽ പോലും പിന്നീട് നിങ്ങൾക്ക് അസുഖം തോന്നില്ല. ഈശ്വരനിലും മാർഗത്തിലും ലക്ഷ്യത്തിലും വിശ്വാസമുണ്ടെങ്കിൽ പൊരിവെയിൽ ഇളംകുളിരായി നിങ്ങൾക്ക് തോന്നും' (യംഗ് ഇന്ത്യ 19.9.1925).

## സത്യാഗ്രഹം - അടിസ്ഥാനഘടകങ്ങൾ
## Satyagraha - Basic Components

സത്യം, അഹിംസ, ആത്മസഹനം (Truth, Non-violence, Self suffering) ഇവയാണ് സത്യാഗ്രഹത്തിന്റെ മൂന്ന് അടിസ്ഥാന ഘടകങ്ങൾ. ഈ മൂന്നു ഘടകങ്ങളും സത്യാഗ്രഹത്തിൽ ഒന്നിനൊന്നോട് ചേർന്ന് നിൽക്കുന്നു. ഇതിൽ ഏതെങ്കിലുമൊന്നിന്റെ അഭാവം സത്യാഗ്രഹത്തിന്റെ വിജയത്തെ സാരമായി ബാധിക്കും. മുകളിൽ പറഞ്ഞ മൂന്ന് ഘടകങ്ങളും വിശദമായി നമുക്ക് പരിശോധിക്കാം.

### 1. സത്യം (Truth)

സത്യാഗ്രഹത്തിന്റെ പരമോന്നതലക്ഷ്യം സത്യവും അതിലേക്ക് എത്തുവാനുള്ള ഒരെയൊരു മാർഗം അഹിംസ അഥവാ സ്നേഹവുമാണ്. നമ്മുടെ ഉള്ളിലുള്ള മുൻവി

ധികളും സ്വാർഥതകളും കഴുകിക്കളഞ്ഞ് നമ്മെത്തന്നെ ശുദ്ധീകരിക്കുമ്പോഴാണ് സത്യത്തെ നാം അതിന്റെ പൂർണതയിൽ അറിയുന്നത്.

### 2. അഹിംസ (Non-violence)

ഗാന്ധിയെ സംബന്ധിച്ചിടത്തോളം അഹിംസ എന്നവാക്കിന്റെ അർഥം കൊല്ലാതിരിക്കുക, മുറിപ്പെടുത്താതിരിക്കുക, വസ്തുവകകൾ നശിപ്പിക്കാതിരിക്കുക എന്നതുമാത്രമല്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അഹിംസ എന്നത് പരിശുദ്ധമായ സ്നേഹം തന്നെയാണ്. അഹിംസ നിഷേധാത്മക അവസ്ഥയല്ല. തിന്മ ചെയ്യുന്നവനോടും നന്മ ചെയ്യുന്ന കർമ്മോന്മുഖമായ അവസ്ഥയാണ്. നമ്മെ സ്നേഹിക്കുന്നവരെ മാത്രം നാം സ്നേഹിക്കുന്നത് അഹിംസയാകുകയില്ല.

### 3. ആത്മസഹനം (Self suffering)

ആത്മസഹനം അല്ലെങ്കിൽ ആത്മപീഡ സത്യാഗ്രഹത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. ഗാന്ധിജി പറയുന്നു, 'സത്യം ഊട്ടി ഉറപ്പിക്കലാണ് സത്യാഗ്രഹം. സാർവദേശീയമായ ആ ശക്തിക്ക് മുമ്പിൽ ശത്രുവെന്നോ മിത്രമെന്നോ രാജാവെന്നോ സാധാരണക്കാരനെന്നോ ഉള്ള വ്യത്യാസങ്ങളില്ല. ശാരീരിക ശക്തിയല്ല ഇത്. ഇവിടെ അക്രമത്തിനു സ്ഥാനമില്ല. സാർവലൗകികമായി പ്രയോഗിക്കാവുന്ന ഒരേയൊരു ശക്തിയേയുള്ളു, അഹിംസ അഥവാ പ്രേമം. മറ്റൊരു വാക്കിൽ പറഞ്ഞാൽ ആത്മശക്തിയാണത്. സ്നേഹം മറ്റുള്ളവരെ ദഹിപ്പിക്കുന്നില്ല. അത് സ്വയംദഹിക്കുന്നു. അതിനാൽ ഒരു സത്യാഗ്രഹി ജീവിതാവസാനംവരെ പീഡനം സ്വയംഏൽക്കാൻ തയാറാവുന്നു' (യംഗ് ഇന്ത്യ 27.2.1930).

**4**

***സത്യാഗ്രഹത്തിന്റെ അടിസ്ഥാന ഘടകങ്ങൾ ഏതെല്ലാം? വിശദീകരിക്കുക.***

## സത്യാഗ്രഹത്തിന്റെ നിയമങ്ങൾ (Rules of Satyagraha)

താഴെപ്പറയുന്ന നിയമങ്ങൾ ഒരു സത്യാഗ്രഹി പാലിച്ചിരിക്കേണ്ടതാണ്.

1. ശിക്ഷയെയോ പീഡനത്തെയോ ഒരിക്കലും എതിർക്കരുത്.
2. സത്യാഗ്രഹി ഒരിക്കലും തന്റെ എതിരാളികളുടെ പതാകയെ വന്ദിക്കുകയില്ല, നിന്ദിക്കുകയുമില്ല. അതുപോലെ തന്നെ തന്റെ എതിരാളികളുടെ നേതാക്കളെയും.
3. സത്യാഗ്രഹി അഥവാ സിവിൽലംഘകന് കോപമരുത്.
4. സത്യാഗ്രഹി തന്റെ എതിരാളികളുടെ കോപത്തെ സഹിക്കാൻ തയാറാകും.
5. സത്യാഗ്രഹിയെ അറസ്റ്റു ചെയ്യാൻ വരുന്ന അധികാരികൾക്ക് മുന്നിൽ അയാൾ കൈകൾ നീട്ടികൊടുക്കും. സ്വന്തം സ്വത്തുക്കൾ കണ്ടുകെട്ടാനാണ് അധികാരികളുടെ നീക്കമെങ്കിൽ അതുപോലും അയാൾ എതിർക്കില്ല.

6. ഒരു ട്രസ്റ്റി എന്ന നിലയിൽ ഒരു സത്യാഗ്രഹിക്ക് എന്തെങ്കിലും സ്വത്ത് കൈവശമുണ്ടെങ്കിൽ അതു കണ്ടുകെട്ടാൻ അധികാരികളെ അയാൾ അനുവദിക്കില്ല. ആ സംരംഭത്തിൽ അയാൾ മരിച്ചാലും ശരി.
7. അസത്യം പറയുകയോ ശപിക്കുകയോ അടക്കം ഒരു പ്രത്യാക്രമണവും അയാൾ ചെയ്യില്ല.
8. സത്യാഗ്രഹി ഒരിക്കലും തന്റെ എതിരാളയെ അധിക്ഷേപിക്കില്ല. അഹിംസയ്ക്കെതിരായി അയാൾ ഒന്നും പ്രവർത്തിക്കില്ല.
9. സമരത്തിനിടയിൽ ആരെങ്കിലും ഉദ്യോഗസ്ഥന്മാരെ അധിക്ഷേപിക്കുകയോ ആക്രമിക്കുകയോ ചെയ്താൽ, ഉദ്യോഗസ്ഥന്മാരെ സംരക്ഷിക്കേണ്ട ചുമതല സത്യാഗ്രഹിക്കുണ്ട്. ആ ശ്രമത്തിൽ ആത്മത്യാഗം വേണ്ടിവന്നാൽ അതും അയാൾ ചെയ്യണം.
10. സത്യാഗ്രഹി ഒരു തടവുകാരനാണെങ്കിൽ അയാൾ ജയിൽ നിയമങ്ങൾ അനുസരിക്കുകയും മര്യാദയോടുകൂടി പെരുമാറുകയും വേണം (ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിക്കുന്ന കാര്യങ്ങൾ ഒഴികെ).
11. സത്യാഗ്രഹിയായ ഒരു തടവുകാരൻ ഒരിക്കലും പ്രത്യേക ആനുകൂല്യങ്ങൾ ആവശ്യപ്പെടുകയില്ല.
12. സത്യാഗ്രഹിയായ തടവുകാരൻ പ്രത്യേക സൗകര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ഒരിക്കലും ഉപവാസം അനുഷ്ഠിക്കുകയില്ല.
13. സത്യാഗ്രഹി എപ്പോഴും സന്തോഷപൂർവം സിവിൽ നിയമലംഘന പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ പറയുന്നത് അനുസരിക്കും.
14. സത്യാഗ്രഹി തനിക്ക് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രം തിരഞ്ഞെടുത്ത് അനുസരിക്കുകയില്ല, അയാൾ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനം അധാർമ്മികവും ശരിയുമല്ലെങ്കിൽ ആ പ്രവർത്തനവുമായുള്ള ബന്ധം പൂർണമായും വിച്ഛേദിക്കണം.
15. സത്യാഗ്രഹി ഒരിക്കലും വ്യവസ്ഥകൾക്ക് വിധേയമായി സമരത്തിൽ പങ്കെടുക്കരുത്.
16. സത്യാഗ്രഹി ഒരിക്കലും വർഗീയ സംഘർഷങ്ങൾക്ക് കാരണമാകരുത്.
17. സംഘർഷങ്ങളിൽ ഒരിക്കലും പക്ഷംപിടിക്കരുത്. മതപരമായ സംഘർഷങ്ങളിൽ ശരിക്കുവേണ്ടി നിലകൊള്ളുകയും അതിനുവേണ്ടി ത്യാഗത്തിനു തയാറാവുകയും വേണം.
18. മതപരമായോ വർഗീയമായോ വൈകാരികമോ ആയ പ്രകടനങ്ങളിൽ സത്യാഗ്രഹി പങ്കെടുക്കാൻ പാടില്ല.

5

*സത്യാഗ്രഹത്തിന്റെ നിയമങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക?*

**പ്രവർത്തനം**

- *എല്ലാവർക്കും സത്യാഗ്രഹിയാകാൻ കഴിയുമോ? എന്തുകാണ്ട്?*
- *സത്യാഗ്രഹിക്ക് എന്തെല്ലാം യോഗ്യതകൾ വേണമെന്നാണ് നിങ്ങൾ കരുതുന്നത്. നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ച ചെയ്ത് ചാർട്ട് തയാറാക്കുക.*

## സത്യാഗ്രഹിയുടെ യോഗ്യതകൾ

സത്യാഗ്രഹിക്ക് വേണ്ട യോഗ്യതകൾ ഗാന്ധിജി നിർദേശിച്ചിട്ടുണ്ട്. 1930–ൽ അദ്ദേഹം സത്യാഗ്രഹികൾക്ക് വേണ്ടി തയാറാക്കിയ യോഗ്യതകൾ താഴെകൊടുക്കുന്നു.

1. ഈശ്വരനിൽ അയാൾ ഉറച്ചു വിശ്വസിക്കുന്നു. ഈശ്വരനാവണം അയാളുടെ ഏകാശ്രയം.
2. സത്യത്തിലും അഹിംസയിലും അയാൾക്ക് ഉറച്ച വിശ്വാസമുണ്ടാവണം. മനുഷ്യന്റെ സ്വാഭാവികനന്മയിൽ അയാൾ വിശ്വസിക്കണം. സ്വയം പീഡനത്തിലൂടെ സത്യവും പ്രേമവും വഴി ആ നന്മയെ തൊട്ടുണർത്തുകയാണയാൾ.
3. അയാളുടെ ജീവിതം സംശുദ്ധമായിരിക്കണം. ഉദ്ദേശിച്ച കാര്യത്തിനായി തന്റെ സ്വത്തും ജീവനും നൽകാൻ വരെ അയാൾ തയാറാകണം.
4. അയാൾ സദാ ഖാദിധരിക്കണം. സ്വന്തമായി അതുണ്ടാക്കുകയും വേണം. ഇന്ത്യക്കിത് വളരെ ആവശ്യവുമാണ്.
5. മദ്യമോ മറ്റ് ലഹരി പദാർഥമോ അയാൾ ഒരിക്കലും ഉപയോഗിക്കരുത്. ഉദ്ദേശ്യം ശുദ്ധമാകണം. മനസ്സിന് സ്ഥിരതയുണ്ടാകാനും അയാൾ ശ്രമിക്കണം.
6. കാലാകാലങ്ങളിൽ അനുശാസിക്കുന്ന അച്ചടക്കനിയമങ്ങൾ അയാൾ ഹൃദയപൂർവം നടപ്പിൽ വരുത്തണം.
7. ജയിൽ നിയമങ്ങൾ അയാളുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്നില്ലെങ്കിൽ അനുസരിക്കണം.

6

*സത്യാഗ്രഹിയുടെ യോഗ്യതകൾ എന്തെല്ലാമാണ്?*

## അച്ചടക്ക നിയമാവലി

**Code of Discipline**

സത്യാഗ്രഹത്തിന് തീവ്രമായ തയാറെടുപ്പും കർശനമായ അച്ചടക്കവും ആവശ്യ

മാണ്. അച്ചടക്കരാഹിത്യത്തിന് ഇടയാക്കുന്ന യാതൊരുവിധ പ്രവർത്തനങ്ങൾക്കും (ശാരീരവും മാനസികവും) ഇവിടെ സ്ഥാനമില്ല.

ഗാന്ധിജി പറയുന്നു, 'അച്ചടക്കവും ആത്മനിയന്ത്രണവും ത്യാഗവുമില്ലാതെ വിമോചനവും പ്രത്യാശയും ഉണ്ടാകുകയില്ല.' അഹമ്മദാബാദിലെ സ്കൂൾ വിദ്യാർഥികളെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജി ഇപ്രകാരം പറഞ്ഞു, 'അച്ചടക്കവും ആത്മനിയന്ത്രണവുമാണ് നമ്മെ മൃഗീയതയിൽ നിന്ന് അകറ്റി നിർത്തുന്നത്.' ഗാന്ധിജിയുടെ ജീവിതം തന്നെ ഏറ്റവും കഠിനമായ അച്ചടക്കത്തിന് മികച്ച ഉദാഹരണമാണ്. എല്ലാ പ്രഭാതങ്ങളിലും പ്രാർഥനക്കും പരിശീലനത്തിനും അച്ചടക്കത്തിനുമായി ഗാന്ധിജി സമയം കണ്ടെത്തിയിരുന്നു. ഏതവസ്ഥയിലും രോഗിയായിരുന്നപ്പോഴും ആരോഗ്യാവസ്ഥയിലും തടവിലായിരുന്നപ്പോഴും സ്വതന്ത്രനായിരുന്നപ്പോഴും, അതല്ല രാത്രി വളരെ വൈകി ഉറങ്ങിയിരുന്നാലും പ്രഭാതത്തിൽ നാലുമണിക്ക് തന്നെ അദ്ദേഹം ഉണർന്ന് തന്റെ പ്രാർഥനയിലും തുടർന്നുള്ള ദൈനംദിന ചിട്ടകളിലും മുഴുകിയിരുന്നു. ഇതിൽ ഒരു കാരണവശാലും അദ്ദേഹം വീഴ്ചവരുത്തിയിരുന്നില്ല. ഒരു സത്യാഗ്രഹിക്ക് ഉണ്ടാകേണ്ട അച്ചടക്കം അദ്ദേഹം ഇപ്രകാരമാണ് പരിശീലിച്ചിരുന്നത്.

ചുരുക്കത്തിൽ സമാധാനം നിലനിർത്തുന്നതിന് അച്ചടക്കം അനിവാര്യമാണ്. എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും അച്ചടക്കം ആവശ്യപ്പെടുന്നു. ഒരു സ്ഥാപനത്തിനും പ്രസ്ഥാനത്തിനും അച്ചടക്കമില്ലാതെ നിലനിൽക്കാൻ കഴിയില്ല.

## സത്യാഗ്രഹത്തിന്റെ ചുവടുകൾ (Steps in Satyagraha)

സാമൂഹികവും സാമ്പത്തികവും ദേശീയവും അന്തർദേശീയവുമായ യാതൊന്നും സത്യാഗ്രഹത്തിൽ നിന്ന് ഒഴിവാകുന്നില്ല. എവിടെ സംഘർഷവും പരാതിയും നീതികേടും നടക്കുന്നുവോ, അവിടെ പരിഹാരത്തിനായി സത്യാഗ്രഹം പ്രയോഗിക്കാവുന്നതാണ്. എന്നാൽ സത്യാഗ്രഹി ആദ്യം സ്വയം സംഭവങ്ങളുടെ സത്യാവസ്ഥ പൂർണമായും മനസ്സിലാക്കിയിരിക്കുന്നു.

ഗാന്ധിജി പറയുന്നു, 'സത്യാഗ്രഹമെന്നത് നേരിട്ടുള്ള പ്രവർത്തനമാകയാൽ മറ്റെല്ലാ മാർഗത്തിന്റെയും ഒടുവിലേ അത് സ്വീകരിക്കാവൂ. മറ്റെല്ലാവഴിയും അടഞ്ഞു കഴിയുമ്പോഴാണ് സത്യാഗ്രഹത്തിനൊരുങ്ങേണ്ടത്. അധികാരികളുമായി പലവട്ടം ചർച്ചകൾ നടത്തണം. പൊതുജനസഹകരണം അഭ്യർഥിക്കണം. നിലപാട് വ്യക്തമായും സൗമ്യമായും രേഖപ്പെടുത്തണം. ഇതൊക്കെ കഴിഞ്ഞിട്ടും കാര്യം സാധിച്ചില്ലെങ്കിലേ സത്യാഗ്രഹത്തിന് തുനിയാവൂ. മനസ്സാക്ഷിയുടെ ശക്തമായ ആഹ്വാനമനുസരിച്ച് സത്യാഗ്രഹം ആരംഭിച്ചു കഴിഞ്ഞാൽ പിന്നെ പിൻതിരിയുന്ന പ്രശ്നമേയില്ല" (യംഗ് ഇന്ത്യ 20.10.1927)

സഹനമനുഭവിക്കുന്ന ജനങ്ങളുടെ മനസ്സാക്ഷിയെ ആകർഷിക്കുവാൻ സത്യാഗ്രഹിക്ക് കഴിയണം. സത്യാഗ്രഹവും തൽഫലമായേക്കാവുന്ന ത്യാഗവും അനുഭവിക്കാൻ

പീഡിത ജനങ്ങൾ തയാറാണെന്ന് സത്യഗ്രഹി ഉറപ്പുവരുത്തണം. ഭൂരിഭാഗം ജനങ്ങളും സത്യാഗ്രഹത്തിന് തയാറാകുന്ന പക്ഷം പ്രശ്നപരിഹരണത്തിനുള്ള സാധ്യതയും വർധിക്കും.

ഭൂരിഭാഗംജനങ്ങളും സത്യാഗ്രഹത്തിന് തയാറാകാത്ത പക്ഷം സത്യാഗ്രഹത്തിന്റെ സാധ്യതകൾ സത്യാഗ്രഹിക്ക് പരിശോധിക്കാവുന്നതാണ്. തെറ്റുചെയ്തവനോട് സത്യാഗ്രഹി തെറ്റുതിരുത്താൻ ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്യാത്തപക്ഷം സത്യാഗ്രഹസമരം അനിവാര്യമായിവരുന്നു. പ്രശ്നപരിഹരണത്തിനുള്ള എല്ലാ മാർഗങ്ങളും അവസാനിക്കുന്ന പക്ഷം മാത്രമെ സത്യാഗ്രഹസമരം ആരംഭിക്കാവൂ. ഒരു സത്യാഗ്രഹി ആദ്യം സ്വയം ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. ധാർമ്മികമായി ഏറെ ഔന്നത്യമുള്ള സമരമാണ് സത്യാഗ്രഹം. അതുകൊണ്ടാണ് സ്വയംശുദ്ധീകരണം ആവശ്യമായിവരുന്നത്.

ചുരുക്കത്തിൽ താഴെപ്പറയുന്ന ഘട്ടങ്ങളിലൂടെയാണ് സത്യാഗ്രഹസമരം കടന്നു പോകുന്നത്.

1. അധർമ്മത്തെ അഥവാ അനീതിയെ തിരിച്ചറിയൽ.
2. ഈ സാഹചര്യത്തോടുള്ള അസംതൃപ്തി പ്രകടിപ്പിക്കൽ.
3. അധർമം പ്രവർത്തിക്കുന്ന വ്യക്തികളെ സമീപിക്കൽ.
4. അവരോട് സാഹചര്യങ്ങൾ വിശദീകരിക്കൽ.
5. അധർമ്മം അഥവാ അനീതി പരിഹരിക്കണമെന്ന് തെറ്റു ചെയ്യുന്നവരോട് അഭ്യർഥിക്കൽ.
6. പ്രശ്നത്തെകുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കൽ.
7. പ്രതിഷേധം പ്രകടിപ്പിക്കൽ.
8. പ്രത്യക്ഷ പ്രതിഷേധത്തിലേക്ക് കടക്കൽ.
9. സന്തോഷത്തോടും സ്വയമേധയായും ത്യാഗങ്ങൾ അനുഭവിക്കൽ.
10. സത്യാഗ്രഹികൾക്കിടയിലുള്ള ഐക്യം നിലനിർത്തൽ.
11. ഒത്തുതീർപ്പിനുള്ള ഒരവസരവും പാഴാക്കാതിരിക്കൽ.
12. നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
13. എതിരാളിയുമായി എപ്പോഴും ആശയവിനിമയം നിലനിർത്തൽ.
14. മധ്യസ്ഥതയ്ക്ക് തയാറാവൽ.
15. എതിരാളിയോട് നേരിട്ട് സംസാരിക്കൽ.
16. സമാധാന സന്ധിയിൽ എത്തിച്ചേരൽ.
17. നീതി സ്ഥാപിക്കുന്നതിലൂടെ സ്ഥായിയായമാറ്റത്തിന് വഴിതെളിക്കൽ.
18. പ്രശ്നപരിഹരണത്തിൽ എത്തിച്ചേരുന്നതിലൂടെ ഇരുകക്ഷികളുടെയും ആദരവ് വർധിക്കൽ.
19. എളിമയോടുകൂടി വിജയം ആഘോഷിക്കൽ.

ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും ഗാന്ധിജി നടത്തിയിട്ടുള്ള എല്ലാസത്യാഗ്രഹങ്ങളിലും മുകളിൽ കൊടുത്തിട്ടുള്ള ചുവടുകൾ പാലിച്ചിരുന്നതായി കാണാവുന്നതാണ്.

7

***സത്യാഗ്രഹത്തിന്റെ വിവിധഘട്ടങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചാർട്ട് തയാറാക്കുക.***

## സത്യാഗ്രഹത്തിന്റെ വിവിധ രൂപങ്ങൾ (Forms of Satyagraha)

പ്രധാനമായും മൂന്ന് ഇനങ്ങളാണ് സത്യാഗ്രഹത്തിനുള്ളത്. നിർമ്മാണാത്മകം, ശുദ്ധീകരണാത്മകം ആക്രമണാത്മകം എന്നിവയാണവ. ഗാന്ധിജി രൂപപ്പെടുത്തിയ നിർമ്മാണപ്രവർത്തനങ്ങളാണ് നിർമ്മാണാത്മകമായ സത്യാഗ്രഹത്തിൽ ഉള്ളത്. ഹർത്താൽ, ഉപവാസം, പ്രാർഥന എന്നിങ്ങനെ സ്വയംനിഷേധിക്കുന്ന ഇനങ്ങളാണ് ശുദ്ധീകരണാത്മകമായ സത്യാഗ്രഹത്തിൽ ഉള്ളത്. സത്യാഗ്രഹി പ്രത്യക്ഷപ്രതിഷേധത്തിലേക്ക് നീങ്ങുകയും ബോധപൂർവ്വമായി നിയമങ്ങൾ ലംഘിക്കുകയും ചെയ്യുന്നതാണ് അക്രമണാത്മകമായ സത്യാഗ്രഹം. ഈ സമരത്തിൽ സത്യാഗ്രഹി തെറ്റിനെതിരെ അഹിംസാത്മകമായി പൊരുതി മരണംവരിക്കാനും തയാറാകുന്നു.

### നിസ്സഹകരണം

പീഡിതന്റെ സഹകരണമില്ലാതെ ചൂഷണം സാധ്യമാകില്ല എന്ന സങ്കല്പത്തിൽ അധിഷ്ഠിതമാണ് നിസ്സഹകരണം എന്ന സമരതന്ത്രം. പീഡിതൻ ഈ സഹകരണം എപ്പോൾ പിൻവലിക്കുന്നുവോ ആ നിമിഷം ചൂഷണവും അവസാനിക്കും. അഹിംസയാണ് നിസ്സഹകരണസമരത്തിന്റെ ആദ്യ നിബന്ധന.

ഗാന്ധിജി പറയുന്നു, 'നിസ്സഹകരണമെന്നത് നിഷ്ക്രിയത്വമല്ല. പ്രവർത്തനനിരതമായ ഒരവസ്ഥയാണത്. എത്ര വലിയ ശാരീരികപ്രതിരോധവും അക്രമവും അതിനു താഴെയേ നിൽക്കൂ. നിഷ്ക്രിയ പ്രതിരോധമെന്ന് അതിനെ വിളിക്കുന്നത് ശരിയല്ല. ഞാനർഥമാക്കുന്ന നിസ്സഹകരണം അക്രമരാഹിത്യത്തിൽ അടിയുറച്ചതാണ്. അതിൽ പ്രതികാരവും പകയും വിദ്വേഷവും ഒന്നുമില്ല' (യംഗ് ഇന്ത്യ 25.8.1920).



നിസ്സഹകരണമെന്ന സമരത്തെക്കുറിച്ച് തുടർന്ന് ഗാന്ധിജി പറയുന്നു. "കരുത്തുണ്ടെങ്കിലേ ജനകീയസമരത്തിന് പ്രായോഗിക ഫലമുണ്ടാകൂ. സ്വന്തം പിതാവിന്റെ ചെയ്തികൾ ഇഷ്ടപ്പെടാതെ വന്നാൽ മറ്റെന്താണ് ചെയ്യുന്നത്. താൽപ്പര്യമില്ലാത്ത കാര്യങ്ങൾ ചെയ്യരുതെന്ന് പിതാവിനോടപേക്ഷിക്കും. അഥവാ ആദരപൂർവ്വം അഭ്യർഥിക്കും. പലവട്ടം അങ്ങനെ പറഞ്ഞിട്ടും പിതാവ് സമ്മതിക്കുന്നില്ലെങ്കിൽ മകൻ പിതാവുമായി നിസ്സഹകരിക്കും. പിതൃസംരക്ഷണയിൽ നിന്നും മോചനംനേടുന്നതുവരെ കാര്യങ്ങൾ ചെന്നെത്തിയെന്നു വരാം. ഇത് തികച്ചും നീതിയാണ്. എന്നാൽ പിതാവും പുത്രനും സംസ്കാരസമ്പന്നരല്ലെങ്കിലോ, വഴക്കും ബഹളവും മർദനവും ഒക്കെയാവും ഉണ്ടാവുക. അനുസരണശീലമുള്ള മകൻ സമാധാനകാംക്ഷിയും സ്നേഹസമ്പന്നനുമായിരിക്കും. നിസ്സഹകരണത്തിന് അവൻ ഒരുങ്ങുന്നതുതന്നെ അവന്റെ സ്നേഹം കൊണ്ടായിരിക്കും. സ്നേഹപൂർവമായ ഈ നിസ്സഹകരണം പിതാവ് മനസ്സിലാക്കുകയും ചെയ്യും. സ്വന്തം മകന്റെ വേർപാട് അയാൾക്ക് താങ്ങാനാവില്ല, അയാൾ പശ്ചാത്തപിക്കുന്നു. എപ്പോഴും ഇങ്ങനെ സംഭവിക്കണമെന്നില്ല. എങ്കിലും മകന്റെ നിസ്സഹകരണമെന്ന കർത്തവ്യത്തിന് വ്യക്തതയുണ്ട്" (യംഗ് ഇന്ത്യ 8.1.1925)

ഇതുപോലത്തെന്നെ ഭരണകർത്താക്കളും ജനങ്ങളും തമ്മിലും നിസ്സഹകരണമാവാം. ചില അവസരങ്ങളിൽ അത് ജനങ്ങളുടെ കടമയാണ്. സ്വാതന്ത്ര്യദാഹികളും ഭയമില്ലാത്തവരുമായ ജനങ്ങൾക്കേ ഇത്തരം നിസ്സഹകരണത്തിൽ ഏർപ്പെടാൻ കഴിയൂ. രാജ്യത്തിലെ നല്ല നിയമങ്ങളെ അനുസരിച്ചുകൊണ്ടാണ് ഒരു സത്യാഗ്രഹി തെറ്റായ നിയമങ്ങളെ എതിർക്കുന്നത്. കരുത്ത്, സഹിഷ്ണുത, സഹനശീലം ഇവ മൂന്നുമാണ് നിസ്സഹകരണസമരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ട അടിസ്ഥാനഗുണങ്ങൾ.

## നിയമലംഘനം

അനീതിയെയും അധാർമ്മികമായ എല്ലാനിയമങ്ങളെയും എതിർക്കേണ്ടതും അനുസരിക്കാതിരിക്കേണ്ടതും ഒരു സത്യാഗ്രഹിയുടെ കർമ്മമാണെന്ന് ഗാന്ധിജി കരുതുന്നു. പക്ഷെ, ഈ നിയമലംഘനം മര്യാദയോടുകൂടിയതും സ്വധർമ്മപ്രകാരം നടക്കുന്നതും അഹിംസാത്മകവും ആയിരിക്കണം. ഓരോ വ്യക്തിയിലും അന്തർലീനമായിരിക്കുന്ന ജന്മാവകാശമാണ് ഇതെന്ന് ഗാന്ധിജി കരുതുന്നു.

ഗാന്ധിജി പറയുന്നു, 'മനസ്സാക്ഷിക്കുനിരക്കാത്ത നിയമം അടിച്ചേൽപ്പിക്കുന്നത് പിതാവാണെങ്കിൽ പോലും തനിക്കത് അനുസരിക്കാനാവില്ലെന്ന് ആദരപൂർവം പറയുന്നതിൽ തെറ്റില്ല. അതുവഴി സ്വന്തംപിതാവിനോട് നീതിയാണ് നാം ചെയ്യുന്നത്' (യംഗ് ഇന്ത്യ 21.1.1920).

നിയമരഹിതവും ഏകാധിപത്യപരവും അഴിമതിനിറഞ്ഞതുമായ ഒരു ഗവൺമെന്റിനെതിരെ നിയമലംഘനം അനിവാര്യമാണ്. അതുകൊണ്ടുതന്നെ നിയമലംഘനം വ്യക്തിയുടെ പരിശുദ്ധമായകർത്തവ്യമാണ്.

ജനകീയസിവിൽ ആജ്ഞാലംഘനങ്ങൾ ചിലസമയങ്ങളിൽ ആവശ്യമായി വരും.

സിവിൽ ആജ്ഞാലംഘനമെന്നത് ആയുധസമരത്തെക്കാളും അപകടകരമാണ്. 'പൂർണമായ സിവിൽആജ്ഞാലംഘനം സമാധാനപൂർണമായ ഒരു ലഹളയാണ്. സർക്കാരുണ്ടാക്കിയ എല്ലാനിയമങ്ങളെയും പാടേ പരിത്യജിക്കൽ. ആയുധ സമരത്തെക്കാളും അപകടകരമാണത്. കാരണം, അതിനെ അടിച്ചമർത്താനാവില്ല. ബഹളമില്ലാതെ ജയിയിലേക്ക് പോകുന്നതുവഴി സിവിൽസമരക്കാരൻ എവിടെയും ശാന്തമായഅന്തരീക്ഷം ഉണ്ടാക്കുന്നു' (യംഗ് ഇന്ത്യ 4.8.1921).



*ഗാന്ധിജി ഉപ്പു നിയമം ലംഘിക്കുന്നു*

## ഉപവാസം (Fasting)

ഒരു സത്യാഗ്രഹിയുടെ ആവനാഴിയിലെ ഏറ്റവും അവസാനത്തേതും ശക്തവുമായ ആയുധമാണ് ഉപവാസം. ഗാന്ധിജിയുടെ വാക്കുകളിൽ 'സത്യാഗ്രഹത്തിന്റെ കലവറയിലെ അതിശക്തമായ ആയുധമാണ് ഉപവാസം. അത് എല്ലാവർക്കും സ്വീകരിക്കാനാവില്ല. ശാരീരികമായ കഴിവ് ഒന്നുകൊണ്ടു മാത്രം ഒരാൾക്ക് അത് ശീലിക്കാനാവില്ല' (ഹരിജൻ 18.3.1939).



അഹിംസയിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരാൾക്ക് മാത്രമേ ഉപവാസം അനുഷ്ഠിക്കുവാൻ കഴിയൂ. അതുപോലെ ഈശ്വരനിൽ സജീവ വിശ്വാസമില്ലാതെയുള്ള ഉപവാസത്തിനും അർഥമില്ല.

അനന്തമായക്ഷമയും സ്ഥൈര്യവും ഏകാഗ്രചിത്തതയും പരിപൂർണശാന്തതയും ഉപവാസമനുഷ്ഠിക്കുന്ന വ്യക്തിക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഗുണങ്ങളാണ്. ഉപവാസം

ക്ലിപ്ത സമയത്തേക്കും (Limited) മരണംവരെയും അനുഷ്ഠിക്കാവുന്നതാണ്. പ്രശ്ന ങ്ങളുടെ തീവ്രതയനുസരിച്ചാണ് സത്യാഗ്രഹി ഉപവാസത്തിന്റെ സ്വഭാവം നിശ്ചയി ക്കുന്നത്. സ്വാർഥതാൽപ്പര്യങ്ങൾക്കുവേണ്ടി ഒരിക്കലും ഉപവാസം അനുഷ്ഠിക്കു വാൻപാടില്ല. ഗാന്ധിജി പറയുന്നു, 'എത്രമാത്രം ജനപിന്തുണയുള്ളവനും മഹാനു മായി കൊള്ളട്ടെ, അവിഹിതമായ ഉദ്ദേശ്യത്തോടെ ഉപവാസം നടത്തുന്നുവെങ്കിൽ ഞാനടക്കമുള്ള അയാളുടെ സുഹൃത്തുക്കൾ ഒരു കാര്യം ചെയ്യേണ്ടുതണ്ട്. അന്യായ മായ ആ സമരം വിജയിക്കുന്നതിനേക്കാളും അയാളുടെ മരണമാണ് അഭികാമ്യമെന്ന് കരുതണം. ലക്ഷ്യം അപവിത്രമാവുമ്പോൾ ഏറ്റവും സംശുദ്ധമായ മാർഗംപോലും അവിശുദ്ധമായി തീരുന്നു' (ഹരിജൻ 17.3.1946).

യാന്ത്രികമായി ഉപവാസം അനുഷ്ഠിക്കാനാവില്ല. വളരെയധികം ആത്മശുദ്ധി അനിവാര്യമാണ്. ഉപവാസം യഥാർഥത്തിൽ ഒരാത്മീയ പ്രവർത്തനമാണ്. വേണ്ടത്ര പരിശീലനത്തോടും ബോധ്യത്തോടും കൂടി മാത്രമേ ഉപവാസം അനുഷ്ഠിക്കാൻ പാടു ള്ളൂ.

**8**

***സത്യാഗ്രഹത്തിന്റെ പ്രധാനപ്പെട്ടരൂപങ്ങൾ എതെല്ലാമാണ്? വിശദീക രിക്കുക.***

## സത്യാഗ്രഹവും നിഷ്ക്രിയ പ്രതിരോധവും
## Satyagraha and Passive Resistance :

നിഷ്ക്രിയപ്രതിരോധം സത്യാഗ്രഹത്തിൽ നിന്ന് തികച്ചുംവ്യത്യസ്തമാണ്. ദുർബ ലന്റെ ആയുധമായിട്ടാണ് നിഷ്ക്രിയ പ്രതിരോധത്തെ കണക്കാക്കിയിരുന്നത്. (അക്രമം ഒഴിവാക്കാൻ ആ പ്രസ്ഥാനം ശ്രമിച്ചിരുന്നു.) ഇംഗ്ലണ്ടിൽ സ്ത്രീകൾ വോട്ടവകാശത്തി നുവേണ്ടി നടത്തിയ സമരം നിഷ്ക്രിയപ്രതിരോധമാണ്. എന്നാൽ സന്ദർഭം ആവശ്യ പ്പെടുന്ന വേളയിൽ അക്രമം ആകാം എന്ന പക്ഷക്കാരായിരുന്നു അവർ. അതുകൊ ണ്ടുതന്നെ ദുർബലന്റെ ആയുധമായിട്ടാണ് നിഷ്ക്രിയ പ്രതിരോധത്തെ കണക്കാക്കു ന്നത്.

| സത്യാഗ്രഹം | നിഷ്ക്രിയ പ്രതിരോധം |
|---|---|
| ആത്മശക്തിയിൽ അധിഷ്ഠിതമായ ധാർമ്മിക ആയുധമാണ്. | അവസരവാദപരമായി ഉപയോഗിക്കുന്ന രാഷ്ട്രീയ ആയുധമാണ്. |
| സത്യാഗ്രഹം ധീരന്മാരുടെ ആയുധമാണ്. സത്യാഗ്രഹി മരിക്കുന്നതിനുപോലും തയാറാണ്. | ദുർബലന്റെ ആയുധമാണ്. |
| തന്റെ എതിരാളിയെ സ്നേഹത്തിലൂടെയും ത്യാഗത്തിലൂടെയും ക്ഷമയിലൂടെയും തിരുത്താൻ ശ്രമിക്കുന്നു. | എതിരാളിയെ കീഴടക്കുന്നതിന് ശ്രമിക്കുന്നു. |
| സത്യാഗ്രഹത്തിൽ വെറുപ്പിനും വിദ്വേഷത്തിനും സ്ഥാനമില്ല. | ശത്രുവിനെ സ്നേഹിക്കുന്നതിനുള്ള അവസരം നന്നേ കുറവാണ്. |
| | |
| സത്യാഗ്രഹം ചലനാത്മകമാണ്. | നിഷ്ക്രിയപ്രതിരോധം നിശ്ചലമാണ്. |
| സത്യാഗ്രഹി സന്തോഷത്തോടെ ആത്മപീഡകൾ സഹിക്കുന്നു. | വൈഷമ്യത്തോടുകൂടി പീഡനങ്ങൾ സഹിക്കുന്നു. |
| ഏറ്റവും അനിവാര്യമായ സാഹചര്യത്തിൽ പോലും യാതൊരുവിധ അക്രമവും അനുവദിക്കുന്നില്ല. | അക്രമത്തിനുള്ള അവസരങ്ങൾ പൂർണമായും ഒഴിവാക്കുന്നില്ല. |

9

***സത്യാഗ്രഹവും നിഷ്ക്രിയ പ്രതിരോധവും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണ്?***

## സത്യാഗ്രഹത്തിന്റെ പ്രസക്തി
### Relevance of Satyagraha

സത്യാഗ്രഹത്തേക്കാൾ ഫലപ്രദവും ശക്തവുമായ മറ്റൊരു സമരരൂപം നിങ്ങൾക്ക് പരിചയമുണ്ടോ?

ഗാന്ധിയൻ തത്വശാസ്ത്രമായ സത്യാഗ്രഹത്തിന് ഇരുപത്തൊന്നാം നൂറ്റാണ്ടിലും പ്രസക്തി വർധിച്ചുവരികയാണ്. ഭീകരതയ്ക്കും അക്രമത്തിനും ലോകം നേരിടുന്ന പല വർത്തമാനകാലപ്രശ്നങ്ങൾക്കും പരിഹാരമായി ലോകം അഹിംസാത്മക



മാർഗങ്ങളിലേക്കാണ് ഉറ്റു നോക്കുന്നത്. ജനങ്ങളുടെ ശക്തിക്കുമുന്നിൽ എക്കാലത്തും തോക്കിന്റെ ശക്തി പരാജയപ്പെട്ടതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അക്രമസമരത്തിൽ നിന്നും വ്യത്യസ്തമായി സത്യാഗ്രഹത്തിൽ ശാരീരിക ക്ഷമതയുള്ളവർക്കു മാത്രമല്ല മറിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും പ്രായമുള്ളവർക്കുപോലും പങ്കെടുക്കാവുന്നതാണ്. ഗാന്ധിജി നടത്തിയ പല സത്യാഗ്രഹസമരത്തിലും സ്ത്രീകളുടെ പങ്കാളിത്തം വളരെ വലുതായിരുന്നു.

ജനാധിപത്യതത്വങ്ങൾ പരിചിതമായിരുന്നതിനാലാണ് ബ്രിട്ടീഷ്കാർക്കെതിരെ സത്യാഗ്രഹസമരരീതി വിജയിച്ചതെന്ന് ചില വിമർശകർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഒരു ഏകാധിപതിയോട് ഈ സമരം വിജയിക്കില്ലായെന്ന് ഇവർ അഭിപ്രായപ്പെടുന്നു. ഏറ്റവും കഠിനമായ ലോഹം പോലും ആവശ്യമായ താപനിലയിൽ ഉരുകും. അതുതന്നെയാണ് ഏകാധിപതിയുടെ കാര്യത്തിലും സംഭവിക്കുകയെന്ന് ഗാന്ധിജി വിശ്വസിക്കുന്നു.

ലോകവുമായുള്ള സൗഹൃദമാണ് സത്യാഗ്രഹത്തിന്റെ ലക്ഷ്യം. മഹത്തായ പ്രേമത്തിലൂടെ തിന്മയെ തിരുത്തുകയാണ് സത്യാഗ്രഹത്തിന്റെ അടിസ്ഥാന തത്വം. സത്യാഗ്രഹി ഒരിക്കലും എതിരാളിയെ ശത്രുവായി കാണുന്നില്ല. തനിക്ക് ഏറ്റവും വേണ്ടപ്പെട്ട ആളായി മാത്രമേ കരുതുന്നുള്ളു. മനുഷ്യനന്മയിലുള്ള വിശ്വാസം സത്യാഗ്രഹത്തിന്റെ ആണിക്കല്ലാണ്. ഗാന്ധിജി പറയുന്നു, 'സത്യാഗ്രഹി ഭയത്തോട് വിട പറയുന്നു. ശത്രുവിനെ വിശ്വസിക്കുന്നതിൽ അവൻ ഭയപ്പെടുന്നില്ല. ഇരുപത് വട്ടം ശത്രു നമ്മോട് കാപട്യംകാണിച്ചാലും ഇരുപത്തൊന്നാം വട്ടവും അയാളെ വിശ്വസിക്കാൻ സത്യാഗ്രഹി തയാറാവും. കാരണം, മനുഷ്യനന്മയിലെ വിശ്വാസം സത്യാഗ്രഹത്തിന്റെ ആണിക്കല്ലാണ്' (മഹാത്മാഗാന്ധിയുടെ മനസ്സ് 1967 - പുറം 170).

ചുരുക്കത്തിൽ ചരിത്രത്തിന്റെ പുരോഗതി അഹിംസയിലൂടെ മാത്രമാണ്. വാൾമുനയിലൂടെ സമാധാനം സ്ഥാപിക്കാൻ കഴിയുകയില്ലായെന്നതിന് ചരിത്രത്തിൽ ധാരാളം ഉദാഹരണങ്ങളുണ്ട്. ഇന്ന് ലോകത്തെമ്പാടും നടക്കുന്ന ജനകീയകലാപങ്ങൾ അഹിംസയിലൂടെയാണ് മുന്നേറുന്നത്. 'അറബ് വസന്തത്തിന്റെ' ഭാഗമായി ലിബിയ, ടുണേഷ്യ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലുണ്ടായ ജനകീയമുന്നേറ്റങ്ങളെല്ലാം അഹിംസാത്മകസമരങ്ങളുടെ പ്രസക്തി വർധിപ്പിക്കുന്നു.

10

*സത്യാഗ്രഹത്തെക്കാൾ ഫലപ്രദവും ശക്തവുമായ മറ്റൊരു സമരായുധം വേറെയില്ല. വിശദമാക്കുക.*

### നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനം (Non-violent Direct Action)

അഹിംസാത്മകമാർഗത്തിലൂടെ സർക്കാർ നയങ്ങളെ തിരുത്തുന്നതിനായി ജനങ്ങൾ സംഘടിതമായിനടത്തുന്ന ശ്രമങ്ങളാണ് അഹിംസാത്മകപ്രത്യക്ഷപ്രവർത്തനങ്ങൾ. പൊതുപ്രകടനങ്ങൾ, കൂടിയാലോചനകൾ, മാധ്യമ പ്രചരണം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. അഹിംസാത്മക സമ്മർദങ്ങളായ കുത്തിയിരിപ്പ്, തടഞ്ഞുവെക്കൽ, പ്രേരിപ്പിക്കൽ, പൊതുജനാഭിപ്രായം സ്വരൂപിക്കൽ തുടങ്ങിയവയും ചിലഘട്ടങ്ങളിൽ നിയമലംഘനവും ഈ സമരരൂപത്തിൽ ഉൾപ്പെടുന്നു. ലോകത്തെമ്പാടും ഇന്ന് ഈ സമരരീതിക്ക് പ്രചാരം ലഭിച്ചുവരികയാണ്. അറബ് വസന്തത്തിന്റെ ഭാഗമായിനടന്ന സംഭവങ്ങളിലും ഈ സമരരൂപമാണ് ജനങ്ങൾ പ്രയോഗിച്ചത്.

ഈ സമരരീതി പൂർണമായ ഗാന്ധിയൻസത്യാഗ്രഹസമരത്തോട് യോജിക്കുന്നതല്ല. ഗാന്ധിയൻസത്യാഗ്രഹസമരത്തിന്റെ ചിലഘടകങ്ങൾ ഇവയിൽ നമുക്ക് കാണാൻ കഴിയും. അഹിംസയിലുള്ള ഉറച്ച പ്രതിജ്ഞാബദ്ധതയാണ് സത്യാഗ്രഹത്തെ അതിവിശിഷ്ടമാക്കുന്നത്. മറ്റ് സമരരീതികളിൽ അഹിംസയെ കേവലം ഉപായമായി കാണുമ്പോൾ സത്യാഗ്രഹി അഹിംസയെ ജീവിതവ്രതവും ആദർശവുമായി സ്വീകരിക്കുന്നു. ഇതു തന്നെയാണ് സത്യാഗ്രഹത്തിന്റെ സൗന്ദര്യവും ശക്തിയും. നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനത്തെ ലോകവ്യാപകമായി പ്രചരിപ്പിച്ചവരിൽ പ്രമുഖനാണ് പ്രൊഫ. ജീൻ ഷാർപ്പ്.

## നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനത്തിന്റെ രീതികൾ



*പ്രൊഫസർ ജീൻ ഷാർപ്പ്*

പ്രധാനമായും മൂന്നുതരത്തിലുള്ള സ്വഭാവങ്ങൾ നേരിട്ടുള്ള അഹിംസാത്മക പ്രവർത്തനത്തിൽ കാണാവുന്നതാണെന്ന് ജീൻ ഷാർപ്പ് ചൂണ്ടിക്കാട്ടുന്നു. ഒന്നാമതായി പ്രതീകാത്മക പ്രതിഷേധങ്ങളായ പ്രകടനങ്ങൾ, ജാഗ്രതാ പ്രവർത്തനങ്ങൾ, ലഘുലേഖകളുടെ വിതരണം. രണ്ടാമതായി പ്രതിഷേധക്കാർ തങ്ങളുടെ എതിരാളിയുമായുള്ള സഹകരണം അവസാനിപ്പിക്കുകയോ അല്ലെങ്കിൽ പുതിയ സഹകരണം ആരംഭിക്കുകയോ ചെയ്യുന്നു. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ ഈ സഹകരണം ആകാ

വുന്നതാണ്. ഉദാഹരണത്തിന് പ്രതിഷേധക്കാർ തങ്ങളുടെ എതിരാളികൾക്ക് വിതരണംചെയ്യുന്ന സാധനങ്ങൾ നൽകാതിരിക്കുക, അവർക്കുള്ള സേവനങ്ങൾ പിൻവലിക്കുക, അവരിൽ നിന്നും സാധനങ്ങൾ വാങ്ങാതിരിക്കുക തുടങ്ങിയവയെല്ലാം സാമ്പത്തികരംഗത്തെ നിസ്സഹകരണുമായി ബന്ധപ്പെട്ടുള്ള സമരരൂപങ്ങളാണ്.

മൂന്നാമതായി, പ്രതിഷേധക്കാർ നിലവിലുള്ളവ്യവസ്ഥയുടെ സാധാരണ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയോ അതിൽ ഇടപെടുകയോ ചെയ്യുന്നു. മനശാസ്ത്രപരം, സാമൂഹികം, സാമ്പത്തികം, ഭൗതികം, രാഷ്ട്രീയം തുടങ്ങിയ വിവിധ രൂപങ്ങളിലായിരിക്കും ഈ ഇടപെടീൽ. നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനത്തെ തിരിച്ചറിയുന്നത് അതിലുപയോഗിക്കുന്ന മാർഗത്തിന്റെ അടിസ്ഥാനത്തിലാണ്. അല്ലാതെ സമരത്തിന്റെ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലല്ല. ഏതാണ്ട് 198 സമരരീതികൾ ജീൻ ഷാർപ്പ് കണ്ടെത്തി സംഗ്രഹിച്ചിട്ടുണ്ട്.

ഗാന്ധിയൻ അഹിംസാസിദ്ധാന്തത്തെ ഒരു തന്ത്രമെന്ന നിലയിലാണ് ജീൻ ഷാർപ്പ് കാണുന്നത്. അല്ലാതെ ഒരു ആദർശമെന്ന നിലയിലല്ല. ഇദ്ദേഹത്തിന്റെ ആശയങ്ങൾ ലോകത്തിലെ വിവിധ ഭാഷകളിൽ ഇന്ന് പുസ്തകരൂപത്തിലും അല്ലാതെയും പ്രസിദ്ധീകൃതമായിട്ടുണ്ട്. ലോകത്തിലെ പല ജനാധിപത്യപ്രതിഷേധങ്ങളിലും ഈ ആശയങ്ങൾ നമുക്ക് കണ്ടെത്താനാവും.

11

***നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനത്തിന്റെ രീതികൾ വിശദീകരിക്കുക.***

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തര സൂചിക

1. തോറോ, ടോൾസ്റ്റോയി എന്നിവരുടെ സ്വാധീനം
2. സ്നേഹത്തിലൂടെയും ക്ഷമയിലൂടെയും ത്യാഗത്തിലൂടെയും തന്റെ എതിരാളികളെ തെറ്റിൽ നിന്നും മോചിപ്പിക്കുക.
3. തിന്മയോട് നിസ്സഹകരിക്കുക, നന്മയോട് ചേർന്നു നിൽക്കുക, വെളുപ്പിന് സ്ഥാനമില്ല. ഏകത്വചിന്ത ഉണ്ടായിരിക്കണം.
4. സത്യം, അഹിംസ, ആത്മസഹനം
5. സത്യഗ്രഹി പാലിച്ചിരിക്കേണ്ട 18 നിയമങ്ങൾ
6. ഈശ്വരവിശ്വാസം, സത്യം, അഹിംസ, മനുഷ്യനന്മ എന്നിവയിൽ വിശ്വാസം സംശുദ്ധ ജീവിതം, ഖാദി നിർമ്മിക്കുകയും ഉപയോഗിക്കുകയും വേണം. ലഹരി വസ്തുക്കൾ ഉപയോഗിക്കാതെ അച്ചടക്കനിയമങ്ങളും ജയിൽ നിയമങ്ങളും പാലിക്കണം.

7. സത്യഗ്രഹസമരം കടന്നുപോകുന്ന 19 ഘടകങ്ങൾ.
8. നിസ്സഹകരണം, നിയമലംഘനം, ഉപവാസം.
9. സത്യഗ്രഹം – ധാർമ്മികആയുധം, ധീരന്മാരുടെആയുധം, സ്നേഹത്തിലൂടെ തിരുത്താൻ ശ്രമിക്കുന്നു. വെളുപ്പിനും വിദ്വേഷത്തിനും സ്ഥാനമില്ല. ചലനാത്മകം, സന്തോഷത്തോടെ ആത്മപീഡകൾ വഹിക്കുന്നു. ആശ്രമം അനുവദിക്കുന്നു. നിഷ്ക്രിയ പ്രതിരോധം അവസരവാദപരം, ദുർബലന്റെആയുധം, എതിരാളിയെ കീഴടക്കുന്ന സ്നേഹത്തിന് സ്ഥാനമില്ല. നിശ്ചലമാണ്. വൈമനസ്യത്തോടെ പീഡനങ്ങൾ സഹിക്കുന്നു.
10. സത്യഗ്രഹത്തിന്റെ പ്രസക്തി വിശദമാക്കണം.
11. പ്രതീകാത്മകപ്രതിഷേധങ്ങൾ, എതിരാളിയുമായുള്ള സഹകരണം അവസാനിപ്പിക്കുന്നു. നിലവിലുള്ള വ്യവസ്ഥയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സത്യാഗ്രഹമെന്ന ആശയരൂപീകരണത്തിൽ ഗാന്ധിജിയെ സഹായിച്ച സ്വാധീനങ്ങൾ ഏതെല്ലാമാണ്?
2. സത്യാഗ്രഹത്തിന്റെ അടിസ്ഥാനതത്വങ്ങൾ വിശദീകരിക്കുക.
3. സത്യാഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങൾ ഏതെല്ലാമാണ് വിലയിരുത്തുക.
4. സത്യാഗ്രഹത്തിന്റെ നിയമങ്ങൾ വിശദീകരിക്കുക.
5. സത്യാഗ്രഹിക്കു വേണ്ടയോഗ്യതകൾ എന്തെല്ലാമാണ്?
6. സത്യാഗ്രഹത്തിന്റെ വിവിധരൂപങ്ങൾ ഏവ? അവയുടെ കാലികപ്രസക്തി ചർച്ചചെയ്യുക.
7. സത്യാഗ്രഹവും നിഷ്ക്രിയചെറുത്തുനിൽപ്പും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ കണ്ടെത്തുക?

### ഉത്തര സൂചിക

1. ടോൾസ്റ്റോയി, തോറോ
2. സ്നേഹം, ക്ഷമ, ത്യാഗം
3. സത്യം, അഹിംസ, ആത്മസഹനം
4. സത്യഗ്രഹി പാലിച്ചിരിക്കേണ്ട നിയമങ്ങൾ
5. സത്യഗ്രഹിയുടെ യോഗ്യതകൾ
6. നിസ്സഹകരണം, നിയമലംഘനം, ഉപവാസം.
7. സത്യഗ്രഹം – ധാർമ്മിക ആയുധം, ധീരന്മാരുടെ ആയുധം, സ്നേഹത്തിലൂടെ തിരുത്താൻ ശ്രമിക്കുന്ന, വെളുപ്പിനും വിദ്വേഷത്തിനും സ്ഥാനമില്ല. ചലനാത്മകം സന്തോഷത്തോടെ ആത്മ പീഡകൾ വഹിക്കുന്ന, ആശ്രമം അനുവദിക്കുന്നു. നിഷ്ക്രിയ പ്രതിരോധം, അവസരവാദപരം, ദുർബലന്റെ ആയുധം, എതിരാളിയെ

കീഴടക്കുന്ന സ്നേഹത്തിന് സ്ഥാനമില്ല. നിശ്ചലമാണ്. വൈമനസ്യത്തോടെ പീഡനങ്ങൾ സഹിക്കുന്നു.

## സംഗ്രഹം

സത്യാഗ്രഹത്തിന്റെ ലക്ഷ്യം തെറ്റുകാരനെ സ്നേഹത്തോടെയും ക്ഷമാപൂർവമായ ഇടപെടലിലൂടെയും തെറ്റിൽ നിന്ന് മോചിപ്പിക്കുകയാണ്. സത്യാഗ്രഹിയുടെ സ്വയം സഹനത്തിലൂടെ തെറ്റുകാരന്റെയുള്ളിലെ നന്മയെ ഉണർത്തുന്നു. സത്യാഗ്രഹത്തിന്റെ വിജയം മാർഗത്തിന്റെ സംശുദ്ധിയെ ആശ്രയിച്ചിരിക്കും. സത്യം, അഹിംസ, സ്വയംസഹനം എന്നിവയാണ് സത്യാഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങൾ. സത്യാഗ്രഹ നിഷ്ക്രിയപ്രതിരോധത്തിൽ നിന്നും വ്യത്യസ്തമാണ്. നിസ്സഹകരണം, നിയമലംഘനം, ഉപവാസം എന്നിവ പ്രധാനപ്പെട്ട മൂന്നുതരംസത്യാഗ്രഹങ്ങളാണ്, 1930ലാണ് ഗാന്ധിജി സത്യാഗ്രഹയുടെ നിയമങ്ങൾ ചിട്ടപ്പെടുത്തിയത് സത്യാഗ്രഹിയുടെ വിജയത്തിന് അച്ചടക്കം അനിവാര്യമാണ്. സർക്കാർ നയങ്ങളെ മാറ്റുന്നതിനായി ജനങ്ങളുടെ അഹിംസാത്മക ഇടപെടലുകളിലൂടെ നടത്തുന്ന ശ്രമമാണ് നേരിട്ടുള്ള അഹിംസാത്മകപ്രവർത്തനം.

## തുടർപ്രവർത്തനങ്ങൾ/മൂല്യനിർണയ പ്രവർത്തനങ്ങൾ

- 'സത്യാഗ്രഹത്തിന്റെപ്രസക്തി' എന്ന വിഷയത്തിൽ ഒരു ലഘുഉപന്യാസം തയാറാക്കുക?

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • സത്യാഗ്രഹമെന്ന സമരരൂപം വികസിപ്പിക്കാൻ ഗാന്ധിജിക്കുണ്ടായ സ്വാധീനങ്ങൾ വിലയിരുത്താൻ | | | |
| • സത്യാഗ്രഹത്തിന്റെ ലക്ഷ്യവും അടിസ്ഥാനതത്വങ്ങളും വിശകലനംചെയ്യാൻ | | | |
| • സത്യാഗ്രഹത്തിന്റെ നിയമങ്ങൾ, വിവിധതലങ്ങൾ എന്നിവ തിരിച്ചറിയാൻ | | | |
| • സത്യാഗ്രഹവും നിഷ്ക്രിയ പ്രതിരോധവും തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യാൻ | | | |

7

# മഹാത്മാഗാന്ധിയുടെ രാഷ്ട്രീയ ആശയങ്ങൾ

## ആമുഖം

ഒരേസമയം സാമൂഹിക, സാമ്പത്തിക, സാന്മാർഗിക, മത, സാംസ്കാരിക മേഖലകളിൽ പടപൊരുതിയ, ലോകചരിത്രത്തിലെ തന്നെ ചുരുക്കം ചിലരിൽ ഒരാളാണ് ഗാന്ധിജി. ഭയമില്ലാത്തവന്റെ ചിരിയും ആത്മാവിന്റെ ലാളിത്യവും മനസ്സിന്റെധൈര്യവും പ്രകടമാകുന്ന പ്രവാചകഗണത്തിൽപ്പെടുന്നയാളാണ് ഗാന്ധിജി. ദൈവത്തിലും മാനവസ്നേഹത്തിലും വിശ്വസിച്ച് ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുക ഒരു രാഷ്ട്രീയക്കരന്റെ കടമയാണെന്നും രാഷ്ട്രീയം സേവനമാണെന്നും വിശ്വസിച്ചിരുന്നയാളാണ് അദ്ദേഹം. ഈ യൂണിറ്റിൽ നമുക്ക് ഗാന്ധിജിയുടെ രാഷ്ട്രീയകാഴ്ചപ്പാടുകൾ വിശദമായി പഠിക്കാം. ഗാന്ധിയുടെ രാഷ്ട്രീയ ആശയങ്ങൾ കൂടുതൽ മനസ്സിലാക്കാൻ ആധുനിക രാഷ്ട്രതന്ത്രത്തിന്റെ അടിസ്ഥാനാശയങ്ങളായ രാഷ്ട്രം, രാഷ്ട്രീയമൂല്യങ്ങൾ, രാഷ്ട്രത്തിന്റെ ഘടകങ്ങൾ തുടങ്ങിയവ നാം അറിഞ്ഞിരിക്കണം.

## പഠനനേട്ടങ്ങൾ

- രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങൾ വിവരിക്കുന്നു.
- രാഷ്ട്രത്തെയും, രാഷ്ട്രതന്ത്രത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വിശദമാക്കുന്നു.
- ജനാധിപത്യത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും പ്രതിപാദിക്കുന്നു.
- ഗാന്ധിജിയുടെ ജനാധിപത്യകാഴ്ചപ്പാടുകൾ വിവരിക്കുന്നു.
- അധികാരവികേന്ദ്രീകരണം എന്താണെും അതിന്റെനേട്ടങ്ങൾ എന്തൊക്കെയാണെന്നും വിവരിക്കുന്നു.
- ഗാന്ധിജിയുടെ രാമരാജ്യസങ്കല്പത്തെപ്പറ്റി വിശദമായിപ്രതിപാദിക്കുന്നു.
- ഗ്രാമസ്വരാജിനെപ്പറ്റിയും അതിന്റെ തത്വങ്ങളെപ്പറ്റിയും വിശദീകരിക്കുന്നു.
- ഒരു മാതൃകാസമൂഹം എങ്ങിനെയായിരിക്കണം എന്നും അതിനുണ്ടായിരിക്കേണ്ട പ്രത്യേകതകൾ എന്തൊക്കെയാണെും കണ്ടെത്തി പ്രതിപാദിക്കുന്നു.
- മാതൃകാ സമൂഹസൃഷ്ടിക്കായ് പ്രവർത്തിക്കുന്നു.

## എന്താണു രാഷ്ട്രതന്ത്രം?
## എല്ലാവർക്കും രാഷ്ട്രീയം ഉണ്ടോ?

രാഷ്ട്രതന്ത്രം എന്നതു ഒരാൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവന്റെ ജീവിതത്തിന്റെ ഭാഗമാണ്. തങ്ങൾ രാഷ്ട്രീയത്തിന് എതിരാണെന്നും ഇതുകൊണ്ടു പ്രയോജനം ഇല്ലെന്നും ചിലർ പറയാറുണ്ട്. യഥാർഥത്തിൽ ഈപറച്ചിൽ തന്നെ ഒരു രാഷ്ട്രീയ നിലപാടാണ്. നമ്മൾ വോട്ടുചെയ്യുന്നത്, ഗവൺമെന്റിനെ വിമർശിക്കുന്നത്, പരാതികൾ നൽകുന്നത്, ഗ്രാമസഭയിൽ പങ്കെടുക്കുന്നതെല്ലാം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം യഥാർഥത്തിൽ രാഷ്ട്രീയം തന്നെയാണ്.

മനുസ്മൃതി, വ്യാസഭാരതത്തിലെ ശാന്തിപർവം, കൗടില്യന്റെ അർഥ ശാസ്ത്രം തുടങ്ങിയ പുരാതന ഇന്ത്യൻ കൃതികളിൽ വിലമതിക്കനാവത്ത രാഷ്ട്രീയ ദർശനങ്ങൾ കാണാവുതാണ്. രാഷ്ട്രതന്ത്രത്തെ ഇന്ത്യയുടെ പലഭാഗങ്ങളിലും 'രാജനീതി' എന്നാണ് വിളിച്ചിരുന്നത്. ഇതിനർഥം രാജാവിന്റെ/ഭരണകർത്താവിന്റെ ഭരണനിർവഹണ തത്ത്വങ്ങൾ എന്നാണ്. ആധുനിക രാഷ്ട്രീയചിന്തകൾക്ക് തുടക്കം കുറിച്ചത് പുരാതന ഗ്രീക്കുചിന്തകരായ അരിസ്റ്റോട്ടിലും പ്ലേറ്റോയുമാണ്.

## രാഷ്ട്രതന്ത്രശാസ്ത്രം (Political Science)

രാഷ്ട്രതന്ത്രശാസ്ത്രം എന്നാൽ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെയും സ്ഥാപനങ്ങളെയും ശാസ്ത്രീയമായി പഠിക്കുക എന്നതാണ്. അതായത് രാഷ്ട്രീയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും പ്രക്രിയകളുടെയും അടുക്കും ചിട്ടയോടുമുള്ള പഠനമാണ് രാഷ്ട്രതന്ത്രം. രാഷ്ട്രതന്ത്രശാസ്ത്രത്തിൽ രാഷ്ട്രതന്ത്രം എന്നത് പഠന വിഷയവും ശാസ്ത്രം വ്യവസ്ഥാപിതമായ പഠന മാർഗവുമാണ്. പൊതു ജീവിതത്തിൽ അധികാരത്തിന്റെ പ്രയോഗവും അധികാരം നേടുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകലും രാഷ്ട്രത്തെയോ സമൂഹത്തെയോ സംബന്ധിക്കുന്ന തീരുമാനങ്ങളെ സ്വാധീനിക്കലും രാഷ്ട്രതന്ത്രമാണ്.

രാഷ്ട്രതന്ത്രപരമായ അഥവാ രാഷ്ട്രീയമായ എന്നു പറയുന്നത് ഒരു രാഷ്ട്രത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അതായത് ഒരു രാഷ്ട്രത്തിന്റെ പൊതു ചട്ടക്കൂടും പ്രവർത്തനസംഹിതയും മറ്റു രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങളുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ജനങ്ങളുടെ അനുമതിയോടെ ശരിയായരീതിയിൽ അധികാരം പ്രയോഗിക്കുന്നതാണ് നൈയാമിക അധികാരം (authority). തെറ്റായരീതിയിൽ അധികാരം പ്രയോഗിക്കുന്നതിനെ നിയമവിരുദ്ധ അധികാരം (coerion) എന്നും വിളിക്കുന്നു.

1

***രാഷ്ട്രതന്ത്രശാസ്ത്രവും രാഷ്ട്രതന്ത്രവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക***

### രാഷ്ട്രം: (സ്റ്റേറ്റ്)

"സ്റ്റേറ്റസ്" എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് സ്റ്റേറ്റ് (രാഷ്ട്രം) എന്ന പദം ഉണ്ടായത്. രാഷ്ട്രീയമായി സംഘടിതമായ ഒരു സമൂഹമാണ് രാഷ്ട്രം. ഇതു പ്രവർത്തിക്കുന്നത് ഗവൺമെന്റ് അഥവാ സർക്കാർ എന്ന സ്ഥാപനങ്ങളിലൂടെയാണ്. എല്ലാ രാഷ്ട്രത്തിനും പൊതുവായ നാലു ഘടകങ്ങൾ ഉണ്ടായിരിക്കും. 1. ജനങ്ങൾ, 2. ഭൂപ്രദേശം, 3. സർക്കാർ, 4. പരമാധികാരം. മറ്റു സാമൂഹികകൂട്ടായ്മയിൽ നിന്നും രാഷ്ട്രത്തെ വേറിട്ടുനിർത്തുന്ന ഘടകങ്ങൾ അതിന്റെ പ്രയോജനം (സുരക്ഷയും സാമൂഹ്യക്രമവും), പ്രവർത്തനരീതി (നിയമങ്ങളും അവയുടെ നടപ്പാക്കലും), ഭൂപ്രദേശം (ഭരണപ്രദേശം), പരമാധികാരം എന്നിവയാണ്.

2

***രാഷ്ട്രത്തെ മറ്റു സംഘടനാരൂപങ്ങളിൽ നിന്നും വേർതിരിക്കുന്നത് എന്താണ്?***

ഇന്ത്യൻ രാഷ്ട്രീയചിന്താധാരയിൽ രാഷ്ട്രം എന്ന സങ്കൽപ്പത്തിന് വേദകാലത്തോളം പഴക്കമുണ്ട്. ഇത് രാമായണത്തിലും, മഹാഭാരതത്തിലും, മനുസ്മൃതിയിലു മെല്ലാം നമുക്കു ദർശിക്കാം. കൂടാതെ ബുദ്ധമതത്തിലും, ജൈനമതത്തിലും ഇതിന്റെ പരാമർശ ങ്ങൾ കാണാം. ഇൻഡ്യൻ രാഷ്ട്രീയാശയങ്ങൾ 'ധർമ്മ' എന്ന തത്വശാസ്ത്ര പദത്തി ലൂന്നിയുള്ളതാണ്. ധർമ്മ എന്നതിന് മതപരമായ ആശയങ്ങളെക്കാളുപരി വിശാലവും ആഴമുള്ളതുമായ നിയമം, നീതി, അവകാശം, സമൂഹ്യക്രമം തുടങ്ങിയ അർഥതല ങ്ങളാണുള്ളത്.

## രാഷ്ട്രത്തിന്റെ ഘടകങ്ങൾ: (Elements of State )

നിങ്ങൾക്കറിയാവുന്ന പ്രധാന രാഷ്ട്രഘടകങ്ങൾ എന്തെല്ലാമാണ്? (ജനങ്ങൾ, ഭൂപ്രദേശം, സർക്കാർ. പരമാധികാരം)

### ജനസംഖ്യ: (Population)

രാഷ്ട്രം മനുഷ്യസ്ഥാപനമാകയാൽ ജനസംഖ്യ രാഷ്ട്രത്തിന്റെ ഒന്നാമത്തെയും ഏറ്റവും പ്രധാനപ്പെട്ടതുമായ ഘടകമാണ്. ഒരു രാഷ്ട്രത്തിൽ അധിവസിക്കുന്ന ആളുകളെല്ലാം ചേർന്നതാണ് അവിടുത്തെ ജനസംഖ്യ. ഒരു രാഷ്ട്രത്തിന് നിയതമായ ഒരു ജനസംഖ്യ ഇല്ല, എന്നാൽ സ്വയംപര്യാപ്തതയിലേക്കെത്താൻ സഹായമായതും ഭരണനിർവഹണത്തിന് സാധ്യമായതുമായ എണ്ണമാണ് അഭികാമ്യം. ഒരു ആധുനിക രാഷ്ട്രത്തിലെ ജനസംഖ്യ ആ ഭൂപ്രദേശത്ത് സ്ഥിരതാമസമുള്ള എല്ലാ ആളുകളും ചേർന്നതാണ്. ഇതിൽ തദ്ദേശവാസികളും വിദേശീയരും ഉൾപ്പെടും. ഒരു രാഷ്ട്രത്തിലെ ജനം, ഭാഷ, സംസ്കാരം, വർഗം എന്നിവയിലൊക്കെ പൂർണമായി ഒരു പോലെ യാകണമെന്നില്ല.

നല്ല പൗരന്മാർ നല്ല രാഷ്ട്രം സൃഷ്ടിക്കും എന്നാണ് അരിസ്റ്റോട്ടിൽ പറഞ്ഞിരിക്കു ന്നത്. ജനങ്ങളുടെ ഗുണമേന്മ, സ്വഭാവം, സംസ്കാരം, രാഷ്ട്രത്തിന്റെ ഭാഗമാണെന്ന അവബോധം തുടങ്ങിയവയൊക്കെ പ്രധാനപ്പെട്ടതാണ്. അതിനാൽ എണ്ണത്തെക്കാൾ ജനങ്ങളുടെ തരത്തിനാണ് പ്രാധാന്യം.

### ഭൂപ്രദേശം ( Territory )

ഒരു രാഷ്ട്രം നിയമപരമായും രാഷ്ട്രീയമായും മനുഷ്യസമൂഹമെന്ന നിലയിൽ ഒരു പ്രത്യേക ഭൂപ്രദേശത്ത് പ്രവർത്തിക്കും. ഈ പ്രദേശം ഒരു രാഷ്ട്രം കൈവശം വയ്ക്കു കയും നിയന്ത്രിക്കുകയും ചെയ്യുന്നു. രാഷ്ട്രം അതിന്റെ പരമാധികാരം ഇവിടെയാണ് പ്രാവർത്തികമാകുന്നത്. കൃത്യമായ ഒരു പ്രദേശത്ത് അധിവസിക്കുന്നില്ല എങ്കിൽ ജനങ്ങൾക്ക് ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധ്യമല്ല. ജനങ്ങൾ സ്ഥിരമായി ഒരു പ്രദേശത്തു താമസിക്കുമ്പോൾ മാത്രമാണ് തങ്ങളുടെ പൊതുതാൽപ്പര്യങ്ങളും അഖണ്ഡതയും സംരക്ഷിക്കാൻ കഴിയുന്നത്. കൃത്യമായ അതിർത്തികളോടുകൂടിയ ഭൂപ്രദേശം ഒരു രാഷ്ട്രത്തിന് അനിവാര്യമാണ്. എങ്കിലേ തർക്കത്തിന് അവസരമില്ലാത്ത വിധം അധികാരം പ്രയോഗിക്കാൻ കഴിയൂ.

രാഷ്ട്രത്തിന്റെ ഭൂപ്രദേശം എന്നു പറഞ്ഞാൽ തങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമി, അതിനുള്ളിലെ നദികൾ, തടാകങ്ങൾ, പർവതങ്ങൾ, തീരത്തുനിന്നും ആറു നാവികമൈൽ ദൂരംവരെയുള്ള സമുദ്രം, ആ പ്രദേശത്തിന്റെ മുകളിലുള്ള ആകാശം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്. ഭൂപ്രദേശത്തിന്റെ വലിപ്പം സംബന്ധിച്ച് നിയമം ഒന്നുമില്ല. രാഷ്ട്രത്തിന്റെ ഭൗതികവിഭവങ്ങളും സ്ഥിതിചെയ്യുന്ന സ്ഥാനവുമാണ് പ്രധാനപ്പെട്ടത്. ഇത് ആ രാഷ്ട്രത്തിനു മുതൽക്കൂട്ടാണ്.

ഗോത്രവർഗക്കാരായ നാടോടികൾക്ക് പ്രത്യേക ഭൂപ്രദേശമില്ല. അതിനാൽ അവർക്ക് ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധിക്കുകയില്ല.

### ഭരണകൂടം (ഗവൺമെന്റ്)

ഒരു രാഷ്ട്രം തങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതും നയരൂപീകരണങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതും സർക്കാരിലൂടെയാണ്. വ്യവസ്ഥാപിതമായ ഒരു സർക്കാരിലൂടെ ജനസമൂഹത്തെ ക്രമപ്പെടുത്തിയില്ലെങ്കിൽ ആ ജനസമൂഹം ഒരു രാഷ്ട്രമാവുകയില്ല. അധികാരകേന്ദ്രീകരണത്തെ അടിസ്ഥാനമാക്കി രാഷ്ട്രത്തിലെ സർക്കാരിനെ ഏകാത്മകമായ (ഉദാ: സൗദിയറേബ്യ) എന്നും സംഘാതികമായ (ഉദാ: അമേരിക്ക) എന്നും തരം തിരിച്ചിരിക്കുന്നു. ഏകാത്മക ഗവൺമെന്റിന്റെ ഗുണങ്ങ ളോടുകൂടിയ സംഘാതികമായ ഗവൺമെന്റും ഉണ്ട്. ഉദാ: ഇന്ത്യ.

സാധാരണനിലയിൽ സർക്കാരിന് മൂന്നു ശാഖകളുണ്ട്. 1. നിയമനിർമ്മാണസഭ, 2. കർത്തവ്യനിർവഹണവിഭാഗം, 3. നീതിന്യായവകുപ്പ്, നിയമനിർമ്മണസഭനിയമം നിർമ്മിക്കുന്നു. കർത്തവ്യനിർവഹണവിഭാഗം ഇവ നടപ്പിലാക്കുന്നു. നീതിന്യായവകുപ്പ് ഇതിന്റെ പ്രാബല്യത്തെപ്പറ്റി നോക്കുന്നു. കർത്തവ്യനിർവഹണ വിഭാഗം ഭരണ ക്രമത്തിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ കേന്ദ്ര, സംസ്ഥാന, തദ്ദേശ ഗവൺമെന്റുകൾ പ്രവർത്തിക്കുന്നുണ്ട്.

### പരമാധികാരം: (Sovereignty)



ഒരു രാഷ്ട്രത്തിന്റെ സുപ്രധാന ഘടകമാണ് അതിന്റെ പരമാധികാരം. ഈ ഘടകം മറ്റു സംഘടനകളിൽ നിന്നും രാഷ്ട്രത്തെ വേറിട്ടുനിർത്തുന്നു. പരമാധികാരം കൊണ്ട് ഉദ്ദേശിക്കുന്നത് സർവാധികാരമുള്ള നിയമനിർമാണനിർവ ഹണഅധികാരം എന്നാണ്. ഇതിനതീതമായി ആർക്കും യാതൊരു അധികാരങ്ങളുമില്ല.

പരമാധികാരത്തിന് ആന്തരികം, ബാഹ്യം എന്നീ തല ങ്ങൾ ഉണ്ട്. ആന്തരികപരമാധികാരം, ഒരു രാഷ്ട്രത്തിന് തങ്ങളുടെ പ്രദേശത്തിനുകീഴിലുള്ള പ്രജകളുടെയും സമൂഹങ്ങളുടെയും മേലുള്ള പരമാധികാരമാണ്. ബാഹ്യമായ പരമാധികാരം എന്നാൽ വിദേശനിയന്ത്രണങ്ങളിൽ നിന്നും സ്വതന്ത്രരായി നിലകൊള്ളുന്ന അവസ്ഥയാണ്.

**പ്രവർത്തനം**

- ***ക്ലാസ്സിൽ ചർച്ച ചെയ്യുക - സംസ്ഥാനങ്ങൾ എന്തുകൊണ്ടാണ് ഒരുരാഷ്ട്രം എന്നതിലേക്ക് ഉയരാത്തത്?***

**3**

***ഒരു രാഷ്ട്രത്തിനു വേണ്ട സുപ്രധാനഘടകങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തി വിശദമാക്കുക.***

## രാഷ്ട്രീയ മൂല്യങ്ങൾ

സ്വാതന്ത്ര്യം, നീതി, സമത്വം എന്നിവയാണ് രാഷ്ട്രീയമൂല്യങ്ങൾ (Political Values).

### 1. സ്വാതന്ത്ര്യം: ( Freedom )

സ്വാതന്ത്ര്യം നിയന്ത്രണങ്ങളില്ലാത്ത സ്ഥിതി എന്നാണർത്ഥം. ഇവിടെ ഓരോ വ്യക്തിക്കും സ്വതന്ത്രമായി ചിന്തിക്കാനും ബാഹ്യശക്തികളുടെ നിയന്ത്രണങ്ങളില്ലാതെ തീരുമാനങ്ങളെടുക്കാനും സാധിക്കും. എന്നിരുന്നാലും നിയന്ത്രണമില്ലായ്മ സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. സ്വതന്ത്രമായി ആശയാവിഷ്ക്കരണം നടത്തുന്നതും അവരവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതും സ്വാതന്ത്ര്യത്തിന്റെ മറുഭാഗമാണ്.

### 2. നീതി: (Justice)



എല്ലാവർക്കും അർഹമായത് നൽകുക എന്നതാണ് നീതികൊണ്ടുദ്ദേശിക്കുന്നത്. അതായത് ഉചിതവും സാന്മാർഗികവും പക്ഷപാതപരവുമല്ലാതെ എല്ലാ ആളു കൾക്കും അർഹമായത് ഉറപ്പു വരുത്തുന്നതാണ് നീതി. ഇത് രാഷ്ട്രീയ മൂല്യങ്ങളെ ഏകോപിപ്പിക്കുന്നു. യാഥാസ്ഥിതി കമായതും നവീകരിക്കപ്പെട്ടതും എന്നിങ്ങനെ നീതി രണ്ടുതരമുണ്ട്. യാഥാസ്ഥിതിക നീതി എന്നാൽ വ്യവസ്ഥാപിതമായ സാമൂഹിക സ്ഥിതി സംരക്ഷിക്കുക എന്നാണർത്ഥം. എന്നാൽ സമൂഹത്തിൽ ആവശ്യാനുസരണം കാലാസൂത്രിതമായി മാറ്റംവരുത്തിയ നീതിയാണ് നവീകരിക്കപ്പെട്ടനീതി.

### 3. സമത്വം: (Equality)

ഒരുരാഷ്ട്രത്തിലെ ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ തുല്യമായി ലഭ്യമാക്കുന്നതാണ് സമത്വം. ഒരു രാഷ്ട്രീയമൂല്യമെന്ന നിലയിൽ വർഗ, വർണ, വിഭാഗ, മത,

സമ്പത്തുകൾക്കതീതമായി സ്ത്രീപുരുഷഭേദമെന്യേ ചില അടിസ്ഥാന അവകാശങ്ങൾ എല്ലാവർക്കും നൽകുന്നു. സമത്വം മൂന്ന് കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. 1. ആർക്കും പ്രത്യേകപരിഗണന നൽകുന്നില്ല. എല്ലാത്തിലും എല്ലാവർക്കും ഒരേപരിഗണന നൽകുക. 2. എല്ലാവർക്കും തുല്യ അവസരം ഉറപ്പാക്കുക. 3. കുറച്ചുപേരുടെ പ്രത്യേക മായ ആവശ്യത്തെക്കാൾ എല്ലാവരുടേയും അത്യാവശ്യ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുക. സമത്വത്തിലേക്കുള്ള ഒരു മാർഗമാണ് തുല്യത എന്ന തത്വം.

**4**

***രാഷ്ട്രീയമൂല്യങ്ങൾ ഏതെല്ലാം. ഇതിന് ഇന്ന് പ്രാധാന്യം ഉണ്ടോ? രാഷ്ട്രീയ മൂല്യങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്താനായി ഒരു സ്കിറ്റു തയാറാക്കി അവതരിപ്പിക്കുക?***

### രാഷ്ട്രത്തെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാട്: ( Gandhiji's views on State)

പട്ടാളം, പോലീസ്, കോടതി, ജയിൽ, നികുതി, ഉദ്യോഗസ്ഥർ തുടങ്ങിയവയൊക്കെ ചേർന്നതാണ് രാഷ്ട്രം. നിലവിൽ അക്രമത്തെ സംഘടിതമായും കേന്ദ്രീകൃതമായും സമന്വയിപ്പിക്കുന്ന വ്യവസ്ഥിതിയാണിത്. വ്യക്തിക്ക് ഒരു ആത്മാവുണ്ട്. എന്നാൽ രാഷ്ട്രത്തിന് അതില്ല. രാഷ്ട്രം ഒരുയന്ത്രം മാത്രമാണ്. രാഷ്ട്രത്തിന് അതിന്റെ നിലനിൽപ്പി നാധാരമായ അക്രമത്തിൽനിന്നും ഒഴിഞ്ഞുമാറാനാകില്ല.

ഗാന്ധിജിക്ക് അക്രമം എന്നത് ഭൗതികവും സാമ്പത്തികവും ഘടനാപരമായ സാമൂഹികപ്രേരണകളുമല്ലാം ചേരുന്ന ഒരുതിന്മയാണ്. രാഷ്ട്രം അക്രമത്തിലും ചൂഷണ ത്തിലും വേരൂന്നിയതാകുന്നു. കൂടാതെ രാഷ്ട്രം വ്യക്തികളുടെ സ്വതന്ത്ര പ്രകൃതത്തിനു വിഘാതമാവുകയും വ്യക്തിത്വ വികാസത്തിനും വളർച്ചക്കും കോട്ടം വരുത്തുകയും ചെയ്യുന്നു. ഇതൊക്കെക്കൊണ്ട് രാഷ്ട്രത്തെ ഉന്മൂലനംചെയ്യാൻ ഗന്ധിജി ആഗ്രഹിക്കുന്നു. അതു സാധ്യമല്ല എങ്കിൽ അതിനെ വികേന്ദ്രീകരിച്ച് മയപ്പെടുത്തുവാൻ ശ്രമിക്കണം.

എല്ലാതരത്തിലുമുള്ള രാഷ്ട്രമാതൃകകളെയും ഗന്ധിജി എതിർക്കുന്നു. നിബന്ധന കളിൽനിന്നും ചൂഷണത്തിൽനിന്നും, അസമത്വത്തിൽനിന്നും അക്രമത്തിൽനിന്നും വർഗ-വർണ-വിവേചനത്തിൽ നിന്നുമെല്ലാം മുക്തമായ ഒരു രാഷ്ട്രരഹിതവ്യവസ്ഥ കൾക്കായി (State-less society) ഗാന്ധിജി നിലകൊള്ളുന്നു. ഇതു പറയുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിലുള്ളത് പൂർണതയിലധിഷ്ഠിതമായ ഒരു മാനവികസമൂഹം തന്നെയായിരുന്നു. ഒരു പരിശുദ്ധരാഷ്ട്ര (Divine kingdom)ത്തിനായി അദ്ദേഹം നില കൊള്ളുന്നു. ഇതിനായി അദ്ദേഹം രാഷ്ട്രരഹിതജനാധിപത്യത്തെ (Stateless Democracy) പിന്തുണക്കുന്നു.

### ജനാധിപത്യം: (Democracy)

ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ഭരണസംവിധാനമാണ് ജനാധിപത്യം എന്ന് എബ്രാഹം ലിങ്കൻ പറയുന്നു. ഡെമോക്രസി (ജനാധിപത്യം) ഡിമോസ് (ജനങ്ങൾ), ക്രാട്ടിയ (അധികാരം) എന്നീ രണ്ടു ഗ്രീക്കു പദങ്ങൾ കൂടിച്ചേർ

ന്നുണ്ടായതാണ്. ഇവ ചേരുമ്പോൾ ജനങ്ങളുടെഅധികാരം എന്നാണ് അർഥം. സർക്കാരിന്റെ ഒരു മാതൃക എന്നതിലുപരി ജനാധിപത്യം ഒരു ജീവിത ശൈലിയാണ്.

## ഗാന്ധിജിയുടെ ജനാധിപത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ: (Gandhiji's views on Democracy)

പൊതുക്ഷേമത്തിനായി എല്ലാവിഭാഗം ആളുകളുടെയും ഭൗതികവും സാമ്പത്തികവും ആത്മീയവുമായ വിഭവങ്ങളും സേവനങ്ങളും ഏകോപിപ്പിക്കുന്ന കലയും ശാസ്ത്രവുമാണ് ജനാധിപത്യം. ജനാധിപത്യത്തിന്റെ പ്രായോഗികതയിലും ശാസ്ത്രത്തിലും അടിയുറച്ചു വിശ്വസിക്കുന്നയാളാണ് ഗാന്ധിജി. സമത്വത്തോടുള്ള താൽപ്പര്യവും വ്യക്തിസ്വാതന്ത്ര്യ വീക്ഷണവും സാഹോദര്യത്തിലൂന്നിയ നീതിയുക്ത സാമൂഹ്യക്രമത്തോടുള്ള അഭിനിവേശവുമെല്ലാം ജനാധിപത്യത്തോടുള്ള അദ്ദേഹത്തിന്റെ താൽപ്പര്യം വ്യക്തമാക്കുന്നു. അദ്ദേഹം വാക്കിലും പ്രവർത്തിയിലും വിചാരത്തിലുമെല്ലാം ഒരു പരിപൂർണജനാധിപത്യവാദിയായിരുന്നു. ഗാന്ധിജി അന്നു നിലവിലിരുന്ന ജനാധിപത്യക്രമം അധികാരകേന്ദ്രീകരണം ഉൾക്കൊള്ളുന്നതാകയാൽ നിശിതമായി അദ്ദേഹം എതിർത്തിരുന്നു. അദ്ദേഹത്തിന്റെ കാഴചപ്പടിൽ ജനാധിപത്യ സർക്കാർ (ഗവൺമെന്റ്) ജനങ്ങൾക്ക് പരമാവധി സ്വാതന്ത്ര്യം നൽകി ഏറ്റവും കുറച്ചുഭരിക്കുന്ന ഒന്നായിരിക്കണം. അദ്ദേഹത്തിന് ജനാധിപത്യം ഏതെങ്കിലും ഒരുവിഭാഗത്തിന്റെ സർക്കാർ അല്ല. പകരം ജനങ്ങളുടെ (ദരിദ്രരും, ധനികരും, രാജാക്കന്മാരും, ഉൾപ്പെടുന്ന) സർക്കാർ ആണ്.

പരിപൂർണ വ്യക്തിത്വവികാസത്തിലൂടെ പൊതുവായ സാമൂഹ്യക്ഷേമം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു മാതൃകാസാമൂഹ്യക്രമമാണ് ജനാധിപത്യം. ജനാധിപത്യക്രമത്തിലുള്ള ഒരു സർക്കാർ ജനങ്ങൾക്ക് അനാവശ്യനിയന്ത്രണങ്ങളിൽ നിന്ന് മോചനവും പരിപൂർണവും തുല്യവുമായ പ്രവർത്തനസ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്നു. രാഷ്ട്രീയ അധികാരത്തിന്റെ നിയന്ത്രണപ്രക്രിയയിൽ ജനങ്ങൾക്ക് സ്വതന്ത്രമായ ഇടപെടൽ ഉറപ്പാക്കുന്നതാണ് ജനാധിപത്യം. ജനാധിപത്യത്തിൽ ജനങ്ങൾ സർക്കാറിനെ നിയന്ത്രിക്കുന്നു. ആശയങ്ങളുടെ സമാധാനപരമായ മത്സരങ്ങൾക്ക് ഇത് പലപ്പൊഴും വഴിയൊരുക്കുന്നു. ജനാധിപത്യരാഷ്ട്രങ്ങളുടെ കൂടിച്ചേരലിലൂടെ മാത്രമേ സമാധാനപരമായ ഒരു ലോകക്രമം കെട്ടിപ്പടുക്കാൻ സാധിക്കൂ.

ജനാധിപത്യത്തിന് പ്രധാനമായും രണ്ടു മാതൃകകളാണുള്ളത്. പ്രത്യക്ഷജനാധിപത്യവും, പരോക്ഷജനാധിപത്യവും. ജനങ്ങളുടെ നേരിട്ടുള്ള ഭരണമാണ് യഥാർഥജനാധിപത്യം. ഇവിടെ നയതീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ എല്ലാ യോഗ്യരായ പൗരന്മാർക്കും നേരിട്ട് ക്രിയാത്മകമായി പങ്കെടുക്കാം. ഇതിനെ പങ്കാളിത്തജനാധിപത്യം എന്നുപറയുന്നു. പരോക്ഷമായ ജനാധിപത്യത്തിൽ എല്ലാ യോഗ്യരായ പൗരന്മാർക്കും അധികാരമുണ്ട്. പക്ഷെ അത് നേരിട്ടു പ്രയോഗിക്കുന്നില്ല പകരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പ്രയോഗിക്കുന്നു. അതിനാൽ ഇതിനെ പ്രാതിനിധ്യജനാധിപത്യം എന്നുപറയുന്നു

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ ജനാധിപത്യം എല്ലാവിഭാഗം ആളുകളുടേയും ക്ഷേമം ഉയർത്തിപ്പിടിക്കുന്നു. അതിനാൽ ഇതിനെ 'സർവോദയ' എന്നു പറയുന്നു ഇവിടെ എറ്റവും മുകളിലുള്ളവരും താഴെയുള്ളവരും തുല്യരാണ്. ഇവിടെ വ്യക്തി കളുടെ നന്മയും സമൂഹത്തിന്റെ നന്മയും തമ്മിൽ വേർതിരിവില്ല. വ്യക്തികളുടെ ക്ഷേമം പൊതുക്ഷേമത്തിലടങ്ങിയിരിക്കുന്നു. ഇക്കാരണത്താൽ ഗാന്ധിജിയുടെ ജനാധിപത്യം രൂപത്തിലും ഗുണത്തിലും അധിഷ്ഠിതമാണെന്നു പറയാം.

5

***'ഗാന്ധിജിയുടെ ജനാധിപത്യം രൂപത്തിലും ഗുണത്തിലും അധിഷ്ഠിത മാണെന്നു പറയാം'- വിശകലനം ചെയ്യുക.***

## അഹിംസയും ജനാധിപത്യവും: ( Non-violence and Democracy )

യഥാർഥജനാധിപത്യവും അഹിംസയും തമ്മിലുള്ളബന്ധം ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. ജനാധിപത്യവും അക്രമവും ഒരുമിച്ചുപോവുകയില്ല. ഇന്ന് നാമമാത്രമായി ജനാധിപത്യം സ്വീകരിച്ചു പോരുന്ന രാഷ്ട്രങ്ങൾ പൂർണജനാധിപത്യം സ്വീകരിക്കുമ്പോൾ അഹിംസാവക്താക്കളാകുന്നു. അഹിംസ വ്യക്തിക്കുമാത്രമേ പ്രാവർത്തികമാക്കാൻ സാധാരണ രീതീയിൽ സാധിക്കൂ. ജനങ്ങൾ കൂടിച്ചേർന്ന രാഷ്ട്രത്തിന് അഹിംസയുടെ വക്താവാവുക കഠിനമാണ്.

ഒരു യഥാർഥ ജനാധിപത്യവാദി പരിശുദ്ധമായ അഹിംസാമാർഗത്തിലൂടെ തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നത് മാനവരാശിക്കും മുതൽക്കൂട്ടാണ്. യഥാർഥ ജനാധിപത്യം അഥവാ ജനങ്ങളുടെ പൂർണസ്വാതന്ത്ര്യം ഹിംസാമാർഗങ്ങളി ലൂടെയോ അസത്യമാർഗങ്ങളിലൂടെയോ നേടാനാകില്ല. സമാധാനപരമായ ഒരു ലോക ക്രമത്തിന് എല്ലായിടത്തും ജനാധിപത്യം കൊണ്ടുവരുന്നത് ഉചിതമാണെന്ന് ഏകദേശം ഒരു നൂറ്റാണ്ടു മുൻപേ ഗാന്ധിജി മനസ്സിലാക്കിയിരിക്കുന്നു.

## ബ്രിട്ടീഷ് പാർലമെന്റിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനവും പ്രാതിനിധ്യ ജനാധിപത്യവും:

പ്രാതിനിധ്യജനാധിപത്യത്തിൽ തങ്ങളുടെ പാർലമെന്റ് (നിയമനിർമാണസഭ) അംഗങ്ങളെ ജനങ്ങൾ തന്നെ തിരഞ്ഞെടുക്കുന്നു. ഈ സംവിധാനം നിരവധികാലത്തെ പരീക്ഷണത്തിനുശേഷം ഇംഗ്ലണ്ടിലാണാദ്യം തുടങ്ങിയത്. പങ്കാളിത്തജനാധിപത്യ ത്തിന് ചില സവിശേഷഗുണങ്ങളുണ്ട്. ഇവിടെ ജനങ്ങളുടെ വികാരത്തെ മാനിക്കുന്നു, വിപ്ലവതാൽപ്പര്യത്തെ ശാന്തമാക്കുന്നു, ജനങ്ങളുമായി കൂടുതൽ അടുത്തിടപഴകാൻ ഭരണകർത്താക്കളെ പ്രേരിപ്പിക്കുന്നു, ചർച്ചകൾക്കും വാദങ്ങൾക്കും കൂടുതൽ അവസരം ഒരുക്കുന്നു, വലിയ രാഷ്ട്രങ്ങളുമായി ഇടപാടുകൾക്ക് വഴിയൊരുക്കുന്നു.

ഇതൊക്കെയാണെങ്കിലും ഗാന്ധിജി ബ്രിട്ടീഷ് പാർലമെന്റിനെ (Mother parliament)

നിശിതമായി വിമർശിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇത് സ്ഥിരതയുള്ള ഒന്നായിരുന്നില്ല. കാലാകാലങ്ങളിൽ മന്ത്രിസഭ മാറിക്കൊണ്ടിരുന്നു. ഇക്കൂട്ടർ തങ്ങളുടെ അധികാരം നിലനിർത്താനും തങ്ങളുടെ പാർട്ടിയുടെ താൽപ്പര്യം കാത്തുസൂക്ഷിക്കാനുമാണ് ശ്രമിച്ചത്. ബ്രിട്ടീഷ് പാർലമെന്റിന് ജനോപകാരപ്രദമായി ഒന്നും ചെയ്യാൻ സാധിച്ചില്ല. ഇവിടെ അംഗങ്ങൾ സ്വാർഥതൽപ്പരരായിരുന്നു. യാതൊരു ആലോചനകളും കൂടാതെ അംഗങ്ങൾ പാർട്ടിക്കുവേണ്ടിമാത്രം നിലകൊണ്ടു. പ്രധാനമന്ത്രി ക്ഷേമകാര്യത്തേക്കാൾ അധികാരത്തിനുവേണ്ടിയാണ് നിലകൊണ്ടത്. അങ്ങനെ രാഷ്ട്രത്തിന്റെ വിലകൂടിയ ഒരു കളിപ്പാട്ടമെന്ന അവസ്ഥയിലേക്ക് പാർലമെന്റ് മാറി.

6

***ബ്രിട്ടീഷ് പാർലമെന്റിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനങ്ങളുടെ കാരണങ്ങൾ എന്തൊക്കെ?***

പാർലമെന്റിനെ വിമർശിക്കുന്നുവെങ്കിലും നിയന്ത്രണമുള്ളതും പ്രബുദ്ധവുമായ ജനാധിപത്യം ലോകത്തിലെ ഏറ്റവും മഹത്തരമായ ഒന്നായി ഗാന്ധിജി കാണുന്നു. പാശ്ചാത്യജനാധിപത്യം അതേപടി പകർത്തുന്നതിനെതിരെയാണ് അദ്ദേഹം മുന്നറിയിപ്പുതന്നത്. അദ്ദേഹത്തിന് ജനാധിപത്യത്തോട് വലിയ താൽപ്പര്യമായിരുന്നു. ജനാധിപത്യത്തെ എറ്റവും വലിയ പ്രസ്ഥാനമായി ദുർവ്യാഖ്യനിക്കപ്പെടാൻ സാധ്യതയുമുള്ള ഒന്നായി അദ്ദേഹം കണ്ടിരുന്നു. ആഗോളപരമായി നോക്കിയാൽ ഇന്ന് ലോകത്തിലെ ഏറ്റവും കൂടുതൽ അംഗീകരിക്കപ്പെട്ട ഭരണസംവിധാനമാണ് ജനാധിപത്യം. ഇതിനു പകരംവയ്ക്കാൻ മറ്റൊരുസംവിധാനം ഇപ്പോൾ നിലവിലില്ല.

## അധികാരവികേന്ദ്രീകരണവും ഗാന്ധിജിയും:
## (Gandhiji's views on Decentralization)

ജനങ്ങൾക്കും ജനപ്രതിനിധികൾക്കും പൊതുതീരുമാനങ്ങളെടുക്കുന്നതിന് കൂടുതൽ അധികാരം നൽകുന്നതാണ് രാഷ്ട്രീയഅധികാരവികേന്ദ്രീകരണം. പ്രാദേശികമായിട്ട് ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിലൂടെ ജനങ്ങൾക്ക് തങ്ങളുടെ പ്രതിനിധികളെ കൂടുതൽ അടുത്തറിയനാകും. ഇവിടെ രാഷ്ട്രീയതീരുമാനങ്ങളെടുക്കുന്നതിലും അവ നടപ്പിലാക്കുന്നതിലും ജനങ്ങൾക്കുള്ളപങ്ക് വളരെ വലുതായിരിക്കും.

രാഷ്ട്രീയ അധികാരവികേന്ദ്രീകരണം ഒരു ജനാധിപത്യത്തിന്റെ വിജയത്തിനുവേണ്ട അടിത്തറയാണെന്ന് ഗാന്ധിജി വിശ്വസിക്കുന്നു. അഹിംസയിലൂന്നിയ വികേന്ദ്രീകൃത ജനാധിപത്യം ഗ്രാമകേന്ദ്രീകൃത സമൂഹം ഉൾക്കൊള്ളുന്നതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അധികാരകേന്ദ്രീകരണം ജനാധിപത്യത്തിന് വെല്ലുവിളിയാണെന്നും, അത്

എല്ലാജനാധിപത്യമൂല്യങ്ങളേയും ഹനിക്കുന്നതാണെന്നും അദ്ദേഹം കരുതുന്നു.

ഗാന്ധിജിയുടെ മാതൃകാസാമൂഹികക്രമത്തിലെ സുപ്രധാന ചുവടുവയ്പ്പാണ് അധികാരവികേന്ദ്രീകരണം. ഏറ്റവും പ്രധാനപ്പെട്ട അധികാരങ്ങൾ പ്രാദേശിക ഭരണ സംവിധാനങ്ങളിലേക്ക് കൈമാറുന്ന പ്രക്രിയയാണ് അധികാരവികേന്ദ്രീകരണം. പ്രാതിനിധ്യ ജനാധിപത്യത്തിനുള്ള ഗാന്ധിജിയുടെ ഉത്തരമാണ് പഞ്ചായത്തിരാജ്. ഇതിൽ ജനപ്രതിനിധികളും ജനങ്ങളുംതമ്മിൽ കൂടുതൽ അടുത്തിടപഴകുന്നു. രാഷ്ട്രീയ പാർട്ടികൾ ഗ്രാമപഞ്ചായത്തിൽ ഇടപെടുന്നതിനോട് ഗാന്ധിജിക്ക് അഭിപ്രായമില്ല. ഗ്രാമപഞ്ചായത്തിൽ നിർവഹിക്കാൻപറ്റാത്ത കാര്യങ്ങൾ ജില്ലയ്ക്കോ സംസ്ഥാന തലത്തിനോ കൈമാറാം. നീതിനിർവഹണം, തർക്കപരിഹാരം, പ്രതിരോധ സംവിധാനം തുടങ്ങിയവയുൾപ്പടെയുള്ള പ്രവർത്തനങ്ങൾ അതാതു പഞ്ചായത്തു കളിൽ നടപ്പിലാക്കണം. എങ്കിലും കുറ്റവാളികളുടെ നീതിന്യായസംവിധാനം പഞ്ചായത്തുകൾക്കു കൈമാറുന്നതിനോട് ഗാന്ധിജിക്ക് യോജിപ്പില്ല.

ഗാന്ധിജിയുടെ പഞ്ചായത്തിരാജ് ഏറ്റവും വികേന്ദ്രീകൃതമായ ഒന്നാണ്. ഇവിടെ ഒരു പഞ്ചായത്ത് എന്നുപറയുന്നത് തിരഞ്ഞെടുക്കപ്പെട്ട അഞ്ചാളുകൾചേർന്ന ഭരണ സംവിധാനമാണ്. ഈ സഭ ആറുമാസത്തിനുള്ളിൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്തുയർന്നില്ലെങ്കിൽ അധികാരം അടുത്ത പ്രതിനിധികൾക്ക് കൈമാറേണ്ടതാണ്.

1992 ലെ പഞ്ചായത്ത്രാജ് നിയമത്തിലൂടെ ഇന്ത്യയിൽ അധികാരവികേന്ദ്രീകരണം യാഥർഥ്യമായി. ഭരണഘടനയുടെ 73-മതു അനുച്ഛേദത്തിലാണ് പഞ്ചായത്തിരാജ് നിയമം എഴുതിച്ചേർത്തത്. ഈ നിയമമനുസരിച്ച് ത്രിതല (ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) ഭരണസംവിധാനം നിലവിൽവന്നു.

## രാഷ്ട്രീയമൂല്യങ്ങളും ഗാന്ധിജിയും (Gandhiji's views on political values)

### സ്വാതന്ത്ര്യസങ്കല്പം: (Concept of freedom)

ഗാന്ധിജി വ്യക്തിസ്വാതന്ത്ര്യത്തെ സാമൂഹികകർത്തവ്യവുമായി ബന്ധിപ്പിച്ചു കാണുന്നു. സമൂഹവും വ്യക്തിയും തമ്മിൽ സുപരിചിതവും പരസ്പരാശ്രയത്വവുമുള്ള അഹിംസാധിഷ്ഠിതമായ ഒരു ബന്ധം സ്ഥാപിക്കുന്നു. പരിപൂർണവ്യക്തിത്വവാദത്തെ അദ്ദേഹം എതിർക്കുന്നു. സാമൂഹികകർത്തവ്യനിർവഹണത്തിനായി സാന്മാർഗിക നിയന്ത്രണങ്ങൾ ഗാന്ധിജി വ്യക്തികളിലേർപ്പെടുത്തുന്നു. ഇത് സമൂഹത്തിന്റെ

7

***രാഷ്ട്രീയ മൂല്യങ്ങളെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.***

**പ്രവർത്തനം**

- *ഗാന്ധിജിയുടെ പഞ്ചായത്തിരാജ് സംവിധാനത്തെപ്പറ്റി പ്രബന്ധം തയാറാക്കുക.*

ഉയർച്ചക്ക് അത്യാവശ്യമാണ്. അതോടൊപ്പം സമൂഹം വ്യക്തികളുടെ വളർച്ചയ്ക്ക് ആവശ്യമായ സ്വാതന്ത്ര്യവും അവസരങ്ങളും പ്രദാനം ചെയ്യണം.

"വ്യക്തികളുടെ സ്വാതന്ത്ര്യത്തിന് ഞാൻ വിലകൽപ്പിക്കുന്നു. എന്നാൽ മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്നകാര്യം മറക്കരുത്. അവൻ ഇന്നുള്ള നിലയിലെ ത്തിയത് സാമൂഹ്യപുരോഗതിക്കയി തന്റെ വ്യക്തിസ്വാതന്ത്ര്യം ക്രമപ്പെടുത്തിയ തിനാലാണ്. നിയന്ത്രണമില്ലാത്ത വ്യക്തിസ്വാതന്ത്ര്യം കാട്ടിലെ (മൃഗങ്ങളുടെ) നിയമമാണ്. വ്യക്തി സ്വാതന്ത്ര്യവും സാമൂഹികനിയന്ത്രണവും തമ്മിൽ ഒരു സന്തുലിതാവസ്ഥ നേടിയെടുക്കുവാൻ ശ്രമിക്കണം. സമൂഹത്തിന്റെ പൊതുനന്മക്കായി സ്വമേധയാ സാമൂഹ്യ നിയന്ത്രണം ഏറ്റെടുക്കുന്നത് ഒരുവനെയും അവനുൾപ്പെടുന്ന സമൂഹത്തെയും പരിപോഷിപ്പിക്കും." - ഗാന്ധിജി.

## സമത്വവും (തുല്യത) നീതിയും: (Equality and Equalistable Justice)

മനുഷ്യരുടെ ആധ്യാത്മിക അന്തസ്സത്തെയെക്കുറിച്ചുള്ള അഗാധവും തീവ്രവുമായ വിശ്വാസമാണ് ഗാന്ധിജിയുടെ തുല്യതയുടെഅടിസ്ഥാനം. മനുഷ്യരുടെ തുല്യതയ്ക്കായി അദ്ദേഹം നിലകൊള്ളുന്നു. ഭഗവത്ഗീതയനുസരിച്ച് ദൈവത്തിന്റെ കണ്ണുകളിൽ എല്ലാവരും തുല്യരാണ്. അതിനാൽ എല്ലാമനുഷ്യരും നിയമപരമായും രാഷ്ട്രീയമായും തുല്യരാണ്.

തുല്യതയെ അംഗീകരിക്കുന്നത് മനുഷ്യരുടെ അടിസ്ഥാനപരമായ ഗുണമായി ഗാന്ധിജി കാണുന്നു. എന്നാൽ ഇത് ഒരിക്കലും പരിപൂർണ തുല്യത അല്ല. ബൗദ്ധികവും ഭൗതികവുമായ അസമത്വം ഉണ്ടായിരിക്കും. എന്നാലും ഇവ വളർത്തിയെടുക്കാനുള്ള അവസരങ്ങളും പ്രയത്നങ്ങളും ഉണ്ടാവണം. സാമൂഹികവും വർഗപരവുമായ തുല്യതയില്ലാതെ രാഷ്ട്രീയസ്വാതന്ത്ര്യം പരിപൂർണമാവില്ല. സാമൂഹികവും വർഗപരവുമായ സമത്വം സ്വാതന്ത്ര്യത്തിന് അനിവാര്യമാണെന്ന് ഗാന്ധിജി പറയുന്നു. രാഷ്ട്രീയ സാമ്പത്തികതലങ്ങളിലുള്ള പ്രവർത്തനത്തിലൂടെ സമത്വം സ്വായത്തമാക്കണം.

സ്വതന്ത്രരാഷ്ട്രങ്ങളുടെ കൂട്ടായ്മയിൽ ഗാന്ധിജി നീതിക്കായി നിലകൊള്ളുന്നു. അഹിംസയുടെ ആദ്യ ചുവട് ജീവിതത്തിന്റെ എല്ലാത്തലത്തിലും നീതി എന്നതാണ് എന്ന് ഗാന്ധിജി പറയുന്നു. വംശീയ യാഥാസ്ഥിതിക, സാമ്രാജ്യത്വം, വർഗീയത, അയിത്തം തുടങ്ങിയവക്കൊക്കെ എതിരെ അദ്ദേഹം പോരാടി. ഒരു നവീകരണവാദി എന്ന നിലയിൽ അദ്ദേഹം സാമൂഹിക അനീതിക്കെതിരെയും അടിച്ചമർത്തലിനെതിരെയും പോരാടി. സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തുല്യതയ്ക്കായും നീതിക്കായും നിലകൊണ്ടു. ഈ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണദ്ദേഹം സ്വാതന്ത്ര്യസമരം നയിച്ചത്.

### അവകാശവും കർത്തവ്യവും: ( Rights and Duties )

ലളിതജീവിതവും ഉയർന്ന ചിന്താഗതിയും എന്നതിനെ ആസ്പദമാക്കിയാണ് ഗാന്ധിജിയുടെ അവകാശം, കർത്തവ്യം എന്നീ ആശയങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. കർത്തവ്യത്തിന്റെ വഴിയിൽ സ്വമേധയായുള്ള സഹനത്തെ ഗാന്ധിജി അനുകൂലിക്കുന്നു. അതുപോലെ ലാളിത്യവും നമ്മൾ സ്വമേധയാ ഉൾക്കൊള്ളേണ്ടതാണ്. ഇവ കർത്തവ്യ നിർവഹണത്തിന് സഹായകരമാവും.

ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഒരുവൻ തന്റെ കർത്തവ്യങ്ങളെപ്പറ്റിയാണ് എപ്പോഴും ചിന്തിക്കേണ്ടത്. കർത്തവ്യങ്ങൾ ഒരിക്കലും അവകാശങ്ങളെ ആശ്രയിക്കുന്നില്ല. എന്നാൽ അവകാശങ്ങൾ കർത്തവ്യങ്ങളെ ആശ്രയിക്കുന്നുണ്ട്. നമ്മൾ കർത്തവ്യങ്ങൾ ചെയ്താൽ അവകാശങ്ങൾ താനേ വന്നു ഭവിക്കും. കർത്തവ്യങ്ങൾ ചെയ്യാതിരുന്നാൽ അവകാശങ്ങളുടെ പുറകെ നമ്മൾ ഓടേണ്ടിവരും. അവകാശങ്ങൾ അപ്പോൾ ഒരു മരീചികയ്ക്കു തുല്യമായിരിക്കും.

അവകാശങ്ങളും കർത്തവ്യങ്ങളും പരസ്പരബന്ധിതങ്ങളാണ്. ഇത് മനുഷ്യനും സമൂഹവും തമ്മിലുള്ള ബന്ധംമൂലമാണ്. നമ്മൾ പ്രവർത്തിക്കുക മാത്രമാണ് ചെയ്യേണ്ടത്. അതിന്റെ ഫലം താനെ വന്നുകൊള്ളും എന്നാണ് ഭഗവാൻ കൃഷ്ണൻ ഗീതയിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ പ്രവർത്തനമാണ് കർത്തവ്യം, ഫലം ആണ് അവകാശം.

ഒരുവൻ തന്റെ കടമകളെക്കുറിച്ച് ബോധവാനായാൽ അവന്റെ അവകാശങ്ങൾ രാഷ്ട്രം സംരക്ഷിച്ചുകൊള്ളും. അവകാശങ്ങൾ എന്നു പറയുന്നത് സ്വയംസാക്ഷാത്കാരത്തിനുള്ള അവസരങ്ങൾ ആണ്. ഇത് ഒരുവന് മറ്റുള്ളവരെ സേവിക്കുന്നതിനുള്ള അവസരമാണ്. ഒരാൾക്ക് അവകാശങ്ങളെ വേണ്ടെന്നു വയ്ക്കാം പക്ഷേ കർത്തവ്യങ്ങളെ കുറ്റബോധംകൂടാതെ തഴയാനാകില്ല.

### ഗാന്ധിജിയുടെ രാഷ്ട്രീയകാഴ്ചപ്പാടുകൾ ( Gandhian concept of Politics )

ഗാന്ധിജിയുടെ അഭിപ്രായത്തിൽ രാഷ്ട്രീയത്തിലേർപ്പെടുന്നത് ആധുനികകാലത്ത് ഒഴിവാക്കാനാവാത്ത ഒന്നാണ്. രാഷ്ട്രം ഒരുവന്റെ ജീവിതത്തിലേക്ക് കടന്നുവന്നതുകൊണ്ടാണിത്. പണ്ട് തങ്ങളെ ഭരിക്കുന്നത് ആരെന്നുപോലുമറിയാതെ ജനങ്ങൾ ലളിതജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ ഇന്നങ്ങനെയല്ല. ഒരുവന് താൽപ്പര്യമില്ല എങ്കിൽക്കൂടിയും രാഷ്ട്രീയവുമായി ബന്ധപ്പെടാൻ നിർബന്ധിതനാവുകയാണ്. ഒരുവനെ ചുറ്റിയ സർപ്പമായിട്ടാണ് രാഷ്ട്രീയത്തെ ഗാന്ധിജി കാണുന്നത്. അധികാരം നേടുന്നതിനോ പ്രയോഗിക്കുന്നതിനോ അല്ല ഗാന്ധിജി രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. അതിനെ ശുദ്ധീകരിക്കുന്നതിനാണ്. എന്തെന്നാൽ രാഷ്ട്രീയപ്രവർത്തനത്തിലേർപ്പെടുക എന്നത് മതപരമായ കർത്തവ്യമായാണ് ഗാന്ധിജി കാണുന്നത്.

## രാഷ്ട്രീയത്തെ ആത്മീയവത്കരിക്കൽ (Spiritualization of Politics)

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം മോക്ഷത്തിലേക്കുള്ള മാർഗം രാഷ്ട്രസേവനത്തിലൂടെയും മാനവസേവനത്തിലൂടെയുമാണ്. ശത്രുവിനോടും സുഹൃത്തിനോടും

സമാധാനത്തോടുകൂടിയുള്ള ഒരു ജീവിതമാണ് ഗാന്ധിജി ആഗ്രഹിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതമില്ലാത്ത രാഷ്ട്രീയം ഇല്ല. ഇവിടെ മതം എന്നതുകൊണ്ട് ഗാന്ധിജി വ്യവസ്ഥാപിത മതത്തെയല്ല ഉദ്ദേശിക്കുന്നത്. ധാർമികമതത്തെയാണ് (Ethical Religion) രാഷ്ട്രീയം മതത്തോടുചേർന്ന് നിൽക്കുന്നു. മതത്തെ പുറന്തള്ളുന്ന രാഷ്ട്രീയം ഒരു മരണക്കെണിയായി അദ്ദേഹം കാണുന്നു. അത് ആത്മാവിനെ നശിപ്പിക്കുന്നു. ആയതിനാൽ ഗാന്ധിജി രാഷ്ട്രീയത്തെ ആത്മീയവത്ക്കരിക്കുന്നു. അഥവാ രാഷ്ട്രീയത്തിൽ ലക്ഷ്യത്തേക്കാൾ മാർഗത്തിനാണ് പ്രാധാന്യം നൽകുന്നത്.

ലക്ഷ്യം മാർഗത്തെ സാധൂകരിക്കും എന്ന മാക്കിയവെല്ലി (Machiavelli) യുടെ തത്വം രാഷ്ട്രീയത്തിൽ പ്രധാനതത്വമായി നിലകൊണ്ടിരുന്നു. രാഷ്ട്രീയം അതിന്റെ തന്നെയുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നു. രാഷ്ട്രീയത്തിൽ വ്യക്തികൾ തമ്മിലുള്ള ബന്ധത്തിലെപ്പോലെ സന്മാർഗികത കൽപ്പിച്ചിരുന്നില്ല. അതിനാൽ ഗാന്ധിജി ഇതിനെ എതിർത്തു. വ്യക്തികൾ തമ്മിലുള്ള ബന്ധത്തിൽ പാലിക്കുന്ന അതേ സന്മാർഗികത രാഷ്ട്രീയത്തിലും പ്രതിഫലിക്കണമെന്ന് ഗാന്ധിജി പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അസന്മാർഗിയായ ഒരുവന് രാഷ്ട്രീയത്തിൽ യാതൊരുസ്ഥാനവുമില്ല. രാഷ്ട്രീയം ഒരു സേവനമാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നിസ്വാർഥസേവനം അഥവാ നിഷ്കാമകർമ്മമാണ് മോക്ഷത്തിലേക്കുള്ള മാർഗം. ഈ നിഷ്കാമകർമ്മമാർഗമാണ് ഗാന്ധിജി രാഷ്ട്രീയത്തിൽ പ്രയോഗിച്ചത്. ഇക്കാരണത്താൽ സി.എഫ്.ആഡ്രൂസ് ഗാന്ധിജിയെ രാഷ്ട്രീയത്തിലെ വിശുദ്ധൻ എന്നുവിളിക്കുന്നു.

അധികാരരാഷ്ട്രീയം ജനങ്ങളെ സേവിക്കുന്നതിനുള്ള ഒരു മാർഗം മാത്രമാണെന്ന് ഗാന്ധിജി വീക്ഷിക്കുന്നു. രാഷ്ട്രീയാധികാരം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും തങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുതിനുള്ള ഒരു മാർഗംമാത്രമാണ്. അല്ലാതെ ലക്ഷ്യമല്ല. യഥാർഥ രാഷ്ട്രീയം നിസ്വാർഥമായ സാമൂഹികസേവനത്തിലൂടെ ഉരിത്തിരിഞ്ഞു വരുന്നതാണ്. ഇതിലൂടെ ഒരു പുതിയ സമാന്തരാധികാരം ഉടലെടുക്കുന്നു. ഇത് അധികാര രാഷ്ട്രീയത്തെ വെല്ലുവിളിക്കുന്നതിനും പരിശോധിക്കുന്നതിനും പര്യാപ്തമാണ്.

**8**

***(എ) എന്താണ് രാഷ്ട്രീയത്തെ ആത്മീയവത്കരിക്കൽ?.***
***(ബി) രാഷ്ട്രീയത്തിലെ വിശുദ്ധൻ ആരാണ്.? എന്തുകൊണ്ടാണ് ഈ വിശേഷണം?***

# ഗാന്ധിജിയുടെ അന്ത്യാഭിലാഷവും കല്പനകളും
## ( Gandhiji's Last Will and Testament)

### ലോക് സേവക്സംഘ്

**( Lok Sevak Sangh / An Association of Voluntary Servants of the People ജനങ്ങൾക്കു വേണ്ടിയുള്ള സന്നദ്ധപ്രവർത്തകരുടെ സംഘടന)**

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനെ തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനായി ഒരു പുതിയ ഭരണഘടന 1948 ജനുവരി 29 ന് (അദ്ദേഹം കൊല്ലപ്പെടുന്നതിന്റെ തലേ ദിവസം) ഗാന്ധിജി ചിട്ടപ്പെടുത്തുകയുണ്ടായി. ഇത് അദ്ദേഹത്തിന്റെ അവസാന രചന ആയതിനാൽ ഇതിനെ അദ്ദേഹത്തിന്റെ അന്ത്യാഭിലാഷവും കല്പനകളും എന്നു വിളിക്കുന്നു.

ഗാന്ധിജി ക്രമപ്പെടുത്തിയ മാർഗങ്ങളിലൂടെ ഇന്ത്യ സ്വാതന്ത്ര്യം കൈവരിച്ചു. പക്ഷേ ഇന്ത്യൻ ഗ്രാമങ്ങൾക്ക് സാമൂഹിക, സാമ്പത്തിക, സാന്മാർഗിക സ്വാതന്ത്ര്യം ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു. കൂടാതെ പൗരന്മാരുടെയും പട്ടാളക്കാരുടെയും അധികാരങ്ങൾ തമ്മിൽ ചില അസ്വാരസ്യങ്ങൾ നിലനിൽക്കുന്നതായും ഗാന്ധിജിക്ക് അനുഭവപ്പെട്ടു. ഇത് അനാരോഗ്യകരമായ തലങ്ങളിലേക്ക് കടക്കുന്നതായും അദ്ദേഹ ത്തിന് മനസ്സിലായി. ഇത്തരം കാരണങ്ങളാൽ ഗാന്ധിജി അപ്പോഴുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രസ്ഥാനം പിരിച്ചുവിടാൻ നിർദേശിക്കുകയും അത് ലോക് സേവക്സംഘ് ആയി മാറുന്നതാണ് ഉചിതം എന്നു നിർദേശിക്കുകയും ചെയ്തു.

ഗ്രാമീണരോ, ഗ്രാമീണമനസ്ഥിതിയുള്ള സ്ത്രീയോ പുരുഷനോ ആയ അഞ്ചു പേർക്ക് ഒരു പഞ്ചാത്ത്‌യൂണിറ്റ് തുടങ്ങാം. ഇത്തരത്തിലുള്ള രണ്ടുപഞ്ചായത്തുയൂണിറ്റുകൾക്ക് അവരിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരാളുടെ നേതൃത്വത്തിൽ പ്രവർത്തനപാർട്ടി രൂപീകരിക്കാം. ഇപ്രകാരം നൂറുപഞ്ചായത്തുകൾ കഴിഞ്ഞാൽ 51-മത് ഗ്രേഡ് ലീഡർക്ക് അവരുടെയിടയിൽനിന്നും രണ്ടാമതൊരു ലീഡറെ തിരഞ്ഞെടു ക്കാം. ആ ഗ്രേഡ്‌ലീഡർമാർ ഇത് ഇന്ത്യ മുഴുവൻ വ്യാപിപ്പിക്കുന്നതുവരെ തുടർന്നു പ്രവർത്തിക്കണം. രണ്ടാം ലീഡർമാർ ഒരുമിച്ച് തങ്ങളുടെ പ്രദേശത്തും ഇന്ത്യ മുഴുവനും പ്രവർത്തിക്കണം. രണ്ടാം ലീഡർമാർക്ക് ഒരു പ്രധാനിയെ തിരഞ്ഞെടുക്കാം. ആദ്ദേഹം എല്ലവരേയും നിയന്ത്രിക്കുകയും, നയിക്കുകയും ചെയ്യും.

നിലവിലുള്ള കോൺഗ്രസ്സിനെ രൂപാന്തരം വരുത്തി ജനങ്ങളുടെ സേവനത്തിനായുള്ള ഒരു കൂട്ടയ്മ ഉണ്ടാക്കുക എന്നതാണ് ഇതിലൂടെ ഗാന്ധിജി ഉദ്ദേശിച്ചത്. ഇത് ഒരു അഹിംസാധിഷ്ഠിതമായസമൂഹംരൂപീകരിക്കാൻ സഹായിക്കും. ഇതിലെ അംഗങ്ങൾക്ക് വേണ്ടഗുണങ്ങളും അദ്ദേഹം പറയുന്നുണ്ട്.

### ലോക് സേവക്സംഘ് അംഗത്തിനു വേണ്ട ഗുണങ്ങൾ:

1. എല്ലാ പ്രവർത്തകരും സ്വയംനിർമ്മിച്ചതോ എ.ഐ.എസ്.എ (A.I.S.A) അംഗീകരിച്ചതോ ആയ ഖാദിവസ്ത്രങ്ങൾ ധരിക്കുന്നവരായിരിക്കണം. ലഹരി

മുക്തനാകണം. ഒരു തരത്തിലുമുള്ള അയിത്തം സ്വമേധയായോ തന്റെ വീട്ടിലോ അംഗീകരിക്കരുത്. മത, വർഗ, വർണ, ആചാര, സ്ത്രീ-പുരുഷ വിവേചനമില്ലാതെ തുല്യത കല്പ്പിക്കുന്ന ആളാകണം.

2. തന്റെ അധീനതയിലുള്ള പഞ്ചായത്തിലെ എല്ലാ അംഗങ്ങളുമായി വ്യക്തിപരമായ നല്ല ബന്ധം പുലർത്തുന്നയാളാകണം.
3. ഗ്രാമീണരിൽനിന്നും ആളുകളെ കണ്ടെത്തി പേരുചേർത്ത് പരിശീലിപ്പിക്കണം
4. തന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഒരു രേഖ ഉണ്ടാക്കി സൂക്ഷിക്കണം.
5. ഗ്രാമീണർ സ്വയംപര്യാപ്തത നേടുന്നതിനായി കൃഷിയിലൂടെയും കരകൗശലത്തിലൂടെയും വ്യവസായങ്ങളിലൂടെയും അവരെ സംഘടിപ്പിക്കുന്നയാളാകണം.
6. വൃത്തിയുടെയും ശുചിത്വത്തിന്റെയും കാര്യത്തിൽ ആളുകളെ ബോധവൽക്കരിക്കുകയും, അവർക്കിടയിൽ സാംക്രമികരോഗങ്ങൾ പകരുന്നതു തടയുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നയാളാവണം.
7. ഗ്രാമീണജനങ്ങളുടെ ജനനം മുതൽ മരണം വരെയുള്ള വിദ്യാഭ്യാസം അടിസ്ഥാന വിദ്യാഭ്യാസ (Basic Education) മാതൃകയിൽ സംഘടിപ്പിക്കുന്നയാളാകണം.
8. ഈവ്യക്തി സമ്മതിദാനപ്പട്ടികയിൽ കാലാകാലങ്ങളിൽ കാണാതാകുന്നവരുടെ പേരുവിവരംരേഖപ്പെടുത്തണം.
9. ഈ വ്യക്തി യോഗ്യതയുണ്ടായിട്ടും നിയമപ്രകാരമുള്ള വോട്ടവകാശം ലഭിച്ചിട്ടില്ലാത്തവർക്ക് അതു നേടിക്കൊടുക്കണം.
10. മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കും, മറ്റുകാര്യങ്ങൾക്കുമായി സമയാസമയങ്ങളിൽ പരിശീലനം നേടുകയും, സജ്ജമായിരിക്കുകയും, സംഘ് സമയാസമയങ്ങളിൽ ഏർപ്പെടുത്തുന്ന നിയമങ്ങൾക്കനുസൃതമായി കർത്തവ്യങ്ങൾ ക്രമപ്പെടുത്തേണ്ടതുമാണ്.

ലോക് സേവക്സംഘ് ഇനിപ്പറയുന്ന സ്വയംഭരണ പ്രസ്ഥാനങ്ങളുമായി സംയോജിപ്പിച്ചിരിക്കുന്നു. 1. എ.ഐ.എസ്.എ (A.I.S.A.- All India Spinners Association ), 2.എ.ഐ.വി.ഐ.എ (A.I.V.I.A- All India Village Industries Association ), 3. ഹിന്ദുസ്ഥാനി തലീം സംഘ്, 4. ഹരിജൻ സേവക്സംഘ്, 5. ഗോ സേവാസംഘ്. ഗ്രാമീണരിൽ നിന്നും മറ്റുള്ളവരിൽനിന്നുമായി സംഘ് അതിന്റെ കർത്തവ്യനിർവഹണത്തിനാവശ്യമായ പണം കണ്ടെത്തണം.

9

***ലോക് സേവക്സംഘ് അംഗത്തിനുവേണ്ട ഗുണങ്ങൾ വിശദമാക്കുക.***

### പ്രബുദ്ധമായ അരാജകത്വം (Enlightened Anarchy)

വാച്യാർഥത്തിൽ അരാജകത്വം(Anarchey) എന്നാൽ ചിട്ടയില്ലായ്മ എന്നാണ്. രാഷ്ട്രീയകാഴ്ചപ്പാടിൽ ഇതൊരു തത്വചിന്തയാണ് (Philosophy). ഇത് ബാഹ്യശക്തി

കളുടെ ഇടപെടലില്ലാതെ സ്വയം ഭരിക്കാനുള്ള ആളുകളുടെ കഴിവ് വർധിപ്പികയും ആത്മവിശ്വാസംകൂട്ടുകയും ചെയ്യും.

'അനാർക്കി' എന്നപദം ഗ്രീക്കിൽ നിന്നാണുത്ഭവിച്ചത്. ഭരണകർത്താവില്ല എന്നാണർഥം. അരാജകത്വവാദികൾ എല്ലാത്തരത്തിലുമുള്ള ഗവൺമെന്റിനെയും മേൽക്കോയ്മയെയും അധികാരികളെയും നിഷേധിക്കുന്നവരാണ്. പക്ഷേ ഇക്കൂട്ടർ ഒരു വികേന്ദ്രീകൃത സമൂഹം വിഭാവനം ചെയ്യുന്നു. ഇവിടെ കളങ്കപ്പെട്ടസ്ഥാപനങ്ങളില്ല, സന്നദ്ധസംഘങ്ങളുടെ യോജിപ്പിലൂടെയാണ് സമൂഹം ഉരുത്തിരിഞ്ഞുവരുന്നത്. വ്യക്തിത്വവാദത്തിന്റെ തീവ്രമായതലമാണ് അരാജകത്വം.

ഗാന്ധിജി വിഭാവനം ചെയ്യുന്നത് പ്രബുദ്ധമായ ഒരു അരാജകത്വമാണ്. ഇവിടെ അവരവർതന്നെയാണ് തങ്ങളുടെ ഭരണകർത്താക്കൾ. തങ്ങൾ മറ്റുള്ളവർക്കൊരു തടസ്സമാവാതെ തങ്ങളെത്തന്നെ നിയന്ത്രിക്കുന്നു.

ഗാന്ധിജിയുടെ മാതൃകാരാഷ്ട്രം സ്വയം നിയന്ത്രണത്തിലധിഷ്ഠിതവും അഹിംസയിലൂന്നിയതുമായ ഒരു സാമൂഹിക ജീവിതക്രമം ആണ്. ഇവിടെ ഭരണാധികാരികളില്ല, പ്രജയില്ല; ഗവൺമെന്റില്ല; ആരും ഭരിക്കുന്നില്ല; ഭരിക്കപ്പെടുന്നുമില്ല. അഹിംസാതത്വങ്ങൾ പാലിച്ച്, സ്വയംനിയന്ത്രണമുള്ള പ്രബുദ്ധരായ ആളുകൾ ഉൾക്കൊള്ളുന്ന പരിപൂർണരാഷ്ട്രമാണ്. പരിപൂർണഅരാജകത്വം അഥവാ ഭരണകൂടമില്ലാത്ത സമൂഹം നേടുക അത്രലളിതമല്ല. അതിനാൽ ഗാന്ധിജിയുടെ ചിന്താഗതി അഹിംസാ രാഷ്ട്രം എന്ന സങ്കല്പത്തിന്റെ സൃഷ്ടിക്ക് വഴിയൊരുക്കി. ഈ അഹിംസാരാഷ്ട്രം ഒരു ക്രമമുള്ള അരാജകത്വമാണ്.

ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയഅധികാരം എന്നത് സാമൂഹിക മാറ്റത്തിനുള്ള ഒരു മാർഗം മാത്രമാണ്; ഒരിക്കലും ലക്ഷ്യമല്ല. ദേശീയജീവിതം ദേശീയ പ്രതിനിധികളിലൂടെ നിയന്ത്രിക്കുന്ന ഒരു ഉപകരണമാണിത്. ഇത്തരത്തിലുള്ള ഒരു രാഷ്ട്രം പ്രബുദ്ധമായ അരാജകത്വമുള്ളരാഷ്ട്രമായി കണക്കാക്കുന്നു. ഇവിടെ എല്ലാവരും അവരവരുടെ ഭരണകർത്താക്കളാണ്.

ഗാന്ധിജി പ്രബുദ്ധമായ അരാജകത്വം എന്നലക്ഷ്യം മൂന്നുതലങ്ങളിലായി വിവക്ഷിക്കുന്നു. ആദ്യപടിയിൽ ലക്ഷ്യം രാഷ്ട്രീയ സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ പെട്ടെന്നുള്ള സ്വരാജാണ്. അതായത് വിദേശഭരണത്തിൽ നിന്നും രാഷ്ട്രത്തെ സ്വതന്ത്രമാക്കുക. രണ്ടാം തലത്തിൽ ഗ്രാമീണ ജനാധിപത്യത്തിന്റെ പരിണാമത്തിലൂടെ അഹിംസാ രാഷ്ട്രം കെട്ടിപ്പടുക്കുക. മൂന്നാം തലത്തിൽ രാമരാജ്യമാണ് ലക്ഷ്യം.

### രാമരാജ്യം (Ramarajya)

ഗാന്ധിജിയുടെ മാതൃകാരാഷ്ട്രമാണ് രാമരാജ്യം. ഇതു പരിപൂർണമായും സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്. രാമരാജ്യം എല്ലാവർക്കും തുല്യ അവകാശം പ്രദാനം ചെയ്യുന്നു. ഇത്തരത്തിലുള്ള ഒരിടത്ത് എല്ലാവരും അയൽപക്കത്തുള്ളവർക്ക് വിഘാതമാവാത്തവിധം അവരവരെ ഭരിക്കും. മാതൃകാരാഷ്ട്രത്തിൽ

രാഷ്ട്രീയാധികാരമില്ല. കാരണം അവിടെ ഭരണകൂടമില്ല. ഇവിടെ ആളുകളുടെ പരമാധി കാരം പരിശുദ്ധമായ സാന്മാർഗികഅധികാരമാണ്. ഇത്തരത്തിലുള്ള മാതൃകാസമൂഹം അഥവാ രാജ്യതന്ത്രമാതൃകയെ രാമരാജ്യം എന്ന് ഗാന്ധിജി വിളിക്കുന്നു.

രാമരാജ്യത്തിലൂടെ സ്വർഗരാജ്യം ഭൂമിയിലെത്തിക്കാൻ ഗാന്ധിജി ശ്രമിമിക്കുന്നു. ഇവിടെ ഉള്ളവനും ഇല്ലാത്തവനുമില്ല, ധനികനും പാപ്പരുമില്ല, ഉയർന്നവനും താഴ്ന്ന വനുമില്ല, തൊഴിലാളിയും മുതലാളിയുമില്ല, മദ്യവും മയക്കുമരുന്നുമില്ല പട്ടിണിക്കാരില്ല അയിത്തമില്ല സ്ത്രീ-പുരുഷ വ്യത്യാസമോ വേർതിരിവോ ഇല്ല, എല്ലാവിശ്വാസ ങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്നു. ഇവിടുള്ളവർ അഭിമാനത്തോടെ, സന്തോഷ ത്തോടെ സ്വമേധയാ ആഹാരത്തിനുവേണ്ടിയുള്ള ശാരീരി പ്രയത്നം നടത്തുവരാണ്.

ഗാന്ധിജി രാമനെ ഒരു മാതൃകാഭരണകർത്താവായി കാണുന്നു. രാമൻ തന്റെ പ്രജകൾക്കായി കഴിവുറ്റഭരണം കാഴ്ചവച്ചയാളാണ്. ഇവിടെ എല്ലാവരും സന്തോഷ മുള്ളവരും അഭിവൃദ്ധിയുള്ളവരുമായിരുന്നു. രാമൻ തന്റെ പട്ടിയോടു പോലും നീതി പുലർത്തിയിരുന്നു. ഇതൊക്കെക്കൊണ്ടാണ് ഗാന്ധിജി രാമനെ ഒരു മാതൃകാ ഭരണ കർത്താവായി കരുതുന്നതും അദ്ദേഹത്തിന്റെ പേര് തന്റെ മാതൃകാസമൂഹ ത്തിനിട്ടതും.

### രാമരാജ്യത്തിന്റെ പ്രത്യേകതകൾ

1. ഇത് സ്വാതന്ത്ര്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്.
2. ഗ്രാമീണസ്വയംഭരണം ലക്ഷ്യംവയ്ക്കുന്നു .
3. എല്ലാവ്യക്തികളും അവരവരുടെ ഭരണകർത്താക്കളാണ്.
4. കേന്ദ്രീകരണത്തെ എതിർക്കുകയും വികേന്ദ്രീകരണത്തെ പിന്താങ്ങുകയും ചെയ്യുന്നു.
5. എല്ലാവർക്കും ക്ഷേമം എന്ന ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നു.
6. ഇവിടെ ഉരുത്തിരിയുന്ന സംസ്കാരം ഗ്രാമീണവും കാർഷികവുമാണ്.
7. ജയിലുകൾ ആവശ്യത്തിനു സ്വാതന്ത്ര്യമുള്ള ദുർഗുണപരിഹാരപാഠശാല കളാണ്.
8. പോലീസ് ജനങ്ങളുടെ സേവകരും നവീകരണവാദികളുമാണ്.
9. എല്ലാത്തരത്തിലുമുള്ള-രാഷ്ട്രീയ, സാമ്പത്തിക, സാന്മാർഗിക- നിയന്ത്രണ ങ്ങളിൽനിന്നും സ്വതന്ത്രമാണ്.
10. മാതൃകാഗ്രാമീണജനാധിപത്യഭരണം അഥവാ ഗ്രാമീണസ്വരാജ് ആണ് രാമരാജ്യത്തിന്റെ ആദ്യപടി.
11. വർഗീയഅസ്വാരസ്യങ്ങൾക്ക് ഇവിടെ യാതൊരു സ്ഥാനവുമില്ല
12. ജനങ്ങളുടെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്ന സംരക്ഷകരാണ് കോടതികൾ
13. വ്യക്തികളുടെ പ്രാഥമിക ആവശ്യം സാധൂകരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം
14. സമരങ്ങളും, സംഘട്ടനങ്ങളും വളരെകുറവാണ്.

15. ട്രസ്റ്റീഷിപ്പ്, ആഹാരത്തിനു വേണ്ടിയുള്ള പ്രയത്നം, സ്വയം പര്യാപ്തത, ആഗ്രഹങ്ങളെ ലഘൂകരിക്കൽ, ലളിതജീവിതം. ഗ്രാമീണ കുടിൽ വ്യവസായങ്ങൾ. സ്വദേശി തുടങ്ങിയവയൊക്കെ പ്രോത്സാഹിപ്പിക്കുന്നു.

10

***എന്താണ് ഗാന്ധിജിയുടെ രാമരാജ്യം. രാമരാജ്യവും മാവേലിയുടെ നാടുമായി താരതമ്യം ചെയ്യുക.***

## സ്വരാജ് (Swaraj)

ഹിന്ദ്സ്വരാജ് എന്ന തന്റെ പുസ്തകത്തിലൂടെയാണ് ഗാന്ധിജി സ്വരാജ് എന്ന ആശയം ആദ്യം മുന്നോട്ടുവച്ചത്. അദ്ദേഹത്തിന് സ്വരാജ് എല്ലാം ഉൾക്കൊള്ളുന്ന സമ്പൂർണമായ (രാഷ്ട്രീയ, സാമ്പത്തിക, സാമൂഹ്യ, സാന്മാർഗിക) ഒന്നാണ്. സ്വരാജ് പൗരാണികവും വിശുദ്ധവുമായ ഒരു പദമാണ്. ഇതിന് സ്വയംഭരണം, സ്വയംനിയന്ത്രണം എന്നീ അർഥങ്ങളാണുള്ളത്. എല്ലാ നിയന്ത്രണങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യം എന്നർഥമില്ല. താഴെത്തട്ടിലുള്ളവരുടെയും പട്ടിണിപ്പാവങ്ങളുടെയും താൽപ്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതാണ്.

അദ്ദേഹത്തിന്റെ വാക്കുകളിൽ- "സ്വരാജ് എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത് ഇന്ത്യൻ ഗവൺമെന്റ് ആണ്. ഇതു സ്ത്രീ-പുരുഷന്മാർ അടങ്ങിയ വലിയ ജനാവലിയിൽനിന്നും ജനങ്ങളുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കപ്പെടുന്ന (സമ്മതിധാനപ്പട്ടികയിൽ പേരുള്ളവരായിരിക്കണം, ആഹാരത്തിനു വേണ്ടിയുള്ള ശാരീരിക പ്രയത്നം (Bread labour) നടത്തുവരായിരിക്കണം, രാഷ്ട്രത്തിനുവേണ്ടി അദ്ധ്വാനം ചെയ്യുന്നവരായിരിക്കണം) വരുടെ ഗവൺമെന്റ് എന്നതാണ്

അധികാരികൾ ദുഷിക്കുമ്പോൾ അതിനെ എതിർക്കാൻ എല്ലാവരും കഴിവു നേടുന്നതാണ് യഥാർഥസ്വരാജ്. അല്ലാതെ കുറച്ചുപേർ കഴിവുനേടുതല്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ അധികാരികളെ നിയന്ത്രിക്കുന്നതിനുള്ള കഴിവ് വിദ്യാഭ്യാസത്തിലൂടെ ജനങ്ങൾ നേടിയെടുക്കുന്നതിലൂടെ സ്വരാജ് കൈവരിക്കാനാകും. ഗാന്ധിജിയുടെ സ്വരാജ് വ്യക്തിയും സമൂഹവുംതമ്മിലുള്ള ബന്ധം വിശദമാക്കുന്നു. സ്വരാജ് എന്നത് സ്വയംഭരണം എന്നും സ്വയഭരണാധികാരം എന്നുമൊക്കെ വിവർത്തനം ചെയ്യാറുണ്ട്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ എല്ലാ വ്യക്തികളും ജീവിതത്തിൽ സ്വയം ഭരണത്തിനായി ചുവടുവച്ചാൽ ഇന്ത്യ സ്വാഭാവികമായും രാഷ്ട്രസ്വയംഭരണം എന്ന നിലയിലേക്ക് ഉയരും. അതിനാൽ ഗാന്ധിജി എല്ലവരോടും അവരവർത്തന്നെ സ്വരാജ് നേടാൻ നിർദേശിക്കുന്നു. നമ്മൾ സ്വതന്ത്രരായാൽ ഇന്ത്യ സ്വതന്ത്രമാവും. ഇതിൽ നിന്നും ഒരു കാര്യം നമുക്കു മനസ്സിലാക്കാം എപ്പോഴാണോ നാം നമ്മെത്തന്നെ ഭരിക്കാൻ പഠിപ്പിക്കുന്നത് അതാണ് സ്വരാജ്. പൂർണസ്വരാജ് അർഥമാക്കുന്നത് ജനങ്ങളുടെ

ഇടയിലുള്ള ഉണർവാണ്. ഇതിലൂടെ ജനങ്ങളുടെ മൈത്രി, അടിച്ചമർത്ത ലിൽനിന്നുമുള്ള മോചനം, സാമ്പത്തിക മേഖലയിൽ ഉയർച്ച തുടങ്ങിയവയാണ് അർഥമാക്കുന്നത്.

ഗാന്ധിജിയെ സംബന്ധിച്ചടത്തോളം വിദേശഭരണത്തിൽ നിന്ന് സാമ്പത്തിക രംഗത്തും പൂർണസ്വാതന്ത്ര്യം നേടിയെടുക്കുക എന്നത് സ്വരാജിന്റെ ഭാഗമാണ് സ്വരാജിന് സാമൂഹികവും സാന്മാർഗികവും ധാർമികവുമായ ഭാഗങ്ങളുണ്ട് ഈ നാലു തലങ്ങളെയാണ് ഗാന്ധിജി സ്വരാജിന്റെ ചതുരം എന്ന് വിളിക്കുന്നത്.

11

***ഗാന്ധിജി വിഭാവനം ചെയ്ത സ്വരാജിന്റെ പ്രത്യേകതകൾ വിശകലനം ചെയ്യുക.***

## ഗ്രാമസ്വരാജ് അഥവാ വില്ലേജ് സ്വരാജ് ( Village Swaraj )

ഗ്രാമസ്വരാജാണ് ഗാന്ധിജിയുടെ ഗ്രാമപുനരുദ്ധാരണ മാതൃക. ഇതിൽ ഗ്രാമങ്ങളെ പുനർനിർമ്മാണം നടത്തുകയല്ല ചെയ്യുന്നത്. ഇവിടെ സ്വരാജിന്റെ സ്വതന്ത്രമായ ഗ്രാമീണയൂണിറ്റുകൾ നിർമിക്കുകയാണ് ചെയ്യുത്. രാഷ്ട്രത്തിന്റെയും, സാമ്പത്തിക ശാസ്ത്രത്തിന്റേയും, സാമൂഹ്യശാസ്ത്രത്തിന്റെയും തലങ്ങളിലൂടെ അഹിംസ പ്രായോഗികമാക്കുന്ന സംരംഭമാണ് ഗ്രാമസ്വരാജ്.

ഗ്രാമസ്വരാജിൽ ഗ്രാമങ്ങൾ പരിപൂർണാധികാരമുള്ള വികേന്ദ്രീകൃതമായ ചെറിയ രാഷ്ട്രീയഘടകങ്ങൾ ആണ്. ഗ്രാമസ്വരാജ് മനുഷ്യകേന്ദ്രീകൃതവും സ്വമേധ യായുള്ള സഹകരണത്തിലൂടെ എല്ലാപൗരന്മാർക്കും തൊഴിൽ പ്രദാനംചെയ്യുന്ന ലളിതമായ ഗ്രാമീണ സാമ്പത്തികക്രമമാണ്. ഇവിടുത്തെ പൗരന്മാർ ഭക്ഷണത്തിനും, വസ്ത്രത്തിനും, മറ്റ് അടിസ്ഥാനജീവിതാവശ്യങ്ങൾ നിറവേറ്റുവാനും പ്രയത്നിക്കുന്നു. ഗ്രാമസ്വരാജ് ഒരു പരിപൂർണസ്വയംഭരണമാണ്. ഇവിടെ എല്ലാവരും തങ്ങളുടെ അടിസ്ഥാനാവശ്യങ്ങളിൽ മറ്റുള്ളവരിൽനിന്നും പൂർണസ്വതന്ത്രരാണ്. എന്നാൽ ആശ്രയം വേണ്ട ചില ഘട്ടങ്ങളിൽ പരസ്പരാശ്രയം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

എല്ലാ ഗ്രാമങ്ങളുടെയും പ്രഥമശ്രദ്ധ അവരുടെ അടിസ്ഥാനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിലും വസ്ത്രനിർമ്മാണത്തിലുമാണ്. ഇവിടെ കന്നുകാലിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. മുതിർന്നവർക്കും കുട്ടികൾക്കും പ്രത്യേകം പ്രത്യേകമായി കളിസ്ഥലങ്ങൾ, വിശ്രമസ്ഥലങ്ങൾ തുടങ്ങിയവ ഉണ്ടായിരിക്കും. കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ പുകയില, കഞ്ചാവ് തുടങ്ങിയവ പോലുള്ള ലഹരിവസ്തുക്കൾ ഒഴികെയുള്ള നാണ്യവിളകൾ ഉൽപ്പാദിപ്പിക്കാം. ഓരോ ഗ്രാമവും ഒരു പ്രദർശനശാല, സ്കൂൾ, പൊതുഹാൾ തുടങ്ങിയവ ഒരുക്കണം. ഓരോ ഗ്രാമത്തിലും അവരവരുടെതായ ശുദ്ധജലസ്രോതസ്സുകൾ കണ്ടെത്തണം. അടിസ്ഥാന വിദ്യഭ്യാസം എല്ലാവർക്കും നിർബന്ധമാണ്. പരമാവധി എല്ലാപ്രവർത്തനങ്ങളും

സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കണം. ഇവിടെ അയിത്തംപാലിക്കുന്നവരോ അംഗീകരി ക്കുന്നവരോ ഉണ്ടാകരുത്. പ്രശ്നപരിഹാരമാർഗങ്ങൾ അഹിംസയും സത്യഗ്രഹവു മാണ്. പരസ്പരസഹകരണവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉപയോഗി ക്കണം. ഇക്കാര്യങ്ങളെല്ലാം ഗ്രാമീണർ പരിശീലിക്കണം. ഗ്രാമസംരക്ഷണ സേവനം എല്ലാ മുതിർന്നപൗരന്മാർക്കും നിർബന്ധമാണ്. ഇതിനായി ഗ്രാമങ്ങളിൽ രജിസ്റ്റർ ഉണ്ടാക്കി സൂക്ഷിക്കുകയും, ഇതിൽനിന്നും ആളുകളെ പരിവർത്തനക്രമത്തിൽ; (Rotation) തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തുകയും വേണം. ഇവിടുത്തെ ഗവൺമെന്റ് വർഷാവർഷം ആ ഗ്രാമസമൂഹത്തിലെ പ്രായപൂർത്തിയായ സ്ത്രീ-പുരുഷന്മാരിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ചാളുകൾ നിർവഹിക്കേണ്ട താണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെടുവർക്ക് അടിസ്ഥാനപരമായി ചില യോഗ്യത കൾ ഉണ്ടായിരിക്കണം. ഈ തിരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് നിയമനിർമ്മാണ സഭയും നീതിന്യായ വകുപ്പും കർത്തവ്യനിർവഹണവകുപ്പുമെല്ലാം കൈകാര്യം ചെയ്യണം. വ്യക്തി സ്വാതന്ത്ര്യത്തിലധിഷ്ഠിതമായ പരിപൂർണജനാധിപത്യവും അഹിംസയുമാണ് വ്യക്തികളെയും ഗവൺമെന്റിനെയും ഭരിക്കുന്നത്. ഓരോരുത്തരും അവരവരുടെ ഗ്രാമത്തിന്റെയും ലോകത്തിന്റെയും ഉന്നമനത്തിനായി നിലകൊള്ളണം.

## ഗ്രാമസ്വരാജിന്റെ അടിസ്ഥാനതത്വങ്ങൾ (Basic Principles of Village swaraj)

1. **മനുഷ്യന്റെ മേൽക്കോയ്മ:-** എല്ലാവർക്കും പരിപൂർണതൊഴിൽ - എല്ലാ ആളു കൾക്കും ജീവിക്കാനുള്ള അവകാശമുണ്ട്. അതിനാൽ ആഹാരത്തിനും വസ്ത്ര ത്തിനും പാർപ്പിടത്തിനുമുള്ളമാർഗങ്ങൾ കണ്ടെത്തണം. അതിനായി എല്ലാ വർക്കും തൊഴിൽവേണം
2. **ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം:-** എല്ലവരും അവരവരുടെ ആഹാര ത്തിനായി മാത്രം പ്രയത്നിച്ചാൽ അവിടെ എല്ലാവർക്കും ആവശ്യത്തിനു ഭക്ഷണവും വിശ്രമവുമുണ്ടാവും. അവിടെ ജനപ്പെരുപ്പവും സാംക്രമികരോഗ ങ്ങളും ദുരിതങ്ങളുമുണ്ടാവുകയില്ല.
3. **സമത്വം:-** സാമ്പത്തികതുല്യത അഹിംസാധിഷ്ഠിതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനകാര്യമാണ്. ഇത് തുല്യനീതിക്കായും എല്ലാവരുടെയും ക്ഷേമത്തി നായും നിലകൊള്ളും.
4. **ട്രസ്റ്റീഷിപ്പ്:-** ഇവിടെ സമ്പത്ത് സാമൂഹികസ്വത്തായി കണക്കാക്കുന്നു. ധനികർ തങ്ങളുടെ സ്വത്ത് വിട്ടുകൊടുക്കണം. അതായത് തങ്ങൾക്ക് അടിസ്ഥാനപരമായി വേണ്ടതു മാത്രം എടുക്കുകയും ബാക്കിയുള്ളത് പൊതുക്ഷേമത്തിനായി കാത്തു സൂക്ഷിച്ച് വിനിയോഗിക്കുകയും വേണം.
5. **വികേന്ദ്രീകരണം:-** പരിപൂർണവ്യക്തിത്വവികസനവും വ്യക്തിസ്വാതന്ത്ര്യവും വികേന്ദ്രീകരണത്തിലൂടെ മാത്രമെ നടക്കൂ.
6. **സ്വദേശി:-** അകലെയുള്ളതിനെ ഉപേക്ഷിച്ച് അടുത്തുള്ളത് പരമാവധി ഉപയോഗ

പ്രദമാകുന്നതിനായുള്ള നമ്മുടെ ഉള്ളിൽ തന്നെയുള്ള ഒരു ചേതോവികാരമാണ് സ്വദേശി.

7. **സ്വയംപര്യാപ്തത:-** എല്ലാ ഗ്രാമങ്ങളും സ്വയം നിലനിലനിൽക്കുന്നവയും അവരുടെകാര്യങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നവയുമായിരിക്കണം.
8. **സഹകരണം:-** പരമാവധി എല്ലാപ്രവർത്തനവും സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കണം.
9. **സത്യഗ്രഹം:-** അഹിംസയും സത്യഗ്രഹവും, നിസ്സഹകരണവും ഗ്രാമീണ സമൂഹത്തിന് അനുവദിക്കപ്പെട്ടിരിക്കുന്നു.
10. **സർവധർമസമഭാവ :-** എല്ലാ മതങ്ങൾക്കും തുല്യവുമായസ്ഥാനം.
11. **പഞ്ചായത്ത്രാജ് :-** അവശവിഭാഗങ്ങളെ ചൂഷണം ചെയ്യുന്നത് ഇല്ലാതാക്കാനും ഇൻഡ്യൻ സമൂഹത്തിലെ ലക്ഷക്കണക്കിനാളുകൾക്ക് സന്തോഷം പ്രദാനം ചെയ്യാനുമുള്ള ഒരേയൊരുമാർഗമാണ് പഞ്ചായത്ത്രാജ്.
12. **അടിസ്ഥാനവിദ്യാഭ്യാസം:-** സാക്ഷരതവിദ്യാഭ്യാസത്തിന്റെ തുടക്കമോ ലക്ഷ്യമോ അല്ല. എല്ലാ സ്ത്രീ-പുരുഷന്മാർക്കും വിദ്യാഭ്യാസം നേടുന്നതിനുള്ള മാർഗം മാത്രമാണിത്.

**പ്രവർത്തനം**

- ***ഗ്രാമസ്വരാജിന്റെ പ്രത്യേകതകളെപ്പറ്റിയും ഒരു ലേഖനം തയാറാക്കുക.***

## രാഷ്ട്രീയ പാർട്ടികൾ: (Political parties)

ജനാധിപത്യത്തിന്റെ ആദ്യകാലം മുതലുള്ള പ്രകടമായ സ്ഥാപനങ്ങളാണ് രാഷ്ട്രീയ പാർട്ടികൾ. തിരഞ്ഞെടുപ്പിൽ പങ്കാളിയാകുതിനും, അധികാരത്തിൽ വരുന്നതിനുമായി സമാന ചിന്താഗതിക്കാരായ ജനങ്ങൾ സംഘടനയാണ് രാഷ്ട്രീയ പാർട്ടികൾ. രൂപപ്പെടുത്തിയ തിരഞ്ഞെടുപ്പിൽ പങ്കാളിയാവുക, അധികാരത്തിൽ വരുക, നയങ്ങളും പ്രവർത്തനനടപടികളും മുന്നോട്ടുവരുക, നിയമങ്ങൾ ഉണ്ടാക്കുക, പൊതുതാൽപ്പര്യത്തിനുവേണ്ടി നിലകൊള്ളുക, പൊതുക്ഷേമപരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവയൊക്കെയാണ് രാഷ്ട്രീയപാർട്ടികളുടെ പ്രധാനപ്രവർത്തനങ്ങൾ. ഒരു രാഷ്ട്രീയ പാർട്ടിക്ക് പ്രധാനമായും മൂന്നു ഘടകങ്ങൾ ഉണ്ട്- നേതാക്കൾ, അംഗങ്ങൾ, അനുയായികൾ. രാഷ്ട്രീയപാർട്ടികൾ ശക്തമായ പ്രാതിനിധ്യജനാധിപത്യത്തിന്റെ അടിത്തറപാകുവാൻ അത്യന്താപേക്ഷിതമാണ്.

## രാഷ്ട്രീയ പങ്കാളിത്തം: (Political Participation)

രാഷ്ട്രീയപങ്കാളിത്തം എന്നത് ഏതെങ്കിലും രാഷ്ട്രീയ മേഖലയിൽ എന്തെങ്കിലും കാര്യത്തിന് രൂപം കൊടുക്കുകയോ അതിൽ സംബന്ധിക്കുകയോ, ഉൾപ്പെടുകയോ

ചെയ്യുന്ന പ്രവർത്തനമാണ്. ജനാധിപത്യചട്ടക്കൂടിൽ നിന്നുകൊണ്ട് വോട്ടുചെയ്യുക, പ്രകടനങ്ങളിൽ പങ്കാളിയാവുക, അധികാരികൾക്ക് പരാതി കൊടുക്കുക തുടങ്ങിയ വയോ സമാനമായപ്രവർത്തനമോ ഒക്കെ രാഷ്ട്രീയ പങ്കളിത്തത്തിൽ പ്പെടുന്നു. കൂടാതെ സ്വതന്ത്രമായി അഭിപ്രായപ്രകടനം നടത്തുക, ഒത്തുചേരുക, പൊതു വ്യവഹാരങ്ങളിൽ പങ്കാളിയാവുക തുടങ്ങിയവയും രാഷ്ട്രീയ പങ്കാളിത്വത്തിൽപ്പെടുന്നു.

തിരഞ്ഞെടുപ്പിൽ പങ്കളിയാവുക എന്നത് വെറും വോട്ടുചെയ്യൽ മാത്രമല്ല, തിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർഥിയായി മത്സരിക്കാനും, തിരഞ്ഞെടുപ്പു പ്രചാരണങ്ങൾ നടത്താനും ജയിച്ച് ഏതെങ്കിലും തലത്തിലുള്ള ഗവൺമെന്റ് സ്ഥാപന ത്തിന്റെ ഓഫീസ്ചുമതല വഹിക്കാനുമൊക്കെയുള്ള വ്യക്തിപരമായ അവസരമാണ്. അന്താ രാഷ്ട്ര നിലവാരമനുസരിച്ച് സ്ത്രീയും പുരുഷനും രാഷ്ട്രീയപ്രക്രിയയിൽ തുല്യ അവകാശമാണുള്ളത്.

## ദേശീയതയും അന്തർദേശീയതയും: (Nationalism and Internationalism)

ഓരോ ജനവിഭാഗവും അവരുടെ സംസ്കാരത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായ ഒരു പ്രത്യേക രാഷ്ട്രം കെട്ടിപ്പടുക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷേ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇന്ത്യൻ ദേശീയത ഒരിക്കലും ഒരു സങ്കുചിതമായദേശീയതല്ല.

ഗാന്ധിജിയുടെ വാക്കുകളിൽ – "ദേശീയത എന്ന ആശയം എന്നെ സംബന്ധിച്ചിട ത്തോളം എന്റെ രാജ്യം സ്വതന്ത്രമാവുക എന്നതാണ്. അതുപോലെതന്നെ മാനവരാശി യുടെ നിലനിൽപ്പിനായി എന്റെ ദേശീയത വേണമെങ്കിൽ മരിക്കും. ഇവിടെ വർഗപര മായി യാതൊരുവിദ്വേഷവുമില്ല. നമ്മുടെരാജ്യം ആർക്കും യാതൊരു ഹാനിയും വരുത്തുന്നില്ല. നമ്മളാരെയും ചൂഷണംചെയ്യുകയില്ല. നമ്മളെ ചൂഷണം ചെയ്യാൻ ആരെയും അനുവദിക്കുകയുമില്ല. സ്വരാജ് എന്നതിലൂടെ നമ്മൾ ലോകത്തെ സേവിക്കും."

ഗാന്ധിജിയുടെ അന്തർദേശീയത മഹത്തരമായ അഹിംസ എന്നതിന്റെ രാഷ്ട്രീയവും സമൂഹികവുമായ പ്രയോഗമാണ്. പരിപൂർണവും സാർവലൗകികവുമായി എല്ലാ ജീവജാലങ്ങളോടുമുള്ള അനുകമ്പ എന്നതത്വത്തിൽ ഗാന്ധിജി അടിയുറച്ച് വിശ്വസി ക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്ന ഏതൊരാളും സ്വാഭാവികമായി നമ്മളെ മറ്റുജീവികളുമായി താരതമ്യം ചെയ്യും. എല്ലാവരെയും സൃഷ്ടിച്ചിരിക്കുന്നത് ദൈവമാ ണെന്ന വിശ്വാസമാണിതിനു കാരണം. അതിനാൽ മാനവരാശിയെ സ്നേഹിക്കുന്നത് അഹിംസയുടെ ഒരു തലമാകുന്നു. അതിനാൽ അന്തർദ്ദേശീയത എന്നത് രാഷ്ട്രീയതല ത്തിൽ മനുഷ്യവർഗത്തോടുള്ള സ്നേഹം തിരിച്ചറിയുതിനുള്ള ദൃഢമായ മാർഗമാണ്.

## ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗാന്ധിജിയുടെ പ്രാധാന്യം

ആധുനിക ഇന്ത്യൻ രാഷ്ട്രീയചിന്താഗതി ക്രമമില്ലായ്മക്ക് മുൻതൂക്കമുള്ളതാണ്. ഈ പാരമ്പര്യത്തിന്റെ പ്രതിനിധിയാണ് ഗാന്ധിജി. അദ്ദേഹം രാഷ്ട്രീയത്തിൽ സാന്മാർ

ഗികതക്ക് ഊന്നൽ നൽകുക. മറ്റേതൊരു ചിന്തകനെക്കാളുമുപരി, രാഷ്ട്രീയത്തിൽ മാർഗത്തിനാണ് ലക്ഷ്യത്തേക്കാൾ പ്രധാന്യം എന്ന് ഗാന്ധിജി പറയുന്നു. ജനാധിപത്യത്തിന്റെ വളർച്ചയും അഹിംസയുടെ വളർച്ചയും പരസ്പരബന്ധിതമായി അദ്ദേഹം കാണുന്നു. അധികാരകേന്ദ്രീകരണത്തെയും അമിതമായ സ്വാതന്ത്ര്യത്തെയും എതിർക്കുകയും രാഷ്ട്രീയവികേന്ദ്രീകരണത്തെ പിന്താങ്ങുകയും ചെയ്യുന്നു. ഗാന്ധിജിയുടെ ജനാധിപത്യത്തിൽ ഒരു വിഭാഗത്തിന് മറ്റൊരുവിഭാഗത്തെ ചൂഷണംചെയ്യാൻ അവസരമില്ല. അദ്ദേഹം പാശ്ചാത്യമാതൃകയിലുള്ള രാഷ്ട്രീയസംവിധാനങ്ങളെ എതിർക്കുന്നു. നമ്മുടെ പുരാതനമായ പഞ്ചായത്തുസംവിധാനത്തെ പുനസൃഷ്ടിക്കുന്നതിന് ശ്രമിക്കുന്നു.

## സംഗ്രഹം:-

ഈ യൂണിറ്റിൽ രാഷ്ട്രത്തെയും രാഷ്ട്രഘടകങ്ങളെയും രാഷ്ട്രീയമൂല്യങ്ങളെയും പറ്റി പ്രതിപാദിക്കുന്നു. ജനാധിപത്യം, പ്രാതിനിധ്യജനാധിപത്യം, അധികാര വികേന്ദ്രീകരണം, പഞ്ചായത്ത്രാജ് തുടങ്ങിയവയും വിവരിക്കുന്നു. ഇപ്പറഞ്ഞ ഓരോന്നിനെപ്പറ്റിയും ഗാന്ധിജിക്കുള്ള വ്യക്തമായ കാഴ്ചപ്പാട് വിശദമായി പറയുന്നു. കൂടാതെ ഗാന്ധിജിയുടെ ആശയങ്ങളായ സ്വരാജ്, ഗ്രാമസ്വരാജ്, മാതൃകാസമൂഹം, ലോക് സേവക്സംഘ്, എന്നിവയും വ്യക്തമാക്കുന്നു.

## വിശകലനാത്മകചോദ്യങ്ങളുടെ ഉത്തരസൂചിക

1. രാഷ്ട്രതന്ത്രം എന്നാൽ ഭരണനിർവഹണതത്വങ്ങൾ. രാഷ്ട്രതന്ത്രത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.
2. പ്രയോജനം, പ്രവർത്തന രീതി, ഭൂപ്രദേശം, പരമാധികാരം എന്നിവ.
3. ജനങ്ങൾ, ഭൂപ്രദേശം, സർക്കാർ, പരമാധികാരം.
4. സ്വാതന്ത്ര്യം, നീതി, സമത്വം.
5. സമത്വം, വ്യക്തിസ്വാതന്ത്ര്യം, സാഹോദര്യം, നീതിയുക്തമായ സാമൂഹികക്രമം, അധികാര വികേന്ദ്രീകരണം, ജനപങ്കാളിത്തം.
6. സ്ഥിരതയില്ല, അധികാരമോഹം, പാർട്ടിയുടെ താൽപ്പര്യം സംരക്ഷിക്കുന്നു, സ്വാർഥതാൽപ്പര്യം, ജനോപകാരപ്രദമായി ഒന്നും ചെയ്യുന്നില്ല.
7. സ്വാതന്ത്ര്യ സങ്കല്പം, വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യനിയന്ത്രണവും തമ്മിൽ സന്തുലനാവസ്ഥയുണ്ടാകുന്നു.

   എല്ലാവിഭാഗക്കാർക്കും സമത്വവും തുല്യനീതിയും കർത്തവ്യങ്ങൾക്ക് അവകാശങ്ങളെക്കാൾ പ്രാധാന്യംകൊടുക്കുന്നു.
8. (എ) രാഷ്ട്രീയത്തിൽ ധാർമ്മികത ഉണ്ടാവണം. ലക്ഷ്യവും മാർഗവും ഒരുപോലെ പ്രാധാന്യമുള്ളതാണ്.

   (ബി) മഹാത്മാഗാന്ധി രാഷ്ട്രീയത്തെ ആത്മീയവൽക്കരിച്ചു.

9. ലോക് സേവക്സംഘ് അംഗത്തിനുവേണ്ട 10 ഗുണങ്ങൾ.
10. ഗാന്ധിജിയുടെ മാതൃകാരാഷ്ട്രം, രാമരാജ്യത്തിന്റെ സവിശേഷതകൾ മാവേലിനാട്ടിലെ സമത്വം, നീതി, ധാർമ്മികത.
11. സ്വരാജിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്

## വിലയിരുത്തൽ ചോദ്യങ്ങൾ

1. രാഷ്ട്രത്തിന്റെ ഘടകങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കുക.
2. രാഷ്ട്രീയമൂല്യങ്ങൾ ഏവ. ഇതിന് ഇന്ന് പ്രസക്തിയുണ്ടോ. വിശദമാക്കുക.
3. രാഷ്ട്രസംവിധാനത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിവരിക്കുക.
4. ഗാന്ധിജിയുടെ രാഷ്ട്രീയആശയങ്ങൾ വിശദമാക്കുക.
5. പങ്കാളിത്തജനാധിപത്യവും ഇതിനോടുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകളും വിശകലനം ചെയ്യുക.
6. വികേന്ദ്രീകരണം എന്നാലെന്ത്? ഗാന്ധിജിയുടെ ആശയങ്ങൾ മുൻനിർത്തി വിശദീകരിക്കുക.
7. രാമരാജ്യം എന്തെന്ന് വിശദമാക്കുക.
8. ഗാന്ധിജിയുടെ സ്വരാജിനെപ്പറ്റി വിശദമായി എഴുതുക.
9. ഗാന്ധിജിയുടെ ആശയത്തിലുള്ള മാതൃകാസമൂഹത്തിന്റെ പ്രത്യേകതകൾ വിവരിക്കുക.

## ഉത്തര സൂചിക

1. ജനസംഖ്യ, ഭൂപ്രദേശം, ഗവൺമെന്റ്, പരമാധികാരം.
2. സ്വാതന്ത്ര്യം നീതി, സമത്വം.
3. ചൂഷണത്തിൽ നിന്നും, അസമത്വങ്ങളിൽനിന്നും അക്രമത്തിൽനിന്നും, വർഗ വർണവിവേചനത്തിൽ നിന്നും മുക്തമായ രാഷ്ട്രരഹിതവ്യവസ്ഥ.
4. ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
5. അധികാരവികേന്ദ്രീകരണം പ്രാതിനിധ്യ ജനാധിപത്യം എന്നിവയെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
6. പ്രധാനപ്പെട്ട അധികാരങ്ങൾ പ്രാദേശിക ഭരണസംവിധാനങ്ങളിലേക്ക് കൈമാറുന്ന പ്രക്രിയ.
7. ഗാന്ധിജി വിഭാവനം ചെയ്ത മാതൃകാരാഷ്ട്രം, രാമരാജ്യത്തിന്റെ സവിശേഷതകൾ.

8. സ്വരാജ് എന്നാൽ സ്വയംഭരണം. സ്വരാജിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ.
9. രാമരാജ്യത്തിന്റെ സവിശേഷതകൾ

## ഇന്റേൺഷിപ്പ്

- നിലവിലുള്ള പഞ്ചായത്തിരാജ് സംവിധാനം കൂടുതൽ മനസ്സിലാക്കുന്നതിനായി ഏതെങ്കിലും പഞ്ചായത്ത്ഓഫീസ് സന്ദർശിച്ച് ആ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ വിലയിലയിരുത്തി ഒരു പഠനറിപ്പോർട്ട് തയാറാക്കുക.

## തുടർപ്രവർത്തനം/മൂല്യനിർണയപ്രവർത്തനം

- 'ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗാന്ധിജിയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ ഒരു സെമിനാർ തയാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങൾ വിവരിക്കാൻ | | | |
| • രാഷ്ട്രത്തെയും രാഷ്ട്രതന്ത്രത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ വിശദമാക്കാൻ | | | |
| • ജനാധിപത്യത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും പ്രതിപാദിക്കാൻ | | | |
| • ഗാന്ധിജിയുടെ ജനാധിപത്യ കാഴ്ചപ്പാടുകൾ വിവരിക്കാൻ | | | |
| • അധികാര വികേന്ദ്രീകരണം എന്താണെന്നും അതിന്റെ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിവരിക്കാൻ | | | |
| • ഗാന്ധിജിയുടെ 'രാമരാജ്യ' സങ്കല്പത്തെപ്പറ്റി വിശദമായി പ്രതിപാദിക്കാൻ | | | |
| • ഗ്രാമസ്വരാജിനെപ്പറ്റിയും അതിന്റെ തത്വങ്ങളെപ്പറ്റിയും വിശദീകരിക്കാനും മാതൃകാരാഷ്ട്രത്തെക്കുറിച്ചും അതിന്റെ പ്രത്യേകതകളെക്കുറിച്ചും വിശകലനം ചെയ്യാൻ | | | |

# 8

# മഹാത്മാഗാന്ധിയുടെ സാമ്പത്തിക ആശയങ്ങൾ

## ആമുഖം

സാമ്പത്തിക ശാസ്ത്രത്തിലെ പൊതുവായ ചില ആശയങ്ങളാണ് ഈ അധ്യായത്തിൽ ആദ്യം പരാമർശിക്കുന്നത്. ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്രചിന്തകൾ ശരിയാംവിധം മനസ്സിലാക്കുന്നതിന് ഇത് അത്യാവശ്യമാണ്. ഗാന്ധിജിയുടെ പ്രധാന സാമ്പത്തികശാസ്ത്ര ചിന്തകളും വിനോബ ഭാവെ, ജെ.സി. കുമരപ്പ, ഇ.എഫ്.ഷൂമാക്കർ എന്നിവരുടെ ആശയങ്ങളും വിശദീകരിക്കുന്നു.

**പഠനനേട്ടങ്ങൾ**

- സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ വിശദീകരിക്കുന്നു.
- ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രചിന്തകളുടെ ഉറവിടങ്ങൾ അപഗ്രഥിക്കുന്നു.
- ഗാന്ധിജിയുടെ പ്രധാനപ്പെട്ട സാമ്പത്തികആശയങ്ങൾ വിശകലനം ചെയ്യുന്നു.
- വിനോബ ഭാവെ, ജെ.സി.കുമരപ്പ, ഇ.എഫ്. ഷൂമാക്കർ എന്നിവരുടെ ഗാന്ധിയൻ സാമ്പത്തികചിന്തകളിലുള്ള സംഭാവനകൾ വിലയിരുത്തുന്നു.

## സാമ്പത്തിക ശാസ്ത്രം

സാമ്പത്തികശാസ്ത്രത്തെപ്പറ്റി പൊതുവായ ചിലകാര്യങ്ങൾ നിങ്ങൾ താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്. നിങ്ങൾ മനസ്സിലാക്കിയ ആശയങ്ങൾ താഴെത്തന്നിരിക്കുന്ന സ്ഥലത്ത് എഴുതുക. തുടർന്ന് അവ നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യുക.

- പണം
- വില
- ബാങ്ക്
- 
- 
- 

ഈ സങ്കല്പങ്ങളെല്ലാം തന്നെ നമ്മുടെ ദൈനംദിന ജീവിതത്തിൽ നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടവയാണ്. അതുകൊണ്ട് കുറെക്കൂടി ആഴത്തിൽ നമുക്ക് സാമ്പത്തികശാസ്ത്രത്തെ മനസ്സിലാക്കാം. സമ്പത്തെന്ന് പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യമായി എത്തുന്നത് എന്തൊക്കെ കാര്യങ്ങളാണ്?

- ഭൂമി
- ആഭരണങ്ങൾ
- 
- 
- 

ആഡം സ്മിത്താണ് (1723-1790) ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ്.

"ദേശസമ്പത്തിന്റെ സ്വഭാവത്തിലേക്കും കാരണങ്ങളിലേക്കുമുള്ള അന്വേഷണം" (An inquiry in to the nature and causes of the wealth of nation-1790) എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിൽ സമ്പത്തിന്റെ ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രമെന്നദ്ദേഹം പ്രഖ്യാപിച്ചു. സാമ്പത്തികശാസ്ത്രത്തിന്റെ ആദ്യ നിർവചനമാണിത്. ഈ നിർവചന

ത്തിൽ സമ്പത്തിനാണ് സ്മിത്ത് പ്രാധാന്യം നൽകിയത്. എന്നാൽ സാമ്പത്തിക ശാസ്ത്രത്തിന്റെ വളർച്ചയോടു കൂടി ഈ സിദ്ധാന്തം ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി.

നിങ്ങളുടെ ജീവിതത്തിൽ സമ്പത്ത് മാത്രമാണോ ക്ഷേമം ഉറപ്പ് വരുത്തുന്നത്?

ആൽഫ്രഡ് മാർഷൽ (1842-1924) സാമ്പത്തികശാസ്ത്രത്തെ ക്ഷേമത്തിന്റെ അടിസ്ഥാനത്തിൽ നിർവചിച്ചു. അദ്ദേഹം പറഞ്ഞു സാമ്പത്തിക ശാസ്ത്രം സമ്പത്തിന്റേതല്ല മറിച്ച് മനുഷ്യന്റെ ക്ഷേമത്തെ കുറിച്ചുള്ളതാണ്. 1890-ൽ പ്രസിദ്ധീകരിച്ച **"സാമ്പത്തികശാസ്ത്രത്തിന്റെ തത്വങ്ങൾ" (Principles of Economics)** എന്ന വിഖ്യാത ഗ്രന്ഥത്തിലാണ് മാർഷൽ തന്റെ നിർവചനം അവതരിപ്പിച്ചത്.

**നിർവചനത്തിന്റെ പ്രധാനആശയങ്ങൾ താഴെപ്പറയുന്നവയാണ്.**

- മനുഷ്യന്റെ സാധാരണ ജീവിതത്തെ കുറിച്ചുള്ള പഠനമാണ് ഇത്.
- വ്യക്തിഗതമായും സാമൂഹ്യമായും മനുഷ്യൻ നടത്തുന്ന എല്ലാപ്രവർത്തനങ്ങളും അവന്റെ ക്ഷേമത്തിനുവേണ്ടി ഭൗതികവസ്തുക്കൾ നേടുന്നതിനും ഉപയോഗിക്കുന്നതിനും വേണ്ടിയുള്ളതാണ്.
- സമ്പത്തിനെകുറിച്ചുള്ള പഠനമാണെങ്കിലും അതിലെല്ലാമുപരി ഇത് മനുഷ്യനെ കുറിച്ചുള്ള പഠനം തന്നെയാണ്.

കാലക്രമേണ ഈ സിദ്ധാന്തവും ചോദ്യംചെയ്യപ്പെട്ടു തുടങ്ങി.

നിങ്ങളുടെ കൈവശമുള്ള പണം കൊണ്ട് നിങ്ങളുടെ എല്ലാആവശ്യങ്ങളും നിറവേറ്റാൻ കഴിയുമോ?

എന്തുകൊണ്ടാണ് നിങ്ങൾ നിങ്ങളുടെ ചില ആഗ്രഹങ്ങൾ മാറ്റിവയ്ക്കുന്നത്? മനുഷ്യന്റെ അനന്തമായ ആഗ്രഹങ്ങൾ പരിമിതമായ വിഭവങ്ങൾ കൊണ്ട് എങ്ങനെയാണ് നിറവേറ്റുന്നതെന്ന് വിശദമാക്കുന്ന ശാസ്ത്രമാണ് സാമ്പത്തിക ശാസ്ത്രമെന്ന് പ്രൊഫസർ ലയണൽ റോബിൻസ് പ്രഖ്യാപിച്ചു.

1931-ൽ പ്രസിദ്ധീകരിച്ച **"സാമ്പത്തിക ശാസ്ത്രത്തിന്റെ സ്വഭാവവും പ്രാധാന്യവും" (Nature and Significance of Economics)** എന്ന വിഖ്യാത ഗ്രന്ഥത്തിലാണ് ലയണൽ റോബിൻസ് ഈ നിർവചനം അവതരിപ്പിച്ചത്.

"ആവശ്യങ്ങളും വിവിധതരത്തിൽ ഉപയോഗപ്പെടുത്താവുന്ന ദുർലഭങ്ങളായ വിഭവങ്ങളും തമ്മിലുള്ളബന്ധമെന്ന നിലയ്ക്ക് മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രമാണ് ധനശാസ്ത്രം."

ഈ നിർവചനത്തിന്റെ പ്രധാനആശയങ്ങൾ താഴെ പറയുന്നവയാണ്.

- മനുഷ്യന്റെ ആവശ്യങ്ങൾ എണ്ണമറ്റവയാണ്. അവ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പരിമിതവും.
- പരിമിതമായ വിഭവങ്ങൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കാവുന്നവയാണ്.
- വിഭവങ്ങൾ പരിമിതമായതിനാൽ തന്റെ ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവ തിരഞ്ഞെടുക്കുവാൻ മനുഷ്യൻ നിർബന്ധിതനാകുന്നു.

ഈ നിർവചനവും പലകാരണങ്ങളാൽ ചോദ്യംചെയ്യപ്പെട്ടു. ദുർലഭമായ വിഭവങ്ങളെ വർധിപ്പിക്കുന്നതിലൂടെയും വികസിപ്പിക്കുന്നതിലൂടെയും മനുഷ്യന്റെ കൂടുതൽ ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുവാൻ കഴിയുമെന്ന് ചില സാമ്പത്തികശാസ്ത്രജ്ഞർ വാദിച്ചു.

പോൾ.എ.സാമുവൽസൺ ആയിരുന്നു ഇവരിൽ പ്രധാനി. അദ്ദേഹം പറഞ്ഞു "വ്യക്തികളോ സമൂഹങ്ങളോ പണം ഉപയോഗിച്ചും അല്ലാതെയും ദുർലഭങ്ങളും വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്നവയുമായ ഉൽപ്പാദനവിഭവങ്ങൾ എങ്ങനെ വിനിയോഗിച്ച് കാലാനുസൃതമായി വിവിധ വസ്തുക്കൾ ഉൽപ്പാദിപ്പിക്കാമെന്നും, അവ വ്യക്തികൾക്കും സമൂഹങ്ങൾക്കും വർത്തമാനകാലത്തും ഭാവിയിലുമുള്ള ഉപഭോഗത്തിനായി എങ്ങനെ വിതരണം ചെയ്യാമെന്നും പ്രതിപാദിക്കുന്ന ശാസ്ത്രമാണ് ധനശാസ്ത്രം."

- അനന്തമായ ആഗ്രഹങ്ങളും അവ നിറവേറ്റുന്നതിനായി പരിമിതമായ വിഭവങ്ങളും ഉള്ളതിനാലാണ് തിരഞ്ഞെടുപ്പ് അനിവാര്യമാകുന്നത്. അതുകൊണ്ട് ഏതാഗ്രഹത്തിന് മുൻഗണന കൊടുക്കണമെന്നും ഏതാഗ്രഹം മാറ്റിവെയ്ക്കണമെന്നും നമുക്ക് തീരുമാനിക്കേണ്ടിവരുന്നു.
- ആഗ്രഹങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ലഭ്യമായ വിഭവങ്ങൾ വർധിപ്പിക്കുന്നതിലൂടെ മാത്രമേ നമ്മുടെ വർധിച്ച ആഗ്രഹങ്ങൾ നിറവേറ്റപ്പെടുവാൻ കഴിയൂ.

സാമ്പത്തികപ്രശ്നങ്ങളെപ്പറ്റി മാത്രമല്ല മറിച്ച് സാമ്പത്തികവളർച്ച, തൊഴിൽ, ഉൽപ്പാദനം, വരുമാനം എന്നീ നിർണായകഘടകങ്ങളെപ്പറ്റിയും ധനശാസ്ത്രം പ്രതിപാദിക്കുന്നു.

## ഒരു സമ്പദ്‌വ്യവസ്ഥയിലെ മുഖ്യപ്രശ്നങ്ങൾ
## (The Central Problems of an Economy)

നിങ്ങൾ ഒരു ചെറുകിട സംരഭം ആരംഭിക്കുന്നുവെന്ന് സങ്കല്പിക്കുക. എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് നിങ്ങൾക്ക് എടുക്കേണ്ടിവരുക ?

- ഏത് സംരംഭം ആരംഭിക്കണം
- എവിടെ ആരംഭിക്കണം
- 
- 
- 

ഇതുപോലെ എല്ലാ സമ്പദ്‌വ്യവസ്ഥകളും മുഖ്യമായ ചിലപ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവയാണ് ഇനിപരാമർശിക്കുന്നത്.

### 1. വിഭവ-വിഭജനം (Resource Allocation)

വിഭവങ്ങൾ ദുർലഭമായതാണ് ഈ പ്രശ്നത്തിന് കാരണം. പ്രധാനമായും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കാണുമ്പോഴാണ് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നത്.

**a. എന്ത് എത്രമാത്രം ഉൽപ്പാദിപ്പിക്കണം (What to produce and in what Quantities)**

വിഭവങ്ങൾ സുലഭമായിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല. ഒരു സമ്പദ്‌വ്യവസ്ഥയ്ക്ക് നിരവധി സാധന സേവനങ്ങൾ ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. വിഭവങ്ങൾ പരിമിതമായതിനാൽ എന്ത് ഉൽപ്പാദിപ്പിക്കണമെന്ന് മുൻഗണന നിശ്ചയിക്കേണ്ടി വരുന്നു. മാത്രവുമല്ല ഒരു സാധനം കൂടുതലായി ഉൽപ്പാദിപ്പിക്കുമ്പോൾ അത് മറ്റൊരു സാധനത്തിന്റെ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കും. അതിനാൽ ഏതളവിൽ സാധനം ഉൽപ്പാദിപ്പിക്കണമെന്നും തീരുമാനിക്കേണ്ടി വരുന്നു. ഉദാഹരണത്തിന് സമാധാനകാലത്ത് ഒരു സമ്പദ്‌വ്യവസ്ഥയിൽ കൃഷിക്കും മറ്റ് ഉപഭോഗ സാധനങ്ങളുടെ ഉൽപ്പാദനത്തിനുമായിരിക്കും മുൻഗണന നൽകുക. എന്നാൽ യുദ്ധകാലത്ത് വിഭവങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് യുദ്ധസാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനായിരിക്കും.

**b. എങ്ങനെ ഉൽപ്പാദിപ്പിക്കണം (How to produce)**

സാങ്കേതികവിദ്യയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നം ഉദിക്കുന്നത്. എന്ത്, ഏതളവിൽ ഉൽപ്പാദിപ്പിക്കണമെന്ന് തീരുമാനിച്ചുകഴിഞ്ഞാൽ ഏതെല്ലാം വിഭവങ്ങൾ ഉപയോഗിച്ച് ഏതേത് സാങ്കേതികരീതികളിൽ അവ ആരുൽപ്പാദിപ്പിക്കണം എന്നുള്ളതാണ് അടുത്തതായി തീരുമാനിക്കേണ്ടത്. ഒരേ വസ്തു തന്നെ വിവിധ സാങ്കേതിക രീതികളിൽ പല തോതിൽ വിഭവങ്ങൾ സംയോജിപ്പിച്ച് ഉൽപ്പാദിപ്പിക്കാവുന്നതാണ്. സാങ്കേതികവിദ്യയെ പ്രധാനമായും രണ്ടു രീതിയിൽ തരംതിരിക്കാവുന്നതാണ്.

- **തൊഴിൽ തീവ്രസാങ്കേതികരീതി (Labour Intensive Technique)**

കൂടുതൽ തൊഴിൽശക്തിയും കുറച്ച് മൂലധനവും ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന രീതിയാണിത്.

- **മൂലധന തീവ്രസാങ്കേതികവിദ്യ (Capital Intensive Technique)**

കൂടുതൽ മൂലധനവും കുറച്ച് തൊഴിൽ ശക്തിയും ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന രീതിയാണിത്. സമ്പദ്‌വ്യവസ്ഥയുടെ ആവശ്യകത, വിഭവങ്ങളുടെ ലഭ്യത, എന്നിവ കണക്കിലെടുത്ത് വേണം ഏതു രീതിയിലുള്ള സാങ്കേതികവിദ്യ വേണമെന്ന് തീരുമാനിക്കുന്നത്.

- **ആർക്കുവേണ്ടി ഉൽപ്പാദിപ്പിക്കണം (For whom to produce)**

ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധന-സേവനങ്ങൾ വിഭവ ഉടമകൾക്ക് എങ്ങനെ വിതരണം ചെയ്യണം എന്നുള്ളതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഭൂമി, തൊഴിൽശക്തി, മൂലധനം, സംഘാടനം എന്നീ ഉൽപ്പാദനഘടകങ്ങൾക്കാണ് ആദ്യമായി ഉൽപ്പാദിപ്പിക്കപ്പെട്ട സാധന-സേവനങ്ങൾ വിതരണം ചെയ്യേണ്ടത്. രണ്ടാമതായി സമൂഹത്തിലെ അംഗങ്ങൾ, കുടുംബങ്ങൾ എന്നിവർക്കുള്ള സാധന-സേവനങ്ങളുടെ വിതരണമാണ്.

**2. വിഭവങ്ങളുടെ പൂർണഉപയോഗം (Fuller utlisation of resources)**

ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം എന്നത് എല്ലാ സമ്പദ്‌വ്യവസ്ഥ

കളും നേരിടുന്നപ്രശ്നമാണ് കുറഞ്ഞ പരിശ്രമത്തിലൂടെ വിഭവങ്ങളുടെ പാഴാക്കൽ ഇല്ലാതെ പരമാവധി ഉൽപ്പാദനം സാധ്യമാക്കുക എന്നതാണ് വിഭവങ്ങളുടെ പൂർണ ഉപയോഗം എന്നതുകൊണ്ടാണ് അർഥമാക്കുന്നത്.

### 3. വിഭവങ്ങളുടെ വർധനവ് (Growth of resources)

ലഭ്യമായവിഭവങ്ങളുടെ വർധനവ് സമ്പദ്‌വ്യവസ്ഥകളുടെ വളർച്ചക്ക് അനിവാര്യമാണ്. വിഭവങ്ങളുടെ കാര്യക്ഷമമായ വർധനവിലൂടെ മാത്രമെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സാധിക്കൂ. മൂലധനരൂപീകരണത്തിന്റെ നിരക്ക്, മുതൽ മുടക്ക്, നിക്ഷേപം എന്നിവ ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കേണ്ട വിഷയങ്ങളാണ്.

## ഉൽപ്പാദന ഘടകങ്ങൾ

### ഭൂമി (Land) :

മണ്ണ്, ജലം, വായു, ധാതുക്കൾ, സസ്യജാലങ്ങൾ തുടങ്ങി ഉൽപ്പാദനത്തിനുപയോഗിക്കുന്ന എല്ലാപ്രകൃതിവിഭവങ്ങളും ഭൂമിയുടെപരിധിയിൽ ഉൾപ്പെടുന്നു. ഭൂമിയുടെ ഉപയോഗത്തിന് ലഭിക്കുന്ന പ്രതിഫലം വാടകയാണ് (rent)

### തൊഴിൽ (Labour) :

സാധന–സേവനങ്ങളുടെ ഉൽപ്പാദനത്തിനായി മാനസികവും ശാരീരികവുമായി ഒരു വ്യക്തി നടത്തുന്ന പരിശ്രമത്തിനെയാണ് തൊഴിൽ എന്നതുകൊണ്ട് അർഥമാക്കുന്നത്. തൊഴിലിനുലഭിക്കുന്ന പ്രതിഫലം കൂലിയാണ്.

### മൂലധനം (Capital):

യന്ത്രങ്ങൾ, പണം, കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയെല്ലാം മൂലധനത്തിന്റെ പരിധിയിൽ വരുന്നു. പലിശ (interest) ആണ് മൂലധനത്തിന്റെ പ്രതിഫലം.

### സംരംഭകൻ(Entreprener) :

മറ്റെല്ലാ ഉൽപ്പാദനോപാധികളെയും സംയോജിപ്പിച്ച് ലാഭത്തിനായി ഉൽപ്പാദന പ്രക്രിയക്ക് നേതൃത്വംനൽകുന്ന വ്യക്തിയാണ് സംരംഭകൻ. ലാഭമാണ് ഇവരുടെ പ്രതിഫലം.

## ഗാന്ധിജിയുടെ സാമ്പത്തികആശയങ്ങളുടെ ഉറവിടങ്ങൾ

പരമ്പരാഗതമായ നമ്മുടെ ധാരണയനുസരിച്ചുള്ള സാമ്പത്തികശാസ്ത്രജ്ഞനല്ല ഗാന്ധിജി. അദ്ദേഹത്തിന്റെ സാമ്പത്തികആശയങ്ങളെല്ലാം അദ്ദേഹത്തിന്റെ അനുഭവങ്ങളുടെയും ചിന്തയുടെയും പ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടവയാണ്. ഒരേസമയം ഭൗതികാടിസ്ഥാനത്തിൽ നിന്നും ആധ്യാത്മിക തലത്തിൽ നിന്നുമാണ് അദ്ദേഹം തന്റെ സാമ്പത്തികചിന്തകളെ വിശകലനംചെയ്തത്.

തന്റെ സാമ്പത്തികശാസ്ത്രചിന്തകൾ രൂപീകരിക്കുന്നതിൽ നിരവധി ഉറവിടങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയായ ഹിന്ദുമതം. ക്ലാസിക്കൽ സാമ്പത്തികശാസ്ത്രത്തിന് പാശ്ചാത്യചിന്തകന്മാരിൽ നിന്നുണ്ടായ വിമർശനങ്ങൾ, ബ്രിട്ടീഷ് സാമ്രാജ്യത്വഭരണം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതങ്ങൾ എന്നിവയാണ് ഇവിടെ പരാമർശിക്കുന്നത്.

### ഹിന്ദുമതം

ഗാന്ധിജിയുടെ എല്ലാചിന്തകളുടെയും അടിസ്ഥാന ഉറവിടം ഹിന്ദുമതം ആണ്. ഇതിൽ ഏറ്റവുംപ്രധാനപ്പെട്ട രണ്ടു ചിന്തകളാണ് ധർമ്മവും മോക്ഷവും. സാമൂഹ്യ ക്രമം നിലനിർത്തുവാൻ ഒരുവൻ അനുഷ്ഠിക്കുന്ന കർത്തവ്യമാണ് ധർമം. ഇതു പ്രകാരം എല്ലാവ്യക്തികൾക്കും ചിലജോലികൾ ഉണ്ട്. സാമൂഹ്യക്രമം നിലനിർത്തുന്നതിന് എല്ലാ വരും അവരവരുടെ ജോലികൾ സത്യസന്ധമായി നിർവഹിക്കണം. ഇതവന്റെ ധർമ്മ മാണ്. ഇവിടെ ഓരോ വ്യക്തിയുടെയും സാമ്പത്തിക താൽപ്പര്യങ്ങൾ ഈ ധാർമ്മിക നിയമത്തോട് ചേർന്നുപോകുന്നു. അങ്ങനെ വരുമ്പോൾ വ്യക്തിപരമായലാഭത്തിനല്ല സമൂഹത്തിന്റെ കൂട്ടായ നന്മയ്ക്കുവേണ്ടിയാണ് വ്യക്തികൾ അധ്വാനിക്കുന്നത്. മോക്ഷം എന്നതിന് മോചനം എന്നാണർഥം. ഭൂമിയിലെ ജീവിതചക്രത്തിൽ നിന്നുള്ള മോചന മാണത്. ഇന്ത്യൻ ആധ്യാത്മികതയുടെ ആത്യന്തിക ലക്ഷ്യമാണിത്. ലോകത്തിൽ നിന്നു മുള്ള പരിത്യാഗമല്ല മോക്ഷം. മറിച്ച് നമ്മുടെ സ്വാർഥതയിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നുമുള്ള മോചനമാണത്. ധർമ്മത്തെ ശുദ്ധീകരിക്കുന്നത് മോക്ഷമാണ്. ഭഗവദ്ഗീത യിലെ കാതലായ ഉപദേശമാണിത്. ധർമ്മവും മോക്ഷവും ഒരുവന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് ഗാന്ധിയൻ സാമ്പത്തിക ചിന്തകളുടെ അടിസ്ഥാനം.

ഗാന്ധിജി പറയുന്നു, "ആധുനികപാഠപുസ്തകങ്ങളെക്കാൾ പുരാതനങ്ങളായ മഹത്ഗ്രന്ഥങ്ങളാണ് സാമ്പത്തികസിദ്ധാന്തങ്ങൾക്ക് അടിസ്ഥാനങ്ങളായി നാം കാണേണ്ടത്."

(മഹാത്മവാല്യം - 1 91951) പുറം - 238) ഇപ്രകാരം നോക്കുമ്പോൾ ഹിന്ദുമതതത്വ ങ്ങൾ ഗാന്ധിജിയുടെ സാമ്പത്തികചിന്തകളെ സ്വാധീനിച്ചതായി നമുക്കു വിലയിരു ത്താൻ കഴിയും.)

## മഹാന്മാരായ ചിന്തകർ

### ജോൺ റസ്കിൻ (1819 - 1900)

സമ്പത്തിന്റെ ശാസ്ത്രമാണ് സാമ്പത്തിക ശാസ്ത്രമെന്ന ആഡം സ്മിത്തിന്റെ ആശയത്തെ ജോൺ റസ്കിൻ നിശിതമായി വിമർശിക്കുന്നു. റസ്കിന്റെ ആശയങ്ങൾ ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, "എന്റെ പല പ്രധാനആശയങ്ങളും കണ്ടെത്തലുകളും റസ്കിൻ എഴുതിയ പുസ്തകത്തിലുണ്ട്. അതിനാലാണ് അതെന്നെ ഇത്രയധികം സ്വാധീനിച്ചതും എന്റെ ജീവിതംതന്നെ മാറ്റിമറിച്ചതും."

*(ആത്മകഥ 1966 - പുറം 224)*

റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന പുസ്തകത്തെകുറിച്ചാണ് ഗാന്ധിജി ഇവിടെ പരാമർശിക്കുന്നത്. 'പരമാവധി ജനങ്ങൾക്ക് പരമാവധി നന്മ' എന്ന സാമ്പ ത്തികാശയത്തെ റസ്കിൻ തള്ളിക്കളയുന്നു. 'പരമാവധി സംതൃപ്തി, സാമ്പത്തിക മനുഷ്യൻ' എന്നീ ആശയങ്ങളെ റസ്കിൻ നിശിതമായി വിമർശിക്കുന്നു. ഇവ മനു ഷ്യന്റെ ധാർമികമായ ജീവിതത്തോട് ചേർന്ന് നിൽക്കുന്നതല്ല. ഇതിനെക്കുറിച്ച് ഗാന്ധിജി

പറയുന്ന 'പരമാവധിജനങ്ങൾക്ക് പരമാവധിനന്മ എന്നതത്വത്തിൽ ഞാൻ വിശ്വസി ക്കുന്നില്ല. മറ്റൊരർഥത്തിൽ 51 ശതമാനത്തിന്റെ ഗുണത്തിനുവേണ്ടി 49 ശതമാനത്തെ ബലികഴിക്കാൻ ഈ തത്വമനുസരിച്ച് അവർ തയാറാകും. ഹൃദയമില്ലാത്ത ഒരു തത്വ ശാസ്ത്രമാണത്.' (മഹാദേവ ദേശായിയുടെ ഡയറി– 1(1953) പുറം – 149) 'പരമാവധിജന ങ്ങൾക്ക് പരമാവധി നന്മ'എന്ന സൂത്രവാക്യം അഹിംസയുടെ വക്താവിന് സ്വീകരി ക്കാനാവില്ല എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. അതുപോലെ ആധുനിക വ്യവസായ വൽക്കരണത്തെയും റസ്കിൻ വിമർശനവിധേയമാക്കുന്നു. വ്യവസായവൽക്കരണ ത്തിനുവേണ്ടി നടത്തുന്ന രീതികൾ കഠിനവും അനീതിനിറഞ്ഞതും തൊഴിലാളിക ളുടെ അന്തസ്സ് കുറയ്ക്കുന്നതുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പ്രവൃത്തിയെ മൂർത്തമാക്കുന്നത് ആത്മീയനന്മകളാണെന്നും അതിലൂടെയാണ് വ്യക്തിയുടെ പൂർണ വികാസം സാധ്യമാകുന്നതെന്നും റസ്കിൻ പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായ ത്തിൽ പണവും സ്വർണവുമല്ല യഥാർഥസമ്പത്ത്. ജീവിതമാണ് യഥാർഥസമ്പത്ത്. നീതിയിലും സാമൂഹികസ്നേഹത്തിലും അധിഷ്ഠിതമായ സാമ്പത്തികശാസ്ത്രത്തിനു വേണ്ടിയാണ് റസ്കിൻ നിലകൊണ്ടത്. റസ്കിന്റെ ആശയങ്ങൾ ഗാന്ധിജിയെ ആഴ ത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

### ലിയോ ടോൾസ്റ്റോയ്

റഷ്യ ലോകത്തിനു നൽകിയ മഹാനായ എഴുത്തുകാരനും ചിന്തകനുമാണ് ലിയോ ടോൾസ്റ്റോയ്(1828 –1910). ദക്ഷിണാഫ്രിക്കയിലെ ജീവിതകാലത്താണ് ലിയോ ടോൾസ്റ്റോയിയുടെ കൃതികൾ ഗാന്ധിജി കൂടുതലായി വായിക്കുന്നത്. ടോൾസ്റ്റോയി യുടെ **'ദൈവരാജ്യം നിന്റെ ഉള്ളിൽ തന്നെയാണ്' (The kingdom of God is within you)** എന്ന ഗ്രന്ഥം ഗാന്ധിജിയെ സവിശേഷമായി സ്വാധീനിച്ചു. **'ആഹാരത്തിനു വേണ്ടിയുള്ള പ്രയത്നം' (Bread Labour)** എന്ന ആശയത്തെ ഗാന്ധിജി പൂർണരൂപ ത്തിൽ മനസ്സിലാക്കുന്നത് ടോൾസ്റ്റോയിയുടെ കൃതികളിലൂടെയാണ്. പ്രധാനമായും രണ്ടു സാമ്പത്തിക ചിന്തകളാണ് ടോൾസ്റ്റോയിയിൽ നിന്നും ഗാന്ധിജിക്ക് ലഭിച്ചത്.

1. **ഈ ലോകത്ത് മനുഷ്യൻ സമ്പത്ത് സ്വരുക്കൂട്ടരുത്.**
2. **മനുഷ്യന്റെ യഥാർഥതൊഴിൽ കൃഷിയാണ്.**

### ദാദാഭായ് നവ്റോജി



ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാ ക്കളിൽ പ്രമുഖനായിരുന്നു ദാദാഭായ് നവ്റോജി(1825 – 1917). 1901-ൽ എഴുതിയ **'ദാരിദ്ര്യവും ബ്രീട്ടീഷുകാർക്ക് അനു യോജ്യമല്ലാത്ത ഭരണവും ഇന്ത്യയിൽ' (Poverty and un British Rule in India)** എന്ന ഗ്രന്ഥത്തിൽ ഇന്ത്യൻ സാമ്പത്തിക ദേശീയതയെകുറിച്ച് അദ്ദേഹം ചർച്ചചെയ്തു. ഈ പുസ്ത കത്തിലൂടെ അദ്ദേഹം മുന്നോട്ടുവച്ച **'ഡ്രെയിൻ തിയറി'**

**(Drain Theory)** ഇന്നും വ്യാപകമായി ചർച്ചചെയ്യപ്പെടുന്നു. (ഡ്രെയിൻ എന്ന വാക്കിന്റെ അർഥം വലിച്ചെടുക്കുക എന്നാണ്.) ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണം ബ്രിട്ടീഷുകാരുടെ കോളനിനയങ്ങളും അതിന്റെ ഫലമായി ഇന്ത്യയുടെ സമ്പത്ത് ഊറ്റിയെടുത്തതാണെന്നും നവ്റോജി തന്റെ പഠനത്തിലൂടെ സമർഥി ക്കുന്നു. താഴെ പറയുന്ന രീതികളിലാണ് ഇന്ത്യയുടെ സമ്പത്ത് ഊറ്റിയെടുത്തതെന്ന് നവ്റോജി ചൂണ്ടിക്കാട്ടുന്നു.

1. ഇംഗ്ലണ്ടിൽ നിന്നുമുള്ള പൊതുകടത്തിന് ഈടാക്കിയ അമിതപലിശ.
2. സ്റ്റേറ്റ് സെക്രട്ടറിയുടെ ചെലവുകൾ.
3. റെയിൽവേ, ജലസേചനം ഇവയുടെ വികസനത്തിനായുള്ള വാർഷികച്ചെലവുകൾ.
4. ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിലായി ഉണ്ടായ ഓഫീസ് ചെലവുകൾ.
5. ആർമി, നേവി സൈന്യത്തിനുള്ള പെൻഷൻ.
6. യൂറോപ്യൻമാർക്ക് ഇംഗ്ലണ്ട് നൽകിയ തിരിച്ചടവുകൾ.
7. ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാർ നടത്തിയ ക്രയവിക്രയങ്ങൾക്കുള്ള തിരിച്ചടവ് ഇന്ത്യാക്കാരിൽ നിന്നും ഇടയാക്കിയത്.

ബ്രിട്ടീഷ് ഭരണം രണ്ടു തരത്തിലുള്ള ഇന്ത്യയെ സൃഷ്ടിച്ചുവെന്ന് നവറോജി ചൂണ്ടിക്കാട്ടുന്നു. ഒന്ന് സമ്പന്നമായ ഇന്ത്യ, രണ്ട് ദരിദ്രമായ ഇന്ത്യ. അദ്ദേഹം പറയുന്നു, "സ്വയം ഭരണത്തിലൂടെ മാത്രമെ ഈ ഊറ്റിയെടുക്കലിൽ നിന്നും തൽഫലമായുണ്ടാകുന്ന തകർച്ചയിൽനിന്നും, ദാരിദ്ര്യത്തിൽ നിന്നും ഇന്ത്യക്ക് പുറത്ത് കടക്കാനാവൂ." നവ്റോജിയുടെ പഠനങ്ങളും പ്രവർത്തനങ്ങളും കോളനി ഭരണത്തിന്റെ യഥാർഥ മുഖം ലോകത്തിനു വെളിപ്പെടുത്തി കൊടുത്തു. നവറോജിയുടെ ആശയങ്ങൾ നമ്മുടെ ദേശീയതയുടെ ശക്തമായ വളർച്ചയ്ക്ക് കാരണമായി.

### രമേഷ് ചന്ദ്രദത്ത്

ഇന്ത്യൻ സിവിൽസർവീസ് ഓഫീസറായിരുന്നു രമേഷ് ചന്ദ്രർദത്ത്(1848 – 1909). സർവീസിൽ നിന്നും വിരമിച്ചശേഷം പൊതുപ്രവർത്തനത്തിൽ ഏർപ്പെട്ട അദ്ദേഹം 1899–ൽ ഇന്ത്യൻ നാഷണൽകോൺഗ്രസ്സിന്റെ പ്രസിഡന്റായി. ആദ്യകാലബ്രിട്ടീഷ് ഭരണം ഇന്ത്യയുടെ സമ്പദ് വ്യവസ്ഥക്ക് ഉണ്ടാക്കിയ ആഘാതത്തെകുറിച്ച് വിശദമായി അദ്ദേഹം തന്റെ വിഖ്യാതമായ **'ആദ്യകാല ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യയുടെ സാമ്പത്തിക ചരിത്രം 1757–1837 (The Economic History of India under early British Rule-1757-1837), 'വിക്ടോറിയൻ കാലഘട്ടത്തിൽ ഇന്ത്യയുടെ സാമ്പത്തിക ചരിത്രം' (The Economic History of India under theVictorian Age**) എന്നീ പുസ്തകങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്.

**'ഹിന്ദ് സ്വരാജ്'** (1908) എന്ന പുസ്തകത്തിൽ ഗാന്ധിജി ഇപ്രകാരമെഴുതി, "മിസ്റ്റർ ദത്തിന്റെ ഇന്ത്യയുടെ 'സാമ്പത്തികചരിത്രം' എന്ന പുസ്തകം വായിച്ചപ്പോൾ ഞാൻ

കേണുപോയി, ഇതിനെകുറിച്ച് വീണ്ടും ചിന്തിച്ചപ്പോൾ എന്റെ ഹൃദയം വീണ്ടും അസ്വസ്ഥമായി. ഇന്ത്യയെ ദരിദ്രമാക്കിയത് യന്ത്രങ്ങളാണ്. (ഗാന്ധിജിയുടെ തെര ഞ്ഞെടുത്ത കൃതികൾ - പേജ് -131).

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നയങ്ങളും അവരുടെ നികുതി സമ്പ്രദായങ്ങളും എങ്ങ നെയാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തകർത്തതെന്നും അതിന്റെ ഫലമായുണ്ടായ ക്ഷാമങ്ങളെപ്പറ്റിയും തന്റെ പുസ്തകത്തിൽ ദത്ത് പരാമർശിക്കുന്നു. ഇന്ത്യയിലുണ്ടായ ക്ഷാമങ്ങൾ ഭക്ഷ്യദൗർലഭ്യം മൂലമല്ലെന്നും മറിച്ച് ബ്രിട്ടീഷുകാരുടെ തെറ്റായ നയങ്ങളും നടപടികളുമാണ് അവയിലേയ്ക്ക് നയിച്ചതെന്ന് ദത്ത് തന്റെ പഠനങ്ങളിലൂടെ ലോക ത്തിനു വെളിപ്പെടുത്തികൊടുത്തു. ദത്തിന്റെ പഠനങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചു. കോളനിഭരണത്തിന്റെ സ്വഭാവവും അത് എപ്രകാരമാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ആഘാതമേൽപ്പിച്ചതെന്നും മനസ്സിലാക്കുവാൻ ദത്തിന്റെ പഠനങ്ങളിലൂടെ ഗാന്ധിജിക്ക് സാധിച്ചു.

1

***ഗാന്ധിജിയുടെ സാമ്പത്തികാശയങ്ങളെ സ്വാധീനിച്ച ചിന്തകർ ആരെല്ലാമാണ്? അവർ എപ്രകാരമാണ് ഗാന്ധിജിയെ സ്വാധീനിച്ചത്? ഒരു ബുള്ളറ്റ് ചാർട്ട് തയാറാക്കി ക്ലാസ്സിൽ ചർച്ചചെയ്യുക.***

### ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്വാധീനം ( Influence of British imperialism)

കോളനിവൽക്കരണവും സാമ്രാജ്യത്വവും എപ്രകാരമാണ് അധിനിവേശ രാഷ്ട്ര ങ്ങളെ പൂർണമായും തകർക്കുന്നത് എന്നതിനുള്ള മികച്ച ഉദാഹരണമാണ് ഇന്ത്യ യിലെ ബ്രിട്ടീഷ് കോളനിവൽക്കരണം. രാഷ്ട്രീയമായ അധിനിവേശം മാത്രമല്ല ബ്രിട്ടൺ ഇന്ത്യയുടെമേൽ നടത്തിയത്. ബ്രിട്ടീഷ്ഭരണം സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അധിനിവേശവും ഇന്ത്യയുടെമേൽ നടത്തി. ഇന്ത്യയിലെ സ്വയം പര്യാപ്തമായ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ബ്രിട്ടീഷ് ഭരണത്തിൽ പൂർണമായി തകർക്ക പ്പെട്ടു.

### കമ്പനിനടത്തിയ അപഹരണം (Exaction by the Company)

ഇന്ത്യയിലെ രാജാക്കൻമാർ, കർഷകർ, സെമീന്ദാർമാർ, കച്ചവടക്കാർ എന്നിവരിൽ നിന്നും പലവിധത്തിൽ കമ്പനി സമ്പത്ത് അപഹരിച്ചെടുത്തു. അവർ നടപ്പാക്കിയ ശാശ്വത റയ്റ്റ്വാരി, മഹൽവാരി നികുതിവ്യവസ്ഥകൾ കർഷകരുടെ നട്ടെല്ലൊടിച്ചു. സെമീന്ദാർമാർക്കായിരുന്നു നികുതി പിരിവിനുള്ള അവകാശം. നിശ്ചയിക്കപ്പെട്ടിരു ന്നതിനേക്കാൾ കൂടുതൽ തുകകളായിരുന്നു അവർ നികുതിയായി ഈടാക്കിയിരു ന്നത്. ഇത് കർഷകരുടെ സാമ്പത്തികസ്ഥിതിയെ കൂടുതൽ വഷളാക്കുന്നതിന് ഇടയാക്കി.

## കൃഷിയുടെ വാണിജ്യവത്ക്കരണം (Commercialization of Agriculture)

വ്യക്തിഗത ഉപഭോഗത്തിനു പകരം വിപണിയെ ലക്ഷ്യമാക്കി വിളകൾ കൃഷി ചെയ്യുന്നതിനെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്. ബ്രിട്ടീഷ് പ്ലാന്റർമാരാണ് ഈ പ്രവണതയ്ക്ക് തുടക്കംകുറിച്ചത്. ബ്രിട്ടീഷ്‌വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളുടെ ലഭ്യതഉറപ്പാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തൽഫലമായി ഇന്ത്യയിലെ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽ വൻതോതിൽ കുറവനുഭവപ്പെട്ടു. മാത്രവുമല്ല ഭക്ഷ്യവിളകളിൽ നിന്നും വാണിജ്യവിളകളിലേയ്ക്കുള്ള മാറ്റം നമ്മുടെ ഭക്ഷ്യസ്വയംപര്യാപ്തതയെയും പ്രതികൂലമായി ബാധിച്ചു. ചുരുക്കത്തിൽ കൃഷിയുടെ വാണിജ്യവൽക്കരണം ബ്രിട്ടീഷ് സാമ്പത്തിക താൽപ്പര്യങ്ങളെ മാത്രമാണ് സംരക്ഷിച്ചത്.

## കരകൗശല മേഖലയുടെ തകർച്ചയും അപ-വ്യവസായവത്ക്കരണവും (Decline of Handicrafts and De-Industrialisation)

പരമ്പരാഗതമായ നമ്മുടെ നിർമാണമേഖലകളുടെ തകർച്ചയായിരുന്നു ബ്രിട്ടീഷ് ഭരണത്തിന്റെ മറ്റൊരു അനന്തരഫലം. വ്യവസായവിപ്ലവത്തിന്റെ ഫലമായി ബ്രിട്ടണിൽ യന്ത്രവൽകൃതമായ വൻവ്യവസായ ശാലകൾ സ്ഥാപിക്കപ്പെടുകയും ഉൽപ്പാദനം വൻതോതിലാവുകയും ചെയ്തു. കുറഞ്ഞ ഉൽപ്പാദനച്ചെലവ് ഇതിന്റെ പ്രത്യേകതയായിരുന്നു. വില കുറഞ്ഞ ഈ ഫാക്ടറി ഉൽപ്പന്നങ്ങളോട് മൽസരിക്കുവാൻ ഇന്ത്യൻ ഗ്രാമീണഉൽപ്പന്നങ്ങൾക്ക് കഴിയാതെവന്നു. ഇന്ത്യൻ വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയ വലിയനികുതികൾ അവയുടെ വിലവർധിപ്പിക്കുന്നതിന് ഇടയാക്കി. തൻമൂലം ഇറക്കുമതി ചെയ്യപ്പെട്ട വസ്ത്രങ്ങളോട് മൽസരിക്കാൻ അവയ്ക്ക് കഴിയാതെപോയി. ഇത് ഇന്ത്യൻ വസ്ത്രനിർമാണ മേഖലയുടെ തകർച്ചയ്ക്ക് കാരണമായി. 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും കാർഷികഉൽപ്പന്നങ്ങളും അസംസ്കൃത വസ്തുക്കളുമല്ലാതെ മറ്റൊന്നും തന്നെ ഉൽപ്പാദിപ്പിക്കാത്ത അവസ്ഥയിലേക്ക് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ തകർന്നു. ഗ്രാമീണ വ്യവസായമേഖലയുടെ തകർച്ച സമ്പദ്‌വ്യവസ്ഥയെ ഒന്നാകെ പിടിച്ചുലച്ചു. ഒഴിവുകാലങ്ങളിൽ ജനങ്ങൾക്ക് ആശ്രയമായിരുന്ന ഗ്രാമീണ വ്യവസായമേഖലയുടെ തകർച്ച ആയിരക്കണക്കിനാളുകളെ ദാരിദ്ര്യത്തിലേക്കും തൽഫലമായുണ്ടായ ക്ഷാമങ്ങളിലേക്കും ആട്ടിതെളിച്ചു. കൃഷിയും ഗ്രാമീണവ്യവസായ മേഖലയുമായി പരമ്പരാഗതമായുണ്ടായിരുന്ന ബന്ധം പൂർണമായും തകർന്നു. ഇവയെല്ലാംതന്നെ ഇന്ത്യയുടെ അപ-വ്യവസായവൽക്കരണത്തിന് കാരണമായി.

## ഇന്ത്യയിലെ ബ്രിട്ടീഷ് മൂലധനനിക്ഷേപം (Investment of British Capital in India)

19-ാം നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേക്കും ഇന്ത്യയിലെ ബ്രിട്ടീഷ് മൂലധന നിക്ഷേപം കുത്തനെവർധിച്ചു. വസ്ത്രനിർമാണമേഖലയ്ക്കു പുറമേ റെയിൽവെ,

ഷിപ്പിംഗ്, വൈദ്യുതി ഉൽപ്പാദനം, ഖനനം, ഇൻഷുറൻസ്, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലേക്ക് ബ്രിട്ടീഷുകാർ അവരുടെ മൂലധന നിക്ഷേപം വ്യാപിപ്പിച്ചു. ഇന്ത്യയിലെ പ്രകൃതി വിഭവങ്ങൾ കൊള്ളയടിക്കുക എന്നതായിരുന്നു ഈ നിക്ഷേപങ്ങളുടെ ലക്ഷ്യം. തൊഴിൽ കേന്ദ്രീകൃതമായ മൂലധനനിക്ഷേപത്തിനാണ് ബ്രിട്ടീഷുകാർ കൂടുതൽ താൽപ്പര്യം കാട്ടിയത്. കൽക്കരി ഖനികൾ, തേയിലതോട്ടങ്ങൾ എന്നിവ ഇക്കാലയളവിൽ വ്യാപകമായി. ഇന്ത്യയിലെ തൊഴിലാളികൾക്ക് കുറഞ്ഞവേതനം നൽകി വൻതോതിൽ ലാഭം കൊയ്യാമെന്നതുകൊണ്ടാണ് ഇവർ തൊഴിൽകേന്ദ്രീകൃത മൂലധനനിക്ഷേപത്തിന് താൽപ്പര്യംകാട്ടിയത്. മാത്രവുമല്ല ഇന്ത്യയിൽ നടത്തിയ എല്ലാമൂലധന നിക്ഷേപങ്ങൾക്കും വൻതോതിലുള്ള പലിശ ഇവിടത്തെ ജനങ്ങളിൽ നിന്നുതന്നെ ബ്രിട്ടീഷുകാർ ഈടാക്കി. ചുരുക്കത്തിൽ മൂലധന നിക്ഷേപത്തിലൂടെ വികസനത്തിനുപകരം സമ്പദ്വ്യവസ്ഥയുടെ പരിപൂർണ തകർച്ചയാണുണ്ടായത്.

**2**

***ബ്രിട്ടീഷ് ഭരണം സർവവിധത്തിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ തകർത്തു. ഈ പ്രസ്താവനയുടെ സാധുത ചർച്ച ചെയ്യുക.***

## ഗാന്ധിജിയുടെ പ്രധാന സാമ്പത്തികചിന്തകൾ

മുകളിൽ നാം ചർച്ച ചെയ്ത ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഗാന്ധിജിയുടെ പ്രധാന സാമ്പത്തിക ആശയങ്ങളെ നമുക്ക് പരിശോധിക്കാം.

### 1. ധനതത്വശാസ്ത്രവും ധാർമ്മികതയും (Economics and Ethics)

മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുത്തു.
അസംഘടിതതൊഴിലാളികൾ വേതനവർധനവ് ആവശ്യപ്പെട്ടു.
പൂഴ്ത്തിവച്ച ഭക്ഷ്യധാന്യങ്ങൾ ഉദ്യോഗസ്ഥർ കണ്ടെടുത്തു.

**മുകളിൽ കൊടുത്തിരിക്കുന്നവ നാം സാധാരണയായി കാണാറുള്ള ചില പത്രവാർത്തകളുടെ തലകെട്ടുകളാണ്.**

- ഇവിടെ പരാമർശിക്കുന്ന വിഷയങ്ങൾ എന്തെല്ലാമാണ്?
- എന്തുകൊണ്ടാണ് വ്യക്തികൾ ഇപ്രകാരം പ്രവർത്തിക്കുന്നത്?
- ഇങ്ങനെ പണംസമ്പാദിക്കുന്നത് ശരിയാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ചില സദാചാരമൂല്യങ്ങൾ നാം പിന്തുടരേണ്ടതായിട്ടുണ്ട്. മാതൃകാപരമായ ഒരു സാമൂഹികക്രമത്തിനുവേണ്ടിയാണ് ഗാന്ധിജി തന്റെ സാമ്പത്തിക ആശയങ്ങൾ രൂപപ്പെടുത്തിയത്. അതുകൊണ്ടുതന്നെ സദാചാരത്തെ അല്ലെങ്കിൽ ധാർമ്മികതയെ അംഗീകരിക്കാത്ത എല്ലാ ധനശാസ്ത്രചിന്തകളെയും ഗാന്ധിജി നിരാകരിക്കുന്നു. അദ്ദേഹം പറയുന്നു, "ഉന്നതമായ സാന്മാർഗിക നിലവാരത്തെ

ഇടിച്ചുതാഴ്ത്തുന്നതല്ല യഥാർഥ സാമ്പത്തികശാസ്ത്രം. അതുപോലെ ശരിയായ സദാചാരസംഹിതയ്ക്കും നല്ലൊരു സാമ്പത്തികശാസ്ത്രത്തിൽനിന്നും വേറിട്ട് നിൽക്കാനുമാകില്ല. ചെകുത്താൻ എന്ന ധനദേവതയെ മാത്രം ആരാധിച്ചു കഴിയുന്നതും പാവപ്പെട്ടവനെ ചൂഷണം ചെയ്ത് സ്വത്ത് സ്വരൂക്കൂട്ടാൻ ആഹ്വാനം ചെയ്യുന്നതുമായ ധനശാസ്ത്രം ശപിക്കപ്പെട്ട ഒരു ശാസ്ത്രം തന്നെ. അതു മരണം വിതയ്ക്കുന്നു. സാമൂഹികനീതിയ്ക്കുവേണ്ടി നിലകൊള്ളുന്നതാണ് ശരിയായ സാമ്പത്തികശാസ്ത്രം. താഴേക്കിടയിലുള്ളവരടക്കം സകലർക്കും നന്മ നേരുന്ന ധനശാസ്ത്രം അന്തസ്സുറ്റ ഒരു ജീവിതത്തിന് അനുപേക്ഷണീയമാണ്."

*(ഹരിജൻ 09-10-1937 പുറം - 292)*

ഈ ഉദ്ധരണിയിൽ നിന്നും

* പാവപ്പെട്ടവനെ ചൂഷണംചെയ്യുന്നത് അധാർമ്മികമാണ്.
* ശരിയായ സാമ്പത്തികശാസ്ത്രം സാമൂഹ്യനീതിക്കുവേണ്ടി നിലകൊള്ളുന്നു.
* സകലർക്കും നന്മവരുത്തുക എന്നതാണ് ശരിയായസാമ്പത്തിക ശാസ്ത്രത്തിന്റെ ലക്ഷ്യം.

മനുഷ്യന്റെ സാന്മാർഗിക ക്ഷേമത്തെ മുറിവേൽപ്പിക്കുന്ന സാമ്പത്തികശാസ്ത്രത്തെ ഗാന്ധിജി അംഗീകരിക്കുന്നില്ല. ഒരു രാജ്യത്തെയോ വ്യക്തിയെയോ ഇരയാക്കി ജീവിക്കുന്നത് കുറ്റകരമാണ്. വിയർപ്പൊഴുക്കുന്ന അധ്വാനത്തിന്റെ ഫലം ചൂഷണം ചെയ്യുന്നതും ധാർമ്മികതക്ക് നിരക്കാത്തതാണ്. ലാഭം എന്ന ഒറ്റവാക്കിൽ എല്ലാസാമ്പത്തിക പ്രവർത്തനങ്ങളെയും ചുരുക്കുന്ന ആധുനിക സാമ്പത്തിക ശാസ്ത്രത്തിന്റെ നീതിയില്ലായ്മയെ ഗാന്ധിജി നിശിതമായി വിമർശിക്കുന്നു. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യം എല്ലാവരുടെയും നന്മയാണെന്നും അതിലൂടെ ആത്മീയ ഉന്നതിയിലെത്താമെന്നും ഗാന്ധിജി വിശ്വസിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തികപ്രവർത്തനങ്ങൾ തന്റെ മതപരവും അധ്യാത്മികവുമായ ജീവിതത്തിന്റെ തുടർച്ചതന്നെയാണ്. അതുകൊണ്ട് സാമ്പത്തികമനുഷ്യൻ എന്നആശയത്തെ ഗാന്ധിജി അംഗീകരിക്കുന്നില്ല. ഈ ആശയം മനുഷ്യനെ ഭൗതികതക്ക് അടിമപ്പെടുത്തുമെന്ന് ഗാന്ധിജി ഭയപ്പെടുന്നു. സാമ്പത്തിക അസ്ഥിത്വത്തിനപ്പുറം മനുഷ്യന് ആത്മീയ അസ്ഥിത്വമാണുള്ളതെന്ന് ഗാന്ധിജി വിശ്വസിക്കുന്നു. അതുകൊണ്ടാണ് സാമ്പത്തികശാസ്ത്രത്തെ സദാചാരത്തിൽനിന്നും ധാർമ്മികതയിൽ നിന്നും വേർതിരിക്കാൻ കഴിയില്ലയെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടത്.

## 2. ലളിതജീവിതവും ഉയർന്നചിന്താഗതിയും (Plain living and High thinking)

ആവശ്യങ്ങളെയും അഭിലാഷങ്ങളെയും വ്യക്തമായി ഗാന്ധിജി വേർതിരിക്കുന്നു. ജൈവികമായിത്തന്നെ നമ്മളിൽ മുദ്രണം ചെയ്യപ്പെട്ടവയാണ് ആവശ്യങ്ങൾ. എന്നാൽ അഭിലാഷങ്ങൾ അഥവാ ആഗ്രഹങ്ങൾ കൃത്യമായി സൃഷ്ടിക്കപ്പെടുന്നവയാണ്. ഉദാഹരണത്തിന് വിശക്കുമ്പോൾ ആഹാരം വേണമെന്നത് മനുഷ്യന്റെ ആവശ്യമാണ്. എന്നാൽ വിശക്കുമ്പോൾ ബിരിയാണി തന്നെ വേണമെന്നത് അഭിലാഷവും.

ഗാന്ധിജി പറയുന്നു, "നാം പലപ്പോഴും നമ്മുടെ യഥാർഥ ആവശ്യങ്ങളെപ്പറ്റി ബോധവാന്മാരല്ല. പലപ്പോഴും നാം അനുചിതമായി നമ്മുടെ അഭിലാഷങ്ങളെ ഇരട്ടിപ്പിക്കുന്നു. തന്മൂലം അബോധമായി നാം നമ്മളെതന്നെ കൊള്ളയടിക്കുകയാണ്". അദ്ദേഹം തുടർന്നു പറയുന്നു, "കുറെയൊക്കെ ശാരീരികസുഖവും സംതൃപ്തിയും നമുക്കാവശ്യമാണ്. പക്ഷെ ഒരു പരിധികഴിഞ്ഞാൽ അത് നമുക്ക് ഒരു പ്രതിബന്ധമായി മാറുന്നു. അതിനാൽ അസംഖ്യം ആഗ്രഹങ്ങൾ ഉളവാക്കി അവനേടാൻ ശ്രമിക്കുക എന്ന സിദ്ധാന്തം ഒരു ഊരാക്കുടുക്കായി, വ്യാമോഹമായി പരിണമിക്കുന്നു. ശാരീരികവും ബുദ്ധിപരവുമായ ആവശ്യങ്ങൾ വേണ്ടിടത്തുവച്ച് നിയന്ത്രിച്ചില്ലെങ്കിൽ അവ ശാരീരിക ബൗദ്ധിക ഭോഗാസക്തിയായി തരംതാഴുന്നു . . . . ഒരു മനുഷ്യന്റെ സർവ ഊർജവും ജനസേവനത്തിനായിട്ടാണ് കേന്ദ്രീകരിക്കേണ്ടത്". (ഹരിജൻ 01.02.1942 പുറം 226)

### പ്രവർത്തനം

- ***നിങ്ങളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും ഒരു ബുക്കിൽ കുറിക്കുക. അഭിലാഷങ്ങൾ ഒഴിവാക്കിയാൽ അത് നിങ്ങളുടെ സാധാരണ ജീവിതത്തെ ബാധിക്കുമോ? ആഗ്രഹങ്ങളുടെ വർധനവ് എത്രമാത്രം ജീവിതത്തെ അസ്വസ്ഥമാക്കുന്നുവെന്ന് ഗ്രൂപ്പിൽ ചർച്ച ചെയ്യുക.***

സ്വന്തം ആവശ്യങ്ങൾ വർധിപ്പിക്കാൻ തുടങ്ങുന്ന നിമിഷംമുതൽ ലളിതജീവിതവും ഉയർന്ന ചിന്തയും എന്ന ആശയം മനുഷ്യനെ വിട്ടുപിരിയുന്നതായി ഗാന്ധിജി വിശ്വസിക്കുന്നു. "തൃപ്തി ഇല്ലാത്തവർ എന്നും മോഹങ്ങളുടെ അടിമയായിരിക്കും. . . . . . . . മനുഷ്യൻ തന്നെയാണ് അവന്റെ ശത്രുവും അവന്റെ ഏറ്റവും നല്ല മിത്രവും. അടിമത്തം വേണോ സ്വാതന്ത്ര്യം വേണോ എന്ന കാര്യം അവന് സ്വയം തീരുമാനിക്കാം". (ഹരിജൻ 29.08.1396 പുറം 226)

നിയന്ത്രിതഉപഭോഗത്തിനാണ് ഗാന്ധിജി പ്രാധാന്യം നൽകുന്നത്. ആവശ്യങ്ങളായിരിക്കണം ഉപഭോഗത്തെ നിർണയിക്കേണ്ടത്. അല്ലാതെ അഭിലാഷങ്ങൾ ആയിരിക്കരുത്.അതുകൊണ്ട് ഗാന്ധിയൻ സമൂഹത്തെ 'ആവശ്യപൂർണസമൂഹം' എന്ന് വിളിക്കാവുന്നതാണ്. നമ്മുടെ അഭിലാഷങ്ങൾക്ക് ആത്മനിയന്ത്രണം ഏർപ്പെടുത്തുമ്പോൾ സാധാരണക്കാരായ എല്ലാവർക്കും അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ കഴിയും. ലളിതജീവിതം ഉയർന്നചിന്താഗതി എന്ന ഗാന്ധിയൻ സാമ്പത്തിക ആശയത്തിന്റെ പ്രധാനതത്വങ്ങൾ താഴെപ്പറയുന്ന പ്രകാരം നമുക്ക് സംഗ്രഹിക്കാം.

1) ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും തിരിച്ചറിയാൻ കഴിയണം.
2) അഭിലാഷങ്ങൾ അഥവാ ആഗ്രഹങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം.
3) ആഗ്രഹങ്ങളെ ഒരിക്കലും പൂർണമായി തൃപ്തിപ്പെടുത്താൻ കഴിയില്ല. ആഗ്രഹങ്ങളുടെ പുറകെ പായുമ്പോൾ നാം ഭോഗാസക്തർ ആകുന്നു.

4) എല്ലാവർക്കും ആവശ്യത്തിന് തിന്നാനും കുടിക്കാനും ഉടുക്കുവാനുമുള്ള നല്ലവിദ്യാഭ്യാസം നേടാനുമുള്ള വക ഭൂമിയിൽ ഉണ്ട്.
5) മനുഷ്യന്റെ അത്യാർത്തിയാണ് എല്ലാദുരിതങ്ങൾക്കും ദാരിദ്ര്യത്തിനും കാരണം.
6) മനുഷ്യ ശരീരം സേവനത്തിനുള്ളതാണ്. ആസക്തിപൂരണത്തിനുള്ളതല്ല.
7) സുഖജീവിതത്തിന്റെരഹസ്യം ത്യാഗമാണ്. ത്യാഗമാണ് ജീവിതം. ആസക്തി മരണവും.

### 3. ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം (Bread Labour)

ഓരോ വ്യക്തിയും വിയർപ്പൊഴുക്കി ആഹാരത്തിനുള്ളവക നേടണമെന്നാണ് ഈ ആശയം പറയുന്നത്. ഗാന്ധിജി പറയുന്നു, "ആഹാരത്തിനു വേണ്ടി ജോലി ചെയ്യാനാണ് ഈശ്വരൻ മനുഷ്യനെസൃഷ്ടിച്ചത്. ജോലിചെയ്യാതെ ഭക്ഷണം കഴിക്കുന്നവർ മോഷ്ടാക്കളാണ്. (യംഗ് ഇന്ത്യ 1921) അദ്ദേഹം തുടർന്നുപറയുന്നു, "ശരീരത്തെ നിലനിർത്താനുള്ള വക നേടുന്നതിന് ശാരീരികാധ്വാനം തന്നെ വേണം. മനസ്സിനെ സംസ്കരിക്കുന്നതിന് ബൗദ്ധിക വ്യായാമം വേണം. തൊഴിൽ വിഭജനം വേണ്ടിടത്ത് ആവശ്യമാണ്. പക്ഷെ ആ വിഭജനം കായികാധ്വാനം ചെയ്യുന്നവരും ബൗദ്ധിക വ്യാപാരം ചെയ്യുന്നവരും തമ്മിലുള്ള വിഭജനമാകരുത്" (മഹാത്മാ വാല്യം 3 പുറം 349).

സ്വന്തം ആഹാരത്തിനു വേണ്ടി മാത്രം അധ്വാനിക്കുന്ന രീതി നിലവിൽ വരുമ്പോൾ മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതമാകും. ആഹാരരീതി ലളിതമാവുകയും ജീവിക്കുവാൻ വേണ്ടി ഭക്ഷിക്കുന്നഅവസ്ഥ നിലവിൽ വരുകയും ചെയ്യും. അത്തരം അധ്വാനത്തിൽ നിന്ന് വലുതായആനന്ദം ലഭിക്കുമെന്നും ഗാന്ധിജി വിശ്വസിക്കുന്നു.

ബൗദ്ധികപ്രവർത്തനത്തിലൂടെ ആഹാരം സമ്പാദിക്കുന്ന രീതിയെ ഗാന്ധിജി എതിർക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "ശരീരത്തിന്റെ ആവശ്യങ്ങൾക്കുള്ളത് ശരീരംതന്നെ നൽകണം. ബൗദ്ധിക പ്രവർത്തനങ്ങൾ ആത്മാവിന് വേണ്ടി ഉള്ളതാണ്. അതിന് പ്രതിഫലം ആവശ്യപ്പെടരുത്. ആദർശരാജ്യത്തിൽ ഡോക്ടർമാരും വക്കീലന്മാരും മറ്റും സമൂഹത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നു. അവർക്കുവേണ്ടിയല്ല". (ഹരിജൻ 29-6-1935)

ബുദ്ധിപരമായ പ്രവർത്തനങ്ങളുടെ മൂല്യത്തെ ഗാന്ധിജി ഒട്ടും കുറച്ചു കണ്ടിരുന്നില്ല. എന്നാൽ ശാരീരികാധ്വാനത്തിന് പകരമായി അതിനെ കാണാൻ ഗാന്ധിജി തയാറായില്ല.

ആരോഗ്യമുള്ള അതേസമയം സത്യസന്ധമായി ജോലി ചെയ്യാൻ തയാറല്ലാത്ത ഒരാൾക്ക് വെറുതെ ഭക്ഷണം നൽകുന്നത് കുറ്റകരമാണെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. എന്നാൽ ജോലി ചെയ്യാൻ കഴിവില്ലാത്ത വികലാംഗരെയും രോഗികളെയും സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാണെന്ന് ഗാന്ധി വിശ്വസിക്കുന്നു.

ഒരുവൻ സ്വതന്ത്രമായ സാഹചര്യത്തിൽ സ്വയമേവഅനുഷ്ഠിക്കുന്ന ശാരീരിക അധ്വാനം മാത്രമേ ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം എന്ന ഗാന്ധിയൻ സാമ്പത്തികചിന്തയുടെ പരിധിയിൽ വരികയുള്ളു. എന്നാൽ നിർബന്ധപൂർവം അനുഷ്ഠിക്കുന്ന ശാരീരിക അദ്ധ്വാനത്തിന്റെ പ്രതിഫലം അസന്തുഷ്ടിയും രോഗവും ദാരിദ്ര്യവും അടിമത്തവും ആയിരിക്കും.

സാമൂഹികസേവനത്തിന്റെ ഏറ്റവും ഉയർന്ന രൂപമായിട്ടാണ് ആഹാരത്തിനു വേണ്ടിയുള്ള പ്രയത്നത്തെ ഗാന്ധിജി കാണുന്നത്. ഭാരതീയ ദർശനമായ "ധർമ്മം"ആണ് ഈ സാമ്പത്തികാശയത്തിന്റെ ഉറവിടം. "ധർമ്മം" എന്ന തത്വം അനുസരിച്ച് ജോലി തന്നെയാണ് ഒരുവന്റെ പ്രതിഫലവും. ഓരോരുത്തരും അവരവർക്കു നിശ്ചയിച്ചിട്ടുള്ള കർമ്മങ്ങളിലൂടെ ആത്മസാക്ഷാത്കാരത്തിലേക്ക് എത്തിച്ചേരുന്നു. ഈ ആത്മസാക്ഷാത്കാരം തന്നെയാണ് ഒരുവന്റെ പ്രതിഫലം

പ്രൊഫ. ജെ.ഡി.സേത്തി 'ആഹാരത്തിന് വേണ്ടിയുള്ള പ്രയത്നം' എന്ന ആശയത്തിന്റെ നാലു ഘടകങ്ങളെ തിരിച്ചറിയുന്നു. അവ താഴെ പറയുന്നു.

1. ഏറ്റവും കുറഞ്ഞ അളവിലുള്ള ശാരീരികാധ്വാനം.
2. ആത്മസാക്ഷാത്കാരത്തിനുള്ള ഉപകരണം.
3. സേവനത്തിനുള്ള ഉപാധി.
4. ജീവിതസന്ധാരണത്തിനുള്ള മാർഗം.

ജീവിതസരണത്തിനു വേണ്ടി ഒരുവൻ അനുഷ്ഠിക്കുന്ന മാർഗം എല്ലായ്പ്പോഴും ധാർമ്മികവും സേവനത്തിനുള്ളതും ആയിരിക്കണം.

3

***ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം എന്ന ഗാന്ധിയൻ സാമ്പത്തികാശയത്തെ വിമർശനാത്മകമായി വിലയിരുത്തുക.***

## 4. സ്വദേശി (Swadeshi)

നിങ്ങളുടെ പ്രദേശത്തെ ഒരു കുടുംബശ്രീ ഉൽപ്പാദകയൂണിറ്റ് സന്ദർശിക്കുക. ഇവിടെ എന്താണ് ഉൽപ്പാദിപ്പിക്കുന്നത്?

- ഈ ഉൽപ്പന്നങ്ങൾ ആരാണ് വാങ്ങുന്നത്?
- ആരൊക്കെയാണ് ഇവിടുത്തെ ഗുണഭോക്താക്കൾ?

അയൽപക്കത്തെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് 'സ്വദേശി' എന്ന ആശയത്തിൽ ഉൾപ്പെടുന്നത്. ഗാന്ധിയൻ പ്രവർത്തനപദ്ധതിയിലെ പ്രധാന ആശയമാണിത്. 'സ്വദേശി' എന്ന വാക്കിന്റെ അർഥം സ്വന്തം ദേശം എന്നാണ്. പക്ഷെ ഗാന്ധിജി ഇതിനെ ജിവിതത്തിന്റെ പൂർണതത്വശാസ്ത്രപരമായി വികസിപ്പിച്ചു. 'സ്വധർമ്മ' എന്ന ഭഗവത്ഗീതയിലെ ആശയത്തോട് ഏറ്റവും അടുത്തുനിൽക്കുന്നതാണ് 'സ്വദേശി'. ഇവിടെ നാം സ്വദേശി സിദ്ധാന്തത്തിന്റെ സാമ്പത്തികതലം മാത്രമാണ് പരിശോധിക്കുന്നത്.

ഗാന്ധിജി സ്വദേശിയെ ഇപ്രകാരം നിർവചിച്ചു. "നമ്മുടെ സമീപത്തുള്ള സാധനങ്ങളും സേവനങ്ങളും പ്രയോജനപ്പെടുത്താനുള്ള നീക്കമാണ് സ്വദേശി കൊണ്ട് അർഥമാക്കുന്നത്. അതിദൂരദേശത്തെ ആശ്രയിക്കുന്നതിൽ നിന്നുള്ള മോചനമാണത്". (സത്യത്തിന്റെ സ്വരം പേജ് 227)

ഈ നിർവചന പ്രകാരം നമ്മുടെ തൊട്ടയൽവാസികൾ നിർമ്മിക്കുന്ന സാധനങ്ങളാണ് നാം ഉപയോഗിക്കേണ്ടത്. നാട്ടിലെ വ്യവസായശാലകൾ നമുക്കു വേണ്ട സാധനങ്ങൾ നിർമ്മിച്ചു നൽകണം.

ഒരു മനുഷ്യന് ലോകത്തുള്ള എല്ലാമനുഷ്യനെയും സേവിക്കാൻകഴിയില്ല. സേവനത്തിന്റെ ഈ പരിമിതിയെ സ്വദേശി അംഗീകരിക്കുന്നു.

നമുക്ക് അഭികാമ്യമായത് ഏറ്റവും അടുത്തഅയൽക്കാരന് സേവനംചെയ്യുക എന്നതാണ്. അതിലൂടെ നാം ലോകത്തെ തന്നെയാണ് സേവിക്കുന്നത്. ഇതാണ് സ്വദേശിയുടെ അടിസ്ഥാനപ്രമാണം.

**സ്വദേശിയുടെ പ്രധാനഘടകങ്ങൾ**

1) ബാഹ്യസഹായം കൂടാതെ തന്നെ അടിസ്ഥാനആവശ്യങ്ങൾ നിറവേറ്റാൻ ഓരോ സമൂഹത്തിനും ശേഷി യുണ്ട്.
2) അകലെയുള്ള അയൽക്കാരനെക്കാൾ അടുത്തുള്ള അയൽക്കാരന്റെ സാധനങ്ങൾക്ക് നാം മുൻഗണനകൊടുക്കണം.
3) സ്വദേശി സമൂഹത്തിൽ ഓരോവ്യക്തിക്കും അവന്റെ ഏറ്റവും മെച്ചപ്പെട്ട കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരംലഭിക്കുന്നു.
4) അഹിംസാത്മകവും ചൂഷണവിമുക്തവുമായ സമൂഹമാണ് സ്വദേശി ലക്ഷ്യം വയ്ക്കുന്നത്.
5) സ്വദേശിസമൂഹത്തിൽ ഒരുവ്യക്തി ഉപഭോക്താവ് എന്ന നിലയിൽ അവന്റെ അഭിലാഷങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നു.
6) പ്രാദേശിക വിഭവങ്ങളുടെയും തദ്ദേശീയ സാങ്കേതികവിദ്യയുടെയും പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നു.
7) സ്വദേശി സമൂഹത്തിൽ ഉപഭോക്താവ് തന്റെ അയൽക്കാരനായ ഉൽപ്പാദകനോട് ഉൽപ്പന്നത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് സഹകരിക്കുന്നു.
8) കോളനിവത്കരണത്തിന്റെ ഭാഗമായുള്ള സാമ്പത്തികാധിനിവേശത്തെ ചെറുക്കുന്നതിനുള്ള ശക്തമായ പ്രതിരോധമാണ് സ്വദേശി.

സ്വദേശി സിദ്ധാന്തം രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിന് എതിരല്ല. ഇക്കാര്യത്തിൽ വളരെകൃത്യമായ നിലപാട് ഗാന്ധിജിക്കുണ്ടായിരുന്നു. അദ്ദേഹം പറയുന്നു, മറ്റേതൊരു നല്ല കാര്യവും പോലെ സ്വദേശിയും ഒരു ഹരമാക്കിയാൽ നശിച്ചതു തന്നെ. ആ അപകടത്തിനെതിരെ ജാഗ്രത പുലർത്തണം. വിദേശഉൽപ്പാദകരെ വിദേശികളായതുകൊണ്ടു മാത്രം തള്ളുന്നതും ഒരു തരത്തിലും ഇണങ്ങാത്ത ഉൽപ്പാദനപ്രവർത്തനത്തിനുവേണ്ടി രാഷ്ട്രത്തിന്റെ സമയവും പണവും പാഴാക്കുന്നതും കുറ്റകരമായ ഭോഷത്തമാണ്. അതു സ്വദേശി തത്വത്തിന് എതിരുമാണ്. സ്വദേശിയുടെ യഥാർഥ സാധകന് വിദ്വേഷം പാടില്ല. സ്വദേശി എന്നത് നിസ്വാർഥ സേവനത്തിന്റെ തത്വശാസ്ത്രമാണ്. അതിന്റെ വേരുകളാകട്ടെ, ആഴ്ന്നിറങ്ങിയിരിക്കുന്നത് അഹിംസ അഥവാ പ്രേമത്തിലാണ്.

(സത്യത്തിന്റെ സ്വരം പേജ് 229)

സ്വദേശി സിദ്ധാന്തം ലക്ഷ്യം വയ്ക്കുന്നത് സ്വയംപര്യാപ്തമായ ഒരു സമൂഹമാണ്. ഒരു സ്വാശ്രയസമ്പദ്‌വ്യവസ്ഥയിൽ താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ച് മാത്രമെ ഉൽപ്പന്നങ്ങൾ മറ്റു രാജ്യങ്ങളിൽ നിന്നും വാങ്ങാവൂ.

1) ജനങ്ങളുടെ വളർച്ചക്കും വികാസത്തിനും ഒഴിച്ചുകൂടാനാവാത്തവ.

2) പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തവ.

3) തൊട്ടടുത്ത ഭാവിയിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തവ.

ചുരുക്കത്തിൽ സ്വയംപര്യാപ്തവും സ്വാശ്രയത്വത്തിലധിഷ്ഠിതവുമായ ഒരു സമൂഹസൃഷ്ടിക്കായുള്ള വിനയത്തിന്റെയും പ്രേമത്തിന്റെയും വിശ്വാസപ്രമാണമാണ് സ്വദേശി.

### പ്രവർത്തനം

- ***നിങ്ങൾ ഓരോരുത്തരും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഒരു പട്ടിക തയാറാക്കുക. ഇവയിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമാണ്?***
- ***വൻകിട കമ്പനികൾ ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമാണ്?***
- ***വിദേശ നിർമ്മിത വസ്തുക്കൾ ഏതെല്ലാമാണ്?***
- ***പ്രാദേശികമായി ഉൽപ്പാദിപ്പിച്ച സാധനങ്ങൾ ഉപയോഗിച്ചാൽ നമുക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.***

4

***ഗാന്ധിജിയുടെ സ്വദേശി സിദ്ധാന്തം ലക്ഷ്യം വയ്ക്കുന്നത് സ്വയം പര്യാപ്തമായ ഒരു സമൂഹമാണ്. വിശകലനം ചെയ്യുക.***

### 5. ഖാദി (Khadi)

ഗാന്ധിയൻ സങ്കല്പമായ 'ഖാദി' കേവലമൊരു കഷണം വസ്ത്രമല്ല. ഒരു ആശയത്തിന്റെ ഭൗതികസാക്ഷാത്കാരമാണ് അത്. ഖാദി എന്നത് കോളനി ഭരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീകം മാത്രമല്ല മറിച്ച് സ്വയംപര്യാപ്തത, രാഷ്ട്രീയ സ്വാതന്ത്ര്യം, ആദ്ധ്യാത്മിക എളിമ, ധാർമ്മികവിശുദ്ധി, ദേശീയഐക്യം, മതസൗഹാർദം, സാമൂഹിക സമത്വം, തൊട്ടുകൂടായ്മയുടെ അന്ത്യം, അതിലെല്ലാമുപരി അഹിംസയുടെയും പ്രതീകമാണ് ഖാദി. ഗാന്ധിജി നിർദേശിച്ച നിർമ്മാണപരിപാടികളിലെ (Constructive Programme) പ്രധാനഇനമാണ് ഖാദി. 1918 ലാണ് ഗാന്ധിജി ഖാദിപ്രസ്ഥാനം ആരംഭിക്കുന്നത്. ഇന്ത്യയിലെ ദരിദ്രജനകോടികൾക്ക് ആശ്വാസം നൽകുന്ന ഉപകരണമായിട്ടാണ് ഖാദിയെ ഗാന്ധിജി കണ്ടത്. ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെയും പിന്നാക്കാവസ്ഥയുടെയും പ്രതീകമായിരുന്ന ഖാദിയെ ഗാന്ധിജി സ്വാശ്രയത്വത്തിന്റെയും അഹിംസയുടെയും പ്രതീകമാക്കി പരിവർത്തനം ചെയ്തു.

ഗാന്ധിജി പറയുന്നു, "സർവരാജ്യ സമത്വവും സാമ്പത്തിക സ്വാതന്ത്ര്യവും ഖാദിയുടെ സന്ദേശത്തിലുണ്ട്. പരിപൂർണമായ സ്വദേശി മനോഭാവമാണത്. ഗ്രാമവാസികളുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് വേണ്ടതെല്ലാം നേടാനുള്ള ഒരു ദൃഢനിശ്ചയമാണത്. ......... ഖാദി എനിക്ക് ഇന്ത്യയുടെ ഐക്യത്തിന്റെ പ്രതീകമാണ്, സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും പ്രതീകമാണ് ......... കൂടാതെ ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും വികേന്ദ്രീകരണവും ഖാദികൊണ്ട് സാധിക്കുന്നു". (ക്രിയാത്മക പരിപാടി (1961) പുറം 12 - 13)

'ഖാദി' എന്നത് പൂർണമായും സ്വദേശി മാനസികാവസ്ഥയാണ്. ഗ്രാമസൗരയൂഥത്തിലെ സൂര്യനായിട്ടാണ് ഗാന്ധിജി ഖാദിയെ വിശേഷിപ്പിക്കുന്നത്. ഇതിനെപ്പറ്റി ഗാന്ധിജി വിശദമാക്കുന്നത് ഇപ്രകാരമാണ്. "ഖാദി ഇല്ലാതെ മറ്റുവ്യവസായങ്ങൾ നിലനിൽക്കുന്നില്ല, അതുപോലെ മറ്റുഗ്രാമവ്യവസായങ്ങൾ - ധാന്യസംസ്കരണം, സോപ്പു നിർമാണം, കടലാസു നിർമാണം, തീപ്പെട്ടിവ്യവസായം, എണ്ണയാട്ട് തുടങ്ങിയവ ഖാദി വ്യവസായത്തിന് മാന്യത കൂട്ടുന്നു. ഗ്രാമങ്ങളിൽ നിന്നെത്തുന്ന ഉൽപ്പന്നങ്ങളെ ഉപയോഗിക്കൂ എന്ന് നിർബന്ധം വയ്ക്കണം. നമുക്ക് ഗ്രാമങ്ങളോട് താൽപ്പര്യമുണ്ടായാൽ പിന്നെ പടിഞ്ഞാറിനെ അനുകരിക്കണമെന്നുണ്ടാകില്ല. യന്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച സാധനങ്ങളും ആവശ്യമായി തോന്നില്ല. ദാരിദ്ര്യവും പട്ടിണിയും അലസതയുമൊക്കെ അജ്ഞാതങ്ങളായി മാറുന്ന നവീനവീക്ഷണമുള്ള ഒരു ദേശീയതാൽപ്പര്യം നമുക്കുണ്ടായി വരികയും ചെയ്യും."

(സത്യത്തിന്റെ സ്വരം പേജ് 267)

'ഖാദി സമ്പദ് വ്യവസ്ഥയിൽ' ഉൽപ്പാദനം വിപണിക്കു വേണ്ടിയല്ല മറിച്ച് ഉപഭോഗത്തിനു വേണ്ടിയാണ്. ബൃഹദ് ഉൽപ്പാദനമല്ല മറിച്ച് ജനങ്ങളുടെ നേതൃത്വത്തിലുള്ള ഉൽപ്പാദനമാണ് ഗാന്ധിജി ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ടാണ് ഖാദിയെ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രമാക്കി ഗാന്ധിജി പ്രതിഷ്ഠിച്ചത്.

**ഖാദി താഴെ പറയുന്ന കാര്യങ്ങളെ പ്രതിനിധീകരിക്കുന്നു.**

1) സ്വാതന്ത്ര്യം, തൊഴിലിന്റെ അന്തസ്സ്, തൊഴിലിന്റെ സാധ്യത എന്നിവ ഉറപ്പുവരുത്തുന്നു.

2) പ്രാദേശിക വിഭവങ്ങളുടെയും മനുഷ്യശേഷികളുടെയും പരമാവധി ഉപയോഗം.

3) സ്വയം ചലിക്കുന്നതും സ്വയംപര്യാപ്തവും സറായിയുമായ സമ്പദ്വ്യവസ്ഥ സൃഷ്ടിക്കുക.

**വസ്ത്രനിർമ്മാണം കുടിൽവ്യവസായമായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗാന്ധിജി 1924 ൽ ഇപ്രകാരം എഴുതി.**

1. തൊഴിലില്ലാതെ വെറുതെയിരിക്കുന്ന ആയിരക്കണക്കിനാളുകൾക്ക് അത് ഉടൻ തൊഴിൽപ്രദാനം ചെയ്യുന്നു.
2. ആയിരക്കണക്കിനാളുകൾക്ക് ആ പ്രവൃത്തി നിശ്ചയമുണ്ട്.
3. പഠിച്ചെടുക്കാൻ എളുപ്പമാണ്.

4. വലിയ മൂലധനത്തിന്റെ ആവശ്യമില്ല.
5. ചർക്കയെന്നത് വില കുറച്ചും എളുപ്പമായി ഉണ്ടാക്കിയെടുക്കാവുന്നതുമാണ്. ഒരു തടിച്ചീളും ഓട്ടിൻ കഷണവുമുണ്ടെങ്കിൽ പോലും നൂൽനൂൽക്കാമെന്ന് നമ്മളിൽ പലർക്കും ഇനിയുമറിയില്ല.
6. ജനങ്ങൾക്ക് ഈ ജോലിയോട് വൈമുഖ്യമില്ല.
7. ദൗർലഭ്യതയുടെ കാലത്തും ക്ഷാമകാലത്തും അത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നു.
8. വിദേശവസ്ത്രങ്ങൾ വാങ്ങുന്നതു വഴി ഇന്ത്യയിൽനിന്നും പുറത്തേക്കുള്ള ധനത്തിന്റെ ഒഴുക്കു തടയാൻ അതിനുകഴിയുന്നു.
9. ഇപ്രകാരം ലാഭിക്കുന്ന ലക്ഷങ്ങൾ പാവപ്പെട്ടജനങ്ങളുടെ പ്രയോജനത്തിനായി സ്വയമേവ വിതരണംചെയ്യപ്പെടുന്നു.
10. ഈ രംഗത്ത് ഉണ്ടാകുന്ന ചെറിയൊരു വിജയം പോലും ആളുകൾക്ക് പെട്ടെന്നുള്ള വലിയനേട്ടമായി മാറുന്നു.
11. ജനങ്ങളുടെ ഇടയിൽ സഹകരണം വളർത്തുവാൻ ഏറ്റവും ഫലപ്രദമായ വഴിയാണിത്. (യംഗ് ഇന്ത്യ 21-8-1924 പുറം 227)

## 6. യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും (Mechanisation and Industrialisation)

ഖാദിയിലൂടെയും ഗ്രാമവ്യവസായങ്ങളിലൂടെയും ജനങ്ങളുടെ നേതൃത്വത്തിലുള്ള ഉൽപ്പാദനത്തെ ശക്തിപ്പെടുത്തുവാൻ യന്ത്രങ്ങളുടെ ഉചിതമായ ആവശ്യമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു.

വ്യവസായവിപ്ലവാനന്തരം പടിഞ്ഞാറൻനാടുകളിൽ സാധനങ്ങളുടെ ഉൽപ്പാദനത്തിലും അവയുടെ വിതരണത്തിലും വലിയ മാറ്റങ്ങളാണ് സംഭവിച്ചത്. മനുഷ്യത്തൊഴിലിന്റെ സ്ഥാനം യന്ത്രങ്ങൾഏറ്റെടുത്തു. സാമ്പത്തികപ്രവർത്തനങ്ങളുടെ കേന്ദ്രീകരണത്തിലൂടെ മനുഷ്യന്റെ എല്ലാപ്രശ്നങ്ങൾക്കും പരിഹാരംകാണാമെന്ന് സാമ്പത്തികവിദഗ്ധർ ചിന്തിച്ചു. ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇതിലൂടെ പരിഹരിക്കപ്പെടുമെന്ന് അവർ വിശ്വസിച്ചു. എന്നാൽ ഇത് ഒരു വ്യാമോഹം മാത്രമായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം വ്യവസായവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും ഫലമായി ഒട്ടനവധി പുതിയപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയാണ് ചെയ്തത്. തൊഴിലില്ലായ്മ, തൊഴിലിൽ നിന്നുള്ള അന്യവൽക്കരണം, പരിസ്ഥിതി മലിനീകരണം, വിഭവങ്ങളുടെ അമിതഉപയോഗം, നഗരവൽക്കരണം എന്നിവയെല്ലാം ഇതിന്റെ ഫലങ്ങളാണ്. അതിലെല്ലാമുപരി യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും ചൂഷണത്തിന് കാരണമാകുന്നു. ഇതിനെപ്പറ്റി ഗാന്ധിജി ഇപ്രകാരം പറയുന്നു.

"വ്യവസായവൽക്കരണം വമ്പിച്ച തോതിലാകുമ്പോൾ സ്വാഭാവികമായി പ്രത്യക്ഷമായോ പരോക്ഷമായോ ചൂഷണവും ഉടലെടുക്കുന്നു. മത്സരവും വിപണികൾ പിടിച്ചെടുക്കാനുള്ള ശ്രമവും ഉണ്ടാകുമ്പോൾ ഗ്രാമവാസികളാണ് എപ്പോഴും ചൂഷണ

ത്തിന് ഇരയാകുക". ദാരിദ്ര്യം മാറുന്നതിന് വ്യവസായവൽക്കരണത്തെ ഗാന്ധിജി പ്രതിവിധിയായി കാണുന്നില്ല. "കാളവണ്ടി ഉപയോഗിക്കുന്നതല്ല നമ്മുടെ കുഴപ്പങ്ങൾക്ക് കാരണം. നമ്മുടെ സ്വാർഥയും അയൽക്കാരോടുള്ള അവഗണനയുമാണ് പ്രശ്നങ്ങൾ." കുറേക്കൂടി വ്യക്തമായി മനുഷ്യന്റെ സ്വാർഥയെപ്പറ്റി ഗാന്ധിജി 'സർവോദയം' എന്ന തന്റെ കൃതിയിൽ വിശദമാക്കുന്നുണ്ട്. "ധനശാസ്ത്രം മനുഷ്യരുടെ സ്വഭാവത്തെയും പെരുമാറ്റത്തെയും കണക്കിലെടുക്കുന്നില്ല. എന്നാൽ ധനാർജനമാണ് അഭിവൃദ്ധിയുടെ അടയാളമെന്നും രാഷ്ട്രങ്ങളുടെ സന്തോഷം അവരുടെ ധനത്തെ മാത്രം ആശ്രയിച്ചിരിക്കുന്നുവെന്നും ധരിക്കുന്നു. കൂടുതൽ വ്യവസായങ്ങളാൽ കൂടുതൽ സന്തോഷം!. അതിനാൽ ആളുകൾ ഉന്മേഷപ്രദമായ കാറ്റടിക്കുന്ന അവരുടെ ഗ്രാമങ്ങളിലെ കൃഷിയിടങ്ങൾ ഉപേക്ഷിച്ച് നഗരങ്ങളിൽ വരികയും അവിടത്തെ മാരകമായ വായു ശ്വസിച്ചുകൊണ്ട് അന്ധകാരത്തിലും ശബ്ദകോലാഹലങ്ങളിലും അൽപ്പായിസുക്കളായി ജീവിക്കുകയും ചെയ്യുന്നു. ഇത് ദേശീയതലത്തിൽ ആരോഗ്യനാശത്തിലേക്കും കൂടിവരുന്ന അത്യാർത്തിയിലേക്കും അധാർമ്മികതയിലേക്കും നയിക്കുന്നു".

യന്ത്രവൽക്കരണമാണ് വ്യവസായവൽക്കരണത്തിന്റെ ഗതിവേഗം വർധിപ്പിക്കുന്നത്. യന്ത്രവൽക്കരണത്തെയല്ല ഗാന്ധിജി എതിർക്കുന്നത് മറിച്ച് യാതൊരു വകതിരിവും ഇല്ലാതെയുള്ള യന്ത്രവർധനവിനെയാണ്. അദ്ദേഹം പറയുന്നു, "യന്ത്രവിജയത്തിൽ മതിമറന്നു പോകുവാൻ ഞാൻ തയാറല്ല. നാശകാരിയായ യന്ത്രങ്ങൾക്ക് ഞാനെന്നും എതിരാണ്. എന്നാൽ തൊഴിലാളികളുടെ പ്രവർത്തനം എളുപ്പമാക്കാനുദേശിച്ചുള്ള എല്ലാ ലളിതമായ ഉപകരണങ്ങൾക്കും ലഘുയന്ത്രങ്ങൾക്കും ഞാൻ സ്വാഗതംനേരുന്നു". *(യംഗ് ഇന്ത്യ 17-6-1926)*

**താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും ആകാമെന്ന് ഗാന്ധിജി പറയുന്നു.**

- അഹിംസാസിദ്ധാന്തത്തിനനുസൃതമായിരിക്കണം ഇവയുടെ ഉപയോഗം.
- ദശലക്ഷകണക്കിനുള്ള ദരിദ്രർക്ക് ആരോഗ്യവും ആഹ്ലാദവും ലഭിക്കണം. ആത്മീയമായി അവർ വളരണം.
- മനുഷ്യാധ്വാനത്തെ മാറ്റാൻ പാടില്ല.
- തൊഴിലാളികളുടെ അധ്വാനത്തെ എളുപ്പമാക്കാനുദ്ദേശിക്കുന്ന ഉപകരണങ്ങളും ലഘുയന്ത്രങ്ങളും ഉപയോഗിക്കാം.
- ഗ്രാമസമൂഹത്തെ ചൂഷണംചെയ്യാൻ പാടില്ല.
- സമ്പത്തിന്റെ കേന്ദ്രീകരണം ഒഴിവാക്കണം.

5

***നിങ്ങളുടെ പ്രദേശത്തുള്ള ഒരു ഫാക്ടറി സന്ദർശിച്ച് അവിടുത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക. ഗാന്ധിയൻ ചിന്തയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ വിലയിരുത്തലുകൾ പരിശോധിക്കുക.***

### 8. സാമ്പത്തിക സമത്വം

സാമ്പത്തികസമത്വം എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നത് എല്ലാവർക്കും തുല്യമായതുക ഉണ്ടാവുക എന്നതല്ല. മറിച്ച് ഓരോരുത്തർക്കും ആവശ്യത്തിന് വക കിട്ടണം എന്നുള്ളതാണ്. ഗാന്ധിജി പറയുന്നു, "ഓരോരുത്തർക്കും അവരവർക്കാവശ്യമുള്ളത് എന്നതാണ് സാമ്പത്തികസമത്വത്തിന്റെ ശരിയായ അർഥം. മാർക്സ് നൽകിയ നിർവചനമാണത്. ഒരംഗം മാത്രമുള്ള ഒരു കുടുംബം, ഭാര്യയും ഭർത്താവും നാലുകുട്ടികളും ഉള്ള മറ്റൊരു കുടുംബത്തിന് ആവശ്യമായ അത്രയും വിഭവങ്ങൾ അവകാശപ്പെടരുത്. അത് സാമ്പത്തികസമത്വത്തിന്റെ ലംഘനമാകും. ........ രാജാവിനെയും ഒരു ദരിദ്രനെയും താരതമ്യപ്പെടുത്തി രാജാവിന് കൂടുതൽ വേണം എന്നു പറയുന്നതിൽ അർഥമില്ല. ധനികനും ദരിദ്രനും തമ്മിലുള്ള ഇന്നത്തെ അന്തരം എന്നെ വേദനിപ്പിക്കുന്നു. സമീകൃതാഹാരം, പാർക്കാൻ നല്ലൊരു വീട്, കുട്ടികൾക്ക് വിദ്യാഭ്യാസം, വേണ്ട വൈദ്യസഹായം ഇതൊക്കെ എല്ലാവർക്കും കിട്ടണം. ഇതിനപ്പുറം ഒന്നും കിട്ടരുതെന്നല്ല ഞാൻ പറഞ്ഞതിനർഥം. പക്ഷേ പാവപ്പെട്ടവർക്ക് അവശ്യവസ്തുക്കളാണ് ആദ്യം വേണ്ടത്. ആദ്യം വേണ്ടത് ആദ്യം ഉണ്ടാവട്ടെ". (ഹരിജൻ 31 - 3 - 46)

**സാമ്പത്തികസമത്വത്തെക്കുറിച്ചുള്ള ഗാന്ധിയൻആശയങ്ങളെ താഴെപറയുന്ന പ്രകാരം നമുക്ക് സംഗ്രഹിക്കാം.**

- തുല്യമായ വിതരണം നടപ്പിൽ വരുത്തുക അസാദ്ധ്യമായതിനാൽ നീതിയുക്തമായവിതരണം നടപ്പിൽവരുത്താനാണ് ഗാന്ധിജി ആഗ്രഹിക്കുന്നത്.
- എല്ലാമനുഷ്യനും അവനവന് അനിവാര്യമായവ നേടിയെടുക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം.
- എല്ലാമനുഷ്യരുടെയും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടണം.
- വിദ്യാസമ്പന്നരായ ആളുകൾ ധനം കുന്നുകൂട്ടുന്നതിനു പകരം അവരുടെ കഴിവുകൾ രാജ്യസേവനത്തിനായി ഉപയോഗിക്കണം.
- പരസ്പരസഹകരണത്തിലൂടെ മത്സരവും വിദ്വേഷവും ഒഴിവാക്കണം.
- അവസരസമത്വത്തിലൂടെ എല്ലാവ്യക്തികളും ആത്മീയോത്ക്കർഷം നേടണം.

6

***ഇന്നു നിലനിൽക്കുന്ന സാമ്പത്തിക അസമത്വം ഇല്ലാതാക്കാനുള്ള പ്രായോഗികനിർദേശങ്ങൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുക.***

## ട്രസ്റ്റീഷിപ്പ് (Trusteeship)

'പരിപാലന ഭാരവാഹിത്വം' എന്നാണ് ഈ വാക്കിന്റെ അർഥം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ളഅന്തരം കുറയ്ക്കുക എന്നത് എല്ലാക്കാലത്തും സാമ്പത്തിക ശാസ്ത്രത്തിലെ വിഷമം പിടിച്ച ഒരു പ്രശ്നമായിരുന്നു. കമ്യൂണിസവും സോഷ്യലിസവും ഉള്ളവനെ ഇല്ലായ്മ ചെയ്യുന്നതിനോ അവന്റെ സ്വത്ത് പൊതുസ്വത്താക്കുന്നതിനോ ആണ് പരിശ്രമിച്ചത്. ഇവയെല്ലാം തന്നെ അക്രമത്തിലാണ് അവസാനിച്ചത്. ഈ പ്രശ്നത്തിന് ഗാന്ധിജിയുടെ പരിഹാരമായിരുന്നു 'ട്രസ്റ്റിഷിപ്പ്'. സ്വത്തിന്റെ മേലുള്ള ഉടമസ്ഥതയാണ് എല്ലാ അസമത്വങ്ങളുടെയും മൂലകാരണം. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ച 'സ്വത്ത്' എന്നത് സമൂഹത്തിന്റേതാണ്. അത് മനുഷ്യന്റെ ക്ഷേമത്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഈശോപനിഷത്ത്, ഭഗവദ്ഗീത എന്നീ മഹത്ഗ്രന്ഥങ്ങൾ ഈ ആശയം രൂപപ്പെടുത്തുന്നതിൽ ഗാന്ധിജിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. "സമ്പത്ത് പരിത്യജിക്കുന്നതിലൂടെ ആനന്ദം കണ്ടെത്താൻ" ഈശോപനിഷത്ത് ഉപദേശിക്കുന്നു. സമാനമായ ആശയമാണ് ഭഗവദ്ഗീതയിൽ പരാമർശിക്കുന്ന 'അപരിഗ്രഹ' എന്നതും. ട്രസ്റ്റിഷിപ്പിനെപ്പറ്റി ഗാന്ധിജി ഇപ്രകാരം പറയുന്നു, "എല്ലാം ഈശ്വരന്റേതാണ്. ഒക്കെ അവിടുന്നു തന്നതാണ്. അതിനാൽ ഇതൊക്കെ അദ്ദേഹത്തിന്റെ സൃഷ്ടികൾക്കുള്ളതാണ്. ഒരു വ്യക്തിക്ക് മാത്രമുള്ളതല്ല. അവകാശപ്പെട്ടതിൽ കൂടുതൽ കൈവശമുണ്ടെങ്കിൽ അത് നിങ്ങളുടെ സ്വന്തമല്ല. 'പരിപാലന ഭാരവാഹിത്വം' മാത്രമെ ഉള്ളൂ. കുറേക്കൂടി വ്യക്തമായി ഗാന്ധിജി ഇക്കാര്യം പറയുന്നുണ്ട്. "നാം പ്രകൃത്യാ സമന്മാരാണെങ്കിലും നമുക്ക് അവസരസമത്വം അവകാശപ്പെട്ടതാണെങ്കിലും എല്ലാവർക്കും അതിനുള്ള കഴിവില്ല. പ്രതിഭയുള്ളവർ കൂടുതൽ നേടുന്നു. അവർ അവരുടെ കഴിവുകൾ സഭയം വിനിയോഗിച്ചാൽ സർക്കാറിന്റെ പ്രവർത്തനങ്ങൾവരെ നടത്താം. അത്തരക്കാരാണ് പരിപാലന ഭാരവാഹികൾ ആകേണ്ടത്. ബുദ്ധി കൂടുതൽ ഉള്ളവർ കൂടുതൽ വരുമാനമുണ്ടാക്കുന്നതിനോട് എനിക്ക് യാതൊരു എതിർപ്പുമില്ല. എന്നാൽ അയാളുടെ അധികവരുമാനം രാഷ്ട്രനന്മയ്ക്കു വേണ്ടി ഉപയോഗിക്കണം. ഉടമസ്ഥർ എന്നു പറയപ്പെടുന്ന എല്ലാആളുകളും പരിപാലനഭാരവാഹികളായി മാറുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു. ന്യായമായതുക സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചോളൂ. സ്വന്തമായി നൂറുരൂപാ കൈവശമുള്ളവൻ അൻപതുരൂപാ തനിക്കായി എടുത്തുകൊള്ളട്ടെ. ബാക്കി അൻപതു രൂപാ തൊഴിലാളികൾക്കും. സ്വന്തമായി എടുക്കാവുന്നത് എത്ര എന്നു ക്ലിപ്തപ്പെടുത്തുന്നില്ല. കാരണം അത് കടുത്ത അനീതിക്ക് ഇടയാക്കാം." (യംഗ് ഇന്ത്യ 26-11-1931 പുറം 368-68)

### ട്രസ്റ്റീഷിപ്പിന്റെ സവിശേഷതകൾ

- മുതലാളിത്തവ്യവസ്ഥയുടെ അഹിംസാത്മകമായ പരിവർത്തനം സാധ്യമാകുന്നു.
- ഈ പ്രപഞ്ചത്തിലുള്ളതെല്ലാം ഈശ്വരന്റെതാകയാൽ ഇവിടെയുള്ളതെല്ലാത്തിനും എല്ലാവർക്കും അവകാശമുണ്ട്.
- ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കുന്ന പങ്കുവെക്കലിന്റേയും സമാധാനപൂർണമായ സഹവർതിത്വത്തിന്റേയും പ്രാധാന്യം ട്രസ്റ്റിഷിപ്പ് ഊട്ടി ഉറപ്പിക്കുന്നു.
- സമ്പത്ത് അധികമായി നേടിയവർ അതിൽനിന്ന് ന്യായമായത് എടുത്തതിനുശേഷം ബാക്കിയുള്ളവ മറ്റുള്ളവരുടെ ക്ഷേമത്തിനായി വിനിയോഗിക്കണം.
- എല്ലാവ്യക്തികളും അവരുടെ അധികസമ്പത്തിന്റെ പരിപാലനഭാരവാഹികൾ മാത്രമാണ്.
- വർഗസമരത്തിന് ബദലായി 'പരിപാലന ഭാരവാഹിത്വം' എന്ന ആശയം ഉപയോഗിക്കാവുന്നതാണ്.

### ട്രസ്റ്റിഷിപ്പ് - പ്രായോഗികപ്രമാണസൂത്രം (Trusteeship - Practical Formula)

ശ്രീ.കെ.ജി മശ്റൂവാല, ശ്രീ.എൻ.സി.പരീഖ് എന്നിവർ തയാറാക്കിയതും ഗാന്ധിജി മാറ്റങ്ങൾ വരുത്തി അംഗീകരിച്ചതുമായ പ്രായോഗിക പ്രമാണസൂത്രമാണ് ചുവടെ ചേർത്തിരിക്കുന്നത്.

1) ഇന്നത്തെ മുതലാളിത്ത സമ്പ്രദായം മാറ്റി പുതിയൊരു സാമൂഹ്യവ്യവസ്ഥിതി നടപ്പിൽ വരുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ട്രസ്റ്റിഷിപ്പ് സമ്പ്രദായം. ഇന്നത്തെ മുതലാളി വർഗത്തിന് ഒരു രൂപാന്തരത്തിനുള്ള അവസരമാണിത്. മനുഷ്യപ്രകൃതി എപ്പോഴും മാറ്റങ്ങൾക്ക് തയാറാണ് എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സിദ്ധാന്തം.
2) സാമൂഹ്യാംഗീകാരമില്ലാത്തതും, സാമൂഹ്യക്ഷേമത്തിനുതകാത്തതും ആയ ഒരു സ്വകാര്യസ്വത്തിനും ഈ സമ്പ്രദായം അംഗീകാരം നൽകുന്നില്ല.
3) സ്വത്തവകാശത്തിന്മേലുള്ള നിയമനിയന്ത്രണങ്ങൾ ഇതുപരിഗണിക്കുന്നതാണ്.
4) സ്വാർത്ഥലാഭത്തിനു വേണ്ടിയോ സാമൂഹികതാൽപ്പര്യങ്ങൾക്ക് വിരുദ്ധമായരീതിയിലോ സ്വത്തു കൈവശം വയ്ക്കുന്നതും അനുഭവിക്കുന്നതും ഈ വ്യവസ്ഥ അനുവദിക്കുന്നില്ല.
5) അന്തസ്സുറ്റ ജീവിതത്തിന് മതിയാകുന്ന ഒരു തുക പ്രതിഫലമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരുപരിധിയിൽകവിഞ്ഞ വരുമാനം വ്യക്തിക്ക് അനുവദിക്കുന്നില്ല. സ്വകാര്യആവശ്യത്തിനുള്ള വരുമാനപരിധി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതാണ്.
6) ഗാന്ധിയൻ സാമ്പത്തിക വ്യവസ്ഥയനുസരിച്ച് സമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ചാണ് ഉൽപ്പാദനം നടക്കുക. വ്യക്തിതാൽപ്പര്യങ്ങൾക്കോ ലാഭമോഹങ്ങൾക്കോ ഉൽപ്പാദനപ്രക്രിയയിൽ സ്ഥാനമില്ല.

7

***സാമ്പത്തിക അസമത്വം ഒഴിവാക്കുന്നതിനായി ഗാന്ധിജി വിനോബ ഭാവെ, ജെ.സി. കുമരപ്പ, ഇ. എഫ്. ഷൂമാക്കർ എന്നിവരുടെ ഗാന്ധി യൻ സാമ്പത്തിക ചിന്തകളിലുള്ള സംഭാവനകൾ നിർദേശിച്ച മാർഗം ഏതെന്ന് തിരിച്ചറിഞ്ഞ് വിശദമാക്കുക.***

## വിനോബഭാവെ : ഭൂദാൻ, ഗ്രാമദാൻ പ്രസ്ഥാനങ്ങൾ

ഗാന്ധിജിയുടെ ആധ്യാത്മിക പിൻഗാമിയായിരുന്നു ആചാര്യ വിനോബാഭാവെ (1895-1982). ഗാന്ധിജിയുടെ പരിപാലന ഭാരവാഹിത്വം (ട്രസ്റ്റീ ഷിപ്പ്) എന്ന ആശ യത്തെ വികസിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വിനോബഭാവെ പരി ശ്രമിച്ചു.

വിനോബഭാവെയുടെ നേതൃത്വത്തിൽ 1951 ൽ ആന്ധ്രാപ്രദേശിലെ പോച്ചംപള്ളി ഗ്രാമത്തിൽ വച്ചാണ് ഭൂദാനപ്രസ്ഥാനം ആരംഭിക്കുന്നത്. സ്വമേധയായുള്ള ഭൂപരിഷ്ക രണ പ്രസ്ഥാനമായിരുന്നു ഇത്. രാമ ചന്ദ്രറെഡ്ഡി എന്നയാളാണ് ആദ്യമായി ഭൂമി ദാനം ചെയ്തത്. ഭൂപ്രഭുക്കന്മാരെ സ്വമേധയാ ഭൂമി ദാനം ചെയ്യുന്നതിന് പ്രേരിപ്പിക്കുക എന്ന തായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ദൗത്യം. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ് എന്നആശയ ത്തിന്റെ പ്രയോഗവൽക്കരണമാണ് ഈ പ്രസ്ഥാനത്തിലൂടെ വിനോബ നിർവഹിച്ചത്.

ഭൂദാന പ്രസ്ഥാനത്തിന്റെ അടുത്തഘട്ടമായിരുന്നു ഗ്രാമദാനപ്രസ്ഥാനം. ഒരു ഗ്രാമ ത്തിലെ ഭൂപ്രഭുക്കന്മാർ അവരുടെ ഭൂമിമുഴുവനും ഭൂദാനപ്രസ്ഥാനത്തിലേക്ക് സ്വമേ ധയാ ദാനമായി നൽകുന്നതിനെയാണ് ഗ്രാമദാനം എന്നു പറയുന്നത്. സ്വകാര്യ സ്വത്തിന്റെ അഹിംസാത്മകമായ നിർമ്മാർജനമാണ് ഇതിലൂടെ ലക്ഷ്യം വച്ചത്. ഭൂമി മുഴുവൻ ഗ്രാമസമൂഹത്തിന്റെ പൊതുഉടമസ്തതയിൽ ആയിരിക്കും. ഉത്തർപ്രദേശിലെ ഹാമിർപൂർ ജില്ലയിലുള്ള മാംഗ്രോത്ത് ഗ്രാമമാണ് ആദ്യമായി ഗ്രാമദാനപ്രസ്ഥാനത്തിന്റെ ഭാഗമായത്. ഭൂമി ദാനമായിനൽകാൻകഴിയാത്ത ധനാഢ്യരായ വ്യക്തികൾ അവരുടെ വാർഷികവരുമാനത്തിന്റെ നിശ്ചിതശതമാനം സമൂഹത്തിന് ദാനമായി നൽകണമെന്ന് വിനോബ അഭ്യർഥിച്ചു. ഭൂരഹിതരായവ രെയും ഭൂദാനപ്രവർത്തകരെയും പരിര ക്ഷിക്കുന്നതിന് ഈതുക വിനിയോഗിക്ക ണമെന്ന് വിനോഭജി നിഷ്കർഷിച്ചു. ഇതി നെ സമ്പത്തിന്റെ ദാനം എന്നാണ് വിളി ച്ചിരുന്നത്. ഇതുപോലെതന്നെ ബുദ്ധിപര മായ ശേഷികൾ സമൂഹത്തിന്റെ പൊതു നന്മയിക്കായി വിനിയോഗിക്കുന്നതിനെ ബുദ്ധിദാനം എന്നും വിളിച്ചിരുന്നു. ഭൂദാന



പ്രസ്ഥാനത്തിന്റെ ആശയങ്ങളുടെ പ്രചരണവും ബുദ്ധിദാനം പ്രവർത്തനമാണ്. ഒരുവൻ അവന്റെ തൊഴിൽശക്തി സമൂഹത്തിന്റെ നന്മയാക്കി സ്വമേധയാനൽകുമ്പോൾ ശ്രമദാനം എന്നാണറിയപ്പെട്ടിരുന്നത്. പൊതു ആസ്തികളുടെ നിർമ്മാണത്തിനാണ് ശ്രമദാൻ ഉപയോഗിക്കുന്നത്. ഒരുവൻ അവന്റെ ജീവിതം പൂർണമായി ഭൂദാനപ്രസ്ഥാനത്തിനായി മാറ്റുമ്പോൾ അതിനെ ജീവൻദാൻ എന്നു വിളിക്കുന്നു.

## ജെ.സി.കുമരപ്പ : സ്ഥായിയായ സമ്പദ്‌വ്യവസ്ഥ



ഗാന്ധിജിയുടെ അടുത്ത അനുയായിയും ഇന്ത്യൻ സാമ്പത്തികശാസ്ത്രജ്ഞനുമായിരുന്നു ജെ.സി. കുമരപ്പ (1892-1960). ഗാന്ധിയൻ സാമ്പത്തികശാസ്ത്രചിന്തകളെ സ്വതന്ത്രമായിവികസിപ്പിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും കുമരപ്പയുടെ സംഭാവനകൾ ഗണനീയമാണ്. അഹിംസാത്മകമായ സാമൂഹ്യക്രമത്തിന് വേണ്ടിയുള്ള അന്വേഷണമാണ് സ്ഥായിയായ സമ്പദ്‌വ്യവസ്ഥ (Economy of permenence) എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം നടത്തുന്നത്. ഭൗതികവളർച്ചക്കും ജീവിതനിലവാരത്തിന്റെ വർദ്ധനവിനും അമിതമായി പ്രാധാന്യംനൽകുന്ന ആധുനികസാമ്പത്തികശാസ്ത്രത്തിന്റെരീതികളെ കുമരപ്പ നിശിതമായിവിമർശിക്കുന്നു. പ്രകൃതിയാണ് സ്ഥായിയായ സമ്പദ്‌വ്യവസ്ഥയെന്ന് കുമരപ്പ അഭിപ്രായപ്പെടുന്നു.

പ്രകൃതിയിൽ എല്ലാഘടകങ്ങളും സഹവർത്വത്തിലൂടെയാണ് നിലനിൽക്കുന്നത്. പ്രകൃതിയിലെ ഓരോഘടകവും സ്വന്തമായി നൽകാൻ ശ്രമിക്കുന്നതിനോടൊപ്പം മറ്റുഘടകങ്ങളുടെ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു. ഇപ്രകാരം പ്രകൃതിയിലെ വിവിധഘടകങ്ങൾ തമ്മിലുള്ള ഇണക്കത്തോടു കൂടിയ നിലനില്പിനെയാണ് സ്ഥായിയായ സമ്പദ്‌വ്യവസ്ഥയെന്ന് കുമരപ്പവിളിക്കുന്നത്. സ്ഥായിയായ സമ്പദ്‌വ്യവസ്ഥയിൽ പ്രകൃതിയെ നശിപ്പിക്കുന്ന യാതൊന്നുംതന്നെ നടക്കുന്നില്ല. പ്രകൃതിയിൽ അഞ്ചുതരത്തിലുള്ള സമ്പദ്‌വ്യവസ്ഥകൾ നിലനിൽക്കുന്നതായി കുമരപ്പ അഭിപ്രായപ്പെടുന്നു.

### 1. പരാശ്രയ സമ്പദ്‌വ്യവസ്ഥ (Parasitic Economy)

ചില സസ്യങ്ങൾ മറ്റുസസ്യങ്ങളുടെയോ വൃക്ഷങ്ങളുടെയോ സഹായത്തോടുകൂടിയാണ് വളരുന്നത്. ഇപ്രകാരം വളരുന്ന സസ്യങ്ങൾ ആതിഥേയ വൃക്ഷത്തെയോ സസ്യത്തെയോ അതിന്റെ വളർച്ചയോടൊപ്പം നശിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ ഒരു പരാശ്രയ സമ്പദ്‌വ്യവസ്ഥ സ്വയംകേന്ദ്രീകൃതമായിരിക്കും. ഇവിടെ ഉൽപ്പാദനമില്ലാതെ ഉപഭോഗം മാത്രമായിരിക്കും നടക്കുക.

### 2. കവർച്ചാ സ്വഭാവമുള്ള സമ്പദ് വ്യവസ്ഥ (Predatory Economy)

പ്രകൃതിയിലെ ചിലഘടകങ്ങൾ പ്രകൃതിയിൽ നിന്നും ആനുകൂല്യങ്ങൾ നേടുകയും എന്നാൽ ഇതിനു തുല്യമായി ഒന്നും തന്നെ മറ്റു ഘടകങ്ങൾക്ക് കൈമാറാതിരിക്കുകയും ചെയ്യുന്നു. ഇത്തരം സ്വഭാവമുള്ള സമ്പദ്‌വ്യവസ്ഥയാണ് കവർച്ചാസ്വഭാവമുള്ള

സമ്പദ്‌വ്യവസ്ഥ. ഒരു കുരങ്ങൻ മാവിൽനിന്ന് ഫലം ഭക്ഷിക്കുകയും മാവിന് ഒന്നും തന്നെ സംഭാവന ചെയ്യാതിരിക്കുകയും ചെയ്യുന്നു. ഇവിടെ സ്വാർഥപരമായാണ് കുരങ്ങന്റെ പ്രവൃത്തി. പരാശ്രയ സമ്പദ്‌വ്യവസ്ഥയെക്കാളും അക്രമം ഇവിടെ കുറവായിരുന്നുവെങ്കിലും ഇതും നശീകരണസ്വഭാവമുള്ളതാണ്.

### 3. സംരംഭകത്വ സമ്പദ് വ്യവസ്ഥ (Economy of Enterprise)

പ്രകൃതിയിലെ ചിലജീവികൾ പ്രകൃതിയിൽനിന്നും ആവശ്യമായവ എടുക്കുന്നതിനോടൊപ്പം തന്നെ തിരിച്ച് പ്രകൃതിക്ക് സവിശേഷമായ ചിലസേവനങ്ങൾ ചെയ്യുകയും ചെയ്യുന്നു. ഉദാഹരണത്തിന് തേനീച്ച പുഷ്പങ്ങളിൽ നിന്ന് തേൻ ശേഖരിക്കുന്നതിനോടൊപ്പം അവയുടെ പരാഗണത്തിന് സഹായിക്കുകയും ചെയ്യുന്നു. ഇവിടെ പരസ്പരമുള്ള ക്രിയാത്മകമായ സഹവർത്തിത്വമാണ് നിലനിൽക്കുന്നത്.

### 4. സഹവാസ സമ്പദ്‌വ്യവസ്ഥ

ഒരു തേനീച്ച ഒരിക്കലും അതിന്റെ വ്യക്തിപരമായ നേട്ടത്തിനായല്ല പ്രവർത്തിക്കുന്നത് മറിച്ച് അതുൾപ്പെടുന്ന തേനീച്ചക്കൂട്ടത്തിന്റെ മുഴുവൻ നന്മക്കായിട്ടാണ്. ഇവിടെ വ്യക്തിതാൽപ്പര്യത്തിൽനിന്നും സമൂഹതാൽപ്പര്യത്തിലേക്ക് പ്രവർത്തനം മാറുകയും വർത്തമാനകാല ആവശ്യം നിറവേറ്റപ്പെടുന്നതോടൊപ്പം തന്നെഭാവികാലത്തേക്കുള്ള ആസൂത്രണവും നടക്കുന്നു.


### 5. സേവന സമ്പദ് വ്യവസ്ഥ (Economy of service )

പ്രകൃതിയിൽ നിലനില്ക്കുന്ന ഏറ്റവും ഉയർന്ന രൂപത്തിലുള്ള സമ്പദ് വ്യവസ്ഥയാണിത്. കുട്ടികളും അവരുടെ രക്ഷാകർത്തക്കളും തമ്മിലുള്ള ബന്ധം ഇത്തരം വ്യവസ്ഥയുടെ പ്രത്യക്ഷ ഉദാഹരണമാണ്. ഒരു തള്ളപ്പക്ഷി അതിന്റെ കുഞ്ഞുങ്ങൾക്ക് തീറ്റ നൽകുന്നതിനായി വനത്തിലെല്ലാം പറന്ന് നടന്ന് തീറ്റ തേടുന്നു. കൂടാതെ തന്റെ കുഞ്ഞുങ്ങളെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നതിനായി സ്വന്തം ജീവൻപോലും അപകടത്തിലാക്കുന്നു. ഇവിടെ ഈ തള്ളപ്പക്ഷി പ്രവർത്തിക്കുന്നത് തന്റെ നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ ഏതെങ്കിലും ആവശ്യം പൂർത്തീകരിക്കുന്നതിന് വേണ്ടിയല്ല. മറിച്ച് തന്റെ അടുത്ത തലമുറയ്ക്കും വരാനിരിക്കുന്ന തലമുറയ്ക്കും വേണ്ടിയാണ് ഈ പക്ഷി പ്രവർത്തിക്കുന്നത്. യാതൊരു പ്രതിഫലവും ഇവിടെ പക്ഷിക്ക് ലഭിക്കുന്നില്ല. അഹിംസാത്മകമായ സ്ഥായിയായ സമ്പദ്‌വ്യവസ്ഥയോട് ഏറ്റവും അടുത്തു നില്ക്കുന്ന സമ്പദ്‌വ്യവസ്ഥയാണിത്.

## ഡോ. ഇ.എഫ് ഷൂമാക്കർ : ഉചിത സാങ്കേതികവിദ്യ/ മാധ്യവർത്തിയായ സാങ്കേതികവിദ്യ.

ചെറുത് സുന്ദരമാണ് (Small is beautiful ) എന്ന തന്റെ വിഖ്യാതഗ്രന്ഥത്തിലൂടെ ഇ.എഫ്.ഷൂമാക്കറാണ് ഉചിത് സാങ്കേതിക് വിദ്യ എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ആരോഗ്യം, സൗന്ദര്യം, സുസ്ഥിരത എന്നിവ നിലനിർത്തുന്ന വിധത്തിലായിരിക്കണം സാങ്കേതികവിദ്യ രൂപപ്പെടുത്തേണ്ടതെന്ന് ഷൂമാക്കർ അഭിപ്രായപ്പെടുന്നു. നമ്മുടെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഒരേയൊരു മാർഗമായി സാങ്കേ

തിക വിദ്യയെ കാണാൻ പാടില്ല. ഒരു ഉൽപ്പാദന പ്രക്രിയയിലൂടെ എത്രമാത്രം തൊട്ടടുത്ത ഉപഭോക്താവിന് നേട്ടമുണ്ടായി എന്നതല്ല മറിച്ച് അത് സമൂഹത്തിന് മൊത്തത്തിൽ എത്രമാത്രം ഗുണകരമായി എന്നതാണ് പരിഗണിക്കേണ്ടത്. ദരിദ്രർക്ക് അവരെ സഹായിക്കാൻ പ്രാപ്തരാക്കുന്ന സാഹായമാണ് നമ്മൾ നൽകേണ്ടത്. ദാരിദ്ര്യം അവരിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന പരിമിതികൾ തിരിച്ചറിയുന്ന സാങ്കേതികവിദ്യയുടെ ലഭ്യതയിൽ കൂടിയാണ് ഈ ലക്ഷ്യം നേടിയെടുക്കേണ്ടത്. ഇത്തരത്തിലുള്ള സാങ്കേതികവിദ്യയാണ് മധ്യവർത്തിയായ/ഉചിതമായ സാങ്കേതികവിദ്യ എന്നു പറയുന്നത്. ഷുമാക്കറുടെ മധ്യവർത്തിയായ സാങ്കേതികവിദ്യ എന്ന ആശയത്തിന്റെ സവിശേഷതകൾ താഴെ പറയുന്നു.




1. എല്ലാവർക്കും ലഭ്യമാകുന്നതും ചെലവ് കുറഞ്ഞതുമായ സാങ്കേതികവിദ്യ
2. പ്രകൃതി വിഭവങ്ങളെ ഭാവിതലമുറക്കായി പരിപാലിക്കുന്നത്.
3. മനുഷ്യന്റെ ക്രിയാത്മകതക്ക് അവസരം നല്കുന്നത്.

8

***ഗാന്ധിയൻ സാമ്പത്തിക ചിന്തകളിൽ വിനോബഭാവെ, കുമാരപ്പ, ഷുമാക്കർ എന്നിവരുടെ സംഭാവനകൾ വിലയിരുത്തുക.***

## വിശകലനാത്മക ചോദ്യങ്ങളുടെ ഉത്തരസൂചിക

1. റസ്കിൻ, ടോൾസ്റ്റോയി, ദാദാഭായ് നവ്റോജി, രമേഷ് ചന്ദ്രദത്ത്.
2. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്വാധീനം, കമ്പനി നടത്തിയ അപഹരണം, കൃഷിയുടെ വാണിജ്യവൽക്കരണം, കരകൗശലന മേഖലയുടെ തകർച്ച, ബ്രിട്ടീഷ് മൂലധനനിക്ഷേപം.
3. ശാരീരികാധ്വാനത്തിലൂടെ ആഹാരത്തിനുള്ള വക നേടുക.
4. സ്വദേശിയുടെ നിർവചനം, സ്വദേശിയുടെ പ്രധാന ഘടകങ്ങൾ.
5. ഫാക്ടറിയുടെ പ്രവർത്തനറിപ്പോർട്ടും, യന്ത്രവൽക്കരണത്തെയും വ്യവസായവൽക്കരണത്തെയുംകുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് തമ്മിലുള്ള താരതമ്യം.
6. ഗാന്ധിജിയുടെ സാമ്പത്തിക സമത്വത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്.
7. ട്രസ്റ്റീഷിപ്പ്, ഗാന്ധിജിയുടെ കാഴ്ചപ്പാട്.
8. വിനോബഭാവെ, ജെ.സി.കുമരപ്പ, ഇ.എഫ്.ഷുമാക്കർ എന്നിവരുടെ കാഴ്ചപ്പാടുകൾ.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഗാന്ധിജിയുടെ സാമ്പത്തികചിന്തകളുടെ ഉറവിടങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുക?
2. സാമ്പത്തിക ശാസ്ത്രവും ധാർമ്മികതയും തമ്മിലുള്ള ബന്ധം ഗാന്ധിയൻ ചിന്തകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക?
3. ആഹാരത്തിന് വേണ്ടിയുള്ള ലേബർ എന്ന ആശയത്തെക്കുറിച്ച് ഒരുലഘുഉപന്യാസം തയാറാക്കുക?
4. സാമ്പത്തികതലത്തിൽ സ്വദേശി എന്ന ആശയത്തിന്റെ വർത്തമാനകാല പ്രസക്തി വിശദീകരിക്കുക?
5. 'സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് ഖാദി' ഈ പ്രസ്താവനയെ സാധൂകരിക്കുക?
6. എന്തുകൊണ്ടാണ് ഖാദിയെ ഇന്ത്യക്ക് ഉചിതമായ കുടിൽ വ്യവസായമായി ഗാന്ധിജി കണ്ടത്? കാരണങ്ങൾ എഴുതുക?
7. യന്ത്രവൽക്കരണത്തെക്കുറിച്ചും വ്യവസായവൽക്കരണത്തെക്കുറിച്ചും ഗാന്ധിജിയുടെ അഭിപ്രായം എന്താണ്?
8. സാമ്പത്തിക സമത്വം എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നതെന്താണ്? വിശദീകരിക്കുക.
9. മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ അഹിംസാത്മക പരിവർത്തനമാണ് ട്രസ്റ്റിഷിപ്പ് എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നത്. വിശദീകരിക്കുക?
10. ഭൂദാൻ പ്രസ്ഥാനത്തെക്കുറിച്ച് ഒരു ലഘുഉപന്യാസം തയാറാക്കുക?
11. ജെ.സി.കുമരപ്പയുടെ സ്ഥായിയായ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ എഴുതുക?
12. ഷൂമാക്കറുടെ ഉചിത സാങ്കേതികവിദ്യ എന്ന ആശയത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണ്?

## ഉത്തര സൂചിക

1. റസ്കിൻ, ടോൾസ്റ്റോയി, ദാദാഭായ്, ആർ.സി.ദത്ത്.
2. ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകളിൽ സദാചാരമൂല്യങ്ങളും ധാർമ്മികതയും ഉൾകൊണ്ടിരുന്നു.
3. ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം എന്ന ഗാന്ധിജിയുടെ കാഴ്ചപ്പാട്.
4. അഹിംസാത്മകം, ചൂഷണരഹിതം, സ്വയംപര്യാപ്തത, സ്വാശ്രയത്വം, പ്രാദേശിക വിഭവങ്ങളുടേയും സാങ്കേതികവിദ്യയുടേയും ഉപയോഗം, ഗുണനിലവാരം.

5. സ്വദേശി, ജനകീയഉൽപ്പാദനം, സ്വാതന്ത്ര്യം, സ്വയംപര്യാപ്തത, തൊഴിൽ, സാമ്പത്തിക വികേന്ദ്രീകരണം, ഐക്യബോധം എന്നിവ നടപ്പിലാക്കുന്നതിന് പ്രേരകമാകുന്നു.
6. ലഘുവായ മുതൽമുടക്ക്, ജനകീയോൽപ്പാദനം, തൊഴിൽ, അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാൻ സഹായിക്കുന്നു. ഐക്യബോധം, സ്വാതന്ത്ര്യം, സമത്വം എന്നിവയുടെ പ്രതീകമാണ്.
7. തൊഴിലില്ലായ്മ, തൊഴിലിൽനിന്നുള്ള അന്യവൽക്കരണം, മലിനീകരണം, വിഭവങ്ങളുടെ അമിതഉപയോഗം, നഗരവൽക്കരണം എന്നിവയ്ക്ക് കാരണമാകുന്നു.
8. നീതിയുക്തമായ വിതരണം, അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടണം, സഹകരണം.
9. ട്രസ്റ്റീ ഷിപ്പിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്.
10. വിനോബഭാവെയുടെ ഭൂദാൻ പ്രസ്ഥാനം, ട്രസ്റ്റീഷിപ്പ് പ്രാവർത്തികമാക്കി.
11. പരാശ്രയ സമ്പദ്‌വ്യവസ്ഥ, കവർച്ചാസ്വഭാവമുള്ള സമ്പദ്‌വ്യവസ്ഥ, സംരഭകത്വ സമ്പദ്സഹവാസ സമ്പദ്‌വ്യവസ്ഥ, സേവന സമ്പദ്‌വ്യവസ്ഥ.
12. എല്ലാവർക്കും ലഭ്യമാകുന്ന, ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ, പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നില്ല, ക്രിയാത്മകതയ്ക്ക് അവസരണം നൽകുന്നു.

## സംഗ്രഹം:-

ഗാന്ധിയൻ സാമ്പത്തിക ചിന്തകളുടെ അടിസ്ഥാനം സാർവലൗകികമായ ക്ഷേമമാണ്. ജീവിതത്തെ സമഗ്രമായി വീക്ഷിച്ചുകൊണ്ടുള്ള ഒരു സാമ്പത്തികദർശനമാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. ധാർമ്മികതയെ അടിസ്ഥാനമാക്കിയുള്ള ഒരു ശാസ്ത്രമായാണ് ഗാന്ധിജി സാമ്പത്തികശാസ്ത്രത്തെ കണ്ടത്. അഹിംസാത്മകവും, ചൂഷണരഹിതവും, സത്യത്തിലും അഹിംസയിലുമടിസ്ഥാനമാക്കിയുള്ള, സമസ്തജീവജാലങ്ങൾക്കും ക്ഷേമം പ്രദാനം ചെയ്യുന്ന ഒരു സാമ്പത്തികദർശനമായിരുന്നു ഗാന്ധിജിക്കുണ്ടായിരുന്നത്.

## ഇന്റേൺഷിപ്പ്

നിങ്ങളുടെ പ്രദേശത്തുള്ള ഒരു ഗ്രാമീണ കുടിൽവ്യവസായയൂണിറ്റ് സന്ദർശിച്ച് ഗ്രാമത്തിന്റെ സാമ്പത്തിക വികസനത്തിൽ ഈ യൂണിറ്റിനുള്ള പങ്ക് വിശകലനം ചെയ്യുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ വിലയിരുത്താൻ | | | |
| • ഗാന്ധിയൻ സാമ്പത്തികശാസ്ത്രചിന്തകളുടെ ഉറവിടങ്ങൾ അപഗ്രഥിക്കാൻ | | | |
| • ഗാന്ധിജിയുടെ പ്രധാനപ്പെട്ട സാമ്പത്തിക ആശയങ്ങൾ വിശകലനംചെയ്യാൻ | | | |
| • വിനോബഭാവെ, ജെ.സി.കുമരപ്പ, ഇ.എഫ്. ഷൂമാക്കർ എന്നിവരുടെ ഗാന്ധിയൻ സാമ്പത്തിക ചിന്തകളിലുള്ള സംഭാവനകൾ വിലയിരുത്താൻ | | | |

9

# മഹാത്മാഗാന്ധിയുടെ സാമൂഹികദർശനങ്ങൾ

## ആമുഖം

സമൂഹത്തെക്കുറിച്ച് മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. ഭുമിയിലുള്ള സമസ്തജീവജാലങ്ങളും ക്ഷേമത്തിലും സമാധാനത്തിലും ജീവിക്കുന്ന ഒരു മാതൃകാസമൂഹത്തെക്കുറിച്ച് ഗാന്ധിജിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. 'സർവോദയ' എന്നാണ് ഈ മാതൃകാസമൂഹം അറിയപ്പെടുന്നത്. മഹാത്മാഗാന്ധിയുടെ സാമൂഹികദർശനങ്ങൾ മനസ്സിലാക്കൻ ഉതകുന്നവിധം സാമൂഹികശാസ്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.

## പഠനനേട്ടങ്ങൾ

- സമൂഹത്തെയും സമുദായത്തെയും കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ വിശകലനം ചെയ്യുന്നു.
- സർവോദയയുടെ അർഥം, ഉത്ഭവം, ദാർശനികമായ അടിത്തറ, എന്നിവ വിശദീകരിക്കുന്നു.
- സർവോദയയുടെ സാമൂഹികക്രമം വിലയിരുത്തുന്നു.
- ഏഴ് സാമൂഹിക തിന്മകളുടെ അടിസ്ഥാനത്തിൽ ഇന്നത്തെ സാമൂഹികപ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരങ്ങൾ നിർദേശിക്കുന്നു.
- നിർമ്മാണപ്രവർത്തനങ്ങളും സത്യഗ്രഹയും സാമൂഹ്യമാറ്റത്തിനുള്ള തന്ത്രങ്ങളായി കണ്ടെത്തി നിരൂപണം ചെയ്യുന്നു.
- 'ഗാന്ധിയൻ സോഷ്യലിസം' എന്ന ആശയത്തെ അപഗ്രഥനം ചെയ്യുന്നു.

**സമൂഹം (Society) :** സമൂഹം എന്ന വാക്ക് എല്ലാവരും ഉപയോഗിക്കാറുണ്ട്. എന്താണ് സമൂഹം എന്നതുകൊണ്ട് നിങ്ങൾ ഉദ്ദേശിക്കുന്നത്?

പൊതുവായ ഒരു ഭൂപ്രദേശത്ത് ഒരുപോലെയുള്ള ജീവിതരീതികളും ചട്ടങ്ങളുമായി ജീവിക്കുന്ന ജനങ്ങളുടെ കൂട്ടത്തെയാണ് സമൂഹം എന്നുപറയുന്നത്. 'സൊസൈറ്റസ് എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് സൊസൈറ്റി എന്ന വാക്കുണ്ടായത്. സൊസൈ' റ്റസ് എന്നാൽ സൗഹൃദം എന്നാണർഥം. മനുഷ്യൻ മറ്റുള്ളവരുമായി സൗഹൃദത്തിൽ ജീവിക്കുന്നവനാണ് എന്ന് ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് മനുഷ്യനെ ഒരു സാമൂഹ്യജീവിയായി അരിസ്റ്റോട്ടിൽ വിശേഷിപ്പിച്ചത്.

## സമൂഹത്തിന്റെ സ്വഭാവങ്ങൾ

സമൂഹത്തിൽ ജനങ്ങൾ പരസ്പരം ഇടപഴകിജീവിക്കുന്നു. ഒരു സമൂഹത്തിലെ ജനങ്ങൾക്ക് അവരുടേതായ ജീവിതശൈലിയുണ്ട്. അവർക്കിടയിൽ ഒരുപോലെചിന്തിക്കുന്നവരുണ്ട്, വ്യത്യസ്ത ചിന്താരീതികൾ ഉള്ളവരുണ്ട്. സമൂഹത്തിലെ ജനങ്ങൾക്കിടയിൽ സഹകരണവും തൊഴിൽവിഭജനവും പരസ്പരാശ്രയവും ഉണ്ട്. സമൂഹം ചലനാത്മകമാണ്. അച്ചടക്കമില്ലാത്ത അംഗങ്ങളെ നിയന്ത്രിക്കുവാനുള്ള മാർഗങ്ങളും സമൂഹത്തിലുണ്ട്.

**വ്യക്തിയും സമൂഹവും (Individual and Society):** മനുഷ്യൻ സാമൂഹികജീവിയാണ്. സമൂഹമില്ലാതെ മനുഷ്യന് ജിവിക്കുവാൻ സാധ്യമല്ല. സമൂഹം മനുഷ്യന്റെ വളർച്ചയ്ക്കും, തുടർച്ചയ്ക്കും അനിവാര്യമായ വ്യവസ്ഥയാണ്. സമൂഹത്തിൽ നിന്നാണ്

വ്യക്തി പെരുമാറാൻ പഠിക്കുന്നതും പദവികൾ നേടുന്നതും. ഗ്രൂപ്പിലെ അംഗമാകുന്നതും. നാം അംഗീകാരംനേടാൻശ്രമിക്കുന്നതും, പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ പിന്തുണതേടുന്നതും സമാനമനസ്സുള്ളവരുമായി ചങ്ങാത്തത്തിലാകുന്നതും ഗ്രൂപ്പിലൂടെയാണ്.

1

***സമൂഹം നിങ്ങളുടെ ജീവിതത്തിൽ ചെലുത്തിയിട്ടുള്ള സ്വാധീനം വിലയിരുത്തുക?***

**സമുദായം:** സാമൂഹികജീവിതത്തിന്റെ എല്ലാഘടകങ്ങളും അടങ്ങുന്ന പ്രദേശികമായ ഒരു ചെറിയ ഗണമാണ് സമുദായം. സമൂഹത്തെക്കാൾ ചെറുതാണെങ്കിലും സമുദായങ്ങൾക്കിടയിൽ നമ്മൾ എന്ന വികാരം ശക്തമായിരിക്കും.

**സർവോദയ:** (Sarvodaya)

### പ്രവർത്തനം

- ***മഹാബലി നാടുവാണിരുന്ന കാലത്തെ നാടിന്റെ അവസ്ഥ വിവരിക്കുക. മാവേലി നാടുവാണിടും കാലം എന്ന കവിതാശകലം ചൊല്ലി വ്യാഖ്യാനിക്കുക.***

മഹാത്മാഗാന്ധിക്ക് ഒരു മാതൃകാസാമൂഹികക്രമത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഈ മാതൃകാസമൂഹം സർവോദയഎന്ന പേരിലാണ് അറിയപ്പെടുന്നത്. സഹജീവകളോടുള്ള സ്നേഹത്തിൽ നിന്നാണ് ഗാന്ധിജിയുടെ സർവോദയ എന്ന ആശയം രൂപപ്പെടുന്നത്. ഹിംസയിലധിഷ്ഠിതമായ ഒരു സമൂഹത്തെ അദ്ദേഹം തിരസ്കരിച്ചു. അഹിംസയിൽ അധിഷ്ഠിതമായ ഒരു നവസമൂഹം രൂപപ്പെടുത്തുക എന്നതായിരുന്ന സർവോദയയിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്. അതുകൊണ്ടുതന്നെ അന്നു നിലനിന്നിരുന്ന സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-മത വ്യവസ്ഥിതികളെ ഉടച്ചുവാർക്കുവാനുള്ള തന്ത്രങ്ങളാണ് അദ്ദേഹം ആവിഷ്കരിച്ചത്.

**സർവോദയുടെ അർഥം:** സർവ (എല്ലാം) ഉദയ (ഉന്നമനം) എന്നീ രണ്ടു സംസ്കൃത പദങ്ങളുടെ സംയോജനമാണ് സർവോദയ. സർവോദയ എല്ലാവരുടെയും ഉന്നമനമാണ് അർഥമാക്കുന്നത്. മനുഷ്യരാശിയുടെ മാത്രമല്ല ഈ പ്രവപഞ്ചത്തിലുള്ള എല്ലാജീവജാലങ്ങളുടെയും ക്ഷേമമാണ് ഗാന്ധിജി ലക്ഷ്യമിട്ടത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിൽ കൂടി മാത്രമെ മനുഷ്യന്റെ സമഗ്രമായവികസനം സാധ്യമാകൂ എന്ന് ഗാന്ധിജി വിശ്വസിച്ചു. 'കൂടുതൽ വ്യക്തികളുടെ കൂടുതൽ നന്മ' എന്ന പ്രയോജനവാദത്തെ ഗാന്ധിജി എതിർത്തു. അദ്ദേഹത്തിന്റെ കാഴ്ചപ്പാ

ടിൽ എല്ലാജീവജാലങ്ങൾക്കും അവയുടെ വികസനത്തിന് തുല്യ അവസരങ്ങൾ ഉണ്ടാകണം. അതുകൊണ്ട് അദ്ദേഹം എല്ലാവരുടെയും കൂടുതൽ നന്മക്കുവേണ്ടി നിലകൊണ്ടു.

**സർവോദയയുടെ ഉത്ഭവം:** സർവോദയ എന്ന തത്വം വേദങ്ങളിലും ഉപനിഷുത്തുകളിലും പരാമർശിക്കുന്നുണ്ട്. ജോൺ റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന പുസ്തകത്തിന്റെ ഗുജറാത്തി പരിഭാഷയ്ക്കാണ് ഗാന്ധിജി സർവോദയ എന്ന് ആദ്യമായി പേരിട്ടത്. ഗാന്ധിജിയുടെ സുഹൃത്തായ ശ്രീ.പോളാക് ആണ് ഗാന്ധിജിക്ക് ജോൺ റസ്ക്കിന്റെ അൺ ടു ദിസ് ലാസ്റ്റ് നൽകിയത്. ജോഹന്നാസ്ബർഗിൽ നിന്നും ദർബനിലേക്കുള്ള 24 മണിക്കൂർ തീവണ്ടിയാത്രയിലാണ് ഗാന്ധിജി "ഈ പുസ്തകം വായിച്ചത്. ഈ പുസ്തകത്തിലെ മാന്ത്രികച്ചൊല്ലുകൾ ഗാന്ധിജിയെ സ്വാധീനിച്ചു. ഗാന്ധിജി തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതി. "ഈ പുസ്തകത്തിൽ പറയുന്ന ആശയങ്ങൾക്കനുസരിച്ച് എന്റെ ജീവിതത്തെ മാറ്റാൻ ഞാൻ തീരുമാനിച്ചു." ഈപുസ്തകത്തിൽ നിന്നും കിട്ടിയ അറിവുകളെ ഗാന്ധിജി ഇപ്രകാരം സംഗ്രഹിച്ചു.

1. വ്യക്തിയുടെ നന്മ സമൂഹത്തിന്റെ നന്മയിൽ അടങ്ങിയിരിക്കുന്നു.
2. എല്ലാവർക്കും അവരവരുടെ തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കാൻ തുല്യാവകാശമുള്ള സ്ഥിതിക്ക് അഭിഭാഷകന്റെ ജോലിക്കും ക്ഷുരകന്റെ ജോലിക്കും ഒരേ മൂല്യമാണുള്ളത്.
3. ദേഹാധ്വാനം കൊണ്ടുള്ള ജീവിതം, അതായത് കർഷകന്റെയും കൈവേലക്കാരന്റെയും ജീവിതമാണ് ഏറ്റവും ശ്രേഷ്ഠമായത്.

ഈ മൂന്നു തത്വങ്ങളുടെയും സംയോജനമാണ് ഗാന്ധിജിയുടെ സർവോദയ എന്ന ആശയം. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ഫിനിക്സ്, ആശ്രമം സ്ഥാപിച്ചപ്പോൾ ജോൺ റസ്കിന്റെ ആശയങ്ങളെ പ്രായോഗികമാക്കാൻ ശ്രമിച്ചു. 1908ൽ ഗാന്ധിജി അൺ ടു ദിസ് ലാസ്റ്റ് ഗുജറാത്തിയിലേക്ക് പരിഭാഷപ്പെടുത്തുകയും സർവോദയ എന്ന് തലക്കെട്ട് കൊടുക്കുകയും ചെയ്തു. എല്ലാവർക്കും സമത്വവും, നീതിയും ലഭിക്കുന്നതു സംബന്ധിച്ച ഒരു ബൈബിൾകഥയെ ആസ്പദമാക്കിയാണ് ജോൺ റസ്കിൻ അൺ ടു ദിസ് ലാസ്റ്റ് രചിച്ചത്.

2

***അൺ ടു ദിസ് ലാസ്റ്റ് എന്ന പുസ്തകം ഗാന്ധിജിയെ എപ്രകാരം സ്വാധീനിച്ചുവെന്ന് വിലയിരുത്തുക.***

### സർവോദയയുടെ ദാർശനികമായ അടിസ്ഥാനം:

എല്ലാജീവജാലങ്ങളുടെയും ഏകത്വം എന്നതത്ത്വമാണ് സർവോദയയുടെ അടിസ്ഥാനം. സർവോദയയുടെ അടിത്തറ ഇന്ത്യൻ തത്ത്വദർശനങ്ങളിൽ വേരൂന്നിയിരി

ക്കുന്നു. വേദങ്ങളും ഉപനിഷത്തുകളും ഭാരതത്തിലെ മതഗ്രന്ഥങ്ങളും എല്ലാജീവജാലങ്ങളുടെയും ക്ഷേമത്തിനുവേണ്ടി നിലകൊള്ളുന്നു. അവയെല്ലാം പരമമായ പൊരുളിന്റെ (ദൈവത്തിന്റെ) ചൈതന്യത്തെ ഊന്നിപ്പറയുന്നു. അദ്വൈതം, അനാസക്തിയോഗം, യജ്ഞം, പരിത്യാഗം, സഹനം, വസുധൈവകുടുംബകം, ലോകാ സമസ്താ സുഖിനോ ഭവന്തു എന്നീ ആശയങ്ങളെല്ലാം സർവോദയയുടെ തത്ത്വദർശനത്തിനടിസ്ഥാനമാണ്.

ജീവന്റെ അടിസ്ഥാനപരമായ ഏകത്വത്തിൽ ഗാന്ധിജി വിശ്വസിച്ചിരുന്നു. എല്ലാ മനുഷ്യരിലും ഒരേ ദൈവികചൈതന്യം കുടികൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ എല്ലാവർക്കും ഈ ലോകത്ത് ജീവിക്കാൻ തുല്യാവകാശമാണുള്ളതെന്നും ഗാന്ധിജി വിശ്വസിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യം തന്നെ ആത്മസാക്ഷാൽക്കാരമാണ്. സഹജീവികളെ ആത്മാർഥമായി സേവിക്കുന്നതിൽ കൂടി മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.

3

***സർവോദയയുടെ ദാർശനിക അടിത്തറ വിശദമാക്കുക.***

## സർവോദയയുടെ അടിസ്ഥാനതത്വങ്ങൾ:

സത്യവും അഹിംസയുമാണ് സർവോദയയുടെ അടിസ്ഥാനതത്ത്വങ്ങൾ. ഗാന്ധിയുടെ കാഴ്ചപാടിൽ സത്യം ലക്ഷ്യവും, അഹിംസ അതിലേക്കുള്ള മാർഗവുമാണ്. അഹിംസ യെ അദ്ദേഹം മാതൃകാപരമായ സ്നേഹമായി വ്യാഖ്യാനിക്കുന്നു. അതായത് സഹജീവികളോടുള്ള ഉപാധികളില്ലാത്ത സ്നേഹം. ഈ മാതൃകാപരമായ സ്നേഹം മറ്റുള്ളവരുടെ നന്മക്കായി സ്വയം ത്യജിക്കുന്നതിനുള്ള മനോഭാവം നമ്മളിൽ വളർത്തുന്നു.

## സർവോദയയുടെ സാമൂഹികക്രമം:

മഹാത്മാഗാന്ധിയുടെ സങ്കല്പത്തിലെ 'സർവോദയ' എല്ലാത്തരം സാമൂഹികതിന്മകളിൽനിന്നും മുക്തമാണ്. അവിടെ ഹിംസക്കും ചൂഷണത്തിനും സ്ഥാനമില്ല. ഈ സമൂഹം സമത്വം, നീതി, സാഹോദര്യം, സഹകരണം, പരസ്പര ബഹുമാനം എന്നിവ അടിസ്ഥാനമായിട്ടുള്ളതാണ്. എല്ലാവരും കായികാധ്വാനം ചെയ്ത് ജീവിക്കുന്ന സമൂഹത്തിൽ പദവിയുടെയോ അവസരത്തിന്റെയോ പേരിൽ അസമത്വം ഉണ്ടായിരിക്കുകയില്ല.

ഗാന്ധിജി നടത്തിയ ഭാരതപര്യടനം അന്നു നിലനിന്നിരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, തൊട്ടുകൂടായ്മ, മദ്യപാനം എന്നീ വിപത്തുകളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് സഹായിച്ചു. ഇതിൽ നിന്നെല്ലാം മുക്തമായ സാമൂഹികക്രമമായിരുന്നു ഗാന്ധിജി സ്വപ്നം കണ്ട സർവോദയ.

## വ്യക്തിയും സമൂഹവും:

ഗാന്ധിജിയുടെ സർവോദയസമൂഹത്തിൽ വ്യക്തിക്കാണ് പ്രാധാന്യം. എന്നാൽ മനുഷ്യന് ഏകനായ് ജീവിക്കാൻ കഴിയില്ല എന്നദ്ദേഹം വിശ്വസിച്ചു. ഒരു വ്യക്തിയുടെ ജീവിതത്തിൽ സമൂഹത്തിന് വലിയപങ്കുണ്ട്. വ്യക്തി സ്വാതന്ത്ര്യത്തിനും അന്തസ്സിനും അദ്ദേഹം പ്രാധാന്യം നൽകി. സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് ഒരു സമൂഹവും രൂപപ്പെടുത്താൻ കഴിയില്ലെന്ന് ഗാന്ധിജി വിശ്വസിച്ചു. എന്നാൽ അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യം വന്യമൃഗങ്ങളുടെ നിയമമാണെന്ന് അദ്ദേഹം പറയുന്നു. അതുകൊണ്ട് വ്യക്തി സ്വാതന്ത്ര്യത്തിനും സാമൂഹികനിയന്ത്രണങ്ങൾക്കും തമ്മിൽ ഒരു സന്തുലിതാവസ്ഥ ഉണ്ടാകണമെന്ന് ഗാന്ധിജി കരുതി. അതുകൊണ്ടാണ് ഗാന്ധിജി ഇപ്രകാരം പറഞ്ഞത്. സ്വമേധയാ സാമൂഹികനിയന്ത്രണങ്ങളെ അനുസരിക്കുന്നത് വ്യക്തിയെയും സമൂഹത്തെയും ഒരുപോലെ സമ്പുഷ്ടമാക്കും. സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനം വിശാലമായ വ്യക്തിബന്ധങ്ങളാണെങ്കിൽ വ്യക്തിയും സമൂഹവും തമ്മിൽ അടുപ്പമുണ്ടാകും.

## വ്യക്തിയുടെ മാറ്റം:

ഗാന്ധിജി വ്യക്തിയെ സമൂഹത്തിന്റെ അടിസ്ഥാനഘടകമായി കണക്കാക്കുന്നു. അതുകൊണ്ട് വ്യക്തിയുടെ മാറ്റമാണ് സമൂഹികമാറ്റത്തിനാധാരം. വ്യക്തിയുടെ മാനസിക പരിവർത്തനത്തിൽ കൂടി മാത്രമെ സ്ഥായിയായമാറ്റം ഉണ്ടാവുകയുള്ളൂവെന്ന് ഗാന്ധിജി വിശ്വസിച്ചു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ അച്ചടക്കത്തോടുകൂടിയ ഒരു ആത്മീയജീവിതം ആന്തരികപരിവർത്തനത്തിന് അനിവാര്യമാണ്. ഇതിനായി അടിസ്ഥാനവ്രതങ്ങൾ (ആശ്രമവ്രതങ്ങൾ) നിർദേശിക്കുന്നു. ഈ അടിസ്ഥാനവ്രതങ്ങൾ ജീവിതചര്യയാക്കുന്നത് ഒരു വ്യക്തിയുടെ ആന്തരികശക്തി വർധിപ്പിക്കുമെന്ന് അദ്ദേഹം കരുതുന്നു. അതുകൊണ്ടാണ് ഗാന്ധിജിയുടെ ആശ്രമങ്ങളിൽ അടിസ്ഥാനവ്രതങ്ങൾ ഒരു ജീവിതചര്യയാക്കിയത്.

## ഗ്രാമസമൂഹം:

ഗാന്ധിജിയുടെ സർവോദയയിൽ ഗ്രാമസമൂഹങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സാമൂഹികജീവിതത്തിന്റെ അടിസ്ഥാനം ഗ്രാമങ്ങളാണ്. അതുകൊണ്ടാണ് ഇന്ത്യ ഗ്രാമങ്ങളുടെ നാടാണെന്നും ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യ നശിക്കുമെന്നും അദ്ദേഹം പറഞ്ഞത്. ഇന്ത്യയ്ക്ക് പൂർണസ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ഇന്ത്യയിലെ ജനങ്ങൾ നഗരങ്ങളിലോ കൊട്ടാരങ്ങളിലോ അല്ല വസിക്കേണ്ടത്; ഗ്രാമങ്ങളിലെ കുടിലുകളിലാണ്. ഗ്രാമങ്ങളിലെ ലളിത ജീവിതം സത്യവും അഹിംസയും സാക്ഷാത്കരിക്കപ്പെടുന്നതിന് സഹായകരമാകുമെന്ന് ഗാന്ധിജി നിരീക്ഷിച്ചു.

### അയിത്തം/തൊട്ടുകൂടായ്മ: (untouchability)



ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ പ്രത്യേകതയാണിത്. ഉയർന്ന ജാതിയിൽ പ്പെട്ട ആളുകളെ താഴ്ന്നജാതിയിൽ പ്പെട്ട ആൾക്കാർ സ്പർശിക്കുന്നത് ഉന്നതജാതതരെ കളങ്കപ്പെടുത്തുന്നു എന്നു വിശ്വസിച്ചുകൊണ്ടുള്ള ഒരു ദുരാചാരമാണിത്.

ഹിന്ദുമതത്തിന്റെ കളങ്കമായാണ് ഗാന്ധിജി ഇതിനെ കാണുന്നത്. അദ്ദേഹം പറയുന്നു അയിത്തം എന്നത് ഒഴിവാക്കേണ്ട ഒരു ആചാരമാണ്. തികഞ്ഞ അജ്ഞതയും ക്രൂരതയുമാണ് ഇതിനു പിന്നിലുള്ളത്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ എല്ലാവരും ദൈവത്തിന്റെ മക്കളാണ്. അതുകൊണ്ട് അദ്ദേഹം ദൈവത്തിന്റെ മക്കൾ എന്നർഥം വരുന്ന 'ഹരിജൻ' എന്നപദം ഉപയോഗിച്ചു. സർവോദയസമൂഹം അയിത്തത്തിൽ നിന്നും മുക്തമാണെന്ന് ഗാന്ധിജി പറയുന്നു. ആരും അവർണനായി ജനിക്കുന്നില്ല. കാരണം എല്ലാവരും ഒരേ ജ്യോതിയുടെ സ്ഫുലിംഗങ്ങളാണ്. ജന്മംകൊണ്ട് ചിലരെ അവർണരായി കണക്കാക്കുന്നത് അന്യായമാണ്.

അയിത്തോച്ചാടനത്തിനായി ഗാന്ധിജി പലമാർഗങ്ങളും സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആശ്രമങ്ങളിൽ നാനാജാതിമതസ്ഥർ യാതൊരു വിവേചനവും കൂടാതെ ഒന്നിച്ചാണ് താമസിച്ചിരുന്നത്. ഗാന്ധിജിയുടെ നിർമ്മാണപരിപാടിയിലെ ഒരു പ്രധാനഇനം അയിത്തോച്ചാടനമായിരുന്നു. 1933 മെയ് 8ന് ആത്മശുദ്ധീകരണത്തിനായി ഗാന്ധിജി 21 ദിവസത്തെ ഉപവാസമനുഷ്ഠിച്ചു. ഹരിജനപ്രസ്ഥാനത്തെ സഹായിക്കുന്നതിനായി അദ്ദേഹം ഒരു വർഷത്തെ സംഘടിതപ്രവർത്തനങ്ങൾ നടത്തി. മനുഷ്യത്വരഹിതമായ ഈ ആചാരത്തിനെതിരെ ജനശ്രദ്ധ ആകർഷിക്കുന്നതിനായി അദ്ദേഹം ഭാരതപര്യടനം നടത്തി.

4

***അയിത്തോച്ചാടനത്തിനായി ഗാന്ധിജി നടത്തിയ ശ്രമങ്ങൾ വിലയിരുത്തുക.***

### സാമൂഹികവർഗീകരണവും വർണാശ്രമധർമയും: (social stratification and varnasrama dharma):

വ്യതിരക്തത പ്രപഞ്ചത്തിന്റെ നിയമമാണ്. മനുഷ്യസമൂഹത്തിനും ഇതു ബാധക

മാണ് മനുഷ്യൻ പലതരത്തിലും വ്യത്യസ്തനായിരിക്കുന്നു. സമൂഹത്തിലെ പദവിയുടെ അടിസ്ഥാനത്തിൽ മനുഷ്യനെ വർഗീകരിക്കുന്നതിനാണ് സാമൂഹികവർഗീകരണം എന്നു പറയുന്നത്.

**വർണാശ്രമധർമ:**

ഗാന്ധിജി വർണാശ്രമധർമയെ പിന്താങ്ങുന്നു. സമൂഹത്തിൽ ഒരു വ്യക്തി ചെയ്യണമെന്ന് അനുശാസിക്കുന്ന കർമ്മത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു വിഭജനമാണിത്. ഗാന്ധിജി വർണാശ്രമധർമ്മത്തെ സമൂഹികവർഗീകരണത്തിനുള്ള മാർഗമായി കണക്കാക്കി. അദ്ദേഹം ഇപ്രകാരം എഴുതി. 'വർണാശ്രമധർമ' മനുഷ്യന്റെ ഭൂമിയിലെ ദൗത്യം നിർവചിക്കുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ മനുഷ്യന്റെ ജീവിതലക്ഷ്യം ധനസമ്പാദനോ വിവിധങ്ങളായ ഉപജീവനമാർഗം കണ്ടെത്തലോ മാത്രമാകരുത്. മറിച്ച് അവന്റെ സ്രഷ്ടാവിനെ അറിയുന്നതിനാകണം. ഇത് സാധ്യമാകുന്നതിന് അവൻ തന്റെ പൂർവികരുടെ തൊഴിൽ പിന്തുടരണം. ഗാന്ധിജി വർണാശ്രമധർമയെ തൊഴിൽവിഭജനത്തിനുള്ള മാർഗമായിട്ടാണ് കാണുന്നത്.

ഗാന്ധിജി വർണസമ്പ്രദായത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ തള്ളിക്കളയുന്നു. എല്ലാവർണത്തിനും സമൂഹത്തിൽ തുല്യസ്ഥാനമാണുള്ളത്. മനുഷ്യശരീരത്തിലെ കൈകാലുകളോടാണ് ഗാന്ധിജി നാലുവർണങ്ങളെ താരതമ്യം ചെയ്യുന്നത്. ഒരു പൂർണശരീരത്തിന് ആരോഗ്യകരമായ കൈകാലുകൾ എത്രത്തോളം ആവശ്യമാണോ അതുപോലയാണ് സമൂഹത്തിൽ നാലു വർണങ്ങളുടെയും സ്ഥാനം. വർണവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഹിന്ദുസാമൂഹികഘടനയെ ഗാന്ധിജി ശരീയായ സോഷ്യലിസമായി കാണുന്നു. വർണാശ്രമധർമയെ പാരമ്പര്യതൊഴിലിന്റെ അടിസ്ഥാനത്തിലുള്ള സമൂഹിക വർഗീകരണമായും ജാതിവ്യവസ്ഥയെ സമൂഹത്തിലെ ദുരാചാരമായും കാണുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു വ്യക്തിയുടെ വർണം നിർണയിക്കുന്നത് പാരമ്പര്യത്തെ മാത്രം മുൻനിർത്തിയായിരിക്കരുത്. ആ വ്യക്തിയുടെ തൊഴിലിനെയും നന്മയെയും, പെരുമാറ്റത്തെയുംകൂടി ആശ്രയിച്ചാകണം.

**ജാതിവ്യവസ്ഥ :**

ഇന്ത്യയിലെ സാമൂഹികവർഗീകരണത്തിനടിസ്ഥാനം ജാതിവ്യവസ്ഥയാണ്. പാരമ്പര്യത്തെ അടിസ്ഥാനമാക്കിയാണ് ജാതിനിർണയിക്കുന്നത്. ഗാന്ധിജി ജാതിവ്യവസ്ഥയെ ശക്തമായി എതിർത്തു. അദ്ദേഹം 'യംഗ് ഇന്ത്യ'യിൽ ഇപ്രകാരം എഴുതി. "ഞാൻ ഇന്നു നിലനിൽക്കുന്ന തരത്തിലുള്ള ജാതിവ്യവസ്ഥയിൽ വിശ്വസിക്കുന്നില്ല. അത് പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്ന ഒരു ദുരാചാരമാണ്. മനുഷ്യർ തമ്മിലുള്ള അസമത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. മനുഷ്യരെല്ലാവരും സമന്മാരാണ്. ഈ സമാനത ശരീരംകൊണ്ടുള്ളതല്ല. ആത്മീയമായിട്ടുള്ളതാണ്."

**സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാട്:**

ഗാന്ധിജിയുടെ അഭിപ്രായത്തിൽ സമൂഹത്തിൽ സ്ത്രീക്കും പരുഷനും തുല്യസ്ഥാനമാണുള്ളത്. രണ്ടുപേരും ഒരേ വികാരങ്ങളോടുകൂടി ഒരുപോലെ ജീവിക്കുന്നവരാ

ണ്. സ്ത്രീക്കും പുരുഷനും പരസ്പരപിന്തുണയില്ലാതെ ജീവിക്കാൻ സാധ്യമല്ല. ഗാന്ധി ജിയുടെ അഭിപ്രായത്തിൽ ആചാരങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്ത്രീയെ അടിച്ചമർത്തുന്നതിന്റെ ഉത്തരവാദിത്തം പുരുഷനാണ്. അഹിംസാധിഷ്ഠിത സമൂഹത്തിൽ പുരഷന്മാരെപ്പോലെ തന്നെ സ്വന്തം ഭാഗധേയം/ഭാവി തീരുമാനിക്കാ നുള്ള അവകാശം സ്ത്രീക്കുമുണ്ട്

**പ്രവർത്തനം**

- ***ഇന്ന് സമൂഹത്തിൽ സ്ത്രീകൾക്കുനേരെ പലതരത്തിലുള്ള അതിക്രമ ങ്ങളും നടക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി നിങ്ങളുടെ നിർദേശ ങ്ങൾ പങ്കുവെക്കുക.***

ഗാന്ധിജി പറയുന്നു. സ്ത്രീയെ അബലയെന്നു വിളിക്കുന്നത് അപമാനകരമാണ്. അത് പുരുഷൻ സ്ത്രീയോടുകാണിക്കുന്ന അന്യായമാണ്. ശക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മൃഗീയമായ ശക്തിയാണെങ്കിൽ സ്ത്രീക്ക് പുരുഷനെക്കാൾ മൃഗീ യത കുറവാണ്. എന്നാൽ ശക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ധാർമ്മികശക്തി യാണെങ്കിൽ സ്ത്രീ പുരുഷനേക്കാൾ ശക്തയാണ്. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സ്ത്രീ പുരുഷന്റേതിന് തുല്യമായ മനശ്ശക്തിയുള്ള അയാളുടെ സഹയാത്രികയാണ്. പുരുഷൻ ചെയ്യുന്ന എല്ലാപ്രവർത്തനങ്ങളും ചെയ്യുവാനുള്ള അവകാശവും സ്വാത ന്ത്ര്യവും സ്ത്രീക്കുമുണ്ട്.

### സ്ത്രീകളുടെ വിദ്യാഭ്യാസം:



സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽക്കൂടി മാത്രമെ സ്ത്രീശാക്തീകരണം സാധ്യമാവുകയുള്ളൂവെന്ന് ഗാന്ധിജി വിശ്വസിച്ചു. അക്ഷരാഭ്യാസം ഇല്ലാത്തതിന്റെ പേരിൽ പുരുഷന്മാർ സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനെ ന്യായീകരിക്കാനാവില്ല. സ്ത്രീക ളുടെ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിനു വിദ്യാ ഭ്യാസം അത്യാവശ്യമാണെന്നും ഗാന്ധിജി പറയുന്നു.

### വിവാഹം:

പെൺകുട്ടികൾക്ക് അവരുടെ ഭർത്താക്കന്മാരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ടെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു. ആരോഗ്യകരവും പവിത്രവും ദീപ്തവുമായ ഒരു സ്ത്രീപുരുഷബന്ധം ഇന്നത്തെ ദുരവസ്ഥ ഒഴിവാക്കുന്നതിന് അനി വാര്യമാണെന്നും ഭാവി തലമുറയുടെ ധാർമ്മികപുരോഗതിയുടെ രക്ഷാധികാരികളായി നാം മാറണമെന്നും ഗാന്ധിജി പറയുന്നു.

**സ്ത്രീധനസമ്പ്രദായം:**

ഗാന്ധിജി സ്ത്രീധനസമ്പ്രദായത്തെ ശക്തമായി എതിർത്തു. വിവാഹം പണത്തിനുവേണ്ടി മാതാപിതാക്കൾ നടത്തുന്ന ഏർപ്പാടായി മാറരുത്. "ഏതെങ്കിലും പുരുഷൻ വിവാഹത്തിന് സ്ത്രീധനം വ്യവസ്ഥ ചെയ്യുന്നുവെങ്കിൽ അവൻ അവന്റെ വിദ്യാഭ്യാസത്തെയും രാജ്യത്തെയും അപകീർത്തിപ്പെടുത്തുകയും സ്ത്രീത്വത്തെ അപമാനിക്കുകയുമാണ് ചെയ്യുന്നത്. ഇതിനെതിരെ ശക്തമായ പൊതുജനാഭിപ്രായം ഉയരണമെന്നും ഏതെങ്കിലുമൊരു പുരുഷൻ അധാർമ്മികമായ ഈ ഇടപാടിനു മുതിരുകയാണെങ്കിൽ അയാളെ സമൂഹത്തിൽ നിന്നും പുറത്താക്കണമെന്നും" ഗാന്ധിജി പറയുന്നു.

**സ്ത്രീകളുടെ കുടുംബധർമ്മം:**

സ്ത്രീകളുടെ സവിശേഷ ഗുണങ്ങളെ ഗാന്ധിജി ബഹുമാനിച്ചിരുന്നു. പ്രകൃതി ചില പ്രത്യേക കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിനായി അവരെ സജ്ജരാക്കിയിട്ടുണ്ട്. ഉദാഹരണമായി മാതൃത്വം. പുരുഷന്മാർക്കില്ലാത്തതും സ്ത്രീകൾക്ക് മാത്രമുള്ളതുമായ ഒരു സവിശേഷ ഗുണമാണ് ഇത്. അവൾ സഹനശീലയാണ്. അയാൾ കർമ്മശീലനാണ്. അവൾ കുടുംബനായികയാണ്. അയാൾ കുടുംബത്തിനുവേണ്ട അന്നം സമ്പാദിക്കുന്നവനാണ്. ഈ അന്നം സൂക്ഷിച്ച് വിതരണം ചെയ്യുന്നവളാണ് സ്ത്രീ. അവൾ എല്ലാഅർഥത്തിലും കുടുംബസംരക്ഷകയാണ്. വംശപരമ്പരയിലെ പുതുതലമുറയെ വളർത്തിക്കൊണ്ടുവരുക എന്ന സവിശേഷാവകാശം അവൾക്കുള്ളതാണ്. അവളുടെ സംരക്ഷണമില്ലായെങ്കിൽ വംശംതന്നെ ഇല്ലാതാകും.

5
***സ്ത്രീകളെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദമാക്കുക.***

**സാമൂഹ്യതിന്മകൾ:**

പഠനപ്രവർത്തനം: ഇന്നു സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹ്യതിന്മകളെക്കുറിച്ച് ഒരു കുറിപ്പു തയാറാക്കി അവതരിപ്പിക്കുക.

*ഗാന്ധിജി വിഭാവനം ചെയ്ത സർവോദയ സമൂഹം ഏഴ് സാമൂഹിക തിന്മകളിൽ നിന്നും മുക്തമായിരുന്നു.*

1. സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം
2. തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയം
3. മനുഷ്യത്വമില്ലാത്ത ശാസ്ത്രം
4. സമർപ്പണമില്ലാത്ത ആരാധന
5. മനസാക്ഷിയില്ലാത്ത ആനന്ദം
6. ധാർമ്മികതയില്ലാത്തവാണിജ്യം
7. അധ്വാനമില്ലാത്ത സമ്പത്ത്

ഇന്ന് സമൂഹത്തിൽ നടക്കുന്ന പലപ്രശ്നങ്ങൾക്കും കാരണം ഈ സാമൂഹ്യ

തിന്മകളാണെന്ന തിരിച്ചറിവ് ജനങ്ങൾക്കുണ്ടാകണം. ഈ സാമൂഹികതിന്മകളെ ഉന്മൂലനം ചെയ്യുന്നതിനുള്ള പല പദ്ധതികളും ഗാന്ധിജി ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്.

**മദ്യപാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് :**

ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ മദ്യം മനുഷ്യന്റെ ശരീരത്തെ മാത്രമല്ല ആത്മാവിനെയും നശിപ്പിക്കുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം മനുഷ്യന്റെ ധാർമ്മിക വളർച്ചയെ മുരടിപ്പിക്കും. ജനങ്ങൾ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുകയാണെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തികവളർച്ചയും രാഷ്ട്രീയ സ്വാതന്ത്ര്യവും അസാധ്യമാകും. അതിനാൽ ഗാന്ധിജി മദ്യനിരോധനംനിർമ്മാണ പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഇനമാക്കി. മദ്യപാനശീലം ഒഴിവാക്കുന്നതിനായി ഗാന്ധിജി താഴെപറയുന്ന പദ്ധതികൾ നിർദേശിച്ചു.

1. മദ്യനിരോധനം നടപ്പിലാക്കുക.
2. മദ്യം വർജിക്കുന്നതിനായി മദ്യപന്മാരെ ബോധവൽക്കരിക്കുക.
3. ലൈസൻസ് തീരുന്നമുറക്ക് മദ്യശാലകൾ ലഘുഭക്ഷണശാലകളാക്കി മാറ്റുക.
4. ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുക.
5. സ്ത്രീകളും വിദ്യാർഥികളും സ്നേഹപൂർവം മദ്യപന്മാരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിനായി ശ്രമിക്കുക.
6. ചെത്തുകാരുടെ സേവനം മധുരക്കള്ള് എടുക്കുന്നതിനോ അതുപയോഗിച്ച് മറ്റ് പാനീയങ്ങൾ ഉണ്ടാക്കുന്നതിനോ പ്രയോജനപ്പെടുത്തുക. ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രായോഗിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്നു വിലയിരുത്തുക.

6

*മദ്യപാനത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടും മദ്യപാനം ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളും വ്യക്തമാക്കുക.*

## സർവോദയയുടെ സാമ്പത്തികക്രമം:

അധ്യായം 8-ൽ പഠിച്ച ഗാന്ധിജിയുടെ സാമ്പത്തിക ആശയങ്ങൾ ഓർമ്മിക്കുക.

സർവോദയയുടെ സാമ്പത്തികക്രമം അനുശാസിക്കുന്നത് ഭൗതികവും ധാർമ്മികവുമായ പുരോഗതിയുടെ സന്തുലനാവസ്ഥയാണ്. മനുഷ്യന്റെ ക്ഷേമത്തെ ഹനിക്കുന്ന സാമ്പത്തികപ്രവർത്തനം ഒരു ശാപമാണെന്ന് ഗാന്ധിജി മനസ്സിലാക്കി. സ്വാർഥ താൽപ്പര്യത്തോടെ സ്വത്തു സമ്പാദിക്കുന്നതിനെ എതിർക്കുന്ന സർവോദയ മറ്റുള്ളവരുടെ

നന്മക്കായി സ്വയം ത്യജിക്കണമെന്നും നിർദേശിക്കുന്നു. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഗ്രാമങ്ങളിലാണ് വസിക്കുന്നത് എന്ന് ഗാന്ധിജി മനസ്സിലാക്കി. കൃഷിയും അനുബന്ധവ്യവസായങ്ങളുമാണ് ഇന്ത്യൻ സമ്പദ്ഘടനയുടെ അടിസ്ഥാനം. അതുകൊണ്ട് സർവോദയയുടെ സാമ്പത്തികക്രമം ഗ്രാമീണതയെ അടിസ്ഥാനമാക്കിയുള്ളതാണ്. ലളിതജീവിതം, സ്വദേശി, വികേന്ദ്രീകരണം, ആവശ്യാധിഷ്ഠിത ഉൽപ്പാദനം, ന്യായമായ വിതരണം, ആഹാരത്തിനുവേണ്ടുയള്ള കായിക പ്രയത്നം, ട്രസ്റ്റീഷിപ്, സ്വയം പര്യാപ്തത എന്നീ ഗാന്ധിയൻ ആശയങ്ങൾ സർവോദയ സാമൂഹ്യക്രമത്തിലേക്ക് നയിക്കുന്നവയുമാണ്.

**സർവോദയയുടെ രാഷ്ട്രീയക്രമം:**

അധ്യായം 7ൽ പഠിച്ച മഹാത്മാഗാന്ധിയുടെ രാഷ്ട്രീയചിന്തകൾ ഓർമ്മിച്ചുനോക്കുക. ഭരണകൂടമില്ലാത്ത ഒരു സമൂഹത്തെയോ ബൗദ്ധികമായ അരാജകത്വത്തെയോ ആണ് സർവോദയ വിഭാവനം ചെയ്യുന്നത്. എന്നാൽ ഭരണകൂടം ഇല്ലാത്ത സമൂഹം മനുഷ്യന് അപ്രാപ്യമാണ്. അതുകൊണ്ട് ഭരണകൂടത്തിന്റെ അധികാരം കുറയ്ക്കുക അസാധ്യമാണ്. സർവോദയയുടെ രാഷ്ട്രീയക്രമം അധികാരവികേന്ദ്രീകരണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ജനപങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തുകളാണ് ഇവിടെ ഭരണം നടത്തുന്നത്.

**സർവോദയിലെത്തിച്ചേരുന്നതിനുള്ള തന്ത്രങ്ങൾ:**

സർവോദയ സാധ്യമാക്കുന്നതിനായി ഗാന്ധിജി രണ്ടു മാർഗങ്ങളാണ് നിർദേശിച്ചിട്ടുള്ളത്. അവ നിർമ്മാണപ്രവർത്തനങ്ങളും സത്യാഗ്രവുമാണ്.

**നിർമ്മാണപ്രവർത്തനങ്ങൾ:**

സത്യത്തിലും അഹിംസയിലും അധിഷ്ഠതമായി പൂർണസ്വരാജ് നേടുന്നതിനുള്ള മാർഗമായിട്ടാണ് ഗാന്ധിജി നിർമ്മാണപ്രവർത്തനത്തെ നിർവചിച്ചിരിക്കുന്നത്. രാജ്യത്തിന്റെ സമഗ്രപുരോഗതിയാണ് നിർമാണപ്രവർത്തനത്തിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്. ഇന്ത്യൻ ഗ്രാമങ്ങളുടെ സ്വാശ്രയത്വവും സ്വയംപര്യാപ്തതയും സ്വയം ഭരണാവകാശവും വീണ്ടെടുക്കുവാനാണ് നിർമ്മാണപ്രവർത്തനത്തിലൂടെ ഗാന്ധിജി ശ്രമിച്ചത്. ഈ ഉദ്ദേശത്തോടെയാണ് സ്വാതന്ത്ര്യസമരകാലത്ത് അദ്ദേഹം നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങി വെച്ചത്. നിർമ്മാണപ്രവർത്തനങ്ങൾ എന്തൊക്കയാണെന്നു പരിശോധിക്കാം.

**1. സാമുദായികഐക്യം:** എല്ലാ മതങ്ങളും സ്നേഹത്തെക്കുറിച്ചും വിശ്വസാഹോദര്യത്തെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. വ്യത്യസ്തമതങ്ങൾ ദൈവത്തിലെത്തിച്ചേരുന്നതിനുള്ള വ്യത്യസ്തമാർഗങ്ങളാണ്. ജനങ്ങൾ ഇതു വിസ്മരിച്ചുകൊണ്ട് മതത്തെ വിഘടനത്തിനുള്ള ആയുധമാക്കുന്നു. മതത്തിന്റെ പേരിലുള്ള ഏറ്റുമുട്ടലുകൾ രക്തച്ചൊരിച്ചിലിനും സമുദായസംഘർഷങ്ങൾക്കും കാരണമാകുന്നു. സാമുദായികഐക്യം കൂടാതെ സമാധാനം ഉണ്ടാവുകയില്ലെന്നു ഗാന്ധിജി തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് സമുദായികൈക്യം ഒരിനമായി ഉൾകൊള്ളിച്ചത്.

**2. അയിത്തോച്ചാടനം:** അയിത്തത്തിന്റെപേരിൽ മനുഷ്യൻ വിഭാഗീയത കാണിക്കുന്നത് മനുഷ്യത്വരഹിതമായ നടപടിയാണ്. മനുഷ്യാവകാശലംഘനമാണിത്. അതുകൊണ്ടാണ് ഗാന്ധിജി അയിത്തോച്ചാടനം ഒരു പ്രധാനകർമ്മപരിപാടിയാക്കിയത്.

**3. മദ്യനിരോധനം:** നിയമസഹായത്താൽ മദ്യവും മയക്കുമരുന്നു പോലെയുള്ള ലഹരിവസ്തുക്കളും നിരോധിക്കുന്നതാണ് മദ്യനിരോധനം. മദ്യവും മയക്കുമരുന്നും മനുഷ്യശരീരത്തെയും മനസ്സിനെയും ഒരുപോലെ നശിപ്പിക്കുന്നുവെന്ന് ഗാന്ധിജി മനസ്സിലാക്കി. മദ്യപാനം ഒരു ശാപമാണെന്നു അദ്ദേഹം തിരിച്ചറിഞ്ഞു. ഇതിനെ സാമൂഹ്യവിപത്തായിട്ടാണ് ഗാന്ധിജി കരുതിയത്. ഒരു മദ്യപാനി വ്യക്തിപരമായും സാമൂഹ്യമായും കുടുംബപരമായും അനുഭവിക്കുന്ന ദുരിതങ്ങൾ ഗാന്ധിജിക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് നിർമ്മാണപ്രവർത്തനത്തിൽ മദ്യനിരോധനം ഒരിനമാക്കിയത്.

### പ്രവർത്തനം

- ***നിങ്ങളുടെ പ്രദേശത്തുള്ള മദ്യത്തിന്റെയും മയക്കമുരുന്നുകളുടെയും ലഭ്യതയും ഉപയോഗവും ഇല്ലാതാക്കുന്നതിനുള്ള കർമ്മപരിപാടികൾ നിർദേശിക്കുക.***

**ഖാദി:** ഇന്ത്യയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിന്റെ അടയാളമായാണ് ഗാന്ധിജി ഖാദിയെ പരിഗണിച്ചത്. ഗാന്ധിജി ഇപ്രകാരം എഴുതി: "രാജ്യത്തുള്ള എല്ലാ ജനങ്ങളുടെയും സമത്വത്തിന്റെയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും സൂചകമാണത്. ഇന്ത്യയിലെ ഗ്രാമീണരുടെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഇച്ഛാശക്തിയുടെയും അധ്വാനത്തിന്റെയും സ്വദേശിമനോഭാവത്തിന്റെയും സൂചകമാണമത്." അദ്ദേഹം ഖാദിയെ ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വികേന്ദ്രീകരണത്തിനുള്ള മാർഗമായാണ് കണ്ടത്.

### പ്രവർത്തനം

- ***ഖാദിയുടെ പ്രത്യേകതകൾ വിശദമാക്കുന്ന ചാർട്ട് തയാറാക്കുക.***

**5. ഗ്രാമീണകുടിൽ വ്യവസായങ്ങൾ:** ഗ്രാമീണകുടിൽ വ്യവസായങ്ങൾ ഇല്ലാത്ത ഇന്ത്യൻ സമ്പദ്ഘടന അപൂർണമായിരിക്കുമെന്നു ഗാന്ധിജി മനസ്സിലാക്കുന്നു. ഇന്ത്യയെപ്പോലെ ധാരാളം മനുഷ്യവിഭവശേഷിയുള്ള ഒരു രാജ്യം തൊഴിൽ ശക്തിയെ ലാഭിക്കുന്ന മാർഗമല്ല ഉൽപ്പാദനത്തിനായി സ്വീകരിക്കേണ്ടത്. മറിച്ച് തൊഴിൽ ശക്തിയെ

പരമാവധി പ്രയോജനപ്പെടുത്താവുന്ന മാർഗമാണ്. ഗ്രാമീണകുടിൽ വ്യവസായങ്ങൾ ഈ താൽപ്പര്യം സംരക്ഷിക്കുകയും, ലക്ഷോപലക്ഷം ജനങ്ങൾക്ക് അന്തസ്സോടെ ജീവിതമാർഗം കണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യും.

**6. ഗ്രാമീണശുചിത്വം:** മഹാത്മാഗാന്ധി ഗ്രാമീണശുചിത്വത്തിനു വളരെയധികം പ്രാധാന്യം നൽകി. മൂത്രപ്പുരകളുടെയും അഴുക്കുചാലുകളുടെയും അഭാവം അന്ന് ഇന്ത്യൻ ഗ്രാമങ്ങളിൽ സാംക്രമിക രോഗങ്ങൾ പടരുന്നതിന് കാരണമായി. ഇതു തടയുന്നതിനായി ഗ്രാമീണരുടെ ഇടയിൽ ശുചിത്വബോധം വളർത്താൻ ഗാന്ധിജി ശ്രമിച്ചു.

**7. അടിസ്ഥാനവിദ്യാഭ്യാസം:** അടിസ്ഥാനവിദ്യാഭ്യാസം കുട്ടികളെ അവന്റെ ഗ്രാമവും ചുറ്റുവട്ടവുമായ് ബന്ധിപ്പിക്കുന്നു. കൈത്തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ഈ വിദ്യാഭ്യാസം കൈകളുടെയും ഹൃദയത്തിന്റെയും തലച്ചോറിന്റെയും പരിശീലനത്തിന് പ്രാധാന്യം നൽകുന്നു. കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് സഹായിക്കുന്ന ഈ പരിശീലനം അവരുടെ ഉള്ളിലുള്ള ഉത്തമാംശങ്ങളെ ബഹിർഗമിപ്പിക്കുന്നതിനും സഹായിക്കും.

**8. വയോജനവിദ്യാഭ്യാസം:** വയോജനവിദ്യാഭ്യാസത്തെ ഒരു സാമൂഹ്യഉത്തരവാദത്വമായിട്ടാണ് ഗാന്ധിജി കണ്ടത്. വയോജനവിദ്യാഭ്യാസം ഭരണകൂടത്തിന്റെ ചുമതലയല്ലെന്നും ഈ ഉത്തരവാദിത്ത സമൂഹത്തിലെ വിദ്യാസമ്പന്നർ ഏറ്റെടുക്കണമെന്നും ഗാന്ധിജി നിഷ്കർഷിക്കുന്നു.

**9. സ്ത്രീകൾ:** സമൂഹത്തിൽ സ്ത്രീകളുടെസ്ഥാനം മെച്ചപ്പെടുത്തുന്നതിനായി ഗാന്ധിജി സ്ത്രീവിമോചനം നിർമ്മാണപ്രവർത്തനത്തിലെ ഒരു പ്രധാനപരിപാടിയാക്കി, കർമ്മപഥത്തിൽ സ്ത്രീ പുരുഷന്റെ യഥാർഥസഹായി ആണെന്ന് അവൻ ഇനിയും മനസ്സിലാക്കിയിട്ടില്ലെന്നു ഗാന്ധിജി പറയുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻ സ്ത്രീകൾ സജീവമായി പൊതു പ്രവർത്തനങ്ങളിൽ പങ്കെടുത്തു. സത്യാഗ്രഹയിലെ പങ്കാളിത്തം അവരെ അടുക്കളയിൽ നിന്നും അരങ്ങത്തെത്തിച്ചു.

**10. ആരോഗ്യശുചിത്വവിദ്യാഭ്യാസം:** ഗാന്ധിജി പറയുന്നു. ശരിയായ സാമൂഹ്യക്രമത്തിൽ പൗരന്മാർ ആരോഗ്യശുചിത്വനിയമത്തെക്കുറിച്ച് ബോധവാന്മാരായിരിക്കും. ആരോഗ്യശുചിത്വനിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയുമാണ് പലപ്പോഴും രോഗകാരണങ്ങളാകുന്നത് ഇത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതുകൊണ്ടാണ് ഗാന്ധിജി ഗ്രാമീണരുടെ ആരോഗ്യശുചിത്വവിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയത്.

### പ്രവർത്തനം

- ***കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന 'സ്വച്ഛ്ഭാരത്' പരിപാടി ഗാന്ധിജിയുടെ നിർമ്മാണ പ്രവർത്തനത്തിലെ ഏത് ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു വിശകലനം ചെയ്യുക.***

**11. പ്രാദേശികഭാഷ:** ഇന്ത്യയിൽ പ്രാദേശികഭാഷകൾക്ക് അപചയം സംഭവിച്ചതായി ഗാന്ധിജി മനസ്സിലാക്കി. പ്രാദേശികഭാഷകൾ അറിവിന്റെ വിളനിലമാകയാൽ അവയെ പരിപോഷിപ്പിക്കണമെന്നും ഗാന്ധിജി നിർദേശിക്കുന്നു.

**12. രാഷ്ട്രഭാഷ:** ഗാന്ധിജിയുടെ അഭിപ്രായത്തിൽ സ്വതന്ത്രരാഷ്ട്രത്തിന് ഒരു രാഷ്ട്ര ഭാഷ ഉണ്ടായിരിക്കണം. ഇന്ത്യയുടെ കാര്യത്തിൽ ബഹുഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്ന ഹിന്ദുസ്ഥാനി/ഹിന്ദി ആണ് ഗാന്ധിജി തിരഞ്ഞെടുത്തത്.

**13. സാമ്പത്തികസമത്വം:** സാമ്പത്തികസമത്വംകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത് മുതലാളിയും തൊഴിലാളിയും തമ്മിലുള്ള സംഘർഷം ഒഴിവാക്കുക എന്നാണ്. സാമ്പത്തികസമത്വത്തെക്കുറിച്ച് ഗാന്ധിജി പറയുന്നു. "ഇതുകൊണ്ട് ഞാൻ അർഥമാക്കുന്നത് രാഷ്ട്രത്തിന്റെ സമ്പത്ത് മുഴുവൻ കൈയടക്കി വച്ചിരിക്കുന്ന ധനവാന്മാരെ താഴേക്ക് കൊണ്ടുവരികയും പട്ടിണിപ്പാവങ്ങളായ കോടിക്കണക്കിന് ദരിദ്രന്മാരെ മുകളിലേക്കുയർത്തുകയുമാണ്. ട്രസ്റ്റീഷിപ്പ് (പരിപാലന ഭാരവാഹിത്വം) ആണ് സാമ്പത്തികസമത്വം നടപ്പിലാക്കുന്നതിനായി ഗാന്ധിജി നിർദേശിക്കുന്നമാർഗം.

**14. കർഷകർ:** ഇന്ത്യ കാർഷിക രാജ്യമാണ്. ഭൂരിഭാഗം ജനങ്ങളും കർഷകരാണ്. രാജ്യത്തിനു വേണ്ട ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിക്കുന്നവരാണ്. അതുകൊണ്ട് അവരെ നന്നായി പരിഗണിക്കണം. പ്രചോദനങ്ങളിൽ കൂടിയും ബോധവൽക്കരണപരിപാടിയിൽക്കൂടിയും അവരുടെ സ്ഥിതി മെച്ചപ്പെടുത്താവുന്നതാണ്.

**15. തൊഴിലാളികൾ:** തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് ശാപമാണെന്ന് ഗാന്ധിജി കരുതി. അവരെ സംഘടിപ്പിക്കുന്നതിൽക്കൂടി മാത്രമേ ചൂഷണം ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നു ഗാന്ധിജിക്കറിയാമായിരുന്നു. അതിനാൽ നിർമ്മാണപ്രവർത്തനങ്ങളിൽ തൊഴിലാളി സംഘാടനം ഒരിനമാക്കി.

**16. ആദിവാസികൾ:** ആദിവാസി സേവ നിർമ്മാണപ്രവർത്തനങ്ങളിലെ പ്രധാന ഇനമായി ഗാന്ധിജി ഉൾപ്പെടുത്തി. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ആദിവാസികൾ ഈ ഭൂമിയിലെ സ്ഥിരനിവാസികളാണ്. എന്നാൽ അവരുടെ അവസ്ഥ ഹരിജനങ്ങളേക്കാൾ കഷ്ടമാണ്. വളരെക്കാലമായി ഉയർന്നവർഗക്കാരുടെ അവഗണനയ്ക്കിരയാണവർ.

ആദിവാസികളെ അവഗണിച്ചുകൊണ്ട് ഇന്ത്യക്ക് അഹിംസാധിഷ്ഠിതമായ പൂർണസ്വരാജ് കൈവരിക്കാൻ കഴിയില്ലെന്നും ഗാന്ധിജി മനസ്സിലാക്കി. അതുകൊണ്ടാണ് അവരുടെ പ്രശ്നങ്ങൾ സൂക്ഷ്മതയോടെ പഠിച്ചു സാംസ്കാരികസവിശേഷതകൾ നിലനിർത്തുന്നതിനുവേണ്ട നടപടികൾ കൈകൊള്ളണമെന്ന് പറഞ്ഞത്.

**17. കുഷ്ഠരോഗികൾ:** പണ്ടുകാലത്ത് ഇന്ത്യയിൽ ധാരാളം കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. ഇതു ചികിത്സിച്ചു ഭേദമാക്കുവുന്ന രോഗമായിട്ടുകൂടി സമൂഹം അവരെ അവഹേളിച്ചു. ഈ വിവേചനത്തെ ഗാന്ധിജി എതിർത്തു. മറ്റുരോഗങ്ങളെപ്പോലെ കുഷ്ഠരോഗവും ചികിത്സിച്ച് ഭേദമാക്കാവുന്നതാണെന്ന് ജനങ്ങളെ ധരിപ്പിക്കാൻ ഗാന്ധിജി ശ്രമിച്ചു. ഗാന്ധിജി സ്വയം അദ്ദേഹത്തിന്റെ ആശ്രമത്തിലെ കുഷ്ഠരോഗികളെ ചികിത്സിച്ചു.

**18. വിദ്യാർഥികൾ:** സാമൂഹ്യമാറ്റത്തിനുള്ള അളവുകോലായാണ് ഗാന്ധിജി വിദ്യാർഥികളെ കണ്ടത്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വിദ്യാർഥികളെ പങ്കെടുപ്പിച്ചു. എന്നാൽ വിദ്യാർഥികൾ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ അദ്ദേഹം എതിർത്തു.

മേൽ വിവരിച്ച പതിനെട്ടിനങ്ങൾ കൂടാതെ കന്നുകാലി സംരക്ഷണം, പ്രകൃതിസംരക്ഷണം, പ്രകൃതി ചികിത്സ, അഭയാർഥികളും അവരുടെ പ്രശ്നങ്ങളും എന്നീ പരിപാടികളും നിർമ്മാണപ്രവർത്തനങ്ങളിൽ ഗാന്ധിജി പിന്നീട് ഉൾപെടുത്തി. ഇതുകൂടാതെ ഗാന്ധിജിയുടെ അനുയായി വിനോബഭാവെ ഭൂദാൻ, ശാന്തിസേന എന്നിവയും കൂട്ടിചേർത്തു.

**19. പ്രകൃതി ചികിത്സ:** പ്രകൃതിചികിത്സ എന്നതുകൊണ്ട് ഗാന്ധിജി വിവക്ഷിക്കുന്നത് മാതൃകാപരമായ ഒരു ജീവിതശൈലിയാണ്. അദ്ദേഹം പറയുന്നു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് ചികിത്സ കഴിയുന്നത്ര ലളിതവും ചെലവുകുറഞ്ഞതുമാകണം. ഗ്രാമങ്ങൾ ഈരീതിയാണ് പിന്തുടരേണ്ടത്. ഇതിനുള്ള ഉപകരണങ്ങളും സൗകര്യവും സജ്ജമാക്കുവാൻ ഗ്രാമവാസികൾക്ക് കഴിയണം. പോഷകാഹാരം, ശുചിത്വം, ആരോഗ്യസംരക്ഷണം മുതലായവയിൽ ശ്രദ്ധാലുവാകുക എന്നതാണ് പ്രകൃതിചികിത്സയുടെ തത്ത്വം എന്ന് ഗാന്ധിജി പറയുന്നു.

**20. കന്നുകാലി സംരക്ഷണം:** ലോകത്തുള്ള മനുഷ്യേതരവർഗങ്ങളെയെല്ലാം കന്നുകാലികൾ പ്രതിനിധീകരിക്കുന്നു എന്നവിശ്വാസത്തിലാണ് ഗാന്ധിജി കന്നുകാലി സംരക്ഷണം നിർമ്മാണപ്രവർത്തിനത്തിലെ ഒരിനമാക്കിയത്. ഒരു ഗ്രാമീണകർഷകന് ഒറ്റയ്ക്ക് അവന്റെ കാലികളെ സംരക്ഷിക്കാൻ പ്രയാസമായതുകൊണ്ട് സഹകരണാടിസ്ഥാനത്തിലുള്ള കാലിവളർത്തലാണ് ഗാന്ധിജി നിർദേശിച്ചത്.

**21. അഭയാർഥികളും അവരുടെ പ്രശ്നങ്ങളും:** അഭയാർഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗാന്ധിജിയ്ക്ക് വലിയ ഉത്കണ്ഠ ഉണ്ടായിരുന്നു. അവരെ ആശ്വസിപ്പിക്കുന്നതിനായി ഗാന്ധിജി അഭയാർഥിക്യാമ്പുകളും ആശുപത്രികളും സന്ദർശിച്ചു. അവരുടെ

ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമാധാനം നിലനിർത്തുന്നതിനും സഹകരിക്കണമെന്നും ഗാന്ധിജി അഭയാർഥികളോട് ആവശ്യപ്പെട്ടു.

**22. ഭൂദാൻ:** സമത്വാധിഷ്ഠിതമായ ഒരുസമൂഹം കെട്ടിപ്പെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 1951ൽ വിനോബഭാവെ ഭൂദാൻപ്രസ്ഥാനം ആരംഭിച്ചത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഈ ഭൂമി മുഴുവൻ ദൈവത്തിന്റേതാണ്. അതിനാൽ സ്വാർഥ താൽപ്പര്യത്തോടെ അത് കൂട്ടിവെക്കാൻ നമുക്ക് അധികാരമില്ല. ഈ പ്രസ്ഥാനത്തിലൂടെ പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറയ്ക്കുവാനാണ് വിനോബ ഭാവെ ശ്രമിച്ചത്. ഭൂരഹിതരായ ഗ്രാമീണരെ ഭൂമിയുടെ ഉടമകളാക്കിമാറ്റുക എന്നപദ്ധതിയാണ് ഭൂദാൻ പ്രസ്ഥാനത്തിലൂടെ നടപ്പിലാക്കിയത്.

**23. ശാന്തിസേന:** അഹിംസയിലും സമാധാനത്തിലും അടിസ്ഥാനമാക്കിയുള്ള ഒരു സമൂഹം രൂപീകരിക്കുന്നതിനു ശാന്തിസേന അനിവാര്യമാണെന്ന് ഗാന്ധിജി കരുതി. സർവോദയസമൂഹത്തിലേക്കുള്ള ഒരു ഉപാധിയായിട്ടാണ് ഇതിനെ കണ്ടത്. സംഘർഷങ്ങളും സാമുദായികലഹളകളും ഉണ്ടാകുന്ന അവസരത്തിൽ ശാന്തിസേനയ്ക്ക് മധ്യവർത്തിയായി നിന്നുകൊണ്ട് സമാധാനം പുനസ്ഥാപിക്കാൻ കഴിയണം. 1938 മാർച്ച് 18ന് ഹരിജനിൽ ശാന്തിസേനയെക്കുറിച്ച് ഗാന്ധിജി ഒരു ലേഖനം എഴുതി. ഗാന്ധിജിയുടെ അനുയായി എന്ന നിലയിൽ 1957 ആഗസ്റ്റ് 27നു വിനോബ ഭാവെ ശാന്തിസേനയുടെ ആദ്യയൂണിറ്റ് രൂപീകരിച്ചു. ക്രമേണ ഈ ആശയം രാജ്യത്തിന്റെ നാനാഭാഗത്തേക്കും വ്യാപിച്ചു.

രാജ്യത്തിന്റെ സാമൂഹികസാമ്പത്തിക പുരോഗതിക്കായി താഴെത്തട്ടിൽ നിന്നുള്ള cnj {S\ nÀ½nW anW vCu ] cn} nSn\ f nÂ l dn Kn Ô nP n e £ yan«X v നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പലസംഘടനകൾക്കും അദ്ദേഹം രൂപം നൽകി. ഓൾ ഇന്ത്യാ സ്പിന്നേഴ്സ് അസോസിയേഷൻ, (All India Spinners Association) ഓൾ ഇന്ത്യാ വില്ലേജ്ഇൻഡസ്ട്രീസ് അസോസിയേഷൻ, (All India Village Industries Association) ഹിന്ദുസ്ഥാൻ നയീതലീം സംഘം(Hindustan Ni Talim Sangh), കസ്തൂർബാ ഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ് (Kasturba National Memorial Trust) എന്നിവ അവയിൽ ചിലതാണ്.

നിർമ്മാണപ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഗാന്ധിജിയുടെ അനുയായിയായിരുന്ന ജെ.സി.കുമരപ്പ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങളെ സത്യാഗ്രഹയുടെ ക്രിയാത്മകതലമായാണ് ഗാന്ധിജി കണ്ടത്.

? 7

***നിർമ്മാണപ്രവർത്തനങ്ങളെക്കുറിച്ച് ഒരു പ്രബന്ധം തയാറാക്കുക.***

**സത്യഗ്രഹ:**

ഗാന്ധിജി സത്യഗ്രഹയെ സർവോദയ നടപ്പിലാക്കുന്നതിനുള്ള തന്ത്രമായാണ് കരുതുന്നത്. സത്യാഗ്രഹം പൗരന്റെ ജന്മാവകാശവും പരിപാവനവുമായ കർമ്മമാണ്. സത്യാഗ്രഹ എല്ലാ തരത്തിലുമുള്ള അനീതിക്കും അടിച്ചമർത്തലിനും ചൂഷണത്തിനും എതിരെയുള്ള സംശുദ്ധമായ ആത്മീയശക്തിയുടെ പ്രയോഗമാണ്. സത്യഗ്രഹിയുടെ സ്വയംസഹനത്തിലൂടെ തെറ്റുകാരനെ നശിപ്പിക്കാതെ അയാളിലെ തെറ്റിനെ നശിപ്പിക്കുക എന്നതാണ് സത്യഗ്രഹയുടെ പ്രവർത്തനരീതി. സത്യഗ്രഹിയുടെ സ്വയംസഹനം തെറ്റുകാരന്റെ മാനസികപരിവർത്തനത്തിന് കാരണമാവുകയും അത് അയാളെ സർവോദയിലേക്ക് നയിക്കുകയും ചെയ്യും.

**ഗാന്ധിയൻ സോഷ്യലിസം**

എന്താണ് സോഷ്യലിസം? നിങ്ങളുടെ ആശയങ്ങൾ പങ്കുവെക്കുക.

ഉൽപ്പാദനം, വിതരണം, കൈമാറ്റഉപാധികൾ എന്നിവ കയ്യാളുന്നതും നിയന്ത്രിക്കുന്നതും സമൂഹമായിരിക്കും എന്നനുശാസിക്കുന്ന ഒരു സാമൂഹികവ്യവസ്ഥിതിയാണ് സോഷ്യലിസം. ഈ ഭൂമി മുഴുവൻ ദൈവത്തിന് സ്വന്തമാണെന്നും അതിന് അതിർവരമ്പുകളില്ലെന്നും നമ്മെ പഠിപ്പിച്ച നമ്മുടെ പൂർവികരുടെ അറിവാണ് യഥാർഥ സോഷ്യലിസമെന്നു ഗാന്ധിജി പറയുന്നു. മനുഷ്യനാണ് അതിർവരമ്പുകൾ സൃഷ്ടിച്ചത്. അതിനാൽ അവനത് നശിപ്പിക്കാനും കഴിയും. ഗാന്ധിജിയുടെ സോഷ്യലിസം ഒരു സമത്വാധിഷ്ഠിതസമൂഹമാണ് ലക്ഷ്യമിടുന്നത്. ഇത് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നു. ഇതു മാനുഷികമൂല്യങ്ങളായ സാഹോദര്യവും സഹവർത്തിത്വവും വളർത്തും. ഐക്യവും സമത്വവും ആയിരുന്നു ഗാന്ധിയൻ സോഷ്യലിസത്തിന്റെ സവിശേഷത.

ഗാന്ധിജി പറയുന്നു. "സോഷ്യലിസം എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നതു അവസാനത്തെ വ്യക്തിക്കുവരെ സമത്വം ലഭിക്കുക എന്നാണ്." ഹരിജനിൽ ഗാന്ധിജി ഇപ്രകാരം എഴുതി. "എനിക്കറിയാവുന്നതിൽ ഏറ്റവും മനോഹരമായ വാക്കാണ് സോഷ്യലിസം. ഇതിൽ എല്ലാവരുംതുല്യരാണ്. ആരും ഉയർന്നവരുമല്ല താഴ്ന്നവരുമല്ല." ഗാന്ധിജിയുടെ സോഷ്യലിസത്തിൽ രാജാവും ഗ്രാമീണനും പണക്കാരനും ദരിദ്രനും തൊഴിലാളിയും മുതലാളിയും ഒരുപോലെയാണ്. അങ്ങനെ ഗാന്ധിയൻ സോഷ്യലിസം ലക്ഷ്യമിടുന്നത് സമത്വത്തിലും സാഹോദര്യത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു മാതൃകാസമൂഹമാണ്.

സത്യവും സംശുദ്ധവുമായ മാർഗത്തിൽ ക്കൂടി മാത്രമേ ഗാന്ധിയൻ സോഷ്യലിസം നടപ്പിലാവുകയുള്ളൂ. നമ്മുടെ ജീവിതശൈലി മാറാതെ യഥാർഥസോഷ്യലിസം നടപ്പിലാവുകയില്ല.

**സർവോദയ മഹാത്മാഗാന്ധിക്കുശേഷം:** മഹാത്മാഗാന്ധിയുടെ മരണശേഷം സർവോദയ നടപ്പിലാക്കുന്നതിനായി അദ്ദേഹത്തിന്റെ അനുയായികൾ പലപദ്ധതികളും ആവഷ്കരിച്ച് നടപ്പാക്കി. വിനോബാ ഭാവെയുടെ നേതൃത്വത്തിൽ സർവോദയ സമാജ് രൂപംകൊണ്ടു. വിനോബ പത്തുമാസത്തോളം അഭയാർഥികളോടൊപ്പം ചെലവഴിച്ചു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സമാധാനത്തിന്റെ സന്ദേശം എത്തിക്കുന്നതിനായി 'ശാന്തി സേന' രൂപീകരിച്ചു. ഗാന്ധിജിക്കുശേഷം സർവോദയ നടപ്പിലാക്കുന്നതിനായി നടന്ന ചില ശ്രമങ്ങളെ നമുക്ക് പരിചയപ്പെടാം.

**ഭൂദാൻ പ്രസ്ഥാനം:** സർവോദയയിലേക്കുള്ള ആദ്യചുവടുവയ്പ്പ് എന്ന നിലയിലാണ് 1951ൽ വിനോബഭാവെ ഭൂദാൻപ്രസ്ഥാനം ആരംഭിച്ചത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഈ ഭൂമിമുഴുവനും ഗോപാലനു (ദൈവത്തിന്) സ്വന്തമാണ്. അതുകൊണ്ട് ആർക്കും അവനവന് ആവശ്യമുള്ളതിൽ കവിഞ്ഞ് ഒന്നും കൈവശം വെക്കാൻ അവകാശമില്ല. ഭൂദാൻ പ്രസ്ഥാനത്തിൽകൂടി ജന്മിമാരുടെ കൈയിൽ നിന്നും ദാനമായി ലഭിച്ച ഏക്കറുകണക്കിന് ഭൂമി, ഭൂമി ഇല്ലാത്തവർക്കായി വിതരണം ചെയ്യാൻ വിനോബ ഭാവയ്ക്ക് കഴിഞ്ഞു.

**സമ്പൂർണവിപ്ലവം:**

1974 ജയപ്രകാശ് നാരായൺ മുന്നോട്ടു വെച്ച ആശയമാണ് സമ്പൂർണവിപ്ലവം. ഗാന്ധിജിയെപ്പോലെ തന്നെ വ്യക്തിയുടെ മാറ്റത്തിൽക്കൂടി മാത്രമേ സാമൂഹ്യമാറ്റം സാധ്യമാകൂ എന്ന് ജെ.പി.വിശ്വസിച്ചു. ഈ തത്വമാണ് സമ്പൂർണവിപ്ലവത്തിനടിസ്ഥാനം. വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും വിപ്ലവകരമായ മാറ്റം ഉണ്ടാക്കുകയെന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. എല്ലാ മേഖലയെയും അഴിമതിമുക്തമാക്കുക എന്നതായിരുന്നു മറ്റൊരു ലക്ഷ്യം. വിനോബയുടെ ഭൂദാൻ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ ജെ.പി. ആജീവനാന്തം സർവോദയപ്രവർത്തകനായി മാറി.

8

***ഗാന്ധിജിക്ക് ശേഷം സർവോദയ നടപ്പിലാക്കുന്നതിനായി ഇന്ത്യയിൽ നടന്ന രണ്ടു ശ്രമങ്ങളെ വിശകലനം ചെയ്യുക.***

**ആർക്ക് കമ്മ്യൂണിറ്റിയും ആമിഷ് കമ്മ്യൂണിറ്റിയും:**

ഗാന്ധിജിയുടെ ആശയങ്ങളായ സത്യം, അഹിംസ, സ്നേഹം, ആഹാരത്തിനുവേണ്ടിയുള്ള പ്രയത്നം, സ്വാശ്രയത്വം എന്നിവയിലധിഷ്ഠിതമായ ജീവിതം നയിക്കുന്ന ഇന്ത്യാക്കാരല്ലാത്ത രണ്ടു സമൂഹങ്ങളാണ് ആർക്ക് കമ്മ്യൂണിറ്റിയും ആമിഷ് കമ്മ്യൂണിറ്റിയും ആധുനിക സാങ്കേതികവിദ്യയെ ആശ്രയിക്കാത്ത ഇവർ പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് ലളിതജീവിതം നയിക്കുന്നവരാണ്.

## സംഗ്രഹം:

ഗാന്ധിജി വിഭാവനചെയ്ത മാതൃകാസമൂഹമാണ് സർവോദയ. സർവോദയ എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നത് എല്ലാവരുടെയും ക്ഷേമമാണ്. ജോൺ റസ്കിന്റെ 'അൺ ടു ദിസ് ലാസ്റ്റ്' എന്ന പുസ്തകത്തിന്റെ ഗുജറാത്തി പരിഭാഷയ്ക്ക് ഗാന്ധിജി നൽകിയ പേരാണ് സർവോദയ. എല്ലാജീവന്റെയും ഏകത്വമാണ് സർവോദയയുടെ അടിസ്ഥാനം. സത്യവും അഹിംസയുമാണ് സർവോദയയുടെ അടിസ്ഥാനതത്വങ്ങൾ. സമത്വം, നീതി, സ്വാതന്ത്ര്യം, സഹകരണം, പരസ്പരബഹുമാനം എന്നിവ സർവോദയ സമൂഹത്തിന്റെ പ്രത്യേകതകളാണ്. ഇവിടെ വ്യക്തിക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെങ്കിലും വ്യക്തിയുടെ വളർച്ചയ്ക്ക് സമൂഹം അനിവാര്യമാണ്. അയിത്തം എന്ന ദുരാചാരം ഇവിടെ ഉണ്ടായിരിക്കുകയില്ല. സർവോദയ സ്ത്രീപുരുഷ സമത്വത്തിനുവേണ്ടി നിലകൊള്ളുന്നു. സർവോദയസമൂഹം ഏഴു സാമൂഹികതിന്മയിൽ നിന്നും മുക്തമാണ്. നിർമ്മാണപ്രവർത്തനങ്ങളും സത്യാഗ്രഹവുമാണ് സർവോദയ പ്രാപ്തിക്കുവേണ്ടിഗാന്ധിജി നിർദേശിച്ചമാർഗങ്ങൾ.

## വിശകലനാത്മകചോദ്യങ്ങളുടെ ഉത്തരസൂചിക

1. സഹവർത്തിത്വം, അറിവു നേടൽ, വ്യക്തിത്വവികസനം എന്നിവയെ സ്വാധീനിക്കുന്നു.
2. റസ്കിന്റെ അൺ ടു ദിസ് ലാസ്റ്റ്, സർവോദയ എന്ന പേരിൽ ഗുജറാത്തിയിലേക്ക് പരിഭാഷപ്പെടുത്തി. റസ്കിനിൽ നിന്നും ലഭിച്ച അറിവുകൾ പ്രായോഗികമാക്കാൻ ശ്രമിച്ചു.
3. എല്ലാജീവജാലങ്ങളുടേയും ഏകത്വം.
4. ആശ്രമജീവിതം, നിർമ്മാണപരിപാടികളിലെ ഒരിനം, ഉപവാസം അനുഷ്ഠിച്ചു ഭാരതപര്യടനം നടത്തി. ഹരിജൻ സേവക്സംഘ് സ്ഥാപിച്ചു.
5. സമൂഹത്തിൽ പുരുഷനു തുല്യമായ സ്ഥാനം, വിദ്യാഭ്യാസം, വിവാഹം, സ്ത്രീധന സമ്പ്രദായത്തെ എതിർക്കുന്നു, കുടുംബധർമ്മം.
6. മദ്യം ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും നശിപ്പിക്കുന്നു. മദ്യപാനം ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ.
7. നിർമ്മാണപ്രവർത്തനങ്ങളിലെ 23 ഇനങ്ങളും അവയുടെ വിശദീകരണവും.
8. ഭൂദാൻപ്രസ്ഥാനവും സമ്പൂർണവിപ്ലവവും.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സർവോദയ എന്ന ആശയം രൂപീകരിക്കുന്നതിന് ഗാന്ധിജിയെ സ്വാധീനിച്ച ഘടകങ്ങൾ വിശകലനം ചെയ്യുക.
2. അയിത്തോച്ചാടനത്തിനായി ഗാന്ധിജി സ്വീകരിച്ച മാർഗങ്ങൾ വിശദീകരിക്കുക.
3. സ്ത്രീ ശാക്തീകരണത്തിനായി ഗാന്ധിജി നിർദേശിച്ചിരിക്കുന്ന മാർഗങ്ങൾ ഇന്ന് സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് എത്രത്തോളം സഹായകമാണെന്നു വിശകലനം ചെയ്യുക.
4. ഇന്ത്യയുടെ സാമൂഹ്യരാഷ്ട്രീയസാമ്പത്തിക പുരോഗതിക്ക് മദ്യനിരോധനം അനിവാര്യമാണെന്ന് ഗാന്ധിജി പറയുന്നു. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.
5. സർവോദയ പ്രാപ്തിക്കുവേണ്ടി ഗാന്ധിജി നിർദേശിച്ച മാർഗങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ പ്രസക്തി അപഗ്രഥിക്കുക.

### ഉത്തരസൂചിക

1. ജോൺ റസ്കിന്റെ സ്വാധീനം, ഇന്ത്യൻ തത്വശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും സ്വാധീനം.
2. ഹിന്ദുമതത്തിലെ കളങ്കമാണ് അയിത്തം. എല്ലാവരും ദൈവത്തിന്റെ മക്കളാണ്.
3. സ്ത്രീകൾക്ക് സമൂഹത്തിൽ തുല്യസ്ഥാനം, വിദ്യാഭ്യാസം, സ്വാതന്ത്ര്യം.
4. മദ്യം ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നു. സാമൂഹ്യസാമ്പത്തിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.
5. നിർമ്മാണപ്രവർത്തനങ്ങളും, സത്യാഗ്രഹവും.

## തുടർപ്രവർത്തനം/മൂല്യനിർണയപ്രവർത്തനം

മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് (സാമൂഹ്യസാമ്പത്തിക, ആരോഗ്യപ്രശ്നങ്ങൾ) പഠിച്ച് മദ്യപാനം ഇല്ലാതാക്കുന്നതിന് നിങ്ങളുടെ നിർദേശങ്ങളോടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെ ടേണ്ടതുണ്ട് |
|---|---|---|---|
| • സമൂഹത്തെയും സമുദായത്തെയും കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ മനസ്സിലാക്കാൻ | | | |
| • സർവോദയയുടെ അർഥം, ഉത്ഭവം, ദാർശനികമായഅടിത്തറ എന്നിവ തിരിച്ചറിയാൻ | | | |
| • സർവോദയയുടെ സാമൂഹ്യക്രമം വിലയിരുത്താൻ | | | |
| • ഏഴുസാമൂഹികതിന്മകളുടെ അടിസ്ഥാനത്തിൽ ഇന്നത്തെ സാമൂഹികപ്രശ്നങ്ങൾ വിശകലനം ചെയ്യാൻ | | | |
| • നിർമ്മാണപ്രവർത്തനങ്ങളും, സത്യങ്ങളും സാമൂഹികമാറ്റത്തിനുള്ള തന്ത്രങ്ങളാണെന്ന് തിരിച്ചറിയാൻ | | | |
| • ഗാന്ധിയൻ സോഷ്യലിസം എന്ന ആശയത്തെ അപഗ്രഥിക്കാൻ | | | |

## തുടർ വായനയ്ക്ക്

1. ഒരു ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ - എം.കെ.ഗാന്ധി, നവജീവൻ പബ്ലിഷിംഗ് ഹൗസ് അഹമ്മദാബാദ്
2. ദക്ഷിണാഫ്രിക്കയിലെ സത്യാഗ്രഹം മഹാത്മാഗാന്ധി - നവജീവൻ പബ്ലിഷിംഗ് ഹൗസ് അഹമ്മദാബാദ് & പൂർണോദയ ബുക് ട്രസ്റ്റ്, ഗാന്ധി ഭവൻ, കൊച്ചി - 682018
3. ഗാന്ധി മാർഗം - ആർ.രാഘവൻ നായർ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം
4. ഗാന്ധി സാഹിത്യം - ജി.കുമാരപിള്ള, ഗാന്ധി സ്മാരക നിധി, കേരള ശാഖ, തിരുവനന്തപുരം (1 മുതൽ 7 വാല്യം)

5. സ്വാതന്ത്ര്യം അർധരാത്രിയിൽ - ലാരി കോളിൻസ് & ഡൊമിനിക് ലാപിയർ, ഡി.സി ബുക്സ്, കോട്ടയം - 686001
6. മൂല്യങ്ങൾ തേടി ഒരു സാധന - വിനോബാഭാവെയുടെ ഓർമ്മക്കുറിപ്പുകൾ, പൂർണോദയ ബുക്സ് ട്രസ്റ്റ്, കൊച്ചി.
7. അൺ ടു ദിസ് ലാസ്റ്റ് - ജോൺ റസ്കിൻ, വിവർത്തനം - കെ.രാജഗോപാൽ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
8. മഹാത്മാവിന്റെ മാർഗം - സുകുമാർ അഴീക്കോട്- ഡി.സി.ബുക്സ്, കോട്ടയം
9. ഗാന്ധിജിയുടെ രാമരാജ്യദർശനം - കെ.എസ്.രാധാകൃഷ്ണൻ - പൂർണോദയ ബുക്സ്, കൊച്ചി.
10. അമൂല്യപൈതൃകം -സുമിതാഗാന്ധി കുൽകർണി - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
11. ഗാന്ധിജിയുടെ ആത്മകഥ - ഭരതൻ കുമരപ്പ, വിവർത്തനം - കെ.രാമചന്ദ്രൻനായർ, കേരള ഗാന്ധി സ്മാരക നിധി തിരുവനന്തപുരം.
12. ഗാന്ധിജി സാഹിത്യ സംഗ്രഹം സമ്പാദകൻ - കെ.രാമചന്ദ്രൻ നായർ, കേരള ഗാന്ധി സ്മാരക നിധി, കറന്റ് ബുക്സ്.
13. സർവോദയ ദർശൻ, ദാദാ ധർമ്മാധികാരി - പൂർണോദയ ബുക്സ്, ഗാന്ധി ഭവൻ, കൊച്ചി.
14. മഹാത്മാഗാന്ധിജിയുടെ പ്രപഞ്ച വീക്ഷണം - എം.പി.മത്തായി.
15. എന്റെ ജീവിതം തന്നെ എന്റെ സന്ദേശം - നാരായൺ ദേശായി, കെ.സഹദേവൻ, കറന്റ് ബുക്സ്, വാല്യം - I - IV








**Kerala State Literacy Mission Authority (KSLMA)**

TC 27/1461, Convent Road, Kammattom Lane, Vanchiyoor
Thiruvananthapuram-35
Ph: Off . (0471) 2472253/2472254 Tele-Fax : (0471) 2462252)
E-mail : stateliteracymission@gmail.com, Web: www.literacymissionkerala.org

**State Council of Educational Research and Training (SCERT)**

Poojappura, Thiruvananthapuram-695012, Kerala
Website: www.scertkerala.gov.in e-mail: scertkerala@gmail.com
Phone: 0471 - 2341883, Fax : 0471 - 2341869



Printed at

Kerala State Centre for Advanced Printing & Training
Vattiyoorkavu, Thiruvananthapuram - 13
Tel : 0471-2365415, 2365678, 2363165, 2363168
Fax : 0471-2365685
www.captkerala.com, mail@captkerala.com